# തദ്ദേശ ഭരണ സ്ഥാപനങ്ങളും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും

## കൈപ്പുസ്തകം



കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

തദ്ദേശ ഭരണ സ്ഥാപനങ്ങളും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും

# തദ്ദേശ ഭരണ സ്ഥാപനങ്ങളും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും

## കൈപ്പുസ്തകം

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**
മുളങ്കുന്നത്തുകാവ്, തൃശൂർ - 680581

എഡിറ്റോറിയൽ ബോർഡ്
സെപ്റ്റംബർ 2014

Editorial Board
September 2014

*ചീഫ് എഡിറ്റർ*
**ഡോ. പി.പി. ബാലൻ**
ഡയറക്ടർ, കില

*Chief Editor*
**Dr. P.P.Balan**
Director, KILA

*എഡിറ്റർ*
**ഡോ. പീറ്റർ എം. രാജ്**
അസോസിയേറ്റ് പ്രൊഫസർ, കില

*Editor*
**Dr. Peter M. Raj**
Associate Professer, KILA

*അസോസിയേറ്റ് എഡിറ്റർ*
**ശ്രീ. എം.കെ. രവീന്ദ്രനാഥൻ**
കൺസൽട്ടന്റ്, കില

*Associate Editor*
**Sri. M.K. Ravindranathan**
Consultant, KILA

**ശ്രീ. ഇംതിയാസ് അലി**
അസിസ്റ്റന്റ് പ്രൊഫസർ, ആർ.ജി.പി.എസ്.എ

**Sri. Imthiyas Ali**
Assistant Professor, RGPSA

*ഡി.ടി.പി*
**വിനിത രവി**

*D.T.P.*
**Vinitha Ravi**

*ലേയൗട്ട് & കവർ ഡിസൈൻ*
**ഉസ്മാൻ കുട്ടോത്ത്**

*Layout & Cover Design*
**Usman Kuttoth**

പ്രസാധനം

Published by

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
മുളങ്കുന്നത്തുകാവ്, തൃശൂർ - 680581
ഫോൺ : 0487-2207000 (ഓഫീസ്)
0487-2201312(ഡയറക്ടർ), 2201062(ഫാക്സ്)
ഇ-മെയിൽ : mail@kilaonline.org

**Kerala Institute of Local Administration**
Mulamkunnathukavu, Thrissur – 680581
Phone: 0487-2207000 (Office)
0487-2201312 (Director), 2201062 (Fax)
e-mail: mail@kilaonline.org

## അവതാരിക

**അ**ധികാര വികേന്ദ്രീകരണം കാലിക പ്രധാനമായ വിഷയമാണല്ലോ. അതുകൊണ്ടു തന്നെ യാണ് ജനങ്ങൾക്ക് യഥാസമയം സാമൂഹ്യ നീതിയും സാമ്പത്തിക വികസനവും പ്രദാനം ചെയ്യുന്നതിന് കേരള പഞ്ചായത്ത്‌രാജ് മുനിസിപ്പൽ നിയമങ്ങൾ നിലവിൽ വരികയും ഗാന്ധിയൻ ആദർശമുൾക്കൊണ്ട് ഗ്രാമസഭകൾക്ക് പരമാധികാരം പ്രദാനം ചെയ്യുകയും അവയക്ക് അധികാരങ്ങളും അവകാശങ്ങളും ചുമതലകളും നൽകുകയുമുണ്ടായത്. കൂടാതെ കൃത്യമായ ചുമതലകളുള്ള ത്രിതല പഞ്ചായത്തു നഗരസഭ സംവിധാനം നിലവിൽ വരുന്നതും. പ്രാദേശികതല ആസൂത്രണവും നിർവ്വഹണവും ഇവിടുത്തെ പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്ത് നടത്തി വരുന്നുണ്ട് എന്നാൽ ഇന്നും ഗ്രാമസഭ അടക്കമുള്ള ജനകീയ സംവിധാനങ്ങളെ ആയതിന് വേ ി പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. വിവിധ കേന്ദ്ര സംസ്ഥാനാവിഷ്കൃത സ്കീമുകൾ ഇന്നും പ്രാദേശിക സർക്കാരുകളുടെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെടുത്തുന്നില്ല. അതു കൊണ്ടു തന്നെ കേന്ദ്ര സംസ്ഥാന സ്കീമുകളും എം.എൽ.എ, എം.പി സ്കീമുകളും കണക്കിലെടുത്തുകൊണ്ടുള്ള ആസൂത്രണവും നിർവ്വഹണവും പ്രാദേശികതലത്തിൽ നാമമാത്രമായി മാത്രം നടക്കുന്നു. വകുപ്പ് സ്കീമുകളുടേയും പ്രാദേശിക സർക്കാരുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ ഒരാൾ തന്നെയായിരുന്നിട്ടും അവരിലൂടെ ഏകോപനവും സംയോജനവും ഇന്നും ഫലപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ പ്രസ്തുത സ്കീമുകൾ സമാന്തര സ്കീമുകളായി നിർവ്വഹണം നടത്തപ്പെടുന്നതുവഴി അർഹത, മുൻഗണനകൾ എന്നിവ തമസ്ക്കരിക്കപ്പെടുകയും പൊതുധനം പാഴ്ചെലവായി മാറുകയും ചെയ്യുന്നു. വിവിധ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളെക്കുറിച്ചുള്ള അജ്ഞതയും അവ തമ്മിലുള്ള ഏകോപന സംയോജന സാധ്യതകൾ പദ്ധതി രൂപീകരണ നിർവ്വഹണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെടാത്തതും ഇതിന് കാരണങ്ങളാണ്. കേന്ദ്ര സംസ്ഥാനാ വിഷ്കൃത പദ്ധതികളുടെ കൺവെർജസിനെ സംബന്ധിച്ചു സർക്കാരുകളുടെ സമീപന രേഖയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലും ഇതിന്റെ പ്രാധാന്യം എടുത്തു പറയുന്നുണ്ടെങ്കിലും ഇവർ ആരും തന്നെ ആയതിന് വേ ത്ര പ്രാധാന്യം കല്പിക്കാത്തതിനാൽ പ്രായോഗത്തിലേക്കു വരുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. ഫലത്തിൽ പൊതു ഫണ്ട് കാര്യക്ഷമമായി വിനിയോഗി ക്കുവാൻ കഴി യുന്നില്ല. വിവിധ ഫണ്ടുകളെ സ്കീമുകളുമായി സംയോജിപ്പിച്ചും ഏകോപിപ്പിച്ചും ചെയ്യാൻ സാധിക്കുന്ന വലിയ പദ്ധതികൾക്ക് വിഭവം കണ്ടെത്താൻ കഴിയാതെ വരുകയും ഫലപ്രദമല്ലാത്ത കാര്യങ്ങൾക്ക് വേണ്ടി അവ വിനിയോഗിക്കപ്പെടുകയും ചെയ്യുമ്പോൾ ദാരിദ്ര്യനിർമ്മാർജ്ജനം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഉദ്ദേശിച്ച ലക്ഷ്യം കാണാതെ വരു ന്നു.

ഇതിന്റെ അടിസ്ഥാനത്തിലാണ് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ചും സംസ്ഥാനാവിഷ്കൃത പദ്ധതികളെക്കുറിച്ചുള്ള സ്കീമുകൾ ഉൾപ്പെടുത്തികൊണ്ടുള്ള പുസ്തകങ്ങൾ കില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വകുപ്പുകളുടേയും ഉപയോഗത്തിനായി പുറത്തിറക്കിയിട്ടുള്ളത്. ഇവയെ ആധാരമാക്കി തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്കും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഉൾപ്പെ ടെയുള്ള ജനപ്രതിനിധികൾക്കും സന്നദ്ധ പ്രവർത്തകർക്കും  വിവിധ കേന്ദ്ര സംസ്ഥാന സ്കീമുകളെക്കുറിച്ച് അറിവ് പകരുന്നതിനും ഏകോപനം ഉറപ്പുവരുത്തുന്നതിനും വേണ്ടി യാണ് കില ലളിതമായ രീതിയിൽ ഈ കൈപുസ്തകം തയ്യാറാക്കിയിട്ടുള്ളത്.  ഇതിനായി വിപുലമായ പരിശീലനപരിപാടിയാണ് സജ്ജമാക്കിയിട്ടുള്ളത്. ഇത് എല്ലാവർക്കും പ്രത്യേ കിച്ച് തദ്ദേശസ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും മുതൽകൂട്ടാവുമെന്നും പ്രാദേശിക സർക്കാരുകളുടെ കൂടുതൽ ശാക്തീകരണത്തിന് വഴി ഒരുക്കുമെന്നും പ്രതീക്ഷിക്കുന്നു. ഈ കൈപുസ്തകം തയ്യാറാക്കുന്നതിന് പങ്ക് വഹിച്ച കോഴ്സ് ഡയറക്ടർ ഡോ. പീറ്റർ എം. രാജ്, കൺസൾട്ടന്റ് രവീന്ദ്രനാഥൻ എം.കെ, ഇംതിയാസ് അലി, അസിസ്റ്റന്റ് പ്രൊഫ സർ (RGPSA), വിവിധ വിഷയമേഖലകളിലെ ഫാക്കൽട്ടികൾ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവർ മുതലായ എല്ലാവർക്കും പ്രത്യേകം കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

**പി.പി.ബാലൻ**

17.5.2014

ഡയറക്ടർ. കില

# കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ

## ആമുഖം

### ഈ പരിശീലനം എന്ത് ലക്ഷ്യമിടുന്നു.

രാജ്യത്തുള്ള എല്ലാ പൗരന്മാർക്കും സാമൂഹ്യനീതി പ്രദാനം ചെയ്യുന്നതിനും അവരുടെ സാമ്പത്തിക ഉന്നമനം സാദ്ധ്യമാക്കുന്നതിനും നമ്മുടെ ഭരണഘടന ഉറപ്പ് നല്കുന്നു. ഇവ നേടുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ഭരണഘടനയിൽ പ്രത്യേക വിഷയങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ആയതനുസരിച്ച് ഇന്ത്യയുടെ മൊത്തത്തിലുള്ള വികസനം സാദ്ധ്യമാക്കുന്നതിന് കേന്ദ്രസർക്കാർ കൈകാര്യം ചെയ്യാവുന്ന കേന്ദ്രലിസ്റ്റും സംസ്ഥാനങ്ങൾക്ക് കൈകാര്യം ചെയ്യാവുന്ന സംസ്ഥാനലിസ്റ്റും, ഇരുകൂട്ടർക്കും കൈകാര്യം ചെയ്യാവുന്ന സംയുക്ത ലിസ്റ്റും ഏതെന്ന് അതിൽ പറഞ്ഞിട്ടുണ്ട്. റെയിൽവേ, രാജ്യരക്ഷ, കമ്മ്യൂണിക്കേഷൻ, വിദേശനയം മുതലായവ കേന്ദ്രസർക്കാരാണ് കൈകാര്യം ചെയ്യേണ്ടത്. എന്നാൽ ആരോഗ്യം , വിദ്യാഭ്യാസം എന്നീ വിഷയങ്ങൾ കേന്ദ്ര നിയമങ്ങൾക്ക് ഉള്ളിൽ നിന്നു കൊ ് സംസ്ഥാനങ്ങൾക്ക് കൈകാര്യം ചെയ്യാവുന്നതാണ്. ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ സംവിധാനം സംസ്ഥാനങ്ങൾക്ക് വളരെയധികം വിഷയങ്ങൾ ഭരണഘടന ചട്ടക്കൂടിനുള്ളിൽ നിന്ന് കൊണ്ട് സ്വതന്ത്രമായി ചെയ്യാവുന്നതുമാണ്.

73,74 ഭരണഘടനഭേദഗതികൾക്ക് മുമ്പ് സുശക്തമായ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരുമാണ് മേൽ ഭരണഘടന നിർദ്ദേശിച്ച സാമൂഹ്യനീതി കൈവരിക്കുന്നതിനും സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനും ചുമതലപ്പെട്ടവരായി നിയോഗിച്ചിട്ടുണ്ടായിരുന്നത്. എന്നാൽ ദാരിദ്ര്യനിർമ്മാർജ്ജനവും ദുർബലവിഭാഗങ്ങളുടെ വികസനവും വേണ്ട രീതിയിൽ നടപ്പാക്കാൻ കഴിയാതെ വന്നതിൽ നിന്നാണ് വികേന്ദ്രീകരണ ഭരണ സംവിധാനം ചർച്ചാവിഷയമായതും ഗാന്ധിയൻ ആശയം ഉൾക്കൊള്ളുന്ന ഗ്രാമസ്വരാജ് പ്രാവർത്തികമാക്കുന്നതിനുള്ള പഞ്ചായത്ത് ഭരണസംവിധാനം 73,74 ഭരണഘടന ഭേദഗതിയിലൂടെ 1993 ൽ നിയമമാക്കപ്പെട്ടത്. ആയത് വഴി അധികാരം അടിത്തട്ടിലേക്ക് വിന്യസിക്കപ്പെടുകയും ഗ്രാമസഭകളും വാർഡ്സഭകളും വികേന്ദ്രീകൃത ഭരണത്തിന്റെ ജീവനാഡികളായി തീർന്നതും . പ്രസ്തുത ഭരണഘടന ഭേദഗതിപ്രകാരം പുതിയ പഞ്ചായത്ത് നഗരസഭ സംവിധാനം നിലവിൽ വരുകയും ഭരണഘടനയിലെ 11,12 പട്ടിക പ്രകാരമുള്ള വിഷയങ്ങൾ അവയ്ക്ക് സംസ്ഥാനസർക്കാരുകൾ നേരിട്ട് നല്കുകയും ചെയ്തത്. കൂടാതെ സ്വതന്ത്രമായ ഇലക്ഷൻ കമ്മീഷൻ , ഫിനാൻസ് കമ്മീഷൻ, നീതിന്യായവ്യവസ്ഥകളായ ഓംബുഡ്സ്മാൻ, ട്രിബൂണൽ എന്നീ സംവിധാനങ്ങൾ തദ്ദേശ രണതലത്തിൽ പ്രാവർത്തികമായതും. പുറമെ ഭരണഘടനാനുസൃതമായ ഗ്രാമസഭകളും വാർഡ്സഭകളും രൂപം കൊണ്ടതും. ആയതനുസരിച്ച് വിവിധ സംസ്ഥാന സർക്കാരുകൾ അവരുടെ പഞ്ചായത്ത് മുനിസിപ്പൽ നിയമങ്ങൾക്ക് 1994 ൽ രൂപം നല്കുകയും 11, 12 പട്ടികപ്രകാരമുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട ചുമതലകൾ ത്രിതലപഞ്ചായത്തുകൾക്കും നഗരസഭകൾക്കായി

വിന്യസിച്ചതും . എന്നാൽ ഭരണഘടനാനുസൃതമായി തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ചുമതലകൾ വിന്യസിക്കുന്നതിനുള്ള അധികാരം അതാത് സംസ്ഥാനസർക്കാരുകൾക്കായതിനാൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വികേന്ദ്രീകൃതഭരണം വളരെയധികം വ്യത്യസ്തത പുലർത്തുന്നു. ആയതിൽ കൂടുതൽ ചുമതലകളും ഫണ്ടും ഉദ്യോഗസ്ഥരേയും താഴെത്തട്ടിലേക്ക് വിന്യസിച്ച് കേരള സർക്കാർ മാതൃകകാട്ടിയിട്ടുണ്ട് എന്ന് മനസ്സിലാക്കാം.

### കേരളപഞ്ചായത്ത് നിയമവും നഗരസഭനിയമവും (1994)

1994 ലെ നിയമങ്ങൾ ഇവിടുത്തെ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കൃത്യമായ ചുമതലകൾ നല്കിയിട്ടുണ്ട് (കെ.പി.ആർ ആക്റ്റ് പട്ടിക 3, 4,5 മുനിസിപ്പൽ നിയമം പട്ടിക 1) കുടാതെ 1/3 സംസ്ഥാനഫണ്ടും നല്കിപോരുന്നു. കൂടാതെ മെയിന്റനൻസ് ഫണ്ടും ജനറൽ പർപ്പസ് ഫ ും. വിവിധ വകുപ്പ് ഓഫീസും ജീവനക്കാരേയും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി വിന്യസിച്ചിട്ടു ്. കൂടാതെ നല്കിയ ചുമതലകൾ നിറവേറ്റുന്നതിനുള്ള പരമാധികാരവും. അത് വഴി അവ പ്രാദേശികസർക്കാരുകളായി പ്രവർത്തിക്കുന്നു. ഭരണഘടന അനുശാസിക്കുന്ന സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കുമുള്ള പദ്ധതികൾ ജനപങ്കാളിത്തത്തോടെ തയ്യാറാക്കി നടപ്പിൽ വരുത്തുന്നതിന് പ്രസ്തുത നിയമങ്ങൾ തദ്ദേശസ്ഥാപനങ്ങളെ അധികാരപ്പെടുത്തുന്നു. ഫലത്തിൽ ഗ്രാമപ്രദേശങ്ങളിൽ 5 സർക്കാരുകൾ (കേന്ദ്ര സംസ്ഥാനസർക്കാരുകൾ 3 പ്രാദേശിക സർക്കാരുകളും -ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ) നിലവിലുണ്ട്. നഗരപ്രദേശങ്ങളിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളും നഗരസഭയും നിലനിൽക്കുന്നു.

### ഈ സർക്കാരുകളുടെ ഗുണഭോക്താക്കൾ ആരെല്ലാം? സ്കീമുകൾ ആർക്ക് വേണ്ടി?

നമുക്കറിയാം ഈ അഞ്ച് സർക്കാരുകളുടേയും ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ വസിക്കുന്നവരാണ്. (നഗരസഭയുടെ കാര്യത്തിൽ നഗരത്തിലും). ഏതൊരു സർക്കാരും നടപ്പിലാക്കുന്ന ഏതൊരു സ്കീമും പ്രസ്തുത ഗുണഭോക്താക്കൾക്ക് വേണ്ടിയോ അവരുടെ സാമ്പത്തികവികസനവും സാമൂഹ്യനീതിയും ലക്ഷ്യമാക്കിയോ ആണ്. സർക്കാരുകൾ എല്ലാം തന്നെ പൊതുജനപണമാണ് വിനിയോഗിക്കുന്നത്. അതിനാൽ തന്നെ ഈ സർക്കാരുകളും ജനപ്രതിനിധികളും എല്ലാം തന്നെ അതേ ജനങ്ങളോട് കടപ്പെട്ടവരും ഉത്തരവാദിത്തമുള്ളവരും ആണ്. കേന്ദ്രസർക്കാർ സ്കീമുകൾ അവർക്ക് നല്കിയ ചുമതലകളുമായി ബന്ധപ്പെട്ടവയും സംസ്ഥാനസർക്കാർ സ്കീമുകൾ അവരുടെ ചുമതലകളും നയസമീപനമനുസിച്ചുള്ളവയും ത്രിതലപഞ്ചായത്ത് സ്കീമുകൾ അവരുടെ ചുമതലകളുമായി ബന്ധപ്പെട്ടവയും ആണ്. എന്നാൽ നിയമത്തിൽ അനുശാസിക്കുന്ന തരത്തിലുള്ള ഏകോപനം ഈ സർക്കാരുകളുടെ പദ്ധതികളും സ്കീമുകളും തയ്യാറാക്കുമ്പോൾ പരിഗണിക്കപ്പെടുന്നില്ല. അതിനാൽ തന്നെ പാഴ്ച്ചെലവും അഴിമതിയുടെ സാധ്യതകളും ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സ്കീമുകൾ ഒന്നും തന്നെ പരിഗണിക്കാതെയാണ് ത്രിതലപഞ്ചായത്തുകളും ഗ്രാമസഭകളും അവയുടെ പദ്ധതികൾ തയ്യാറാക്കി വരുന്നത്. ആയത് പാഴ്ച്ചെലവിനും മുൻഗണനകൾ നിശ്ചയിക്കുന്നതിലെ

അപാകതകൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലെ അപാകതകൾക്കും വഴി തെളിയിക്കുകയും വികേന്ദ്രീകൃതഭരണത്തിന്റെ ലക്ഷ്യം സാധിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു. ആയതിനാൽ തന്നെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതി തയ്യാറാക്കുമ്പോൾ വിവിധ കേന്ദ്ര-സംസ്ഥാനസ്കീമുകൾ കണക്കിലെടുത്ത് കൊ ് തയ്യാറാക്കേണ്ടതും അത്യാവശ്യം തന്നെയാണ്.

**എന്ത് ചെയ്യണം?**

വിവിധ വർക്കിംങ് ഗ്രൂപ്പുകൾ അവയുടെ വിഷയവുമായി ബന്ധപ്പെട്ട ജനഹിതമനുസരിച്ച് മുൻഗണനകൾ പാലിച്ച് കൊണ്ട് പദ്ധതി തയ്യാറാക്കുന്നത് മൊത്തം ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ച് കൊണ്ടും മുൻഗണനകൾ പരിഗണിച്ച് കൊണ്ടുമായിരിക്കണം. ആയതിനാൽ തന്നെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്ന ഉദ്യോഗസ്ഥൻ ജനങ്ങളുടെ ആവശ്യം പരിഗണിച്ച് മൊത്തം പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കുന്ന പദ്ധതിയിൽ കേന്ദ്ര സംസ്ഥാനസർക്കാരുകളുമായി സ്കീമുകൾ പ്രകാരം ചെയ്യാവുന്ന പ്രവൃത്തികൾ അവരുമായി ആലോചിച്ചു തീരുമാനിക്കുകയും ശേഷിക്കുന്നവ ത്രിതലപഞ്ചായത്ത് പദ്ധതികളും മുഖാന്തിരം നടപ്പിൽ വരുത്തേണ്ടതുമാണ്. തദ്ദേശസ്ഥാപനം തയ്യാറാക്കുന്ന പദ്ധതിയിൽ പ്രസ്തുതത വിവരങ്ങൾ വേർതിരിച്ച് കാണിക്കേണ്ടതാണ്. സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണഉദ്യോഗസ്ഥരും ഒന്നുതന്നെ ആയ വിഷയങ്ങളിൽ ആയത് വളരെ എളുപ്പമാണ്. എന്നാൽ ഇത് വരെയുള്ള തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതിരൂപീകരണം ഇതൊന്നും കണക്കാക്കാതേയും പരിഗണിക്കാതെയുമാണ് തയ്യാറാക്കി വരുന്നത്. തദ്ദേശ ഭരണസ്ഥാപനം മുഖേന നടപ്പിലാക്കുന്ന കേന്ദ്രസംസ്ഥാനാവിഷ്കൃത പദ്ധതികളുടെ കാര്യത്തിലും കൂടി ഇതാണ് നടക്കുന്നത്. (ഉദാ-മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പൊതുകുളങ്ങളുടെ സംരക്ഷണം തദ്ദേശഭരണസ്ഥാപനത്തിന്റെ വികസന/തനത് ഫണ്ട് വിനിയോഗിച്ച് ഇപ്പോഴും പല തദ്ദേശഭരണസ്ഥാപനങ്ങളും നടപ്പിലാക്കുന്നു. ഫലത്തിൽ ഇത് മൂലം വികസന/തനത് ഫണ്ട് നഷ്ടപ്പെടുന്നു). കൂടാതെ തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾക്ക് പരിഗണന നല്കുകയോ അവയുടെ നിർവഹണഉദ്യോഗസ്ഥർ വഴി ചർച്ച നടത്തുകയോ ചെയ്യുന്നില്ല. (ഉദാ- കേന്ദ്രാവിഷ്കൃത പദ്ധതിയിൽ എൻ.ആർ.എം, എസ്.എസ്.ഏ എന്നിവ പദ്ധതികൾ തയ്യാറാക്കുമ്പോൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ കൂടി ചർച്ച ചെയ്തു പ്രവൃത്തികൾ നിശ്ചയിക്കണമെന്നാണ് നിയമമെങ്കിലും ഏകപക്ഷീയമായ നിർവഹണം നടത്തി പോരുന്നു). പലതും ആവർത്തനങ്ങളായി ഫണ്ട് നഷ്ടം വരുത്തുന്നതിനും. മുൻഗണനപാലിക്കാതെയും ചെയ്യുന്നതിന് അവസരം നല്കുകയും ചെയ്യുന്നു. ഉദാ- 1) വിദ്യാഭ്യാസ ആരോഗ്യമേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ പരിഗണിക്കാതെ തദ്ദേശ ഭരണസ്ഥാപനങ്ങൾ പ്രസ്തുത മേഖലയിലെ പദ്ധതികൾ തയ്യാറാകുന്നു. ആയത് മുൻഗണനകൾ തെറ്റിക്കുന്നതിനും ഇരട്ടിപ്പിനും പാഴ്ച്ചെലവിനും അവസരമൊരുക്കുന്നു. 2) വകുപ്പ് മുഖാന്തിരം ഡിസ്പെൻസറികളിൽ മരുന്ന് വാങ്ങുന്നതിനുള്ള ഫണ്ട് നിലവിലിരിക്കെ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് അവ ചെയ്യുന്നു.

വിവിധ കേന്ദ്രാസംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതും ഗ്രാമസഭ/വാർഡ്സഭ വഴിയായിരിക്കണമെന്നും തദ്ദേശസ്ഥാപനത്തിന്റെ പദ്ധതികളുമായി അവയുടെ ഏകോപനവും സംയോജനവും നടത്തണമെന്ന നിയമം നിലവിലിരിക്കേ തന്നെ ആയത് തമസ്സക്കരിച്ച് കൊണ്ട് സ്വതന്ത്രമായ പ്രവർത്തനമാണ് വിവിധ ഡിപ്പാർട്ടമെന്റുകൾ നടത്തികൊണ്ടിരിക്കുന്നത്. വകുപ്പ് അവലോകനയോഗത്തിലും തദ്ദേശസ്ഥാപന അവലോകനയോഗത്തിലും മറ്റുള്ളവർ ചെയ്യുന്ന പ്രവൃത്തികൾ ഒന്നും തന്നെ ചർച്ച ചെയ്യപ്പെടാതെയാണ് പോകുന്നത്. ആയത് വിവിധ സർക്കാരുകളുടെ പദ്ധതികളുടെ പ്രയോജനം ജനങ്ങൾക്ക് ഫലത്തിൽ ലഭിക്കാതെ പോകുന്നതിനും അഴിമതിക്കും ഹേതുവാകുന്നു. ആയതിനാൽ തന്നെ വികേന്ദ്രീകൃത ഭരണത്തിന്റെ ഉദ്ദ്യേശലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിൽ ഈ പരിശീലനം അത്യാവശ്യമാണെന്ന് കാണാം.

**നിർവഹണ ഉദ്യോഗസ്ഥരെ എങ്ങനെ പ്രാപ്തരാക്കാം?**

മേൽ പറഞ്ഞ അപാകതകൾക്കുള്ള മുഖ്യകാരണങ്ങളിൽ ഒന്ന് ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും കേന്ദ്ര-സംസ്ഥാനാവിഷ്കൃത സ്കീമുകളെക്കുറിച്ചുള്ള അറിവ് കുറവും അത് ലഭിക്കാനുള്ള പുസ്തകങ്ങളുടെ അഭാവവുമാണ്. ആയത് നിറവേറ്റുന്നതിനുള്ള പ്രഥമസംരംഭമാണ് കേന്ദ്രാവിഷ്കൃതപദ്ധതികളെക്കുറിച്ചും സംസ്ഥാനാവിഷ്കൃത പദ്ധതികളെക്കുറിച്ചുമുള്ള കില തയ്യാറാക്കിയ കൈപുസ്തകങ്ങളുടെ പ്രകാശനം. പ്രസ്തുത കൈപ്പുസ്തകങ്ങൾ എല്ലാ വകുപ്പിനും തദ്ദേശഭരണസ്ഥാപനങ്ങൾക്കും കില ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ തന്നെ പ്രസ്തുത പുസ്തകങ്ങൾ വായിച്ച് മനസ്സിലാക്കി ബന്ധപ്പെട്ട വിഷയ മേഖലയിലെ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പദ്ധതിയും രൂപം നല്കേ താണ്. ഇതിന് വേണ്ടി ഓരോ നിർവഹണഉദ്യോഗസ്ഥരും പ്രസ്തുത കേന്ദ്ര-സംസ്ഥാനാവിഷ്കൃത സ്കീമുകൾ ഹൃദിസ്ഥമാക്കുകയും തദ്ദേശസ്ഥാപനത്തിന്റെ മൊത്തം പദ്ധതി തയ്യാറാക്കുകയും ആയതിൽ കേന്ദ്രസംസ്ഥാനാവിഷ്കൃത സ്കീമുകൾ വഴി ചെയ്യാവുന്നവ പ്രത്യേകം എടുത്ത് പറയുകയും അവശേഷിക്കുന്നവയ്ക്ക് മാത്രം ത്രിതലപഞ്ചായത്ത്തലത്തിലും നഗരസഭ തലത്തിലും പദ്ധതികൾ തയ്യാറാക്കി നടപ്പിൽ വരുത്തുന്നതിന് പ്രാപ്തമാക്കുന്നതിനും ഈ പരിശീലനം ലക്ഷ്യമിടുന്നു. കൂടാതെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും പൊതുജനങ്ങളുടേയും അറിവില്ലായ്മ മൂലം വിവിധ കേന്ദ്ര സംസ്ഥാനാവിഷ്കൃത സ്കീമുകൾ പ്രകാരമുള്ള ആനുകൂല്യങ്ങളും ധനസഹായവും അവർക്ക് ലഭിക്കാതെ പോകുകയും അർഹതപ്പെട്ടവർ തഴയപ്പെടുകയും ചെയ്യുന്നു. ആയതിനാൽ അവ അർഹരായ ഗുണഭോക്താക്കൾക്ക് യഥാസമയം ലഭ്യമാക്കുന്നതിന് പ്രഥമമായി ജനപ്രതിനിധികൾക്കും നിർവഹണഉദ്യോഗസ്ഥർക്കും അറിവ് പകർന്ന് നല്കുക എന്നതാണ് ഈ പരിശീലനത്തിന്റെ മുഖ്യ ലക്ഷ്യം.

**ഈ പരിശീലനം താഴെ പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് ലക്ഷ്യമിടുന്നു**

- വികേന്ദ്രീകൃത ഭരണം എന്ത് ലക്ഷ്യമിടുന്നു എന്ന് ബോധ്യപ്പെടുത്തൽ
- കേന്ദ്രീകൃതഭരണസംവിധാനത്തിന്റെ പരിമിതികൾ

- പദ്ധതി ഒന്ന് മാത്രം - ഗ്രാമപഞ്ചായത്ത് /നഗരസഭ തലത്തിൽ
- ഓരോ തലത്തിലുള്ള ഭരണകൂടവും (കേന്ദ്ര-സംസ്ഥാനസർക്കാരുകൾ ഉൾപ്പെടെ) ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ ചർച്ചയിലൂടെ കണ്ടെത്തൽ
- ആയതിനായി കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളെക്കുറിച്ച് പൂർണ്ണഅവഗാഹം നൽകൽ
- തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലകളെക്കുറിച്ച് വ്യക്തമായ കാഴ്ച്ചപ്പാട് സൃഷ്ടിക്കലും ചുമതലകൾ ഓരോന്നും ഹൃദിസ്ഥാമാക്കലും

**തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുന്നതിന് മുൻതയ്യാറെടുപ്പുകൾ എന്തെല്ലാമെന്ന് നിർണ്ണയിക്കൽ**

- ജനങ്ങളുടെ മൊത്തം ആവശ്യം മുൻഗണനാക്രമങ്ങൾ ഗ്രാമസഭ വഴി നിശ്ചയിച്ചു കൊണ്ട് പദ്ധതിരേഖ തയ്യാറാക്കൽ
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടവ ഏതെന്ന് പ്രത്യേകം രേഖപ്പെടുത്തൽ
- കേന്ദ്ര-സംസ്ഥാനാവിഷ്കൃത സ്കീമുകൾ ഏതെല്ലാം തദ്ദേശസ്വയംഭരണപദ്ധതിയുമായി നേരിട്ട് സംയോജിപ്പിക്കാം ഏകോപിപ്പിക്കാം എന്ന് നിശ്ചയിക്കൽ
- വിവിധ സർക്കാർ പദ്ധതികളുടെ ആസൂത്രണനിർവഹണവുമായി ബന്ധപ്പെട്ട കൂടിയാലോചനകൾ, അവലോകനയോഗങ്ങൾ ഉറപ്പ് വരുത്തൽ
- വിവിധ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഗുണഭോക്തൃലിസ്റ്റ് മുൻഗണനാക്രമമനുസരിച്ച് ഗ്രാമസഭ/വാർഡ്സഭ വഴി തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കൽ
- എം.പി, എം.എൽ.എ ഫ ് ഉപയോഗിച്ച് ചെയ്യാവുന്ന പ്രവൃത്തികൾ ഏതെന്നും അവ തദ്ദേശസ്വയം ഭരണസ്ഥാപന പദ്ധതിക്കായി ഏകോപിപ്പിച്ച്, സംയോജിപ്പിച്ച് ചെയ്യാവുന്നവ ഏതെന്നും കണ്ടെത്തുന്നതിന് എം.പി, എം.എൽ.എ, തദ്ദേശ സ്വയംഭരണസ്ഥാപനതലത്തിലുള്ള ചർച്ച എങ്ങനെ എന്ന് ബോദ്ധ്യപ്പെടുത്തൽ
- ഓരോ മേഖലയിലുംപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരും ചേർന്ന് കേന്ദ്രസംസ്ഥാന സ്കീമുകൾ പഠിച്ച് മേഖലയിലെ തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുന്നതിന് പ്രാപ്തമാക്കൽ
- വിവിധകേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള ധനസഹായങ്ങളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും യഥാസമയം ജനങ്ങൾക്ക് അറിവ് നല്കി അവർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് അവരെ ജനപ്രതിനിധി ഉദ്യോഗസ്ഥതലത്തിൽ ഗ്രാമസഭ വഴി പ്രാപ്തരാക്കുക

..............................

# ഭാഗം I കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. **ഗ്രാമവികസനം**

**I. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനഫണ്ട് (RIDF)** (NABARD ധനസഹായ പദ്ധതി)

**എന്താണ് പരിപാടി ?**

താഴെ പറയുന്ന അടിസ്ഥാന സൗകര്യ വികസനത്തിന് പ്രവൃത്തികൾ ഏറ്റെടുക്കാം.

- ഗ്രാമീണ റോഡുകൾ, പാലങ്ങൾ
- ജലസേചനം, കുടിവെള്ളം
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ
- മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ
- കാർഷികാനുബന്ധ മേഖലയിലെ പ്രവർത്തനങ്ങൾ (ഉദാ. ഭക്ഷ്യപദാർത്ഥങ്ങൾ, ഹെർബൽ പാർക്കുകൾ, ഡയറി പാർക്കുകൾ, ലൈവ് സ്റ്റോക്ക് സെന്ററുകൾ, ഫിഷറീസ് മുതലായവ)
- വിപണന സൗകര്യങ്ങൾ, ഗ്രാമീണ സംഭരണ ശാലകൾ, അറവ് ശാലകൾ
- സാമൂഹ്യ മേഖലയിലെ പ്രവർത്തനങ്ങൾ (ഉദാ. അംഗൻവാടി നിർമ്മാണം)
- മറ്റ് ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

  നബാർഡിൽ നിന്ന് ലഭിക്കുന്ന ഫണ്ട് വിനിയോഗിച്ച് വിവിധ വകുപ്പുകളിലൂടേയും തദ്ദേശ ഭരണസ്ഥാപനങ്ങളിലൂടെയും പ്രവൃത്തികൾ നടത്തുന്നു. നിലവിൽ ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളിലൂടെ ഈ ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ നടത്തി വരുന്നുണ്ട്.

**II. സംയോജിത നീർത്തട പരിപാലനപരിപാടി (IWMP)**

**ലക്ഷ്യങ്ങൾ**

- മണ്ണും ജലവും ജൈവസമ്പത്തും തമ്മിലുള്ള ജൈവബന്ധം നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ക്രമാനുഗതമായും ശാസ്ത്രീയമായും നടപ്പിലാക്കുകയും മണ്ണിലെ ജലസന്തുലിതാവസ്ഥ നിലനിർത്തുകയും ചെയ്യുക.
- മണ്ണ് , ജലസംരക്ഷണ പ്രവർത്തിയിലൂടെ പ്രകൃതി വിഭവങ്ങളെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും ജീവനോപാധികളും ലഭ്യമാക്കുക.

**ഗുണഭോക്താക്കൾ**

തെരഞ്ഞെടുക്കപ്പെട്ട സൂക്ഷ്മ നീർത്തടങ്ങളിലെ എല്ലാ സ്ഥിരതാമസ്സക്കാരും ഭൂമിയുള്ളവരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളുമാണ്.

**ഫണ്ട്**

കേന്ദ്രസർക്കാർ ജില്ലാപഞ്ചാത്ത് ദാരിദ്ര്യനിർമ്മാർജ്ജന യൂണിറ്റ് വഴി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഫണ്ട് നല്കുന്നു. ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകൾ വഴി നീർത്തട കമ്മിറ്റികൾക്ക് പണം നല്കുന്നു.

ഒരു ഹെക്ടറിന് മലമ്പ്രദേശങ്ങളിൽ 15000/ രൂപയും രൂപയും സമതല പ്രദേശങ്ങളിൽ 12000/ രൂപയും അനുവദിക്കുന്നു.

| | | |
|---|---|---|
| - | നീർത്തടവികസന പ്രവർത്തനങ്ങൾക്ക് മൊത്തം പ്രോജക്റ്റിന്റെ | - 56% |
| - | ജീവനോപാധികൾ നൽകൽ | - 9% |
| - | ഉൽപ്പാദനമേഖലയുമായി ബന്ധപ്പെട്ട ലഘുസംരംഭങ്ങൾക്ക് | - 10% |
| - | ഭരണപരമായ ചെലവുകൾക്ക് | - 10% |
| - | മോണിറ്ററിംഗ് | - 1% |
| - | വിലയിരുത്തൽ | - 1% |
| - | ഡി.പി.ആർ തയ്യാറാക്കൽ | - 1% |
| - | പ്രാരംഭ പ്രവർത്തനങ്ങൾ | - 4% |
| - | സ്ഥാപനപരമായ മെച്ചപ്പെടുത്തൽ | - 5% |
| - | പൂർത്തീകരണ ഘട്ടത്തിന് | - 3% |
| | | **100%** |

പദ്ധതി തയ്യാറാക്കി സംസ്ഥാനസർക്കാർ വഴി കേന്ദ്രസർക്കാരിനയച്ച് പദ്ധതി അംഗീകരിച്ചാലാണ് ഫണ്ട് ലഭിക്കുന്നത്.

## III. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) (National Rural Livelihood Mission)

സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സ്ഥിരമായ തൊഴിലും വരുമാനവും ഉ ാകാൻ ഗ്രാമീണ തൊഴിൽ രഹിതർക്ക് സബ്സിഡിയും ബാങ്ക് വായ്പയും പിന്തുണാസഹായവും ലഭ്യമാക്കുക, വ്യക്തിഗതമായോ ഗ്രൂപ്പ് അടിസ്ഥാനത്തിലോ (സ്വയം സഹായസംഘങ്ങൾ) സ്വയം തൊഴിൽ ആരംഭിക്കാം.

- ആർക്കാണ് ധനസഹായം ലഭിക്കുക?
  ബി.പി.എൽ ലിസ്റ്റിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിൽരഹിതർക്ക്
- ധനസഹായം എത്ര ലഭിക്കും?

a) വ്യക്തിഗത സംരംഭങ്ങൾക്ക്

   i) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് - പരമാവധി 20,000 രൂപ (യൂണിറ്റ് കോസ്റ്റിന്റെ 50% എന്ന പരിധിയിൽ)

   ii) പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് (യൂണിറ്റ് കോസ്റ്റിന്റെ 30% എന്ന പരിധിയിൽ)

b) ഗ്രൂപ്പ് സംരംഭങ്ങൾക്ക് (യൂണിറ്റ് കോസ്റ്റിന്റെ 50% എന്ന പരിധിയിൽ) എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും - പരമാവധി 2,50,000 രൂപ

c) ഗ്രൂപ്പ് സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്-പരമാവധി 15000 രൂപ

d) വായ്പാപലിശനിരക്ക് 7% കൂടുതലെങ്കിൽ പലിശ സബ്സിഡി

മേൽ പറഞ്ഞവ സബ്സിഡിയാണ്. സബ്സിഡി തുക ബാങ്കിലേക്ക് മാത്രമേ നൽകുകയുള്ളു. സബ്സിഡിക്ക് പുറമെ ബാങ്ക് വായ്പയും ലഭിക്കുന്നതാണ്.

- നടപ്പിലാക്കുന്നത് ആര്? കുടുംബശ്രീ
- എവിടെ അപേക്ഷിക്കണം ? ഗ്രാമപഞ്ചായത്തുകളിൽ
- ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥൻ: കുടുംബശ്രീ ചാർജ് ഓഫീസർ

## IV. പിന്നോക്ക മേഖലഗ്രാന്റ് (ബി.ആർ.ജി.എഫ്)

ഇന്ത്യയിലെ അവികസിത 200 ജില്ലകൾ തെരഞ്ഞെടുത്ത് പ്രത്യേക ധനസഹായം നൽകി പ്രസ്തുത ജില്ലകളെ മറ്റ് ജില്ലകൾക്കൊപ്പം എത്തിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

**ലക്ഷ്യം**

അവികസിത ജില്ലകളിലെ വികസനവിടവുകൾ കണ്ടെത്തി പദ്ധതി തയ്യാറാക്കി മറ്റ് ജില്ലകൾക്കൊപ്പം എത്തിക്കൽ. കേരളത്തിൽ പാലക്കാട്, വയനാട് ജില്ലകൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

**ഫണ്ടിംഗ്**

100 % കേന്ദ്രാവിഷ്കൃത വിഹിതം. രണ്ട് ഗഡുക്കളായി ഓരോ വർഷവും നൽകുന്നു. കേരളത്തിൽ ജനകീയാസൂത്രണ നടപടിക്രമമനുസരിച്ചാണ് പദ്ധതികൾ നടത്തുന്നത്.

## V. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

**(Mahatma Gandhi NREGS)** (Mahatma Gandhi National Rural Employment Gurantee Scheme)

ഒരു ഗ്രാമീണ കുടുംബത്തിന് ഒരു വർഷത്തിൽ 100 ദിവസം തൊഴിൽ ഉറപ്പുവരുത്തുക. സ്ഥിരതൊഴിൽ ഇല്ലാത്തവർക്ക് ഈ തൊഴിൽ ലഭിക്കുന്നതിലൂടെ സുസ്ഥിര ഉപജീവനമാർഗ്ഗം ഉറപ്പുവരുത്തുക. പരിസ്ഥിതിയിയേയും പ്രകൃതി വിഭവങ്ങളേയും സംരക്ഷിക്കുന്നതിനും തൊഴിൽ വർദ്ധനവിനും കുടിവെള്ള സംരക്ഷണത്തിനും ശുചിത്വപരിപാലനത്തിനും ഉതകുന്ന പ്രവൃത്തികളായിരിക്കണം ചെയ്യേണ്ടത്.

- ആർക്കാണ് തൊഴിൽ ലഭിക്കുക?
  18 വയസ്സ് പൂർത്തിയായ പഞ്ചായത്തിൽ സ്ഥിരതാമസക്കാരായ കായികാദ്ധ്വാനം ചെയ്യാൻ തയ്യാറുള്ളവർക്ക്.

- സാമ്പത്തിക നേട്ടം എന്ത്?
  ഒരു കുടുംബത്തിന് ഒരു വർഷം 100 ദിവസത്തെ തൊഴിൽ. ദിവസവേതനം 212 രൂപ. 100 ദിവസത്തെ തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിൽരഹിതവേതനത്തിനർഹത. വേതനം ലഭിക്കുന്നത് ബാങ്ക് /പോസ്റ്റ് ഓഫീസ് അക്കൗണ്ട് മുഖേന.
- നടപ്പിലാക്കുന്നതാര്? ഗ്രാമപഞ്ചായത്തുകൾ
- എവിടെ അപേക്ഷിക്കണം? ഗ്രാമപഞ്ചായത്തുകളിൽ. അപേക്ഷ നൽകി രജിസ്റ്റർ ചെയ്താൽ തൊഴിൽകാർഡ് ലഭിക്കുന്നു. തൊഴിലിന് അപേക്ഷിച്ചാൽ 15 ദിവസത്തിനകം തൊഴിൽ.
- ബന്ധപ്പെടേ ഉദ്യോഗസ്ഥൻ: ഗ്രാമപഞ്ചായത്ത് സെക്രട്ടറി

## VI. ഇന്ദിര ആവാസ് യോജന (IAY) Indira Awas Yojana

1. എന്താണ് പരിപാടി?
   ഭൂരഹിത വനരഹിതർക്ക് സ്ഥലവും വീടും ലഭ്യമാക്കുക, വനരഹിതർക്ക് വീട് ലഭ്യമാക്കുക, പുനരുദ്ധാരണം ആവശ്യമായ വീടുകളുടെ പുനരുദ്ധാരണം നടത്തുക
2. ആർക്കാണ് ധനസഹായം ലഭിക്കുക?
   വാസയോഗ്യമായ വീടില്ലാത്ത ബി.പി,.എൽ ലിസ്റ്റിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക്
3. എത്ര ധനസഹായം കിട്ടും?
   ***a)*** പുതിയ വീട് നിർമ്മിക്കുന്നതിന് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്ക് 70,000 രൂപയാണ്. എന്നാൽ കേരളത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം അധികമായി വകയിരുത്തി താഴെ പറയും പ്രകാരം ധനസഹായം നൽകുക. ഇതിൽ ഗ്രാമ/ ബ്ലോക്ക് /ജില്ലാപഞ്ചായത്തുകൾ 25:40:35 എന്ന അനുപാപതത്തിൽ വഹിക്കുന്നു പൊതുവിഭാഗത്തിലും പട്ടികജാതിവിഭാഗത്തിലും ഉൾപ്പെട്ട കുടുംബങ്ങൾക്ക് - 2,00,000 രൂ, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് - 2,50,000 രൂ

   ***b)*** ക്രഡിറ്റ് കം സബ്സിഡി പദ്ധതിപ്രകാരം പുതിയ വീടിന് 12,500 രൂപ സബ്സിഡിയും 50,000 രൂപ വായ്പയും നൽകാവുന്നതാണ്.

   ***c)*** വീടിന് സ്ഥലം വാങ്ങുന്നതിന് 10,000 രൂപ ധനസഹായം നൽകാവുന്നതാണ്. വീട് നിർമ്മാണത്തിൽ പുരോഗതി അനുസരിച്ച് ഗഡുക്കളായാണ് തുക ലഭിക്കുക
4. നടപ്പിലാക്കുന്നതാര്? ബ്ലോക്ക് പഞ്ചായത്തുകൾ (ധനസഹായ തുക ബ്ലോക്ക് പഞ്ചായത്തിൽ നിന്നാണ് ലഭിക്കുക
5. എവിടെ അപേക്ഷിക്കണം? ഗ്രാമപഞ്ചായത്തുകളിൽ
   (*അർഹരായ അപേക്ഷകരുടെ 5 വർഷത്തേക്കുള്ള മുൻഗണനാ ലിസ്റ്റ് ഗ്രാമസ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തണം*)
6. ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥൻ: വി.ഇ.ഒ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി

## VII. നിർമ്മൽ ഭാരത് അഭിയാൻ (സമ്പൂർണ്ണ ശുചിത്വ പരിപാടി)

ഗാർഹിക കക്കൂസുകൾ നിർമ്മിക്കുക, സ്ക്കൂളിലും അങ്കണവാടികളിലും കക്കൂസുകൾ നിർമ്മിക്കുക, സാമൂഹിക ശുചിത്വ സമുച്ചയങ്ങൾ നിർമ്മിക്കുക, ഖര-ദ്രവമാലിന്യപരിപാലനം ഉറപ്പാക്കുക. താഴെ പറയുന്നവയാണ് പ്രധാന പ്രവർത്തന ഘടകങ്ങൾ-

1) ഗാർഹിക കക്കൂസ് നിർമ്മാണം
2) പൊതു ശുചിത്വ സമുച്ചയം (വ്യക്തിഗത കക്കൂസ് പണിയാൻ സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ)
3) സ്ഥാപനകക്കൂസുകൾ (സ്ക്കൂളിലും അങ്കണവാടികളിലും)
4) റൂറൽ സാനിട്ടറി മാർട്ട് & പ്രൊഡക്ഷൻ സെന്റർ( സാധനസാമഗ്രികൾ മിതമായ വിലക്ക് ലഭ്യമാക്കുന്നതിനും സേവനോപദേശം നൽകുന്നതിനും )
5) ഖര-ദ്രവമാലിന്യപരിപാലനം(ഗാർഹികവും പൊതുവായതുമായ ഖര-ദ്രവമാലിന്യ സംസ്കരണസംവിധാന ആസ്തികൾ സൃഷ്ടിക്കുന്നതിന് ആർക്കാണ് സഹായം ലഭിക്കുക? എത്ര തുക സഹായമായി ലഭിക്കാം?

ഗാർഹിക കക്കൂസ് നിർമ്മിക്കുന്നതിന് ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് 4600 രൂപ ധനസഹായം ലഭിക്കും (കുന്നിൽ പ്രദേശങ്ങളിൽ 5900 രൂപ. ഇതിന് പുറമെ തൊഴിലുറപ്പ് പദ്ധതി പ്രകാരം 4500 രൂപയുടെ പ്രവൃത്തി പ്രയോജനപ്പെടുത്താം. ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കണം.

മറ്റ് പ്രവർത്തനഘടകങ്ങൾക്കുള്ള ധനസഹായം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കോ തദ്ദേശ സ്വയം രണസ്ഥാപനങ്ങൾക്കോ ലഭിക്കുന്നു.

- നടപ്പിലാക്കുന്നതാര് ?
  ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ (വാർഡ്തല ശുചിത്വ-ആരോഗ്യ-പോഷണസമിതികൾ നിർമ്മാണ-മോണിറ്ററിംഗ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം.
- എവിടെ അപേക്ഷിക്കണം? ഗ്രാമപഞ്ചായത്തുകളിൽ (ഗാർഹിക കക്കൂസിന്)
- ബന്ധപ്പെടേ ഉദ്യോഗസ്ഥൻ: വി.ഇ.ഒ

## VIII. പ്രധാനമന്ത്രി ഗ്രാമസഡക്ക് യോജന (പി.എം.ജി.എസ്.വൈ)

**ലക്ഷ്യം**

ഗ്രാമീണമേഖലയിലെ റോഡ് ബന്ധമില്ലാത്ത ആവാസകേന്ദ്രങ്ങളുമായോ, വ്യാപാര കേന്ദ്രങ്ങളുമായോ എല്ലാ കാലാവസ്ഥയിലും അനുയോജ്യമായ റോഡ് മുഖാന്തിരം ബന്ധിപ്പിക്കുന്ന പദ്ധതിയാണിത്.

**ഫണ്ട്**

100% കേന്ദ്രസഹായമുള്ള ഒരു പദ്ധതിയാണിത്. റോഡ് ബന്ധമില്ലാത്ത ആവാസകേന്ദ്രമെന്നാൽ അഞ്ഞൂറോ അധിലധികമോ ജനസംഖ്യയുള്ളതും 500 മീറ്ററോ അതിൽ അധികമോ ദൂരത്തിൽ റോഡ് ബന്ധമില്ലാതെ സ്ഥിതി ചെയ്യുന്നതുമായ ആവാസ കേന്ദ്രങ്ങളാണ്.

ഈ പദ്ധതിയിൽ നിർമ്മിക്കുന്ന റോഡുകളെല്ലാം ഇന്ത്യൻ റോഡ് കോൺഗ്രസ്സ് (IRC) നിഷ്ക്കർഷിക്കുന്ന നിലവാരത്തിലായിരിക്കണം.

ഗ്രാമീണ റോഡുകളുടെ പ്ലാനും കോർനെറ്റ്‌വർക്കും പി.എം.ജി.എസ്.വൈ പ്രകാരം ഏറ്റെടുക്കുന്നതിന് അനിവാര്യമാണ്.

## 2. കൃഷി

### I. ഹോട്ടികൾച്ചർ മിഷൻ പരിപാടികൾ

ദേശീയ ഹോട്ടികൾച്ചർ മിഷൻ പ്രവർത്തനങ്ങൾ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നു. പച്ചക്കറികൾ, വാഴ, ജാതി, കുരുമുളക്, കശുമാവ്, കൊക്കൊ, പുഷ്പവിളകൾ, കൂൺകൃഷി തുടങ്ങിയവയുടെ സമഗ്ര വികസനത്തിന് വിത്ത്/ നടീൽ വസ്തുക്കളുടെ ഉല്പാദനം മുതൽ സംസ്ക്കരണവും വിപണനവും വരെയുള്ള ഘടകങ്ങൾ ഇതിൽപ്പെടുന്നു.

**1. കർഷകർക്ക് നേരിട്ട് സഹായം ലഭിക്കുന്ന പരിപാടികളും വിശദാംശങ്ങളും.**

a) -പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കൽ (ചെലവിന്റെ പകുതി ധനസഹായം)
-വാഴപോലുള്ള പഴവർക്ഷഗ്ഗങ്ങൾക്ക് - ഹെക്ടറിന് 35,000 രൂപ വരെ ധനസഹായം (മൂന്ന് വർഷത്തിൽ ഒരിക്കൽ മാത്രമേ ഒരു കൃഷിയിടത്തിന് നൽകുകയുള്ളൂ)
-മാവ്, പേര തുടങ്ങിയവയ്ക്ക് - ഹെക്ടറിന് 40,000 രൂപ വരെ ധനസഹായം
-പപ്പായ പോലുള്ളവയ്ക്ക് - ഹെക്ടറിന് 30,000 രൂപ വരെ ധനസഹായം

b) പുഷ്പകൃഷി
ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയവക്ക് - ചെറുകിട
- നാമമാത്രകർഷകർക്ക് 50% ധനസഹായം
- മറ്റ് കർഷകർക്ക് 33 $^{1/3}$ % ധനസഹായം
- ചെടിയൊന്നിന് പരമാവധി സബ്സിഡി 35 രൂപ
ഗ്ലാഡിയോലസ് പോലുള്ളവക്ക് - 45,000 രൂപ വരെ സബ്സിഡി
റോസ്, ചെണ്ടുമല്ലി മുതലായവക്ക് - 12,000 രൂപ വരെ സബ്സിഡി

c) സുഗന്ധവ്യഞ്ജനങ്ങൾ (ചെലവിന്റെ പകുതി )
ഇഞ്ചി, മഞ്ഞൾ മുതലായവയ്ക്ക് - ഹെക്ടറിന് 12,500 രൂപ വരെ സബ്സിഡി
കുരുമുളക്, ഗ്രാമ്പു, ഇഞ്ചി മുതലായവയ്ക്ക് - ഹെക്ടറിന് 20,000 രൂപ വരെ സബ്സിഡി

d) പ്ലാന്റേഷൻ വിളകൾ (ചെലവിന്റെ പകുതി )
പുതിയ തോട്ടങ്ങൾക്ക് ( കശുമാവ്, കൊക്കൊ) - ഹെക്ടറിന് 20,000 രൂപ വരെ സബ്സിഡി
നിലവിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണം - ഹെക്ടറിന് 15,000 രൂപ വരെ സബ്സിഡി

e) മഴവെള്ള സംഭരണം (ചെറുകിട- നാമമാത്രകർഷകർക്ക്: ചെലവിന്റെ പകുതി )

1 ഘന.മീറ്ററിന് 100 രൂപ നിരക്കിൽ സബ്സിഡി
സമതല പ്രദേശങ്ങളിൽ പരമാവധി 1.50 ലക്ഷം രൂപ സബ്സിഡി
മലമ്പ്രദേശങ്ങളിൽ പരമാവധി 1.80 ലക്ഷം രൂപ സബ്സിഡി
എസ്റ്റിമേറ്റും മൂല്യനിർണ്ണയവും വേണം

f) സംരക്ഷിത കൃഷി
ഗ്രീൻ ഹൗസ് നിർമ്മാണം - നിർമ്മാണസാമഗ്രികളുടെ അടിസ്ഥാനത്തിൽ ചെലവിന്റെ 50% എന്ന പരിധിക്ക് വിധേയമായി ചതുരശ്ര മീറ്ററിന് 375 രൂപ മുതൽ 1465 രൂപ സബ്സിഡി ലഭിക്കുന്നു.

g) സംയോജിതകീടനിയന്ത്രണം- ചെലവിന്റെ പകുതി ഹെക്ടറിന് പരമാവധി 1200 രൂപ വരെ സബ്സിഡി ലഭിക്കുന്നു.

h) ജൈവകൃഷി- ചെലവിന്റെ പകുതി ഹെക്ടറിന് പരമാവധി 10,000 രൂപ വരെ ധനസഹായം

i) മണ്ണിരകമ്പോസ്റ്റ് - പരമാവധി 30,000 രൂപ വരെ ധനസഹായം

j) തേനീച്ച വളർത്തൽ (ചെലവിന്റെ പകുതി )
Honey Bee Colony – Rs 1400/colony of 4 frames
Hives – Rs. 1600/ hive

k) യന്ത്രവത്കരണം (ചെലവിന്റെ പകുതി )
17500 രൂപ മുതൽ 1.5 ലക്ഷം രൂപവരെ ധനസഹായം ലഭിക്കും. ഒരാൾക്ക് ഒരു യന്ത്രം മാത്രമേ ലഭിക്കുകയുള്ളു.

l) സ്റ്റോറേജ്: പാക്ക് ഹൗസുകളും സ്റ്റോറേജ് യൂണിറ്റുകളും സ്ഥാപിക്കുന്നതിന് വ്യക്തികൾക്ക് 3 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കും

m) പരിശീലന പരിപാടികൾ
VHSE (Agri) പാസായവർക്ക് സ്റ്റൈപ്പെന്റോടുകൂടിയ പരിശീലനം. കൂടാതെ പഠനപര്യടന യാത്രകൾ, കർഷകർക്ക് പരിശീലനവും പഠനപര്യടന യാത്രകളും

**2. പൊതുസൗകര്യങ്ങൾ, സ്ഥാപനങ്ങൾക്കുള്ള പരിപാടികൾ**

a) ഹൈടെക് നഴ്സറി
പരമാവധി 25 ലക്ഷം രൂപ സബ്സിഡി

b) *ചെറിയ നഴ്സറി*
നഴ്സറികൾ സ്ഥാപിക്കുന്നതിന് പൊതുമേഖലസ്ഥാപനങ്ങൾക്ക് 15 ലക്ഷം രൂപ വരെ (100%) സ്വകാര്യമേഖലക്ക് 7,50,000 രൂപ വരെയും (50%) സബ്സിഡി ലഭിക്കുന്നു.

c) *കൂൺകൃഷി*
കൂൺകൃഷി, കൂൺവിത്ത് ഉല്പാദനം, കമ്പോസ്റ്റ് നിർമ്മാണം ഇവ നടത്തുന്ന യൂണിറ്റുകൾക്ക് 20 ലക്ഷം രൂപ വരെ ധനസഹായം . പൊതുമേഖലസ്ഥാപനങ്ങൾക്ക് 100% സ്വകാര്യമേഖലക്ക് 50% എന്ന പരിധിക്ക് വിധേയമായാണ് സബ്സിഡി ലഭിക്കുക

d) **ജലസേചന സൗകര്യങ്ങൾ**

പൊതുകുളങ്ങൾ, പൊതുജലസംഭരണികൾ എന്നിവ നിർമ്മിക്കുന്നതിന് 100% സബ്സിഡിയിൽ 20 ലക്ഷം രൂപ വരെ ധനസഹായം.

d) **സ്റ്റോറേജ്**

പാക്ക് ഹൗസുകളും സ്റ്റോറേജ് യൂണിറ്റുകളും സ്ഥാപിക്കുന്നതിന് വ്യക്തികൾക്ക് 3 ലക്ഷം രൂപ വരെയും കോൾഡ്സ്റ്റോറേജ്കൾക്കും സഞ്ചരിക്കുന്നകോൾഡ്സ്റ്റാറേജ് കൾക്കും 10 ലക്ഷം രൂപ വരെയും ധനസഹായം ലഭിക്കുന്നു. എൻ.ജി.ഒ കൾക്കും പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്കും ഇത് പ്രയോജനപ്പെടുത്താം.

e) **വിപണനം**

കാർഷികവിപണികൾ സ്ഥാപിക്കുന്നതിന് പൊതുമേഖലക്കും സ്വകാര്യസംരംഭ കർക്കും 25% മുതൽ 40% വരെ ധനസഹായം

- എവിടെ അപേക്ഷിക്കണം? : കൃഷിഭവനുകളിൽ

## II അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ATMA)

(Agricultural Technology Management Agency)

കൃഷി, മൃസംരക്ഷണം, ക്ഷീരോല്പാദനം, മത്സ്യോൽപ്പാദനം, മണ്ണ് സംരക്ഷണം തുട ങ്ങിയ മേഖലകളിൽ വിജ്ഞാന വ്യാപന പരിപാടികൾ സംഘടിപ്പിക്കുക. പഠന പര്യടന ങ്ങൾ, പരിശീലന പരിപാടികൾ, പ്രദർശന തോട്ടങ്ങൾ, വയൽ വിദ്യാലയങ്ങൾ എന്നിവ സംഘടിപ്പിക്കുക എന്നതാണ് പ്രധാന പ്രവർത്തനങ്ങൾ. കർഷകർക്കും (വനിതാകർഷകർക്ക് പ്രത്യേകം)കർഷകസംഘങ്ങൾക്കും പ്രയോജനം ലഭിക്കുന്നു.

നടപ്പിലാക്കുന്നതാര് : ജില്ലാതല അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി
ബന്ധപ്പെടേ ഓഫീസുകൾ : കൃഷി ഭവൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്

## III. ദേശീയ ബയോഗ്യാസ് വികസന പരിപാടി

പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം കുറയ്ക്കുന്നതിന് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക, ഗുണമേന്മയുള്ള ജൈവവളം ലഭ്യമാക്കുക.

ആർക്കാണ് ധനസഹായം ലഭിക്കുക : ചെറുകിട നാമമാത്ര കർഷകർക്ക് ധനസഹായം ലഭിക്കും

2 ഘനമീറ്റർ മുതൽ 8 ഘനമീറ്റർ വരെ ശേഷിയുള്ള 'ദീനബന്ധു' മോഡൽ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 8000 രൂപ വരെ (നിർമ്മാണചെലവ് 25000 രൂപ മുതൽ) ധനസഹായം ലഭിക്കുന്നു. അംഗീകൃത ഏജൻസികൾ മുഖേന പ്ലാന്റുകൾ നിർമ്മി ക്കണം.

എവിടെ അപേക്ഷിക്കണം : കൃഷി ഭവനിൽ

## IV. കണികാ – സ്പിംഗ്ളർ ജലസേചനം (Micro-Irrigation)

ലഭ്യമാകുന്ന ജലത്തിന്റെ കാര്യക്ഷമത ഉറപ്പു വരുത്തുക, കൂടുതൽ കൃഷിയിടങ്ങൾ ജല സേചന യോഗ്യമാക്കുക, ജലോപയോഗം കുറയ്ക്കുക, ശാസ്ത്രീയ ജലപരിപാലനത്തി ലൂടെ ഉല്പാദനം വർദ്ധിപ്പിക്കുക

ആർക്കാണ് ധനസഹായം – 5 ഹെക്ടർ വരെ കൃഷി ഭൂമിയുള്ള കർഷക കുടുംബങ്ങൾക്ക് ലഭിക്കുന്ന ധനസഹായം

കണികാ ജലസേചനം, സ്പ്രിംഗ്ളർ ജലസേചനം എന്നിവയ്ക്ക് യൂണിറ്റ് കോസ്റ്റിന്റെ 60% വരെ സബ്സിഡി ലഭിക്കുന്നു. അംഗീകൃത ഏജൻസികൾ മുഖേന പ്രവൃത്തി ചെയ്യണം. കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മൂല്യ നിർണ്ണയം നടത്തണം.

എവിടെ അപേക്ഷിക്കണം : കൃഷി ഭവനിൽ

## V. രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)

അതാതിടത്തെ കാർഷിക-പാരിസ്ഥിതിക-കാലാവസ്ഥ സാഹചര്യങ്ങൾ കണക്കിലെടുത്ത് അനുയോജ്യമായ പ്രവർത്തനങ്ങൾ നടത്തുക. അടിസ്ഥാന സൗകര്യ വികസനം, വളം-കീടനാശിനി വിതരണം, യന്ത്രവത്ക്കരണം, സംസ്ക്കരണം എന്നിവ പ്രധാന പ്രവർത്തന ഘടകങ്ങളാണ്. പ്രധാന വിളകൾക്ക് പ്രത്യേകം ശ്രദ്ധ നൽകുന്നു.

പ്രയോജനം ലഭിക്കുന്നത് ആർക്ക്: കർഷകർ, കർഷക കുടുംബങ്ങൾ, കർഷക സമിതികൾ. 2014-15 വർഷത്തിൽ നിലമൊരുക്കൽ, സംയോജിത വളപ്രയോഗം, കീടരോഗ നിയന്ത്രണം, യന്ത്രവൽക്കരണം തുടങ്ങിയവയ്ക്ക്. നെൽകൃഷിക്ക് ഹെക്ടറിന് 3000 രൂപ ധനസഹായം നൽകുന്നു.

എവിടെ അപേക്ഷിക്കണം : കൃഷി ഭവനിൽ

## VI. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി

ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക. നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി പാലക്കാട് ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കുന്നു. താഴെപറയുന്ന പ്രവർത്തന ഘടകങ്ങളുണ്ട്.

- പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുക (2500 രൂപ വരെ ധനസഹായം)
- ഒറ്റ ഞാർകൃഷി പ്രചരിപ്പിക്കുക (3000 രൂപ വരെ ധനസഹായം)
- അത്യുൽപാദന നെൽവിത്ത് പ്രദർശന തോട്ടം (3000 രൂപ വരെ ധനസഹായം)
- വിത്തുൽപാദന-വിതരണ പദ്ധതികൾ
- സംയോജിത വളപ്രയോഗം
- നെൽകൃഷി യന്ത്രവത്ക്കരണം
- കീടരോഗനിയന്ത്രണം
- കർഷക പരിശീലനം

പ്രയോജനം ലഭിക്കുന്നവർ : ചെറുകിട നാമമാത്ര കർഷകർ
എവിടെ അപേക്ഷിക്കണം : കൃഷി ഭവനിൽ

## VII. ജൈവവള ഉൽപാദനം (നബാർഡ് പദ്ധതി)

ധനസഹായ വിശദാംശങ്ങൾ

| ഇനം/വിഭാഗം | ബയോഫെർട്ടിലൈസർ യൂണിറ്റ് | വെർമികൾച്ചർ | പഴം, പച്ചക്കറി കമ്പോസ്റ്റ് യൂണിറ്റ് |
|---|---|---|---|
| സബ്സിഡി (പ്രോജക്ടിന്റെ) | 25% പരമാവധി 20 ലക്ഷം | 25% പരമാവധി 40 ലക്ഷം | 25% പരമാവധി 20 ലക്ഷം |
| മാർജിൻ മണി (ചെലവിന്റെ) | 25% | 25% | 25% |

## VIII കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡ് പരിപാടികൾ

**I മാതൃകാ തോട്ടങ്ങളുടെ വികസനം**

അസുഖം ബാധിച്ച തെങ്ങുകൾക്ക് വേണ്ട പരിചരണങ്ങൾ ചെയ്ത് രോഗ വിമുക്തമാക്കുന്നതിന് രണ്ട് തവണകളായി ഒരു ഹെക്ടറിന് 35,000 രൂപ വരെ ധനസഹായം നൽകുന്നു.

**II ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ക്ലസ്റ്റർ അടിസ്ഥാനത്തിൽ ധനസഹായം**

ഓരോ കർഷകന്റെയും കൃഷിയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് തെങ്ങ് കൃഷിക്കാരുടെ കൂട്ടായ്മ ഉണ്ടാക്കുക. 25 - 50 ഹെക്ടർ ക്ലസ്റ്ററുകൾ രൂപീകരിക്കുക. വിവിധ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുക

**III ജൈവവള നിർമ്മാണം**

മണ്ണിര കമ്പോസ്റ്റ്, ചകിരിചോറ് കമ്പോസ്റ്റ് മറ്റ് കമ്പോസ്റ്റുകൾ എന്നിവയുടെ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നിർമ്മാണചെലവിന്റെ 50% പരിധിക്ക് വിധേയമായി 20,000 രൂപ വരെ ധനസഹായം നൽകുന്നു.

**IV രജിസ്റ്റേർഡ്/പ്രൈവറ്റ്/ അംഗീകാരം ലഭിച്ചു നാളികേര നേഴ്സറികൾക്ക് ധനസഹായം**

ഉല്പാദന ചെലവിന്റെ 25% അല്ലെങ്കിൽ 2 ലക്ഷം രൂപ ഏതാണൊ കുറവ് അത് ധന സഹായം ആയി ലഭിക്കുന്നു. 25 സെന്റിൻ നിന്ന് 6250 തൈകൾ ഉല്പാദിപ്പിക്കുന്നതിന് 50,000 രൂപ ധനസഹായം.

ഒരു ഏക്കറിൽ നിന്ന് 25000 തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം

**V തെങ്ങിന് ഇൻഷുറൻസ് പദ്ധതി**

ഏറ്റവും കുറഞ്ഞത് 10 തെങ്ങ് ഏങ്കിലും ഉള്ളവർക്ക് തെങ്ങിന് ഇൻഷുറൻസ് പരിരക്ഷ. 460 വർഷം പ്രായമുള്ള തെങ്ങുകൾ ഇൻഷുർ ചെയ്യാം. ഒരു തെങ്ങിന് കിട്ടുന്ന തുക 600 (15 വർഷം വരെ പ്രായമുള്ളവ), 1150 രൂപ ( 60 വർഷം വരെ പ്രായമുള്ളവ) ഇൻഷുറൻസ് പ്രീമിയത്തിന്റെ 25% തുക (ഒരു തെങ്ങിന് 1.18 രൂപ/ 1.59 രൂപ) ഗുണഭോക്താവ് അടക്കുന്നു.

**VI തെങ്ങിൻതോപ്പ് പുനർനടീലും പുനർജീവിപ്പിക്കലും**

1) പഴയ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈനടൽ

പരിപാടി: പഴയതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം ഉല്പാദനക്ഷമത കൂടിയ പുതിയ തൈകൾ വയ്ക്കുക. ഒരു ഹെക്ടറിന് 32 തെങ്ങുകൾക്ക് ധനസഹായം ലഭിക്കും.

ആദ്യത്തെ 20 എണ്ണത്തിന് 500 രൂപ പ്രകാരവും ബാക്കിയുള്ളവക്ക് 250 രൂപ പ്രകാരവും ലഭിക്കും.

2) നിലവിലുള്ള തോട്ടം പുനർജീവിപ്പിക്കൽ

പരിപാടി: നിലവിലുള്ള തോട്ടം പുനർജീവിപ്പിക്കുന്നതിന് ഒരു ഹെക്ടർന് 2 വർഷത്തേക്ക് 15,000 രൂപയും പുനർ നടീലിനുള്ള സഹായമായി ഓരോ തൈക്കും 20 രൂപ വീതവും ലഭിക്കുന്നതാണ്.

## IX. റബർബോർഡ് പരിപാടികൾ

(ബന്ധപ്പെടേ സ്ഥാപനം: റബർ ബോർഡ്, കോട്ടയം, & മേഖലാ ഓഫീസുകൾ)

**1. ടാപ്പിംഗ് പരിശീലനം**

ടാപ്പിംഗിന്റെ വിദഗ്ദ്ധ രീതികളെക്കുറിച്ച് 8 ദിവസ പരിശീലനം. തോട്ടം ഉടമയ്ക്കോ ആശ്രിതർക്കോ ഇതിൽ പങ്കെടുക്കാം. പരിശീലനാർത്ഥിക്ക് 75 രൂപ സ്റ്റൈപ്പന്റ് ലഭിക്കും. കൂടാതെ കേരളത്തിലെ ടാപ്പിംഗ് തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി കേരളത്തിന് പുറത്തുള്ള യുവാക്കളേയും ടാപ്പിംഗ് പരിശീലിപ്പിക്കുന്നു.

**2. ടാപ്പിംഗ് പ്രദർശനം**

റബർ ബോർഡിൽ നിന്നുള്ള ഉദ്യോഗസ്ഥർ ഓരോ തോട്ടത്തിലും എത്തി ടാപ്പിംഗ്, റെയ്ൻ ഗാർഡിംഗ്, റബർ ഷീറ്റ് ഉണ്ടാക്കുന്ന വിധം എന്നിവ കാണിച്ചുകൊടുക്കുന്നു. ഈ സേവനം തോട്ടമുടമകൾക്ക് സൗജന്യമായി ലഭിക്കുന്നു.

**3. ബാങ്ക് ലോൺ**

ബോർഡിന്റെ ധനസഹായം ലഭിക്കുന്നതിനായി ഗുണഭോക്തൃവിഹിതം എടുക്കേ ി വരുമ്പോൾ ആയത് കൈവശമില്ലെങ്കിൽ അതിനും തോട്ടം നടത്തിപ്പിനുമായി നബാർഡിൽ നിന്നും ദീർഘകാല വായ്പ ലഭിക്കുന്നതാണ്.

**4. സുവർണ്ണ സംഗമം അവാർഡ്**

ഏറ്റവും നന്നായി പ്രവർത്തിക്കുന്ന റബ്ബർ പ്രൊഡ്യൂസർ സൊസൈറ്റിക്ക് നൽകുന്ന അവാർഡ്. രണ്ട് വർഷത്തിലൊരിക്കൽ നൽകുന്ന അവാർഡ് തുക 20 ലക്ഷം രൂപ.

**5. ഗോത്ര വികസനം**

ഗോത്രവർഗ്ഗക്കാരുടെ കൈവശമുള്ള സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്ന പരിപാടി. പണികൾക്ക് മേൽനോട്ടം വഹിക്കുന്നത് റബ്ബർ ബോർഡും പണികൾ ചെയ്യുന്നത് ഗോത്രവർഗ്ഗക്കാരുമായിരിക്കും.

**6. സ്ത്രീ ശാക്തീകരണ പദ്ധതി**

കുറച്ച് സ്ഥലം കൈവശമുള്ള സ്ത്രീകളുടെ പങ്കാളിത്തം റബ്ബർകൃഷിയിൽ ഉറപ്പാക്കുന്നതിനുള്ള പരിപാടി. പ്രോജക്റ്റ് പ്രൊഡ്യൂസേഴ്സ് സൊസൈറ്റികളിലൂടെ നടപ്പാക്കുന്നു. വരുമാനദായക പരിപാടികൾ, പരിശീലനം, ആരോഗ്യ പരിപാടികൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നു.

## X. സ്പൈസസ് ബോർഡ് പരിപാടികൾ

ബന്ധപ്പെടേണ്ട സ്ഥാപനം: സ്പൈസസ് ബോർഡ്, കൊച്ചി

1. ഏലത്തോട്ടങ്ങൾ പുനർനടീലും പുനർജീവിപ്പിക്കലും
   i) പുനർജീവന ധനസഹായം
      4 ഹെക്ടർ വരെ – സബ്സിഡി 33% (17780 രൂ/ഹെ)
      4-8 ഹെക്ടർ വരെ – സബ്സിഡി 25% (13470 രൂ/ഹെ)
   ii) നടീൽ വസ്തുക്കളുടെ ഉല്പാദനം
      ഓരോ മുളക്കും 1.75 രൂപ വീതം ലഭിക്കുന്നു.
2. കയറ്റുമതിയിൽ അധിഷ്ഠിതമായ ഉല്പാദനവും വിളവെടുപ്പിന് ശേഷം സുഗന്ധ വ്യഞ്ജനങ്ങളുടെ ഗുണം മെച്ചപ്പെടുത്തലും

സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി താഴെ പറയുന്ന ധനസഹായങ്ങൾ നൽകുന്നു.

**പട്ടിക 1 ഏലം ധനസഹായം**

| പ്രവർത്തനം | പരമാവധി ധനസഹായം (രൂപ) |
|---|---|
| ജലസേചന ഉപകരണങ്ങളുടെ നിർമ്മാണം | 16000 |
| ഐ.പി.സെറ്റ് | 5000 |
| സ്പ്രിംഗ്ളർ | 21,175 |
| ജലസേചനടാങ്ക് | 1250 |
| ജലസേചന പൈപ്പ് | 1250 |
| മണ്ണ് പരിരക്ഷ | 7500 |
| മഴവെള്ള സംഭരണി | 8000 |
| യന്ത്രങ്ങൾ, ഉപകരണങ്ങൾ | 60,000 |

**പട്ടിക 2 മറ്റ് സുഗന്ധവിളകൾധനസഹായം**

| പ്രവർത്തനം | പരമാവധി ധനസഹായം (രൂപ) |
|---|---|
| കുരുമുളക് മെതിയന്ത്രം | 7000 |
| മുളകൊ ുള്ള പായ (കുരുമുളക്) | എസ്.ടി 90% സബ്സിഡി<br>മറ്റുള്ളവർ 50% സബ്സിഡി |
| തിളപ്പിക്കാൻ പാത്രം (മഞ്ഞൾ) | 4000 |
| മഞ്ഞൾ സംസ്ക്കരണം | 16000 |
| പുതിന വാറ്റൽ ഉപകരണം | 1,30,000 |
| മഴവെള്ള സം രണം | 8000 (മുളക്) |
| ധാന്യം വേർത്തിരിക്കുന്ന യന്ത്രം | 50000 |

പട്ടിക 3. **Post Harvest Improvement-ധനസഹായം**

| ഇനം | പരമാവധി ധനസഹായം (രൂപ) |
|---|---|
| മുളക്, ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവ ഉണക്കുന്നതിനുള്ള കളം | ST-540 cq./$m^3$ (90%)<br>SC – 300 cq./$m^3$ (50%)<br>ജനറൽ - 150 cq./$m^3$ (25%) |
| പോളിത്തീൻ ഷീറ്റ് | ST 50% സബ്സിഡി<br>മറ്റുള്ളവർ 33.33 % സബ്സിഡി |
| മോയ്സ്ചർ മീറ്റർ | 2500 രൂ (32%) |

**പട്ടിക 4. ജൈവകൃഷിധനസഹായം**

| ഇനം | പരമാവധി ധനസഹായം (രൂപ) |
|---|---|
| ഓർഗാനിക്ക് സർട്ടിഫിക്കേഷന് സഹായം | കർഷകരുടെ കൂട്ടം 75000 രൂ (50%)<br>വ്യക്തികൾ 25000 രൂ (50%) |
| ബയോ ഏജന്റ് യൂണിറ്റ് ഉണ്ടാക്കൽ (NGOകൾക്ക്) | 1.30 ലക്ഷം (50%) |
| ജൈവകൃഷി | 4250 രൂ |
| മണ്ണിരകമ്പോസ്റ്റ് യൂണിറ്റ് | 2000 രൂ (33 1/3 %) |

## XI വിളവെടുപ്പ് അനന്തര സാങ്കേതികവിദ്യ

കേരളത്തിൽ ഒരു സുപ്രധാന വിളയായ തെങ്ങിന്റെ ഉല്പാദന വൈവിധ്യവൽക്കരണത്തിനായി

- കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതി.
- കൃഷിഭവൻ മുഖേന നടപ്പിലാക്കുന്നു.
- 500 നാളികേരം ഉണക്കാൻ ശേഷിയുള്ള കൊപ്ര ഡ്രെയറിന് 11800 രൂപ സബ്സിഡി
- 1000 നാളികേരം ഉണക്കാൻ ശേഷിയുള്ള കൊപ്ര ഡ്രെയറിന് 22064 രൂപ ധനസഹായം
- അപേക്ഷ അനുമതിക്കായി കൃഷി വൻ മുഖേന ജില്ലാതല പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അയ്ക്കണം. റെയ്ഡ്കോ(RAIDCO), കെയ്ക്കോ (KAICO), മറ്റ് അംഗീകൃത ഡീലർമാർ എന്നിവരിൽ നിന്നും ഡ്രയർ വാങ്ങിച്ച് സ്ഥാപിക്കാവുന്നതാണ്.

## 3. മൃഗസംരക്ഷണം

(ബന്ധപ്പെടേണ്ട സ്ഥാപനം  മൃഗാശുപത്രി)

**I. കുളമ്പ് രോഗ നിയന്ത്രണ പരിപാടി**

മുഴുവൻ കന്നുകാലികളേയും പന്നികളേയും കുളമ്പ് രോഗ പ്രതിരോധ കുത്തിവെപ്പിന് വിധേയമാക്കുക. വർഷത്തിൽ രണ്ട് തവണയാണ് കുത്തിവെപ്പ്. വാകസിനേറ്റർമാർ വീട് വീടാന്തരം കയറിയിറങ്ങി കുത്തിവെപ്പ് നടത്തുന്നു.

**II. കാലി വസന്ത നിർമ്മാർജ്ജന പരിപാടി**

കാലിവസന്ത നിർമ്മാർജ്ജനം ചെയ്യുന്നതിനായി രോഗലക്ഷണ സർവ്വെകൾ (വർഷത്തിൽ രണ്ടു തവണ) പ്രതിരോധ കുത്തിവെപ്പ്, കന്നുകാലികളിൽ രക്തപരിശോധന എന്നിവ നടത്തുന്നു.

**III. ആട് വസന്ത നിർമ്മാർജ്ജന പരിപാടി**

ആടുവസന്തക്കെതിരെ രോഗപ്രതിരോധ കുത്തിവെപ്പെടുക്കുക. വാക്സിനേറ്റർമാർ വീടുകളിൽ ചെന്ന് കുത്തിവെപ്പ് നടത്തുന്നു.

**IV. ദേശീയ ബ്രുസ്സലോസിസ് നിയന്ത്രണ പരിപാടി**

വളർത്തു മൃഗങ്ങളിൽ ഗർഭം അലസൽ, വന്ധ്യത എന്നിവയ്ക്ക് കാരണമാകുന്ന ബ്രുസല്ലോസിസ് നിയന്ത്രിക്കുക. (മനുഷ്യരിലേക്ക് പകരുന്ന ജന്തുജന്യ രോഗങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ബ്രുസ്സല്ലോസിസ്) ഇതിനായി പാൽ സാമ്പിളുകളുടെ പരിശോധന, രക്തപരിശോധന എന്നിവ വഴി രോഗനിർണ്ണയം നടത്തൽ, രോഗവ്യാപനം തടയുന്നതിനുള്ള നടപടികൾ, ബോധവത്ക്കരണ പരിപാടികൾ എന്നിവ നടത്തുന്നു.

**V. കന്നുകാലി രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള ധനസഹായം – (75% കേന്ദ്രാവിഷ്കൃത പദ്ധതി) – അസ്കാഡ്**

കന്നുകാലികളിലെ രോഗ നിരീക്ഷണവും, അവ പ്രതിരോധ കുത്തിവെപ്പിലൂടെ തടയുന്നതിനുമുള്ള പരിപാടികൾ, ബോധവൽക്കരണ പരിപാടികൾ, മുൻകൂട്ടിയുള്ള രോഗ നിർണ്ണയം വഴി ആവശ്യമുള്ള മുൻകരുതലുകൾ എടുക്കുന്നതിനുമുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്നതിനും വിഹിതം വിനിയോഗിക്കാവുന്നതാണ്.

**VI. മൃഗാശുപത്രികളുടേയും ഡിസ്പെൻസറികളുടേയും പ്രവർത്തനം മെച്ചപ്പെടുത്തൽ പരിപാടി**

മൃഗാശുപത്രികളുടേയും ഡിസ്പെൻസറികളുടേയും അടിസ്ഥാന സൗകര്യ വികസനം, ആധുനിക രോഗ നിർണയ ചികിത്സാ സംവിധാന വികസനം എന്നിവയ്ക്കായി തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ സാമ്പത്തിക സഹായം നൽകുന്നു.

**VII. ഗ്രാമീണ മേഖലയിൽ വീട്ടുപരിസരത്ത് കോഴിവളർത്തൽ വികസന പരിപാടി**

മുട്ടയുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കോഴിവളർത്തലിൽ താൽപര്യമുള്ളവർക്ക് നല്ലയിനം കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കൽ, ചെറിയ യൂണിറ്റുകൾക്കുള്ള കൂടും തീറ്റയും ലഭ്യമാക്കൽ എന്നിവ നടത്തുന്നു.

### VIII. ദേശീയ തീറ്റപുൽകൃഷി വികസന പരിപാടി

പാലുല്പാദന ചെലവ് കുറയ്ക്കുന്നതിനും കന്നുകാലികളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുമായി തീറ്റപുൽ നടീൽ വസ്തുക്കൾ ലഭ്യമാക്കുക

### IX. ചെറുമൃഗങ്ങൾക്കും മുയലുകൾക്കും വേ  ിയുള്ള സമഗ്ര വികസന പദ്ധതി

ഭക്ഷ്യ സ്വയം പര്യാപ്തതക്ക് മാംസോൽപാദനം വർദ്ധിപ്പിക്കുക, ഇതിന് സഹായകരമായ രീതിയിൽ കുറഞ്ഞ മുതൽമുടക്കിൽ ലാഭകരമായ സ്വയംതൊഴിൽ സൃഷ്ടിക്കുക. ഇതിലൂടെ ദുർബലവിഭാഗത്തിൽപ്പെട്ടവരുടെ പോഷകാഹാര ലഭ്യത വർദ്ധിപ്പിക്കുക. ഇവ സാധ്യമാക്കുന്നതിന് താല്പര്യമുള്ള കർഷകർക്ക് ചെറുമൃഗങ്ങളേയും മുയലുകളേയും വളർത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നു.

### X. കന്നുകുട്ടി പരിപാലന പരിപാടി

ജനിക്കുന്ന ഓരോ പശുകുട്ടികൾക്കും 32 മാസം വരെ സൗജന്യ നിരക്കിൽ തീറ്റ, വിരമരുന്ന്, വിറ്റാമിൻ, മിനറൽ മിക്സ്ചർ എന്നിവയും ഇൻഷുറൻസ് പരിരക്ഷയും ഉറപ്പാക്കുക. ഇതിനായി ജനിക്കുന്ന പശുകുട്ടികളെ മൃഗാശുപത്രിയിൽ രജിസ്റ്റർ ചെയ്യണം. 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ചുള്ള പ്രത്യേക പരിപാടിയാണിത്.

### XI. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അയവിറക്കുന്ന മൃഗങ്ങളുടെ സംരക്ഷണം (100% കേന്ദ്രസഹായം)

അട്ടപ്പാടി ബ്ലോക്ക്, മലബാറി ഇനം ആടുകൾ, വിവിധ നാടൻ ഇനത്തിൽപെട്ട താറാവുകൾ എന്നിവയെ ആധുനിക ശാസ്ത്രീയ സംരക്ഷണ ഉപാധികളായ ബീജം,അണ്ഡം, ഭ്രൂണം എന്നിവ ക്രയോപ്രിസർവേഷൻ ഉപാധികൾ ഉപയോഗിച്ച് സംരക്ഷിക്കുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

### XII. സംസ്ഥാനത്തെ കോഴിവളർത്തൽ ഫാമുകളും, താറാവു വളർത്തൽ ഫാമുകളും വിപുലീകരിക്കൽ ( 80% കേന്ദ്രാവിഷ്കൃതം)

സംസ്ഥാന ഫാമുകൾ ഉൽപ്പാദന യൂണിറ്റുകളും, ഗുണനിലവാരമുള്ള കുഞ്ഞുങ്ങളെ പ്രദാനം ചെയ്യുന്നതിനുള്ള പ്രജനന കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനായി വിനിയോഗിക്കുന്നു.

### XIII. അറവ്ശാലകളുടെ നവീകരണം

മൃഗങ്ങളെ അറക്കുന്നതിന് മുമ്പും അതിന് ശേഷവും പരിശോധനക്ക് വിധേയമാക്കി, ശാസ്ത്രീയമായ അറവ് ശാലകളിൽ അറുത്ത് ശുദ്ധമായ മാംസം ലഭ്യമാക്കുന്നതിന് അറവ്ശാലകൾ അത്യന്താപേക്ഷിതമാണ്. ശുചിയായ മാംസോല്പാദനം ഉറപ്പ് വരുത്തുക,മൃഗങ്ങളെ മനുഷ്യത്വപരമായി കൈകാര്യചെയ്യുക, ശീതീകരണ സൗകര്യം നടപ്പിലാക്കുക, തുടങ്ങിയവ ഇതിന്റെ ലക്ഷ്യങ്ങളാണ്.

**പ്രവർത്തനങ്ങൾ**

1. പ്ലാന്റ് നിർമ്മാണം, നവീകരണം
2. യന്ത്രങ്ങൾക്കും സാമഗ്രികൾക്കും സഹായം
3. ടെക്നിക്കൽ സിവിൽ വർക്കുകൾ,ലാബ്
4. കോൾഡ് സ്റ്റോറേജ്, ചില്ലർ, ഫ്രീസർ,ട്രീറ്റ്മെന്റ് പ്ലാന്റ്

5. ജലവൈദ്യുതി കുറഞ്ഞ സംവിധാനവും മഴവെള്ള സംഭരണം
6. മാംസവിതരണ സംവിധാനം , വിപണനസംവിധാനം.

**XIV. രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ)**

**പദ്ധതികൾ**

**I. നിറവ് പദ്ധതികൾ**

**a) പശുകിടാരിവളർത്തൽ**

സംസ്ഥാനത്തെ തിരഞ്ഞെടുത്ത നിയോജകമണ്ഡലങ്ങളിലൂടെ നടപ്പിലാക്കുന്നു. കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് അതിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ള പശുകിടാരികളുടെ ശാസ്ത്രീയപരിപാലനം വളരെ പ്രധാനപ്പെട്ടതാണ്. ഒറ്റ ഗുണഭോക്താവിന് പശുകിടാരികളെ ലഭ്യമാക്കുന്നു. കാലിതൊഴുത്ത് പുനരുദ്ധാരണത്തിനും തീറ്റപുൽകൃഷി, കാലിത്തീറ്റ സംഭരണം, ആരോഗ്യരക്ഷ, ഇൻഷുറൻസ് എന്നിവയും ധനസഹായം നൽകുന്നു. ആകെ ചെലവിന്റെ 50% സബ്സിഡി ആയിരിക്കും.

**b) അടുക്കളമുറ്റത്തെ മുട്ടക്കോഴി വളർത്തൽ പദ്ധതി**

കേരളത്തിൽ വ്യവസായികാടിസ്ഥാനത്തിലുള്ള കോഴിവളർത്തൽ പ്രായോഗികമല്ലാത്തതിനാൽ അടുക്കളമുറ്റത്തെ മുട്ടക്കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കോട്ടക്കൽ നിയോജകമണ്ഡലത്തിലെ 3000 ഗുണഭോക്താക്കൾക്ക് 10 മുട്ടക്കോഴികളെ നല്കുന്നു. ഒരു യൂണിറ്റിന് 1600 രൂപ സബ്സിഡി 50%.

**c) മലബാറിലെ ആടുകളുടെ വംശവർദ്ധനവ് പദ്ധതി**

ഗ്രാമീണ സാമ്പത്തികമേഖലയിൽ ആട് വളർത്തലിന് സുപ്രധാന സ്ഥാനമുണ്ട്. തൊടുപുഴ നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുക്കുന്ന 1400 ഗുണഭോക്താക്കൾക്ക് 10 കിലോഗ്രാമിൽ കുറയാത്ത തൂക്കമുള്ള 2 മലബാറി ആട്ടിൻകുട്ടികളെ  വീതം നല്കുന്നു. പദ്ധതി ചെലവിന്റെ 50% സബ്സിഡിയായിരിക്കും. 1 യൂണിറ്റിന് ചെലവ് 14000 രൂപ.

**d) പന്നി വളർത്തൽ പദ്ധതി**

മാംസലഭ്യത വർദ്ധിക്കുന്നതോടൊപ്പം ഗ്രാമീണമേഖലയിൽ തൊഴിലവസരവും വരുമാനവർദ്ധനവും പന്നിവളർത്തൽ ഉറപ്പ്നൽകുന്നു. പാലാ നിയോജകമണ്ഡലത്തിലെ താല്പര്യമുള്ള 300 ഗുണഭോക്താക്കൾക്ക് 2 പെൺപന്നികളെ നല്കുന്നു. 1 യൂണിറ്റിന് ചെലവ് 10000 രൂപ. 50% സബ്സിഡി.

**e) സ്ക്കൂൾ ഗോട്ട് ക്ലബ്**

മൃഗസംരക്ഷണപ്രവർത്തനങ്ങളിൽ കുട്ടികൾക്ക് ഉത്സാഹം വളർത്തുന്നതിനും, മൃഗങ്ങളോട് സ്നേഹവും താല്പര്യവും വർദ്ധിപ്പിക്കുന്നതിനും കുട്ടികളിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതി. കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ 1000 സ്ക്കൂൾ കുട്ടികൾക്ക് 100% സബ്സിഡിയോടെ ഇൻഷുർ ചെയ്ത് ഓരോ ആട്ടിൻകുട്ടിയെ വീതം നല്കുന്നു. 3000 രൂപയാണ് യൂണിറ്റ് ചെലവ്

### II. തൃശ്ശൂർ–പൊന്നാനി കോൾനില വികസന പദ്ധതി

കോൾനിലമേഖലകളിലെ , കോൾനിലങ്ങളിലേക്ക് ജൈവവളലഭ്യത ഉറപ്പ് വരുത്തുന്നതിനും അത് വഴി ഭക്ഷ്യസുരക്ഷയ്ക്ക് ആക്കം കൂട്ടുന്നതിനും ലക്ഷ്യമിടുന്ന പദ്ധതി

**1) കന്നുകുട്ടി വളർത്തൽ പദ്ധതി**

തൃശ്ശൂർ–പൊന്നാനി കോൾമേഖലയിൽ 1040 കന്നുകുട്ടികളെ അധികമായി വളർത്തി പാലിന്റെയും ജൈവവളത്തിന്റെയും ലഭ്യത വർദ്ധിപ്പിക്കുന്നതാണ് ലക്ഷ്യം. 1 യൂണിറ്റിന് 34560 രൂപ, 50% സബ്സിഡി.

**2) താറാവ് വളർത്തൽ പദ്ധതി**

630 ഗുണഭോക്താക്കൾക്ക് 500 താറാവിൻ കുഞ്ഞുങ്ങളെ (50 കളുടെ ഗുണിതങ്ങളായി-പരമാവധി 10 യൂണിറ്റ്) വീതം 100% സബ്സിഡി നല്കുന്നു. താറാവ് കുഞ്ഞുങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് താല്കാലിക ഷെഡ്, ബലമുള്ള വലകൾ, തീറ്റ എന്നിവയ്ക്കുള്ള ചെലവ് ഗുണഭോക്താവ് വഹിക്കേണ്ടതാണ്.

### III. കുട്ടനാട് പാക്കേജ്

കുട്ടനാട് പാക്കേജ് പദ്ധതിയിൽ പശുവളർത്തൽ, ആട് വളർത്തൽ, കന്നുകുട്ടിപരിപാലനം, ബ്രീഡിങ് സർവ്വീസ് എന്നിവ ഉൾപ്പെടുന്നു.

### IV. ഇടുക്കി പാക്കേജ്

ഇടുക്കി പാക്കേജ് പദ്ധതിയിൽ മൃഗസംരക്ഷണമേഖലയിൽ പശുവളർത്തൽ, ബ്രീഡിങ് സർവ്വീസ് എന്നിവ ഉൾപ്പെടുന്നു

**NB:** 2013–14 ലെ ആർ.കെ.വി.വൈ പദ്ധതി പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്. 2014–15 വർഷത്തെ പദ്ധതിയിൽ ധനസഹായ നിരക്ക് 25 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം പദ്ധതി ഇനങ്ങളിലും മാറ്റം ഉണ്ടായേക്കാം.

### XV. നബാർഡ് പദ്ധതികൾ :

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കൈപ്പുസ്തകത്തിലെ നബാർഡ് പേജ് കാണുക.

.........................................

## 4.ക്ഷീരവികസനം

(ബന്ധപ്പെടേണ്ട സ്ഥാപനം  മൃഗാശുപത്രി, ബ്ലോക്ക് തല ക്ഷീരവികസന ഓഫീസ്)

### I. രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) ക്ഷീര വികസനം

പശുവളർത്തൽ, കിടാരി വളർത്തൽ, കാലിത്തൊഴുത്ത് നിർമ്മാണം, തീറ്റപ്പുൽകൃഷി, കാലിത്തീറ്റ ഉല്പാദനോപാദികൾ, പശുക്കുട്ടി പരിപാലനം, തീറ്റപ്പുൽകൃഷി ജലസേചനം, കർഷകരുടേയും സംഘങ്ങളുടേയും അടിസ്ഥാന സൗകര്യ വികസനം, നൂതന സാങ്കേതിക വിദ്യകൾ ആർജിക്കൽ, സംഘങ്ങളുടെ നവീകരണം, പാൽ സംഭരണം-സംസ്ക്കരണം-വിപണനം എന്നിവക്ക് ക്ഷീരകർഷകർക്കും ക്ഷീരസഹകരണ സംഘങ്ങൾക്കും ധനസഹായം ലഭിക്കും.

| ക്രമ. നം | പദ്ധതിയുടെ പേര് | ഘടകങ്ങൾ | യൂണിറ്റ് നിരക്ക്(രൂ) | ധനസഹായ നിരക്ക് (%) |
|---|---|---|---|---|
| 1. | സംശുദ്ധ പാലുല്പ്പാദന കിറ്റ് | ശുദ്ധമായ പാൽ ഉല്പ്പാദിപ്പിക്കുന്നതിനും അകിടുവീക്കം തടയുന്നതിനും ആവശ്യമായ സാമഗ്രികൾ, കാലിത്തൊഴുത്തിന്റെ തറ കോൺക്രീറ്റ്/ അറ്റകുറ്റപ്പണി | 7000 | 50 % |
| 2. | കാലിത്തീറ്റ ധനസഹായം | കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് ധനസഹായം എത്തുന്നു | ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപാ നിരക്കിൽ ധനസഹായം | 100 % |
| 3. | കാർഷിക മേഖല യിൽ ഒരു ലക്ഷം പേർക്ക് പ്രത്യേക തൊഴിൽദാന പദ്ധതി (പദ്ധതിയിൽ അംഗമായവർക്ക്) | രണ്ടു പശു ഡയറി യൂണിറ്റ് | 100000 | 50 % (25 % ആർ. കെ.വി.വൈ, 25 % സംരംഭകരുടെകോർപ്പസ് ഫണ്ട്.) |

## II. നിറവ് (ആർ.കെ.വി.വൈ)

തെരഞ്ഞെടുത്ത നിയമസഭാ മണ്ഡലങ്ങളിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രത്യേക വികസന പദ്ധതി. താഴെ പറയുന്ന പ്രവർത്തനങ്ങളാണ് നിറവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ. നം | പദ്ധതിയുടെ പേര് | ഘടകങ്ങൾ | യൂണിറ്റ് നിരക്ക്(രൂ) | ധനസഹായം | അസംബ്ലിമണ്ഡലങ്ങൾ |
|---|---|---|---|---|---|
| 1. | ഗോദാനം | ഒരു പശു ഡയറി യൂണിറ്റ് | 55700 | 50 % | കോട്ടയ്ക്കൽ കൂത്തുപറമ്പ്, പാലാ,കൽപ്പറ്റ |
| 2. | കിടാരി വളർത്തൽ | രണ്ട് കിടാരി യൂണിറ്റ് | 68420 | 50 % | വടക്കൻ പറവൂർ, പേരാമ്പ്ര, ബാലുശ്ശേരി |

| | | | | | |
|---|---|---|---|---|---|
| 3. | കറവയന്ത്രം | ഓട്ടോമാറ്റിക് കറവ യന്ത്ര വിതരണം | 50000 | 50 % | വടക്കൻ പറവൂർ, കോട്ടയ്ക്കൽ ബാലുശ്ശേരി, തൊടുപുഴ |
| 4. | ഓട്ടോമാറ്റിക് മിൽക്ക്കളക്ഷൻ സെന്റർ | പാൽ അളന്നെടുക്കുന്നതിനുംപരിശോധിക്കുന്നതിനും ആവശ്യമായ കമ്പ്യൂട്ടറും ഉപകരണങ്ങളും | 1,50,000 | 50 % | പാലാ |

ക്ഷീര സഹകരണ സംഘങ്ങൾ മുഖേന ക്ഷീര വികസന ഓഫീസർ മുഖേന അപേക്ഷകൾ സ്വീകരിക്കുന്നു. ഫീൽഡ് പരിശോധനയ്ക്ക് ശേഷം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഗുണഭോക്തൃ പട്ടിക അംഗീകരിക്കുന്നു. ക്ഷീര സംഘങ്ങളുടെ സഹകരണത്തോടെ ഗുണഭോക്തൃ കമ്മറ്റി മുഖേന പദ്ധതി നിർവ്വഹിക്കുന്നു. പശുക്കളേയും കിടാരികളേയും അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങി ഇൻഷ്വർ ചെയ്യുന്നു. ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റ് ക്ഷീര സംഘങ്ങളിൽ സ്ഥാപിക്കുന്നു. ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ പദ്ധതിയുടെ മേണിറ്ററിംഗ് നിർവ്വഹിക്കുന്നു.

### III. ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സെന്റർ

പാൽ സംഭരണം മെച്ചപ്പെടുത്തുന്നതിന് ക്ഷീര സഹകരണ സംഘങ്ങളിൽ ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിന് ധനസഹായം ലഭിക്കുന്ന 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ചുള്ള പ്രത്യേക പരിപാടി

### IV. ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം

ക്ഷീരസഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടർ വത്ക്കരണം, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കൽ, കമ്പ്യൂട്ടർ ശൃംഖല (Networking) സ്ഥാപിക്കൽ എന്നിവയ്ക്ക് ധനസഹായം ലഭിക്കുന്നു. അധിക കേന്ദ്ര സഹായ പദ്ധതി (Additional Central Assistance) ഉൾപ്പെട്ടതാണ് ഈ പരിപാടി

### V. സംയോജിത ക്ഷീരവികസന പരിപാടി (IDDP)

പാലുല്പാദന വർദ്ധനവിന് ഉരുക്കളെ വാങ്ങൽ, കർഷകർക്ക് പരിശീലനങ്ങൾ, പഠനയാത്രകൾ, തൊഴുത്ത് നിർമ്മാണം, ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കൽ, പാൽക്യാനുകൾ ലഭ്യമാക്കൽ, പാൽ പരിശോധനാ ഉപകരണങ്ങൾ ലഭ്യമാക്കൽ, പാൽ ശീതികരണികൾ സ്ഥാപിക്കൽ എന്നിവക്ക് കർഷകർക്ക്/ക്ഷീരസഹകരണ സംഘങ്ങൾക്ക് മേഖലായൂണിയനുകൾ മുഖേന (മിൽമ) ധനസഹായം ലഭിക്കുന്നു. ക്ഷീരസംഘങ്ങൾ മുഖേനയാണ് വ്യക്തികൾ അപേക്ഷിക്കേണ്ടത്.

### VI. സംശുദ്ധ പാലുൽപാദനപരിപാടി

ക്ഷീരകർഷകർക്ക് പരിശീലനം, പരിശീലനശേഷം സംശുദ്ധ പാലുല്പാദന കിറ്റുകൾ നൽകൽ, കൂടാതെ തൊഴുത്ത് നിർമ്മാണത്തിനും കറവയന്ത്രത്തിനും ധനസഹായം. ക്യാനുകൾ സ്റ്റെയിൻലസ് സ്റ്റീൽ പാൽ സംഭരണികൾ, ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, പാൽ ശീതികരണികൾ എന്നിവക്ക് ധനസഹായം നൽകുന്നു. മേഖലാ സഹകരണ ക്ഷീരോൽപാദകയൂണിയനുകൾ (മിൽമ) മുഖേനയാണ് പരിപാടി നടപ്പിലാക്കുന്നത്.

### VII. ഡയറി സംരംഭകത്വ പരിപാടി (NABARD)

താഴെപറയുന്ന പ്രവർത്തന ഇനങ്ങൾക്ക് വ്യക്തികൾ/സംരംഭകർ/സർക്കാർ ഇതര ഏജൻസികൾ /കമ്പനികൾ/ഗ്രൂപ്പുകൾ, ക്ഷീരസംഘങ്ങൾ/മിൽക്ക് യൂണിയനുകൾ, മിൽക്ക് ഫെഡറേഷനുകൾ എന്നിവയ്ക്ക് ധനസഹായം ലഭിക്കുന്നു.കൂടുതൽ വിവരങ്ങൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കൈപുസ്തകത്തിലെ നബാർഡ് പേജ് കാണുക.

കുറിപ്പ് : 2013 – 14 ലെ ആർ.കെ.വി.വൈ പദ്ധതി പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്. 2014 – 15 വർഷത്തെ പദ്ധതിയിൽ ധനസഹായനിരക്ക് 25 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം പദ്ധതി ഇനങ്ങളിലും മാറ്റം ഉണ്ടായേക്കാം.

## 5. മത്സ്യവികസനം

### I. മത്സ്യകൃഷി വ്യാപനം

മത്സ്യകൃഷി വ്യാപനത്തിനായി സ്വന്തമായി കുളങ്ങളുള്ളവർക്കും പാടശേഖരസമിതികൾക്കും ചുരുങ്ങിയത് 5 വർഷത്തേക്ക് പാട്ടത്തിനെടുത്തവർക്കും താഴെകൊടുത്തപ്രകാരം ധനസഹായം ലഭിക്കുന്നു. പാഴായി കിടക്കുന്ന ജലാശയങ്ങളുടെ പുനരുദ്ധാരണം, ഇഷ്ടികകളങ്ങൾ കരിങ്കൽ ക്വാറികൾ എന്നിവ മത്സ്യകൃഷിക്ക് അനുയോജ്യമാക്കൽ, തോടുകളിലും ആഴംകൂടിയ ജലാശയങ്ങളിലും കൂട്ടുകൃഷിയും പെൻകൾച്ചറും വ്യാപിപ്പിക്കൽ, പൊതുകുളങ്ങളുടെ പുനരുദ്ധാരണം, മത്സ്യാഹാരം ഉണ്ടാക്കുന്ന ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കൽ എന്നിവയും ഇതിൽ ഉൾപെടുന്നു. ജില്ലാ മത്സ്യകർഷകവികസന ഏജൻസികൾ മുഖേനയാണ് പരിപാടികൾ നടപ്പിലാക്കപ്പെടുന്നത്.

**ധനസഹായ വിശദാംശങ്ങൾ**

| ഇനം | യൂണിറ്റ് കോസ്റ്റ് | സബ്സിഡി |
|---|---|---|
| പുതിയ കുളം | 3 ലക്ഷം/ഹെ | SC, ST 25% പരമാവധി 75000 രൂ. ജനറൽ 20% പരമാവധി 60000 രൂ. |
| നിലവിലുള്ള കുളങ്ങളുടെ അറ്റകുറ്റപണി പുനരുദ്ധാരണം | 75,000/ഹെ | SC, ST 25% പരമാവധി 12,500 രൂ. ജനറൽ 20% പരമാവധി 10,000 രൂ. |

| | | |
|---|---|---|
| മത്സ്യകുഞ്ഞുങ്ങൾ, മത്സ്യ ത്തീറ്റ തുടങ്ങിയ ഇൻപുട്ട് കോസ്റ്റ് | 5000/ഹെ(മത്സ്യകൃഷിക്ക്) 1.8 ലക്ഷം/ഹെ(ശുദ്ധജല കൊഞ്ച് കൃഷി) | SC, ST 25% പരമാവധി 18,750 രൂ. ജനറൽ 20% പരമാവധി 15,000 രൂ. SC, ST 25% പരമാവധി 45,000 രൂ. ജനറൽ 20% പരമാവധി 36,000 രൂ. |
| ശുദ്ധജല മത്സ്യകുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന ഹാച്ചറികൾ സ്ഥാപിക്കൽ | 12 ലക്ഷം/100 ലക്ഷം കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാൻ ശേഷിയുള്ള ഹാച്ചറി15 ലക്ഷം അലങ്കാര മത്സ്യങ്ങളെകൂടി ഉൾപ്പെടുത്തിയാൽ | 10% പരമാവധി 1.2 ലക്ഷം രൂ.<br>10% പരമാവധി 1.5 ലക്ഷം രൂ. |
| മത്സ്യതീറ്റ നിർമ്മാണം | 7.5 ലക്ഷം/പ്രതിദിനം 1.2 ക്വിന്റൽ ഉൽപാദനശേഷിയുള്ള യൂണിറ്റ് | 20% പരമാവധി 1.5 ലക്ഷം രൂ. |

ബന്ധപ്പെടേണ്ട സ്ഥാപനം:
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്/
ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്

## II. മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം, നവീകരണം, മൂല്യവർദ്ധിത ഉല്പാദനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ

**എന്താണ് പരിപാടി?**

മൊത്തവ്യാപാരമാർക്കറ്റുകളുടെ നവീകരണം, ചെറുകിട മാർക്കറ്റുകളുടെ നിർമ്മാണം വിതരണകേന്ദ്രം സ്ഥാപിക്കൽ, ആധുനിക രീതിയിലുള്ള ചെറുകിട മത്സ്യ വിതരണകേന്ദ്രം സ്ഥാപിക്കൽ മുതലായവയ്ക്കായി തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ധനസഹായം ഹൈദരബാദ് ആസ്ഥാനമായുള്ള കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഫിഷറീസ് ഡവലപ്പ്മെന്റ് ബോർഡിൽ നിന്നാണ് ധനസഹായം ലഭിക്കുക. കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കമ്പനി, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവക്കാണ് നിർമ്മാണ ചുമതല

## III. മത്സ്യസുരക്ഷ– മത്സ്യതൊഴിലാധിഷ്ഠിത ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

**ഫണ്ട്**

50% കേന്ദ്രവും 50% സംസ്ഥാന സർക്കാരും വഹിക്കുന്നു. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക്/അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം താഴെ പറയുന്ന പ്രകാരമായിരിക്കും.

| | |
|---|---|
| അപകടമരണം | 5 ലക്ഷം രൂപ |
| മത്സ്യബന്ധനവേളയിലെ അപകടം മൂലം കാണാതാകൽ | 5 ലക്ഷം രൂപ |
| സ്ഥിരവും പൂർണ്ണവുമായ അവശത | 5 ലക്ഷം രൂപ |
| സ്ഥിരവും ഭാഗികവുമായ അവശത | 2.5 ലക്ഷം രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊളിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 5000 രൂപ പ്രകാരം പരമാവധി 10000 രൂപ (2 കുട്ടികൾക്കായി) |
| ശവസംസ്ക്കാര ചടങ്ങിന് ധനസഹായം | 2000 രൂപ (പരമവധി) |

**നിർവ്വഹണസ്ഥാപനം**

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയും സംയുക്തമായി നിർവ്വഹണം നടത്തുന്നു.

**ലക്ഷ്യങ്ങൾ**

ഏറ്റവും കൂടുതൽ അപകടസാദ്ധ്യതുള്ള മത്സ്യബന്ധനം തൊഴിലാക്കിയവരുടെ ജീവൻ നഷ്ടപ്പെട്ടു പോകുന്നവരുടെ കുടുംബങ്ങളുടെ ഭദ്രത ഉറപ്പാക്കുക

**ഗുണഭോക്താക്കൾ**

മത്സ്യതൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ളവരും, 60 വയസ്സിനു താഴെയുള്ളവരും, പെൻഷനേഴ്സ് അല്ലാത്തവരുമായ എല്ലാ മത്സ്യത്തൊഴിലാളികളും, അനുബന്ധ ത്തൊഴിലാളികളും പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

**പ്രവർത്തനങ്ങൾ**

എല്ലാ വർഷവും ഡിസംബർ മാസത്തിൽ എല്ലാ ഗുണഭോക്താക്കളേയും ഇൻഷുർ ചെയ്യുന്നതിനുള്ള തുക സർക്കാർ ക്ഷേമനിധി ഓഫീസ് വഴി ഇൻഷുറൻസ് കമ്പനിക്ക് കൈമാറുന്നു. അപകടമുണ്ടായാലുടനെ തന്നെ വിവരം പോലീസ് സ്റ്റേഷനിലും മത്സ്യബോർഡ് ഫിഷറീസ് ഓഫീസറേയും അറിയിക്കണം. മരണം സംഭവിച്ചാൽ മൃതശരീരം പോസ്റ്റുമോർട്ടം നടത്തേണ്ടതാണ്. നഷ്ടപരിഹാര തുക ലഭിക്കുന്നതിന് നിശ്ചിത ഫോറത്തിൽ ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം കഴിയുന്നത്ര വേഗം അപേക്ഷ തയ്യാറാക്കി ( 2 പകർപ്പുകൾ) ഫിഷറീസ് ഓഫീസർക്ക് കൊടുക്കണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കണം.

**മരണമാണെങ്കിൽ**

1. മരണ സർട്ടിഫിക്കറ്റ് - അസ്സൽ
2. പോലീസ് സ്റേറഷനിലെ പ്രഥമ വിവര റിപ്പോർട്ടിന്റെ ( എഫ്.ഐ.ആർ) പകർപ്പ്
3. പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെയും ഇൻക്വസ്റ്റ് റിപ്പോർട്ടിന്റെയും പകർപ്പ്.
4. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ ശരീര ഭാഗങ്ങൾ രാസപരിശോധനയ്ക്കായി രേഖപ്പെടുത്തിയാൽ രാസപരിശോധന റിപ്പോർട്ടും സമർപ്പിക്കേണ്ടതാണ്.

**അവശതയാണെങ്കിൽ**

1. ആശുപത്രിയിലെ കേസ് സർട്ടിഫിക്കറ്റ്
2. ഡോക്ടറുടെ സർട്ടിഫിക്കറ്റ് നിശ്ചിത ഫോറത്തിൽ

**അപകടം മൂലം കാണാതാവുകയാണെങ്കിൽ**

1. പോലീസ് സ്റ്റേഷനിൽ നിന്നുള്ള റിപ്പോർട്ട്
2. കളക്ടർ/ആർ.ഡി.ഒ നൽകുന്ന സർട്ടിഫിക്കറ്റ്
3. മാർഗ്ഗരേഖപ്രകാരമുള്ള അവകാശികളുടെ സത്യപ്രസ്താവന നോട്ടറി സാക്ഷ്യപ്പെടുത്തിയത്

**ശ്രദ്ധിക്കുക.**

1. ശാശ്വതവും പൂർണ്ണവുമായ അവശത എന്നാൽ 2 കണ്ണുകളുടേയും കാഴ്ച പൂർണ്ണമായി നഷ്ടപ്പെടുക, ഇരു കൈകളോ, ഇരുകാലുകളോ പൂർണ്ണമായി ഉപയോഗ ശൂന്യമാകുക, അല്ലെങ്കിൽ ഒരു കണ്ണിന്റെ കാഴ്ച ശക്തി നഷ്ടപ്പെടുകയും ഒരു കൈയോ ഒരു കാലോ ഉപയോഗ ശൂന്യമാകുകയും ചെയ്യുക എന്നാണർത്ഥം. ശാശ്വതവും ഭാഗികവുമായ അവശത എന്നാൽ ഒരു കണ്ണിന്റെ കാഴ്ച പൂർണ്ണമായി നഷ്ടപ്പെടുക, അല്ലെങ്കിൽ ഒരു കൈയോ, ഒരുകാലോ പൂർണ്ണമായി ഉപയോഗശൂന്യമാകുകയെന്നർത്ഥം
2. നിത്യ ജീവിതത്തിന് ജോലിചെയ്യാൻ പറ്റാത്ത എല്ലാ പൂർണ്ണ/ഭാഗിക അവശതകളും അവശതയിലുൾപ്പെടും.
3. ഇൻഷുറൻസ് വകുപ്പിന്റെ നിയമപ്രകാരമുള്ള അന്വേഷണങ്ങളും നടപടിക്രമങ്ങളും പൂർത്തിയാക്കിയ ശേഷം മാത്രമെ നഷ്ടപരിഹാര തുക ലഭിക്കുകയുള്ളു. ആയതിനാൽ അപേക്ഷയും രേഖകളും കാലതാമസം കൂടാതെ ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം.

## IV. ഭവനനിർമ്മാണ പദ്ധതി – 2,000,000

**ആമുഖം**

മാതൃകാ ഗ്രാമീണ വികസന പദ്ധതിയുടെ കീഴിൽ മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണിത്. ഇതിൻ പ്രകാരം 2,00,000 രൂപ ഗ്രാന്റായി മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കും. ഇതിലെ 50 % കേന്ദ്രസർക്കാരും 50 % കേരള സർക്കാരും വഹിക്കും.

**ഫണ്ട്**

ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും 50% തുകയും സംസ്ഥാന ബജറ്റിൽ 50% തുകയും വകയിരുത്തിയിട്ടുണ്ട്. 100% സബ്സിഡി ആണ്. 3 ഗഡുക്കളായി ഗുണഭോക്താക്കൾക്ക് തുക ചെക്കായി ലഭിക്കും.

**നിർവ്വഹണസ്ഥാപനം**

ഫിഷറീസ് ജില്ലാ ഓഫീസ്.

**ലക്ഷ്യങ്ങൾ**

മത്സ്യബന്ധനമേഖലയിലെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണുക.

**ഗുണഭോക്താക്കൾ**

സ്വന്തമായി വാസയോഗ്യമായ വീടില്ലാത്തവരും ഫിഷർമെൻ വെൽഫെയർ ഫ ് ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾ എന്നിവർ ഈ പദ്ധതിയുടെ

ഗുണഭോക്താക്കളാണ്. സ്വന്തമായി 3 സെന്റ് സ്ഥലമെങ്കിലും വേണമെന്ന് നിഷ്ക്കർഷയുണ്ട്. അല്ലാത്തവർക്ക് പാരമ്പര്യമായി ലഭിക്കാൻ സാദ്ധ്യതയുള്ള ഭൂസ്വത്തിൽ വീട് വെക്കാനുള്ള സമ്മതപത്രം സമർപ്പിക്കണം. മറ്റ് പദ്ധതികളിൽ നിന്നും വീട് ലഭിച്ചിട്ടുള്ളവരെ ഗുണഭോക്താവായി കണക്കാക്കുകയില്ല. ലഭിച്ച അപേക്ഷയിൽ അന്വേഷണം അർഹരായരുടെ പട്ടിക തയ്യാറാക്കുകയും ജില്ലാകളക്ടർ ചെയർമാനും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, എം.എൽ.എ മാർ തുടങ്ങിയവരടങ്ങിയ ഒരു സമിതി നറുക്കെടുപ്പിലൂടെയാണ് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നത്. ഇതിൽ 10% ഗുണഭോക്താക്കളെ സർക്കാർതലത്തിൽ തീരുമാനിക്കുന്നു. ഫിഷറീസ് വകുപ്പുകളിൽ നിന്നും ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ പരിശോധനാ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് തുക ലഭിക്കും. അതുപയോഗിച്ച് ചുരുങ്ങിയത് 36 സ്ക്വയർ ഫീറ്റ് മീറ്റർ തറവിസ്തീർണ്ണം ഉള്ള വീട് പണിഞ്ഞിരിക്കണം.

**ഏറ്റെടുക്കാവുന്ന പ്രവർത്തികൾ**

ഭവന നിർമ്മാണം മാത്രം.

**പ്രവർത്തനങ്ങൾ**

1. ഫിഷറീസ് ഓഫീസുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ, ഫോമുകൾ മത്സ്യഭവനുകൾ വഴി വിതരണം ചെയ്യുകയും, പൂരിപ്പിച്ച് ജില്ലാ ഓഫീസിലെത്തിക്കുക.
2. അപേക്ഷകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ വഴി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുക.
3. ആയതിനെ അടിസ്ഥാനപ്പെടുത്തി അർഹതാ ലിസ്റ്റ് തയ്യാറാക്കുക.
4. ആയത് പ്രസിദ്ധപ്പെടുത്തി ജനപ്രതിനിധികൾക്ക് കൈമാറുക.
5. നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നു.
6. ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ച് ആദ്യം തറ പണിതു കഴിഞ്ഞാൽ ആദ്യഗഡു നൽകും.
7. ആറ് മാസം കൊണ്ട് പണി തീരുന്ന മുറക്ക് മുഴുവൻ തുകയും കൈമാറും

## V. മത്സ്യകൃഷിവ്യാപനം

**ഗുണഭോക്താക്കൾ**

സ്വന്തമായി കുളങ്ങൾ ഉള്ളവർക്കും പാടശേഖരസമിതികൾക്കും പദ്ധതി ആനുകൂല്യത്തിന് അർഹതയു ്. ചുരുങ്ങിയത് 5 വർഷത്തേക്ക് പാട്ടത്തിന് എടുത്തവർക്കും അപേക്ഷിക്കാം. പദ്ധതിയുടെ അനുയോജ്യത കണക്കാക്കിയാണ് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത്. ആയതിനാൽ എല്ലാവർക്കും പദ്ധതിയിൽ ചേരാൻ അവസരമുണ്ട്.

**ഏറ്റെടുക്കാവുന്ന പ്രവർത്തികൾ**

1. പാഴായിക്കിടക്കുന്ന ജലാശയങ്ങളുടെ പുനരുദ്ധാരണം
2. ഇഷ്ടിക കളങ്ങൾ തുടങ്ങിയവ മത്സ്യകൃഷിക്ക് അനുയോജ്യമായ രീതിയിൽ രൂപപ്പെടുത്തിയെടുക്കൽ

3. കരിങ്കൽ ക്വാറികൾ ഉത്പ്പാദനത്തിന് ഉപയുക്തമാക്കൽ
4. തോടുകളിലും, ആഴംകൂടിയ ജലാശയങ്ങളിലും കൂടുകൃഷിയും പെൻകൾച്ചറും വ്യാപിപ്പിക്കൽ
5. പൊതുകുളങ്ങളുടെ അറ്റകുറ്റപണികൾ ഏറ്റെടുക്കൽ
6. മത്സ്യാഹാരം ഉ ാക്കുന്ന ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കൽ

**പ്രവർത്തനങ്ങൾ**

1. മത്സ്യ കർഷക വികസന ഏജൻസിയിൽ അംഗത്വമെടുക്കുക.
2. ജലാശയങ്ങളുടെ പ്രാഥമിക വിവരങ്ങൾ നൽകുക.
3. ജലാശയങ്ങളുടെ അനുയോജ്യത സാങ്കേതികമായിട്ടുള്ള പരിശോധനകൾ വഴി പൂർത്തീകരിക്കുക.
4. ഏജൻസിയിൽ നിന്നുള്ള വിവരങ്ങൾ അനുസരിച്ച് ആവശ്യമായ പ്രവർത്തികൾ ഉ ങ്കിലായതിന്റെ പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കി ഒരു അംഗീകൃത എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അംഗീകാരത്തോടുകൂടി ഏജൻസിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങൽ.
5. ഏജൻസി ബാങ്കുകൾ വഴിയോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിയിലുൾപ്പെടുത്തിയോ ധനസഹായം ലഭ്യമാക്കുക.
6. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് സബ്സിഡി ബാങ്കുകൾക്ക് കൈമാറുന്നു.
7. ഏജൻസിയിലെ സാങ്കേതിക വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ തന്നെ മത്സ്യകൃഷി നടത്തുകയും സാങ്കേതിക സഹായങ്ങൾ, പരിപാലന പരിപാടികൾ തുടങ്ങിയവ നടത്തുന്നു.
8. വിപണനത്തിനും സഹായം നല്കുന്നു.

**പദ്ധതി സംയോജന സാധ്യതകൾ**

വളരെയേറെ സംയോജന സാദ്ധ്യതകളുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കൃഷിക്ക് മുന്നോടിയായിട്ടുള്ള തയ്യാറെടുപ്പുകൾ നടത്താം. ഉത്പാദനമേഖലയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾക്ക് ഏജൻസിയിലെ ധനസഹായം ലഭ്യമാക്കാം. സംസ്ഥാന പദ്ധതികളുമായി സംയോജിപ്പിച്ച് സ്ത്രീകൾക്ക് മത്സ്യമൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതികളും, അവക്കുള്ള പരിശീലന പരിപാടികളും നടപ്പിലാക്കാൻ സാധിക്കും.

**പദ്ധതികളും സബ്സിഡി നിരക്കുകളും**

| പദ്ധതി വിവരണം | യൂണിറ്റ് കോസ്റ്റ് | സബ്സിഡി വിവരണം |
|---|---|---|
| പുതിയ കുളം നിർമ്മിക്കുന്നതിന് | 3 ലക്ഷം/ഹെക്ടർ | 20% പരമാവധി 60000 രൂപ എല്ലാ കർഷകർക്കും. എസ്.സി/എസ്.ടി വിഭാഗത്തിപ്പെട്ടവർക്ക് 25% നിരക്കിൽ പരമാവധി 75000 രൂപക്ക് അർഹതയുണ്ട്. |

| | | |
|---|---|---|
| നിലവിലുള്ളകുളങ്ങളുടെ അറ്റകുറ്റപണികളും, പുനരുദ്ധാരണവും | 75000/ ഹെക്ടർ | 20% പരമാവധി 15000 രൂപ എല്ലാ കർഷകർക്കും. എസ്.സി/എസ്.ടി വിഭാഗത്തിപ്പെട്ടവർക്ക് 25% നിരക്കിൽ പരമാവധി 18750 രൂപക്ക് അർഹതയുണ്ട്. |
| മത്സ്യകുഞ്ഞുങ്ങൾ, മത്സ്യത്തീറ്റ തുടങ്ങിയ ഇൻപുട്ട് കോസ്റ്റ് | 5000/ഹെ(മത്സ്യകൃഷിക്ക്) 1.8 ലക്ഷം/ഹെ(ശുദ്ധജലകൊഞ്ച് കൃഷി) | SC, ST 25% പരമാവധി 18,750 രൂ. ജനറൽ 20% പരമാവധി 15,000 രൂ. SC, ST 25% പരമാവധി 45,000 രൂ. ജനറൽ 20% പരമാവധി 36,000 രൂ. |
| ശുദ്ധജല മത്സ്യകുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന ഹാച്ചറികൾ സ്ഥാപിക്കൽ | 12 ലക്ഷം/100 ലക്ഷം കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാൻശേഷിയുള്ള ഹാച്ചറി 15 ലക്ഷം അലങ്കാരമത്സ്യങ്ങളെകൂടി ഉൾപ്പെടുത്തിയാൽ | 10% പരമാവധി 1.2 ലക്ഷം രൂ. 10% പരമാവധി 1.5 ലക്ഷം രൂ. |
| മത്സ്യതീറ്റ നിർമ്മാണം | 7.5 ലക്ഷം/പ്രതിദിനം 1.2 ക്വിന്റൽ ഉൽപാദനശേഷിയുള്ള യൂണിറ്റ് | 20% പരമാവധി 1.5 ലക്ഷം രൂ. |

......................................

# 6. വ്യവസായം

## 1. സ്കീം ഓഫ് ഫണ്ട് ഫോർ റീജനറേഷൻ.ഓഫ് ട്രഡീഷണൽ ഇൻഡസ്ട്രീസ്

**പരമ്പരാഗത വ്യവസായങ്ങളുടെ പുനർജീവനം**

പരമ്പരാഗത കയർ വ്യവസായത്തിലുൾപ്പെടുന്ന വില്ലേജിൽ/താലൂക്കിൽ വരുന്ന 500 ഗുണഭോക്താക്കളെ ക്ലസ്റ്ററുകൾ ഉണ്ടാക്കി ഖാദി വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ നിയമിക്കുന്ന ക്ലസ്റ്റർ ഡവലപ്പ്മെന്റ് എക്സിക്യൂട്ടീവ് വഴി ടെക്നിക്ക്ൽ ഏജൻസി വഴി നിർവ്വഹണം നടത്തുന്നു.

**പ്രവൃത്തികൾ**

- നിലവിലുള്ള ചർക്കകളും തറികളും പുന:സ്ഥാപിക്കുക-50 ലക്ഷം ഗ്രാന്റ് -75%, വിഹിതം-25%)
- കോമൺ ഫസിലിറ്റ് സെന്റർ (CFC) ഒരു ക്ലസ്റ്ററിന് ഏറ്റവും കൂടിയത് 15 ലക്ഷം ഗ്രാന്റ് -75% , വിഹിതം-25%

- ഉൽപ്പന്ന വൈവിധ്യവത്കരണം- 4 ലക്ഷം ഗ്രാന്റ് -75% , വിഹിതം-25%
- വിപണി വർദ്ധനവ് 1.5 ലക്ഷം (ഗ്രാന്റ് 100%)
- പരിശീലനപരിപാടികൾ- 15ലക്ഷം ((ഗ്രാന്റ് 100%)
- ഇംപ്ലിമെന്റ് ഏജൻസി -10 ലക്ഷം ((ഗ്രാന്റ് 100%)
- ഡി.സി.ഇ.കോസ്റ്റ്- 10 ലക്ഷം (ഗ്രാന്റ് 100%)
- ടെക്നിക്കൽ ഏജൻസി- 4 ലക്ഷം (ഗ്രാന്റ് 100%)
- സർവ്വേ സ്റ്റഡി- 1.2 ലക്ഷം (ഗ്രാന്റ് 100%)

**2. പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗാം (PMEGP)**

രാജ്യത്തെ ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും സ്വയംതൊഴിൽ സംഭരണത്തിലും തൊഴിലവസരങ്ങൾ നല്കുന്നതിനായി 18 വയസ്സിന് മുകളിലുള്ള ഏതൊരു വ്യക്തിയും വരുമാന പരിധിയില്ലാതെ അപേക്ഷിക്കാം

EDP, SDP, ESDP എന്നീ പ്രോഗ്രാമുകളിൽ പങ്കെടുത്തിട്ടുള്ളവർക്ക് ബാങ്കുകളിൽ നേരിട്ട് അപേക്ഷിക്കാം

**അർഹത-**

- 10 ലക്ഷത്തിന് മുകളിൽ സേവന മേഖലകൾ 5 ലക്ഷത്തിന് മുകളിൽ അപേക്ഷിക്കുന്നവർക്കും ചുരുങ്ങിയത് 8-ാം ക്ലാസ്സ് വിദ്യാഭ്യാസയോഗ്യത ഉണ്ടായിരിക്കണം
- പുതിയ പ്രോജക്ററിന് മാത്രമെ PMEGP യിൽ ഗുണഭോക്താവാകാൻ കഴിയുകയുള്ളൂ
- സ്വയംസഹായ സംഘങ്ങൾക്കും അപേക്ഷിക്കാം (ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ)
- സൊസൈറ്റി റജിസ്ട്രേഷൻ ആക്ട് 1860 അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ
- ഉൽപ്പാദനസഹകരണസംഘം
- ചാരിറ്റബിൾ ട്രസ്ററ്
- ജില്ലാ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിലുള്ള ഗ്രൂപ്പാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്

**3. ജനശ്രീ ബീമായോജന**

ഖാദിമേഖലയിലെ തൊഴിലാളിക്ക് മരണാനന്തരം 20,000 രൂപ ലഭിക്കുന്ന ഇൻഷുറൻസ് പദ്ധതിയാണിത്. അപകടമരണം/സ്ഥിരം അംഗവൈകല്യം സംഭവിച്ചാൽ 50,000 രൂപയും ഭാഗിക അംഗവൈകല്യത്തിന് 25000 രൂപയും

9 മുതൽ 12 ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി സ്കോളർഷിപ്പ് (വർഷത്തിൽ ഒരു കുടുംബത്തിന് ഏറ്റവും കൂടിയത് ഒരു വർഷത്തിൽ 2 കുട്ടികൾക്ക് 1200 രൂപ പ്രീമിയം - ഒരാൾക്ക് 200 രൂപ , 25 രൂപ ഖാദിതൊഴിലാളി എടുക്കണം

**നടപടിക്രമങ്ങൾ**

- മരിച്ചയാളുടെ നോമിനി ഖാദിസ്ഥാപനത്തിലൂടെ എൽ.ഐ.സിയുടെ പെൻഷൻ ഗ്രൂപ്പ് ഡിപ്പാർട്മെന്റിൽ അപേക്ഷിക്കാം
- അപകടമരണമെങ്കിൽ പോലീസ് ഇൻക്വസ്റ്റ് റിപ്പോർട്ട്, പോസ്റ്റ്മോർട്ടം റിപ്പോർട്ട് സമർപ്പിക്കണം
- നോമിനിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് എൽ.ഐ. സി യിൽ നിന്ന് നേരിട്ട് ചെക്കുകൾ അയ്ക്കണം
- എൽ ഐ സിയുടെ പെൻഷൻ ഗ്രൂപ്പ് ഡിപ്പാർട്ട്മെന്റിലൂടെ ഈ പദ്ധതി നടപ്പിൽ വരുത്തുന്നു.

**4. വർക്ക്ഷെഡ് പദ്ധതി**

വർക്ക്ഷെഡ് പണിയാൻ ധനസഹായം നൽകുന്നതിലൂടെ ഖാദി തൊഴിലാളികളുടെ വികസനത്തിനാണീ പദ്ധതി. ഖാദിമേഖലയിൽ ജോലി ചെയ്യുന്ന ബിപിഎൽ വിഭാഗത്തിലെ തൊഴിലാളികളാണ് ഇതിന്റെ ഗുണഭോക്താക്കൾ

**അർഹത**

- 20 ച.മീ വർക്ക്ഷെഡ് നിർമ്മിക്കുന്നതിനായി പരമാവധി 25000 രൂപ /വർക്ക്ഷെഡിന്റെ ചെലവിന്റെ 75%
- 5 മുതൽ 15 പേരടങ്ങുന്ന ഖാദി തൊഴിലാളികളുടെ ഗ്രൂപ്പാണ് ഈ പദ്ധതിയിൽ ഷെഡ് നിർമ്മിക്കുക.
- 5 ച. 15000 രൂപ നിർമ്മാണചെലവിന്റെ 75%
- ഖാദി വില്ലേജ് ഇൻഡസ്ട്രീസ് ഇതിന്റെ നിർവഹണം നടത്തുന്നു. ധനകാര്യവിഭാഗം പരിശോധിച്ച് അർഹത ബോധ്യപ്പെടൽ, 50% പണം ആദ്യം നൽകും പൂർത്തിയാക്കിയതിന് ശേഷം ഡയറക്ടർ സാക്ഷ്യപ്പടുത്തി ബാക്കി തുക നൽകുന്നു

**5. സൂക്ഷ്മ ചെറുകിടസംരംഭങ്ങൾക്കായി ക്രെഡിറ്റ് ഗ്യാരണ്ടി**

**ഫണ്ട്**

സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിനാണീ പദ്ധതി. ഈട് ആവശ്യമില്ല. സ്കീം ഫോർ മൈക്രോ സ്മോൾ എന്റർപ്രൈസ് (MSME) മന്ത്രാലയം SIDBI ; ചേർന്ന് സംയുക്തമായി നിർവ്വഹണം നടത്തുന്നു.

ഗ്യാരന്റികൾ- അർഹതപ്പെട്ടവർക്ക് ലോൺ തുകയുടെ 75% ഗ്യാരന്റി കവർ നല്കും. 5 ലക്ഷം വരെ ലോൺ യൂണിറ്റുകൾക്ക് 80%ഗ്യാരന്റി കവർ ലഭിക്കും. നടത്തുന്ന യൂണിറ്റുകൾക്ക് 80% ഗ്യാരന്റി കവർ ലഭിക്കും.

### 6. നഗര സ്വയം തൊഴിൽ പദ്ധതി (Urban Self Employment Programme -USEP)

2 ലക്ഷം വരെ പദ്ധതി തുകയുള്ള യൂണിറ്റുകൾക്ക് സഹായം ലഭിയ്ക്കുന്നത് പദ്ധതി തുകയുടെ 25% അല്ലെങ്കിൽ ഏറ്റവും കൂടിയത് 50000 രൂപ വരെ സബ്സിഡി ലഭിയ്ക്കും. ഗുണഭോക്തൃവിഹിതം 5% ആണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ഈ പദ്ധതിയുടെ പങ്കാളികളാകാം. പ്രത്യേക വിദ്യാഭ്യാസ നിലവാരത്തിന്റെ ആവശ്യമില്ല.

നിലവിലുള്ള യൂണിറ്റുകൾക്ക് സാങ്കേതിക വിദ്യ, വിപണനം, മറ്റ് ആവശ്യമായ സഹായങ്ങൾ എന്നിവയ്ക്കായി മൈക്രോ ബിസിനസ്സ് സെന്ററുകൾ (MBC) സ്ഥാപിക്കാം. ഒരു MBC ക്കായി 80 ലക്ഷം രൂപ വരെ ധനസഹായം ലഭിയ്ക്കും. ഇതിൽ 60 ലക്ഷം രൂപ മൂലധനമായിട്ടും 20 ലക്ഷം രൂപ നടത്തിപ്പ് ചെലവുമാണ്.

### 7. നഗരപ്രദേശങ്ങളിലെ സ്ത്രീകൾക്കായി സ്വയം സഹായ പദ്ധതി (Urban Woman Self Help Programme -UWSP)

ഗ്രൂപ്പ് സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്കുള്ള പദ്ധതിയാണിത്. ഗ്രൂപ്പുകളാണ് ഇതിന്റെ ഗുണഭോക്താക്കൾ. ഗ്രൂപ്പ് സംരംഭം ആകണമെങ്കിൽ ഏറ്റവും കുറഞ്ഞത് അഞ്ച് പേരെങ്കിലും ഉൾപ്പെടണം. ഒരാൾക്ക് 60000 എന്ന നിരക്കിൽ 3 ലക്ഷം രൂപ അല്ലെങ്കിൽ പദ്ധതി ചെലവിന്റെ 35% ഇതിൽ ഏതാണോ കുറവ് അത് സബ്സിഡിയായി ലഭിക്കും. ഗുണഭോക്തൃ വിഹിതം-5%

നിലവിലുള്ള തൊഴിലധിഷ്ഠിത യൂണിറ്റുകൾക്ക് 25000 രൂപ പ്രവർത്തന മൂലധനമായി കൊടുക്കുന്നു

### 8. പദ്ധതിയുടെ പേര്: കയറ്റുമതിയിൽ അധിഷ്ഠിതമായ ഉത്പാദനവും വിളവെടുപ്പിന് ശേഷം സുഗന്ധവ്യഞ്ജനങ്ങളുടെ ഗുണം മെച്ചപ്പെടുത്തലും (Export Oriented Production & Post Harvest Improvement of Spices)

1. **ആമുഖം:** സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കാനും വിളവെടുപ്പിനുശേഷം ഗുണം മെച്ചപ്പെടുത്താനുമുള്ള പദ്ധതിയാണിത്.
2. **ഫണ്ട്**

| ക്രമ നം. | പരിപാടി | പ്രവർത്തനം | യോഗ്യത | സഹായം |
|---|---|---|---|---|
| **A** | **ഏലം (ചെറുത്)** | | | |
| 1. | ജലസേചനവും ഭൂവികസനവും (സബ്സിഡിയുടെ മുഴുവൻ തുകയും സ്പൈസസ് ബോർഡ് വിതരണം ചെയ്യുന്നതാണ്) | ജലസേചന ഉപകരണങ്ങളുടെ നിർമ്മാണം | 4 ഹെക്ടർ വരെ | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 16000 രൂപ, ഏതാണോ കുറവ് അത്. |
| | | | 4 മുതൽ 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 16000 രൂപ, ഏതാണോ കുറവ് അത്. |
| | | ഐ.പി സെറ്റ് | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 5000 രൂപ, ഏതാണോ കുറവ് അത്. |
| | | സ്പ്രിൻഗ്ലർ | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 21,175 രൂപ, ഏതാണോ കുറവ് അത്. |
| | | ജലസേചനത്തിനായുള്ള ടാങ്ക് | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 1250 രൂപ, ഏതാണോ കുറവ് അത്. |
| | | ജലസേചനത്തിനായുള്ള പൈപ്പ് | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 1250 രൂപ, ഏതാണോ കുറവ് അത്. |
| | | മണ്ണ് പരിരക്ഷ (5-15 % ചരിവ്) | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 7500 രൂപ, ഏതാണോ കുറവ് അത്. |
| 2. | മഴവെള്ള സംഭരണം | മഴവെള്ള സംഭരണി സ്ഥാപിക്കുക | 8 ഹെക്ടർ വരെ | 200 ക്യൂബിക് മീറ്റർ കപ്പാസിറ്റിയുള്ള ഉപകരണത്തിന് ആകെ ചെലവിന്റെ 33.33% അല്ലെങ്കിൽ 8000/രൂപ, ഏതാണോ കുറവ് അത്. |
| 3. | ഏലം സംരംക്ഷിക്കുന്ന ഉപകരണങ്ങൾ | ക്യുവറിങ്ങ് ഡിവൈസസ് സ്ഥാപിക്കുക | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 33.33% അല്ലെങ്കിൽ 60000/ രൂപ, വീതം ഓരോ മെഷീനും ഏതാണോ കുറവ് അത്. |

| B | മറ്റുള്ള സുഗന്ധവ്യഞ്ജനങ്ങൾക്ക് | | | |
|---|---|---|---|---|
| 1. | മുളക്-മഴവെള്ള സംഭരണം | മഴവെള്ള സംഭരണിയുടെ നിർമ്മാണം. | 8 ഹെക്ടർ വരെ | 200 ക്യൂബിക് മീറ്റർ കപ്പാസിറ്റിയുള്ള ഉപകരണത്തിന് ആകെ ചെലവിന്റെ 33.33% അല്ലെങ്കിൽ 8000/രൂപ, ഏതാണോ കുറവ് അത്. |
| 2. | ധാന്യം വേർത്തിരിയ്ക്കുന്ന യന്ത്രം | വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിയ്ക്കുന്ന മെതിയന്ത്രം | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 50,000/രൂപ, ഏതാണോ കുറവ് അത്. |
| | | മനുഷ്യശക്തി ഉപയോഗിച്ച് പ്രവർത്തിക്കുന്ന മെതിയന്ത്രം | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 15,000/രൂപ, ഏതാണോ കുറവ് അത്. |
| 3. | പെപ്പർ | കുരുമുളക് മെതിയന്ത്ര വിതരണം | 8 ഹെക്ടർ വരെ | യന്ത്രത്തിന്റെ കപ്പാസിറ്റി അനുസരിച്ച് 7000 രൂപ നിരക്കിൽ |
| | | മുളകൊണ്ടുള്ള പായകളുടെ വിതരണം | 51 മുതൽ 100 ചെടികൾ വരെ യുള്ളവർക്ക് ഒരു പായയും 100ൽ കൂടുതൽ ഉള്ളവർക്ക് മൂന്ന് വർഷ ത്തിലൊരിക്കൽ 2 പായയും വിതരണം ചെയ്യും. | ഗോത്ര വർഗ്ഗത്തിൽ പെട്ടവർക്ക് ചെലവിന്റെ 90% വും മറ്റുള്ളവർക്ക് 50% വും സബ്സിഡി ലഭിയ്ക്കുന്നു. |
| 4. | മഞ്ഞൾ | തിളപ്പിക്കുന്ന തിനുള്ള പാത്രം | | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 4000/രൂപ, ഏതാണോ കുറവ് അത്. |
| | | മഞ്ഞൾ സംസ്കരണം | | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 16,000/രൂപ, ഏതാണോ കുറവ് അത്. |

| | | | | |
|---|---|---|---|---|
| 5. | പുതിന | പുതിന വാറ്റിയെടുക്കുന്നതിനുള്ള ഉപകരണം | 8 ഹെക്ടർ വരെ | 2000 നും 6000 നും ഇടയിൽ കപ്പാസിറ്റിയുള്ള യൂണിറ്റിന് ആകെ ചെലവിന്റെ 32.50 % അല്ലെങ്കിൽ 1.30 ലക്ഷം രൂപ സബ്സിഡി ആയി ലഭിയ്ക്കും. |
| **C. Post Harvest Improvement of Spices** | | | | |
| 1. | ഉണക്കുവാനുള്ള കളം | ആരോഗ്യപരമായ കാലാവസ്ഥയിൽ മുളക്, ഇഞ്ചി, മഞ്ഞൾ, കുരുമുളക് ഉണക്കുവാനുള്ള കളം | 4 ഹെക്ടർ വരെ | പട്ടിക വർഗ്ഗക്കാർക്ക് ചതു.മീറ്ററിന് 540 രൂപ വീതം അല്ലെങ്കിൽ ആകെ ചെലവിന്റെ 90%പട്ടിക ജാതിക്കാർക്ക് ചതു.മീറ്ററിന് 300 രൂപ വീതം അല്ലെങ്കിൽ ആകെ ചെലവിന്റെ 50%ജനറൽ വിഭാഗത്തിന് ചതു.മീറ്ററിന് 150 രൂപ വീതം അല്ലെങ്കിൽ ആകെ ചെലവിന്റെ 25% |
| 2. | പോളിത്തീൻ ഷീറ്റ് | സബ്സിഡി നിരക്കിൽ പോളിത്തീൻ ഷീറ്റിന്റെ വിതരണം | 4 ഹെക്ടർ വരെ.1 ഹെക്ടർ വരെ ഉള്ളവർക്ക് രണ്ട് ഷീറ്റ്. മുതൽ 4 ഹെക്ടർ വരെയുള്ളവർക്ക് 3 ഷീറ്റ് വീതം | ഗോത്ര വർഗ്ഗക്കാർക്ക് 50% മറ്റുള്ളവർക്ക് 33.33%വും സബ്സിഡി നൽകുന്നു. സ്പൈസസ് ബോർഡ് മൊത്തത്തിൽ വാങ്ങി വിതരണം ചെയ്യുന്നു. |
| 3. | മോയ്സ്ചർ മീറ്റർ | ഉത്പന്നത്തിൽ ഈർപ്പത്തിന്റെ അളവ് കണ്ടു പിടിക്കുന്നതിന് മോയ്സ്ചർ മീറ്റർവിതരണം ചെയ്യുന്നു | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 32% അല്ലെങ്കിൽ 2500 രൂപ, ഏതാണോ കുറവ് അത്. |

| D | ജൈവ കൃഷി | | | |
|---|---|---|---|---|
| 1. | ഓർഗാനിക് സർട്ടിഫിക്കേഷൻ | ഫാമുകൾക്കും , പ്രോസസിങ്ങ് യൂണിറ്റുകൾക്കും ഓർഗാനിക് സർട്ടിഫിക്കേഷനു വേണ്ടി സഹായിക്കുക | | കർഷകരുടെ കൂട്ടം, NGO, സൊസൈറ്റി എന്നിവയ്ക്ക് ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 75000 രൂപ, ഏതാണോ കുറവ് അത്. കർഷകർക്കും, ഉത്പാദകർക്കും ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 25000 രൂപ, ഏതാണോ കുറവ് അത്. |
| 2. | ബയോ ഏജന്റ് യൂണിറ്റ് | ബയോഏജന്റ് യൂണിറ്റ് ഉണ്ടാക്കുന്നതിന് NGO ളെ സഹായിക്കുക. ഈ യൂണിറ്റ് ഒരുട്രെയിനിങ്ങ് സെന്റർ കൂടെ ആയിരിക്കും. | തെരഞ്ഞെടുക്കപ്പെട്ട NGOs ആയിരിക്കും ഇതിന് യോഗ്യത | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 1.30 ലക്ഷം രൂപ, ഏതാണോ കുറവ് അത്. |
| 3. | സുഗന്ധവ്യഞ്ജനങ്ങൾഓർഗാനിക് കൃഷിയിലൂടെ | സുഗന്ധവ്യഞ്ജനങ്ങളുടെ ജൈവ കൃഷി രീതി | 8 ഹെക്ടർ വരെ | ഒരു കർഷകന് 4250 രൂപ |
| 4. | മണ്ണിര കംപോസ്റ്റ് യൂണിറ്റ് | മണ്ണിര കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുക | 8 ഹെക്ടർ വരെ. 4 ഹെക്ടർ വരെ ഉള്ളവർക്ക് രണ്ട് ഷീറ്റ്. 4 മുതൽ 8 ഹെക്ടർ വരെയുള്ളവർക്ക് 3 (ഒരു ടൺ കപ്പാസിറ്റി ഉള്ളത്) | ആകെ ചെലവിന്റെ 33.33 അല്ലെങ്കിൽ 2,000 രൂപ, ഏതാണോ കുറവ് അത് |

### 9. കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡ് പരിപാടികൾ

**I. മാതൃകാ തോട്ടങ്ങളുടെ വികസനം**

അസുഖം ബാധിച്ച തെങ്ങുകൾക്ക് വേണ്ട പരിചരണങ്ങൾ ചെയ്ത് രോഗവിമുക്തമാക്കുന്നതിന് രണ്ട് തവണകളായി ഒരു ഹെക്ടറിന് 35,000 രൂപ വരെ ധനസഹായം നൽകുന്നു.

**II. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ക്ലസ്റ്റർ അടിസ്ഥാനത്തിൽ ധനസഹായം**

ഓരോ കർഷകന്റെയും കൃഷിയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് തെങ്ങ് കൃഷിക്കാരുടെ കൂട്ടായ്മ ഉണ്ടാക്കുക. 25 - 50 ഹെക്ടർ ക്ലസ്റ്ററുകൾ രൂപീകരിക്കുക. വിവിധ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുക

**III. ജൈവവള നിർമ്മാണം**

മണ്ണിര കമ്പോസ്റ്റ്, ചകിരിചോറ് കമ്പോസ്റ്റ് മറ്റ് കമ്പോസ്റ്റുകൾ എന്നിവയുടെ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നിർമ്മാണചെലവിന്റെ 50% പരിധിക്ക് വിധേയമായി 20,000 രൂപ വരെ ധനസഹായം നൽകുന്നു.

**IV. രജിസ്ട്രേഡ്/പ്രൈവറ്റ്/ അംഗീകാരം ലഭിച്ചു നാളികേര നേഴ്സറികൾക്ക് ധന സഹായം**

ഉല്പാദന ചെലവിന്റെ 25% അല്ലെങ്കിൽ 2 ലക്ഷം രൂപ ഏതാണൊ കുറവ് അത് ധന സഹായം ആയി ലഭിക്കുന്നു. 25 സെന്റിൻ നിന്ന് 6250 തൈകൾ ഉല്പാദിപ്പിക്കുന്നതിന് 50,000 രൂപ ധനസഹായം. ഒരു ഏക്കറിൽ നിന്ന് 25000 തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം

**V. തെങ്ങിന് ഇൻഷുറൻസ് പദ്ധതി**

ഏറ്റവും കുറഞ്ഞത് 10 തെങ്ങ് ഏങ്കിലും ഉള്ളവർക്ക് തെങ്ങിന് ഇൻഷുറൻസ് പരിരക്ഷ. 460 വർഷം പ്രായമുള്ള തെങ്ങുകൾ ഇൻഷുർ ചെയ്യാം. ഒരു തെങ്ങിന് കിട്ടുന്ന തുക 600 (15 വർഷം വരെ പ്രായമുള്ളവ), 1150 രൂപ ( 60 വർഷം വരെ പ്രായമുള്ളവ) ഇൻഷുറൻസ് പ്രീമിയത്തിന്റെ 25% തുക (ഒരു തെങ്ങിന് 1:18 രൂപ/ 1:59 രൂപ) ഗുണഭോക്താവ് അടക്കുന്നു.

**VI. തെങ്ങിൻതോപ്പ് പുനർനടീലും പുനർജീവിപ്പിക്കലും**

**1) പഴയ തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ**

പഴയതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം ഉല്പാദനക്ഷമത കൂടിയ പുതിയ തൈകൾ വയ്ക്കുക. ഒരു ഹെക്ടറിന് 32 തെങ്ങുകൾക്ക് ധനസായം ലഭിക്കും. ആദ്യത്തെ 20 എണ്ണത്തിന് 500 രൂപ പ്രകാരവും ബാക്കിയുള്ളവക്ക് 250 രൂപ പ്രകാരവും ലഭിക്കും.

**2) നിലവിലുള്ള തോട്ടം പുനർജീവിപ്പിക്കൽ**

നിലവിലുള്ള തോട്ടം പുനർജീവിപ്പിക്കുന്നതിന് ഒരു ഹെക്ടർന് 2 വർഷത്തേക്ക് 15,000 രൂപയും പുനർനടീലിനുള്ള സഹായമായി ഓരോ തൈക്കും 20 രൂപ വച്ചു ലഭിക്കുന്നതാണ്.

**10. റബർബോർഡ് പരിപാടികൾ**

(ബന്ധപ്പെടേണ്ട സ്ഥാപനം: റബർ ബോർഡ്, കൊച്ചി, & മേഖലാ ഓഫീസുകൾ)

**1. ടാപ്പിംഗ് പരിശീലനം**

ടാപ്പിംഗിന്റെ വിദഗ്ദ്ധ രീതികളെക്കുറിച്ച് 8 ദിവസ പരിശീലനം തോട്ടം ഉടമക്കോ ആശ്രിതർക്കോ ഇതിൽ പങ്കെടുക്കാം. പരിശീലനാർത്ഥിക്ക് 75 രൂപ സ്റ്റൈപ്പന്റ് ലഭിക്കും. കൂടാതെ കേരളത്തിലെ ടാപ്പിങ്ങ് തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി കേരളത്തിന് പുറത്തുള്ള യുവാക്കളേയും ടാപ്പിങ്ങ് പരിശീലിപ്പിക്കുന്നു.

**2. ടാപ്പിംഗ് പ്രദർശനം**

റബർ ബോർഡിൽ നിന്നുള്ള ഉദ്യോഗസ്ഥർ ഓരോ തോട്ടത്തിലും എത്തി ടാപ്പിംഗ്, റെയ്ൻ ഗാർഡനിംഗ്, റബർ ഷിറ്റ് ഉണ്ടാക്കുന്ന വിധം എന്നിവ കാണിച്ചുകൊടുക്കുന്നു. ഈ സേവനം തോട്ടമുടമകൾക്ക് സൗജന്യമായി ലഭിക്കുന്നു.

**3. പദ്ധതിയുടെ പേര്:ഏറ്റവും നല്ല റബ്ബർ പ്രൊഡ്യൂസർ സൊസൈറ്റിക്കുള്ള അവാർഡ്:**

രണ്ട് വർഷത്തിലൊരിക്കലാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്ന റബ്ബർ പ്രൊഡ്യൂസർ സൊസൈറ്റിക്ക് സുവർണ സംഗമം അവാർഡ് നൽകുന്നത്. 1997 ലാണ് ഇത് തുടങ്ങിയത്. 2 ലക്ഷം രൂപയാണ് അവാർഡ് തുക. കൂടുതൽ നന്നായി പ്രവർത്തിക്കാൻ പ്രചോദനം നൽകുക എന്നതാണ് ഈ അവാർഡിന്റെ ലക്ഷ്യം.

**4. പദ്ധതിയുടെ പേര് :ഗോത്ര വികസനം**

കേരള സംസ്ഥാനത്ത് ഗോത്ര വികസനത്തിനായി ഉയർന്ന സാങ്കേതിക വിദ്യയിലൂടെ വികസിപ്പിച്ചെടുത്ത റബ്ബർ തൈകൾ ഗോത്ര വർഗ്ഗക്കാരുടെ സഹായത്തോടെ അവരുടെ കൈവശം ഉള്ള സ്ഥലങ്ങളിൽ നട്ട് റബ്ബർ കൃഷി വ്യാപിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. തോട്ടം പണികൾക്ക് മേൽനോട്ടം വഹിയ്ക്കുന്നത് റബ്ബർ ബോർഡും, പണികൾ ചെയ്യുന്നത് ഗോത്ര വർഗ്ഗക്കാരുമായിരിക്കും. അവരുടെ പണി കൂലിക്കായിട്ടാണ് പരിഗണിക്കുന്നത്. കേരളത്തിലെ ട്രൈബൽ ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് ചിലവിന്റെ ഒരു പങ്ക് വഹിക്കും.

**5. പദ്ധതിയുടെ പേര് :സ്ത്രീ ശാക്തീകരണത്തിനായുള്ള പദ്ധതി**

കുറച്ച് സ്ഥലം കൈവശമുള്ള സ്ത്രീകളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. സ്ത്രീകളുടെ പങ്കാളിത്തം റബ്ബർ കൃഷിയിൽ ഉറപ്പാക്കി അവർക്ക് കൂടുതൽ ഗുണങ്ങൾ ഉണ്ടാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പ്രൊജക്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റികളിലൂടെയാണ് നടപ്പിലാക്കുന്നത്. പരിശീലനപരിപാടികൾ, സ്ത്രീകളുടെ കൂട്ടായ്മ വരുമാനദായക പ്രവൃത്തികൾ, ആരോഗ്യ പരിപാടികൾ എന്നീ പ്രവർത്തനങ്ങളിൽ കൂടി സ്ത്രീകളെ കൂടുതൽ സമുന്നദ്ധരാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

**6. ബാങ്ക് ലോൺ**

ബോർഡിന്റെ ധനസഹായം ലഭിക്കുന്നതിനായി ഗുണഭോക്തൃവിഹിതം എടുക്കേണ്ടി വരുമ്പോൾ ആയത് കൈവശമില്ലെങ്കിൽ അതിനും തോട്ടം നടത്തിപ്പിനുമായി നബാർഡിൽ നിന്നും ദീർഘകാല വായ്പ ലഭിക്കുന്നതാണ്.

**7. സുവർണ്ണ സംഗമം അവാർഡ്**

ഏറ്റവും നന്നായി പ്രവർത്തിക്കുന്ന റബ്ബർ പ്രൊഡ്യൂസർ സൊസൈറ്റിക്ക് നൽകുന്ന അവാർഡ്. രണ്ട് വർഷത്തിലൊരിക്കൽ നൽകുന്ന അവാർഡ് തുക 20 ലക്ഷം രൂപ.

**8. ഗോത്ര വികസനം**

ഗോത്രവർഗ്ഗക്കാരുടെ കൈവശമുള്ള സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്ന പരിപാടി. പണികൾക്ക് മേൽനോട്ടം വഹിക്കുന്നത് റബ്ബർ ബോർഡും പണികൾ ചെയ്യുന്നത് ഗോത്രവർഗ്ഗക്കാരുമായിരിക്കും.

**9. സ്ത്രീ ശാക്തീകരണ പദ്ധതി**

കുറച്ച് സ്ഥലം കൈവശമുള്ള സ്ത്രീകളുടെ പങ്കാളിത്തം റബ്ബർകൃഷിയിൽ ഉറപ്പാക്കുന്നതിനുള്ള പരിപാടി. പ്രോജക്റ്റ് പ്രൊഡ്യൂസേഴ്സ് സൊസൈറ്റികളിലൂടെ നടപ്പാക്കുന്നു. വരുമാനദായക പരിപാടികൾ, പരിശീലനം, ആരോഗ്യ പരിപാടികൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നു.

**10. പദ്ധതിയുടെ പേര് :വില സ്ഥിരതാ ഫണ്ട്**

റബ്ബറിന്റെ വില ക്രമാതീതമായി താഴ്ന്ന് പോകുമ്പോൾ റബ്ബർ കർഷകർക്ക് വേണ്ട പിൻതുണ നൽകാനാണ് വില സ്ഥിരതാ ഫണ്ട് നബാർഡിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിരിക്കുന്നത്. 500 കോടിയാണ് ഈ ഫണ്ടിലുള്ളത്. ഇതിന്റെ 482.88 കോടി രൂപ കേന്ദ്രസർക്കാറും 17.12 കോടി രൂപ റബ്ബർ കർഷകരുമാണ് സംഭാവന ചെയ്തിട്ടുള്ളത്. ഇതിന്റെ പലിശയാണ് അടിയന്തിര ഘട്ടത്തിൽ റബ്ബർ കർഷകർക്ക് നൽകുന്നത്. റബ്ബർ വിലയ്ക്ക് അനുസരിച്ച് കർഷകരും സംഭാവന ചെയ്യണം. 7 വർഷത്തെ അന്താരാഷ്ട്ര വിലയുടെ അടിസ്ഥാനത്തിൽ ഒരു ബാന്റ് നിശ്ചയിച്ചിട്ടുണ്ട്. ഈ വിലയുടെ 20% ത്തിൽ താഴെ റബ്ബർ വില വരുമ്പോൾ കർഷകർക്ക് ഈ ഫണ്ടിൽ നിന്ന് നിശ്ചിത തുക ലഭിയ്ക്കും. വില 20% മുകളിലാകുമ്പോൾ കർഷകർ സംഭാവന ഫണ്ടിലേക്ക് അടയ്ക്കണം.

**നിർവഹണസ്ഥാപനം: റബ്ബർ ബോഡ്**

**11. സ്പൈസസ് ബോർഡ് പരിപാടികൾ**

**ബന്ധപ്പെടേണ്ട സ്ഥാപനം:** സ്പൈസസ് ബോർഡ്, കൊച്ചി

1. **ഏലത്തോട്ടങ്ങൾ പുനർനടീലും പുനർജീവിപ്പിക്കലും**

   i) പുനർജീവന ധനസഹായം

   4 ഹെക്ടർ വരെ – സബ്സിഡി 33% (17,780 cq/sl)

   4 –8 ഹെക്ടർ വരെ – സബ്സിഡി 25% (13,470 cq/sl)

   ii) നടീൽ വസ്തുക്കളുടെ ഉല്പാദനം

   ഓരോ മുളക്കും 1.75 രൂപ വീതം ലഭിക്കുന്നു.

2. **കയറ്റുമതിയിൽ അധിഷ്ഠിതമായ ഉല്പാദനവും വിളവെടുപ്പിന് ശേഷം സുഗന്ധവ്യഞ്ജനങ്ങളുടെ ഗുണം മെച്ചപ്പെടുത്തലും**

   സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി താഴെ പറയുന്ന ധനസഹായങ്ങൾ നൽകുന്നു.

**പട്ടിക 1. ഏലം ധനസഹായം**

| പ്രവർത്തനം | പരമാവധി ധനസഹായം (രൂപ) |
|---|---|
| ജലസേചന ഉപകരണങ്ങളുടെ നിർമ്മാണം | 16000/50% |
| ഐ.പി.സെറ്റ് | 5000/25% |
| സ്പ്രിംഗ്ളർ | 21,175/25% |
| ജലസേചനടാങ്ക് | 1250/25% |
| ജലസേചന പൈപ്പ് | 1250/25% |
| മണ്ണ് പരിരക്ഷ | 7500/25% |
| മഴവെള്ള സംഭരണി | 8000/33.33% |
| യന്ത്രങ്ങൾ, ഉപകരണങ്ങൾ | 60,000/33.33% |

**പട്ടിക 2. മറ്റ് സുഗന്ധവിളകൾധനസഹായം**

| പ്രവർത്തനം | പരമാവധി ധനസഹായം (രൂപ) |
|---|---|
| കുരുമുളക് മെതിയന്ത്രം | 7000 |
| മുളകൊണ്ടുള്ള പായ (കുരുമുളക്) | എസ്.ടി 90% സബ്സിഡി മറ്റുള്ളവർ 50% സബ്സിഡി |
| തിളപ്പിക്കാൻ പാത്രം (മഞ്ഞൾ) | 4000/50% |
| മഞ്ഞൾ സംസ്ക്കരണം | 16000/50% |
| പുതിന വാറ്റൽ ഉപകരണം | 1,30,000/32.58% |
| മഴവെള്ള സംഭരണം | 8000 (മുളക്) /33.33% |
| ധാന്യം വേർത്തിരിക്കുന്ന യന്ത്രം | 50000/50% |

**പട്ടിക 3. Post Harvest Improvement ധനസഹായം**

| ഇനം | പരമാവധി ധനസഹായം (രൂപ) |
|---|---|
| മുളക്, ഇഞ്ചി, മഞ്ഞൾ, കുരുമൂളക് എന്നിവ ഉണക്കുന്നതിനുള്ള കുളം (4 ഹെക്റ്റർ വരെ) | ST-540 രൂ./$m^3$ (90%)<br>SC – 300 രൂ./$m^3$ (50%)<br>ജനറൽ- 150 രൂ./$m^3$ (25%) |
| പോളിത്തീൻ ഷീറ്റ്(4 ഹെക്റ്റർ വരെ) | ST 50% സബ്സിഡി മറ്റുള്ളവർ 33.33% സബ്സിഡി |
| മോയ്സചർ മീറ്റർ | 2500 രൂ (32%) |

**പട്ടിക 4. ജൈവകൃഷിധനസഹായം**

| ഇനം | പരമാവധി ധനസഹായം (രൂപ) |
|---|---|
| ഓർഗാനിക്ക് സർട്ടിഫിക്കേഷന് സഹായം | കർഷകരുടെ കൂട്ടം 75000 രൂ / 50%<br>വ്യക്തികൾ 25000 രൂ / 50% |
| ബയോ ഏജന്റ് യൂണിറ്റ് ഉണ്ടാക്കൽ (NGOകൾക്ക്) | 1.30 ലക്ഷം (50%) |
| ജൈവകൃഷി (8 ഹെക്റ്റർ വരെ) | 4250 രൂ |
| മണ്ണിരകമ്പോസ്റ്റ് യൂണിറ്റ് | 2000 രൂ (331/3 %) |

# 7. വനംവകുപ്പ്

## I. വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം

| ധനസഹായ വിശദാംശങ്ങൾ | |
|---|---|
| **ഇനം** | **പരമാവധി ധനസഹായം (രൂപ)** |
| അപകട ചികിത്സ | 75,000/ (പട്ടികവർഗ്ഗത്തിൽ മുഴുവൻ തുകയും ലഭിക്കും) |
| അംഗവൈകല്യം | 25000/ |
| മരണം | 300000/ |
| റിസർവ്വ് വനത്തിന് പുറത്ത് വച്ച് പാമ്പ്കടിയേറ്റ് മരിച്ചാൽ | 100000/ |
| കൃഷിനാശം | 75,000/ |
| വീടിന് നാശം | 75,000/ |
| കന്നുകാലി നാശം | 75,000/ |

**ബന്ധപ്പെടേ സ്ഥാപനം** : വനംവകുപ്പിന്റെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ

**ലക്ഷ്യം**

1. വന്യ ജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് ചികിത്സാ സഹായം നൽകുക
2. അംഗവൈകല്യം സംഭവിക്കുന്നവർക്കും മരണപ്പെടുന്നവർക്കും സഹായം നൽകുക
3. വീട്,കൃഷി, കന്നുകാലി എന്നിവ നശിച്ചവരെ സഹായിക്കുക

**ഗുണഭോക്താക്കൾ**

അർഹതാ മാനദണ്ഡങ്ങൾ

വനം കേസുകളിൽപ്പെട്ടവർ, വനഭൂമി കയ്യേറിയവർ, തോക്ക് ലൈസൻസ് ഉളളവർ എന്നിവർക്കൊഴികെ എല്ലാവർക്കും അർഹതയു ്

**പ്രവർത്തനങ്ങൾ**

1. സംഭവം നടന്ന് മൂന്ന് മാസത്തിനകം നിർദ്ദിഷ്ട ഫോറത്തിൽ ഏറ്റവും അടുത്ത റെയിഞ്ചാഫീസിലോ, ഡിവിഷണൽ ഫോറസ്റ്റാഫീസിലോ അപേക്ഷ സമർപ്പിക്കുക

2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സൂക്ഷ്മ പരിശോധന നടത്തുന്നു.
3. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ധനസഹായം അനുവദിക്കുന്നു.

**ആവശ്യമായ രേഖകൾ**

1. **അപകടചികിത്സയ്ക്കും, അംഗവൈകല്യത്തിനും**
   a) ചികിത്സാചെലവുകൾ സംബന്ധിച്ചു പരിക്കേറ്റ വ്യക്തിയെ ചികിത്സിച്ച രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണറുടെ സർട്ടിഫിക്കറ്റ് വേണം.
   b) ബില്ലുകളുടെ പുറത്ത് ഡോക്ടർ ഒപ്പിടണം
2. **മരണമാണെങ്കിൽ**
   a) മരണ സർട്ടിഫിക്കറ്റ്
   b) മരണ കാരണം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ചികിത്സ നടത്തിയ ആശുപത്രി യിൽ നിന്ന്)
   c) പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
3. **കൃഷി, വീട്, കന്നുകാലി എന്നിവ നശിച്ചാൽ**
   a) കൃഷി ഓഫീസറുടെ/വെറ്റിനറി ഡോക്ടറുടെ റിപ്പോർട്ട്
   b) സ്ഥലത്തിന്റെ ഉടമസ്ഥാവകാശ രേഖകൾ

................................

## 8. നബാർഡ് ( NABARD)

### 1. ആട് -മുയൽ -പന്നി വളർത്തൽ പദ്ധതി (NABARD)

ഗ്രാമപ്രദേശങ്ങളിൽ ആട്, മുയൽ വളർത്തൽ പ്രോത്സാഹിപ്പിച്ച് മാംസോൽപ്പാദനം കൂട്ടുക, വരുമാനം വർദ്ധിപ്പിക്കുക എന്നിവ ഇത് വഴി ലക്ഷ്യമിടുന്നു. ഉൽപ്പാദക കമ്പനികൾ, പാർട്ട്നർഷിപ്പ് സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാരിതര ഏജൻസികൾ, സ്വാശ്രയസംഘങ്ങൾ, സംയുക്തബാധ്യതാ ഗ്രൂപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് ഗുണഭോക്താക്കളാകാം.നബാർഡിന്റെ സംസ്ഥാനസ്ഥല ഓഫീസാണ് നിർവ്വഹണം നടത്തുക.

| പ്രോജക്ട് | പരമാവധി യൂണിറ്റ് നിരക്ക് | ധനസഹായം |
|---|---|---|
| ആട് വളർത്തൽ (40 + 2) | 1 ലക്ഷം രൂപാ | പൊതുവിഭാഗം 25 % (പരമാവധി 0.25 ലക്ഷം രൂപാ) SC/ST 33.3 % (പരമാവധി 0.33 ലക്ഷം രൂപ ) |
| ആട് പ്രജനന യൂണിറ്റുകൾ (പരമാവധി 6.25 ലക്ഷം രൂപ) | 25 ലക്ഷം രൂപ | പൊതുവിഭാഗം 25 % ( 500 + 25) SC/ST 33.3 % ( പരമാവധി 8.33 ലക്ഷം രൂപ) |

| | | |
|---|---|---|
| മുയൽ വളർത്തൽ പദ്ധതി | 2.25 ലക്ഷം രൂപാ | പൊതുവിഭാഗം 25 % (പരമാവധി 6.25 ലക്ഷം ) SC/ST 33.3 % (പരമാവധി 0.75 ലക്ഷം രൂപ) |

**പ്രവർത്തനങ്ങൾ**

വിവിധ ഏജൻസികളുടെ സഹായത്തോടെ ഗുണഭോക്താക്കളെ തെരഞ്ഞടുക്കുന്നു. ബാങ്കുകളുടെ നിബന്ധനയനുസരിച്ച് വായ്പ ലഭ്യമാക്കുന്നു. ധനസഹായത്തുക പ്രത്യേക റിസർവ്വ് അക്കൗ ിൽ സൂക്ഷിക്കുന്നു. ടി തുകയ്ക്ക് പലിശ ഗുണഭോക്താവ് അടയ്ക്കേ തില്ല.(ധനസഹായത്തുക കഴിച്ചുള്ള മുതലും പലിശയും യഥാസമയം തിരിച്ചടയ്ക്കുന്നു.

**2. ഡയറി സംരംഭകത്വ വികസനപരിപാടി (DEDS)**

താഴെപറയുന്ന ഇനങ്ങൾക്ക് വ്യക്തികൾ/സംരംഭകർ/സർക്കാർ ഇതര ഏജൻസികൾ/ കമ്പനികൾ/ഗ്രൂപ്പുകൾ, ക്ഷീര സംഘങ്ങൾ/ മിൽക്ക് യൂണിയനുകൾ, മിൽക്ക് ഫെഡറേഷനുകൾ എന്നിവ്ക്ക് ധനസഹായം ലഭിക്കുന്നു.

| പ്രോജക്ട് | പരമാവധി | പരമാവധി സബ്സിഡി യൂണിറ്റ് നിരക്ക് |
|---|---|---|
| പശുവളർത്തൽ | 10 പശു യൂണിറ്റിന് 6 ലക്ഷം രൂപാ (2-10 പശു യൂണിറ്റ് തുടങ്ങാം) | പൊതുവിഭാഗം 25%(1 പശു 10000) SC/ST 33.1/3 % (1 പശു 15000) |
| കിടാരി വളർത്തൽ | 20 കിടാരി യൂണിറ്റിന് 5.5 ലക്ഷം (20 കിടാരി വരെ) | 25% പൊതുവിഭാഗം (1 കിടാരി 6,600) SC/ST 33. 1/3% (1 കിടാരി 8800) |
| കറവയന്ത്രം/മിൽക്കോ ടെസ്റ്റർ/ശീതീകരണങ്ങൾ (5000 ലിറ്റർ വരെ) | 20 ലക്ഷം രൂപാ വരെ | 25% പൊതുവിഭാഗം SC/ST 33. 1/3 % |
| പാൽസംസ്ക്കരണ ഉപകരണങ്ങൾ/മൂല്യ വർദ്ധന ഉപകരണങ്ങൾ | 13.20 ലക്ഷം രൂപാ വരെ | 25% പൊതുവിഭാഗം SC/ST 33. 1/3 % |
| പാൽ, പാലുൽപ്പന്നങ്ങൾ കോൾഡ് സ്റ്റോറേജുകൾ | 33 ലക്ഷം | 25% പൊതുവിഭാഗം SC/ST 33. 1/3 % |
| പാൽ-പാലുൽപ്പന്ന ട്രാൻസ്പ്രോർട്ടേഷൻ | 26.50 ലക്ഷം | 25% പൊതുവിഭാഗം SC/ST 33. 1/3 % |
| സ്വകാര്യ മൃഗചികിൽസാ കേന്ദ്രങ്ങൾ | 2.4 ലക്ഷം (മൊബെൽ) 2 ലക്ഷം കേന്ദ്രങ്ങൾ | 25% പൊതുവിഭാഗം SC/ST 33. 1/3 % |
| ഡയറി വിപണന കേന്ദ്രങ്ങൾ /മിൽക്ക് പാർലറുകൾ | 100000 | 25% പൊതുവിഭാഗം SC/ST 33. 1/3 % |

**3.പന്നിവളർത്തൽ പദ്ധതി**

ഗ്രാമപ്രദേശങ്ങളിൽ പന്നിവളർത്തൽ പ്രോത്സാഹിപ്പിച്ച് മാംസോൽപ്പാദനം സാധ്യമാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും മാലിന്യം കുറയ്ക്കുന്നതിനുമുള്ള ഒരു വായ്പാ പദ്ധതിയാണിത്. വ്യക്തികൾ, കമ്പനികൾ, സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാരിതര ഏജൻസികൾ, സ്വാശ്രയ സംഘങ്ങൾ, സംയുക്ത ബാധ്യതാ ഗ്രൂപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് പദ്ധതിയിൽ ഗുണഭോക്താക്കളാകം.

| പ്രോജക്ട് | പരമാവധി യൂണിറ്റ് നിരക്ക് | ധനസഹായം |
|---|---|---|
| പന്നി പ്രജനന യൂണിറ്റുകൾ- (20 പെൺ + 4 ആൺ) | 6 ലക്ഷം രൂപ | 25 % ധനസഹായം(പരമാവധി 1.5ലക്ഷംരൂപാ). മലമ്പ്രദേശങ്ങളിൽ 33.33 % ( പരമാവധി 2 ലക്ഷം രൂപാ |
| പന്നിവളർത്തൽ മാംസോൽപ്പാദന യൂണിറ്റുകൾ ( 3 പെൺ + 1 ആൺ)<br>റീട്ടെയിൽ വിപണന കേന്ദ്രങ്ങൾ | 0.76 ലക്ഷം രൂപാ<br>10 ലക്ഷം രൂപാ | 25 % ധനസഹായം(പരമാവധി 19000 രൂപ).മലമ്പ്രദേശങ്ങളിൽ 33.33 % (പരമാവധി 25300 രൂപ)<br>25 % ധനസഹായം(പരമാവധി 2.5 ലക്ഷം രൂപാ). മലമ്പ്രദേശങ്ങളിൽ 33.33 % (പരമാവധി 3.33 ലക്ഷം രൂപാ |
| ലൈവ് സ്റ്റോക്ക് മാർക്കറ്റുകളുടെ സ്ഥാപനം ജില്ലയിൽ 2 എണ്ണം വരെ മാത്രം | 5 ലക്ഷം രൂപാ | 50 % ധനസഹായം (പരമാവധി 2.5 ലക്ഷം രൂപാ) |

**പ്രവർത്തനങ്ങൾ**

പ്രവർത്തനങ്ങൾക്ക് *ബാങ്കുകളുടെ* നിബന്ധന പ്രകാരം വായ്പ ലഭ്യമാക്കുന്നു. വിവിധ ഏജൻസികളുടെ സഹായത്തോടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. ഒന്നാം ഗഡു വായ്പ നൽകി കഴിഞ്ഞാൽ ബാങ്കുകൾ ധനസഹായത്തിനായി നബാർഡിന്റെ സംസ്ഥാനതല ഓഫീസിലേക്ക് അപേക്ഷിക്കുന്നു. തിരിച്ചടവ് കാലാവധി 5 വർഷം മുതൽ 6 വർഷം. ധനസഹായം പ്രത്യേകം അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.

**4. ജൈവവള ഉൽപാദനത്തിനുള്ള സബ്സിഡി സ്കീം**

ജൈവവളം, മണ്ണിരകമ്പോസ്റ്റ്, വെജിറ്റേറിയൻ കമ്പോസ്റ്റ് നിർമ്മാണം വഴി ജൈവവള ഉല്പാദനം പ്രോത്സാഹിപ്പിച്ച് മണ്ണിന്റെ ഫലഭൂയിഷ്ഠിത ഉറപ്പുവരുത്തുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. വ്യക്തികൾ, കർഷകർ, കമ്പനികൾ, സഹകരണ സ്ഥാപനങ്ങൾ, വളനിർമ്മാണശാലകൾ, എൻ.ജി.ഒ കൾ, കോർപ്പറേഷൻ,സ്വയംസഹായ സംഘങ്ങൾ (വെർമിഹാച്ചറീസ്) സ്വകാര്യസംരംഭകർ (മാലിന്യ കമ്പേസ്റ്റ് യൂണിറ്റ്) എന്നിവർക്ക്

പദ്ധതിയിൽ ഗുണഭോക്താക്കളാകാം. നാഷണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗും (NCOP) നബാർഡും സംസ്ഥാന കൃഷി സഹകരണ ഡിപ്പാർട്ട്മെന്റും കൂടി ബാങ്ക് വഴി നിർവ്വഹണം നടത്തുന്നു. സബ്സിഡിയും മാർജിൻമണിയും ലോണും ബാങ്ക് വഴി നൽകുന്നു.ഒരു വർഷത്തിനകം പദ്ധതി പൂർത്തിയാക്കണം.നബാർഡ് 50 % സബ്സിഡി മുൻകൂറായും ബാക്കി മോണിറ്ററിംഗിനു ശേഷവും നൽകുന്നു. ലോണിന്റെ പലിശ ബാങ്കിന് നിശ്ചയിക്കാം. ആസ്തി ഇൻഷ്വർ ചെയ്യണം.

| | **ബയോഫർട്ടിലൈസർ യൂണിറ്റ്** | **വെർമികൾച്ചർ** | **പഴം പച്ചക്കറി കമ്പോസ്റ്റ് യൂണിറ്റ്** |
|---|---|---|---|
| സബ്സിഡി (യൂണിറ്റിന്) | പ്രോജക്ടിന്റെ 25 %മോ 20 ലക്ഷമോ ഏതാണോ കുറവ് | പ്രോജക്ടിന്റെ 25%മോ 40ലക്ഷമോ ഏതാണോ കുറവ് | പ്രോജക്ടിന്റെ 25%മോ 20 ലക്ഷമോ ഏതാണോ കുറവ് |
| മാർജിൻ മണി | ചെലവിന്റെ 25 % | ചെലവിന്റെ 25 % | ചെലവിന്റെ 25 % |
| ലോൺതുക റീപേമെന്റ് പിരീഡ് | അടങ്കലിന്റെ 50 % പരമാവധി 10 വർഷം (2 വർഷം ഗ്രേസ് പിരീഡ്) | അടങ്കലിന്റെ 50 % പരമാവധി 8 വർഷം (1 വർഷം ഗ്രേസ് പിരീഡ്) | അടങ്കലിന്റെ 50 % പരമാവധി 10 വർഷം (2 വർഷം ഗ്രേസ് പിരീഡ്) |
| പൂർത്തീകരണം (ലോൺ അനുമതിക്ക് ശേഷം) | 12 മാസത്തിനുള്ളിൽ | 6 മാസത്തിനുള്ളിൽ | 12 മാസത്തിനുള്ളിൽ |

**5. പോത്തുവളർത്തൽ (NABARD)**

നഷ്ടപ്പെട്ടുപോകുന്ന പോത്തുകുട്ടികളെ വളർത്തി ഗുണമേന്മയുള്ള മാംസോൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും സ്വയംതൊഴിൽ വഴി വരുമാനം വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. നബാർഡിന്റെ സംസ്ഥാനതല ഓഫീസാണ് നിർവ്വഹണം നടത്തുക. വായ്പ ബാങ്കുകൾ നൽകുന്നു. കർഷകർ, തൊഴിൽ സംരംഭകർ, കമ്പനികൾ, കോർപ്പറേഷനുകൾ, സർക്കാരിതര ഏജൻസികൾ, സ്വാശ്രയസംഘങ്ങൾ, സംയുക്തബാധ്യതാ സംഘങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് ഗുണഭോക്താക്കളാകാം.

| **പ്രോജക്ട്** | **പരമാവധി യൂണിറ്റ്നിരക്ക്** | **ധനസഹായം** |
|---|---|---|
| വ്യക്തിഗത യൂണിറ്റുകൾ (മാതൃക - 1) നിലവിൽ പോത്തുകുട്ടികളെ വളർത്തുന്ന കർഷകർ - ഒന്നുമുതൽ ഒൻപത് വരെ മൃഗങ്ങൾ | 6400 രൂപാ / പോത്തുകുട്ടി (കാലിത്തീറ്റ, മരുന്ന്, രോഗപ്രതിരോധ കുത്തിവയ്പ് | 100 % പലിശരഹിത വായ്പ. ഒരുവർഷം വരെ കാലാവധി. മൂലധന ചെലവുകൾക്ക് പണം അനുവദിക്കുന്നതല്ല. |

| | | |
|---|---|---|
| വാണിജ്യാടിസ്ഥാനത്തിലുള്ള യൂണിറ്റുകൾ ( മാതൃക - 2) പോത്തുകുട്ടികളെ വാങ്ങുന്നതിന് 10 മുതൽ 50 മൃഗങ്ങൾ | 10 പോത്തുകുട്ടികളുടെ യൂണിറ്റിന് 87000 രൂപാ വരെ(മൃഗങ്ങളെ വാങ്ങൽ, കാലിത്തൊഴുത്ത് നിർമ്മാണം, കാലിത്തീറ്റ, തീറ്റപ്പുൽകൃഷി, മരുന്നുകൾ, രോഗ പ്രതിരോധ കുത്തിവയ്പ്പ്, ഇൻഷുറൻസ് മുതലായവ. | 25 % ധനസഹായം അംഗീകൃത മലമ്പ്രദേശങ്ങളിൽ ( 1000 മീറ്റർ സമുദ്രനിരപ്പിൽ നിന്നും) 33.33 ശതമാനം. 50 മൃഗങ്ങളുടെ യൂണിറ്റിന് പരമാവധി ധനസഹായം 1.09 ലക്ഷം രൂപാ(മലമ്പ്രദേശങ്ങളിൽ 1.45 ലക്ഷം രൂപാ) പലിശ സബ്സിഡി ലഭ്യമല്ല |
| വ്യവസായാടിസ്ഥാനത്തിലുള്ള യൂണിറ്റുകൾ ( മാതൃക -3) 51 മുതൽ 1000 പോത്തുകുട്ടികളെ വാങ്ങുന്നതിന് | പരമാവധി 83.45 ലക്ഷം രൂപാ 1000 (മൃഗങ്ങളുടെ യൂണിറ്റിന് (മൃഗങ്ങളെ വാങ്ങൽ, കാലിത്തൊഴുത്ത് നിർമ്മാണം, കാലിത്തീറ്റ, തീറ്റപ്പുൽകൃഷി, മരുന്നുകൾ,രോഗപ്രതിരോധ കുത്തിവയ്പ്പ്, ഇൻഷുറൻസ് മുതലായവ) | 25% ധനസഹായം അംഗീകൃത മലമ്പ്രദേശങ്ങളിൽ 33.33 ശതമാനം 1000 മൃഗങ്ങളുടെ യൂണിറ്റിന് പരമാവധി ധനസഹായം 20.86 ലക്ഷം രൂപാ. (മലമ്പ്രദേശങ്ങളിൽ 27.81 ലക്ഷം രൂപാ ഇതോടൊപ്പം പലിശ സബ്സിഡി ലഭ്യമല്ല. |

**6.സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകൽ**

വ്യക്തികൾ, ഗ്രൂപ്പുകൾ, സ്വയംസഹായ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, ഫാർമേഴ്സ് ക്ലബ്ബുകൾ എന്നിവർ.സ്വകാര്യ പൊതുമേഖലാ കമ്പനികളും, കോർപ്പറേഷനുകളും യോഗ്യരല്ല.

**നിർവ്വഹണ സ്ഥാപനം**

ഷെഡ്യൂൾഡ് കമേഴ്സൽ ബാങ്കുകളും ഗ്രാമീണ ബാങ്കുകളും വഴി ഗുണഭോക്താവിന് ലോണും സബസിഡി തുകയും ലഭ്യമാക്കുന്നു.

**പ്രവർത്തനങ്ങൾ**

പ്രോജക്ടാനുമതിക്ക് ഗുണഭോക്താവ് ബാങ്കിന് അപേക്ഷിക്കുന്നു.ധനകാര്യ സാങ്കേതിക അനുയോജ്യത പരിശോധിച്ച് ബാങ്ക് പ്രോജക്ടിന് അർഹത നിശ്ചയിക്കുന്നു. യൂണിറ്റ് സ്ഥാപിച്ചശേഷം പരിശോധന നടത്തി ബാങ്ക് ഗുണഭോക്താവിന് ഫണ്ട് ലഭ്യമാക്കുന്നു.ലോൺ അനുമതി കഴിഞ്ഞാൽ ബാങ്ക് നിശ്ചിത ഫോറത്തിൽ നബാർഡിനെ സമീപിച്ച് സബ്സിഡി ലഭ്യമാക്കുന്നു.(കേന്ദ്ര സർക്കാരിൽ നിന്നുള്ള ഫണ്ട് പരിഗണിച്ച്) സബ്സിഡി ഗുണഭോക്താവിന്റെ അക്കൗ ിൽ റിസർവ്വ് ഫണ്ടായി സൂക്ഷിക്കുന്നു. (പലിശയില്ല) സബ്സിഡി ബാക്ക് എൻഡ് ആയി നൽകുന്നു.ലോക്ക് ഇൻ പിരീഡ് 3 വർഷമാണ്. 3 വർഷം മുമ്പ് ലോൺ തിരിച്ചടച്ചാൽ സബസിഡിക്ക് അർഹതയില്ല.

റീപേമെന്റ് പിരിഡ് 5 വർഷം, മൂന്ന് മാസത്തിനുള്ളിൽ വിനിയോഗ സർട്ടിഫിക്കറ്റ് നബാർഡിന് നൽകണം.

# 9 .ആരോഗ്യം

(ബന്ധപ്പെടേണ്ട സ്ഥാപനം : ആരോഗ്യ സ്ഥാപനങ്ങൾ)

## I. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം (NRHM) പരിപാടികൾ

ആരോഗ്യ സ്ഥാപനങ്ങളുടെ സൗകര്യങ്ങളും സേവനങ്ങളും വർദ്ധിപ്പിച്ച് അവയെ ശക്തിപ്പെടുത്തുക. ആരോഗ്യ സേവനങ്ങളുടെ പ്രാപ്യതയും ഗുണമേന്മയും വർദ്ധിപ്പിക്കുക. പിന്നോക്ക വിഭാഗങ്ങൾക്കും പ്രദേശങ്ങൾക്കും കുടുംബ സേവനങ്ങൾ ലഭ്യമാക്കുക. ആരോഗ്യത്തെ സമഗ്രതയിൽ കണ്ടുകൊണ്ട് പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക. രോഗ പ്രതിരോധ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക ഇപ്പറഞ്ഞവ പ്രാവർത്തികമാക്കുന്നതിനായി താഴെപറയുന്ന പരിപാടികൾ നടപ്പിലാക്കി വരുന്നു.

1. **ജീവിതശൈലി–രോഗ നിർണ്ണയ–നിയന്ത്രണപരിപാടി (NCDCP)**

   പ്രമേഹം, രക്താതിസമ്മർദ്ദം തുടങ്ങിയ ജീവിതശൈലീരോഗങ്ങൾ ഉള്ളവരെ മുൻകൂട്ടി ക    ത്തുന്നതിനും പ്രതിരോധപ്രവർത്തനങ്ങളും ചികിത്സയും ലഭ്യമാക്കുന്നതിനുമുള്ള പരിപാടി. 30 വയസ്സിനുമേൽ പ്രായമുള്ള എല്ലാവരേയും സൗജന്യരോഗ നിർണ്ണയത്തിനു വിധേയമാക്കുന്നു. ആരോഗ്യവകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാ-അങ്കണവാടി വർക്കർമാർ എന്നിവർ അവരുടെ പതിവ് ഗൃഹസന്ദർശനത്തിലൂടെ രോഗമുള്ളവരെയും കൂടുതൽ രോഗാതുരത ഉള്ളവരെയും കണ്ടെത്തി പരിശോധനയ്ക്ക് ശുപാർശ ചെയ്യുന്നു. സബ്സെന്റർ തലത്തിലും പ്രാഥമികാരോഗ്യ കേന്ദ്രതലത്തിലും ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ പ്രത്യേക ക്ലീനിക്ക് നടത്തുന്നു. (പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ വ്യാഴാഴ്ചകളിലും എൻ.സി.ഡി.പി ഒ.പി നടത്തുന്നു) ആരോഗ്യ കേന്ദ്രങ്ങളിൽ ലാബോറട്ടറി സൗകര്യങ്ങളും ആവശ്യമായ മരുന്നുകളും ഒരുക്കുന്നു. രോഗബാധയുള്ളവർക്ക് ചികിത്സയും രോഗമുള്ളവർക്കും രോഗബാധക്ക് സാധ്യതയുള്ളവർക്കും കൗൺസിലിംഗും നൽകുന്നു. ജില്ലാ ആശുപത്രി വരെ എല്ലാ തലങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിലും ജീവിതശൈലീ രോഗ നിർണ്ണയ-നിയന്ത്രണ പരിപാടിയുടെ ഭാഗമായി ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നു.

2. **അംഗീകൃത സാമൂഹ്യ ആരോഗ്യ പ്രവർത്തക (ASHA)**

   ആരോഗ്യ സേവനങ്ങളും സമൂഹവുമായുള്ള ബന്ധം വർദ്ധിപ്പിക്കുന്നതിന് പ്രത്യേകം നിയോഗിക്കപ്പെട്ടിട്ടുള്ള ഫീൽഡ് പ്രവർത്തകരാണ് ASHA. (Acredited Social Health Activist) 1000 ജനസംഖ്യക്ക് (200-250 വീടുകൾക്ക്) ഒരാൾ എന്ന കണക്കിൽ ASHA പ്രവർത്തരകരുണ്ട്. മാതൃ-ശിശുപരിചരണം, ഗർഭകാല പരിരക്ഷ, പ്രസവാനന്തര ശുശ്രൂഷ, പ്രാഥമിക വൈദ്യസഹായം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, പകർച്ചവ്യാധി നിയന്ത്രണം, ജീവിതശൈലീ രോഗ നിർണ്ണയം, സാന്ത്വന ശുശ്രൂഷ, മാനസികാരോഗ്യ പരിപാടി എന്നിവയുമായി ബന്ധപ്പെട്ട് ആവശ്യമായ ഫീൽഡ് തല പ്രവർത്തനങ്ങൾ ഗൃഹസന്ദർശനം വഴി ഇവർ നടത്തുന്നു.

3. **സാന്ത്വന പരിചരണം (Palliative care)**

   തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാമൂഹ്യാടിസ്ഥാനത്തിലുള്ള ഗൃഹപരിചരണ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. സഹായം ആവശ്യമുള്ള കിടപ്പിലായ

രോഗികളെ ക  ത്തി ശരിയായ ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. കിടപ്പിലായ രോഗികൾക്കും മാറാരോഗികൾക്കും ഗൃഹപരിചരണം നൽകുന്നു. കിടപ്പിലായ രോഗികളെ പരിചരിയ്ക്കുന്നവർക്ക് പരിശീലനം നൽകുന്നു.

**4. സ്കൂൾ ആരോഗ്യ പരിപാടി, കൗമാര പ്രജനന ആരോഗ്യ പരിപാടി**

പ്രീ-പ്രൈമറി മുതൽ പ്ലസ് 2 വരെയുള്ള വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണത്തിനായി പതിവായി ആരോഗ്യപരിശോധനകൾ, മെഡിക്കൽ ക്യാമ്പുകൾ, ഉപരിപരിശോധനകൾ, കൗൺസലിംഗ് മുതലായവ നടത്തുന്നു. 2500 വിദ്യാർത്ഥികൾക്ക് ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിനെ ചുമതലപ്പെടുത്തുന്നു.

കൗമാര പ്രജനന ആരോഗ്യ പരിപാടിയുടെ ഭാഗമായി കോളേജുകളിൽ കൗമാരക്ലബുകൾ രൂപീകരിക്കുകയും വൈദ്യപരിശോധനയും ആരോഗ്യപരിരക്ഷയും കൗൺസലിംഗും നടത്തുകയും ചെയ്യുന്നു.

**5. ദേശീയ വയോജന ആരോഗ്യ പരിപാലന പരിപാടി (NPHCE)**

വയോജനങ്ങളുടെ ആരോഗ്യപരിപാലനത്തിനായുള്ള പരിപാടിയാണിത്. (National Programme for Health care of Elderly). താഴെ പറയുന്നവയാണ് പ്രധാന പ്രശ്നങ്ങൾ.

- എല്ലാ പി. എച്ച്.സികളിലും വയോജനങ്ങൾക്കായി പ്രത്യേക ക്യൂവും പ്രതിവാര ഒ.പി.യും
- എല്ലാ സി.എച്ച്.സി കളിലും പ്രത്യേക ഒ.പി കൗണ്ടറും പ്രതിവാരം 2 ദിവസം സ്പെഷൽ ഒ.പി.യും
- എല്ലാ താലൂക്ക് ആശുപത്രികളിലും പ്രത്യേക ക്യു. പ്രത്യേക ഒ.പി കിടക്കകൾ വയോജനങ്ങൾക്കായി പ്രത്യേകം മാറ്റി വെക്കൽ
- എല്ലാ ആശുപത്രികളിലും എല്ലാ ദിവസവും പ്രത്യേക ഒ.പി, 10 കിടക്കകളുള്ള ജീറിയാട്രിക് വാർഡ്, ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനങ്ങൾ, കൗൺസലിംഗ് സൗകര്യം തുടങ്ങിയവ

**6. സാമൂഹ്യമാനസികാരോഗ്യ പരിപാടി**

**(CMHP- Community Mental Health Programme)**

സൈക്യാട്രിസ്റ്റ്, മെഡിക്കൽ ഓഫീസർ, സൈക്യാട്രിക് സോഷ്യൽ വർക്കർ, ക്ലീനിക്കിൽ സൈക്കോളജിസ്റ്റ്, ഫാർമസിസ്റ്റ് നഴ്സ് തുടങ്ങിയവയടങ്ങുന്ന ടീം സാമൂഹികാരോഗ്യ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കൃത്യമായ ഇടവേളകളിൽ പ്രത്യേക ക്ലീനിക്ക് നടത്തുന്നു. മരുന്ന് വിതരണം നടത്തുന്നു. കൂടാതെ സ്കൂളുകൾ കേന്ദ്രീകരിച്ച് കൗൺസലിംഗ് നടത്തുന്നു.

**7. വാർഡ്തല ആരോഗ്യ-പോഷണ-ശുചിത്വ സമിതി**

വാർഡ്മെമ്പർ ചെയർമാനും ആരോഗ്യ പ്രവർത്തക/ആരോഗ്യ പ്രവർത്തകൻ കൺവീനറുമായ വാർഡ്തല സമിതി, വാർഡിലെ ആരോഗ്യ-പോഷണ-ശുചിത്വ പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് സമിതിയുടെ ചുമതല. പകർച്ചവ്യാധി നിയന്ത്രണം, മാലിന്യ നിയന്ത്രണം തുടങ്ങിയവയ്ക്കും പ്രാധാന്യം നൽകുന്നു. വാർഡ്തല പ്രവർത്തനങ്ങൾക്കായി പ്രതിവർഷം 10,000 രൂപ ഈ സമിതിക്ക് നൽകുന്നു.

**8. സ്ഥാപന ശാക്തീകരണം**

സേവന ഗുണനിലവാരം ഉയർത്തുന്നതിനും സ്ഥാപന സംരക്ഷണത്തിനുമായി താഴെ പറയും പ്രകാരം ഫ ് ഓരോ വർഷവും അനുവദിക്കുന്നു.

| സ്ഥാപനം | അനുവദിക്കുന്ന ഫ ് (തുക) | | |
|---|---|---|---|
| | അൺടൈഡ് ഫ ്(ഉപാധി രഹിത ഫ ്) | വാർഷിക മെയിന്റനൻസ് ഗ്രാന്റ് | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ഫ ് |
| സബ്ബ്സെന്റർ | 10,000 | 10,000 | |
| പ്രാഥമികാരോഗ്യ കേന്ദ്രം (PHC) | 25,000 | 50,000 | 1,00,000 |
| സാമൂഹികാരോഗ്യകേന്ദ്രം (CHC) | 1,00,000 | 1,00,000 | 1,00,000 |
| ജനറൽ/താലൂക്ക്/ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ | | | 5,00,000 |

**9. ട്രൈബൽ ഹെൽത്ത് പ്രോഗ്രാം**

പട്ടികവർഗ്ഗമേഖലയിൽ പ്രത്യേക ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. സിക്കിൾ സെൽ അനീമിയ (അരിവാൾ രോഗം)ക്കെതിരെ സമഗ്ര ആരോഗ്യ പരിപാടി തയ്യാറാക്കിയിട്ടുള്ളതിനു പുറമെ പാലക്കാട്, വയനാട് ജില്ലകളിൽ പ്രത്യേക പ്രോജക്ടും നടപ്പിലാക്കി വരുന്നു.

**10. ജില്ലാ ക്യാൻസർ കെയർ യൂണിറ്റ്**

ജില്ലയിലെ ക്യാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് ജില്ലാ ആശുപത്രിയിൽ പ്രത്യേക ക്യാൻസർ കെയർ യൂണിറ്റ്.

**11. മൊബൈൽ മെഡിക്കൽ യൂണിറ്റ്**

മുഴുവൻ സജ്ജീകരണങ്ങളോടും കൂടിയ മൊബൈൽ യൂണിറ്റുകൾ കൃത്യമായ ഇടവേളകളിൽ നിശ്ചിത സ്ഥലങ്ങളിൽ എത്തി രോഗപരിശോധനയും ചികിത്സയും നൽകുന്നു. കൂടാതെ പ്രസവ പൂർവ്വ- പ്രസവാനന്തര ശുശ്രൂഷകൾ, രോഗപ്രതിരോധ കുത്തിവെപ്പുകൾ, സാംക്രമിക രോഗ നിയന്ത്രണം, സേവനങ്ങൾ ഉൾപ്പെടുത്തിയ ക്യാമ്പുകൾ സംഘടിപ്പിക്കുക.

**12. രോഗി കല്യാൺ സമിതി (ആർ.കെ.എസ്)**

**ആമുഖം**

ആരോഗ്യവകുപ്പന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് ആശുപത്രി വികസന സമിതിയെന്നറിയപ്പെട്ടിരുന്നതും എൻ.ആർ.എച്ച്,.എം വിഭാവനം ചെയ്യുന്നതുമായ രോഗി കല്യാൺ സമിതി ആണ്.

**ഫണ്ട്**

ആർ.കെ.എസ്സിനു വേണ്ടി പ്രതിവർഷം 1,00,000/-രൂപയാണ് എൻ.ആർ.എച്ച്.എം വഴി ലഭ്യമാക്കുന്നത്.

**നിർവ്വഹണ സ്ഥാപനം**

തദ്ദേശസ്വയം ഭരണസ്ഥാപനവും അതാത് ആരോഗ്യസ്ഥാപനവും ആണ് പദ്ധതിയുടെ നിർവ്വഹണ സ്ഥാപനങ്ങൾ

**ലക്ഷ്യങ്ങൾ**

ഫലവത്തായ രോഗനിയന്ത്രണ ചികിത്സാസംവിധാനങ്ങൾ ഒരുക്കുകയെന്നുള്ളതാണ് ആർ. കെ.എസ്സിന്റെ ലക്ഷ്യം

**ഗുണഭോക്താക്കൾ**

അതാത് ആരോഗ്യസ്ഥാപനത്തെ ആശ്രയിക്കുന്ന പൊതുജനങ്ങൾ

**പ്രവർത്തനങ്ങൾ**

1. ആരോഗ്യസ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു മൂന്ന് മാസം കൂടുമ്പോഴോ ആവശ്യാനുസരണമോ യോഗം ചേർന്ന് തീരുമാനങ്ങൾ എടുക്കുന്നു.
2. ആരോഗ്യസ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ , അറ്റകുറ്റപണികൾ, വാഹനങ്ങളും ഉപകരണങ്ങളും, ജലവിതരണം, വൈദ്യുതീകരണം, ശുചീകരണം, രോഗികൾക്ക് നൽകുന്ന സൗകര്യങ്ങൾ, മാതൃശിശുസംരക്ഷണം, പ്രദേശിക ആരോഗ്യ പരിപാടികൾ എന്നിവയ്ക്ക് മേൽനോട്ടം നൽകുന്നു.
3. ആരോഗ്യസ്ഥാപനങ്ങളിൽ പൊതു അത്യാവശ്യസൗകര്യങ്ങൾ, ആശുപത്രി ചികിത്സക്കും പരിചരണത്തിനും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ എന്നിവ പാലിക്കുന്നു ന്ന് ഉറപ്പുവരുത്തുന്നു.
4. ദൈനംദിന പ്രവർത്തനങ്ങളെ നിയന്ത്രണം വഴി ഫലവത്തായ രോഗനിയന്ത്രണ ചികിത്സാസംവിധാനങ്ങൾ ഒരുക്കുക.
5. ധനവിനിയോഗത്തെക്കുറിച്ചുള്ള മുൻഗണനാക്രമത്തിൽ തീരുമാനം എടുക്കുന്നത് സാധ്യമാകുന്നു.
6. പകർച്ചവ്യാധികൾ വ്യാപിക്കുമ്പോഴോ മരുന്നുകളുടെ ലഭ്യത കുറയുമ്പോഴോ അടിയന്തിരമായി രോഗി കല്യാൺ സമിതി വഴി ബദൽ സംവിധാനം ഒരുക്കുക.
7. അടിയന്തിരഘട്ടങ്ങളിൽ ആരോഗ്യസംബന്ധമായ പരിപാടികൾ നടപ്പിലാക്കുന്നതിനു തീരുമാനങ്ങൾ എടുക്കുകയും പരിപാടികൾ പ്രാവർത്തികമായി എന്ന് ഉറപ്പാക്കുക.

**നിർവ്വഹണ സംവിധാനങ്ങൾ**

ഓരോ രോഗി കല്യാൺ സമിതിയിലും തദ്ദേശസ്വയം ഭരണസ്ഥാപനത്തിന്റെ പ്രസിഡണ്ട് ചെയർപേഴ്സൺ ആയിരിക്കും. അതാത് ആരോഗ്യസ്ഥാപനത്തിന്റെ മെഡിക്കൽ ഓഫീസർ/സൂപ്രണ്ട് ആയിരിക്കും കൺവീനർ. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും ഉദ്യോഗ പ്രതിനിധികളും അടങ്ങുന്ന രോഗി കല്യാൺ സമിതിയാണ് ആശുപത്രിയെയും രോഗാതുരതയെയും സംബന്ധിച്ച വിശദമായ തീരുമാനം എടുക്കുന്നത്.

**6. പ്രതിരോധകുത്തിവെയ്പ്പുകളുടേയും ദേശീയപരിപാടികളുടേയും ശാക്തീകരണം**

**ആമുഖം**

100% കുത്തിവെയ്പ്പ് ഉറപ്പാക്കി പൂർണ്ണമായും ആരോഗ്യവാൻമാരായ രാഷ്ട്രനിർമ്മാണ പ്രക്രിയയ്ക്ക് സംഭാവന നൽകുന്ന ഒരു യുവതലമുറയാണ് എൻ.ആർ.എച്ച്.എം വഴി വിഭാവനം ചെയ്യുന്നത്. ഇതിനായി പ്രതിരോധകുത്തിവെയ്പ്പുകളുടേയും ദേശീയ

പരിപാടികളുടേയും ശാക്തീകരണത്തിനായി പ്രവർത്തനങ്ങളും നടപടികളും സ്വീകരിച്ചിരിക്കുന്നു.

**ഫണ്ട്**

പ്രോജക്ട് അംഗീകരിച്ച് എല്ലാ വർഷവും നിശ്ചിത ഫ ് ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റിക്ക് പദ്ധതിയുടെ നടത്തിപ്പിനായി നൽകുന്നു.

**നിർവ്വഹണ സ്ഥാപനം**

അതാത് സാമൂഹികാരോഗ്യകേന്ദ്രങ്ങൾ/പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

**ലക്ഷ്യങ്ങൾ**

വിവിധ രോഗങ്ങളിൽ നിന്ന് പ്രതിരോധം നേടിയ ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക.

**ഗുണഭോക്താക്കൾ–** കുട്ടികൾ. പൊതുജനങ്ങൾ

**പ്രവർത്തനങ്ങൾ**

1. എല്ലാ ബുധനാഴ്ചകളിലും പ്രതിരോധകുത്തിവെപ്പു പരിപാടി സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ/പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്നു.
2. കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ഔട്ട് റീച്ച് പ്രതിരോധകുത്തിവെപ്പു പരിപാടി സംഘടിപ്പിക്കുന്നു.
3. ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

**നിർവ്വഹണ സംവിധാനങ്ങൾ**

ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി/ജില്ലാമെഡിക്കൽ ഓഫീസ്/സാമൂഹികാരോഗ്യകേന്ദ്രങ്ങൾ/പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ/തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ

**14. RBSK (Rashtriya Bala Swasthya Karyakram)**

നിലവിൽ ജനനം മുതൽ ഒരു വർഷം പ്രായം ആകുന്നത് വരെ കുട്ടികൾക്കുള്ള ആരോഗ്യപരിരക്ഷ അമ്മയും കുഞ്ഞും പദ്ധതി വഴി നൽകി വരുന്നു. ആയതിന്റെ തുടർച്ചയെന്നോണം 18 വരെ പ്രായമാകുന്നതുവരെ എല്ലാ കുട്ടികൾക്കും ലിംഗഭേദമെന്യേ രക്ഷിതാക്കളുടെ സാമ്പത്തിക നില പരിഗണിയ്ക്കാതെ 30 രോഗങ്ങൾക്ക് സൗജന്യചികിത്സ പൊതുജനാരോഗ്യസംവിധാനം വഴി ഉറപ്പാക്കുന്നു.

**15. പ്രതിവാര അയേൺഫോളിക്ക് ആസിഡ് പരിപോഷണ പരിപാടി (Weekly IRON FOLIC ACID Supplimentation Programme)**

കുട്ടികളിലെ ശാരീരിക മാനസിക ബൗദ്ധിക കായിക മൂല്യങ്ങൾക്ക് ഒരു പരിധിവരെ വെല്ലുവിളിയാകുന്ന വിളർച്ച തടയുന്നതിനായി 6–ാം ക്ലാസ്സു മുതൽ 12–ാം ക്ലാസ്സു വരെ വിദ്യാലയങ്ങളിൽ പഠിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും എല്ലാ തിങ്കളാഴ്ച്ചയും ഉച്ച ഭക്ഷണത്തിന് ശേഷം സൗജന്യമായി ഇരുമ്പ് സത്തിന്റെ ഗുളികകൾ നൽകുന്നു. ഏതെങ്കിലും കാരണവശാൽ വിദ്യാലയത്തിൽ നിന്നും വിട്ടുനിൽക്കുന്ന കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് (19 വയസ്സ് വരെ) അംഗൻവാടി വഴി ശനിയാഴ്ച്ചകളിൽ മേൽ പരിപാടി ഏകോപിപ്പിയ്ക്കുന്നു.

**16. ജില്ലാതലപ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC)**

നവജാതശിശുക്കളിലെയും കുട്ടികളിലെയും ശാരീരിക മാനസിക ബൗദ്ധിക വൈകല്യങ്ങൾ കാലേക്കൂട്ടി കണ്ടെത്തി എത്രയും വേഗം ഇടപെട്ട് കൊണ്ട് മേൽ വിഷമതകൾ ഒന്നും തന്നെ കുട്ടിയുടെ ഭാവിക്ക് വെല്ലുവിളിയാകുന്നില്ല എന്നുറപ്പാക്കുന്നതിനുള്ള ജില്ലാതല കേന്ദ്രങ്ങളാണ് പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ. രോഗനിർണ്ണയം, ചികിത്സ, കൗൺസിലിംഗ്, ഫിസിയോതെറാപ്പി, പ്രത്യേക പരിശീലനങ്ങൾ തുടങ്ങിയവ മേൽ സംവിധാനത്തിലൂടെ ഉറപ്പാക്കുന്നു.

**17. ദേശീയ നഗര ആരോഗ്യ പദ്ധതി (NUHM)**

നഗരചേരി പ്രദേശങ്ങളിലെ ആരോഗ്യസംരക്ഷണത്തിന് മുൻത്തൂക്കം നൽകികൊണ്ട് ഓരോ 5000 ജനസംഖ്യയ്ക്കും ഒരു പ്രാഥമികാരോഗ്യമെന്നുള്ള രീതിയിൽ 5000 ൽ കൂടുതൽ ജനസംഖ്യയുള്ള മുഴുവൻ കോർപ്പറേഷൻ മുനിസിപ്പാലിറ്റികളെയും , നഗര ആസ്ഥാനങ്ങളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. രോഗപ്രതിരോധം, മാതൃശിശു ആരോഗ്യം, പകർച്ച-പകർച്ചേതരവ്യാധികളുടെ നിയന്ത്രണം, സൗജന്യരോഗ ചികിത്സ എന്നിവ ഉറപ്പാക്കുന്നു.

**18. കുഷ്ഠരോഗ നിവാരണ പരിപാടി**

കുഷ്ഠരോഗികളുടെ തോത് നമ്മുടെ സമൂഹത്തിൽ കാര്യമായ രീതിയിൽ കുറയ്ക്കുവാൻ ഫലപ്രദമായ കുഷ്ഠരോഗ നിവാരണ പ്രവർത്തനത്തിലൂടെ നമുക്ക് കഴിഞ്ഞിട്ടു ്. എങ്കിലും കുഷ്ഠരോഗം പൂർണ്ണമായും ഇല്ലാതാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. എല്ലാ ജില്ലകളിലും ഇപ്പോഴും രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. നേരത്തെ കുഷ്ഠരോഗികളെ ക ത്താൻ പ്രത്യേകമായി 'ലെപ്രസി ഇൻസ്പെക്ടർമാർ' ഫീൽഡ് തലത്തിൽ പ്രവർത്തിച്ചു വന്നിരുന്നു. കുഷ്ഠരോഗത്തിന്റെ തോത് കുറഞ്ഞതിനെ തുടർന്ന് ഈ പ്രവർത്തകരെ മറ്റ് ഫീൽഡ് പ്രവർത്തകരൊടൊപ്പം ചേർക്കുകയും എല്ലാ ഫീൽഡുപ്രവർത്തകരും കുഷ്ഠരോഗം കണ്ടെത്താനുള്ള പ്രവർത്തനങ്ങളും ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തുന്ന സമ്പ്രദായവുമാണ് ഇപ്പോൾ നിലവിലുള്ളത്.

ത്വക്ക് രോഗമുള്ളവർ പ്രത്യേകിച്ച് സ്പർശനശേഷി ഇല്ലാത്ത പാടുകളുള്ളവർ ആരോഗ്യ പ്രവർത്തകരെയോ/ ഡോക്ടർമാരെയോ കണ്ട് പരിശോധന നടത്തി കുഷ്ഠരോഗമില്ലെന്ന് ഉറപ്പുവരുത്തേ താണ്. രോഗം ക ത്തുന്നവർക്ക് പൂർണ്ണമായി സൗജന്യമായി ചികിത്സ ലഭ്യമാക്കുന്നതിനുള്ള ഫലപ്രദമായ മരുന്നുകളും ലഭ്യമാണ്. ഫീൽഡുതലത്തിൽ ത്വക്ക് രോഗ ക്യാമ്പുകൾ നടത്തി അതുവഴി കുഷ്ഠരോഗവും മറ്റ് ത്വക്ക് രോഗങ്ങളും ക ത്തി ചികിത്സിക്കുന്ന പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

**19. അയോഡിന്റെ അഭാവം മൂലമുള്ള രോഗങ്ങൾക്കെതിരെയുള്ള നിയന്ത്രണ പരിപാടി**

നാം കഴിക്കുന്ന ആഹാരത്തിൽ അയോഡിന്റെ അഭാവം ഉണ്ടെങ്കിൽ തൊ മുഴ (ഗോയിറ്റർ) വളർച്ചകുറവ്, ബുദ്ധിമാന്ദ്യം, തുടങ്ങിയവയും സ്ത്രികളിൽ ഗർഭം അലസൽ, ഗർഭസ്ഥ ശിശുവിന്റെ വളർച്ച മുരടിക്കൽ തുടങ്ങിയവയും ഉണ്ടാകാം. അയോഡിന്റെ കുറവ് മൂലമുണ്ടാകുന്ന രോഗങ്ങളെ കുറിച്ചുള്ള ബോധവത്ക്കരണം അയോഡിൻ

ഉള്ള ഉപ്പ് മാത്രം ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടത്തുന്നു. കൂടാതെ ജനങ്ങൾ ഉപയോഗിച്ചുവരുന്ന ഉപ്പിലെ അയോഡിന്റെ അളവ് പരിശോധിക്കുക, കുട്ടികളിലേക്കും മറ്റും മൂത്ര പരിശോധന നടത്തി ഉപ്പിലെ അയോഡിന്റെ അളവ് തിട്ടപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ എല്ലാ വർഷവും ചില പ്രദേശങ്ങളിൽ ചെയ്തുവരുന്നു. സ്കൂൾ കുട്ടികളുടെ ഇടയിൽ തൊ മുഴ (ഗോയിറ്റർ) കണ്ടെത്തുന്നതിനുള്ള സർവ്വേകളും വിവിധ ചില പ്രദേശങ്ങളിൽ മാറിമാറി എല്ലാ വർഷവും ചെയ്തുവരുന്നു.

20. **സംയോജിത രോഗപര്യവേഷണ പരിപാടി (ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോഗ്രാം – ഐ.ഡി.എസ്.പി.)**

പകർച്ചവ്യാധി രോഗങ്ങൾ ഉണ്ടാകുന്നത് ആരംഭത്തിൽ തന്നെ കണ്ടെത്തി റിപ്പോർട്ട് ചെയ്യുകയും തുടർന്ന് രോഗനിയന്ത്രണ പ്രവർത്തനങ്ങൾ താമസം കൂടാതെ ചെയ്യുകയുമാണ് ഈ പ്രോഗ്രാം വഴി ചെയ്തു വരുന്നത്. ആരോഗ്യ പ്രവർത്തകർ ഫീൽഡുവർക്കിനിടയ്ക്ക് കണ്ടെത്തുന്ന കേസുകളും പി.എച്ച്.സി/സി.എച്ച്,സി./ ഗവൺമെന്റ് ആശുപത്രികൾ /മെഡിക്കൽ കോളേജുകൾ /സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ ചികിത്സിക്കുന്ന കേസുകളും വിവിധ ലാബോറട്ടറികളിലെ പരിശോധനാഫലങ്ങളും ഇത്തരത്തിൽ ശേഖരിച്ച് നിരീക്ഷണ വിധേയമാക്കുന്നു. എല്ലാ ആഴ്ചയും സബ് സെന്റർ തലത്തിൽ നിന്ന് പി.എച്ച്.സി/സി.എച്ച്,സി. ആശുപത്രി മുതൽ ജില്ല സംസ്ഥാന തലം വഴി ദേശീയ തലത്തിലേക്ക് റിപ്പോർട്ടുകൾ അയയ്ക്കുന്നു. പകർച്ചവ്യാധികളുണ്ടാകുമ്പോൾ വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള രോഗത്തിന്റെ കാര്യകാരണ ബന്ധം കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ (ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷൻസ്) നടത്തി, അതിന്റെ അടിസ്ഥാനത്തിൽ രോഗനിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്യുന്നു.

## II. ദേശീയ മാതൃ-സഹായ പദ്ധതി – ജനനീ സുരക്ഷ യോജന

പ്രസവ സഹായം നൽകുന്നു. പാവപ്പെട്ടവരായ ഗർഭിണികളുടെ സംരക്ഷണവും മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കലുമാണ് ലക്ഷ്യം. പ്രസവം ആശുപത്രിയിലാക്കുന്നതിനുള്ള പ്രോത്സാഹനം, ബി.പി.എൽ റേഷൻകാർഡിൽ ഉൾപ്പെട്ടവരായിരിക്കണം. (SC,ST വിഭാഗങ്ങൾക്ക് ഇത് ബാധകമല്ല. ആശുപത്രി പ്രസവത്തിന് ഗ്രാമപ്രദേശങ്ങളിൽ 700 രൂപയും നഗരപ്രദേശങ്ങളിൽ 600 രൂപയും നൽകുന്നു. ഗാർഹിക പ്രസവത്തിന് 500 രൂപയും നൽകുന്നു. സർക്കാർ ആശുപത്രിയിൽ പ്രസവിച്ചാൽ തുക അവിടെ നിന്ന് തന്നെ ലഭിക്കും. സ്വകാര്യ ആശുപത്രിയിൽ പ്രസവിച്ചാൽ പി.എച്ച്.സി യിൽ നിന്നാണ് തുക ലഭിക്കുക

## III. ജനനീ ശിശു സുരക്ഷ പദ്ധതി

പ്രസവ ശുശ്രൂഷ ലഭ്യമാക്കുന്ന സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നു. അമ്മമാർക്ക് 42 ദിവസവും നവജാത ശിശുക്കൾക്ക് 30 ദിവസവും സൗജന്യ ചികിത്സ ലഭിക്കുന്നു. സർക്കാർ ആശുപത്രികളിൽ പ്രസവത്തിനെത്തുന്ന സ്ത്രീകൾക്ക് ആശുപത്രിയിലേക്കും തിരിച്ചുമുള്ള യാത്രാചെലവ്, ആശുപത്രിയിലെ താമസം, ഭക്ഷണം, മരുന്നുകൾ, ഓപ്പറേഷന് രക്തം, ലബോറട്ടറി ചെലവുകൾ തുടങ്ങി എല്ലാം സൗജന്യമായി

ലഭിക്കുന്നു. സാധാരണ പ്രസവത്തിന് 3 ദിവസവും സിസേറിയന് 7 ദിവസവും സൗജന്യ ആശുപത്രി വാസം, ക്ഷണം (പേ വാർഡിന്റെ വാടക ഒഴികെ) പ്രസവവുമായി ബന്ധപ്പെട്ട് റഫർ ചെയ്താൽ അതിനു തിരികെ വീട്ടിലേക്കും സൗജന്യ യാത്ര. നവജാത ശിശുവിന് ആശുപത്രിയിൽ കിടക്കേണ്ടി വന്നാൽ 30 ദിവസം പ്രായം വരെ മേൽപറഞ്ഞ എല്ലാ സേവനങ്ങളും സൗജന്യമായി ലഭിക്കും. സാധാരണ പ്രസവത്തിന് 1650 രൂ, സിസേറിയന് 3300 രൂ. നവജാതശിശു പരിചരണത്തിന് 700 രൂപ എന്നിങ്ങനെയാണ് നൽകുന്നത്.

### IV. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി – രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (RSBY)

ദാരിദ്ര്യരേഖയ്ക്ക് താഴെ കുടുംബങ്ങൾ 30 രൂപ പ്രീമിയം തുകയടച്ചാൽ ആരോഗ്യ ചികിത്സാ ഇൻഷുറൻസ്. ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾക്ക് 1500 പ്രീമിയം തുക അടച്ചാൽ ചികിത്സാ ഇൻഷുറൻസ് പരിരക്ഷ. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ അക്ഷയകേന്ദ്രങ്ങൾ വഴി ഡിപ്പാർട്ട്മെന്റ് രജിസ്ട്രേഷൻ നടത്തുന്നു. ഇൻഷുറൻസ് കമ്പനി ചികിത്സാ ചെലവ് ലഭ്യമാക്കുന്നു. രജിസ്റ്റർ ചെയ്ത കുടുംബങ്ങൾക്ക് സ്മാർട്ട് കാർഡ് നൽകുന്നു. വർഷാവർഷം തുക അടച്ച് പുതുക്കാവുന്നതാണ്

എല്ലാ സർക്കാർ-സഹകരണ ആശുപത്രികളിലും തിരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലും ഈ പദ്ധതി പ്രകാരമുള്ള സേവനം ലഭ്യമാണ് തിമിര ശാസ്ത്രക്രിയ ഒഴികെയുള്ള ഏതൊരസുഖത്തിനും ചികിത്സാസഹായം ലഭിക്കും.

ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് പ്രതിവർഷം 30,000 രൂപ വരെയുള്ള ചികിത്സയാണ് സൗജന്യമായി ലഭിക്കുക. ഈ സ്കീമിനകത്തു തന്നെ കാൻസർ, ബ്ലോക്ക്, വാൾവ് മാറ്റിവയ്ക്കൽ ശാസ്ത്രക്രിയ എന്നിവയ്ക്കായുള്ള (മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലുമുള്ള കിടത്തി ചികിത്സ) കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷുറൻസ് സ്കീമും ഉൾപ്പെടുന്നു. ആയതിന് 70,000 രൂപയുടെ പരിരക്ഷയും ലഭിക്കും.

......................

## 10. വിനോദസഞ്ചാരം

**ഫണ്ട്**

വിനോദസഞ്ചാരകേന്ദ്രങ്ങളുടെ സമഗ്ര ടൂറിസം വികസനത്തിനാവശ്യമായ തുക വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിനോദസഞ്ചാരവകുപ്പ് കണ്ടെത്തുന്നു. സംസ്ഥാന വിനോദസഞ്ചാരവകുപ്പ് മറ്റ് ബന്ധപ്പെട്ട വകുപ്പുമായി ചർച്ച ചെയ്ത് സമഗ്ര ടൂറിസം വികസനപദ്ധതികൾ തയ്യാറാക്കുന്നു. ഈ പദ്ധതികൾ വിവിധ സർക്കാർ വകുപ്പുകൾ/ഏജൻസികൾ വഴിയാണ് നടപ്പിലാക്കുന്നത്. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

**ഏറ്റെടുക്കാവുന്ന പ്രവർത്തികൾ**

1. വിനോദസഞ്ചാരമേഖലകളുടെ കണ്ടെത്തലും വികസനവും

2. ക്ഷയിച്ചുകൊണ്ടിരിക്കുന്ന കേരളീയകലാരൂപങ്ങളുടെ സംരക്ഷണവും പുനരുദ്ധാരണവും
3. കേരളവാസ്തുശില്പ മാതൃകയിലുള്ള കെട്ടിടങ്ങളുടെ സംരക്ഷണം, പുനരുദ്ധാരണം (ഗൃഹസ്ഥലി)
4. വിവിധ ടൂറിസം പദ്ധതികൾക്കുള്ള ധനസഹായങ്ങൾ (ബീച്ച് ടൂറിസം, ഇക്കോടൂറിസം, ഹെൽത്ത് ടൂറിസം, മുതലായവ)
5. വിനോദസഞ്ചാര പ്രചരണവും മാർക്കറ്റിംഗും

**പ്രവർത്തനങ്ങൾ**

1. ഗ്രാമപഞ്ചായത്തു പ്രദേശങ്ങളിൽ വിനോദസഞ്ചാരയോഗ്യമായ സ്ഥലങ്ങളും പ്രവർത്തനങ്ങളും കണ്ടെത്തുന്നു.
2. തുടർന്ന് പ്രസതുത സ്ഥലത്ത് നടത്തേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് സമർപ്പിക്കുന്നു.

**നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ**

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, സംസ്ഥാനവിനോദസഞ്ചാരവകുപ്പ് ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകൾ/ഏജൻസികൾ എന്നിവർ നിർവ്വഹണമോണിറ്ററിംഗ് പ്രവർത്തനങ്ങൾ നടത്തുന്നു.

............................................

## 11. വിദ്യാഭ്യാസം

### I. സർവ്വശിക്ഷ അഭിയാൻ (SSA) പരിപാടികൾ

പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനുള്ള പരിപാടി. മുഴുവൻ കുട്ടികളേയും വിദ്യാലയങ്ങളിലെത്തിക്കൽ, കൊഴിഞ്ഞുപോക്ക് തടയൽ, വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തൽ തുടങ്ങിയവ ലക്ഷ്യമിടുന്നു. താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.

- സർക്കാർ വിദ്യാലയങ്ങളുടെ ഭൗതീകസൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ (ക്ലാസ്സ് മുറി, ഫർണീച്ചർ, കുടിവെള്ളം, ലാട്രിൻ മുതലായവ)
- സ്കൂൾ ഗ്രാന്റ് എല്ലാ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങൾക്കും (എൽ പി സ്കൂളുകൾക്ക് 5000 രൂ യു.പി. സ്കൂളുകൾക്ക് 7500 രൂ)
- ടീച്ചേഴ്സ് ഗ്രാന്റ് - എല്ലാ അദ്ധ്യാപകർക്കും പ്രതിവർഷം 500 രൂപ വീതം
- മുഴുവൻ അദ്ധ്യാപകർക്കും ആവശ്യമായ അദ്ധ്യാപക പരിശീലനങ്ങൾ, തുടർ പരിശീലനങ്ങൾ
- രക്ഷിതാക്കൾ, പി.ടി എ ഭാരവാഹികൾ എന്നിവർക്ക് പരിശീലനങ്ങൾ
- പഠന നിലവാരം വിലയിരുത്താനും മെച്ചപ്പെടുത്താനും സ്കൂളികളിൽ റിസോഴ്സ് പേഴ്സൺമാരുടെ സേവനം

- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സംയോജിത വിദ്യാഭ്യാസ പരിപാടി (IEDC) ഇതിന്റെ ഭാഗമായി താഴെ പറയുന്ന സേവനങ്ങൾ ലഭിക്കുന്നു.
  - പ്രത്യേക പരിശീലനം നേടിയ അദ്ധ്യാപകരുടെ സേവനം
  - പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ, ഉപകരണങ്ങൾ
  - സ്കോളർഷിപ്പ്
  - റാമ്പ് & റയിൽ നിർമ്മാണം (സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ)
- പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിപാടി
- പ്രത്യേക വിഷയങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് പ്രത്യേക ക്യാമ്പുകൾ (കരാട്ടെ, ശാസ്ത്ര പരീക്ഷണം, കലാ-സാഹിത്യം മുതലായവ)
- സഹവാസ ക്യാമ്പുകൾ
- പട്ടികജാതി-പട്ടികവർഗ്ഗ- പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പ്രത്യേക ക്യാമ്പുകൾ
- പെൺകുട്ടികൾക്ക് പ്രത്യേക പരിപാടികൾ (ഉദാ. ഗേൾസ് ഫെസ്റ്റ്)

പഞ്ചായത്ത് തോറുമുള്ള ക്ലസ്റ്റർ റിസോഴ്സ് സെന്ററും സബ്ജില്ലാതലത്തിലുള്ള ബ്ലോക്ക് റിസോഴ്സ് സെന്ററുകളും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഓരോ വർഷവും ഓരോ തദ്ദേശ ഭരണ സ്ഥാപനതലത്തിലും തദ്ദേശഭരണസ്ഥാപനത്തിന്റെ അംഗീകാരത്തോടെ പദ്ധതി തയ്യാറാക്കുന്നു.

## II. മീൻസ്-കം മെറിറ്റ് സ്കോളർഷിപ്പ്

സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 8-ാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം 6000 രൂപ സ്കോളർഷിപ്പ്, 4 വർഷം സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും. രക്ഷിതാവിന്റെ വാർഷിക വരുമാനം 1.5 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. വാർഷിക പരീക്ഷയിൽ 50% മാർക്ക് നേടിയ വിദ്യാർത്ഥികളിൽ നിന്ന് പൊതു പരീക്ഷ നടത്തിയാണ് അർഹരായവരെ തിരഞ്ഞെടുക്കുന്നത്.

## III. പ്രീ-മെട്രിക് സ്കോളർഷിപ്പ് (ന്യൂനപക്ഷ വിഭാഗം)

സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ്, അഫിലിയേഷനുള്ള സി.ബി.എസ്.ഇ സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുസ്ലീം-ക്രിസ്ത്യൻ സമുദായങ്ങളിൽപെട്ട ന്യൂനപക്ഷ വിഭാഗ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 1000 രൂപ സ്കോളർഷിപ്പ്. വാർഷിക പരീക്ഷയിൽ 50% ലധികം മാർക്ക് ലഭിച്ചിരിക്കണം. കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികമാകരുത്.

## IV. പ്രീ-മെട്രിക് സ്കോളർഷിപ്പ് (പിന്നാക്ക വിഭാഗം)

ക്രമനമ്പർ മൂന്ന് വിഭാഗങ്ങളിൽപ്പെടാത്ത പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

### V. സ്കീം ഫോർ പ്രൊവൈഡിംഗ് ക്വാളിറ്റി എഡ്യുക്കേഷൻ ഇൻ മദ്രസ്സ (SPQEM)

മൂന്ന് വർഷമായി പ്രവർത്തിച്ചുവരുന്നതും കേന്ദ്ര-സംസ്ഥാന ആക്ട് പ്രകാരമോ മദ്രസ്സ ബോർഡ്, വഖഫ് ബോർഡ്, നാഷ്ണൽ സ്കൂൾ എന്നിവയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതോ ആയ മദ്രസ്സകളിലേയും മക്താബുകളിലേയും പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും സ്ഥാപനങ്ങൾക്കും ധനസഹായം

**ധനസഹായ വിശദാംശങ്ങൾ**

- ബിരുദ അദ്ധ്യാപകർക്ക് - പ്രതിമാസം - 6000 രൂ
- ബിരുദാനന്തര ബിരുദമുള്ളവർക്ക് - പ്രതിമാസം 12000 രൂ
- ലൈബ്രറി വികസനം - ഒറ്റത്തവണ ഗ്രാന്റ് -
- ലൈബ്രറി വികസനം വാർഷിക ഗ്രാന്റ് - 5000 രൂ
- പഠന സാമഗ്രികൾ, കിറ്റുകൾ - ഗ്രാന്റ് - 15000 രൂ
- ലാബ് വർക്ക്ഷോപ്പ് ഗ്രാന്റ് (സെക്കണ്ടറി ഹയർ -
- സെക്കണ്ടറി സ്കൂളുകൾക്ക്) - 1 ലക്ഷം (ഒറ്റത്തവണ)
- വാർഷികഗ്രാന്റ് - 5000 രൂ.
- അദ്ധ്യാപക പരിശീലനത്തിന് - ഒരദ്ധ്യാപകന് - 1500 രൂ വീതം

### VI. ഇൻസന്റീവ് ടു ഗേൾസ് ഫോർ സെക്കണ്ടറി എഡ്യുക്കേഷൻ

സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 9-ാം ക്ലാസ്സിൽ പഠിക്കുന്ന പെൺകുട്ടികൾക്കുള്ള ഇൻസെന്റീവ്

### VII. ഇൻക്ലൂസീവ് എഡ്യുക്കേഷൻ ഫോർ ദി ഡിസ് ഏബിൾഡ് അറ്റ് ദി സെക്കണ്ടറി സ്റ്റേജ്

സർക്കാർ എയ്ഡഡ് സെക്കണ്ടറി സ്കൂളുകളിൽ പഠിക്കുന്ന 14 വയസ്സിന് മുകളിലുള്ള വൈകല്യമുള്ള (പി.ഡബ്ല്യൂ.ഡി ആക്ട് 1995, നാഷ്ണൽ ട്രസ്റ്റ് ആക്ട് 1999 എന്നിവയുടെ പരിധിയിൽ വരുന്ന കുട്ടികൾ) കുട്ടികൾക്ക് പ്രതിവർഷം 3000 രൂ ധനസഹായം. കൂടാതെ രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും പരിശീലനം. സ്കൂളുകളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തൽ

### VIII. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ്

ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിഭാഗ വിദ്യാർത്ഥികൾക്ക് താഴെപറയും പ്രകാരം സ്കോളർഷിപ്പ് ലഭിക്കുന്നു. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ താഴെയാകണം.

| | |
|---|---|
| ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവർ | - മെയ്ന്റനൻസ് അലവൻസ് 10,000 രൂ |
| ഡേ സ്കോളേഴ്സ് | - മെയ്ന്റനൻസ് അലവൻസ് 5,000 രൂ |
| കോഴ്സ് ഫീ (എല്ലാവർക്കും) | - യഥാർത്ഥ ഫീ (പരമാവധി 20,000 രൂ) |

### IX. രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ (RMSA) പരിപാടികൾ

സെക്കണ്ടറി തലത്തിൽ (9-ാം ക്ലാസ് മുതൽ +2 വരെ) ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുള്ള പരിപാടി, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതീക സാഹചര്യം

മെച്ചപ്പെടുത്തുക, അദ്ധ്യാപക പരിശീലനങ്ങൾ നടത്തുക, പിന്നോക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സഹായങ്ങൾ ലഭ്യമാക്കുക.

**X. ഗേറ്റ് പാസായി ബിരുദാനന്തര ബിരുദവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

തിരുവനന്തപുരം, തൃശൂർ, കണ്ണൂർ, ബർട്ടൺഗിൽ, പൈനാവ്, വയനാട്, ശ്രീകൃഷ്ണപുരം കോഴിക്കോട്, കോട്ടയം എന്നീ എഞ്ചിനിയറിംഗ് കോളേജിൽ എം.ടെക് കോഴ്സിന് പഠിക്കുന്ന ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് ഈ പദ്ധതി. പ്രതിമാസം 8,000 രൂപ വീതം ലഭിക്കും (2 വർഷത്തേക്ക്). ടെക്നിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് വഴി അതാത് കോളേജ് വഴി ലഭിക്കുന്നു. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതനുസരിച്ച് എ.ഐ.സി.റ്റി.ഇ ൽ നിന്ന് തുക റീ ഇംപേഴ്സ് ചെയ്തു കിട്ടുന്നു.

1. ഡയറ്റ്
2. ഐ.സി.ടി സ്കീം 2
3. പോളിടെക്നിക് സ്ഥാപിക്കലും.ഗുണനിലവാരം ഉയർത്തലും
4. പോളിടെക്നിക്കുളിൽ വിമൻസ് ഹോസ്റ്റലിന്റെ നിർമ്മാണം
5. സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന പരിപാടി
6. കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് ത്രു പോളിടെക്നിക്
7. ദേശീയ വിദ്യാഭ്യാസ മിഷനുവേണ്ടി ഐ.സി.ടി യിലുള്ള കണക്റ്റിവിറ്റി

..............................................

## 12. സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം

**I. സംയോജിത ശിശു വികസന സേവന പദ്ധതി (ICDS) നടത്തി വരുന്ന പ്രവർത്തനങ്ങൾ**

- 0–6 വയസ്സ് വരെയുള്ള ശിശുക്കൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, എന്നിവർക്ക് അനുപൂരക പോഷകാഹാരം
- കുട്ടികൾക്ക് പ്രീ-സ്കൂൾ വിദ്യാഭ്യാസം
- ആരോഗ്യ-ശുചിത്വ പോഷണ പ്രവർത്തനങ്ങൾ
- പ്രതിദിന ഗൃഹസന്ദർശനം (അങ്കണവാടി വർക്കർമാർ)
- വർഷം തോറും കുടുംബ സർവ്വെ (ICDS സർവ്വെ)
- ആരോഗ്യ-ശുചിത്വ പോഷണ പ്രവർത്തനങ്ങൾകൂടാതെ വയോജനക്ഷേമം കൗമാരപ്രായക്കാരുടെ ശാക്തീകരണം, കുട്ടികളുടെ വൈകല്യങ്ങൾ തിരിച്ചറിയൽ
- ബന്ധപ്പെടേണ്ട സ്ഥാപനങ്ങൾ - അങ്കണവാടി, ഗ്രാമപഞ്ചായത്ത് ഓഫീസ്, ICDS സൂപ്പർവൈസർ, ICDS പ്രൊജക്ട് ഓഫീസ്

**II. ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം (ICPS)**

കുട്ടികളുടെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

- അനാഥ-അഗതി മന്ദിരങ്ങൾ
- തെരുവ് കുട്ടികളുടെ പുനരധിവാസം
- ചിൽഡ്രൻസ് ഹോം
- ഒബ്സർവേഷൻ ഹോം
- സ്പെഷൽ ഹോംസ്
- പ്രത്യേക പ്രവർത്തനങ്ങൾ
- ചൈൽഡ് പ്രൊട്ടക്ഷൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (CPMIS)
- Missing Child Network
- അഡോപ്ഷൻ ഏജൻസി
- അമ്മത്തൊട്ടിൽ
- ചൈൽഡ് ലൈൻ
- ശൈശവ വിവാഹ നിരോധനം, ബാലപീഡനം, ചൂഷണം ഇവയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ
- ജില്ലാതലത്തിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി (DCPS)യാണ്. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടാണ് ഈ സൊസൈറ്റിയുടെ ചെയർമാൻ
- ബന്ധപ്പെടേണ്ട സ്ഥാപനം : സാമൂഹ്യനീതി വകുപ്പിന്റെ അതാതു തലങ്ങളിലുള്ള ഓഫീസുകൾ

## III. സബല (Rajiv Gandhi Scheme for Empowerment of Adolescent Girls (RGSEAG)

11 മുതൽ 18 വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികളുടെ സമഗ്ര വികസന ശാക്തീകരണ അസമത്വങ്ങൾ കാലേക്കൂട്ടി ഇല്ലായ്മ ചെയ്യുന്നതിനുള്ള പദ്ധതി

**പ്രവർത്തനങ്ങൾ**

- അർഹരായ പെൺകുട്ടികൾക്ക് അങ്കണവാടികൾ മുഖേന പോഷകാഹാരം
- അങ്കണവാടികളോടനുബന്ധിച്ച് കുമാരി ക്ലബ്ബുകൾ (കിശോരി സമൂഹ്)രൂപീകരിച്ച് പ്രവർത്തിപ്പിക്കൽ
- ആരോഗ്യം, ശുചിത്വം, പോഷണം, ARSH (adolescent Reproductive Sexual Health), ശിശു പരിചരണം തുടങ്ങിയവയിൽ കൗമാര പെൺകുട്ടികൾക്ക് ബോധവത്ക്കരണവും ജീവിത നൈപുണി വിദ്യാഭ്യാസവും

## IV. ദീനദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം

ഭിന്നശേഷിയുള്ളവർക്ക് വിദ്യാഭ്യാസം, തൊഴിൽ പരിശീലനം കമ്മ്യൂണിറ്റി ബേസ്ഡ് റീ ഹാബിലിറ്റേഷൻ, Early Intervention തുടങ്ങി പല മേഖലകളിലും ഗ്രാന്റ് നൽകുന്ന കേന്ദ്ര പദ്ധതിയാണിത്. താഴെപറയുന്ന പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

- പ്രീസ്കൂൾ വിദ്യാഭ്യാസം
- പ്രത്യേക സ്കൂളുകൾ
- വൊക്കേഷണൽ ട്രെയിനിംഗ്
- കമ്മ്യൂണിറ്റി ബേസ്ഡ് റീഹാബിലിറ്റേഷൻ

- മാനവശേഷി വികസനം ( പരിശീലനം)
- മനോരോഗ ബാധിതരുടെ പുനരധിവാസം
- കുഷ്ഠരോഗ വിമുക്തർക്കായുള്ള പരിപാടി

### V. ഉജ്ജ്വല

ലൈംഗീക ചൂഷണത്തിന് വിധേയരാകുന്ന സ്ത്രീകളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതി.

- രജിസ്റ്റർ ചെയ്ത സന്നദ്ധ സംഘടനകൾക്ക് ഗ്രാന്റ് ലഭിക്കുന്നു.
- സ്ത്രീകളേയും കുട്ടികളേയും ലൈംഗീക ചൂഷണം നടത്തുന്നതിനായി കടത്തി കൊണ്ടു പോകുന്നത് തടയുക
- ലൈഗീക ചൂഷണം നടത്തുന്ന സ്ഥലങ്ങളിൽ നിന്നും സ്ത്രീകളേയും കുട്ടികളേയും രക്ഷിച്ച് സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുക
- ചൂഷണത്തിനിരയായവർക്ക് താമസ സ്ഥലം, ഭക്ഷണം, വസ്ത്രം, നിയമ സഹായം, കൗൺസിലിംഗ്, വൈദ്യസഹായം എന്നിവ ലഭ്യമാക്കുക
- ഇരകളെ സമൂഹമായും കുടുംബങ്ങളുമായും കൂട്ടിച്ചേർക്കുക
- അന്യരാജ്യക്കാരായ ഇരകളെ അവരുടെ സ്വദേശത്ത് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

### VI. Working Women's Hostel

ഹോസ്റ്റർ നിർമ്മിക്കുന്നതിന് സന്നദ്ധ സംഘടനകൾക്കും പഞ്ചായത്ത് രാജ് സ്ഥാപന ങ്ങൾക്കും ഗ്രാന്റ് ലഭിക്കുന്നു. തൃശ്ശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളിൽ നിന്നുള്ള അപേക്ഷകൾ സാമൂഹ്യനീതി വകുപ്പും മറ്റ് ജില്ലകളിലെ അപേക്ഷകൾ സോഷ്യൽ വെൽഫെയർ ബോർഡും സ്വീകരിക്കുന്നു.

### VII. മദ്യം മയക്കുമരുന്ന് ദുരുപയോഗ പ്രതിരോധം

**(Prevention of Acoholism and Substance Abise)**

തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും സന്നദ്ധ സ്ഥാപനങ്ങൾക്കും മദ്യം മയക്കുമരുന്ന് പ്രതി രോധ ചികിത്സാക്കായുള്ള ഗ്രാന്റിന് അർഹതയുണ്ട്. ആസക്തി വിമോചന ചികിത്സക്കായി താഴെപറയുന്ന ഉപപദ്ധതികൾ നിലവിലുണ്ട്

- Treatment cum Rehabilitaion centre
- Work place prevention programme
- Drug awareness counselling
- Manpower development
- De addiction Camps
- Awareness Programme
- Innovative Community Based Rehabilitation
- Survey, Studies, research

**ലക്ഷ്യങ്ങൾ**

- മദ്യ മയക്ക് മരുന്ന് വിമോചനത്തിനും പുനരധിവസിപ്പിക്കുന്നതിനും പ്രവർത്തിക്കുന്ന സംഘടനകളെ പിന്തുണക്കുക
- മദ്യവും മയക്ക് മരുന്നും കുടുംബത്തിലും വ്യക്തികൾക്കും സമൂഹത്തിനും ഉണ്ടാകുന്ന വിപത്തുകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുക
- മദ്യം മയക്ക്മരുന്ന് ഉപയോഗം തടയുന്നതിനും ഇരകളെ പുനരധിവസിപ്പിക്കുന്നതിനും നല്ല മാതൃകകൾ വികസിപ്പിച്ചെടുക്കുക
- ലഹരി ഉപയോഗം കണ്ടെത്തുന്നതിനും, ലഹരിവിമുക്തമാക്കുന്നതിനും, കൗൺസിലിംഗ് നൽകുന്നതിനും, പുനരധിവസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുക
- ലഹരി പദാർത്ഥങ്ങളുടെ ആവശ്യകത ഉറപ്പാക്കുന്നതിനായി സമൂഹത്തിന്റേയും പൊതുജനങ്ങളുടേയും പങ്കാളിത്തം ഉറപ്പു വരുത്തുക
- ലഹരി വിമുക്ത പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകളും സർക്കാരും തമ്മിൽ നല്ല ഒരു ബന്ധം ഉണ്ടാക്കുക

**VIII. ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ**

അർഹത

60 വയസ്സ് തികഞ്ഞ അഗതികൾ

ഭിക്ഷാടകർക്കും, ശരണാലയങ്ങളിൽ താമസിക്കുന്നവർക്കും മറ്റ് പെൻഷനുകൾ ലഭിക്കുന്നവർക്കും അർഹതയില്ല

പെൻഷൻ തുക- 60-79 - 500 രൂപ

80 ന് മുകളിൽ - 1100 രൂപ

നിശ്ചിത ഫോറത്തിൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം. സ്ഥിര താമസം, വയസ്സ് എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ നൽകണം. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണം. 30 ദിവസത്തിനകം ഭരണസമിതി തീരുമാനമെടുക്കണം. അപേക്ഷ നിരസിച്ചാൽ ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാം.

വിധവാ പെൻഷൻ, വികലാംഗ പെൻഷൻ ലഭിക്കുന്നവരെ 60 വയസ്സ് പൂർത്തിയായാൽ തുടർന്ന് വാർദ്ധക്യകാല പെൻഷന്റെ പരിധിയിലാണ് പെടുത്തേണ്ടത്.

**IX. ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ**

അർഹത

ബി.പി.എൽ കുടുംബത്തിൽപെട്ട 40 മുതൽ 59 വയസ്സ് വരെ (60 വയസ്സ് പൂർത്തിയായാൽ വാർദ്ധക്യകാലപെൻഷനിലേക്ക് മാറ്റണം അതിന് അപേക്ഷ വേണ്ട) പ്രായമുള്ള വിധവകൾ (7 വർഷമായി ഭർത്താവിനെ കാണാതായ സംഗതികളിൽ വിധവയായി കണക്കാക്കാം.)

ഭിക്ഷാടനം നടത്തുന്നവർ, ശരണാലയങ്ങളിൽ കഴിയുന്നവർ, മറ്റ് പെൻഷനുകൾ ലഭിക്കുന്നവർ എന്നിവർ അർഹരല്ല

പെൻഷൻ തുക - 700 രൂപ

നിശ്ചിത ഫോറത്തിൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം. സ്ഥിരതാമസം, വയസ്സ്, വൈധവ്യം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കണം. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണം. 30 ദിവസത്തിനകം രണസമിതി തീരുമാനമെടുക്കണം. അപേക്ഷ നിരസിച്ചാൽ ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാം.

## X. ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ

അർഹത

40%ൽ കൂടുതൽ വികലാംഗത്വമുള്ള ബി.പി.എൽ കുടുംബത്തിൽപ്പെട്ട 18 നും 59 നും ഇടയിൽ പ്രായമുള്ളവർ (60 വയസ്സ് കഴിഞ്ഞാൽ വാർദ്ധക്യകാല പെൻഷൻ സ്കീമിലേക്ക് മാറ്റണം. ഇതിന് പ്രത്യേക അപേക്ഷ വേണ്ട), ഭിക്ഷാടനം നടത്തുന്നവർ, ശരണാലയങ്ങളിൽ കഴിയുന്നവർ, മറ്റ് പെൻഷനുകൾ ലഭിക്കുന്നവർ എന്നിവർ അർഹരല്ല.

പെൻഷൻ തുക - 700 രൂപ

80 %ന് മുകളിൽ വികലാംഗത്വമുള്ളവർ - 1000 രൂപ

നിശ്ചിത ഫോറത്തിൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകണം. സ്ഥിരതാമസം, വയസ്സ്, വികലാംഗത്വം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കണം. വില്ലേജ് എക്സറ്റൻഷൻ ഓഫീസറോ അന്വേഷണം നടത്തി റിപ്പോർട്ട് നൽകണം. 30 ദിവസത്തിനകം ഭരണ സമിതി തീരുമാനമെടുക്കണം. അപേക്ഷ നിരസിച്ചാൽ ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാം.

## XI. ദേശീയ കുടുംബക്ഷേമ പദ്ധതി (National Family Benefit Scheme)

ബി.പി.എൽ കുടുംബത്തിലെ മുഖ്യവരുമാനക്കാരനായ/വരുമാനക്കാരിയായ വ്യക്തി മരണപ്പെടുമ്പോൾ ദുരിതമനുഭവിക്കുന്ന കുടുംബത്തിലെ ആശ്രിതന് 10000 രൂപ ധനസഹായം നൽകുന്ന പദ്ധതി

മരണം നടന്ന് ഒരു മാസത്തിനകം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകണം. (അപേക്ഷ നൽകുന്നതിന് 3 മാസം വരെയുണ്ടാകുന്ന കാലതാമസം കളക്ടർക്ക് മാപ്പാക്കാം) വില്ലേജ് ഓഫീസർ വഴി അന്വേഷണം നടത്തിയ ശേഷം ജില്ലാ കളക്ടർ തുക അനുവദിക്കുന്നു.

## XII. ആം ആദ്മി ഭീമാ യോജന (AABY)

ഭൂരഹിതർ/5 സെന്റ് വരെ ഭൂമിയുള്ള സംഘടിത മേഖലയിൽ ജോലിയില്ലാത്ത കുടുംബങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി. കുടുംബശ്രി മിഷൻ യോഗ്യതയുള്ളവരുടെ ലിസ്റ്റ് തൊഴിൽ വകുപ്പിന് നൽകുന്നു. ഗ്രാമപഞ്ചായത്ത് സഹായത്തോടെ അസി. ലേബർ കമ്മീഷണർ ലിസ്റ്റ് തയ്യാറാക്കുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി/വി.ഇ.ഒ യോഗ്യത സർട്ടിഫൈ ചെയ്യുന്നു. തിരഞ്ഞെടുക്കപ്പെടുന്നവരെ ഇൻഷുറൻസ് സ്കീമിൽ ചേർക്കുന്നു. LIC മുഖേനയാണ് ഇൻഷുറൻസ് ലഭിക്കുന്നത്.

**ധനസഹായം**

കുടുംബനാഥൻ/നാഥയുടെ സ്വാഭാവിക മരണം - 30000 രൂ

കുടുംബനാഥൻ/നാഥയുടെ അപകട മരണം - 75000 രൂ

പൂർണ്ണ അംഗവൈകല്യം സംഭവിച്ചാൽ - 75000 രൂ
ഭാഗിക അംഗവൈകല്യം സംഭവിച്ചാൽ - 37500 രൂ

കൂടാതെ രണ്ട് കുട്ടികൾക്ക് 9-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്നതിന് പ്രതിമാസം 100 രൂപ വീതം വർഷത്തിൽ രണ്ട് ഗഡുക്കളായി നൽകുന്നു.

### XIII. സ്വാധാർ (SWADAR)

പ്രയാസകരമായ ജീവിതസാഹചര്യങ്ങൾ നേരിടേണ്ടി വരുന്ന വിധവകൾ, ഉപേക്ഷിക്കപ്പെടുന്നവർ, അഗതികൾ, പ്രകൃതിക്ഷോ ഇരകൾ, ആക്രമണത്തിന് വിധേയരാകുന്നവർ എന്നീ വിഭാഗത്തിൽപ്പെടുന്ന സ്ത്രീകൾക്ക് സംരക്ഷണവും കൗൺസിലിംഗും സാമ്പത്തിക പുനരധിവാസവും ഏർപ്പാടാക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. പാർപ്പിടം, സ്വയംതൊഴിൽ എന്നിവ നൽകുന്നു. കൂടാതെ ഇവരെ സ്വതന്ത്രമായി ജീവിക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്യുന്നു.

### XIV. സ്ത്രീകൾക്കുളള താത്ക്കാലിക താമസസൗകര്യങ്ങൾ

ജീവിതമാറ്റങ്ങൾ, കുടുംബപ്രശ്നങ്ങൾ എന്നിവ മൂലം പലപ്പോഴും സ്ത്രീകൾക്ക് വീട് വിടേണ്ടിവരുകയും നഗരപ്രദേശങ്ങളിൽ സുരക്ഷിതമായ താമസവും സുരക്ഷയും ആവശ്യമായി വരുകയും ചെയ്യുന്നതിന് പരിഹാരമായി സന്നദ്ധസംഘടനകൾക്ക് സഹായത്തോടെ സാമൂഹ്യനീതി വകുപ്പ് വഴി ഫർണീച്ചർ, ഉപകരണങ്ങൾ എന്നിവക്കായി 450000/- രൂപ ഗ്രാന്റായി നല്കുന്ന പദ്ധതിയാണിത്. ഗുണഭോക്താക്കൾ 15 മുതൽ 35 വയസ്സുവരെ പ്രായമുളളപീഡനങ്ങൾക്ക് വിധേയരായവരോ വിധേയരാകുമെന്ന് സംശയിക്കപ്പെടുന്നവരോ ആകണം.

### XV. കണ്ടിഷണൽ മെറ്റേണിററി ബനിഫിറ്റ് സ്കീം (ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന (IGMSY)

ഈ പദ്ധതി പ്രകാരം അംഗൻവാടിയിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളതും നിബന്ധനകൾ പാലിച്ചിട്ടുള്ളതുമായ ഗർ ിണികളായ സ്ത്രീകൾക്ക് നാലാം മാസം 2000 രൂപയും പ്രസവാനന്തരം മൂന്നാം മാസം 2000 രൂപയും ആറാം മാസം 2000 രൂപയും ഉൾപ്പടെ ആകെ 6000 രൂപ നിശ്ചിത നിബന്ധനകൾ പാലിക്കുന്നത് ഉറപ്പാക്കി ഗർ സ്ഥ, മുലയൂട്ടൽ കാലയളവിൽ നൽകുന്നതാണ്. കേന്ദ്രസർക്കാർ വിമൻ & ചൈൽഡ് ഡെവലപ്പ്മെന്റ് 09/5/2010 കഏങ്ങടഥ തീയതി 8.11.2010 പ്രകാരം പദ്ധതി ഉത്തരവായിട്ടുള്ളതാണ്. ഇതിലേക്കായി ഗർ ിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പദ്ധതിയുടെ ഗുണം ല ്യമാകുന്നു. കേന്ദ്ര സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പാലക്കാട് ജില്ലയാണ് പരിപാടിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. പാലക്കാട് ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക കേന്ദ്രസർക്കാരിൽ നിന്ന് ല ിക്കുന്നതാണ്.

### XVI. കാര്യകർത്ര ബീമായോജന

അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവർക്ക് വേണ്ടിയുള്ള ഒരു കേന്ദ്രാവിഷ്കൃത ഇൻഷുറൻസ് പദ്ധതിയാണിത്. എൽ.ഐ.സി മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 200 രൂപയാണ് പ്രീമിയം. ഇതിൽ 100 രൂപ എൽ ഐസിയുടെ സോഷ്യൽ സെക്യൂരിറ്റി ഫണ്ടിൽ നിന്നും 100 രൂപ ഗവൺമെന്റ് ഓഫ് ഇന്ത്യയുമാണ് വഹിക്കുന്നത്. അംഗങ്ങൾക്ക് ക്രിട്ടി

ക്കൽ ഇൽനെസ്സിന്റെ കവറേജായി 20000 രൂപ ല ിക്കുന്നതാണ്. എന്നാൽ ഈ ആനുകൂല്യ ത്തിന് വേണ്ടി അംഗങ്ങൾ വിഹിതം അടയ്ക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം അപകടം മൂലമല്ലാത്ത മരണം സം വിച്ചാൽ 30,000 രൂപയും അപകടമരണമോ അപകട ത്താൽ സ്ഥിരമായ വൈകല്യമോ സം വിച്ചാൽ 75,000 രൂപയും അപകടംകൊണ്ട് ഭാഗിക മായ അംഗവൈകല്യം സംഭവിച്ചാൽ 37,500 രൂപയും ആനുകൂല്യം ലഭിക്കുന്നതാണ്. കൂടാതെ 9-ാം ക്ലാസ്സ് തൊട്ട് 12-ാം ക്ലാസ്സ് വരെയുള്ള അംഗങ്ങളുടെ കുട്ടികളുടെ പഠനത്തിന് ത്രൈമാസ സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്. കാൻസർ തുടങ്ങിയുള്ള മാരക രോഗ ങ്ങൾക്ക് 20,000 രൂപയും അനുവദിക്കുന്നതാണ്.

## XVII. വൃദ്ധജനങ്ങൾക്കുള്ള സംയോജിത പദ്ധതി

ഇന്ത്യയിൽ വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നതും ഇവരെ ശരിയായ രീതിയിൽ സംരക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തയും കണക്കിലെടുത്ത് കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. വൃദ്ധജനങ്ങൾക്ക് ക്ഷേമ ത്തിനും സുരക്ഷിതത്വത്തിനും മാനസികോല്ലാസത്തിനും വൈദ്യസഹായത്തിനും ആവ ശ്യമായ സൗകര്യങ്ങൾ നൽകി ഇത്തരം ആളുകളെ ഉൽപ്പാദനപരവും ക്രിയാത്മകവുമായ വാർദ്ധക്യത്തിലേക്ക് നയിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കേന്ദ്രസർക്കാർ ധനസഹായം നൽകുന്നു. സംയോജിത സംരക്ഷണപദ്ധതിയിലുൾപ്പെടു ത്തിയിട്ടുള്ള വിവിധ പദ്ധതികളും പദ്ധതികളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

- **വൃദ്ധസദനങ്ങളുടെ നടത്തിപ്പ്**
  ഏറ്റവും കുറഞ്ഞത് 25 വൃദ്ധജനങ്ങളെ താമസ്സിപ്പിക്കുകയും അവർക്ക് നല്ല ഭക്ഷണം, വിനോദം, സംരക്ഷണം എന്നിവ സൗജന്യമായി നൽകുകയും ചെയ്യുന്ന വൃദ്ധജന ങ്ങൾക്ക് പ്രതിവർഷം 6,67,000 രൂപ വരെ കേന്ദ്ര ധനസഹായമായി നൽകുന്നു. അപേ ക്ഷകൾ അതാത് ജില്ലാ സാമൂഹ്യനീതി ആഫീസർമാർക്കാണ് സമർപ്പിക്കേണ്ടത്
- **ആശ്വാസകേന്ദ്രങ്ങളുടെയും തുടർസംരക്ഷണ കേന്ദ്രങ്ങളുടെയും നടത്തിപ്പ്**
  വൃദ്ധസദനങ്ങളിൽ കഴിയുന്നവർക്ക് അസുഖം ബാധിച്ചാൽ അവരെ ശുശ്രൂഷി ക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി നടത്തുന്ന ആശ്വാസകേന്ദ്രങ്ങൾക്ക് പ്രതി വർഷം 7,20,000 രൂപ വരെ സംരക്ഷണ ചെലവ് നൽകുന്നു.
  വൃദ്ധർക്കായി വിവിധ സേവനങ്ങൾ നൽകുന്ന കേന്ദ്രങ്ങൾ നടത്തുന്ന പദ്ധതി (റണ്ണിംഗ് മൾട്ടി സർവ്വീസ് സെന്റേഴ്സ് ഫോർ ഓൾഡർ പേഴ്സൺസ്)
  വൃദ്ധരുടെ പകൽ സംരക്ഷണകേന്ദ്രങ്ങളിൽ വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, സൗഹൃദബന്ധങ്ങൾ തുടങ്ങിയ സേവനങ്ങൾ നൽകുന്ന ചുരുങ്ങിയത് 50 പേരെ ങ്കിലും ഉള്ള കേന്ദ്രത്തിന് 4,06,000 രൂപ ധനസഹായമായി നൽകുന്നു
- **മെഡിക്കൽ കെയർ യൂണിറ്റ് നടത്തുന്നതിനുള്ള സഹായപദ്ധതി (മെയിന്റനൻസ് ഓഫ് മൊബൈൽ കെയർ യൂണിറ്റ്**
  ചേരിപ്രദേശങ്ങളിലും വികസനം എത്തിനോക്കാത്ത ഗ്രാമങ്ങളിലും യാതൊരു സൗക ര്യങ്ങളുമില്ലാതെ കഴിയുന്ന വൃദ്ധജനങ്ങൾക്ക് മാത്രമായി ഈ പദ്ധതി പരിമിതപ്പെടു ത്തിയിരിക്കുന്നു. ഈ പദ്ധതിപ്രകാരം ചുരുങ്ങിയത് 400 പേർക്കെങ്കിലും ഒരു മാസം

സഹായമെത്തിച്ചിരിക്കണം. വയോജനക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും, വയോജനങ്ങൾക്കും സൗജന്യ ചികിത്സ നൽകുന്ന സ്ഥാപന ങ്ങൾക്കും ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, മെഡിക്കൽ കോളേജുകൾ എന്നിവയ്ക്കും പ്രതിവർഷം 2,96,000 രൂപ സംസ്ഥാനസർക്കാരിന്റെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന അന്വേഷണ റിപ്പോർട്ട് അടിസ്ഥാനമാക്കി ധനസഹായം നൽകുന്നു.

- **സ്മൃതിനാശം ബാധിച്ച വൃദ്ധജനങ്ങളെ സംരക്ഷിക്കുന്ന പകൽപരിപാലനകേന്ദ്ര ങ്ങൾക്കുള്ള ധനസഹായപദ്ധതി (റണ്ണിംഗ് ഡേ കെയർ സെന്റർ ഫോർ അൾഷി മേഴ്സ് ഡിസീസ്/ ഡിമൻഷ്യാ പേഷ്യന്റ്സ്)**

  വാർദ്ധക്യത്തിൽ സ്മൃതിനാശം സംഭവിച്ച വൃദ്ധജനങ്ങൾക്ക് ആശ്വാസം പകരുന്ന വിധത്തിലുള്ള പകൽ പരിപാലനകേന്ദ്രങ്ങൾ തുടങ്ങുന്നതിനും ആയത് പരിപാലി ച്ചുകൊണ്ട് പോകുന്നതിനും നൽകുന്ന ധനസഹായ പദ്ധതിയാണിത്. കുറഞ്ഞത് 20 പേരെ സംരക്ഷിക്കുന്ന പകൽ പരിപാലനകേന്ദ്രങ്ങൾക്ക് പ്രതിവർഷം 9,78,000 രൂപ ധനസഹായമായി നൽകുന്നു.

- **ഫിസിയോ തെറാപ്പി ക്ലീനിക്കുകൾക്കുള്ള ധനസഹായം**

  വൃദ്ധജനങ്ങൾക്കുള്ള ഫിസിയോ തെറാപ്പി ക്ലീനിക്കുകൾ നടത്തുന്ന സന്നദ്ധസം ഘടനകൾക്ക് /മെഡിക്കൽ കോളേജുകൾക്ക്, നഴ്സിംഗ് ഹോമുകൾ, ആശുപത്രി കൾ എന്നിവയ്ക്ക് മിനിമം 50 പേർക്കുള്ള വാർഷിക ധനസഹായമായി 7,00,000 രൂപ ധനസഹായമായി നൽകുന്നു.

- **വികലാംഗസഹായ ഉപകരണങ്ങൾ, ശ്രവണസഹായി എന്നിവ നൽകുന്നതിനുള്ള ക്യാമ്പ് നടത്തുന്നതിനുള്ള സഹായപദ്ധതി**

  വയോജനങ്ങൾക്ക് വികലാംഗ സഹായ ഉപകരണങ്ങൾ, ശ്രവണസഹായ ഉപകര ണങ്ങൾ എന്നിവ സൗജന്യമായി നൽകുന്നതിനുമുള്ള ക്യാമ്പുകൾ സംഘടിപ്പിക്കു ന്നതിന് ക്യമ്പ് ഒന്നിന് 1,60,000 രൂപ നിരക്കിൽ മെഡിക്കൽ കോളേജുകൾ, ചാരിറ്റ ബിൾ ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ എന്നിവയ്ക്കും വയോജനക്ഷേമരം ഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്കും നൽകുന്നു.

- **വൃദ്ധജനങ്ങൾക്ക് ശാരീരിക മാനസികാരോഗ്യസംരക്ഷണ പദ്ധതി (മെഡിക്കൽ ഹെൽത്ത് കെയർ ആന്റ് സ്പെഷ്യലൈസ്ഡ് കെയർ ഫോർ ഓൾഡർ പേഴ്സൺസ്)**

  വൃദ്ധജനങ്ങളുടെ ശാരീരിക മാനസികാരോഗ്യ സംരക്ഷണത്തിനായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, മെഡിക്കൽ കോളേ ജുകൾ എന്നിവയ്ക്കും വയോജനക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘട നകൾക്കും ക്യാമ്പ് ഒന്നിന് 9500 രൂപ നിരക്കിൽ നൽകുന്നു.

- **വൃദ്ധജനങ്ങൾക്ക് കൗൺസിലിംഗ് ഹെൽപ്പ്ലൈൻ എന്നിവ നടത്തുന്നതിന് ധന സഹായം**

  വയോജനങ്ങൾക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ, ഹെൽപ്പ്ലൈൻ എന്നിവ ഏർപ്പാടാക്കുന്നതിന് ഈ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്കും,

ചാരിറ്റബിൾ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവയ്ക്കും പ്രതിവർഷം 5,72,000 രൂപ ധനസഹായമായി നൽകുന്നു.

- **സ്ക്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള അവബോധം**
  വൃദ്ധജനങ്ങളുടെ മാനസികവും ബൗദ്ധികവും ശാരീരികവുമായ പ്രശ്നങ്ങളെ സംബന്ധിച്ച് സ്ക്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് 3,87,000 രൂപ ധനസഹായമായി നൽകുന്നു.
- **മേഖല അടിസ്ഥാനത്തിലുള്ള പരിശീലനകേന്ദ്രങ്ങൾക്കുള്ള ധന സഹായം**
  വയോജനരംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മേഖലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന റിസോഴ്സ് ആന്റ് ട്രെയിനിംഗ് സെന്ററിന് 7,79,000 രൂപ ധനസഹായമായി നൽകുന്നു.
- **വൃദ്ധജനങ്ങൾക്ക് സംരക്ഷണം നൽകുന്നവർക്കുള്ള പരിശീലനപരിപാടികൾക്ക് നൽകുന്ന ധനസഹായം**
  വയോജനങ്ങളെ സംരക്ഷിക്കുന്നവർക്ക് മികച്ച പരിശീലനം നൽകുന്ന പരിപാടി. പ്രതിവർഷം 3,96,000 രൂപ ധനസഹായമായി നൽകുന്നു.
- **വയോജനങ്ങൾക്ക് ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിനുള്ള ധനസഹായം**
  ദൃശ്യ/ശ്രവ്യ മാധ്യമങ്ങളിലൂടെ വൃദ്ധജനങ്ങൾക്ക് ബോധവൽക്കരണം.
  മേൽ പദ്ധതികളുടെ വിശദവിവരങ്ങൾ www.socialjustice.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്

**ഓൾഡ് ഏജ് ഹോം, ഡേകെയർ സെന്റർ എന്നിവകൾ ആരംഭിക്കുന്നതിന് പഞ്ചായത്തുകൾക്കുള്ള ധനസഹായ പദ്ധതി**

25 അന്തേവാസികൾക്ക് പ്രവേശനത്തിനുള്ള സൗകര്യമുള്ള വൃദ്ധസദനങ്ങൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. ഡേ കെയർ സെന്റർ ആണെങ്കിൽ 50 പേർക്കുള്ള സൗകര്യം ഉണ്ടായിരിക്കണം. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ നടത്തുന്ന വൃദ്ധസദനങ്ങൾ, ഡേ കെയർ സെന്ററുകൾ എന്നിവയ്ക്കാണ് തുക അനുവദിക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതിക്ക് വേണ്ടി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. ഇതു സംബന്ധിച്ച അപേക്ഷ ജില്ലാ സാമൂഹ്യനീതി ആഫീസർക്ക് നൽകേണ്ടതാണ്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ആഫീസുകളിലും ലഭിക്കും. കൂടാതെ വെബ്സൈറ്റിൽ (www.swd.kerala.gov.in) നിന്നും വിവരങ്ങൾ ലഭ്യമാണ്

............................

## 13: പട്ടികജാതി /പട്ടികവർഗ്ഗ മറ്റ് പിന്നോക്ക ന്യൂനപക്ഷ വികസനം

### A. പട്ടികജാതി വികസനം

### I. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസം

- കേരളത്തിലെ പട്ടികജാതി വിഭാഗങ്ങളായി അംഗീകരിച്ചിട്ടുള്ള പോസ്റ്റ്മോട്രിക് വിദ്യാർത്ഥികൾ.

- മാതാപിതാക്കളുടെ വരുമാനം 2 ലക്ഷം രൂപയിൽ കുറവുള്ളവർ

**സ്കീമുകൾ**

a) ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും പ്ലസ് വൺ മുതൽ പി.എച്ച്.ഡി വരെ പഠനം നടത്തുന്ന വർക്ക് 500 രൂപ സ്റ്റൈപ്പന്റ് നൽകുന്നു. 8 കി.മീ കൂടുതൽ യാത്രചെയ്യുന്നവർക്ക് 600 രൂപ ആണ് ലംപ്സംഗ്രാന്റ് നിരക്ക്. പ്ലസ്ടു 900 രൂപ, ഡിഗ്രി 950 രൂപ, പി.ജി 1250 രൂപ. പ്രൊഫഷണൽ കോഴ്സുകൾ-350 രൂപ മുതൽ 2500 രൂപ വരെ കോഴ്സ് അനുസരിച്ച്. നിലവിൽ ടി ആനുകൂല്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ എ.ടി.എമ്മുകൾ വഴി, ഇ-ഗ്രാന്റ്സ് എന്ന പേരിൽ വിതരണം ചെയ്യുന്നു.

b) പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ- 18 ഹോസ്റ്റലുകൾ വകുപ്പ് നടത്തുന്നു. അന്തേവാസി കൾക്ക് ക്ഷണത്തിനായി പ്രതിമാസം 2300 രൂപ, പോക്കറ്റ് മണിയായി 100-130 രൂപ നൽകുന്നു. അംഗീകൃതഹോസ്റ്റലുകളിൽ പഠിക്കുന്നവർക്കും ആനുകൂല്യം നൽകുന്നു. ഹോസ്റ്റൽ സൗകര്യമില്ലാത്ത പ്രൊഫഷണൽ സ്ഥാപനത്തിൽ പഠിക്കുന്നവർക്ക് ബോർഡിംഗ് ഗ്രാന്റായി 1500 രൂപ നൽകുന്നു.

c) പ്രത്യേകപ്രോത്സാഹന സമ്മാനം - വിവിധ പരീക്ഷയിൽ ഉന്നതവിജയം നേടിയ വിദ്യാർ ത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു. ഡിസ്റ്റിംഗഷൻ ഗ്രേഡ്, ഫസ്റ്റ് ക്ലാസ് ഗ്രേഡ് എന്നിങ്ങനെ എസ്.എസ്.എൽ.സി മുതൽ പി.ജി മറ്റ് പ്രൊഫഷണൽകോഴ്സുകൾ വരെ യുള്ളവർക്ക് 1500 രൂപ മുതൽ 10,000 രൂപ വരെ നൽകുന്നു.

d) റാങ്ക് ജേതാക്കൾക്ക് സ്വർണ്ണമെഡൽ - പ്ലസ്ടു, എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ പ്ലസ് ഗ്രേഡ് , മെഡിക്കൽ/എൻജിനീയറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യ റാങ്കുകളിൽ വരുന്നവർക്ക് അരപവൻ സ്വർണ്ണനാണയം നൽകു ന്നു.

e) ക്ഷേത്രപ്രവേശന വിളംബരസ്മാരക സ്കോളർഷിപ്പ്-ഡിഗ്രി, പി.ജി, എൽ.എൽ.ബി, മെഡിക്കൽ, എഞ്ചിനീയറിംഗ് പഠനം നടത്തുന്ന അർഹരായവർക്ക് സ്കോളർഷിപ്പ് നൽകുന്നു.

f) സ്വാശ്രയസ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം -മെറിറ്റിലൊ റിസർവേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നൽകുന്നു. കൂടാതെ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നി വയും നൽകുന്നു.

h) ഈവനിംഗ് കോഴ്സ് പഠിക്കുന്നവർക്ക് ധനസഹായം- സർക്കാർ, സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ഫീസ് അനുവദിക്കുന്നു.

i) വിദൂര വിദ്യഭ്യാസത്തിനുള്ള സഹായം - യൂണിവേഴ്സിറ്റി കറസ്പോണ്ടൻസ് കോഴ്സ് പഠിക്കുന്നവർക്ക് ഫീസ് അനുവദിക്കുന്നു.

j) സംസ്ഥാനത്തിന് പുറത്ത് പഠനം നടത്തുന്നവർക്ക് ആനുകൂല്യം - സംസ്ഥാനത്തിന് പുറത്ത് അംഗീകൃത സ്ഥാപനങ്ങളിൽ മെറിറ്റ്/ റിസർവേഷൻ സിറ്റിൽ പ്രവേശനം നേടിയവർക്ക് ഫീസ് ആനുകൂല്യം നൽകുന്നു.

k) ഭാരതത്തിന് വെളിയിൽ പഠിക്കുന്നവർക്കുള്ള ധനസഹായം - അപേക്ഷ മെറിറ്റ് അടി സ്ഥാനത്തിൽ പരിശോധിച്ച് 5 ലക്ഷം വരെ അനുവദിക്കുന്നു.

l) പാരലൽകോളേജ് പഠനത്തിനുള്ള ധനസഹായം - സർക്കാർ/ എയ്ഡഡ് സ്ഥാപനത്തിൽ പ്ലസ്ടു, ഡിഗ്രി, പി.ജി. കേഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ എല്ലാ ആനുകൂല്യവും നൽകുന്നു.

m) എൻ.സി.വി.ടി/ അംഗീകൃത വൊക്കേഷണൽ സ്ഥാപനങ്ങൾ - വിവിധ ട്രേഡുകളിൽ പരിശീലനം നൽകുന്ന 44 ഇൻഡസ്ട്രീയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ.ടി.ഐ) വകുപ്പ് നേരിട്ട് നടത്തുന്നു. കൂടാതെ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും, യൂണിഫോം അടക്കമുള്ള എല്ലാ ആനുകൂല്യവും നൽകുന്നു.

n) പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ - നാല് സെന്ററുകൾ പ്രവർത്തിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപ്പന്റോടു കൂടിയ പരിശീലനം, മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ പരിശീലനം, ജോബ് ഓറിയന്റഡ് കോഴ്സുകൾ എന്നിവയും നടത്തുന്നു.

o) സിവിൽ സർവ്വീസ് അക്കാഡമി-തിരുവനന്തപുരം, മാർച്ച് മാസത്തിൽ അപേക്ഷ ക്ഷണിക്കുകയും, പ്രാഥമിക സെലക്ഷൻ പരീക്ഷയിൽ പാസ്സാകുന്നവർക്ക്, സൗജന്യ താമസ സൗകര്യം, പുസ്തക അലവൻസ് - 3000 രൂപ; പ്രതിമാസ ഭക്ഷണത്തിന് 1500 രൂപ; പോക്കറ്റ് മണി 250 രൂപ എന്നിവയും നൽകുന്നു.

p) പാരാമെഡിക്കൽ സ്ഥാപനങ്ങൾ- തിരുവനന്തപുരം,തൃശൂർ മെഡിക്കൽ കോളേജുകളിൽ രണ്ടു പാരാമെഡിക്കൽ സ്ഥാപനങ്ങൾ, കുഴൽമന്ദത്ത് ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്, പയ്യന്നൂരിൽ ഡി.എം.എൽ.റ്റി. കോഴ്സ് എന്നിവ പ്രവേശനം നേടുന്നവർക്ക് എല്ലാ വിധ വിദ്യാഭ്യാസ ആനുകൂല്യവും നൽകുന്നു.

q) സെന്റർഫോർ റിസർച്ച് ആൻഡ് എഡ്യുക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ- മത്സരശേഷി വർദ്ധിപ്പിക്കുന്നതിന് കോർപ്പറേറ്റ് മേഖലയിൽ ജോലി ലഭിക്കുന്നതിന് വേണ്ട പരിശീലനം നൽകുന്നു. 4 മാസം നീണ്ടു നൽക്കുന്ന കോഴ്സിൽ പോസ്റ്റ് ഗ്രാജുവേറ്റ്, ഡിഗ്രി തലത്തിലുള്ള പ്രൊഫഷണൽ കോഴ്സ് കഴിഞ്ഞവർക്ക് യൂണിഫോം, താമസം, സ്റ്റൈഫന്റ് എന്നിവ നൽകുന്നു. കോഴിക്കോട് കീർത്താഡ്സ് കാമ്പസിലാണ് ആസ്ഥാനം.

r) മോഡൽ റസിഡൻഷ്യൽ പോളി ടെക്നിക്ക്, പാലക്കാട്. മുപ്പത് കുട്ടികൾക്ക് പ്രവേശനം. സാങ്കേതിക വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിനായിട്ടാണ് ഈ സ്ഥാപനം.

s) ബുക്ക് ബാങ്ക് സ്കീം - പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകം ലഭിക്കുന്ന പദ്ധതി.

t) പഠനനിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതി - 9 മുതൽ 12 -ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളെ മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾ വിജയിപ്പിക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി തെരെഞ്ഞെടുക്കുന്ന വിദ്യാർത്ഥികളെ ബോഡിംഗ് സ്ക്കൂളിൽ പഠിപ്പിച്ച് പ്രത്യേക പരശീലനം നൽകുന്നു. ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ, ഡയറക്ടറേറ്റ് എന്നിവർ പരിപാടികൾ മോണിറ്ററിംഗ് ചെയ്യുന്നു.

II. മിശ്രവിവാഹക്ലേശം അനുഭവിക്കുന്നവർക്ക് ധനസഹായം - 40,000 രൂപയിൽ കുറവ് വരുമാനമുള്ളവർക്ക് മാത്രം

III. ഭൂമി വാങ്ങാനുള്ള ധനസഹായം- സംസ്ഥാനത്ത് ബി.പി.എൽ പട്ടികയിൽ ഉള്ളവരും ഭൂരഹിതരും കൃഷിഭൂമി ഇല്ലാത്തവരുമായവർ

IV. പരിശീലനങ്ങൾ- തൊഴിൽലഭ്യത ഉറപ്പാക്കുന്നതിന് പട്ടികജാതി വിഭാഗങ്ങൾക്ക് വിവിധ പരിശീലനങ്ങൾ നല്കുന്നു

V. കോർപ്പറേഷൻ പദ്ധതികൾ -വായ്പാ

(1) എൻ.എസ്.സി.എഫ്.ഡി.സി പദ്ധതികൾ

| ക്രമ നം | പദ്ധതിയുടെ പേര് | പദ്ധതി യുടെ നിരക്ക് | പലിശനിരക്ക് (%ൽ) | തിരിച്ചടവ് കാലയളവ് | കുടുംബ വാർഷിക വരുമാനപരിധി | | അപേക്ഷകന്റെ പ്രായപരിധി | ഗുണഭോക്താക്കൾ |
|---|---|---|---|---|---|---|---|---|
| | | | | | ഗ്രാമപ്രദേശം | നഗരപ്രദേശം | | |
| | കർഷകതൊഴിലാളികൾക്കുള്ള കൃഷിഭൂമി വായ്പാപദ്ധതി | 2,00,000 | 6 | 8 വർഷം | 40,000 | 55,000 | 21-50 | പട്ടികജാതിക്കാർ |
| | മിനി വെഞ്ചർ പദ്ധതികൾ | 1,00,000 മുതൽ 2,00,000 വരെ | 6 | 5 വർഷം | 40,000 | 55,000 | 18-45 | പട്ടികജാതിക്കാർ |
| | ലഘുവ്യവസായ യോജന | 2,00,000 | 6 | 5 വർഷം | 40,000 | 55,000 | 18-45 | പട്ടികജാതിക്കാർ |
| | ത്രീ വീലർ ഓട്ടോ പിക്അപ്വാൻ | 1,50,000 | 6 | 5 വർഷം | 40,000 | 55,000 | 18-45 | പട്ടികജാതിക്കാർ |
| | മൈക്രോ ക്രെഡിറ്റ് ഫൈനാൻസ് | 30,000 | 5 | 3 വർഷം | 40,000 | 55,000 | 18-45 | പട്ടികജാതിക്കാർ |
| | മഹിളാ സമൃദ്ധി യോജന | 30,000 | 4 | 3 വർഷം | 40,000 | 55,000 | 18-45 | പട്ടികജാതിയിൽ പ്പെട്ട വനിതകൾ |
| | മഹിളാ കിസാൻ യോജന | 50,000 | 5 | 5 വർഷം | 40,000 | 55,000 | 18-45 | പട്ടികജാതിയിൽ പ്പെട്ട വനിതകൾ |
| | ശിൽപി സമൃദ്ധി യോജന | 50,000 | 5 | 5 വർഷം | 40,000 | 55,000 | 18-45 | പട്ടികജാതിയിൽപ്പെട്ട ശിൽപികൾ |
| | എസ്.ജി.എസ്.വൈ. ഗ്രൂപ്പ് വായ്പാ പദ്ധതി | 3,00,000 | 6 | 3 വർഷം | 20,000 | 27,500 | 18-50 | പട്ടികജാതിക്കാർ |
| | എൻ.എസ്.എഫ്.ഡി. സിയുടെവായ്പാ പദ്ധതി | 10,00,000 | (വിദ്യാർത്ഥികൾക്ക് 4വിദ്യാർത്ഥിനികൾക്ക്3.5) | 5 വർഷം | 40,000 | 55,000 | 18-35 | പട്ടികജാതിയിൽ പ്പെട്ട വിദ്യാർത്ഥികൾ |

**B. പട്ടികവർഗ്ഗ വികസനം**

(ബന്ധപ്പെടേണ്ട സ്ഥാപനം: പട്ടികവർഗ്ഗവികസന ഓഫീസ്)

**a) വിദ്യാഭ്യാസ പരിപാടി**

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തൽ

- **പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തൽ**

  പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രൊഫഷണൽ കോഴ്സിലേക്കുള്ള പ്രവേശനം സുഗമമാക്കുന്നതിന് പ്രത്യേക പരിശീലനം നൽകുന്ന പദ്ധതിയാണിത്. നൂറ് ശതമാനം കേന്ദ്രസഹായം ലഭിക്കുന്നു.

- **പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തൽ.**

  നൂറ് ശതമാനം അധിക കേന്ദ്രസഹായപദ്ധതി ലഭിക്കുന്ന ഈ പദ്ധതിയിൽ, സ്കൂളുകളിലെ അഡ്മിഷൻ 100 ശതമാനം ഉറപ്പുവരുത്തുക, ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുക, പഠന നിലവാരം നിശ്ചയിക്കുന്നതിനുള്ള ടെസ്റ്റ് നടത്തുക, പരിഹാര അദ്ധ്യയനം നടത്തുക, സ്പെഷ്യൽ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുക, പ്രവേശന പരീക്ഷയിൽ പങ്കെടുക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുക, സമർത്ഥരായ വിദ്യാർത്ഥികളെ പ്രശസ്തമായ വിദ്യാലയങ്ങളിൽ ചേർത്ത് പഠിപ്പിക്കുക എന്നീ പരിപാടികളാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.

- **പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

  പത്താംക്ലാസ് കഴിഞ്ഞ് പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ ഗ്രാന്റ് ഓൺ ലൈനിലൂടെ ബാങ്ക് വഴി നൽകുന്നു.

- **മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ/ ആശ്രമം സ്ക്കൂളുകൾ**

  സമർത്ഥരായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനും പബ്ലിക്ക് സ്കൂൾ മാതൃകയിൽ റസിഡൻഷ്യൽ സൗകര്യത്തോടുകൂടിയുള്ളവയാണ് ഇവ. 18 എണ്ണം, ഇതിൽ രണ്ടെണ്ണം ഹയർസെക്കന്ററി സ്കൂളുകളാണ്. 100 ശതമാനം കേന്ദ്രസഹായം ലഭിക്കുന്നവയെ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ എന്നും 50 ശതമാനം ലഭിക്കുന്നവയെ ആശ്രമം സ്ക്കൂളുകളെന്നും കേന്ദ്രസർക്കാർ തരംതിരിച്ചിരിക്കുന്നു. പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് താമസം വിദ്യാഭ്യാസം തുടങ്ങി എല്ലാ ചെലവുകളും സൗജന്യം. ഡിസംബർ/ജനുവരിയിൽ അപേക്ഷ ക്ഷണിക്കുന്നു. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് തെരെഞ്ഞെടുപ്പ്. രക്ഷിതാക്കളുടെ വരുമാനപരിധി ഒരുലക്ഷം രൂപയാണ്. ജില്ലയിലെ ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്.

**b) പട്ടികവർക്ഷ വികസനം അടിസ്ഥാനമാക്കി റിസർച്ച് ഫെല്ലോഷിപ്പ്.**

- പട്ടികവർക്ഷ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക പുരോഗതിയെക്കുറിച്ച് ഗവേഷണപഠനം പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു വർഷം മൂന്ന് ഗവേഷകരെയാണ് പരിഗണിക്കുന്നത്. നൂറ് ശതമാനം ഫണ്ട് കേന്ദ്രം നൽകുന്നതാണ്

## c) വികസന കോർപ്പറേഷൻ വായ്പാ പദ്ധതി- എൻ.എസ്.ടി.എഫ്.ഡി.സി പദ്ധതികൾ

| ക്രമ നം | പദ്ധതിയുടെ പേര് | പദ്ധതിയുടെ നിരക്ക് | പലിശനിരക്ക് (%ൽ) | തിരിച്ചടവ് കാലയളവ് | കുടുംബ വാർഷിക വരുമാനപരിധി | | അപേക്ഷകന്റെ പ്രായപരിധി | ഗുണഭോക്താക്കൾ |
|---|---|---|---|---|---|---|---|---|
| | | | | | ഗ്രാമ പ്രദേശം | നഗര പ്രദേശം | | |
| 1. | ആദിവാസി മഹിളാ സശാക്തീകരൻ യോജന | 50,000 | 4 | 5 വർഷം | 39.500 | 54.500 | 18–45 | പട്ടികവർഗ്ഗത്തിൽപ്പെട്ട വനിതകൾ |
| 2. | പട്ടികവർഗ്ഗ സംരംഭകർക്കുളള വായ്പാ പദ്ധതി | 75,000 | 6 | 5 വർഷം | 39.500 | 54.500 | 18–45 | പട്ടിക വർഗ്ഗക്കാർ |
| 3. | ഡീസൽ ഓട്ടോറിക്ഷ | 1,45,000 | 6 | 5 വർഷം | 39.500 | 54.500 | 18–45 | പട്ടിക വർഗ്ഗക്കാർ |
| 4. | സ്മോൾ എന്റർ പ്രൈസസ് പദ്ധതി | 50,000 | 6 | 5 വർഷം | 39.500 | 54.500 | 18–45 | പട്ടിക വർഗ്ഗക്കാർ |
| 5. | എസ്.ജി.എസ്.വൈ. ഗ്രൂപ്പ് വായ്പാ പദ്ധതി | 3,00,000 | 6 | 3 വർഷം | 19,750 | 27.250 | 18–45 | പട്ടിക വർഗ്ഗക്കാർ |

## c) പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന (NBCFDC)കോർപ്പറേഷൻ

| ക്രമ നം | പദ്ധതിയുടെ പേര് | പരമാവധി വായ്പതുക | പലിശനിരക്ക് |
|---|---|---|---|
| 1. | കൃഷി അനുബന്ധ പദ്ധതി,ചെറുകിട വ്യവസായം,വർക്ക്ഷോപ്പ്, വാഹന വായ്പ, -എന്നിവയ്ക്ക് കോർപ്പറേഷൻ നേരിട്ട് അംഗീകാരം നൽകുന്നു. | 50,000<br>50,000<br>50,000<br>50,000 | 6%<br>6%<br>6%<br>6% } 60 തവണ |
| 2. | എ യിൽ വിവരിച്ച പദ്ധതികൾക്ക് എൻ.ബി.സി.എഫ്.ഡി.സി. അംഗീകാരത്തോടെ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ | 5 ലക്ഷം രൂപ വരെ | 6% – 60 തവണ |
| 3. | വിദ്യാഭ്യാസ വായ്പാ പദ്ധതി എ.ഐ.സി.റ്റി. ഇ അംഗീകരിച്ച പ്രൊഫഷണൽ കോഴ്സ്കളായ (അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി, യുനാനി) എന്നീ കോഴ്സുകൾക്ക്. | 3 ലക്ഷം രൂപ വരെ | 4.5 – കോഴ്സ് തീർന്ന് 6 മാസത്തിന് ശേഷമോ, ജോലികിട്ടി 3 മാസത്തിന് ശേഷമോ, എതാണ് -ആദ്യം വരുന്ന മുറയ്ക്ക് തിരിച്ചടവ് |

പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെട്ട സമുദായങ്ങളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചതും, പട്ടികജാതിയിലേക്ക് ശുപാർശ ചെയ്യപ്പെട്ടവരും ( ലിസ്റ്റ് കോർപ്പറേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.) പ്രായ പരിധി 18-45, ഉദ്യോഗസ്ഥ ജാമ്യം/ വസ്തുജാമ്യം, വിശദവിവരങ്ങൾക്ക് ഓഫീസുമായി നേരിട്ട് ബന്ധപ്പെടുക, പിന്നോക്കവിഭാഗങ്ങൾ, ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവയുടെ ഉന്നമനത്തിന് വേണ്ടിയുള്ള വിവിധ വായ്പ പദ്ധതിയാണിത്.

### മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ (NBCFDC)

| ക്രമ നം | പദ്ധതിയുടെ പേര് | പരമാവധി വായ്പതുക | പലിശനിരക്ക് |
|---|---|---|---|
| 1. | സ്വയം തൊഴിൽ പദ്ധതി | 10 ലക്ഷം രൂപ | 5 ലക്ഷംരൂപ വരെ – 6%5 ലക്ഷത്തിനു മുകളിൽ – 8% |
| 2. | കാർഷിക വായ്പ പദ്ധതി | 1 ലക്ഷം രൂപ | 6% |
| 3. | വിദ്യഭ്യാസ പദ്ധതി | 3 ലക്ഷം രൂപ (75000 രൂപ പ്രതിവർഷം) | ആൺകുട്ടികൾക്ക് – 4% പെൺകുട്ടികൾക്ക് – 3.5% |
| 4 | ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ/ സി.ഡി.എസ് വഴി നൽകുന്ന വായ്പ) | ഒരു വ്യക്തിക്ക് 50000 രൂപ വരെ | NGO/CDS - 3% SHG - 5% |
| 5 | വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ | 1 ലക്ഷം രൂപ | 5% |
| 6 | സാക്ഷം (പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയവർക്കുള്ള സ്വയം തൊഴിൽ പദ്ധതി) | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ – 6% 5 ലക്ഷത്തിനുമുകളിൽ– 8% |
| 7 | ശിൽപ സമ്പദ (കരകൗശല മേഖലയിൽ പ്രവർത്തിക്കുന്നവർക്ക്) | 5 ലക്ഷം രൂപ | 6% |
| 8 | കൃഷി സമ്പദ ( കർഷകർക്കുള്ള ലഘു വായ്പ) | ഒരു വ്യക്തിക്ക് 50000 വരെ | NGO/CDS - 3% SHG - 5% |
| 9 | മഹിളാ സമൃദ്ധി യോജന (വനിതകൾക്കുള്ള ലഘുവായ്പ) | ഒരു വ്യക്തിക്ക് 50000 വരെ | NGO/CDS - 3% SHG - 5% |

### മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (NMDFC)

| ക്രമ നം | പദ്ധതിയുടെ പേര് | പരമാവധി വായ്പതുക | പലിശനിരക്ക് |
|---|---|---|---|
| 1. | സ്വയം തൊഴിൽ പദ്ധതി | 5 ലക്ഷം രൂപ | 6% |
| 2. | കാർഷിക വായ്പ പദ്ധതി | 1 ലക്ഷം രൂപ | 6% |

| | | | |
|---|---|---|---|
| 1. | ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ/ സി.ഡി.എസ് വഴി നൽകുന്ന വായ്പ) | ഒരു വ്യക്തിക്ക് 25000 രൂപ വരെ | NGO/CDS - 3%<br>SHG - 5% |
| 1. | വിദ്യാഭ്യാസ പദ്ധതി | 2 ലക്ഷം രൂപ (പ്രതിവർഷം 50000 രൂപ) | 3 % |

**വായ്പാ സംബന്ധമായ നിബന്ധനകൾ**

1. പിന്നോക്ക/ ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ടവർക്ക് മാത്രം (ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവരും എല്ലാ വിഭാഗം ക്രിസ്ത്യൻ/മുസ്ലീം വിഭാഗത്തിൽപ്പെട്ടവരും)
2. വാർഷിക കുടുംബവരുമാനം ഗ്രാമപ്രദേശങ്ങളിൽ 39500/ രൂപയിലും, നഗര പ്രദേശങ്ങളിൽ 54500/ രൂപയിലും താഴെയായിരിക്കണം.
   ഉദ്യോഗസ്ഥർക്കുള്ള വായ്പ, കമ്പ്യൂട്ടർ വായ്പ
3. പ്രായപരിധി
   - വിദ്യാഭ്യാസ പദ്ധതി, വിദ്യാശ്രീ 16-32
   - ഉദ്യോഗസ്ഥർക്കുള്ള വായ്പ, വിദേശജോലി വായ്പ - 18-50
   - വിവാഹ വായ്പ 18-60
   - മറ്റു പദ്ധതികൾ 18-55
4. തിരിച്ചടവ് കാലാവധി
   - ലഘുവായ്പ 36 മാസം
   - കാർഷിക വായ്പ, സുവർണ്ണശ്രീ, വനശ്രീ ഉദ്യോഗസ്ഥർക്കുള്ള ഭവനപുനരുദ്ധാരണ വായ്പ - 72 മാസം
   - സാക്ഷം 10 വർഷം
   - മറ്റു പദ്ധതികൾ 60 മാസം
5. ഉദ്യോഗസ്ഥ ജാമ്യം/ വസ്തു ജാമ്യം
6. മറ്റു സ്ഥാപനങ്ങളിൽ നിന്നും ജാമ്യം എടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥാപന മോധാവിയിൽ നിന്നും കുടിശികയില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം.
7. PMRY,IRDA, മുതലായ സർക്കാർ സഹായ പദ്ധതികൾ പ്രകാരം നിലവിൽ വായ്പയുണ്ടെങ്കിൽ ഈ സ്ഥാപനത്തിൽ നിന്നും വായ്പ ലഭിക്കുന്നില്ല.
8. ഒരു ലക്ഷത്തിന് മുകളിലുള്ള വായ്പകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ചും, കേന്ദ്ര ഏജൻസികളുടെ അംഗീകാരത്തിനു വിധേയമായും മാത്രമെ നൽകുകയുള്ളൂ.(വിദ്യാഭ്യാസ വായ്പ ഒഴികെ)
9. സമർപ്പിക്കേണ്ട രേഖകൾ, ജാമ്യ വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് അതാത് ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**പിന്നോക്ക സമുദായ വികസന വകുപ്പ്**

പിന്നോക്ക സമുദായങ്ങളുടെ സമഗ്രവികസനത്തിന് വേണ്ടിയുള്ള വിവിധ തരം പദ്ധതികൾ നടപ്പിലാക്കുന്നു

1) പ്രീമെട്രിക്ക് സ്കോളർഷിപ്പ്
   1 മുതൽ 6 വരെയുള്ള കുട്ടികൾക്ക് - 750 രൂപ
   6 മുതൽ 8 വരെയുള്ള കുട്ടികൾക്ക് - 900 രൂപ
   9 മുതൽ 10 വരെയുള്ള കുട്ടികൾക്ക് - 1000 രൂപ
2) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
   പ്ലസ് ടു പ്രൊഫഷണൽ കോഴ്സ് എന്നിവയ്ക്ക് സ്കോളർഷിപ്പ് നൽകുന്നു.

..................................

## 14. ഭക്ഷ്യസുരക്ഷിതത്വം

(ബന്ധപ്പെടേണ്ട സ്ഥാപനങ്ങൾ - ഗ്രാമപഞ്ചായത്ത് ഓഫീസ്, താലൂക്ക് സപ്ലൈ ഓഫീസ്)

**I. അന്നപൂർണ്ണ യോജന**

ദരിദ്ര്യ കുടുംബങ്ങളിലെ വാർദ്ധക്യകാല പെൻഷന് അർഹരും എന്നാൽ പെൻഷൻ ലഭിക്കാത്തവരുമായ അഗതികൾക്ക് പ്രതിമാസം 10 കിലോ ഗ്രാം ഭക്ഷ്യധാന്യം സൗജന്യമായി നൽകൽ

**II. അന്ത്യോദയ അന്ന യോജന**

ദരിദ്രരിൽ ദരിദ്രരായ കുടുംബങ്ങൾക്ക് 1 രൂപ നിരക്കിൽ പ്രതിമാസം 35 കി.ഗ്രാം അരി നൽകൽ

**III. ബി.പി.എൽ കുടുംബങ്ങൾക്കുള്ള ധാന്യ വിതരണം**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് 1 രൂപ നിരക്കിൽ പ്രതിമാസം 25 കി.ഗ്രാം. ധാന്യങ്ങൾ നൽകൽ

**IV. എ.പി.എൽ കുടുംബങ്ങൾക്ക് കുറഞ്ഞനിരക്കിൽ അരി വിതരണം**

എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് കുറഞ്ഞ നിരക്കിൽ (ഇപ്പോൾ 8.90 രൂ) മാസത്തിൽ 35 കി. ഗ്രാം അരി നൽകൽ.

**V. മണ്ണെണ്ണ സബ്സിഡി നിരക്കിൽ നൽകൽ**

കേന്ദ്ര സർക്കാർ സംസ്ഥാനസർക്കാരിന്റെ സബ്സിഡി നിരക്കിൽ അനുവദിക്കുന്ന മണ്ണെണ്ണ ഓയിൽ കമ്പനികളിൽ നിന്നും മൊത്തവ്യാപാരിയും ലിഫ്റ്റ് ചെയ്യുന്ന റീടെയ്ലർ റേഷൻ വ്യാപാരികൾ മൊത്ത വ്യാപര ഡിപ്പോയിൽ നിന്ന് സ്റ്റോക്കെടുത്ത് ഗുണഭോക്താക്കൾക്ക് നല്കുന്നു. കാർഡുടമ പരമാവധി പ്രതിമാസം വൈദ്യുതീകരിച്ച വീടുകൾക്ക് ഒരു ലിറ്ററും അല്ലാത്തവർക്ക് 4 ലിറ്ററും മണ്ണെണ്ണ ലിറ്ററൊന്നിന് 16 രൂപ പ്രകാരം അലോട്ട്മെന്റ് അനുവദിച്ചു. ഈ സ്കീം പ്രകാരം നല്കുന്ന പൊതുവിതരണ വായ്പ വിവിധ റേഷൻ കടകൾ വഴി കാർഡുടമയ്ക്ക് നിശ്ചിത അളവിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നു.

..................................

## 15. ഊർജ്ജം

### 1. സൗരോർജ്ജ പദ്ധതി

1 കിലോ വാട്ട് മുതൽ 250 കിലോവാട്ട് വരെ ശേഷിയുള്ള സൗരനിലയങ്ങൾ സ്ഥാപിക്കുന്നതിന് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും 30 ശതമാനം സബ്സിഡി നൽകുന്നു (സംസ്ഥാന സർക്കാർ സബ്സിഡി ഇതിന് പുറമെ നൽകുന്നുണ്ട്, കേരളം 39000/) അംഗീകൃത ഉല്പാദകരെ/ഏജൻസികളെ നിയോഗിച്ച് നിർവഹണം നടത്തണം. സബ്സിഡി റീഇംബേഴ്സ് ചെയ്യും . ഒരു കിലോ വാട്ടിൽ കൂടുതൽ ശേഷിയുള്ള നിലയം ഗാർഹികേതര സ്ഥലത്ത് സ്ഥാപിക്കുന്നതിന് 30 % സബ്സിഡി. ഗാർഹിക ഗുണഭോക്താക്കൾക്ക് 1കി. വാട്ട് നിലയം മാത്രമെ ല ്യമാകുകയുള്ളൂ, സ്ഥാപനപരിധി ഇല്ല, സ്ഥാപനങ്ങൾക്ക് ആദായനികുതി ഇളവ് ല ്യമാണ്.

### II. ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ

ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് താഴെ പറയും പ്രകാരം സബ്സിഡി ല ിക്കുന്നു.

| | | |
|---|---|---|
| 1. ക്യൂ.മീ.പ്ലാന്റ് | ചെലവ് 30,000 രൂ | സബ്സിഡി 8000 രൂ |
| 2. ക്യൂ.മീ.പ്ലാന്റ് | ചെലവ് 35,000 രൂ | സബ്സിഡി 8000 രൂ |

(ബന്ധപ്പെടേണ്ട സ്ഥാപനങ്ങൾ: അനർട്ട് ജില്ല ഓഫീസുകൾ

### III. രാജീവ്ഗാന്ധി ഗ്രാമീണവൈദ്യുതീകരണ യോജന (RGGVY)

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതീകരിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു . ജില്ലാടിസ്ഥാനത്തിലുള്ള സ്കീം തയ്യാറാക്കി റൂറൽ ഇലക്ട്രിഫിക്കേഷൻ കോപ്പറേഷന് കോപ്പറേഷൻ ചീഫ് എൻജിനീയർക്ക് സമർപ്പിക്കുന്നു. കേന്ദ്രസർക്കാരിന്റെ ഊർജ്ജവകുപ്പിലെ RGGVY യുടെ മോണിറ്ററിംഗിന് കമ്മിറ്റി അനുമതി നൽകുന്ന പ്രകാരം റൂറൽ ഇലക്ട്രിഫിക്കേഷൻ കോപ്പറേഷൻ അനുമതി നല്കുന്നു. കെ.എസ്.ഇ.ബി കരാർ അടിസ്ഥാനത്തിൽ പദ്ധതി പ്രവൃത്തികൾ നിർവഹിക്കുന്നു.

..................................

## 16. കല-സംസ്കാരം

### I. യുവകലാകാരൻമാർക്ക് സ്കോളർഷിപ്പ്

യുവകലാകാരൻമാർക്ക് പ്രതിമാസം 500 രൂപ വീതം സ്കോളർഷിപ്പ്. ശാസ്ത്രീയസംഗീതം, നൃത്തം, തീയ്യറ്റർ , മൈം, ദൃശ്യകലകൾ , ലളിതഗാനം എന്നിവയിൽ ഉപരിപഠനം/പരിശീലനം നേടുന്നതിനുള്ള സ്കോളർഷിപ്പാണിത്. ആവശ്യമായ പൊതുവിദ്യാ ്യാസ യോഗ്യത നേടിയിരിക്കണം. 5 വർഷം ഗുരു/സ്ഥാപനത്തിൽ നിന്ന പരിശീലനം നേടിയിരിക്കണം. 18-25 വയസ്സ് പ്രായമുളളവരായിരിക്കണം. ഒരു ദിവസം 3 മണിക്കൂറെങ്കിലും പരിശീലനം നേടുന്നതിനാണ് അപേക്ഷ നൽകേണ്ടത്.

വിലാസം : സെക്ഷൻ ഓഫീസർ
എഫ് സെക്ഷൻ
സാംസ്ക്കാരിക മന്ത്രാലയം
എൻ.ജെ. ബിൽഡിംഗ്,
അനക്സ്, ജനപഥ്, ന്യൂഡെൽഹി

## II. സീനിയർ/ജൂനിയർ ഫെല്ലോഷിപ്പ്

സർക്ഷാത്മക പരമ്പരാഗത കലകൾക്ക് ഗവേഷണാത്മക പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിനുള്ള ധനസഹായം രണ്ട് വർഷം ലഭിക്കും

25-40 പ്രായപരിധിയിലുള്ളവർക്ക് - ജൂനിയർ ഫെല്ലോഷിപ്പ്- 10,000 രൂ/ മാസം
40 മുകളിൽ ഉള്ളവർക്ക് - സീനിയർ ഫെല്ലോഷിപ്പ്- 20,000 രൂ/ മാസം

പുതുമയാർന്നതും വിഭിന്ന മേഖലകളുമായി പരസ്പരം ബന്ധപ്പെടുത്തുന്നതുമായിരിക്കണം പ്രോജക്റ്റ് . വിഷയങ്ങൾ താഴെ ചേർക്കുന്നു

- ഇന്ത്യൻ സംസ്ക്കാരം
- സ്മാരകങ്ങളുടെ ഘടനാ- സാങ്കേതിക വശങ്ങൾ
- ശിലാലിഖിതങ്ങൾ
- നാണയ പഠനം
- സംസ്കാരത്തിന്റെ സാമൂഹ്യശാസ്ത്രം
- പുരാവസ്തുസംരക്ഷണം- ശാസ്തം -സാങ്കേതികരീതികൾ
- സാംസ്കാരിക-സാമ്പത്തിക ശാസ്ത്രം
- കലയുടേയും പൈതൃകത്തിന്റെയും സർഗ്ഗാത്മകയുടെയും മേഖലകളിൽ ശാസ്ത്ര സാങ്കേതികവിദ്യ പ്രയോഗിക്കുന്നത് സംബന്ധിച്ച പഠനം
  ബന്ധപ്പെടേണ്ട സ്ഥാപനം: സംസ്കാരിക മന്ത്രാലയം, കേന്ദ്രസർക്കാർ

## III. അവശത അനുഭവിക്കുന്ന കലാകാരൻമാർക്കുള്ള പെൻഷൻ ഗ്രാന്റ്

സവിശേഷ കലാരംഗങ്ങളിൽ മികവ് പുലർത്തുന്നവരും എന്നാൽ സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ളവരുമായ കലാകാരൻമാർക്കുള്ള ധനസഹായ പദ്ധതി ഗുണഭോക്താവിന്റെ മരണ ശേഷം ഭാര്യ/ഭർത്താവിന്റെ മരണം വരെയോ ആശ്രിതർക്ക് വിവാഹം/ ജോലി കിട്ടുക /20 വയസ്സ് തികയുക വരെയോ ധനസഹായം ലഭിക്കും

**അർഹത**: 58 വയസ്സ് തികഞ്ഞിരിക്കണം, പ്രതിമാസ വരുമാനം 4000 രൂ കവിയരുത്

## IV. കലാപ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്

സംഗീതം, നൃത്തം, നാടകം എന്നീ മേഖലകളിലെ ഗവേഷണം, സർഗ്ഗ അവതരണം, പരിശീലനം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനായി സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്രസംഗീത നാടക അക്കാദമി നല്കുന്ന ഗ്രാന്റ്.

കേന്ദ്രസർക്കാർ ഫണ്ട്. നാമമാത്രമായ (പരമാവധി 10000, 20000 രൂപ) ധനസഹായമാണ് ലഭിക്കുക. തികയാത്ത ഫണ്ട് ഗുണഭോക്തൃ സ്ഥാപനം കണ്ടെത്തണം.

രജിസ്റ്റർ ചെയ്ത സന്നദ്ധ സംഘടനകൾക്കും മുകളിൽ സൂചിപ്പിച്ച മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും അപേക്ഷിക്കാം

നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറത്തിലാണ് അപേക്ഷിക്കേണ്ടത്. സ്ഥാപനത്തിന്റെ പ്രവർത്തന റിപ്പോർട്ട് , ഓഡിറ്റ് ചെയ്ത് അക്കൗണ്ട്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, മുതലായവ ഉള്ളടക്കം ചെയ്യണം. കേരള സംഗീത നാടക അക്കാദമി/ സംസ്ഥാന സാംസ്ക്കാരിക വകുപ്പ് വഴിയാണ് അപേക്ഷിക്കേണ്ടത്. വിശദമായ പ്രോജക്ട് റിപ്പോർട്ട് വേണം. പരിശീലനമാണെങ്കിൽ അദ്ധ്യാപകരുടെ യോഗ്യത, ശമ്പളം തുടങ്ങിയവ ചേർക്കണം, സംഗീതം, ഉപകരണങ്ങൾ, നൃത്തം, നാടകം/ പാവകളി തുടങ്ങിയവയ്ക്ക് പ്രത്യേകം ഫോറം കൂടി ചേർക്കണം.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന സന്നദ്ധ സംഘടനകൾക്ക് അവരുടെ കലാപ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം കണ്ടെത്താനാകും. കൂടുതൽ ധനസഹായം ആവശ്യമുള്ള പ്രോജക്ടുകൾ കേന്ദ്ര സംഗീത നാടക അക്കാദമി വഴി കേന്ദ്ര സാംസ്ക്കാരിക വകുപ്പിന് അയക്കാവുന്നതാണ്.

## V. ടാഗോർ സാംസ്ക്കാരിക സമുച്ചയം

പുതിയ തിയറ്റർ നിർമ്മാണത്തിനും നിലവിലുള്ളതിന്റെ നവീകരണത്തിനും സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്ര സാംസ്ക്കാരിക വകുപ്പു നൽകുന്ന ഗ്രാന്റാണിത്. ശബ്ദദീപാവിതാനം, ഫർണീച്ചർ, തിയ്യറ്റർ നവീകരണം, ചമയങ്ങൾ, ഓഡിയോ, വീഡിയോ ഉപകരണങ്ങൾ എന്നിവക്കും ഇതുപയോഗിക്കാം.

**അർഹത**

1. ngo.india.gov.in എന്ന NGO പാർട്ട്ണർഷിപ്പ് സിസ്റ്റത്തിൽ സ്ഥാപനം/സംഘടന signup ചെയ്യണം.
2. ദേശീയ /സംസ്ഥാന സർക്കാർ സ്ഥാപനം/അക്കാദമിയുടെ ശുപാർശ വേണം.
3. സന്നദ്ധസംഘടനകൾ/തദ്ദേശസ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റി/കോളേജുകൾ/ സർക്കാർ സ്ഥാപനങ്ങൾ എന്നിവക്ക് അപേക്ഷിക്കാം.

**നടപടിക്രമം**

നിശ്ചിത പ്രഫോർമയിൽ സംഘടനകളുടെ തീരുമാനം, 20 രൂപ മുദ്രപത്രത്തിലുള്ള ഉടമ്പടി, ബാങ്കിന്റെ അധികാര പത്രം തുടങ്ങിയവയോടൊപ്പം സ്ഥാപനത്തിന്റെ നിയമാവലി കണക്കുകൾ, പാൻകാർഡ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ കൂടി നിർദ്ദിഷ്ട അപേക്ഷയോടൊപ്പം സമർപ്പിക്കണം. ഇനി പറയുന്ന വിശദാംശങ്ങളും വേണം.

a. നിലവിലുള്ളതിന്റെയോ പുതിയതിന്റെയോ ബിൽഡിംഗ് പ്ലാൻ
b. സൗകര്യങ്ങളുടെ/സാധനങ്ങളുടെ/കെട്ടിടത്തിന്റെ എസ്റ്റിമേറ്റ്
c. പൂർത്തീകരിക്കുന്നതിന്റെ സമയപരിധി
d. പൂർത്തീകരണത്തിനുശേഷമുള്ള നടത്തിപ്പ്, ആവർത്തന ചെലവുകൾ, അറ്റകുറ്റ പണികൾ എന്നിവ സംബന്ധിച്ച കുറിപ്പ്
e. ഭൂമിയുടേയും പുതിയതാണെങ്കിൽ പ്ലാനും, നിലവിലുള്ളതാണെങ്കിൽ അവയുടെ വിവരങ്ങളും.

പദ്ധതിയുടെ 60% കേന്ദ്രസാംസ്ക്കാരിക വകുപ്പ് നൽകും. 40% ഗുണഭോക്തൃ സ്ഥാപനം കണ്ടെത്തണം.
പഞ്ചായത്തുകൾക്കോ അവിടത്തെ സാംസ്ക്കാരിക സ്ഥാപനങ്ങൾക്കോ സംഘടന കൾക്കോ ഈ ധനസഹായം പ്രയോജനപ്പെടുത്താം. ഏതു സമയത്തും അപേക്ഷിക്കാം.

**വിലാസം**

Section Officer (Performing Arts)
Ministry of Culture, Government of India
Central Secretary Library (Ground floor)
Shastri Bhavan. New Delhi. 110115

..................................

# ഭാഗം. II. സംസ്ഥാനാവിഷ്കൃത പദ്ധതികൾ

## 17. കൃഷി

**1) സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി**

പ്രകൃതിക്ഷോഭം മൂലം സം ഭവിക്കുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്ന പദ്ധതിയാണിത്. കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് ഈ നഷ്ടപരിഹാരം ലഭിക്കും. വരൾച്ച, വെള്ളപൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നി പ്രകൃതിക്ഷോഭ ങ്ങൾ കൊണ്ടും, വന്യമൃഗങ്ങളുടെ ശല്യംകൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഈ പദ്ധതി സംരക്ഷണം നൽകുന്നു.
വിളകൾ:- തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, തേയില, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്.

**ഗുണഭോക്താക്കൾ**

സ്വന്തമായോ, പാട്ടത്തിനോ, കൃഷിയിറക്കുന്ന കർഷകർ. ഗുണഭോക്താക്കൾ സർക്കാർ നിശ്ചയിക്കുന്ന പ്രീമിയം അടയ്ക്കണം. ബന്ധപ്പെടേണ്ട സ്ഥാപനം: കൃഷി ഭവൻ പദ്ധതി യിൽ അംഗമാകാൻ ഉദ്ദേശിക്കുന്ന കർഷകൻ ഇതിനായി നിശ്ചിത ഫാറത്തിൽ അതാതു സ്ഥലത്തെ കൃഷി ഭവനിൽ അപേക്ഷ നൽകേണ്ടതാണ്.

**2) കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി**

കാലാവസ്ഥ ഘടകങ്ങളിൽ ഉണ്ടാകുന്ന വ്യതിയാനമനുസരിച്ച് കാർഷിക വിളകളിൽ ഉണ്ടാകുന്ന ഉല്പാദനനഷ്ടം പരിഹരിക്കുന്നതിനുള്ള പദ്ധതി.
**വിളകൾ:**
നെല്ല്, കുരുമുളക്, കശുമാവ്

**ഗുണഭോക്താക്കൾ**

2 ഹെക്ടർ വരെ മൊത്തം കൃഷി ഭൂമിയുള്ള ചെറുകിട-നാമമാത്ര കർഷകർ

**ബന്ധപ്പെടേണ്ട സ്ഥാപനം**

കൃഷി ഭവൻ. കാർഷിക വായ്പ എടുത്തിട്ടുള്ള കർഷകർ പദ്ധതിയിൽ ചേരാൻ പ്രത്യേകം അപേക്ഷിക്കേണ്ടതില്ല. അല്ലാത്തവർ കൃഷി ഭവൻ മുഖേന പദ്ധതിയിൽ അംഗങ്ങളായി അപേക്ഷയും പ്രീമിയം തുകയും നൽകണം.

**3) ദേശീയ കാർഷിക വിള ഇൻഷുറൻസ് പദ്ധതി**

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ, സ്വാഭാവികമായുണ്ടാകുന്ന തീപിടുത്തം മുതലായ പ്രകൃതിക്ഷോഭങ്ങൾ മൂലമോ, രോഗകീടങ്ങളുടെ ആക്രമണം മൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉൽപാദന നഷ്ടത്തിൽ നിന്നും കർഷകർക്ക് ഇൻഷുറൻസ് സഹായവും ഈ പദ്ധതിയിലൂടെ നൽകുന്നു.

**വിളകൾ**

നെല്ല്, വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ

**ഗുണഭോക്താക്കൾ**

2 ഹെക്ടർ വരെ മാത്രം മൊത്തം കൃഷിഭൂമിയുള്ള ചെറുകിട-നാമമാത്ര കർഷകർ

**ബന്ധപ്പെടേണ്ട സ്ഥാപനം**

കൃഷി വൻ

**4) നാളികേര വിള ഇൻഷുറൻസ് പദ്ധതി**

ഉൽപാദനക്ഷമതയുള്ള തെങ്ങുകൾ പ്രകൃതിക്ഷോഭം മൂലം നശിച്ചാൽ കർഷകന് ഇൻഷുറൻസ് സംരക്ഷണം ഉറപ്പാക്കുന്ന പദ്ധതി.

**ഗുണഭോക്താക്കൾ**

ഉൽപാദനക്ഷമതയുള്ള കുറഞ്ഞത് പത്ത് തെങ്ങുകളെങ്കിലും ഉള്ള കർഷകന് ഈ പദ്ധതി മുഖേന ഇൻഷുർ ചെയ്യാം. ഇതിനായി അപേക്ഷ കൃഷി ഭവനിൽ നൽകണം.

ഇൻഷുറൻസ് പ്രീമിയം തുകയുടെ 50% നാളികേര വികസന ബോർഡും 25% കർഷകനും ചേർന്ന് നൽകുന്നു. ഇൻഷുർ ചെയ്ത തെങ്ങുകൾ 30% അധികം നശിക്കുകയാണെങ്കിൽ നഷ്ടപരിഹാരത്തുക അഗ്രികൾച്ചർ ഇൻഷുറൻസ് കമ്പനി മുഖേന നൽകുന്നു. 15 വർഷം വരെ പ്രായമുള്ള തെങ്ങൊന്നിന് 600/- രൂപയും അതിനുമുകളിൽ 60 വർഷം വരെ പ്രായമുള്ളവയ്ക്ക് 1150/- രൂപയും ഇൻഷുറൻസ് പരിരക്ഷ ലഭിക്കും.

**5) പച്ചക്കറി വിള ഇൻഷുറൻസ് പദ്ധതി**

പച്ചക്കറി വിള വികസനം പ്രോത്സാഹിപ്പിക്കുന്നതിനും അപ്രതീക്ഷിതമായ നഷ്ടം നികത്തുന്നതിനുമുള്ള പദ്ധതി.

**ഗുണഭോക്താവ്**

ഏറ്റവും കുറഞ്ഞത് പത്ത് സെന്റ് എങ്കിലും പച്ചക്കറി കൃഷി ചെയ്യുന്ന കർഷകന് പദ്ധതി പ്രകാരം കൃഷി ഇൻഷുർ ചെയ്യാം.

വിളനാശം സംഭവിക്കുന്ന മുറയ്ക്ക് അർഹമായ തുക (ഇൻഷുർ ചെയ്ത കൃഷി പ്രകൃതി ക്ഷോഭം മൂലം നശിച്ചാൽ പന്തലില്ലാത്തവയ്ക്ക് ഹെക്ടറിന് 20000/- രൂപയും പന്തലുള്ള വയ്ക്ക് 40000/- രൂപയും ധനസഹായം നൽകുന്നു.) കൃഷിഭവൻ വഴി വിതരണം നടത്തുന്നു.

**6) സുസ്ഥിര നെൽകൃഷി വികസനം**

യന്ത്രവൽക്കരണം, അത്യുല്പാദനശേഷിയുള്ള വിത്തുകളുടെ ഉപയോഗം, കൂട്ടുഞാറ്റടി, ശാസ്ത്രീയ വളപ്രയോഗം എന്നിവയിലൂടെ ഉൽപാദനവർദ്ധനവും നെൽകൃഷി വ്യാപനവും ഉറപ്പാക്കുകയാണ് ലക്ഷ്യം.

**ഗുണഭോക്താക്കൾ**

നെൽകൃഷി സ്വന്തമായോ, പാട്ടത്തിനോ കൃഷിചെയ്യാൻ താല്പര്യമുള്ള കർഷകർ, ഗ്രൂപ്പ് ഫാമിംഗ് സമിതി എന്നിവർ.

കൃഷി ചെയ്യുന്നതിന് ഒറ്റഗഡുവായി ഒരു ഹെക്ടറിന് 1500/- രൂപ നിരക്കിൽ ധനസഹായം (വിത്ത്, വളം, കീടനാശിനി എന്നിവയുടെ ചെലവിനായി കർഷകന് ഇ-പേയ്മെന്റ് മുഖേന ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നു.)

**7) പ്രത്യേകതയുള്ള നെൽകൃഷി (സ്പെഷാലിറ്റി റൈസ്)**

പ്രത്യേക ഇനം നെൽവിത്ത് പ്രയോഗിച്ചുള്ള നെൽകൃഷി വികസനം, ജൈവകൃഷിരീതിയിലൂടെ ഞവര, ബസുമതി എന്നിവ കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുക, പൊക്കാളി കൃഷി പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

**ഗുണഭോക്താക്കൾ**

തൃശൂർ, ആലപ്പുഴ, എറണാകുളം ജില്ലകളിലെ പൊക്കാളി മേഖലയിലെ കർഷകർ/പാടശേഖരസമിതി/സ്വയംസഹായ സംഘങ്ങൾ/എൻ.ജി.ഒ.കൾ

ഒരു ഹെക്ടറിന് 10,000/ രൂപ എന്ന നിരക്കിൽ ഒരു ഗഡുവായി കൃഷി ചെയ്തതിനുശേഷം കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു. കൃഷി ചെലവിന്റെ വിവരങ്ങൾ സ്റ്റേറ്റ്മെന്റ് ആയി കൃഷി ഭവനിൽ നൽകണം.

**8) സുഗന്ധവിളകളുടെ വികസനം**

ഇഞ്ചി, മഞ്ഞൾ എന്നീ കൃഷികളുടെ വിസ്തൃതി വ്യാപനം, ഉൽപാദനക്ഷമത വർദ്ധിപ്പിക്കൽ, ഉൽപാദനവർദ്ധനവിനായി അത്യുല്പാദന ശേഷിയുള്ള ഇനങ്ങളുടെ ഉപയോഗം, സാങ്കേതിക കൃഷി രീതികൾ പ്രോത്സാഹിപ്പിക്കൽ എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

സബ്സിഡി ഒരു ഹെക്ടറിന് 12,500 രൂപ നിരക്കിൽ (കുമ്മായം, ജൈവവളം, കീടനാശിനി എന്നിവയുടെ വിലയായി) ഒറ്റഗഡുവായി കൃഷി ചെയ്തതിന് ശേഷം കർഷകന്റെ അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് വഴി നൽകുന്നു.

**9) കുരുമുളക് കൃഷി വികസനം**

കുരുമുളകിന്റെ ഉൽപാദന വർദ്ധനവും, വിസ്തൃതി, നിലവിലുള്ള കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം, അത്യുൽപാദനശേഷിയുള്ള ഇനങ്ങൾ ഉപയോഗിച്ചുള്ള

പുനർകൃഷി, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയ കുരുമുളക് സമിതികളുടെ പുനരുജ്ജീവനം എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

**ഗുണഭോക്താക്കൾ**

കുരുമുളക് കൃഷി ചെയ്യുവാൻ താല്പര്യമുള്ള ചെറുകിട-നാമമാത്ര കർഷകർ.

**ഫണ്ടിംഗ്**

| ക്രമ നം | ഇനം | സബ്സിഡി തുക |
|---|---|---|
| 1 | നഴ്സറി (ഒരു ലക്ഷം തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന്) | 30,000/- രൂപ ഒന്നിന് |
| 2 | തോട്ടങ്ങളുടെ പുനരുദ്ധാരണം | 15,000/- രൂപ ഹെക്ടറിന് |
| 3 | കുരുമുളക് സമിതികളുടെ പുനരജ്ജീവനം | 25,000/- രൂപ ഒരു സമിതിക്ക് |
| 4 | വിള വിസ്തൃതി വ്യാപനം | 20,000/- രൂപ ഹെക്ടറിന് |

**10) പച്ചക്കറി കൃഷിയിൻ കീഴിൽ അവാർഡുകൾ, പഠനയാത്രകൾ എന്നിവയ്ക്കുള്ള പദ്ധതി.**

**ലക്ഷ്യങ്ങൾ**

- വിവിധ പ്രദേശങ്ങളിലെ പച്ചക്കറി കൃഷിയിൽ മത്സരബുദ്ധി വളർത്തി ഏറ്റവും അധികം ഉല്പാദനം കൈവരിക്കുക.
- സംസ്ഥാനത്തിനകത്തും പുറത്തുമുള്ള കൃഷി സ്ഥലങ്ങൾ സന്ദർശിക്കുവാനവസരം നൽകി അവിടത്തെ നല്ല കൃഷി പരിചരണ മുറകൾ സ്വന്തം സ്ഥലത്ത് പ്രായോഗികമായി നടത്തി ഉല്പാദന വർദ്ധനവുണ്ടാക്കുക.

**ഗുണഭോക്താക്കൾ**

പച്ചക്കറി കൃഷിയിൽ ഏറ്റവും നല്ല പ്രകടനം കാഴ്ചവെക്കുന്ന താഴെ പറയുന്നവർ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. ടി ഗുണഭോക്താക്കളെ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും തെരഞ്ഞെടുക്കുക.

- ഏറ്റവും നല്ല വിദ്യാലയം
- ഏറ്റവും നല്ല വിദ്യാലയ മേധാവി
- ഏറ്റവും നല്ല വിദ്യാർത്ഥി/വിദ്യാർത്ഥിനി
- ഏറ്റവും നല്ല അദ്ധ്യാപകൻ/അദ്ധ്യാപിക
- ഏറ്റവും നല്ല കൃഷി അസിസ്റ്റന്റ് ഡയറക്ടർ
- ഏറ്റവും നല്ല കൃഷി ഓഫീസർ
- ഏറ്റവും നല്ല കൃഷി അസിസ്റ്റന്റ്
- ഏറ്റവും നല്ല പച്ചക്കറി ക്ലസ്റ്റർ
- ഏറ്റവും നല്ല പൊതു സ്ഥാപനം
- ഏറ്റവും നല്ല സ്വകാര്യ സ്ഥാപനം
- ഒന്നും രണ്ടും മൂന്നും സ്ഥാപനത്തിലേക്കുള്ള അവാർഡ് ജേതാക്കൾക്ക് സംസ്ഥാനത്തിന് പുറത്തും അകത്തും പഠനയാത്രകൾ സംഘടിപ്പിക്കും.

- കൃഷി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, കാർഷിക സർവ്വകലാശാല എന്നിവ സംയുക്തമായാണ് പദ്ധതിയുടെ സംഘാടനം നടത്തുക.

**11) ശാസ്ത്രീയ മണ്ണു പരിശോധനയും വിളപരിപാലനവും**

**ലക്ഷ്യങ്ങൾ**

മണ്ണിന്റെ അമ്ല-ക്ഷാരാവസ്ഥ, പോഷകമൂലകങ്ങളുടെ തോത്, ലയിച്ചു ചേർന്നിട്ടുള്ള ലവണങ്ങളുടെ അളവ് തുടങ്ങിയവ ശാസ്ത്രീയമായി വിശകലനം ചെയ്ത് ഓരോ കാർഷിക വിളകൾക്കുള്ള സംയോജിത വളപ്രയോഗ ശുപാർശ കർഷകർക്ക് നൽകുക.

**ഗുണഭോക്താക്കൾ**

കർഷകർ, ഗവേഷകർ, സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾ.

മണ്ണുപരിശോധനയ്ക്കാവശ്യമായ അപേക്ഷകൾ, കൃഷി വൻ മുഖേനയോ, നേരിട്ടോ മണ്ണ് പരിശോധനാ ലാബിൽ എത്തിയ്ക്കേണ്ടതാണ്.

....................................

# 18. മണ്ണുസംരക്ഷണ-മണ്ണുപര്യവേഷണ വകുപ്പ്

**1. നബാർഡ് സാമ്പത്തികസഹായത്തോടെയുള്ള മണ്ണ് ജലസംരക്ഷണ പദ്ധതി (ആർ.ഐ.ഡി.എഫ്)**

**ലക്ഷ്യങ്ങൾ**

മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയ്ക്ക് ഊന്നൽ നൽകി അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്തി കൃഷിയും അനുബന്ധമേഖലകളും പരിപോഷിപ്പിക്കുക, മണ്ണൊലിപ്പ് തടഞ്ഞും, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കിയും, ജലലഭ്യതയും മണ്ണിന്റെ ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, കർഷകരുടെ ജീവിതനിലവാരം ഉയർത്തുക, തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുക.

**ഗുണഭോക്താക്കൾ**

നബാർഡിനും സർക്കാരിനും സമർപ്പിച്ച് അംഗീകാരം ലഭിച്ച വാട്ടർഷെഡിൽ സ്വന്തമായി ഭൂമിയുള്ള എല്ലാ കർഷകരും

**ഫണ്ടിംഗ്**

നബാർഡിന്റെ സാമ്പത്തിക സഹായത്തോയാണ് പദ്ധതി നടപ്പിലാക്കുന്നത്.

കൃഷി ഭൂമിയിലെ പദ്ധതി പണികളുടെ ചെലവിന്റെ 10% ഗുണഭോക്താക്കാൾ വഹിക്കേണ്ടതാണ്. പട്ടികജാതി, പട്ടികവർഗ്ഗ ഗുണഭോക്താക്കൾ ചെലവിന്റെ 5% വഹിച്ചാൽ മതിയാകും. പൊതുപ്രവർത്തനങ്ങൾക്ക് 5% ഗുണഭോക്തൃ വിഹിതം നൽകണം.

**2. മണ്ണു പരിശോധന**

**ലക്ഷ്യം**

മണ്ണുപര്യവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ മണ്ണിനങ്ങളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് ഓരോ സ്ഥലത്തിനും അനുയോജ്യമായ പരിപാലന മുറകൾ ലഭ്യമാക്കുക. കൂടാതെ മണ്ണു പരിശോധനയിൽ സന്നദ്ധ സംഘടനകൾക്കും മറ്റ് ഏജൻസികൾക്കും

പരിശീലനം നൽകുന്നു. സോയിൽ ഹെൽത്ത് കാർഡ് വിതരണത്തിനായുള്ള മണ്ണുപരിശോധനകളും നടപ്പിലാക്കുന്നു.

**ഗുണഭോക്താവ്**

ഈ പദ്ധതിയിൽ എല്ലാ കർഷകരും ഗുണഭോക്താക്കളാണ്. മാത്രമല്ല വിദ്യാർത്ഥികളും സന്നദ്ധ സംഘടനകളും ഈ പദ്ധതി പ്രയോജനപ്പെടുത്തി വരുന്നു.

**പ്രവർത്തനങ്ങൾ**

കർഷകർ തങ്ങളുടെ പുരയിടത്തിൽ നിന്ന് ശേഖരിച്ച് നൽകുന്ന മണ്ണു സാമ്പിളുകൾ സൗജന്യമായി പരിശോധിച്ച് വളപ്രയോഗ നിർദ്ദേശങ്ങൾ നൽകുന്നു. കൂടാതെ വിദ്യാർത്ഥികളുടെയും വ്യക്തികളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും മണ്ണ് സാമ്പിളുകൾ സർക്കാർ നിഷ്കർഷിക്കുന്ന ഫീസ് ഈടാക്കി സമയബന്ധിതമായി പരിശോധന ഫലങ്ങൾ ലഭ്യമാക്കുന്നു.

**3. കർഷകർക്കുള്ള സോയിൽ ഹെൽത്ത് കാർഡ് വിതരണം**

**ലക്ഷ്യങ്ങൾ**

തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ ഓരോ തുണ്ടുഭൂമിയിൽ നിന്നും ജനപങ്കാളിത്തത്തോടെ മണ്ണ് സാമ്പിളുകൾ ശേഖരിച്ച് സൂക്ഷ്മമൂലകങ്ങൾ ഉൾപ്പെടെയുള്ള രാസഭൗതിക പരിശോധനകൾ നടത്തി അപഗ്രഥിച്ച് ഓരോ തുണ്ടു ഭൂമിക്കും വിളകൾക്കും യോജിച്ച പരിപാലന മുറകളും ശുപാർശകളും രേഖപ്പെടുത്തിയ സോയിൽ ഹെൽത്ത് കാർഡ് വിതരണം നടത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

കൂടാതെ കർഷകർ കൊണ്ട് വരുന്ന സാമ്പിളുകളും അവരുടെ ആവശ്യാനുസരണം സൂക്ഷ്മമൂലകങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ സോയിൽ ഹെൽത്ത് കാർഡ് നൽകുന്നു.

**ഗുണഭോക്താവ്**

എല്ലാ കർഷകരും ഈ സ്കീമിന്റെ ഗുണഭോക്താക്കളാണ്.

............................

## 19. മത്സ്യബന്ധനവകുപ്പ്

**1. മത്സ്യസമൃദ്ധി**

**ലക്ഷ്യങ്ങൾ**

കേരളത്തിലെ തദ്ദേശസ്വയം ഭരണ പ്രദേശങ്ങളിൽ ഉൾപ്പെട്ട എല്ലാ ഓരു ജലാശയങ്ങളിലും, ശുദ്ധജലാശയങ്ങളിലുമായി മത്സ്യകൃഷി വ്യാപനവും, ഉൽപ്പാദന വർദ്ധനവും, കൃഷിരീതികളിലേയും മത്സ്യഇനങ്ങളിലേയും വൈവിധ്യവൽക്കരണവും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

**ഗുണഭോക്താവ്**

സ്വന്തമായി ജലാശയങ്ങൾ ഉള്ളവരും ദീർഘകാല പാട്ടത്തിനെടുത്തവരേയും, പാടശേഖ സമിതികളേയും, കർഷക സമിതികളേയും ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പട്ടികയിൽ ഉൾപ്പെട്ടവർ ചേർന്ന് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി രൂപീകരിക്കുന്ന കർഷക ക്ലബ്ബ് അംഗങ്ങളിൽ കൃഷിക്ക് അനുയോജ്യമായ

ജലാശയങ്ങൾ ഉള്ളവർക്കെല്ലാം ഈ പദ്ധതി പ്രയോജനപ്പെടുത്താം. അതാത് പഞ്ചായത്തുകൾ തെരഞ്ഞെടുത്തിട്ടുള്ള പഞ്ചായത്ത് തല കോർഡിനേറ്റർമാർ മുഖാന്തിരമോ, ജില്ലാ ഫിഷറീസ് ഓഫീസർക്ക് നേരിട്ടോ അപേക്ഷ നൽകാവുന്നതാണ്. കോർഡിനേറ്റർമാർക്കുള്ള ചിലവ് വകുപ്പ് വഹിക്കുന്നതാണ്. മത്സ്യവിത്ത് സബ്സിഡി നിരക്കിൽ ലഭിക്കുന്നതാണ്.

**2. ഫിഷറീസ് സ്കൂളുകൾ**

**ലക്ഷ്യങ്ങൾ**

- മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് മാത്രമായി മെച്ചപ്പെട്ട വിദ്യാഭ്യാസം തികച്ചു സൗജന്യമായി നൽകുക.
- എല്ലാ മത്സ്യത്തൊഴിലാളി കുട്ടികൾക്കും ഹൈസ്കൂൾതല വിദ്യാഭ്യാസം ഉറപ്പാക്കുക.
- വിദ്യാഭ്യാസ വികസന പൊതുധാരയിലേക്ക് മത്സ്യത്തൊഴിലാളി ഭാവി തലമുറകളെ കൈപിടിച്ച് കൊണ്ടുവരിക.

**ഗുണഭോക്താക്കൾ**

മത്സ്യത്തൊഴിലാളികളുടെ മക്കൾ, ഓരോ വിദ്യാഭ്യാസ വർഷവും പ്രത്യേകമായി അപേക്ഷകൾ ക്ഷണിച്ച് മെറിറ്റിന്റെ അടിസ്ഥാനത്തിൽ 8-ാം ക്ലാസ്സിലേക്ക് തിരഞ്ഞെടുക്കുന്നു. അതാത് സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർക്കാണ് അപേക്ഷ നൽകേണ്ടത്. താമസചെലവും ഭക്ഷണവും സൗജന്യമാണ്. ഓരോ കടലോര ജില്ലയിലും ഫിഷറീസ് സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

**3. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ചെലവിനുള്ള പദ്ധതി**

**ലക്ഷ്യങ്ങൾ**

മത്സ്യത്തൊഴിലാളി കുട്ടികളുടെ മുഴുവൻ വിദ്യാഭ്യാസ ചെലവും ഏറ്റെടുത്ത് അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക.

**ഗുണഭോക്താക്കൾ**

ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾ

**പ്രവർത്തനങ്ങൾ**

- പ്രൈമറി സ്കൂൾ തലത്തിൽ തുടങ്ങി പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വരെ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന ഗുണഭോക്താക്കളുടെ മക്കളുടെയും വിവരശേഖരണം അതാത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേധാവികൾ വഴി പ്രത്യേകമായി അപേക്ഷാ ഫോറത്തിൽ ശേഖരിക്കുന്നു.
- ജില്ലാതല ഉദ്യോഗസ്ഥൻ സൂക്ഷ്മപരിശോധന നടത്തി അർഹത ഉറപ്പാക്കി ആവശ്യമായ ഫണ്ട് ചേർത്ത് സ്കൂൾ മേധാവികൾക്ക് തിരിച്ച് നൽകുന്നു.
- സ്കൂൾ മേധാവികൾ ഫണ്ട് മാറി വിദ്യാർത്ഥികൾക്ക് നൽകുന്നു.
- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗവിദ്യാർത്ഥികൾക്ക് ലഭിക്കുന്ന നിരക്കിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

**4. മത്സ്യവിഭവ സംരക്ഷണവും പരിപാലനവും**

**ലക്ഷ്യങ്ങൾ**

വിവിധ ഇനത്തിൽപ്പെട്ട വലിയൊരു വിഭാഗം കടൽ മത്സ്യങ്ങളുടെയും ശുദ്ധജലമത്സ്യങ്ങളുടേയും പ്രജനനകേന്ദ്രങ്ങളാണ് അഴിമുഖങ്ങളും, കായലുകളും. ഇത്തരം പ്രദേശങ്ങളെ കണ്ടെത്താനും, അവയെ വേർതിരിച്ച് മത്സ്യസംരക്ഷണ കേന്ദ്രങ്ങളായും റിസർവോയറുകളുമായും സംരക്ഷിക്കാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുനനത്. മത്സ്യവിഭവ സമ്പത്ത് വർദ്ധിക്കുന്നതിനായി ഗുണമേന്മയുള്ള വിത്തുകൾ സർക്കാർ ചിലവിൽ നിക്ഷേപിക്കുന്നു.

**ഗുണഭോക്താവ്**

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന എല്ലാവർക്കും ഗുണം ലഭിക്കുന്ന ഒരു പൊതു പദ്ധതിയാണ്.

ശാസ്ത്രീയ പഠനങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രം ഏറ്റെടുക്കേണ്ട പദ്ധതിയാണ്.

**5. സംയോജിത ഗ്രാമവികസനം**

തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്.

**ലക്ഷ്യങ്ങൾ**

തെരഞ്ഞെടുക്കപ്പെട്ട 25 മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തൽ, സാനിട്ടേഷൻ, വൈദ്യുതീകരണം, ലൈബ്രറി ജീവനോപാധി എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ.

**ഗുണഭോക്താക്കൾ**

പദ്ധതി നടപ്പിലാക്കുന്ന 25 മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും.

**പ്രവർത്തനങ്ങൾ**

പഞ്ചായത്തുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങളിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഫീൽഡ്തലത്തിൽ സാധ്യതാ പഠനം നടത്തിയതിന് ശേഷം പ്രൊപ്പോസൽ തയ്യാറാക്കി നിർവ്വഹണം നടത്തുന്നു.

**6. വിഭവ സംരക്ഷണവും പരിപാലനവും**

**ലക്ഷ്യങ്ങൾ**

തീരക്കടലിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അത് സുസ്ഥിരമായി പരിപാലിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് കൃത്രിമപാരുകൾ (കൃത്രിമആവാസവ്യവസ്ഥകൾ) നിക്ഷേപിക്കൽ പദ്ധതി ആവിഷ്ക്കരിച്ചത്.

**ഗുണഭോക്താവ്**

തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത വള്ളക്കാർക്കും കട്ടമരം തൊഴിലാളികൾക്കും അധിക ചെലവ് ഉണ്ടാകാതെ തന്നെ ജീവനമാർഗ്ഗം കണ്ടെത്താൻ സഹായകമാകുന്നു. കേരളസംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ പദ്ധതി നിർവ്വഹണം നടത്തുന്നു.

**7. സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർ വുമൺ (സാഫ്)**

കേരളത്തിലെ തീരപ്രദേശത്ത് മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിനായി 1955 ലെ തിരുവിതാകൂർ കൊച്ചി ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ്

ആക്ട് പ്രകാരം 2005 ജൂൺ 1-ാം തീയതി ടി 1989 ക്രമനമ്പറായി രജിസ്റ്റർ ചെയ്ത ഫിഷറീസ് ഡിപ്പാർട്ട്മെന്റിൻ കീഴിൽ പ്രവർത്തിക്കുന്ന കേരളത്തിലുടനീളം പ്രവർത്തനമേഖലയുള്ള ഒരു സ്ഥാപനമാണിത്.

മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ വിവിധതരം പരിശീലനങ്ങൾ, സാമ്പത്തിക സഹായം, വിപണനം നടത്തുന്നതിനുള്ള മാർഗ്ഗങ്ങൾ, വായ്പകൾ, ഉൽപാദന വിപണന ശൃംഖല തയ്യാറാക്കൽ, മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുവാൻ കഴിയുന്ന വിവിധ വകുപ്പുകളുടെ സേവനങ്ങളും വിഭവങ്ങളും ആവശ്യാനുഷ്ഠിതമായി സമന്വയിപ്പിച്ച് നൽകുക, പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് സാഫ്ന്റെ ലക്ഷ്യങ്ങൾ.

**8. തീരമൈത്രി**

**ലക്ഷ്യങ്ങൾ**

മത്സ്യത്തൊഴിലാളി മേഖലയിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ജീവനോപാധികൾ ആർജിച്ച് വരുമാനം കണ്ടെത്തുന്നതിനുമായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക

**ഗുണഭോക്താവ്**

സുനാമി അടിയന്തിരസഹായ പദ്ധതി (TEAP) സുനാമി പുനരധിവാസ പദ്ധതി (TRP) പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി (PMNRF) തുടങ്ങിയ പദ്ധതികളിലൂടെ തെരഞ്ഞെടുത്തവർ. പുതിയതായി ജീവനോപാധി പദ്ധതിക്കായി രൂപീകൃതമായിട്ടുള്ള ആക്ടിവിറ്റി ഗ്രൂപ്പുകളിലെ അംഗങ്ങൾ. ഇവർ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ളവരായിരിക്കണം. ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവർ, വിധവകൾ, വികലാംഗർ, പട്ടിക ജാതി, പട്ടിക വർഗ്ഗങ്ങൾ, വിദ്യാഭ്യാസ യോഗ്യത, പ്രായപരിധി എന്നിവ മാനദണ്ഡമായി നിശ്ചയിച്ച് അവർക്ക് മാർക്ക് നൽകി ഗ്രേഡിംഗ് നടത്തുന്നു.

**സംഘാടനം**

തെരഞ്ഞെടുത്ത ഗുണഭോക്തൃ ഗ്രൂപ്പുകൾക്കുള്ള പരിശീലനവും ധനസഹായ വിതരണവും ജില്ലാതലത്തിൽ നോഡൽ ഓഫീസറും പഞ്ചായത്ത്തലത്തിൽ തീരമൈത്രി മാനേജ്മെന്റ് കൗൺസിലും പ്രവർത്തിക്കുന്നു. കുടുംബശ്രീ, സി.ഡി.എസ്, വ്യവസായവകുപ്പ് എന്നീ സംവിധാനങ്ങൾ സംഘാടനത്തിന് ഉപയോഗിക്കുന്നു. മത്സ്യസംസ്ക്കരണം, ടെയ്ലറിംഗ്, ഗാർമെന്റ്സ്, വെളിച്ചണ്ണ നിർമ്മാണം, ഹയർ സർവ്വീസസ്, സോപ്പുനിർമ്മാണം, മെഴുകുതിരി നിർമ്മാണം, കയർ ഉൽപ്പന്നങ്ങൾ, ഹോട്ടൽ & കാറ്ററിംഗ്, ഹോംമെയ്ഡ് സ്വീറ്റ്സ്, ഫ്ളോർ & കറി പൗഡർ, അച്ചാർ നിർമ്മാണം, ഇലക്ട്രോണിക്ക് ചോക്ക് നിർമ്മാണം, പപ്പടം നിർമ്മാണം, പശുവളർത്തൽ, പ്രൊവിഷണൽ സ്റ്റോർ, ഫോട്ടോസ്റ്റാറ്റ് & ഡി.ടി.പി, സൂപ്പർ മാർക്കറ്റ്, വെഹിക്കിൾ, കൂട്കൃഷി, റൂറൽ മാർക്കറ്റിംഗ്, ബ്യൂട്ടിപാർലർ, സ്റ്റുഡിയോ തുടങ്ങിയ ലഘു സംരം ഭങ്ങളിലൂടെ ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് ധനസഹായവും, വൈദഗ്ധ്യ പരിശീലനവും നൽകി വരുന്നു. ഇത്തരം ഗ്രൂപ്പുകൾ സമർപ്പിക്കുന്ന പദ്ധതിയുടെ 80% ഗ്രാന്റായും (പരമാവധി 2 ലക്ഷം രൂപ വരെ) വിവിധ തരത്തിലുള്ള സ്കിൽ ട്രെയിനിംഗുകൾ സൗജന്യമായും നൽകുന്നു.

**9. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശൂർ – (മത്സ്യബോർഡ്)**
കേരള സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെയും മത്സ്യമേഖലയിലെ അനുബന്ധ ത്തൊഴിലാളികളുടെയും സാമൂഹികവും സാമ്പത്തികവുമായ ക്ഷേമത്തിന് ഉതകുന്ന വിവിധ ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന സ്ഥാപനമാണിത്.

| ക്ഷേമപദ്ധതികൾ | ധനസഹായതുക | അർഹത | നടപടിക്രമം |
|---|---|---|---|
| **I. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി.** അപകടമരണത്തിനും മത്സ്യബന്ധനത്തിനിടെ കാണാതാകലിനും അപകടം മൂലം ഉണ്ടാകുന്ന സ്ഥിരവും ഭാഗികവും പൂർണ്ണവുമായ ശാരീരിക അവശതക്കും ഇൻഷുറൻസ് പരിരക്ഷ. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രീമിയം തുക സർക്കാർ ബജറ്റ് ശീർഷകം 24050080086 (പദ്ധതി) നിന്ന് എല്ലാ വർഷവും അനുവദിക്കുന്നു. | 1.മരണം, കാണാതാകൽ, പൂർണ്ണ അവശതക്ക് 5 ലക്ഷം രൂപ<br>2.ഭാഗിക അവശത 20% മുതൽ 50% വരെ 2.5 ലക്ഷം രൂപ<br>3. അപകടം മൂലം ആശുപത്രി ചികിത്സയ്ക്ക് 20,000 രൂപ (പരമാവധി) 4. അപകടമരണം സംഭവിച്ചവരുടെ കുട്ടികളുടെവിദ്യാഭ്യാസ സഹായം 10,000 രൂപ.<br>5. ശവസംസ്ക്കാര ചിലവ് 2000 രൂപ | ബോർഡിൽ അംഗത്വമുള്ള പ്രവർത്തനോന്മുഖ മത്സ്യത്തൊഴിലാളി ആയിരിക്കണം. | പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ തുടങ്ങിയവസഹിതം ഫിഷറീസ് ഓഫീസർമുഖേന സമർപ്പിക്കണം. കരാറിൽഏർപ്പെട്ട ഇൻഷുറൻസ് കമ്പനി നടപടി പൂർത്തിയാക്കിതുക അനുവദിക്കുന്ന മുറക്ക് ധനസഹായംവിതരണം ചെയ്യുന്നു. |
| **വള്ളങ്ങൾക്കും, എഞ്ചിനും ഇൻഷുറൻസ് പരിരക്ഷ**<br>അംഗത്വമുള്ള മത്സ്യത്തൊഴിലാളികളുടെ ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുത്തിട്ടുള്ള യാനത്തിനും എഞ്ചിനും ഇൻഷുറൻസ് പരിരക്ഷ, പ്രീമിയം തുകയുടെ 75% തുക സർക്കാർ സഹായം നൽകും. ഇതിന് ആവശ്യമായ തുക സർക്കാർ ബജറ്റ് ശീർഷകം 24050080027 (പ്ലാൻ) നിന്ന് അനുവദിച്ച് വരുന്നു. | വിലയുടെ 75% തുക | ബോർഡിൽ അംഗത്വവും 25% പ്രീമിയം തുകയും അടക്കുന്ന വർക്ക് ഒരു വർഷത്തെ ഇൻഷുറൻസ് പരിരക്ഷ | ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർ മുഖേന അപേക്ഷയും പ്രീമിയം തുകയും സമർപ്പിക്കണം. |

| | | | |
|---|---|---|---|
| **വാർദ്ധക്യകാല പെൻഷൻ**<br>60 വയസ്സ് പൂർത്തിയാക്കിയ തൊഴിലിൽ നിന്ന് വിരമിച്ചവർക്ക് പെൻഷൻ. ഇതിന് ആവശ്യമായ തുക സർക്കാർ ബഡ്ജറ്റ് ശീർഷകം 24050080094 (പദ്ധതിയേതര) നിന്ന് അനുവദിച്ചു വരുന്നു. | നിലവിൽ പ്രതി മാസം 500 രൂപ | അപേക്ഷ തിയ്യതിതൊട്ട് 5 വർഷം മുമ്പ് അംഗത്വം സ്വീകരിച്ച് വിഹിതം പൂർണ്ണമായി അടച്ചിരിക്കണം | വയസ്സ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് സഹിതം നിശ്ചിത അപേക്ഷ/സമയത്ത് ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |
| **വിധവാ പെൻഷൻ**<br>മത്സ്യബോർഡിൽ വിഹിതമടച്ച് അംഗത്വം എടുത്തശേഷം പെൻഷൻ ഒരു ഗഡുപോലും വാങ്ങുന്നതിനു മുമ്പായി മരണമടഞ്ഞവരുടെ ഭാര്യമാർക്ക് പെൻഷൻ. ഇതിനാവശ്യമായ തുക സർക്കാർ ബഡ്ജറ്റ് ശീർഷകം 2405-00-800-94 (പദ്ധതിയേതര) നിന്ന് അനുവദിച്ചു വരുന്നു. | നിലവിൽ പ്രതി മാസം 500 രൂപ | പുനർവിവാഹം കഴിക്കാത്തവർക്കും സ്ഥിരവരുമാനം ഇല്ലാത്തവർക്കും അർഹത | മരണ സർട്ടിഫിക്കറ്റ് പുനർ വിവാഹം നടത്തിയിട്ടില്ലെന്നും സ്ഥിര വരുമാനം ഇല്ലെന്നും തെളിയിക്കുന്നതിന് നിശ്ചിത സർട്ടിഫിക്കറ്റ് സഹിതം ഫിഷറീസ് ഓഫീസർ മുഖേന നിശ്ചിത ഫോറത്തിൽ അപേക്ഷിച്ചിരിക്കണം. |
| മത്സ്യബന്ധന സമയത്തോ, തൊട്ടു പിന്നാലേയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം | 20,000 രൂപ | 60 വയസ്സിൽ താഴെ പ്രായവും ബോർഡിൽ അംഗത്വവും പൂർണ്ണമായി വിഹിതമടവും | മരണ സർട്ടിഫിക്കറ്റ് എഫ്.ഐ. ആർ തുടങ്ങിയ രേഖകൾ സഹിതം ഫിഷറീസ് ഓഫീസ് മുഖേന നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. |
| **വിവാഹധനസഹായം**<br>മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 1500 രൂപ | വധുവിന് 18 വയസ്സ് പൂർത്തിയായിരിക്കണം. വരുമാനം 12000 രൂപയിൽ കൂടരുത്. അംഗത്വമെടുത്ത് വിഹിതം പൂർണ്ണമായി അടച്ചിരിക്കണം. | നിശ്ചിത ഫോറത്തിൽ വിവാഹ തിയ്യതിക്ക് മുമ്പായി വാർഷിക വരുമാന സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം ഫിഷറീസ് ഓഫീസർ മുഖേന നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം |

| | | | |
|---|---|---|---|
| **ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം**<br>മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരണപ്പെട്ടാൽ ശവസംസ്ക്കാരം തുടങ്ങിയ ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ്. അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ് മൈനർമാരായ ആൺമക്കൾ അവിവാഹിതരായ പെൺമക്കൾ എന്നിവരുടെ മരണത്തിന്. | 600 രൂപ | മത്സ്യ ബോർഡിൽ അംഗത്വവും വിഹിതം പൂർണ്ണമായി അടച്ചവർക്കും. | ആശ്രിതന്റെ മരണ സർട്ടിഫിക്കറ്റും, മറ്റുരേഖകളും സഹിതം നിശ്ചിത ഫോറത്തിൽ മരണപ്പെട്ട് മൂന്ന് മാസത്തിനകം ഫിഷറീസ് ഓഫീസർ മുഖേനസമർപ്പിക്കണം. |
| **അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായം.**<br>അപകടം മൂലം താൽക്കാലികമായി തൊഴിൽ ചെയ്യാൻ കഴിയാത്തവർക്ക് ഉപജീവനത്തിനുള്ള ആശ്വാസ ധനസഹായം | ആദ്യത്തെ 7 ദിവസത്തേക്ക് 100 രൂപയും പിന്നീട് ഓരോ ദിവസവും 15 രൂപ വീതം പരമാവധി 500 രൂപ | അംഗത്വം വേണം. വിഹിതം പൂർണ്ണമായി അടച്ചിരിക്കണം | അപകടം സംവിച്ച തിയ്യതി മുതൽ 3 മാസത്തിനകം ചികിത്സിച്ച സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റ് സഹിതം നിശ്ചിത ഫോറത്തിൽ ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |
| **മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായം**<br>മത്സ്യത്തൊഴിലാളി മരണപ്പെട്ടാൽ മരണാനന്തര ചിലവുകൾക്ക് ആശ്രിതർക്ക് ധനസഹായം നൽകുന്നു. | 5000 രൂപ ആശ്രിതൻ ഇല്ലെങ്കിൽ ചിലവുകൾ വഹിച്ച വ്യക്തിക്ക് 1000 രൂപ | 60 വയസ്സിൽ താഴെ അംഗത്വമുള്ളവരും വിഹിതം പൂർണ്ണമായി അടച്ചവർക്കും | മരണ സർട്ടിഫിക്കറ്റ് സഹിതം നിശ്ചിത ഫോറം ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർ മുഖേന മരണപ്പെട്ട് മൂന്ന് മാസത്തിനകം സമർപ്പിക്കണം. |
| S.S.L.C **പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് കാഷ് അവാർഡ്.**<br>വിദ്യാഭ്യാസ പുരോഗതിക്ക് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കാഷ് അവാർഡ് നൽകുന്ന പദ്ധതി | 10+ നേടുന്നവർക്ക് 5000 രൂപ 9A+4000 രൂപ 8A+3000 രൂപ വീതം, റീജിയണൽ ഫിഷറീസ് ടെക്ക്നിക്കൽ സ്കൂളിൽ ഉയർന്ന മാർക്ക് നേടുന്ന 3 പേർക്ക് 3000 രൂപ വീതം | അംഗത്വവും വിഹിതവുമടവ് പൂർണ്ണവുമായിരിക്കണം. | പരീക്ഷാ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പു സഹിതം നിശ്ചിത ഫോറത്തിൽ സമയപരിധിക്കുള്ളിൽ ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |

| | | | |
|---|---|---|---|
| **കുടുംബ സംവിധാന പദ്ധതി** വന്ധ്യംകരണ ശാസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളികൾക്കും, സ്ത്രീക്കും സാമ്പത്തിക സഹായം | 500 രൂപ | അംഗത്വവും വിഹിതം പൂർണ്ണമായി അടച്ചവർക്ക് | ശസ്ത്രക്രിയ കഴിഞ്ഞ് സർക്കാർ ഡോക്ടരുടെ സർട്ടിഫിക്കറ്റ് സഹിതം നിശ്ചിത ഫോറത്തിൽ ഫിഷറീസ് ഓഫീസർ മുഖേന അപേക്ഷിക്കാം. |
| **മാരക രോഗചികിത്സാ പദ്ധതി** ഹൃദ്രോഗം, വൃക്കരോഗം, കാൻസർ, തലച്ചോറിലെ ട്യൂമർ, തളർവാതം, ചികിത്സിച്ചു ഭേദമാക്കാൻ കഴിയുന്ന മാനസികരോഗം എന്നിവക്ക് ചികിത്സാ സഹായം | 5000 രൂപ മുതൽ പരമാവധി 50,000 രൂപ വരെ | വാർഷിക വരുമാനം 15000 രൂപയിൽ കൂടാത്ത 23 വയസ്സിനും 60 വയസ്സിൽ കൂടാത്ത അംഗത്വം ഉള്ളതും വിഹിതം പൂർണ്ണമായി അടച്ചവർക്കും | പ്രത്യേകം നിർദ്ദേശിച്ച ആശുപത്രികളിലെ ചികിത്സാ ബില്ലുകൾ സാക്ഷ്യപ്പെടുത്തിയ വരുമാന സർട്ടിഫിക്കറ്റ് സഹിതം നിശ്ചിത ഫോറത്തിൽ ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |
| **ചെയർമാൻ റിലീഫ് ഫണ്ട്** പ്രകൃതിക്ഷോഭങ്ങൾ, അപ്രതീക്ഷിതമായുണ്ടാകുന്ന അപകടങ്ങൾ മൂലം ദുരിതം അനുഭവിക്കേണ്ടി വരുന്നവർക്ക് അടിയന്തിര ധനസഹായം നൽകുന്ന പദ്ധതി. | കഷ്ടനഷ്ടങ്ങളുടെ വ്യാപ്തി അനുസരിച്ച് 500 രൂപ മുതൽ 5000 രൂപ വരെ | അംഗത്വം ഉള്ളവർ, വിഹിതം പൂർണ്ണമായി അടച്ചിരിക്കണം. | നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |
| **പ്രസവ ശുശ്രൂഷക്കുള്ള ധനസഹായം** വനിതകൾക്കും മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവത്തിന് ധനസഹായം | 750 രൂപ | പ്രായം 19 വയസ്സ്, അംഗത്വം ഉള്ളവരും വിഹിതം പൂർണ്ണമായി അടച്ചിരിക്കണം. | നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം പ്രസവ തിയ്യതിക്ക് 12 മുതൽ 8 ആഴ്ചക്കുള്ളിൽ ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |
| **ഉന്നതവിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി** മത്സ്യത്തൊഴിലാളികളുടെ കുട്ടികളെ അഭ്യസ്ഥവിദ്യരാക്കുന്നതിന് +2, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡ് നേടുന്നവർക്ക് കാഷ് അവാർഡ് | 5000 രൂപ | എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡ്, വിഹിതം പൂർണ്ണമായി അടച്ചിരിക്കണം. | മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയപകർപ്പുംവയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റും സഹിതം നിശ്ചിത ഫോത്തിൽ ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിച്ചിരിക്കണം. |

| | | | |
|---|---|---|---|
| **പ്രത്യേക ധനസഹായം.**<br>പദ്ധതി മാർഗ്ഗരേഖകൾ പ്രകാരം ധന സഹായത്തിന് അർഹത ഇല്ലെങ്കിലും ശോചനീയമായ കുടുംബ പരിതസ്ഥിതി, മാനുഷിക പരിഗണന എന്നിവയാൽ ഭരണ സമിതി യോഗതീരുമാനത്താൽ നൽകുന്ന പ്രത്യേക ധനസഹായം | ഭരണ സമിതി നിശ്ചയിക്കുന്ന തുക | അംഗത്വവും, വിഹിതം പൂർണ്ണമായി അടച്ചവർക്കും. | അപേക്ഷ ലഭിക്കുന്ന മുറക്ക് ബോർഡിലെ ഓഫീസർമാരുടെ അന്വേഷണ റിപ്പോർട്ട് സഹിതം ഭരണ സമിതി പരിഗണനക്ക് സമർപ്പിക്കണം. |
| **II. അനുബന്ധത്തൊഴിലാളി ക്ഷേമ പദ്ധതിഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി**<br>അപകടമരണത്തിനും, അപകടംമൂലം ഉണ്ടാകുന്ന സ്ഥിരവും ഭാഗികവും പൂർണ്ണവുമായ ശാരീരിക അവശതയ്ക്കും ഇൻഷുറൻസ് പരിരക്ഷ. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രീമിയം തുക സർക്കാർ ബജറ്റ് ശീർഷകം 2405-00-800-50 (പ്ലാൻ) നിന്ന് എല്ലാ വർഷവും അനുവദിക്കുന്നു. | 1. മരണം,പൂർണ്ണ അവശത 5 ലക്ഷം രൂപ<br>2. ഭാഗിക അവശത 2.5 (പരമാവധി) ലക്ഷം രൂപ<br>3. അപകടം മൂലം ആശുപത്രി ചികിത്സയ്ക്ക് 20,000 രൂപ (പരമാവധി)<br>4. കുട്ടികളുടെ വിദ്യാഭ്യാസ സഹായം 10,000 രൂപ.<br>5. ശവസംസ്ക്കാര ചിലവ് 2000 രൂപ | ബോർഡിൽ അംഗത്വമുള്ള പ്രവർത്തനോന്മുഖ തൊഴിലാളി ആയിരിക്കണം | പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്. ഐ. ആർ തുടങ്ങിയവ സഹിതം ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. കരാറിൽ ഏർപ്പെട്ട ഇൻഷുറൻസ് കമ്പനി നടപടി പൂർത്തിയാക്കി തുക അനുവദിക്കുന്ന മുറക്ക് ധനസഹായം വിതരണം ചെയ്യുന്നു. |
| **വാർദ്ധക്യകാല പെൻഷൻ.**<br>60 വയസ്സ് പൂർത്തിയാക്കി തൊഴിലിൽ നിന്ന് വിരമിച്ചവർക്ക് | നിലവിൽ പ്രതിമാസം 500 രൂപ | 5 വർഷം തുടർച്ചയായി അംഗത്വവും വിഹിതം പൂർണ്ണമായി അടച്ച് 60 വയസ്സ് പൂർത്തിയായി തൊഴിലിൽ നിന്നും വിരമിച്ചവർക്കും നിശ്ചിത വരുമാന പരിധിയിൽപ്പെട്ടവർക്കും | വാർഷിക കുടുംബ വരുമാന സർട്ടിഫിക്കറ്റ് വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് തുടങ്ങിയവ സഹിതം നിശ്ചിത സമയപരിധിക്കുള്ളിൽ ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |
| **അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായം**<br>മരണപ്പെട്ട ആളിന്റെ കുടുംബങ്ങൾക്ക് ധനസഹായം | 5000 രൂപ | അംഗത്വവും, വിഹിതം പൂർണ്ണമായി അടച്ചിരിക്കണം | മരണ സർട്ടിഫിക്കറ്റും മറ്റു രേഖകളും നിശ്ചിത അപേക്ഷയിൽ ഫിഷറീസ് ഓഫീസർ മുഖേന മൂന്ന് മാസത്തിനുള്ളിൽ സമർപ്പിച്ചിരിക്കണം. |

| | | | |
|---|---|---|---|
| **എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്.**<br>കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി പരീക്ഷയിൽ 10 A+, 9A+, 8A+ ഗ്രേഡ് നേടുന്നവർക്ക് കാഷ് അവാർഡ് | 10 A+ ന് 5000 രൂപ<br>9A+ന് 4000 രൂപ<br>8A+ ന് 3000 രൂപ | അംഗത്വവും വിഹിതവും പൂർണ്ണമായി അടച്ചവർക്ക് | സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഫിഷറീസ് ഓഫീസർ മുഖേന നിശ്ചിത സമയത്ത് അപേക്ഷസമർപ്പിക്കണം |
| **പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായം**<br>അനുബന്ധത്തൊഴിലാളികളായ വനിതകളുടെ ആദ്യത്തെ 2 പ്രസവങ്ങൾക്ക് ആനുകൂല്യം | 750 രൂപ | ഒരു വർഷം മുമ്പ് അംഗത്വം സ്വീകരിച്ച് വിഹിതം പൂർണ്ണമായി അടച്ചിരിക്കണം | ഡോക്ടറുടെ സർട്ടിഫിക്കറ്റ് സഹിതം നിശ്ചിത അപേക്ഷ 60 ദിവസത്തിനു മുമ്പും 60 ദിവസത്തിനുള്ളിലുമായി ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |
| **മാരക രോഗചികിത്സാ പദ്ധതി**<br>ഹൃദ്രോഗം, വൃക്കരോഗം, കാൻസർ, തളർവാതം, മാനസിക രോഗം ഗർഭാശയ സംബന്ധമായ രോഗം എന്നിവയ്ക്ക് ധനസഹായം | 5000 രൂപ മുതൽ 25000 രൂപ വരെ വിവിധ രോഗചികിത്സയ്ക്ക് ധനസഹായം | വാർഷിക വരുമാനം 15000 രൂപയിൽ കൂടാതെ 2 വർഷം മുമ്പ് അംഗത്വം സ്വീകരിച്ച് വിഹിതം പൂർണ്ണമായി അടച്ച് 23 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ളവർ പ്രത്യേകം നിർദ്ദേശിച്ച ആശുപത്രികളിൽ ചികിത്സിച്ചവർക്ക് | വരുമാന സർട്ടിഫിക്കറ്റ് മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയവ സഹിതം നിശ്ചിത ഫോറത്തിൽ ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |
| **വിവാഹധനസഹായം**<br>അനുബന്ധത്തൊഴിലാളികളുടെ ഒരു പെൺകുട്ടിയുടെ വിവാഹത്തിന് ധനസഹായം (60 വയസ്സ് പൂർത്തിയായവരുടെ മക്കൾക്ക് അർഹതയില്ല) | 1500 രൂപ | വധുവിന് 18 വയസ്സ് പൂർത്തിയായിരിക്കണം. അംഗത്വമടച്ച് വിഹിതം പൂർണ്ണമായി അടച്ചിരിക്കണം | നിശ്ചിത ഫോറത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ രേഖകൾ സഹിതം ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിച്ചിരിക്കണം. |

| | | | |
|---|---|---|---|
| **കുടുംബ സംവിധാനത്തിന് ധനസഹായം.** വന്ധ്യംകരണ ശാസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന അനുബന്ധ സ്ത്രീത്തൊഴിലാളികൾക്കും പുരുഷൻമാർക്കും സാമ്പത്തിക സഹായം | 500 രൂപ | അംഗത്വമെടുത്ത് വിഹിതം പൂർണ്ണമായി അടച്ചവർക്ക് | ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ സഹിതം നിശ്ചിത ഫോറത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ ഫിഷറീസ് ഓഫീസർ മുഖേന അപേക്ഷിക്കണം. |
| **ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി.** കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് +2, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷകളിൽ ഉയർന്ന ഗ്രേഡ് നേടുന്നവർക്ക് കാഷ് അവാർഡ് | എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡ് നേടുന്നവർക്ക് 5000 രൂപ | അംഗത്വമെടുത്ത് വിഹിതം പൂർണ്ണമായി അടച്ചവരുടെ കുട്ടികൾക്ക് | സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം നിശ്ചിത ഫോറത്തിൽ ഫിഷറീസ് ഓഫീസർ മുഖേന നിശ്ചിത സമയത്ത് അപേക്ഷിക്കണം. |

നിലവിൽ 16 ക്ഷേമപദ്ധതികൾ മത്സ്യത്തൊഴിലാളി വിഭാഗക്കാർക്കും 9 ക്ഷേമപദ്ധതികൾ മത്സ്യമേഖലയിലെ അനുബന്ധത്തൊഴിലാളികൾക്കും മത്സ്യബോർഡ് മുഖേന നടപ്പിലാക്കി വരുന്നു.

**ഗുണഭോക്താവ്**

മത്സ്യബോർഡിൽ അംഗത്വം എടുത്ത് ആക്ടിൽ നിഷ്കർഷിച്ച പ്രകാരം അംശാദായം വീഴ്ചവരുത്താതെ അടക്കുന്ന തൊഴിലാളികൾ

ബോർഡ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികളും ധനസഹായതുകയും രേഖപ്പെടുത്തിയ പട്ടിക താഴെ ചേർക്കുന്നു

## മത്സ്യഫെഡ്

10. **ബാങ്കബിൾ സ്കീം.**

**ലക്ഷ്യങ്ങൾ**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മത്സ്യത്തൊഴിലാളികൾ, ഉൽപാദന ഉപകരണങ്ങളായ വള്ളം, എഞ്ചിൻ, വല എന്നിവ വായ്പയായി ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വാങ്ങുമ്പോൾ വായ്പയുടെ 25% തുക സബ്സിഡിയായി നൽകുന്ന പദ്ധതിയാണിത്.

**ഗുണഭോക്താവ്**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തീട്ടുള്ള പ്രാഥമിക സഹകരണ സംഘത്തിലെ അംഗങ്ങളാണ് ഗുണഭോക്താക്കൾ.

11. **എൻ.സി.ഡി.സി ധനസഹായത്തോടെയുള്ള സംയോജിത മത്സ്യവികസന പദ്ധതി**

**ലക്ഷ്യങ്ങൾ**

മത്സ്യഫെഡിന്റെ കീഴിലുള്ള സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സ്വന്തമാക്കുന്നതിനാവശ്യമുള്ള വായ്പ, മത്സ്യബന്ധനത്തിനാവ

ശ്യമായ പ്രവർത്തന മൂലധനവായ്പ എന്നിവയ്ക്ക് ധനസഹായം ഈ പദ്ധതി വഴി നൽകുന്നു.

**ഗുണഭോക്താക്കൾ**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾ ആണ് ഇതിന്റെ ഗുണഭോക്താക്കൾ.

**പ്രവർത്തനങ്ങൾ**

ഓരോ വർഷവും മത്സ്യ മേഖലയിലേയ്ക്ക് ഒരു സംയോജിത മത്സ്യ വികസന പദ്ധതി മത്സ്യഫെഡ് തയ്യാറാക്കുന്നു. സർക്കാർ പദ്ധതിയും മാർഗ്ഗരേഖകളും അനുസരിച്ച് സഹകരണ സംഘത്തിലെ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് പ്രത്യേക അപേക്ഷ ഫോറത്തിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കാവുന്നതാണ്.

**12. മത്സ്യബന്ധന വലകൾക്ക് അനുയോജ്യമായ അനുബന്ധ ഉപകരണങ്ങളുടെ വിതരണം.**

**ലക്ഷ്യങ്ങൾ**

വള്ളങ്ങളിൽ 10 കുതിര ശക്തിയുള്ള എൻജിൻ ഘടിപ്പിക്കുമ്പോൾ ആവശ്യമായി വരുന്ന ഉപകരണങ്ങൾ വാങ്ങുന്നതിന് വള്ളമൊന്നിന് 6,000/ രൂപ വീതം ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കാണ് പ്രയോജനം ലഭിക്കുന്നത്

**പ്രവർത്തനങ്ങൾ**

അംഗീകരിച്ച അപേക്ഷ ഫോറത്തിൽ ആവശ്യമായ ബന്ധപ്പെട്ട രേഖകൾ സഹിതം സംഘത്തിന്റെ ശുപാർശയോടു കൂടി മത്സ്യഫെഡ് പ്രോജക്ട് ഓഫീസർ വഴി അപേക്ഷിക്കേണ്ടതാണ്.

**13. കുട്ടനാട്-കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി**

**ലക്ഷ്യങ്ങൾ**

ആലപ്പുഴ, കോട്ടയം, പത്തനംത്തിട്ട ജില്ലകളിൽ വ്യാപിച്ച് കിടക്കുന്ന കുട്ടനാടൻ പാടശേഖരങ്ങളിലും തൃശൂർ, മലപ്പുറം ജില്ലകളിലായി വ്യാപിച്ച് കിടക്കുന്ന കോൾ പടവുകളിൽ നെൽകൃഷിക്ക് ശേഷം ആറ്റുകൊഞ്ച്/മത്സ്യകൃഷി സർക്കാർ സബ്സിഡിയോടെ ചെയ്യുന്ന പദ്ധതിയാണിത്. പാടശേഖര സമിതികൾക്കും വ്യക്തികൾക്കും ഗുണഭോക്താക്കളാകാം.

**പ്രവർത്തനങ്ങൾ**

കുട്ടനാട് ഭാഗത്തുള്ളവർ ആലപ്പുഴ ജില്ലാ ഓഫീസിലും കോൾനിലങ്ങൾ ഉള്ളവർ എറണാകുളത്തുള്ള അഡാക്കിന്റെ ഓഫീസുമാണ് അപേക്ഷ നൽകേണ്ടത്.

**14. പൊക്കാളി പാടങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി പദ്ധതി**

**ലക്ഷ്യങ്ങൾ**

എറണാകുളം, ആലപ്പുഴ, തൃശൂർ എന്നീ ജില്ലകളിൽ വ്യാപിച്ച് കിടക്കുന്ന പൊക്കാളി പാടശേഖരങ്ങളിൽ സർക്കാർ സബ്സിഡിയോടെ നെൽകൃഷിക്ക് ശേഷം ചെമ്മീൻ കൃഷി നടത്തുന്ന പദ്ധതിയാണിത്.

**പ്രവർത്തനങ്ങൾ**

പാടശേഖര സമിതികൾ, ഗ്രൂപ്പുകൾ, വ്യക്തികൾ, സംഘങ്ങൾ എന്നിവർ ഗുണഭോക്താക്കളാണ്. പ്രത്യേകമായി ലഭിക്കുന്ന അപേക്ഷ ഫാറത്തിൽ എറണാകുളത്തുള്ള അഡാക്കിന്റെ ഓഫീസിൽ സമർപ്പിക്കണം

**15. കൈപ്പാട് നിലങ്ങളിലെ നെൽ-ചെമ്മീൻ കൃഷി പദ്ധതി**

**ലക്ഷ്യങ്ങൾ**

കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലായി വ്യാപിച്ച് കിടക്കുന്ന കൈപ്പാട് നിലങ്ങളിൽ നെൽകൃഷിക്ക് ശേഷം ചെമ്മീൻ കൃഷി ചെയ്യുന്ന പദ്ധതിയാണിത്.

**പ്രവർത്തനങ്ങൾ**

മേൽ ജില്ലകളിലെ പരമ്പരാഗത കർഷകർ, പാടശേഖര സമിതികൾ, സ്വയം സഹായസംഘങ്ങൾ, ആക്ടിവിറ്റി ഗ്രൂപ്പുകൾ എന്നിവർക്ക് ഗുണഭോക്താക്കളാകാം. കണ്ണൂർ ജില്ലയിലെ എരഞ്ഞോളി കേന്ദ്രമായി പ്രവർത്തിക്കുന്ന അഡാക്കിന്റെ ഫാം വഴിയാണ് ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്.

**പദ്ധതി ഘടകങ്ങളുടെ സാമ്പത്തിക വിവരണങ്ങളും സബ്സിഡി വിശദാംശങ്ങളും**

| ക്രമ നം. | പദ്ധതികളുടെ പേര് | യൂണിറ്റ് | യൂണിറ്റിന്റെ മതിപ്പ് ചിലവ് (രൂപ) | സബ്സിഡി നിരക്ക് | പരമാവധി ലഭിക്കുന്ന സബ്സിഡി സഹായം (രൂപ) |
|---|---|---|---|---|---|
| 1. | ശുദ്ധജല തടാകങ്ങളിലും കുളങ്ങളിലും ഉള്ള മത്സ്യകൃഷി | 1 ha | 50000 | 20% | 10000 |
| 2. | പാടശേഖരങ്ങളിലേയും കോൾനിലങ്ങളിലേയും ആറ്റുകൊഞ്ച് മത്സ്യകൃഷി, സംയോജിത മത്സ്യകൃഷി | 1 ha | 50000 | 20% | 10000 |
| 3. | പൊക്കാളി, കൈപ്പാട് പാടശേഖരങ്ങളിലെ ചെമ്മീൻകൃഷി | 1 ha | 60000 | | 20000 |
| 4. | കല്ലുമ്മേക്കായ കൃഷി | $25m^2$ | 10000 | 25% | 2500 |
| 5. | ഞണ്ടുകൃഷി/കൊഴുപ്പിക്കൽ | 1 ha | 50000 | 25% | 12500 |
| 6. | കരിമീൻവിത്ത് (കുഞ്ഞുങ്ങളെ) പരിപാലനവും, വിപണന യൂണിറ്റ് സ്ഥാപിക്കലും | | 30000 | 50% | 15000 |
| 7. | അടുക്കള കുളങ്ങൾ സ്ഥാപിക്കൽ | | 1000 | 100% | 1000 |
| 8. | കുളങ്ങളിലെ കരിമീൻ വളർത്തൽ | | 80000 | 31% | 25000 |
| 9. | കൂടുകളിൽ കരിമീൻ വളർത്തൽ | 100000 | 25% | 25000 | |
| 10. | പുഴകൾ, കായലുകൾ അഴിമുഖങ്ങൾ എന്നിവിടങ്ങളിൽ മത്സ്യവർദ്ധനവ് ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ | 150000 | പദ്ധതിയുടെ മുഴുവൻ ചിലവും സൗജന്യമായി വഹിക്കുന്നു. | | |

| | | |
|---|---|---|
| 11. | ജലകൃഷി രീതികളിലുള്ള പരിശീലന പരിപാടികൾ | എല്ലാ ജില്ലകളിലേയും കർഷകർക്ക് സൗജന്യ പരിശീലനം |
| 12. | ചെമ്മീൻ കൃഷിയിടങ്ങൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ | ഇൻഷുറൻസ് പ്രീമിയത്തിന്റെ 75% സബ്സിഡിയായി ലഭിക്കും. |
| 13. | കല്ലുമ്മക്കായ കൃഷിക്കുള്ള ഇൻഷുറൻസ് പരിരക്ഷ | ഇൻഷുറൻസ് പ്രീമിയത്തിന്റെ 75% സബ്സിഡിയായി ലഭിക്കും. |

.......................................

## 20. മൃഗസംരക്ഷണം.

**1. വാസസ്ഥലങ്ങളിൽ വീടുപടിക്കൽ മൃഗചികിത്സസേവനം**

- **മൾട്ടിസ്പെഷ്യാലിറ്റി സഞ്ചരിക്കുന്ന മൃഗാശുപത്രികൾ**
  അടിയന്തിരഘട്ടങ്ങളിൽ കർഷകർക്ക് ഉരുക്കളെ ആശുപത്രിയിൽ കൊണ്ടുവന്ന് സേവനം തേടുന്നതിന് കർഷകന് ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ കർഷകർക്ക് വീട്ടുപടിയ്ക്കൽ അത്യാധുനികസേവനം ലഭ്യമാക്കാം.

**ഗുണഭോക്താവ്**

മൃഗസംരക്ഷണ മേഖലയിലെ കർഷകർ

**പ്രവർത്തനങ്ങൾ**

തിരഞ്ഞെടുത്ത ജില്ലകളിലെ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ മുഖേന അത്യാധുനിക സംവിധാനങ്ങൾ സജ്ജമാക്കിയ ആംബുലൻസുകൾ വഴി സേവനം ലഭ്യമാക്കുന്നു. അടിയന്തിരഘട്ടങ്ങളിൽ കർഷകർക്കും ഫീൽഡ് ഉദ്യോഗസ്ഥർക്കും ഇത് വഴി സഹായം ലഭിക്കുന്നു.

- **രാത്രികാലങ്ങളിലെ സേവനം**
  രാത്രി കാലങ്ങളിൽ അടിയന്തിര ഘട്ടങ്ങളിൽ ഒരു ഡോക്ടറുടെ സേവനം ലഭ്യമാകുന്നതിന് കർഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇതു മൂലം കർഷകർ മൃഗസംരക്ഷണ മേഖലയിൽ നിന്ന് ഒഴിഞ്ഞുപോകുന്നതിനുള്ള പ്രവണതയും കണ്ടുവരുന്നു. രാത്രികാലങ്ങളിലെ സേവനത്തിനുമാത്രമായി ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു വെറ്ററിനറി സർജനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു.

**പ്രവർത്തനങ്ങൾ**

സംസ്ഥാനതലത്തിൽ തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ താല്ക്കാലിക അടിസ്ഥാനത്തിൽ രാത്രി 6 മണി മുതൽ രാവിലെ 6 മണി വരെ ഒരു ഡോക്ടറുടെ സേവനം കർഷകന് ലഭ്യമാക്കുന്നു

**2. പാൽ സൊസൈറ്റികൾ വഴി നടത്തുന്ന ബോധവൽക്കരണ ക്യാമ്പുകൾ**

**ലക്ഷ്യങ്ങൾ**

കർഷകന് വീട്ടുപടിക്കൽ സേവനം ലഭ്യമാക്കുക. മൃഗസംരക്ഷണമേഖലയിലെ പുതിയ കണ്ടുപിടുത്തങ്ങളും സാങ്കേതിക വിദ്യകളും മറ്റും കർഷകരിലെത്തിക്കാനും രോഗങ്ങളെ

ക്കുറിച്ച് മുന്നറിയിപ്പ് നൽകാനും ശാസ്ത്രീയ പരിപാലന മാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

**ഗുണഭോക്താവ്**

മൃഗസംരക്ഷണ മേഖലയിലെ എല്ലാ കർഷകരും

**പ്രവർത്തനങ്ങൾ**

മൃഗസംരക്ഷണമേഖലയിലെ പഞ്ചായത്ത്തല ഉദ്യോഗസ്ഥർ സൊസൈറ്റികളിലൂടെ നടപ്പിലാക്കുന്നു. ഓരോ സ്ഥാപനവും 10 ക്യാമ്പുകൾ വീതം സംഘടിപ്പിക്കണം. ക്യാമ്പിൽ കൊണ്ടുവരുന്ന മൃഗങ്ങൾക്ക് ആരോഗ്യ പരിശോധന, വന്ധ്യതാ പരിശോധനാ, കന്നുകുട്ടി-പരിപാലന പദ്ധതികൾ ഉൾപ്പെട്ട കന്നുകുട്ടികളുടെ വെരിഫിക്കേഷൻ, പ്രതിരോധ കുത്തിവെയ്പുകൾ, ഇൻഷുറൻസ്, ആരോഗ്യസംബന്ധമായ നിർദ്ദേശങ്ങൾ, ഉപദേശങ്ങൾ തുടങ്ങിയ സേവനങ്ങൾ ക്യാമ്പിൽ നൽകുന്നു.

**3. വന്ധ്യതാ നിവാരണ ക്യാമ്പുകൾ**

**ലക്ഷ്യങ്ങൾ**

കന്നുകാലികളിലെ വന്ധ്യതാ കാരണങ്ങൾ കണ്ടുപിടിയ്ക്കുക, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

**പ്രവർത്തനങ്ങൾ**

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയും ക്ഷീരസംഘങ്ങളുടേയും സഹായത്തോടെ പ്രചരണ പരിപാടികൾ നടത്തുന്നു. മൂന്ന് കുത്തിവയ്പുകൾക്ക് ശേഷവും ഗർഭിണിയാകാത്ത പശുക്കളെ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കുകയും ആവശ്യമെങ്കിൽ ഹോർമോൺ ചികിത്സ, വിറ്റമിനുകൾ, മറ്റു മരുന്നുകൾ എന്നിവ നൽകുകയും ചെയ്യുന്നു.

**4. സമഗ്ര മൃഗാരോഗ്യ പരിപാലന പദ്ധതി-(കോംപ്രിഹെൻസീവ് ഹെൽത്ത് കെയർ പ്രോഗ്രാം)**

**ലക്ഷ്യങ്ങൾ**

അസുഖമുള്ള ഉരുക്കൾക്ക് കർഷകരുടെ വീട്ടുപടിക്കൽ മൃഗ ചികിത്സാ സേവനം എത്തിയ്ക്കും.

**ഗുണഭോക്താവ്**

മൃഗസംരക്ഷണമേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ

**പ്രവർത്തനങ്ങൾ**

ഓരോ പഞ്ചായത്തിലേക്കും രണ്ടോ മൂന്നോ സ്ഥലങ്ങളിൽ ക്യാമ്പ് നടത്തുന്നു. മൃഗങ്ങളുടെ പൊതുവായ ആരോഗ്യസ്ഥിതി, പരിശോധന, വന്ധ്യതാ പരിശോധന, രക്തം, ചാണകം പാൽ തുടങ്ങിയവയുടെ പരിശോധന, ഇൻഷുറൻസ്, നല്ല സങ്കരയിനം കന്നുകുട്ടികളെ കണ്ടുപിടിച്ച് പ്രത്യേക കന്നുകുട്ടി പരിപാടിയിലേയ്ക്ക് എൻറോൾ ചെയ്യുക. മരുന്നിന്റെയും ധാതുലവണമശ്രിതങ്ങളുടേയും വിതരണം തുടങ്ങിയ പരിപാടികൾ ഓരോ ക്യാമ്പിലും നടത്തുന്നു.

**5. ഫീൽഡ് സന്ദർശന-വിജ്ഞാന വ്യാപന പരിപാടി (റഗുലർ ഫിൽഡ് വിസിറ്റ് ഓറിയന്റഡ് എക്സ്റ്റൻഷൻ പ്രോഗ്രാം)**

**ലക്ഷ്യങ്ങൾ**

കേരളത്തിലെ ആയിരത്തോളം വെറ്ററിനറി സ്ഥാപനങ്ങൾ വഴി നാലായിരത്തോളം ഫീൽഡ് സന്ദർശനങ്ങൾ സംഘടിപ്പിക്കുക. ഇത്തരം ക്യാമ്പുകളിലൂടെ വിജ്ഞാനവ്യാപനം നടത്തുക

**ഗുണഭോക്താവ്**

മൃഗസംരക്ഷണമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ കർഷകരും

**പ്രവർത്തനങ്ങൾ**

30 ൽ കുറയാത്ത കർഷകരെ സംഘടിപ്പിച്ച് ക്യാമ്പുകൾ നടത്തുന്നു. മൃഗങ്ങളുടെ പരിശോധന, മരുന്ന് വിതരണം, ലഘുലേഖകളുടെ വിതരണം, കൈപ്പുസ്തകങ്ങൾ, തീറ്റപ്പുൽ വിത്തുകൾ തുടങ്ങിയവയുടെ വിതരണം, വിവിധ വിഷയങ്ങളിൽ കൂട്ടായ ചർച്ചകൾ എന്നിവ സംഘടിപ്പിക്കുന്നു.

**6. പങ്കാളിത്ത പരിശീലനപരിപാടി**

**ലക്ഷ്യങ്ങൾ**

മൃഗസംരക്ഷണമേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും പ്രവർത്തിക്കാൻ താല്പര്യമുള്ളതുമായ സർക്കാർ ഇതര സംഘടനകളേയും റസിഡന്റ് അസോസിയേഷനുകളേയും കണ്ടെത്തി അവരിലൂടെ വിജ്ഞാന വ്യാപന പരിപാടികൾ സംഘടിപ്പിക്കുക

**ഗുണഭോക്താവ്**

മൃഗസംരക്ഷണ രംഗത്ത് ഏർപ്പെട്ടിരിക്കുന്ന കർഷകർ/മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ളവർ.

**പ്രവർത്തനങ്ങൾ**

മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളെയും റസിഡന്റ് അസോസിയേഷനുകളെയും അപേക്ഷകൾ ക്ഷണിച്ച് തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്കുന്നവയുടെ ലിസ്റ്റ് ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾക്ക് കൈമാറുകയും ഈ കേന്ദ്രങ്ങൾ വഴി പ്രസ്തുത എൻ.ജി.ഒ/റസിഡന്റ് അസോസിയേഷനുകൾക്ക് പരിശീലനം നൽകുകയും ചെയ്യുന്നു. പരിശീലനം ലഭിച്ച എൻ.ജി.ഒ/റസിഡന്റ് അസോസിയേഷനുകൾ 25 മുതൽ 50 പേരടുങ്ങുന്ന പരിശീലനാർത്ഥികൾക്ക് മേഖലയിലെ വിവിധ വിഷയങ്ങളെക്കുറിച്ച് പരിശീലനം നൽകുന്നു.

**7. സ്കൂൾ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ പരിപാടി**

**ലക്ഷ്യങ്ങൾ**

മൃഗസംരക്ഷണ രംഗത്തെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക. ഈ രംഗത്തെ പദ്ധതികളെക്കുറിച്ചും ഭക്ഷ്യസുരക്ഷയെക്കുറിച്ചും ജന്തുജന്യരോഗങ്ങളെക്കുറിച്ചും ഇത് പൊതുജനാരോഗ്യത്തിന് സൃഷ്ടിക്കുന്ന ഭീഷണികളെക്കുറിച്ചും എല്ലാതരം മൃഗങ്ങളുടെയും ശാസ്ത്രീയ പരിപാലനമുറകളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാൻമാരാക്കുക. മൃഗപരിപാലനത്തിലൂടെ സമ്പാദ്യശീലം വളർത്തുക.

**ഗുണഭോക്താവ്**

സ്കൂൾ വിദ്യാർത്ഥികൾ

**പ്രവർത്തനങ്ങൾ**

പദ്ധതി നടപ്പിലാക്കേണ്ട സ്കൂളുകൾ തെരഞ്ഞെടുത്താൽ ഓരോ സ്കൂളിൽ നിന്നും 50 കുട്ടികളെ തെരഞ്ഞെടുത്ത് ക്യാമ്പ് സംഘടിപ്പിക്കുന്നു. ക്യാമ്പുകൾ ശനിയാഴ്ചകളിൽ സംഘടിപ്പിക്കുന്നു. ഡോക്യുമെന്ററി പ്രദർശനം, പ്രശ്നോത്തരികൾ, ക്യാമ്പുകൾ തുടങ്ങിയവ സംഘടപ്പിക്കുന്നു.

**8. സ്കൂളുകളിലെ ജന്തുക്ഷേമക്ലബ്ബുകൾ**

**ലക്ഷ്യങ്ങൾ**

സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കുന്ന ഈ പദ്ധതി കുട്ടികൾക്ക് മൃഗങ്ങളോടുള്ള സ്നേഹവും കരുണയും വർദ്ധിപ്പിക്കുന്നതിനും സമ്പാദ്യശീലം ഉണ്ടാക്കുന്നതിനും ലക്ഷ്യമിടുന്നു.

**ഗുണഭോക്താക്കൾ**

സംസ്ഥാനത്തെ തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ

**പ്രവർത്തനങ്ങൾ**

തെരഞ്ഞെടുത്ത സ്കൂളുകളിലെ അദ്ധ്യാപക-രക്ഷാകർത്തൃ സമിതിയുടെ സഹകരണത്തോടെ നടപ്പിലാക്കുന്നു. തെരഞ്ഞെടുത്ത കുട്ടികൾക്ക് (മൃഗസംരക്ഷണമേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ള) ആട്, മുയൽ തുടങ്ങിയ മൃഗങ്ങളെയോ, കോഴികളേയോ നൽകുന്നു. ഈ കുട്ടികൾ ഉൾപ്പെട്ട ഒരു ക്ലബ് രൂപീകരിക്കുന്നു. ഇതോടനുബന്ധിച്ച് പ്രശ്നോത്തരികൾ, പെയിന്റിംഗ് മത്സരം, ഉപന്യാസ മത്സരം തുടങ്ങിയവയും സംഘടിപ്പിക്കുന്നു.

**9. സംരംഭക പരിശീലന പരിപാടികൾ**

**ലക്ഷ്യങ്ങൾ**

ജില്ലാതലനിക്ഷേപക സംഗമ പരിപാടികൾ സംഘടിപ്പിക്കുന്നു. ഇതിൽ നിന്നും താല്പര്യമുള്ള നിക്ഷേപകരെ തെരഞ്ഞെടുത്ത് പരിശീലന പരിപാടികൾ നടത്തുന്നു. ഇതിൽ നിന്നും താല്പര്യപ്പെടുന്ന കർഷകർക്ക് സംരംഭങ്ങൾ തുടങ്ങാനുള്ള സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നൽകുന്നു.

**ഗുണഭോക്താവ്**

മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരും ഈ രംഗത്ത് മുതൽ മുടക്കുവാൻ ആഗ്രഹിക്കുന്ന സംരംഭകരും.

**പ്രവർത്തനങ്ങൾ**

14 ജില്ലകളിൽ രണ്ടു ദിവസങ്ങളിലായി സംരംഭക മേള സംഘടിപ്പിക്കുന്നു. ബാങ്കുകളുടെ പ്രതിനിധികൾ, നബാർഡ് പ്രതിനിധികൾ, തദ്ദേശ ഭരണ സ്ഥാപന ഉദ്യോഗസ്ഥർ, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ക്ലാസ്സുകൾ നയിക്കും. പുത്തൻ സാങ്കേതിക സംവിധാനങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുന്നു. 50 മുതൽ 75 പേരെ ഉൾപ്പെടുത്തിയാണ് പരിശീലനം നടത്തുന്നത്. മേളകൾ, പഠനയാത്രകൾ എന്നിവയും സംഘടിപ്പിക്കുന്നു.

ഹൈടെക്ക് ഡയറി ഫാമിംഗ്, പാൽ ഉല്പന്ന നിർമ്മാണം, ശാസ്ത്രീയമായി കറവ പരിശീലനം, പൗൾട്രി ഡ്രസ്സിംഗ്, കോഴിമാംസത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാ

ണം, ഹാച്ചറി മാനേജ്മെന്റ്, മാംസോല്പന്നനിർമ്മാണം, നായ്ക്കളുടെ പ്രജനനവും പരിശീലനവും, വെറ്ററിനറി ഉദ്യോഗസ്ഥർക്കുള്ള പരിശീലനപരിപാടികൾ എന്നീ മേഖലകളിൽ വിവിധ പരിശീലന കേന്ദ്രങ്ങൾ മുഖേന പരിശീലനം നൽകുന്നു.

**10. ഫാം സ്കൂൾ പരിശീലനങ്ങൾ**

**ലക്ഷ്യങ്ങൾ**

കേരളത്തിൽ 247 ഫാം സ്കൂളുകൾ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഈ ഫാം സ്കൂളുകൾ നടത്തുന്ന കർഷകർക്ക് വകുപ്പ് വഴി പരിശീലനം നടത്തി കർഷകർക്ക് തുടർന്ന് പരിശീലനം നൽകുന്നതിനായി സജ്ജമാക്കുന്നു.

**ഗുണഭോക്താവ്**

മൃഗസംരക്ഷണമേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ

**പ്രവർത്തനങ്ങൾ**

ഫാം സ്കൂളിന്റെ ഉടമകളായ കർഷകർക്ക് സംസ്ഥാനതലത്തിൽ അതാത് വിഷയങ്ങളിൽ പരിശീലനം നൽകുന്നു. തുടർന്ന് ഈ ഫാം സ്കൂളിൽ 15 പേരടുങ്ങുന്ന 3 സംഘങ്ങൾക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.

**11. സാറ്റലൈറ്റ് പന്നി യൂണിറ്റുകൾ**

**ലക്ഷ്യങ്ങൾ**

വർദ്ധിച്ചു വരുന്ന മാംസ ഉപഭോഗം കണക്കിലെടുത്ത് മാംസ ഉല്പാദനം വർദ്ധിപ്പിക്കുക

**ഗുണഭോക്താവ്**

പന്നി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരും പുതിയ സംരംഭമായി തുടങ്ങാൻ ആഗ്രഹിക്കുന്ന കർഷകരും.

**പ്രവർത്തനങ്ങൾ**

വ്യാപകമായ പ്രചാരണ പരിപാടികളിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും പന്നി വളർത്തലിൽ പരിചയ സമ്പന്നർക്കും മൻഗണന ലഭിക്കും. 10% പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്കും 30% വനിതകൾക്കും മാറ്റി വച്ചിരിക്കുന്നു. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ട്, വാർഡ്മെമ്പർ, പട്ടികജാതി പട്ടിക വർഗ്ഗ മെമ്പർ, വെറ്ററിനറി സർജൻ എന്നിവരടങ്ങിയ കമ്മിറ്റിയായിരിക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

**ഫണ്ടിംഗ്**

45 മുതൽ 60 ദിവസം പ്രായമായ 5 പന്നികുഞ്ഞുങ്ങൾക്കും ഷെഡും മറ്റ് ഉപകരണങ്ങൾക്കുമായി ചെലവു വരുന്ന 30000/- രൂപയിൽ 50% സബ്സിഡിയായി നൽകുന്നു.

**12. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - കാഫ് അഡോപ്ഷൻപദ്ധതി**

**ലക്ഷ്യങ്ങൾ**

കിടാരികൾ പ്രായപൂർത്തിയാകുന്ന പ്രായവും രണ്ടു പ്രസവങ്ങൾ തമ്മിലുള്ള അന്തരവും കുറച്ച് പരമാവധി ഉല്പാദനക്ഷമത കൈവരിക്കുക, ശാസ്ത്രീയമായ പരിപാലനമുറകൾ പ്രോത്സാഹിപ്പിക്കുക, ഉല്പാദനക്ഷമത കൂടിയ ഇനങ്ങളെ വാർത്തെടുക്കുക.

**ഗുണഭോക്താവ്**

പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകൻ

**പ്രവർത്തനങ്ങൾ**

പ്രസവിച്ച ആദ്യമാസം മുതൽ തന്നെ സങ്കരയിനം കന്നുകുട്ടികളെ തെരഞ്ഞെടുത്ത് പദ്ധതിയിൽ എന്റോൾ ചെയ്യുന്നു. ഈ കന്നുകുട്ടികളെ ഇൻഷ്വർ ചെയ്ത് കന്നുകുട്ടി തീറ്റ, കുത്തിവയ്പുകൾ, വിര മരുന്നുകൾ എന്നിവ നൽകുന്നു. ഗുണഭോക്താക്കൾക്ക് ശാസ്ത്രീയമായ കന്നുകുട്ടി പരിപാലനത്തിൽ പരിശീലനം നൽകുന്നു.

**ഫണ്ടിംഗ്**

ഒരു കന്നുകുട്ടിക്ക് വേണ്ടി വരുന്ന 25000/- രൂപയിൽ 6250 രൂപ അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഹിക്കും. ഇതിൽ 12500 രൂപ ഗുണഭോക്തൃവിഹിതമായിരിക്കും. 6250 രൂപ സർക്കാർ വിഹിതമാണ്.

**13. വീട്ടുമുറ്റത്തെ കോഴിവളർത്തൽ**

**ലക്ഷ്യങ്ങൾ**

മുട്ട ഉല്പാദനം വർദ്ധിപ്പിക്കുക, വീട്ടമ്മമാരുടെ വരുമാനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യം നല്ല രീതിയിൽ ഉപയോഗപ്പെടുത്തുക, കോഴികാഷ്ഠം വീടുകളിലെ പച്ചക്കറി കൃഷിയ്ക്ക് വളമായി ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തുക.

**ഗുണഭോക്താക്കൾ**

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എ.പി.എൽ/ബി.പി.എൽ ഭേദമില്ലാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നതിന് സ്ഥലം ഉള്ളവരെ ഗുണഭോക്താവായി പരിഗണിക്കുന്നതാണ്.

**പ്രവർത്തനങ്ങൾ**

മൃഗസംരക്ഷണ വകുപ്പിന്റെ പൗൾട്രി ഫാമുകളിൽ വിരിയിച്ചിറക്കുന്ന ഒരു ദിവസം പ്രായമുള്ള പിടക്കോഴിക്കുഞ്ഞുങ്ങളെ ജില്ലയിലെ അംഗീകൃത എഗ്ഗർ നേഴ്സറികൾ മുഖേന വളർത്തി പദ്ധതിയിലേയ്ക്ക് നൽകുന്നു. ഒരു ഗുണഭോക്താവിന് 10 കോഴികുഞ്ഞുങ്ങളെയും 100 രൂപയ്ക്കുള്ള തീറ്റയും നൽകുന്നു. കോഴിക്കൂട് നിർമ്മാണ ചെലവും തുടർന്നുള്ള കോഴിക്കുഞ്ഞുങ്ങളുടെ പരിപാലന ചെലവും ഗുണഭോക്തൃവിഹിതമായി കണക്കാക്കാകാവുന്നതാണ്.

..............................

## 21. ക്ഷീരവികസനം

**1. തീറ്റപുൽകൃഷി വികസനപരിപാടി**

**ലക്ഷ്യങ്ങൾ**

ഹ്രസ്വകാല-ദീർഘകാല തീറ്റപുൽ-പയർവർഗ്ഗ വിളകൾ, വൃക്ഷവിളകൾ എന്നിവയുടെ ശാസ്ത്രീയ ഉല്പാദനത്തിലൂടെ തീറ്റപ്പുൽ ഉല്പാദനത്തിൽ സ്വംയപര്യാപ്തത കൈവരിക്കുകയും പാലുല്പാദന ചെലവ് കുറയ്ക്കുകയും ചെയ്യുക. വാണിജ്യാടിസ്ഥാനത്തിലുള്ള തീറ്റപ്പുൽ ഉല്പാദനം, സംഭരണം, വിപണനം എന്നിവയിലൂടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

**ഗുണഭോക്താക്കൾ**

തീറ്റപുൽ കൃഷി ചെയ്യുന്നതിന് സ്വന്തമായോ, പാട്ടത്തിനോ അനുയോജ്യമായ സ്ഥലം ലഭ്യമായവർക്ക് ഗുണഭോക്താക്കളാകാം.

**പ്രോജക്ടുകൾ**

| ക്രമ. നം | പ്രോജക്ടിന്റെ പേര് | യൂണിറ്റ് നിരക്ക് (രൂ) | ധനസഹായം നിരക്ക് (രൂ) | ശതമാനം |
|---|---|---|---|---|
| 01 | തീറ്റപുൽകട വിതരണം ( 20 സെന്റിൽ താഴെ - ഹെക്ടർ) | 7500 | 7500 | 100 |
| 02 | തീറ്റപുൽകൃഷി ധനസഹായത്തോടുകൂടിയത്. (20 സെന്റും അതിനു മുകളിലും- ഹെക്ടർ) | 54500 | 20000 | |
| 03 | തീറ്റപുൽ ദിനാചരണം, ബോധവൽക്കരണം (ആകെ) | 300000 | 300000 | 100 |
| 04 | ഫോഡർപ്രമോട്ടർമാരുടെ ഇൻസെന്റീവ് (വർഷം/വ്യക്തി) | 32000 | 32000 | 100 |
| 05 | സംസ്ഥാന ഫോഡർ ഫാമിനുള്ള ധനസഹായം (ആകെ) | 400000 | 400000 | 100 |
| 06 | തീറ്റപുൽ കൃഷി യന്ത്രവൽക്കരണവും നവീകരണവും | 10000 | 5000 | 50 |
| 07 | ക്ഷീരസംഘങ്ങൾ മുഖേന തീറ്റപുൽ സംഭരണം | 40000 | 40000 | 100 |
| 08 | ക്ഷീര പരിശീലന കേന്ദ്രങ്ങളിലെ തീറ്റപുൽത്തോട്ടം പരിപാലനം | 5000 | 5000 | 100 |
| 09 | തീറ്റപുൽകൃഷി ജലസേചന സഹായം | 200000 | 100000 | 50 |
| 10 | വൃക്ഷ വിളകളുടെ വ്യാപനം (ഉദാ :അഗത്തി - ഒരു ചെടിക്ക്) | 5 | 5 | 100 |
| 11 | ഹ്രസ്വകാല തീറ്റപുൽ ഉല്പാദനം (ഉദാ : മക്കച്ചോളം, വൻപയർ ഹെക്ടർ) | 1405 | 1405 | 100 |
| 12 | വാണിജ്യാടിസ്ഥാനത്തിൽ തീറ്റപുൽകൃഷി - കോയിപ്പുറം മാതൃക(ഹെക്ടർ) | 60000 | 30000 | 50 |
| 13 | മക്കച്ചോളം കൃഷി - കാലിത്തീറ്റ ഫാക്ടറി യുമായി സഹകരിച്ചുള്ള പ്രോജക്ട് (ഹെക്ടർ) | 14151 | 14151 | 100 |
| 14 | വനിതാ ഗ്രൂപ്പുകളിലൂടെ തീറ്റപ്പുല്ലുല്പാദനവും വിപണനവും. | 100000 | 75000 | 75 % |

**പ്രവർത്തനങ്ങൾ**

ക്ഷീര സഹകരണ സംഘങ്ങൾ മുഖേന അപേക്ഷകൾ സ്വീകരിച്ചശേഷം പ്രാഥമിക പരിശോധന നടത്തി ക്ഷീര വികസന സർവ്വീസ് യൂണിറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നു.

അതിനുശേഷം തീറ്റപ്പുൽക്കടകൾ ക്ഷീര സംഘങ്ങളിലൂടെ വിതരണം ചെയ്യുന്നു. ഡയറി എക്സറ്റൻഷൻ ഓഫീസർ വഴി സഹായം ലഭ്യമാക്കുന്നു.

**2. ഗ്രാമീണ വിജ്ഞാന വ്യാപന പരിപാടികൾ**

**ലക്ഷ്യങ്ങൾ**

വിവിധങ്ങളായ വിജ്ഞാന വ്യാപന-പരിശീലന പ്രവർത്തനങ്ങളിലൂടെ ക്ഷീരമേഖലയുടെ സമഗ്രവും ശാസ്ത്രീയവും സുസ്ഥിരവുമായ ക്ഷീരവികസനം സാധ്യമാക്കുക.

**ഗുണഭോക്താക്കൾ**

ക്ഷീര കർഷകർ, തൊഴിലന്വേഷകർ, വിദ്യാർത്ഥികൾ, ഉപഭോക്താക്കൾ, ക്ഷീരസഹകരണ സംഘങ്ങൾ, സർക്കാരിതര സംഘടനകൾ തുടങ്ങിയ ക്ഷിരമേഖലയുമായി ബന്ധപ്പെട്ട എല്ലാവരും ഈ പരിപാടിയുടെ ഗുണഭോക്താക്കളായിരിക്കും.

**ഫണ്ടിംഗ്**

| ക്രമ. നം | പ്രോജക്ടിന്റെ പേര് | യൂണിറ്റ് നിരക്ക് (രൂ) | ധനസഹായം നിരക്ക് (രൂ) | ശതമാനം |
|---|---|---|---|---|
| 01 | കർഷക സമ്പർക്ക പരിപാടികൾ | 2000 | 2000 | 100 |
| 02 | ഗുണനിലവാര ബോധവൽക്കരണ പരിപാടി | 4000 | 4000 | 33 |
| 03 | ഉപഭോക്തൃമുഖാമുഖം പരിപാടി | 10000 | 10000 | 100 |
| 04 | ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേനയുള്ള പരിശീലന പരിപാടികൾ | 4400000 | 4400000 | 100 |
| 05 | സംസ്ഥാനതല ക്ഷീര വികസന സെമിനാർ (1 എണ്ണം) | 600000 | 600000 | 100 |
| 06 | അച്ചടി-ഇലക്ട്രോണിക് പഠനോപകരണങ്ങൾ (ആകെ) | 700000 | 700000 | 100 |
| 07 | ന്യൂസ്‌ലെറ്റർ(ക്ഷീരപഥം), പ്രസിദ്ധീകരണം (ആകെ) | 160000 | 160000 | 100 |
| 08 | ലോകക്ഷീരദിനാഘോഷ പരിപാടികൾ ജൂൺ ഒന്ന് (ആകെ) | 400000 | 400000 | 100 |
| 09 | ക്ഷീരകർഷക പഠനയാത്ര (ആകെ) | 400000 | 400000 | 100 |
| 10 | ക്ഷീരകർഷകർക്കുള്ള ആകസ്മിക നിധി (കണ്ടിജൻസി ഫണ്ട്) | 10000 | 10000 | 100 |
| 11 | ബ്ലോക്ക് ക്ഷീരസംഗമം | 13000 | 13000 | 100 |
| 12 | ജില്ലാ ക്ഷീരസംഗമം | 50000 | 50000 | 100 |
| 13 | സംസ്ഥാന ക്ഷീരസംഗമം | 200000 | 200000 | 100 |
| 14 | വിദ്യാർത്ഥികളുടെ ഡയറിക്ലബ് രൂപീകരണവും ശാക്തീകരണവും | 20000 | 20000 | 100 |
| 15 | മികച്ച ക്ഷീരകർഷകർക്കുള്ള അവാർഡ് (ആകെ) | 1700000 | 1700000 | 100 |

| | | | | |
|---|---|---|---|---|
| 16 | പ്രദർശനങ്ങൾ സംഘടിപ്പിക്കൽ (ആകെ) | 600000 | 600000 | 100 |
| 17 | മികച്ച പാലുൽപാദനമുള്ള ക്ഷീരവികസന സർവ്വീസ് യൂണിറ്റുകളിൽ വിജ്ഞാന കേന്ദ്രങ്ങൾ (Information Kiosks)സ്ഥാപിക്കൽ | 75000 | 75000 | 100 |
| 18 | സാങ്കേതിക ഉദ്യോഗസ്ഥർക്കുള്ള പരിശീലനം (ആകെ) | 400000 | 600000 | 100 |
| 19 | ക്ഷീരപരിശീലന കേന്ദ്രങ്ങളുടെ നവീകരണം (ആകെ) | 500000 | 500000 | 100 |
| 20 | ഫാം ഫീൽഡ് സ്കൂളുകൾ | 330000 | 330000 | 100 |
| 21 | നിലവിലുള്ള സ്റ്റുഡൻസ് ഡയറി ക്ലബ്ബുകൾക്കുള്ള സഹായം | 5000 | 5000 | 100 |

**പ്രവർത്തനങ്ങൾ**

പ്രാദേശികമായി ആവശ്യാധിഷ്ഠിതമായ വിഷയങ്ങൾ തെരഞ്ഞെടുത്ത് ക്ഷീര വികസന വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് വിജ്ഞാനവ്യാപന പരിശീലന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

**3. മിൽക്ക് ഷെഡ് വികസന പദ്ധതി**

**ലക്ഷ്യങ്ങൾ**

- ക്ഷീരമേഖലയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുകയും പശുവളർത്തൽ ജീവസന്ധാരണ മാർഗ്ഗമായും പ്രധാന വരുമാനസ്രോതസ്സായി ഉപയോഗപ്പെടുത്തുകയും ചെയ്യുക.
- ക്ഷീരോദ്പാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തതയും പോഷക സുരക്ഷയും കൈവരിക്കുക
- കർഷകരെ ശാസ്ത്രീയ പശുവളർത്തലിന് പ്രേരിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.

**ഗുണഭോക്താക്കൾ**

ക്ഷീരകർഷകരും സ്വയംതൊഴിൽ സംരംഭകരുമായിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ. വനിതകൾ, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർ, ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർ, ഭൗതിക സാഹചര്യങ്ങൾ നിലവിലുള്ളവർ തുടങ്ങിയവർക്ക് പദ്ധതിയിൽ മുൻഗണന നൽകുന്നു.

**പ്രോജക്ടുകൾ**

| ക്രമ. നം | പ്രോജക്ടിന്റെ പേര് | യൂണിറ്റ് നിരക്ക് (രൂ) | ധനസഹായം നിരക്ക് (രൂ) | ശതമാനം |
|---|---|---|---|---|
| 01 | ഗോദാനം | 56850 | 28400 | 40 |
| 02 | 2 പശുയൂണിറ്റ് | 100000 | 50000 | 40 |
| 03 | 5 പശുയൂണിറ്റ് | 275000 | 110000 | 40 |

| | | | | |
|---|---|---|---|---|
| 04 | 10 പശുയൂണിറ്റ് | 580000 | 232000 | 40 |
| 05 | 5 കിടാരി യൂണിറ്റ് | 226250 | 90500 | 41 |
| 06 | 10 കിടാരി യൂണിറ്റ് | 453000 | 181200 | 40 |
| 07 | ക്ഷീരകർഷകർക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായം | 100000 | 50000 | 50 |
| 08 | കറവയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം | 50000 | 25000 | 50 |
| 09 | കാലിത്തൊഴുത്ത് നിർമ്മാണം | 100000 | 50000 | 50 |
| 10 | വനിത കാറ്റിൽ കെയർ പ്രോഗ്രാം | 18000 | 18000 | 18000 |

**പ്രവർത്തനങ്ങൾ**

ബ്ലോക്ക്തലത്തിൽ ക്ഷീരസംഘങ്ങളുടെ യോഗം ചേർന്ന് പ്രവർത്തനകലണ്ടർ തയ്യാറാക്കുന്നു. ക്ഷീര സംഘങ്ങൾ മുഖേന നിശ്ചിത ഫാറത്തിൽ അപേക്ഷയും അനുബന്ധരേഖകളും സമർപ്പിക്കുന്നു. ക്ഷീരവികസന ഓഫീസർ/ഡയറി ഫാം ഇൻഡ്സ്ട്രക്ടർ, ക്ഷീരസംഘം പ്രതിനിധികൾ എന്നിവർ സംയുക്ത ഫീൽഡ് പരിശോധന നടത്തി ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കുന്നു. അർഹതയുള്ള ഗുണഭോക്താക്കൾക്ക് ആവശ്യമെങ്കിൽ ബാങ്ക് വായ്പ തരപ്പെടുത്തുന്നു.

**4. ക്ഷീര സംഘങ്ങൾ മുഖേനയുള്ള കാലിത്തീറ്റ സഹായ പദ്ധതി**

**ലക്ഷ്യങ്ങൾ**

- പാൽ ഉൽപ്പാദന ചെലവ് കുറയ്ക്കുകയും കറവമാടുകളുടെ ആരോഗ്യം സംരക്ഷിക്കുകയും ചെയ്യുക.
- ക്ഷീരോൽപ്പാദനവും, സഹകരണ മേഖലയിലുള്ള പാൽ സംഭരണവും വർദ്ധിപ്പിക്കുക.
- പശു വളർത്തലിനായി കൂടുതൽ പേരെ ആകർഷിക്കുക.

**ഗുണഭോക്താക്കൾ**

ക്ഷീരസഹകരണ സംഘത്തിൽ പാലളക്കുന്ന മുഴുവൻ പാൽ ഉൽപ്പാദകരും പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

**ഫണ്ടിംഗ്**

കാലിത്തീറ്റ ധനസഹായം- ക്ഷീരസംഘത്തിൽ പാലളക്കുന്ന ഓരോ ലിറ്ററിനും ഒരു രൂപാ പ്രകാരം പ്രകാരം

ധാതുലവണ മിശ്രിതം വിതരണം - 50 ശതമാനം ധനസഹായം

**പ്രവർത്തനങ്ങൾ**

ക്ഷീരസഹകരണ സംഘങ്ങൾ മുഖേന അർഹരായ കർഷരുടെ പട്ടിക തയ്യാറാക്കുന്നു. ക്ഷീരസംഘങ്ങൾ അംഗീകൃത കാലിത്തീറ്റകൾ/ധാതുലവണമിശ്രിതം വാങ്ങി ഗുണഭോക്തൃ വിഹിതം സമാഹരിച്ചുകൊണ്ട് അർഹരായ കർഷകർക്ക് വിതരണം ചെയ്യുന്നു. കാലിത്തീറ്റ ധനസഹായ പദ്ധതി ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ പദ്ധതി പ്രകാരം ക്ഷീര കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് ധനസഹായം നിക്ഷേപിക്കുന്നു.

### 4. ഗുണനിലവാര ശാക്തീകരണ പ്രവർത്തനങ്ങൾ

**ലക്ഷ്യങ്ങൾ**

- പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിച്ച് ക്ഷീര കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുകയും പാൽ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള പാൽ വിതരണം നടത്തുകയും ചെയ്യുക.
- ഉത്സവകാലത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പ്രത്യേകമായി നിരീക്ഷിക്കുക.
- വിപണിയിൽ ലഭ്യമായ വിവിധ ബ്രാൻഡുകളിൽപ്പെട്ട പാലിന്റെ ഗുണ നിലവാരം നിരീക്ഷിക്കുക.
- പാൽ ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിക്കുക.

**ഗുണഭോക്താക്കൾ**

ക്ഷീരോൽപാദകർ, ക്ഷീര സഹകരണ സംഘങ്ങൾ, പാൽ ഉപഭോക്താക്കൾ എന്നിവർ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും.

**പ്രോജക്ടുകൾ**

| ക്രമ. നം | പ്രോജക്ടിന്റെ പേര് | യൂണിറ്റ് നിരക്ക് (രൂ) | ധനസഹായം നിരക്ക് (രൂ) | ശതമാനം |
|---|---|---|---|---|
| 1 | സംസ്ഥാന -ജില്ലാതല ഗുണ നിയന്ത്രണ ലബോറട്ടറികളുടെ ശാക്തീകരണം (ആകെ) | 6000000 | 6000000 | 100 |
| 02 | ഉത്സവകാല പാൽ പരിശോധനാ പരിപാടി (ആകെ) | 400000 | 400000 | 100 |
| 03 | പാൽ ശീതീകരണികളുള്ള ക്ഷീരസംഘങ്ങൾക്ക് ഗുണ നിയന്ത്രണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ആവശ്യാധിഷ്ഠിത ധനസഹായം | 50000 | 37500 | 75 |
| 04 | പാൽ ശീതീകരണികളുള്ള ക്ഷീര സംഘങ്ങൾക്ക് ആധുനിക പാൽ പരിശോധനാ സംവിധാനം ഒരുക്കുന്നതിനുള്ള ധനസഹായം | 100000 | 75000 | 75 |
| 05 | പാൽ ശീതീകരണികളുള്ള ക്ഷീരസംഘങ്ങൾക്ക് മലിനീകരണ നിയന്ത്രണ സംവിധാനം ഒരുക്കൽ | 50000 | 37500 | 75 |

**നിർവ്വഹണം**

ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്ഷീര വികസന വകുപ്പിന്റെ ഗുണ നിയന്ത്രണ യൂണിറ്റുകൾക്കാണ് പദ്ധതി നടത്തിപ്പിന്റെ ചുമതല. ബ്ലോക്ക് ക്ഷീര വികസന സർവ്വീസ് യൂണിറ്റുകൾ പദ്ധതി നിർവ്വഹണത്തിൽ സഹായിക്കുന്നു. സംസ്ഥാനതല ലബോറട്ടറികളുടെ നവീകരണ ചുമതല ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റിലുള്ള ടെക്നിക്കൽ സെല്ലിനാണ്.

## 6. ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണവും നവീകരണവും കമ്പ്യൂട്ടർ വൽക്കരണവും

**ലക്ഷ്യങ്ങൾ**

- ക്ഷീര സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും പ്രവർത്തനരഹിതമായവയെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക.
- ക്ഷീര സംഘങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുംവിധം അടിസ്ഥാന സൗകര്യമൊരുക്കുക.
- ക്ഷീര സഹകരണ സംഘങ്ങളെ നവീകരിക്കുകയും സംസ്ക്കരണം മുല്യവർദ്ധന, വിപണനം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- ക്ഷീരസംഘങ്ങളെ അന്താരാഷ്ട്ര ഗുണനിലവാര സാക്ഷ്യപ്പെടുത്തലിന് (ഐ.എസ്.ഒ 22000) പ്രാപ്തരാക്കുക.
- ക്ഷീരസംഘങ്ങളിൽ കമ്പ്യൂട്ടർവൽക്കരണം പ്രോത്സാഹിപ്പിക്കുകയും ഓട്ടോമാറ്റിക് പാൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
- ക്ഷീര സഹകരണ സംഘങ്ങളിൽ ഫാർമേഴ്സ് ഫസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ച് വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.
- ക്ഷീരസംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും മെച്ചപ്പെട്ട സേവനം നൽകുന്നതിനും വിവര സാങ്കേതിക വിദ്യ ഫലപ്രദമായി വിനിയോഗിക്കുക.

**ഗുണഭോക്താക്കൾ**

സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങൾ പദ്ധതിയുടെ പ്രത്യക്ഷ ഗുണഭോക്താക്കളും ക്ഷീര കർഷകരും പാൽ ഉപഭോക്താക്കളും പരോക്ഷ ഗുണഭോക്താക്കളുമായിരിക്കും.

**പ്രോജക്ടുകൾ**

**ക്ഷീര സംഘങ്ങൾക്കുള്ള സഹായം**

| ക്രമ. നം | പ്രോജക്ടിന്റെ പേര് | യൂണിറ്റ് നിരക്ക് (രൂ) | ധനസഹായം നിരക്ക് (രൂ) | ശതമാനം |
|---|---|---|---|---|
| 01 | ക്ഷീര സംഘങ്ങളുടെ രൂപീകരണവും പ്രവർത്തന രഹിതമായവയെ പുനരുജ്ജീവിപ്പിക്കലും | 82000 | 61500 | |
| 02 | ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള അടിസ്ഥാന സൗകര്യമൊരുക്കൽ | 60000 | 45000 | |
| 03 | പുരോഗമന ക്ഷീര കർഷകർക്കുള്ള ഭക്ഷ്യ സുരക്ഷാ പരിശീലന പരിശീലന പരിപാടി | 300 | 300 | |
| 04 | സംശുദ്ധ പാൽ സംഭരണ കേന്ദ്രങ്ങളുടേയും | | | |
| | സംഭരണ മുറികളുടേയും നിർമ്മാണവും അറ്റകുറ്റ പണികളും | 500000 | 375000 | |
| 05 | ക്ഷീര സംഘങ്ങളുടെ ഡേറ്റാബാങ്ക് രൂപീകരണവും ഡോക്യുമെന്റേഷനും (ആകെ) | 2500000 | 2500000 | |

| | | | | |
|---|---|---|---|---|
| 06 | പാൽസംസ്ക്കരണ/മൂല്യവർദ്ധന/ശീതീകരണ/ കാലിത്തീറ്റ യൂണിറ്റുകൾ സ്ഥാപിക്കലും നിലവിലുള്ളവയുടെ ശാക്തീകരണവും(ആകെ) | 33000000 | 20000000 | |
| 07 | ക്ഷീര സംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായം | 200000 | 120000 | 60 |
| 08 | മിൽമയുടെ സംഭരണ റൂട്ടുകളിൽ പാൽ എത്തിക്കുന്നതിനുള്ള സഹായം | 27000 | 27000 | 100 |
| 09 | ഓട്ടോമാറ്റിക് പാൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ | 14000 | 105000 | |
| 10 | ക്ഷീര കർഷകരുടെ ഫസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കൽ | 700000 | 525000 | |
| 11 | ക്ഷീര സംഘങ്ങളുടെ ഓട്ടോമേഷൻ, കമ്പ്യൂട്ടർ | | | |
| | ശൃംഖല എന്നിവ സ്ഥാപിക്കുന്നതിനായി ജില്ലാ കൺസോർഷ്യം രൂപീകരണം | 150000 | 150000 | 100 |
| 12 | ക്ഷീര സംഘങ്ങളിൽ ഇൻഫർമേഷൻ കിയോസ്ക് | 110000 | 110000 | 100 |
| 13 | ഡോ:വർഗ്ഗീസ് കുര്യൻ അവാർഡ് (ആകെ) | 300000 | 300000 | 100 |
| 14 | ക്ഷീര സംഘങ്ങൾക്ക് പോസ്റ്റർ, ബ്രോഷർ, ബോർഡ് - ഭക്ഷ്യ സുരക്ഷാ ഗുണനിലവാര വർദ്ധന (ആകെ) | 379000 | 379000 | 100 |

**പ്രവർത്തനം**

ക്ഷീര വികസന സർവ്വീസ് യൂണിറ്റുകൾ മുഖേന അപേക്ഷകൾ സ്വീകരിക്കുന്നു.ബ്ലോക്ക്തല ക്ഷീര സംഘങ്ങളുടെ യോഗതീരുമാനപ്രകാരം ശുപാർശ ചെയ്യുന്നു. ക്ഷീര സംഘങ്ങൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നടപ്പാക്കുന്നു. ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ അപേക്ഷകൾ അംഗീകരിച്ച് ക്ഷീര വികസന യൂണിറ്റുകൾ മുഖേന പരിശോധനയ്ക്ക് ശേഷം ധനസഹായം അനുവദിക്കുന്നു.

**3. കേരള ക്ഷീരകർഷക ക്ഷേമനിധി**

**ലക്ഷ്യങ്ങൾ**

- 60 വയസ്സ് പൂർത്തിയായ നിശ്ചിത യോഗ്യതയുള്ള ക്ഷീരകർഷകർക്ക് പെൻഷൻ അനുവദിക്കുക
- പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നയാൾ മരണപ്പെട്ടാൽ പരേതന്റെ ആശ്രിതർക്ക് പെൻഷൻ നൽകുക.
- ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് മറ്റ് സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുക

**ഗുണഭോക്താക്കൾ**

മുൻസാമ്പത്തിക വർഷം ക്ഷീര സംഘത്തിൽ കുറഞ്ഞത് 500 ലിറ്റർ പാലെങ്കിലും അളന്ന നിശ്ചിത യാഗ്യതയുള്ള ഏതൊരാൾക്കും ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗമാകാം.

| ക്രമ. നം | പദ്ധതി | ലക്ഷ്യം | ആനുകൂല്യം |
|---|---|---|---|
| എ) | ക്ഷീരകർഷക പെൻഷൻ | ക്ഷീരകർഷകരുടെ സാമൂഹ്യസുരക്ഷ | പ്രതിമാസം 500 രൂപ |
| ബി) | കുടുംബ പെൻഷൻ | മരണമടഞ്ഞ ക്ഷീരകർഷകപെൻഷണറുടെ ആശ്രിതർക്കുള്ള ആനൂകൂല്യം | പ്രതിമാസം 250 രൂപ |
| സി) | ക്ഷീരക്ഷേമ പദ്ധതി<br>I) മാരകമായ അസുഖങ്ങൾക്കുള്ള ചികിത്സാ ചെലവുകൾ | പക്ഷാഘാതം, കിഡ്നി തകരാറുകൾ, ഹൃദയസ്തംഭനം, ക്യാൻസർ, ഗുരുതരമായ പരിക്ക്, ശസ്ത്രക്രിയ തുടങ്ങിയവ | പരമാവധി 50000 രൂപ |
| | II)പകർച്ച വ്യാധികൾക്കുള്ള ചികിത്സാ ചെലവ് | ടൈഫോയിഡ്,മഞ്ഞപ്പിത്തം, എലിപ്പനി, കോളറ, ചിക്കൻഗുനിയ, ഡെങ്കിപ്പനി തുടങ്ങിയവ | പരമാവധി 50000 രൂപ |
| | III) അപകട മരണം/അംഗവൈകല്യം | അപകട മരണം, സ്ഥായിയായ അംഗവൈകല്യം എന്നിവ സംഭവിച്ചാൽ ലഭിക്കുന്ന സഹായം | പരമാവധി 50000 രൂപ |
| | IV) പ്രകൃതി ക്ഷോഭംമൂലം നാശനഷ്ടം | പ്രകൃതിക്ഷോഭം മൂലം കാലിത്തൊഴുത്ത്, വീട് എന്നിവയുടെ നാശനഷ്ടത്തിന് നൽകുന്ന സാമ്പത്തിക സഹായം | പരമാവധി 10000 രൂപ |
| ഡി) | മരണാനന്തര സഹായം | മരണപ്പെടുന്ന അംഗത്തിന്റെ ചടങ്ങുകൾക്കുള്ള സഹായം | 3000 രൂപ |
| ഇ) | വിവാഹ ധനസഹായം | അംഗത്തിന്റെ പെൺമക്കളുടെ വിവാഹ ധനസഹായം | 5000 രൂപ |
| എഫ്) | വിദ്യാഭ്യാസ സ്കോളർഷിപ്പ് (ബ്ലോക്ക്തലം) | 10 ാം തരം മുതലുള്ള വിവിധ കോഴ്സുകളിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന അംഗങ്ങളുടെ മക്കൾക്ക് നൽകുന്ന അവാർഡ് | കോഴ്സുകളുടെ അടിസ്ഥാനത്തിൽ 1000 മുതൽ 2500 വരെ |
| ജി) | മികച്ച ക്ഷീര കർഷകനുള്ള അവാർഡ് | ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ പാലളന്ന ക്ഷേമനിധി അംഗത്തിനുള്ള അവാർഡ് | പരമാവധി 5000 രൂപ |

**പ്രവർത്തനങ്ങൾ**

നിശ്ചിത യോഗ്യതയുള്ളവർ നിശ്ചിത ഫോറത്തിൽ അപേക്ഷകളും അനുബന്ധരേഖകളും ക്ഷീരസംഘത്തിൽ നൽകുന്നു. ക്ഷീരസംഘം ആവശ്യമായ രേഖപ്പെടുത്തലോടു കൂടി വികസന ഓഫീസർക്ക് സമർപ്പിക്കുന്നു.

* 2014 – 15 വർഷം തീറ്റപ്പുൽ കൃഷി പദ്ധതികളിൽ ചില മാറ്റങ്ങൾ ഉണ്ടായേക്കാവുന്നതാണ്.

.........................................

## 22. വ്യവസായ വകുപ്പ്

**1. സംരംഭകത്വ സഹായ പദ്ധതി (Entrepreneur Support Scheme)**

സൂക്ഷ്മ/ചെറുകിട/ഇടത്തരം സംരം ങ്ങൾക്കു മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നു. നിലവിലുള്ള 9 പദ്ധതികൾ ഏകോപിപ്പിച്ചതാണ് ഈ പദ്ധതി.

**അർഹത**

2012 ഏപ്രിൽ ഒന്നു മുതൽ മെമ്മോറാണ്ടം പാർട്ട് 1 ഫയൽ ചെയ്യുകയോ വായ്പ അനുവദിക്കുകയോ കൈപറ്റുകയോ ചെയ്ത സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭങ്ങൾക്ക് (Manufacturing Activities) ഈ പദ്ധതി ആനുകൂല്യം ലഭിക്കുന്നു. പരമാവധി 30 ലക്ഷം വരെ. വർഷാവസനം 5% വർദ്ധനവിനും വ്യവസ്ഥയുണ്ട്. മൂന്ന് ഘട്ടങ്ങളിലായി സഹായം ലഭ്യമാണ്. ഈ പദ്ധതി ലഭ്യമാക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ സംരംഭകർ ചെയ്തിരിക്കണം:

1. നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം
2. ആവശ്യമായ പ്രമാണങ്ങളും കണക്കുകളും ലഭ്യമാക്കണം
3. അധികാരപ്പെടുത്തിയിട്ടുള്ള സ്ഥാപനവുമായി കരാർ ഒപ്പ് വെയ്ക്കണം

പദ്ധതി ആവശ്യമായിട്ടുള്ള സ്ഥാപനം ഇൻഡിപെന്റ് ലീഗൽ ഏജൻസിയുള്ള സ്ഥാപനമായിരിക്കണം.

**സഹായത്തിന്റെ ഘടന**

പൊതു വിഭാഗത്തിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% (പരമാവധി 20 ലക്ഷം രൂപ) വനിത സംരംഭകർക്കും (50% വനിതക്ക്) പട്ടികജാതി പട്ടികവർഗ്ഗ സംരംഭങ്ങൾക്കും യുവസംരംഭങ്ങൾക്ക് (18–45 വയസ്സിനുള്ളിലുള്ളവർ) മൂലധന നിക്ഷേപത്തിന്റെ 20% (പരമാവധി 30 ലക്ഷംരൂപ) ലഭിക്കുന്നു. മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർക്ക് മൂലധന നിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ വരെ) സഹായം ലഭിക്കുന്നു.

**ബന്ധപ്പെടേണ്ട വകുപ്പ്**

വ്യവസായ വകുപ്പ്, ജില്ലാ, താലൂക്ക്, ബ്ലോക്ക് ഓഫീസർമാർ

**2. എന്റർപ്രണേർഷിപ്പ് ഡെവലപ്പ്മെന്റ് ക്ലബ്ബ് (ED Club )**

**ഗുണഭോക്താവ്**

25 ൽ കൂടുതൽ വിദ്യാർത്ഥികൾ അംഗങ്ങളായുള്ള കോളേജ്/പ്ലസ് ടു, ഹൈസ്ക്കൂളുകളിലെ ഇ.ഡി ക്ലബ്ബുകൾ

**സഹായം**

ഓരോ ക്ലബ്ബിനും 12000/ രൂപ ഒരു വർഷം ഗ്രാന്റായി ലഭിക്കുന്നു. സ്ഥാപനം 1200/ രൂപ വിഹിതമായി എടുക്കണം. മെറിറ്റിന്റെ അടിസ്ഥാനത്തിൽ മറ്റ് ആനുകൂല്യങ്ങൾ ലഭിക്കും.

**ബന്ധപ്പെടേണ്ട വകുപ്പ്**

ഡയറക്ടർ/ ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് & കോമേഴ്സ്

**3. കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ**

**സ്കീമിന്റെ നിർവ്വഹണം**

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC)

**ലക്ഷ്യം**

ആത്മാർത്ഥതയും ആശയവുമുള്ള തൊഴിൽ രഹിതരും വിദ്യാസമ്പന്നരുമായ വരെ കണ്ടെത്തി പരിശീലനം നൽകി ലളിതമായ ജാമ്യ വ്യവസ്ഥകളിലുള്ള ബാങ്കുകൾ/ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭ്യമാക്കുക. പുതിയ പദ്ധതികൾ പരിഗണിക്കുക. കാർഷിക പദ്ധതികളും പരിഗണിക്കുക.

**ഗുണഭോക്താവ്**

5 പേർ ചേർന്നാണ് സംരംഭം തുടങ്ങേണ്ടത്, എന്നാൽ നല്ല സംരംഭമാണെങ്കിൽ രണ്ട് അംഗങ്ങളുള്ള ഗ്രൂപ്പുകളേയും പരിഗണിക്കും സംരംഭകർ 18 നും 40 നും വയസ്സിനിടയിൽ ഉള്ളവർ. ടെക്നോ ക്രാറ്റുകൾക്ക് ഒറ്റയ്ക്ക് അപേക്ഷിക്കാം. (എഞ്ചിനീയറിംഗ് ബിരുദധാരികൾ, 3 വർഷ എഞ്ചിനീയറിംഗ് ഡിപ്ലോമക്കാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, എം ബി എ ബിരുദധാരികൾ (സ്ഥാപനങ്ങളിൽ നിന്ന്), ഡോക്ടർമാർ മുതലായവർ). എല്ലാ സംരംഭകരും പ്ലസ്സ് 2 വിദ്യാഭ്യാസ യോഗ്യത ഉള്ളവരും തിരിച്ചറിയൽ കാർഡ് ഉള്ളവരും ആയിരിക്കണം. പ്രായം 21 നും 40 നും ഇടയിൽ. വിധവകൾക്ക് 45 വയസ്സ് വരെയാകാം.

**അപേക്ഷ**

അപേക്ഷകൾ കെ.എഫ്.സിയുടെ വെബ്സൈറ്റായ www.kfc.org ലെ KSEDM പോർട്ടിൽ ലഭ്യമാണ്. അപേക്ഷ ഓൺലൈനായി പൂരിപ്പിക്കണം. പദ്ധതിയുടെ അവലോകനത്തിനും സംരംഭകത്വ അഭിരുചി മനസ്സിലാക്കുന്നതിനുമായി അർഹരായ ഗ്രൂപ്പുകളെ ജില്ലയിലെ സെലക്ഷൻ കമ്മിറ്റി മുമ്പാകെ വിളിക്കുന്നതാണ്.

**സഹായം**

ടെക്നോക്രാറ്റ് അല്ലാത്ത സംരംഭകർക്ക് 4 ലക്ഷവും ടെക്നോക്രാറ്റുകൾക്ക് 10 ലക്ഷവും എന്ന പ്രകാരം ഗ്രൂപ്പിന് പരമാവധി 20 ലക്ഷം വായ്പയായി ലഭിക്കുന്നു.

**4. മാർജിൻ മണി ലോൺ**

**നടത്തിപ്പ്**

ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രീസ് & കോമേഴ്സ്

**ഗുണഭോക്താവ്**

പുതിയതായി രജിസ്റ്റർ ചെയ്യുന്ന എസ്.എസ്.എ യൂണിറ്റുകൾ, ടെക്നോ ക്രാറ്റുകൾ, സ്ത്രീകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, എസ്സി/എസ്ടി തുടങ്ങിയവർക്ക് മുൻഗണന

**അപേക്ഷ**

അപേക്ഷ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർക്ക് നൽകണം. ധനകാര്യസ്ഥാപന ത്തിൻ നിന്നും ലോണിന്റെ ആദ്യ ഗഡു കിട്ടിയ ഉടൻ വായ്പയ്ക്ക് അപേക്ഷിക്കാം.

**ധനസഹായം**

മാർജിൻ മണി ദീർഘകാല വായ്പയായും പ്രവർത്തന മൂലധന വായ്പയായും നൽകും. പദ്ധതി തുകയുടെ 20% അല്ലെങ്കിൽ ധനകാര്യ സ്ഥാപനം നിർദ്ദേശിക്കുന്ന മാർജിൻ മണി യുടെ 50% ഏതാണോ കുറവ് ആ തുക ലഭിക്കും.

**5. കേരളത്തിന് പുറത്ത് താമസിക്കുന്ന കേരളീയർക്കായുള്ള മാർജിൻ മണി വായ്പ പദ്ധതി**

**ഗുണഭോക്താവ്**

കേരളത്തിന് പുറത്തു താമസിക്കുന്ന സാങ്കേതിക കാര്യങ്ങളിൽ സമർത്ഥരായ കേരള ത്തിൽ സംരംഭം തുടങ്ങുവാൻ ആഗ്രഹിക്കുന്നവർ

**അപേക്ഷ**

ജില്ലാ വ്യവസായ കേന്ദ്രം മാനേജർക്ക് അപേക്ഷ നൽകുന്നു.

**ധനസഹായം**

മാർജിൻ മണി ദീർഘകാല വായ്പയായും ലോൺ ആയും, പ്രവർത്തന മൂലധന ലോണായും നൽകുന്നു. പദ്ധതി തുകയുടെ 20% ആകെ പ്രവർത്തന മൂലധന വായ്പ യായി ലഭിക്കും.

**6. സ്ത്രീകൾക്കു വേണ്ടിയുള്ള വ്യവസായിക പദ്ധതി (Women Industries Programme)**

**ഗുണഭോക്താവ്**

സ്ത്രീകൾ ഉടമസ്ഥരായ വ്യവസായ സംരംഭകർ, സഹകരണ സംഘം, ജോയിന്റ് സ്റ്റോക്ക് കമ്പനി, ചാരിറ്റബിൾ സൊസൈറ്റി, പാർട്ട്ണർഷിപ്പ് സംരംഭകർ മുതലായവ. വുമൺ ഇൻഡ സ്ട്രിയൽ യൂണിറ്റായി രജിസ്റ്റർ ചെയ്തും 80% അധികം ജോലിക്കാർ സ്ത്രീകൾ ആയ വരും ആയ സംരംഭം.

**അപേക്ഷ**

ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക്/ജില്ലാ പഞ്ചായത്ത് എന്നിവർക്ക് നൽക ണം.

**സഹായങ്ങൾ**

ജില്ലാ പഞ്ചായത്താണ് ഗ്രാന്റ് നൽകുന്നത്. Women Industries Programme വഴി രജിസ്ട്രർ ചെയ്തിട്ടുള്ള വനിതകൾക്ക്

| ക്രമ നം | വിവരണം | നിരക്ക് |
|---|---|---|
| 1 | യന്ത്രങ്ങളും ഉപകരണങ്ങളും | യന്ത്രത്തിന്റെ ചെലവായ തുകയുടെ 50% അല്ലെങ്കിൽ 75000 രൂപ ഏതാണോ കുറവ് ആയത് |

| | | |
|---|---|---|
| 2 | ഗ്രാന്റ് | നിർമ്മാണ തുകയുടെ 50% അല്ലെങ്കിൽ 50,000 രൂപ ഏതാണോ കുറവ് ആയത് |
| 3 | കെട്ടിട വാടക | ഒരു മാസം 750 രൂപ/ അല്ലെങ്കിൽ കെട്ടിടത്തിന്റെ വാടക ഏതാണോ കുറവ് ആയത് |
| 4 | കെട്ടിടം മൊത്തം വാടകയ്ക്ക് | മൊത്തം വാടകയുടെ 50% അല്ലെങ്കിൽ 25,000 രൂപ |
| 5 | മാസശമ്പളം | ഒരു മാസം 750 രൂപ അല്ലെങ്കിൽ ശരിയായ ശമ്പളം ഏതാണോ കുറവ് ആയത് |
| 6 | പരിശീലനാർത്ഥിക്കുള്ള സ്റ്റൈപന്റ് | മാസത്തിൽ 500 രൂപ |

**7. ഹരിജൻ ഡെവലപ്മെന്റ് സ്കീം.**

**നടത്തിപ്പ്**

ഇൻഡസ്ട്രീസ് & കോമേഴ്സ് ഡിപ്പാർട്ട്മെന്റ്

**ഗുണഭോക്താവ്**

പട്ടികജാതി/പട്ടികവർഗ്ഗ ഉടമസ്ഥതയിലുള്ള ജില്ലാ വ്യവസായ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകൾ

**അപേക്ഷ**

താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടത് (1) എസ്.എസ്.എ രജിസ്ട്രേഷൻ കോപ്പി, (2) ജാതി സർട്ടിഫിക്കേറ്റ്, (3) പ്രോജക്ട് റിപ്പോർട്ട് എന്നിവ സമർപ്പിക്കണം

**ധനസഹായം**

പദ്ധതി തുകയുടെ 50% അല്ലെങ്കിൽ 50,000 രൂപ വരെ ലോണായി ലഭിക്കും. ഈ തുക സ്ഥിരം മൂലധനം, പ്രവർത്തന മൂലധനം, മാർജിൻ മണി തുടങ്ങിയ ആവശ്യങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

**8. സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി**

**നിർവ്വഹണം**

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ, ജില്ലാ വ്യവസായകേന്ദ്രം, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നിവർ

**ഗുണഭോക്താവ്**

ഇൻഡിപെന്റന്റ് ലീഗൽ ഐഡന്റി സംരംഭങ്ങൾ ( റബർ ബെയ്സ്ഡ് ഇൻഡസ്ട്രീസ്, ഐ.ടി, ഫുഡ് പ്രോസസ്സിംഗ്, റെഡിമെയ്ഡ് ഗാർമെന്റ്സ്, ആയൂർവേദ മരുന്നുകൾ, മൈനിംഗ്, മറൈൻ ഉല്പന്നങ്ങൾ, ലൈറ്റ് എഞ്ചിനീയറിംഗ്, അഗ്രോ ബെയ്സ്ഡ് ബിസിനസ്സ്, ബയോടെക്നോളജി. 100% ഫണ്ട് എക്സ്പോർട്ട് ഒറിയന്റഡ് യൂണിറ്റ്)

**ധനസഹായം**

1. മേൽവ്യവസായങ്ങൾക്ക് സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 15% ഏറ്റവും കൂടിയത് 15 ലക്ഷം രൂപ ഇൻവെസ്റ്റ്മെന്റ് സബ്സിഡി ലഭിക്കും

2. വിവര സാങ്കേതികവുമായി ബന്ധപ്പെട്ടവർക്ക് സ്ഥിരം മൂലധനനിക്ഷേപത്തിന്റെ 20% ഏറ്റവും കൂടിയത് 25 ലക്ഷം രൂപ വരെ
3. ഇടുക്കി, വയനാട് ജില്ലകളിലും മറ്റ് പ്രധാനപ്പെട്ട വ്യവസായിക പ്രദേശങ്ങളിൽ സ്ഥാപിക്കുന്ന വ്യാവസായിക യൂണിറ്റുകൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% ഏറ്റവും കൂടിയത് 10 ലക്ഷം രൂപ വരെ സബ്സ്ഡി ലഭിക്കും. ഈ മേഖലയിൽ ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് ത്രസ്റ്റ് ഇൻഡസ്ട്രി ആണെങ്കിൽ സ്ഥിരമൂലധന നിക്ഷേപത്തിന്റെ 25% ഏറ്റവും കൂടിയത് 25 ലക്ഷം രൂപ ലഭിക്കും.
4. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരോ സ്ത്രീകളോ, വികലാംഗരോ ആണെങ്കിൽ സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% ഏറ്റവും കൂടിയത് 5 ലക്ഷം വരെ അധിക സബ്സ്ഡിയ്ക്ക് അർഹതയുണ്ട്.
5. മലിനീകരണ നിയന്ത്രണ സംവിധാനം വാങ്ങിയാൽ സ്ഥിര നിക്ഷേപത്തിന്റെ 10% കൂടിയത് 25,000 രൂപ വരെ സബ്സിഡി ലഭിക്കും. മറ്റ് ഗവൺമെന്റ് സ്ഥാപനത്തിൽ നിന്ന് സബ്സിഡി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയിൽ നിന്ന് കുറയ്ക്കും.

   സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ച് ഒരു വർഷത്തിനുള്ളിൽ തന്നെ ഈ സബ്സിഡിക്ക് അപേക്ഷ നൽകേണ്ടതാണ്. താലൂക്ക് വ്യവസായ കേന്ദ്രം, KSIDC, KFC ഓഫീസുകളിൽ അപേക്ഷ നൽകാം.

**9. എംപ്ലോയ്മെന്റ്**

➢ **കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്**

**ഗുണഭോക്താവ്**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത 21 നും 50 നും ഇടയ്ക്ക് പ്രായമുള്ള 40,000 രൂപയ്ക്ക് താഴെ മാസവരുമാനമുള്ള വ്യക്തികൾ. സാങ്കേതിക/പ്രൊഫഷണൽ യോഗ്യത ഉള്ളവർക്ക് മുൻഗണന.

**അപേക്ഷ**

അപേക്ഷാ ഫോറവും ഗൈഡ് ലൈനും സൗജന്യമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ലഭിയ്ക്കുന്നു. അപേക്ഷ രജിസ്റ്റർ ചെയ്ത് എക്സ്ചേഞ്ചിൽ സമർപ്പിക്കണം.

**സഹായം**

ഒരു ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് വായ്പ ലഭിക്കും. പദ്ധതി തുകയുടെ 20% സബ്സിഡിയായി ലഭിക്കുന്നു.

➢ **വനിതാ വികസന കോർപ്പറേഷൻ വായ്പാ പദ്ധതി**

**ഗുണഭോക്താവ്**

18–55 ഇടയിൽ പ്രായമുള്ള വനിതകൾ. വാർഷിക വരുമാനപരിധി ഗ്രാമപ്രദേശങ്ങളിൽ 40,000 രൂപയും നഗര പ്രദേശങ്ങളിൽ 50,000 രൂപയുമാണ്.

**അപേക്ഷ**

അപേക്ഷ ഫീസ് 10 രൂപ, വനിതാ വികസന കോർപ്പറേഷന് നൽകണം

| **സുരക്ഷ ഫണ്ട്** | **(വായ്പയുടെ സുരക്ഷയ്ക്ക്)** |
|---|---|
| 4,50,000 രൂപ വരെ | - 250 രൂപ |
| 1,00,000 രൂപ വരെ | - 500 രൂപ |
| 1,50,000 രൂപ വരെ | - 1000 രൂപ |
| 1,50,000-2,50,000രൂപ വരെ | - 1500 രൂപ |
| 2,50,000-3,50,000 രൂപ വരെ | - 2000 രൂപ |
| 3,50,000-5,00,000 രൂപ വരെ | - 2500 രൂപ |
| നിയമ പരിശോധന ചെലവ് | - 500 രൂപ |
| വായ്പ കുടിശ്ശിക വരുത്തുന്നവരിൽ നിന്നും 12% പലിശ ഈടാക്കുന്നതാണ്. | |
| വായ്പ തുക | - 5 ലക്ഷം വരെ |

....................................

## 23. കയർ ഡിപ്പാർട്ട്മെന്റ്

1. **വിപണനം, പ്രചരണ പരിപാടികൾ, വ്യാപാരി മേളകൾ മുതലായവയ്ക്കും, ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം**

   ഗുണഭോക്താവ് - കയർ മേഖലയിൽ പ്രവൃത്തിക്കുന്നവർ

   നിയന്ത്രണം - കയർ ഡയറക്ടറേറ്റ് കേരള

   സംഘാടനം - ഷോറൂമുകൾ സ്ഥാപിക്കൽ, കയർമാർട്ട്, ക്രയവിക്രയ സംഗമം, കച്ചവടമേളകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനും അവലോകനയോഗങ്ങൾ, ബോധവൽക്കരണ ക്യാമ്പുകൾ നടത്തുന്നതിനും, പഠനങ്ങൾ നടത്തുന്നതിനും, പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും, അവാർഡുകൾ നൽകുന്നതിനും ധനസഹായം ഉപയോഗിക്കാം.

2. **വിപണി വികസന സഹായം**

   ഗുണഭോക്താവ് : കയർ മേഖലയിൽ പ്രവർത്തിക്കുന്നവർ

   നിയന്ത്രണം :കയർ ഡയറക്ടറേറ്റ്

   50% സംസ്ഥാനവിഹിതമായി നൽകുന്നു.

   കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിൽപ്പന പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

3. **കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ**

**ഗുണഭോക്താവ്**

കയർമേഖലയിലെ സംരംഭകർ

**അർഹത**

നിലവിലുള്ള വ്യവസായ യൂണിറ്റുകളുടെ ആധുനികവത്ക്കരണം/വിപുലീകരണം/പുതിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാൻ ബാങ്കുകൾ/ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കുന്നവർ.

**ധനസഹായം**

യൂണിറ്റ് ഒന്നിന് പരമാവധി 5 ലക്ഷം/50% ഏതാണോ കുറവ് ആയത് മാർജിൻ മണി വായ്പ യായി നൽകുന്നു.

**അപേക്ഷ**

കയർ ഡിപ്പാർട്ട്മെന്റ് മേലധികാരിക്ക്

....................................

## 24. ആരോഗ്യവകുപ്പ്

1. a) പകർച്ചവ്യാധി നിയന്ത്രണവും, പ്രതിരോധവും
   b) കൊതുകുജന്യ രോഗ നിയന്ത്രണം
   c) ജലജന്യരോഗ നിയന്ത്രണം

**ഗുണഭോക്താക്കൾ**

പൊതുജനങ്ങൾ

**പ്രവർത്തനങ്ങൾ**

1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആരോഗ്യം, കുടിവെള്ളം, ശുചിത്വം, മാലിന്യനിർമ്മാർജ്ജനം എന്നിവ കൈകാര്യം ചെയ്യുന്ന വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് പകർച്ചവ്യാധികൾ ആരോഗ്യവകുപ്പിന്റെ മേൽനോട്ടത്തിൽ തടയുന്നു.
2. രോഗങ്ങൾ പൊട്ടിപുറപ്പെടുവാൻ സാധ്യതയുള്ള മേഖലകൾ കണ്ടെത്തി പര്യവേ ഷണ പ്രവർത്തനങ്ങൾ നടത്തുക.
3. പകർച്ചവ്യാധികൾ ഉണ്ടാകുന്ന അവസരങ്ങളിൽ കാരണം മനസ്സിലാക്കി ഔട്ട്ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ നടത്തി രോഗനിയന്ത്രണം നടത്തുക.
4. കൊതുക് നശീകരണ പ്രവർത്തനങ്ങൾ, കുടിവെള്ള ക്ലോറിനേഷൻ, ശുചീകരണം, മറ്റ് പ്രവർത്തനങ്ങൾ

**നിർവ്വഹണം**

ആരോഗ്യവകുപ്പ് സ്ഥാപനങ്ങൾ വഴി- PHC, CHC, ജില്ലാ ആശുപത്രികൾ, സബ്സെന്റർ എന്നിവയെ മറ്റ് വകുപ്പുകളും തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ഏകോപിപ്പിച്ചും നടപ്പി ലാക്കുന്നു.

2. ജീവിതശൈലി രോഗപ്രതിരോധ പരിപാടി

**ഗുണഭോക്താക്കൾ**

രക്തസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗം തുടങ്ങിയ/ വരാൻ സാധ്യതയുള്ളവർ/ഉള്ളവർ

**നിർവ്വഹണം**

വിവിധ ആരോഗ്യ സ്ഥാപനങ്ങളും മറ്റ് വകുപ്പുകളും, തദ്ദേശഭരണസ്ഥാപനങ്ങളുമായി ജില്ലാ മെഡിക്കൽ ഓഫീസർ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് താഴെപറയുന്ന കാര്യങ്ങൾ ചെയ്യുന്നു.

1. ബോധവൽക്കരണം (വിദ്യാർത്ഥികൾ, രോഗികൾ, പൊതുജനങ്ങൾ)
2. ആരോഗ്യകരമായ പരിസ്ഥിതി സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുക

3. മദ്യപാനം, പുകവലി, കൊഴുപ്പ് അടങ്ങിയ ഭക്ഷണങ്ങൾ, തുടങ്ങിയ ശീലങ്ങൾ നിരുത്സാഹപ്പെടുത്തൽ
4. ലഭ്യമാകുന്ന ഭക്ഷണങ്ങളിൽ വ്യത്യാസം വരുത്തുന്നതിന് ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ബേക്കറികൾ, മീറ്റിംഗ് സ്ഥലങ്ങൾ എന്നിവയ്ക്ക് അറിവ് നൽകൽ
5. ജീവനക്കാർക്കുള്ള പരിശീലനം, സർവ്വേകൾ, ഗവേഷണങ്ങൾ

30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവരേയും സബ്സെന്റ്ർ തലത്തിൽ രോഗനിർണ്ണയ ബോധവൽക്കരണ ക്ലാസ്സുകളിൽ എത്തിച്ച് അവർക്ക് രോഗപരിശോധന, ബോധവൽക്കരണം, ജീവിതശൈലി, ഭക്ഷണക്രമം കാര്യങ്ങളിൽ കൗൺസിലിംങ്ങും ബോധവൽക്കരണവും ചികിത്സയും ലഭ്യമാക്കുകയും തുടർചികിത്സ, മരുന്ന് എന്നിവ കെ.എം.ഡി.എൽ വഴി ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

**3. ജില്ലാ മാനസികാരോഗ്യ പരിപാടികളും കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാമും**

**ഗുണഭോക്താക്കൾ**

മാനസികരോഗ്യമുളള തദ്ദേശീയർ

**പ്രവർത്തനങ്ങൾ**

സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക്ക് സോഷ്യൽ വർക്കർ, ഓക്കുപ്പേഷൻ തെറാപ്പിസ്റ്റ് എന്നിവർ അടങ്ങിയ ടീമിന്റെ സേവനം താഴെ തട്ടിൽ പ്രത്യേക ദിവസങ്ങളിൽ എല്ലാം സി.എച്ച്.സി/പി.എച്ച്.സി യിൽ ലഭ്യമാക്കുന്നു. മനോരോഗമുള്ള എല്ലാവരെയും തദ്ദേശ്ശഭരണതലത്തിൽ പരിശോധിക്കുകയും ചികിത്സ നിശ്ചയിക്കുകയും തുടർചികിത്സയും സി.എച്ച്.സി/പി.എച്ച്.സി തലത്തിൽ ഡോക്ടർമാരേയും സ്റ്റാഫിനേയും സജ്ജമാക്കുകയും ദേശീയ ആരോഗ്യദൗത്യം മിഷനിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

**4. ദന്തചികിത്സയും ദന്തരോഗക്ലിനിക്കുകൾ ശക്തിപ്പെടുത്തലും**

ആരോഗ്യവകുപ്പ് നിർവഹണം നടത്തുന്നു.

**ഗുണഭോക്താക്കൾ**

എല്ലാ ജനങ്ങളും പ്രത്യേകിച്ച് സ്ക്കൂൾ കുട്ടികളും വയോജനങ്ങളും

**പ്രവർത്തനങ്ങൾ**

താല്ക്കാലികാടിസ്ഥാനത്തിൽ ദന്തയൂണിറ്റുകൾ ഇല്ലാത്ത സ്ഥാപനത്തിൽ ദന്തരോഗപരിശോധനയും മുതൽ കെയർറൂം അടങ്ങുന്ന അടിസ്ഥാസൗകര്യമൊരുക്കി താല്ക്കാലികാടിസ്ഥാനത്തിൽ ദന്തസർജ്ജനേയും ദന്തൽ ഹൈജീനിസ്റ്റിനെയും സർക്കാർ അനുമതിയോടെ നിശ്ചയിച്ചു പ്രവർത്തിക്കുക. പി.എച്ച്.സി മുഖാന്തിരം ക്ലാസ്സുകൾ നടത്തുകയും ചികിത്സ നടത്തുകയും ചെയ്യുന്നു.

**നിർവ്വഹണം**

ആരോഗ്യവകുപ്പിലെ ഡന്റ്റിസ്റ്റുകൾ, പാരാമെഡിക്കൽ സ്റ്റാഫ്, മെഡിക്കൽ കോളേജിലേയും സ്വകാര്യകോപ്പറേറ്റീവ് സ്ഥാപനങ്ങളിലേയും ഡോക്ടർമാരുടേയും ഹൈജീനിസ്റ്റുകളുടെയും സേവനം ലഭ്യമാക്കി ആശുപത്രിമാനേജ്മെന്റ് കമ്മിററികളുടെ സഹായത്തോടെ ചികിത്സ നടത്തുകയും ചെയ്യുന്നു.

5. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രോഗ്രാമുകളും വയോജന ആരോഗ്യപരിപാടികളും

**നിർവ്വഹണം**

ആരോഗ്യവകുപ്പ്

**ലക്ഷ്യം**

താലൂക്ക്/ജില്ല മുതൽ ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്ന പെയിൻ ആന്റ് പാലിയേറ്റീവ് യൂണിറ്റുകൾക്ക് കൂടുതൽ സൗകര്യമൊരുക്കി വിദഗ്ദ്ധ പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണം ലഭ്യമാക്കുന്ന കേന്ദ്രമാക്കി മാറ്റുക, സാധനസാമഗ്രികൾ, ഫർണീച്ചറുകൾ, മരുന്നുകൾ എന്നിവ വാങ്ങുക

വയോജനങ്ങൾക്ക് താലൂക്ക്/ ജില്ല ആശുപത്രികളിൽ വയോജന ക്ലീനിക്കുകൾ സജ്ജമാക്കി ഒ.പി. വിഭാഗങ്ങളിൽ കിടത്തി ചികിത്സയും അടിസ്ഥാനസൗകര്യങ്ങളായ റാമ്പുകൾ, കൈവരികൾ, വീൽചെയറുകൾ മുതലായവ ലഭ്യമായി വയോജനസൗഹൃദ ക്ലീനിക്കുകൾ ആരംഭിക്കുക. ഫീൽഡ്തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ, വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ ആരോഗ്യപരിചരണം എന്നിവ നടത്തുക.

**ഗുണഭോക്താക്കൾ**

ചികിത്സ ആവശ്യമുള്ള വയോജനങ്ങൾ, പെയിൻ ആന്റ് പാലിയേറ്റീവ് രോഗികൾ

6. ക്യാൻസർ കെയർ പ്രോഗ്രാം

**ആർക്ക് വേണ്ടി**

എല്ലാ ജനങ്ങളും

**എന്തിന് വേണ്ടി**

ക്യാൻസറിനെ കുറിച്ച് ബോധവൽക്കരണം, അർബുദരോഗത്തിന് കാരണമായ ഘടകങ്ങൾ ലഘൂകരിക്കുക

- o തുടക്കത്തിൽ തന്നെ കണ്ടുപിടിക്കാനാവശ്യമായ സ്ക്രീനിംഗ് ടെസ്റ്റ് ലഭ്യമാക്കുക.
- o ചികിത്സാസൗകര്യം വർദ്ധിപ്പിക്കുക
- o പുകയില, മദ്യപാനം എന്നിവക്കെതിരായ ബോധവൽക്കണം

ജില്ല/ജനറൽ ആശുപത്രികളിലെ ഡോക്ടർമാർക്കും ആർ.സി.സിയിൽ പരിശീലനം നൽകി, ആർ.സി.സി, എം.സി.സി, മെഡിക്കൽ കോളേജുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ചികിത്സ ആരംഭിക്കുന്ന രോഗികൾക്ക് ഫോളോഅപ്പ് കീമോതെറാപ്പിയും തുടർചികിത്സകളും ഈ ആശുപത്രികളിലും ചെയ്യുക

7. അക്രമങ്ങൾക്കും സാമൂഹികതിന്മകൾക്കും ഇരയാകുന്നവർക്ക് ആരോഗ്യസംരക്ഷണം

**ബന്ധപ്പെടേണ്ടവർ**

ജില്ല/ജനറൽ ആശുപത്രി മേധാവികൾ, വനിതസെൽ, പോലീസ് വനിതാസെൽ, ലീഗൽ സർവ്വീസ് അതോറിറ്റി, സാമൂഹികനീതിവകുപ്പ്

**ആർക്ക് വേണ്ടി**

ഗാർഹിക പീഡനങ്ങൾക്കും മറ്റ് രീതികളിലുള്ള അക്രമങ്ങൾക്കും സാമൂഹികമാനസിക പ്രശ്നങ്ങൾക്കും ഇരയാകുന്ന സ്ത്രീകൾ

**സഹായത്തിന്റെ തരം**

ആശുപത്രികളിൽ എത്തുന്ന മേൽവിവരിച്ച വിഭാഗം സ്ത്രീകളെ (ജെന്റർ ബേയ്സ്ഡ് വയലൻസിന് ഇരയായവർ) തിരിച്ചറിഞ്ഞ് അവർക്ക് വേണ്ട കൗൺസിലിംങ്ങും പ്രതിരോധ നടപടികളും പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികളും, നിയമസഹായം ചെയ്ത് കൊടുക്കുന്നതിന് കെൽസ മുതലായ ഏജൻസികളുമായി ബന്ധപ്പെടുത്തി കൊടുക്കുകയും ചെയ്യുന്നു. കൂടാതെ ബോധവൽക്കരണ പരിപാടിയും നടത്തുന്നു.

**നിർവ്വഹണം**

ജില്ല/ ജനറൽ, താലൂക്ക്(തെരഞ്ഞെടുക്കപ്പെട്ട) ആശുപത്രികൾ കേന്ദ്രീകരിച്ചാണ് ഇത്തരം കേന്ദ്രങ്ങൾ. ഇവിടുത്തെ ഡോക്ടർമാർക്കും, നഴ്സുമാർക്കും വേണ്ട പരിശീലനവും നല്കുന്നു. പോലീസ് വകുപ്പിലെ വനിതസെൽ, ജില്ലാപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സാമൂഹികനീതിവകുപ്പ് പ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ എന്നിവരെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

8. <u>ഡീഅഡിക്ഷൻ സെന്ററുകൾ</u>

**ഗുണഭോക്താക്കൾ**

മദ്യപാനത്തിന് അടിമപ്പെട്ടവർ, ബോധവത്ക്കരണം ആവശ്യമായവർ

**ആരെ സമീപിക്കണം**

ആരോഗ്യവകുപ്പിന് കീഴിലുള്ള മൂന്ന് മാനസികാരോഗ്യകേന്ദ്രങ്ങൾ, ജില്ല ആശുപത്രിമേധാവികൾ

**നല്കുന്ന സേവനം**

മദ്യത്തിന് അടിമപ്പെട്ടവർക്ക് കൗൺസലിങ്, അവരെ മദ്യപാനാസക്തിയിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള ചികിത്സ, മദ്യപാനത്തിനെതിരായ ബോധവൽക്കരണം

9. <u>പുകയില ഉപയോഗ പ്രതിരോധവും നിയന്ത്രണവും</u>

**എന്തിന് വേണ്ടി**

- പുകയില ഉപയോഗം ഇല്ലാതാക്കി കാൻസറിനും വിവിധ അവയവവ്യവസ്ഥകളെ ബാധിക്കുന്ന രോഗങ്ങൾക്കും ജീവിതശൈലി, രോഗങ്ങൾക്കും തടയിടൽ
- പുകയിലരഹിത ഗ്രാമങ്ങൾ രൂപീകരിക്കുക

**സേവനങ്ങൾ**

- പുകവലിക്കെതിരായുള്ള ബോധവൽക്കരണം, ക്യാമ്പയിൻ
- കൗൺസിലിങ്
- ക്ലിനിക്കൽ കെയർ ആരംഭിക്കൽ (ആശുപത്രികളോട് ചേർന്ന്)

**നേതൃത്വം**

- മെഡിക്കൽ ഓഫീസർമാർ/ തദ്ദേശഭരണസ്ഥാപനങ്ങൾ

10. <u>പാവപ്പെട്ട രോഗികൾക്കുള്ള ചികിത്സാധനസഹായം (കേന്ദ്രസംസ്ഥാന പരിപാടി)</u>

**ഗുണഭോക്താക്കൾ**

വാർഷികവരുമാനം 3 ലക്ഷം രൂപയിൽ കുറവുള്ള നിർദ്ധനരോഗികൾ

**രോഗത്തിന്റെ പേരും സഹായധനവും ആശുപത്രിയുടെ പേരും താഴെ നല്കുന്നു.**

| ക്രമ ന. | രോഗത്തിന്റെ പേര് | പരമാവധി തുക | ആശുപത്രിയുടെ പേര് |
|---|---|---|---|
| 1. | മസ്തിഷ്ക ശസ്ത്രക്രിയ | 20,000/- | 1) ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ സയൻസ് & ടെക്നോളജി, തിരുവനന്തപുരം<br>2) റീജിയനൽ കാൻസർ സെന്റർ, തിരുവനന്തപുരം<br>3) മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം<br>4) മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ<br>5) മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ<br>6) മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം<br>7) മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്<br>8) സഹകരണ മെഡിക്കൽ കോളേജ് ആശുപത്രി, കൊച്ചി<br>9) ഇ.എം.എസ് മെമ്മോറിയൽ സഹകരണ ആശുപത്രി, പാണമ്പി, പെരുന്തൽമണ്ണ, മലപ്പുറം<br>10) സഹകരണ ഹൃദയാലയ മെഡിക്കൽ കോളേജ് ആശുപത്രി, പരിയാരം, കണ്ണൂർ<br>11) ശ്രീ അവിട്ടം തിരുന്നാൾ ആശുപത്രി തിരുവനന്തപുരം<br>12) മലബാർ ക്യാൻസർസെന്റർ,തലശ്ശേരി, കണ്ണൂർ<br>13) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മറ്റേർണൽ ആന്റ് ചൈൽഡ് ഹെൽത്ത്, കോഴിക്കോട്<br>14) ജനറൽ ആശുപത്രി, എറണാകുളം<br>15) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, കോട്ടയം |
| 2. | ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ | 20,000/- | |
| 3. | വൃക്ക മാറ്റിവെയ്ക്കൽ | 20,000/- | |
| 4. | കരൾ മാറ്റിവെയ്ക്കൽ | 20,000/- | |
| 5. | പേസ്മേക്കർ സ്ഥാപിക്കൽ | 10,000/- | |
| 6. | ആൻജിയോപ്ലാസ്റ്ററി | 10,000/- | |
| 7. | ക്യാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ) | 20,000/- | |
| 8. | ഡയാലിസിസ് | 10,000/- | |
| 9. | ട്യൂമർ | 10,000/- | |
| 10. | അസ്ഥി സംബന്ധമായ ശസ്ത്രക്രിയകൾ ( റിസക്ഷനും, പ്രോസ്തലിസും, ലംബാർ, തൊറാസിക്ക്, വെർട്രിബ്രൽ ഗ്രന്ഥികളിലെ ട്യൂമർ, കാൽമുട്ട് മാറ്റിവെയ്ക്കൽ) | 10,000/- | |

ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രം, വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് അടക്കം നിശ്ചിത ഫോറങ്ങൾ, മെമ്പർ സെക്രട്ടറി, സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് , ജനറൽ ആശുപത്രിക്ക് സമീപം, തിരുവനന്തപുരം-35 എന്ന മേൽവിലാസത്തിൽ അയ്ക്കണം.

**11. ആരോഗ്യകിരണം (Arogyakiranam)**

ജനനം മുതൽ 18 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കുണ്ടാകുന്ന ശാരീരിക മാനസിക ബൗദ്ധീക പ്രശ്നങ്ങൾക്ക് ഫലവത്തായ സൗജന്യചികിത്സ പൊതുജനാരോഗ്യസംവിധാനം വഴി ലഭ്യമാക്കുക എന്നുള്ളതാണ്. ആരോഗ്യകിരണം പദ്ധതിയുടെ ഉദേശ്യലക്ഷ്യം. മേൽ പ്രായപരിധിയിൽ ഏകദേശം 30 ഓളം ആരോഗ്യപ്രശ്നങ്ങൾക്ക് RBSK (കേന്ദ്രാവിഷ്കൃതം) പദ്ധതി വഴി സൗജന്യചികിത്സ നൽകി മരുന്നെങ്കിലും ഒട്ടനവധി ആരോഗ്യപ്രശ്നങ്ങൾക്ക് സൗജന്യമായി സ്ഥായിയായ ചികിത്സ ഉറപ്പാക്കാൻ മേൽ പദ്ധതി വിഭാവനം ചെയ്യുന്നു. സൗജന്യരോഗ പരിശാധന, രോഗനിർണ്ണയം, ചികിത്സ, അടിയന്തിരഘട്ടങ്ങളിലെ സൗജന്യയാത്രാസൗകര്യം എന്നിവ ടി പദ്ധതിയുടെ നേട്ടങ്ങളാണ്.

..............................

## 25. ആയുർവേദ വകുപ്പ്

### 1) ബാലമുകുളം - സ്കൂൾ ഹെൽത്ത് പ്രോഗ്രം

**ആരെ സമീപിക്കണം**

ജില്ല മെഡിക്കൽ ഓഫീസർ,ഭാരതീയ ചികിത്സാ വകുപ്പ്

**ആർക്ക് വേണ്ടി**

തെരഞ്ഞെടുക്കപ്പെട്ട എൽ.പി.സ്ക്കൂളുകളിലെ കുട്ടികളിൽ ആവർത്തിച്ചുവരുന്ന ശ്വാസകോശ രോഗങ്ങൾക്കടിമപ്പെട്ട കുട്ടികൾക്ക് ആയുർവേദ ചികിത്സയിലൂടെ രോഗപ്രതിരോധം ചെയ്യുക

**സേവനങ്ങൾ**

മരുന്നുകൾ നല്കുക, ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക

കാസർഗോഡ്, വയനാട്, പാലക്കാട് എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്

### 2) ട്രൈബൽ സെറ്റിൽമെന്റിലെ (ആരോഗ്യമിത്രം) ആരോഗ്യസംരക്ഷണം

**പ്രവർത്തനം**

പാലക്കാട്, ഇടുക്കി ജില്ലകളിലെ തെരഞ്ഞെടുത്ത ട്രൈബൽ സെറ്റിൽമെന്റുകളിലെ ജനവിഭാഗത്തിലെ ആരോഗ്യപ്രശ്നങ്ങൾ സ്ക്രീനിംഗ് നടത്തി പട്ടികവർഗ്ഗ വകുപ്പുമായി ചേർന്ന് ഔഷധങ്ങൾ വാങ്ങി വിതരണം നടത്തുന്നു. വർഷത്തിലൊരിക്കൽ അവലോകനം നടത്തുന്നു.

**ആരെ സമീപിക്കണം**

അതാത് ജില്ലകളിലെ ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാവകുപ്പ്, ട്രൈബൽ എക്സറ്റൻഷൻ ഓഫീസർ

### 3) ജീവനി- ടൈപ്പ് 2 പ്രമേഹചികിത്സപദ്ധതി

**പ്രവർത്തനം**

ടൈപ്പ് 2 പ്രമേഹരോഗികളെ ലബോറട്ടറി പരിശോധനയിലൂടെ കണ്ടെത്തി (പരമാവധി ഉപദ്രവവ്യാധികൾ കുറവുള്ളവർ) തെരഞ്ഞെടുത്ത് ഔഷധങ്ങളും ചികിത്സ നിർദ്ദേശങ്ങളും

നല്കുന്നു. ഓരോ മാസം കൂടുമ്പോൾ പരിശോധന നടത്തി രോഗത്തിന്റെ അവസ്ഥ വില യിരുത്തുന്നു. തിരുവനന്തപുരം, കൊല്ലം, എറണാകുളം, ജില്ലകളിലാണ് ഇപ്പോൾ ഈ പദ്ധതി നടപ്പിലാക്കുന്നത്.

**ബന്ധപ്പെടേണ്ടത്**

ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാവകുപ്പ്

**4) പുനർന്നവ**

**പ്രവർത്തനങ്ങൾ**

സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന രക്താതിസമ്മർദം, പക്ഷാഘാതം ഇവ കണക്കിലെടുത്ത് 40 നും 70 നും ഇടയ്ക്ക് പ്രായമുള്ള 25 രോഗികളെ തെരഞ്ഞെടുത്ത് 3 മുതൽ 4 ആഴ്ച്ച വരെ പരമാവധി 90 ദിവസം കിടത്തി ചികിത്സിക്കുന്ന പദ്ധതി.

**നിർവ്വഹണം**

ഭാരതീയ ചികിത്സാവകുപ്പ്-ജില്ലാമെഡിക്കൽ ഓഫീസർ മുഖേന ചാർജ്ജ് മെഡിക്കൽ ഓഫീ സർ. കോഴിക്കോട്, കോട്ടയം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

**5) ദൃഷ്ടി**

**നിർവ്വഹണം**

ജില്ലാ മെഡിക്കൽ ഓഫീസർ- ഭാരതീയ ചികിത്സാവകുപ്പ്

**പ്രവർത്തനങ്ങൾ**

ഭാരതീയ ചികിത്സാവകുപ്പിൽ നിന്നും തയ്യാറാക്കി നൽകിയ പദ്ധതി പ്രകാരം ലഭിച്ച ഫണ്ട് വിനിയോഗിച്ച് തെരഞ്ഞെടുത്ത പ്രൈമറി സ്കൂളികളിലെ 5 വയസ്സിനും 9 വയസ്സിനും ഇട യ്ക്കുള്ള കുട്ടികളുടെ സ്ക്രീനിംഗ് നടത്തി മയോപ്പിയ (ഹ്രസ്വദൃഷ്ടി) ബാധിച്ച കുട്ടികളെ തൃശ്ശൂർ ജില്ലാ ആയുർവേദാശുപത്രി, ഇരിങ്ങാലക്കുട, സർക്കാർ ആശുപത്രി എന്നീ സ്ഥാപ നങ്ങളിലെ നേത്ര മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ചികിത്സിക്കുക.

...........................

## 26. ഹോമിയോ ആശുപത്രി വകുപ്പ്

**1. സീതാലയം - വിമൺ ഹെൽത്ത് കെയർ സെന്റർ**

**സേവനങ്ങൾ**

- സ്ത്രീകളുടെ ആരോഗ്യവും സാമൂഹികസമത്വവും ഉറപ്പ് വരുത്തി അവരെ സമൂഹ ത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക
- ആവശ്യമായ നിയമപരിജ്ഞാനവും അവബോധവും നൽകികൊണ്ട് സാമൂഹ്യസു രക്ഷ ഉറപ്പുവരുത്തുക
- സ്ത്രീകളുടെ എല്ലാതരം പ്രശ്നങ്ങളും പ്രയാസങ്ങളും തുറന്ന് പറയുവാനും പരിഹ രിക്കപ്പെടുവാനുമുള്ള സാഹചര്യം സൃഷ്ടിക്കുക
- പുനരധിവാസ കേന്ദ്രപ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുക

**ആർക്ക് വേണ്ടി**

- സമൂഹത്തിൽ ശാരീരികവും മാനസികവുമായ അവശതകളും അസമത്വങ്ങളും അനുഭവിക്കുന്ന എല്ലാ വിഭാഗം സ്ത്രീകളും

**ബന്ധപ്പെടേണ്ട സ്ഥലം**

എല്ലാ ജില്ലകളിലേയും താലൂക്ക് ഹോമിയോ ആശുപത്രി/ജില്ലതല ഹോമിയോ ആശുപത്രി/പഞ്ചായത്ത് തല ഹോമിയോ ആശുപത്രി/പഞ്ചായത്ത് തല ഹോമിയോ ഡിസ്പെൻസറി.

**2. സദ്ഗമയ**

അഡോളസെന്റ് ഹെൽത്ത് കെയർ & ബിഹേവിയറൽ സെന്റർ മാനേജ്മെന്റ് ക്ലീനിക്ക്

**ആർക്ക് വേണ്ടി**

18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, പ്രത്യേക പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളും മാതാപിതാക്കളും

**ബന്ധപ്പെടേണ്ട ആൾ**

ജില്ലാമെഡിക്കൽ ഓഫീസർ, ഹോമിയോപ്പതി, തൃശ്ശൂർ - 0487-2386643

**സ്ഥലം**

എല്ലാ ജില്ലകളിലേയുംപഞ്ചായത്ത്തല ഹോമിയോ ഡിസ്പെൻസറി/താലൂക്ക് ഹോമിയോ ആശുപത്രി/ജില്ലാതല ഹോമിയോ ആശുപത്രി

**നല്കുന്ന സേവനങ്ങൾ-**

i. കൗമാരക്കാരിലെ സ്വഭാവവൈകല്യങ്ങൾ, പുകയില, മദ്യപാനം, ലഹരിഉപയോഗം തുടങ്ങിയ അവസ്ഥകൾ സുഖപ്പെടുത്തുക, കൗൺസിലിങ് നടത്തുക.(ഇപ്പോൾ തൃശ്ശൂർ ജില്ലയിൽ മാത്രം.)
ii. ആരോഗ്യകരമായ ലൈംഗികശീലങ്ങൾ വളർത്തിയെടുക്കുക
iii. സ്ട്രെസ്സ് മാനേജ്മെന്റ് പ്രയോററ്റിസെറ്റിങ്, ടൈം മാനേജ്മെന്റ് എന്നിവ പരിശീലിപ്പിക്കുക
iv. വിഷാദരോഗം, ആങ്സൈറ്റി ഡിസോഡർ എന്നിവയ്ക്ക് ഹോമിയോ ചികിത്സ ലഭ്യമാക്കുക
v. എ.ഡി.എച്ച്.സി, പഠനവൈകല്യങ്ങൾ, ഓടിസം എന്നിവയിൽ സൈക്കോളജിസ്റ്റിന്റേയും സൈക്യാട്രിസ്റ്റിന്റേയും മേൽ നോട്ടത്തിൽ ചികിത്സ ലഭ്യമാക്കുക, പരിശീലനം നല്കുക ( സ്പെഷൽ സ്ക്കൂൾ വഴി)
vi. സാമൂഹ്യസുരക്ഷ വകുപ്പ്, എസ്.എസ്.ഒ, എൻ.എസ്.എസ്, അസോസിയേഷൻ ഓഫ് ലേണിങ് ഡിസ്എബിലിറ്റി ഇന്ത്യ, ഇന്നർവിഷൻ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക

**3. സാന്ത്വന പരിചരണകേന്ദ്രം**

ഇപ്പോൾ മലപ്പുറം ജില്ലയിൽ വണ്ടൂർ ഗ്രാമപഞ്ചായത്തിൽ 10 ബെഡുള്ള ഒരു അർബുദ രോഗ സാന്ത്വനപരിചരണ ആശുപത്രി പ്രവർത്തിക്കുന്നു. രണ്ട് സാന്ത്വന പരിചരണ കേന്ദ്രങ്ങൾ കൂടി തുടങ്ങുന്നു

**ഗുണഭോക്താക്കൾ**

മാരകരോഗങ്ങൾ അനുഭവിക്കുന്ന നിർധനരോഗികൾ

**നിർവ്വഹണം**

ഹോമിയോപതി ജില്ലാമെഡിക്കൽ ഓഫീസുകൾ

4. **ഹോമിയോപ്പതി സ്പെഷ്യാലിറ്റി സെന്ററുകൾ**

- ഹോമിയോപ്പതി തൈറോയ്ഡ് ക്ലീനിക്ക് ഇടുക്കിയിൽ പ്രവർത്തിക്കുന്നുണ്ട്.
- വന്ധ്യതാ ഹോമിയോ ക്ലീനിക്കുകൾ എല്ലാ ജില്ലാതല ഹോമിയോ ആശുപത്രിക ളിലും പ്രവർത്തിക്കുന്നു.
- ഡി അഡിക്ഷൻ ഹോമിയോ ക്ലീനിക് എല്ലാ ജില്ലാതല ഹോമിയോ ആശുപത്രികളിലും പ്രവർത്തിക്കുന്നു.
- ചേതന ജില്ലാതല സാന്ത്വന ക്ലീനിക് - തൃശൂർ ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കു ന്നു.
- ആയുഷ് ഹോളിസ്റ്റിക് സെന്റർ ഫോർ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ലൈഫ്സ്റ്റൈൽ ഡിസീസ്.
- കണ്ണൂർ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്- ജില്ലാ ഹോമിയോ ആശുപ ത്രികളിൽ പ്രവർത്തിക്കുന്നുണ്ട്.
- **ആരെ സമീപിക്കണം-ജില്ലാ പഞ്ചായത്ത്**
  ഹോമിയോ ആശുപത്രി സൂപ്രണ്ട്/സ്പെഷാലിറ്റി ക്ലീനിക് ഓഫീസർമാർ
- **സാംക്രമിക രോഗപ്രതിരോധ ക്ലീനിക്**
  റെകനിക്കര പഞ്ചായത്ത് ആലപ്പുഴ പ്രവർത്തനം ആരംഭിച്ചു. ആലപ്പുഴ ജില്ലയിലെ സാംക്രമിക രോഗം കുറയ്ക്കുവാൻ സാധിച്ചു.
- മദർ & ചൈൽഡ് കെയർ സെന്റർ കണ്ണൂർ - ജില്ലാ പഞ്ചായത്ത് ആശുപത്രി
- ജെറിയാട്രിക് സെന്റർ - ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഹോമിയോ ആശുപത്രി

............................

## 27. തുടർ വിദ്യാഭ്യാസ പരിപാടി

1. **സാക്ഷരത**

**നിർവ്വഹണം**

സാക്ഷരതാമിഷൻ തദ്ദേശഭരണസ്ഥാപന വിദ്യാകേന്ദ്രങ്ങൾ വഴി

**I. അടിസ്ഥാനസാക്ഷരതപരിപാടി (Basic Literacy Programme)**

കേരളത്തിലെ അവശേഷിക്കുന്ന നിരക്ഷരരെ കൂടി സാക്ഷരർ ആക്കുന്നതിന് വേണ്ടിയുള്ള സാക്ഷരത മിഷന്റെ പരിപാടിയാണിത്. ആദിവാസമേഖലകൾ, തീരദേശ, ചേരിമേഖലകൾ, ഭാഷാന്യൂനപക്ഷങ്ങൾ, അന്യസംസ്ഥാനക്കാർ എന്നിവർ ഇതിൽ ഉൾപ്പെടുന്നു.

**ഗുണഭോക്താക്കൾ**

14 വയസ്സിന് മേൽപ്രായമുള്ള എല്ലാ നിരക്ഷരരും

**ആരെ സമീപിക്കണം**

വിദ്യാകേന്ദ്രങ്ങളിലെ സാക്ഷരതാ പ്രേരക്മാർ, വാർഡ്തല സാക്ഷരതാസമിതി, അതാത് തദ്ദേശ ഭരണസ്ഥാപനങ്ങൾ നേതൃത്വം നല്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ, ന്യൂനപക്ഷ വികസനം, വിദ്യാഭ്യാസം, ഫിഷറീസ്, വികലാംഗക്ഷേമം, സാമൂഹ്യക്ഷേമം എന്നീ വകുപ്പു കളുടെ ഏകോപന സാധ്യത പ്രയോജനപ്പെടുത്തണം.

## II. നാലാംതരം തുല്യത പരിപാടി

**ഗുണഭോക്താക്കൾ**

നവസാക്ഷരർ, യഥാസമയം സ്ക്കൂൾ പഠനം പൂർത്തിയാക്കാൻ കഴിയാതെ പോയ മുതിർന്ന വർ 15 വയസ്സ് മുതൽ പ്രായമുള്ളവരിൽ അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ ഔപചാരിക വിദ്യാഭ്യാസത്തിൽ തുല്യമായി വിദ്യാഭ്യാസം നൽകുന്ന പരിപാടിയാണിത്

**സംഘാടനം**

സാക്ഷരതാമിഷൻ പ്രാഥമിക ചെലവുകൾ വഹിക്കുന്നു. 6 മാസമാണ് കോഴ്സിന്റെ ദൈർഘ്യം, പ്രാദേശികതലത്തിൽ പ്രേരക്മാരാണ് കോഴ്സിന്റെ നിർവഹണം നടത്തുന്നത്. സാക്ഷരതാ സമിതികൾ നേതൃത്വം നല്കുന്നു. പാസ്സായവർക്ക് നാലാം ക്ലാസ്സിന് തുല്യമായ സർട്ടിഫിക്കറ്റ് ലഭിക്കും

## III. ഏഴാം തരം തുല്യത പരിപാടി

ഏഴാം ക്ലാസ്സ് വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയ 15 വയസ്സ് മുതൽ പ്രായമുള്ളവർക്ക് ഔപചാരിക വിദ്യാഭ്യാസത്തിന് തുല്യമായ ഏഴാം ക്ലാസ്സ് വിദ്യാഭ്യാസം നൽകുന്നതാണ് ഈ പദ്ധതി.

**നിർവ്വഹണം**

സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ എല്ലാവർക്കും വിദ്യാകേന്ദ്രങ്ങൾ മുഖേന ഏഴാം തരം തുല്യത പരിപാടി നടന്ന വരുന്നു. 8 മാസമാണ് കോഴ്സിന്റെ ദൈർഘ്യം. വിജയിക്കുന്നയാൾക്ക് ഏഴാം ക്ലാസ്സിന് തുല്യമായ സർട്ടിഫിക്കറ്റ് ലഭിക്കുന്നു. പ്രാദേശികതലത്തിൽ പ്രേരക്മാരാണ് കോഴ്സിന്റെ നിർവഹണം നടത്തുന്നത്. സാക്ഷരത സമിതികൾ നേതൃത്വം നല്കുന്നു. പാഠപുസ്തങ്ങൾ, പരിശീലനം, പരീക്ഷ, സർട്ടിഫിക്കറ്റുകൾ എന്നിവയുടെ ചെലവുകൾ തദ്ദേശഭരണസ്ഥാപനവും മിഷനും ചേർന്ന് നടത്തുന്നു.

**ആരുമായി ബന്ധപ്പെടണം**

അതാത് തദ്ദേശ ഭരണസ്ഥാപന വിദ്യാകേന്ദ്രത്തിലെ പ്രേരക്മാരുമായി ബന്ധപ്പെട്ടാൽ മതി

## IV. പത്താതരം തുല്യതാ കോഴ്സ്

17 വയസ്സ് പൂർത്തിയായ, ഔപചാരികവിദ്യാഭ്യാസത്തിലൂടെയോ സംസ്ഥാനസാക്ഷരത മിഷന്റെ തുല്യത പരിരക്ഷയിലൂടെയോ ഏഴാം തരം വിജയിച്ചവർക്കും ഈ കോഴ്സിൽ ചേർന്ന് പഠിക്കാം. കന്നഡഭാഷയിലും ലക്ഷദ്വീപിലും കോഴ്സ് ആരംഭിച്ചിട്ടുണ്ട്. തമിഴ് മാധ്യമത്തിൽ കോഴ്സ് തുടങ്ങുന്നതാണ്. എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് കോഴ്സ് സൗജന്യമാണ്. പത്ത് മാസം ദൈർഘ്യമുള്ള കോഴ്സ് രണ്ടാം ശനിയാഴ്ച്ചയും ഞായറാഴ്ച്ചയും മറ്റ് പൊത് അവധി ദിവസങ്ങളിലും നടത്തുന്നു.

**നിർവഹണം**

പരീക്ഷനടത്തിപ്പ് സർട്ടിഫിക്കറ്റ് നൽകലും പൂർണ്ണമായും വിദ്യാഭ്യാസവകുപ്പ് നേരിട്ട് നല്കുന്നു. മാതൃകാചോദ്യങ്ങളും ഉത്തരസൂചികകളും സാക്ഷരതാമിഷന്റെ വെബ്സൈറ്റിലൂടെയും അക്ഷരകൈരളി മാസികയിലൂടെയും ലഭിക്കും

**എങ്ങനെ അപേക്ഷിക്കാം**

കോഴ്സിൽ ചേരുവാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും വിദ്യാകേന്ദ്രങ്ങൾ വഴിയും സാക്ഷരതസമിതികൾ , പ്രേരക് വഴിയും കോഴ്സിൽ ചേരാം.

## V. സമ്പൂർണ്ണ പ്രാഥമിക വിദ്യാ ഭ്യാസ പദ്ധതി

**ലക്ഷ്യം**

15 നും 50 നും മധ്യേ പ്രായമുള്ള ഔപചാരിക വിദ്യാഭ്യാസം ലഭിക്കാതെ പോയ മുഴുവൻ പേർക്കും 4-ാം ക്ലാസ്സിന് തുല്യമായ വിദ്യാഭ്യാസം നല്കുന്ന പദ്ധതിയാണിത്.

**ഗുണഭോക്താക്കൾ**

ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്ത 15 നും 50 നും മധ്യേ പ്രായമുള്ളവർ

**പ്രവർത്തനങ്ങൾ**

തദ്ദേശഭരണസ്ഥാപനത്തിലെ വിദ്യാകേന്ദ്രങ്ങൾ വഴി ഗുണഭോക്താക്കളെ കണ്ടെത്തി അവരെ പഠിപ്പിച്ചു (തുല്യതാകേന്ദ്രം വഴി) തുല്യത പരീക്ഷക്ക് ഇരുത്തുന്നു. വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാർ വഴി ഇത് നടപ്പിൽ വരുത്തുന്നു.

## VI. തീരദേശതുല്യതാ പരിപാടി

പ്രാദേശികമായി പിന്നോക്കം നിൽക്കുന്ന തീരദേശ മേഖലയിലെ നിരക്ഷരർക്ക് 4, 7, 10, 12 ാം ക്ലാസ്സ് വിദ്യാഭ്യാസം നൽകുന്നതിന് ഇത് ലക്ഷ്യമിടുന്നത്. തീരദേശ മേഖലയിലെ സമ്പൂർണ്ണ സാക്ഷരത പ്രദേശമായും 4, 7, 10 ാം തരം തുല്യതാ പ്രദേശമായും പ്രഖ്യാപിക്കുന്നതിന് ഇത് ലക്ഷ്യമിടുന്നു. കൂടാതെ ഇവരെ 12 ാം തരം തുല്യത പരീക്ഷയ്ക്ക് സജ്ജമാക്കുന്നതിനും ലക്ഷ്യമിടുന്നു.

**നിർവ്വഹണം**

ത്രിതലപഞ്ചായത്തുകളുടെ സഹകരണത്തോടെ ഇത് പ്രാവർത്തികമാക്കുന്നു. തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറിമാരാണ് ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥർ. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ച്, പദ്ധതി തയ്യാറാക്കൽ എന്നിവ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുടെ ചുമതലയാണ്.

## VII. മാനസിക-ശാരീരിക സവിശേഷതയുളളവർക്ക് പ്രത്യേക തുല്യതാ പരിപാടി

പഠനം നിഷേധിക്കപ്പെട്ട മാനസിക- ശാരീരിക സവിശേഷതയുള്ളവർക്ക് ഉപരിപഠന സാധ്യയുള്ള  അംഗീകൃത സർട്ടിഫിക്കറ്റോട് കൂടിയ വിദ്യാഭ്യാസം നല്കുന്ന പദ്ധതിയാണിത്. നാലാം തരം തുല്യതാ പരിപാടിയിൽ ആരം ിച്ച ഈ പദ്ധതി പടിപടിയായി 7, 10 ക്ലാസ്സുകളിലേക്കും നടപ്പിലാക്കുകയാണ്. വിവിധ സ്ഥാപനങ്ങളിലൂടെ ഈ പദ്ധതി നടപ്പിലാക്കുന്നു.

**ഗുണഭോക്താക്കൾ**

14 വയസ്സിന് മുകളിൽ പ്രായമുള്ള നവസാക്ഷരരായ  ഭിന്നശേഷിയുള്ളവർ, ബഡ്സ് സ്ക്കൂൾ, വിവിധ സ്പെഷൽ സ്ക്കൂളുകളിൽ പഠിക്കുന്നവർ , നിലവിൽ ഉപരിപഠനസാധ്യതയുള്ള സർട്ടിഫിക്കറ്റ് ലഭിക്കാത്തവരുമായ ഭിന്നശേഷിയുള്ളവർ

**നിർവ്വഹണം**

തദ്ദശഭരണസ്ഥാപനം/സെക്രട്ടറി, ജില്ലാസാക്ഷരത മിഷന്റെ നേതൃത്വത്തിൽ വിവിധ സ്പെഷൽ സ്ക്കൂളുകൾ, ബഡ്സ് സ്ക്കൂളുകൾ എന്നിവരുടെ സഹകരണത്തോടെ പദ്ധതി നടപ്പിൽ വരുത്തുന്നുണ്ട്.

## VIII. ആദിവാസി സാക്ഷരത തുല്യതാപദ്ധതി

**ആദിവാസിമേഖല സമ്പൂർണ്ണസാക്ഷരതാ പ്രദേശമായി പ്രഖ്യാപിക്കുന്നതിന്** 4,7,10 -ാം തുല്യതാ ക്ലാസ്സുകളിലേയും അവശേഷിക്കുന്ന നിരക്ഷരരെയും കൊണ്ട് വരുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

**ഗുണഭോക്താക്കൾ**

ആദിവാസി മേഖലയിലെ നിരക്ഷരർ, നവസാക്ഷരർ, 4, 7, 10 ാം ക്ലാസ്സുകളിൽ നിന്ന് കൊഴിഞ്ഞ് പോയവർ

## IX. ചേരിനിവാസികൾക്കുള്ള പ്രത്യേക തുല്യതാപദ്ധതി

ചേരിനിവാസികളെ സമ്പൂർണ്ണ സാക്ഷരരാക്കുക, അവർക്ക് 4,7,10,12 തുല്യതാപരിരക്ഷക്ക് അവസരം ഒരുക്കുക എന്നിവ ഇത് കൊണ്ട് ലക്ഷ്യമിടുന്നുണ്ട്.

**ബന്ധപ്പെടേണ്ടവർ**

ഗ്രാമപഞ്ചായത്ത് / വിദ്യാകേന്ദ്രം പ്രേരക്മാർ

ചേരി നിവാസികളായി മേൽ തരം ആളുകൾ

**നിർവഹണം**

തദ്ദേശഭരണസ്ഥാപനം/വിദ്യകേന്ദ്രം/പ്രേരക്മാർ

## X. ഭാഷാന്യൂനപക്ഷങ്ങൾക്കായി പ്രത്യേകതുല്യത പദ്ധതി

ഭാഷാന്യൂനപക്ഷങ്ങൾക്കായി ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണിത്. തങ്ങളുടെ ഭാഷയിൽ സാക്ഷരത നേടുന്നതിനും, 4, 7, 10-ാം ക്ലാസ്സ് തുല്യത പരീക്ഷകൾക്കിരിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

**ഗുണഭോക്താക്കൾ**

ഈ വിഭാഗത്തിൽപ്പെട്ട ഭാഷാന്യൂനതപക്ഷക്കാർ , മറ്റ് മതവിഭാഗങ്ങക്കാർക്കുള്ള പരീക്ഷ യുടെ മാനദണ്ഡങ്ങൾ ബാധകം

**ബന്ധപ്പടേണ്ട സ്ഥാപനം**

വിദ്യാകേന്ദ്രം/പ്രേരക്/അതാത് തദ്ദേശ ഭരണസ്ഥാപനം

## XI. ബ്രെയിൽ സാക്ഷരതാതുല്യതാ പരിപാടി

തന്റേതല്ലാത്ത കാരണങ്ങളാൽ പഠനം നിഷേധിക്കപ്പെട്ട 14 വയസ്സിന് മുകളിലുള്ളവർക്കു ള്ള സാക്ഷരതാമിഷൻ പദ്ധതിയാണ് ബ്രെയിൽ_സാക്ഷരതാതുല്യതാ പദ്ധതി.

**ഗുണഭോക്താക്കൾ**

അന്ധരായ, നിരക്ഷരരായ 14 വയസ്സിന് മുകളിലുള്ള നവസാക്ഷരരും കൊഴിഞ്ഞു പോയ വരും

**പ്രവർത്തനം**

മേൽ പറഞ്ഞ ഗുണഭോക്താക്കളെ കണ്ട്പിടിച്ച് തുടർപഠനാവസരം നല്കുക. സ്വന്തം കാലിൽ നിൽക്കുന്നതിന് അവരെ പ്രാപ്തരാക്കുക. തദ്ദേശഭരണസ്ഥാപനം പദ്ധതി നിർവഹണം നടത്തുന്നു. പാഠപുസ്തകം, പരീക്ഷ മിഷന്റെ നേതൃത്വത്തിലും നടത്തുന്നു.

**ബന്ധപ്പെടേണ്ട സ്ഥാപനം**

അതാത് തദ്ദേശ ഭരണസ്ഥാപനം/ പ്രേരക്മാർ

## XII. ഹയർസെക്കന്ററി തുല്യത പരിപാടി

ഹ്യുമാനിറ്റീസ്,കോമേഴ്സ് തുല്യതാക്ലാസ്സുകളാണ്. ഇതിന് കീഴിൽ വിഭാവനം ചെയ്യുന്നത്. പത്താംതരംവരെ പഠിച്ച ഏത് പ്രായക്കാർക്കും തുടർപഠനത്തിന് അവസരമൊരുക്കുന്നു.

**അർഹത**

സാക്ഷരത മിഷന്റെ പത്താം തരം തുല്യത കോഴ്സ് വിജയിച്ചവരും ഔപചാരിക വിദ്യാഭ്യാസത്തിലൂടെ ഹയർസെക്കൻഡറി വിജയിച്ച 22 വയസ്സ് പൂർത്തിയായവരുമാണ് ഇതിന്റെ ഗുണഭോക്താക്കൾ

**പ്രവർത്തനം**

മിഷന്റെ നേതൃത്വത്തിൽ കോഴ്സ് നടത്തുന്നു. ഗുണഭോക്താക്കളെ വിദ്യാകേന്ദ്രം വഴി കണ്ടെത്തുന്നു. പ്രേരക്മാർ വഴി രജിസ്ട്രേഷൻ നടത്തുന്നു. തദ്ദേശഭരണസ്ഥാപനവും മിഷനും ചേർന്ന് പദ്ധതി നിർവഹണം നടത്തുന്നു.

......................

# 28. ഭൂജലവകുപ്പ്

### 1. ഭൂജലപര്യവേഷണം

വിവിധ തരം കിണറുകൾക്കുള്ള (തുറന്ന കിണർ, ട്യൂബ് വെൽ, ബോർവെൽ, ഫിൽറ്റർ പോയിന്റ് വെൽ) എന്നിവരുടെ ശാസ്ത്രീയ പഠനത്തോടെ സ്ഥാനനിർണ്ണയം നടത്തുന്നു.

**ഫീസുകൾ**

| | | |
|---|---|---|
| 1 | വ്യക്തികൾക്ക് (കൃഷിക്കോ, വീട്ടാവശ്യത്തിനോ) | 525/ രൂപ |
| 2 | ജലവിതരണ പദ്ധതികൾക്കായി സ്ഥാപനങ്ങൾക്കുംത്രിതല പഞ്ചായത്തുകൾക്കും | 1750/- രൂപ |
| 3 | വ്യവസായങ്ങൾക്കും മറ്റ് ആവശ്യകൾക്കും | 3500/ രൂപ |

- **ആരുമായി ബന്ധപ്പെടണം**

ഭൂജലവകുപ്പ് ജില്ലാ ഓഫീസ്

### 2. ഭൂജലവികസനം

വിവിധതരം കുഴൽകിണറുകളുടെ നിർമ്മാണം, ഡവലപ്പിംഗ്, ജലലഭ്യത നിർണ്ണയം, ലോഗിംങ് മുതലായവ ചെയ്യുന്നു. ചെറുകിട നാമമാത്ര കർഷകർക്ക് കൃഷിഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കുന്ന പക്ഷം വകുപ്പ് കുഴിക്കുന്ന കുഴൽക്കിണറുകൾക്ക് ഡ്രില്ലിങ്ങ് റേറ്റിൽ 50% ഇളവ് നല്കുന്നു. ജലം ലഭിക്കാത്ത സാഹചര്യത്തിൽ ഡ്രില്ലിങ്ങ് നിരക്കിന്റെ 75% തിരിച്ച് നല്കുന്നു.

**നിരക്കുകൾ**

| ക്രമ നം | കിണറുകളുടെ തരം | ഈടാക്കുന്ന തുക (മീറ്ററിന്) |
|---|---|---|
| 1. | 41/2 ബോർവെൽ | 350/ രൂപ + പൈപ്പിന്റെ വില |
| 2. | 6" ബോർവെൽ | 600/ രൂപ + പൈപ്പിന്റെ വില |
| 3. | 6" ട്യൂബ്വെൽ | 2100/ രൂപ + പൈപ്പിന്റെ വില |

| | | |
|---|---|---|
| 4. | 8" ട്യൂബ്വെൽ | 2700/ രൂപ + പൈപ്പിന്റെ വില |
| 5. | ബോർവെൽ ഡെവലപ്പിംഗ് | മിനിമം 5250/ / ദിവസം |
| 6. | ട്യൂബ്വെൽ | മിനിമം 14000/ / ദിവസം |
| 7. | ഫിൽറ്റർപോയിന്റ് വെൽ | മിനിമം 2600/- / ദിവസം |
| 8. | ലോഗിംങ്- ജലത്തിന്റെ ലഭ്യതയും, ഗുണനിലവാരവും (വിവിധ ആഴത്തിൽ) അറിയാനുള്ള പ്രവൃത്തിയാണിത്. ഇതിന് 13125/ രൂപ ഈടാക്കുന്നുണ്ട്. | |
| 9. | പമ്പിങ്ങ് ടെസ്റ്റ്- എല്ലാതരം കിണറുകളിലേയും ജലലഭ്യതയുടെ തോത് അറിയാനുള്ള പ്രവൃത്തി. ഇതിന് ജനറേറ്ററിനുള്ള വാടകയും 40% ഓവർഹെഡ് ചാർജ്ജും ഈടാക്കി പമ്പിംഗ് ടെസ്റ്റ് നടത്തുന്നു. | |

**പമ്പിംഗ് ടെസ്റ്റിനുള്ള നിരക്കുകൾ**

| | | |
|---|---|---|
| 1. | ജനറേറ്റർ വാടക | 875/- രൂപ/മണിക്കൂർ |
| 2. | 10 HP വരെയുള്ള പമ്പുകൾക്ക് വസ്തുക്കൾക്ക് | 75/- രൂപ/മണിക്കൂർ |
| 3. | 10 HP ക്ക് മുകളിലുള്ള പമ്പുകൾക്ക് വസ്തുക്കൾക്ക് | 75/- രൂപ/മണിക്കൂർ |
| 4. | പമ്പിങ്ങ് ടെസ്റ്റ് നടത്തുന്നതിന് ഏറ്റവും കുറഞ്ഞ തുക | 6440/ രൂപ |

### 3. ഭൂജലത്തിന്റെ ഗുണനിലവാരം

വകുപ്പിന്റെ തിരുവനന്തപുരം , എറണാകുളം, കോഴിക്കോട് ലാബുകളിൽ ജലത്തിൽ അടങ്ങിയിട്ടുള്ള വിവിധ ധാതുക്കളുടെ തോത് നിർണ്ണയവും ബാക്ടീരിയയുടെ അളവ് നിർണ്ണയവും നടത്തുന്നു. ആയതിനുള്ള ഫീസ് വിവരം താഴെ നല്കുന്നു.

| | | |
|---|---|---|
| മുഖ്യഘടകങ്ങൾ | - | 400/രൂപ |
| മറ്റ് ഘടകങ്ങൾ | - | 200/ രൂപ (ഒരു ഘടകത്തിന് ) |
| ബാക്ടീരിയ പരിശോധന | - | 200/ രൂപ |
| ലോഹങ്ങൾ | - | 200/ രൂപ (ഒരു ലോഹത്തിന്) |

### 4. ലോകബാങ്ക് സഹായത്തോടെയുള്ള ഹൈഡ്രോളജി പ്രോജക്റ്റ്

വകുപ്പിലെ താഴെ പറയുന്ന ഡാറ്റാ ശേഖരം പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ലഭിക്കുന്നതിനായി നല്കേണ്ട ഫീസ് താഴെ നല്കുന്നുണ്ട്.

| | | |
|---|---|---|
| a. | ഭൂജലനിരപ്പിന്റെ ഡാറ്റാ (ബ്ലോക്ക്/വർഷം) | - 625/ രൂപ + സിഡി മുതലായവയുടെ വില |
| b. | ഭൂജലഗുണനിലവാര ഡാറ്റാ | - 625/ രൂപ + സിഡി മുതലായവയുടെ വില (ബ്ലോക്ക്/വർഷം) |
| c. | ഹൈഡ്രോമിറ്റിയറോളജിക്കൽ ഡാറ്റാ | - 625/ രൂപ + സിഡി മുതലായവയുടെ വില |
| d. | ഹിസ്റ്റോറിക്കൽ ഡാറ്റാ (ബ്ലോക്ക്/വർഷം) | - 500/ രൂപ + സിഡി മുതലായവയുടെ വില |

**5. സാങ്കേതികസഹായവും ഉപദേശവും**

കർഷകർ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവർക്ക് കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് ഭൂജലം ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾക്കും കൈപമ്പ് സ്ഥാപിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും വകുപ്പ് സാങ്കേതികസഹായവും ഉപദേശവും നല്കിവരുന്നു. കൂടാതെ എം.എൽ.എ, എം.പി ഫണ്ട് ദുരിതാശ്വാസഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തിയും ഏറ്റെടുത്ത് നടത്തി വരുന്നു.

**6. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി**

കുടിവെള്ള ലഭ്യത പൂർണ്ണമായോ, ഭാഗികമായോ ഉറപ്പ് വരുത്തുവാൻ സാധിക്കാത്ത സ്ഥലങ്ങൾ ഭൂജലപര്യവേഷണം നടത്തി കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് സ്ഥാനം കണ്ടെത്തി കുഴൽ കിണറുകൾ നിർമ്മിച്ച്, കിണറിലെ ജലലഭ്യത അനുസരിച്ച് ജലലഭ്യത കുറഞ്ഞ കിണറുകളിൽ കൈപമ്പ് ഘടിപ്പിച്ച ജലവിതരണം നടത്തുകയും, ജലലഭ്യത കൂടുതലുള്ള കിണറുകളിൽ വൈദ്യുതി പമ്പുകൾ ഘടിപ്പിച്ച് ജലം ശേഖരിച്ച് ജലവിതരണം നടത്തുകയും ചെയ്യുന്നു. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി ഗുണഭോക്തൃ കമ്മിറ്റിക്ക് കൈമാറുകയും തുടർന്നുള്ള നടത്തിപ്പും അറ്റകുറ്റപണികളും ഗുണഭോക്തൃ കമ്മിറ്റി നടപ്പിലാക്കുകയും ചെയ്യുന്നു.

**ഗുണഭോക്താക്കൾ**

കുടിവെള്ള ലഭ്യതയില്ലാത്ത 50 അടുത്ത കുടുംബങ്ങൾ

**നിർവ്വഹണം**

ഭൂജലവകുപ്പ്

......................................

## 29. ജലനിധി-കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി

**ഗുണഭോക്താക്കൾ**

വ്യക്തമായി മാനദണ്ഡങ്ങൾ അനുസരിച്ച് തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കായി നടത്തുന്ന ഗുണമേന്മയേറിയതും സുസ്ഥിരവുമായ കുടിവെള്ള ശുചിത്വസൗകര്യ പദ്ധതിയാണിത്.

**നിർവ്വഹണം**

സമ്പൂർണ്ണ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന ജലനിധി പദ്ധതിയുടെ പ്രധാന നിർവഹണ ചുമതല ഗുണഭോക്തൃസമിതിക്കാണ്. ഗ്രാമപഞ്ചായത്തുകൾക്ക് ആവശ്യമായ നേതൃത്വം നൽകുന്ന, സ്ഥലം നിർദ്ദേശിക്കുന്ന. പിന്തുണ ജലനിധി ലഭ്യമാക്കുന്നു. ജലനിധി ഉദ്യോഗസ്ഥർ അടങ്ങുന്ന ഗ്രാമപഞ്ചായത്ത് സപ്പോർട്ട് ടീം പഞ്ചായത്ത്തല നിർവഹണ പരിപാടികൾ നടപ്പിലാക്കുന്നു. പദ്ധതി ചെലവിന്റെ 15% ഗ്രാമപഞ്ചായത്ത് വഹിക്കുന്നു. ആസ്തികളിൽ ഗ്രാമപഞ്ചായത്തിനും ഗുണഭോക്താക്കൾക്കും തുല്യവകാശമുണ്ട്. ലോകബാങ്ക് സഹായത്തോടെയാണ് പദ്ധതി നടപ്പിൽ വരുന്നത്.

..........................................

# 30. പട്ടികജാതി വികസനം

**വിദ്യാഭ്യാസം പദ്ധതികൾ**

| | | |
|---|---|---|
| 1. | **ലംപ്സം ഗ്രാന്റ്** | സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളിലും പഠിക്കുന്ന പട്ടികജാതി/മറ്റ് അർഹ വിദ്യാർത്ഥികൾക്ക് (ഒ.ഇ.സി). അദ്ധ്യയന വർഷം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ സ്കൂൾ പ്രധാനാദ്ധ്യാപകർ മുഖേന നൽകുന്നു.<br>ക്ലാസ് 1 മുതൽ 4 വരെ - 500 രൂപ<br>ക്ലാസ് 5 മുതൽ 7 വരെ - 750 രൂപ<br>ക്ലാസ് 8 മുതൽ 10 വരെ - 1000 രൂപ<br>ഒരു വർഷം തോറ്റവർക്ക് പകുതി തുക |
| 2. | **സ്റ്റൈപന്റ്** | വേടൻ (വേട്ടുവൻ), നായാടി, അരുന്ധതിയാർ/ചക്കിലിയൻ എന്നീ അതീവദുർബല വിഭാഗങ്ങൾക്ക് പ്രതിമാസ സ്റ്റൈപന്റ് നൽകുന്നു. ഇതിനുള്ള തുക മുൻകൂറായി പ്രധാനാദ്ധ്യാപകരെ ഏൽപ്പിക്കുന്നു.<br>എൽ.പി. - 100/-<br>യു.പി - 125/-<br>എച്ച്.എസ് - 150/- |
| 3. | **അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീഇംബേഴ്സ്മെന്റ്** | അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താംക്ലാസ്സ് വരെ പഠിക്കുന്ന പട്ടികജാതി, മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് നൽകുന്നു.<br>എൽ.പി., യു.പി -ഫീസ് - 1000 രൂപയും<br>സ്പെഷ്യൽ ഫീസ് - 333 രൂപയും<br>എച്ച്.എസ്. ഫീസ് - 1500 രൂപയും<br>സ്പെഷ്യൽ ഫീസ് - 500 രൂപയും<br>കുട്ടികളുടെ ക്ലാസ്സ് തിരിച്ചുള്ള പട്ടികജാതി ലിസ്റ്റ് തയ്യാറാക്കി, ഫീസ് നിരക്ക് രേഖപ്പെടുത്തി ഡി.ഇ.ഒ/എ.ഇ.ഒ, മേലൊപ്പ് ചാർത്തി ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ ഓഫീസിൽ നൽകണം. അദ്ധ്യയന വർഷത്തിന്റെ അവസാനമോ അടുത്ത വർഷം ആദ്യമോ തുക ലഭിക്കുന്നതാണ്. |
| 4. | **ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം** | ഉന്നതനിലവാരം പുലർത്തുന്ന സ്വകാര്യ ബോർഡിംഗ് സ്കൂളുകളിൽ പഠിക്കുന്നതിന് 5-ാം ക്ലാസ്സ് മുതൽ സൗകര്യം. 4-ാം ക്ലാസ് പരീക്ഷയിൽ ലഭിച്ച ഗ്രേഡ് സഹിതം ജില്ലാ പഞ്ചായത്ത്/സെക്രട്ടറി, മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി എന്നിവർക്ക് അപേക്ഷ നൽകുക. രക്ഷിതാക്കളുടെ വരുമാന പരിധി 30,000 രൂപ. |
| 5. | **ശ്രീ.അയ്യങ്കാളി ടാലന്റ്സെർച്ച് സ്കോളർഷിപ്പ്** | 4,7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് പത്താംക്ലാസ്സ് വരെ പ്രതിവർഷം 4500/ രൂപ വീതം സ്കോളർഷിപ്പ്. അപേക്ഷകൾ ജൂൺ മാസ |

| | | |
|---|---|---|
| | | ത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകുക. ജാതി വരുമാന സർട്ടിഫിക്കറ്റ്, ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ. കൂടാതെ ഒറ്റത്തവണയായി ഫർണീച്ചർ വാങ്ങുന്നതിന് 12,000/- രൂപ താഴെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക്, 2000 രൂപയും അനുവദിക്കുന്നുണ്ട്. |
| 6. | **മോഡൽ റസിഡൻഷ്യൽ സ്കൂൾ** | 5-ാം ക്ലാസ് മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. 4-ാം ക്ലാസ് വിദ്യാർത്ഥികളെ സംസ്ഥാന അടിസ്ഥാനത്തിൽ നടത്തുന്ന മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ അറിയിപ്പ് നൽകും. ജാതി, വരുമാനം, പഠിക്കുന്ന സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ ഹാജരാക്കണം. രക്ഷിതാക്കളുടെ വരുമാന പരിധി ഒരു ലക്ഷം രൂപ |
| 7. | **സബ്സിഡൈസ്ഡ് ഹോസ്റ്റൽ** | സന്നദ്ധ സംഘടനകൾ നടത്തുന്ന 9 ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് 500 രൂപ പ്രതിമാസ ബോർഡിംഗ് ഗ്രാന്റും 500 രൂപ യൂണിഫോം അലവൻസും നൽകുന്നു. (കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഫണ്ട് ലഭിക്കുന്നുണ്ട്.) |
| 8. | **പ്രീമെട്രിക് ഹോസ്റ്റലുകൾ** | 89 ഹോസ്റ്റലുകൾ ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയ്ക്ക് പൂർണ്ണമായും കൈമാറിയിട്ടുണ്ട്. 5-ാം ക്ലാസ് മുതൽ അഡ്മിഷൻ, രണ്ട്സെറ്റ് യൂണിഫോം, ഭക്ഷണം, ചെരുപ്പ്, ബാഗ്, പ്രതിമാസ പോക്കറ്റ് മണി 100 രൂപ, അവധി ദിവസങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രപ്പടി. മേയ്മാസത്തിൽ അപേക്ഷിക്കണം. ജാതി വരുമാനം, സ്കൂൾ പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. |
| 9. | **ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവ.മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം** | കായിക മേഖലയിൽ മികവ് പുലർത്തുന്നവർക്ക് 5-ാം ക്ലാസ് മുതൽ പ്രവേശനം. മേഖലാതല ട്രയൽസിലൂടെ തെരഞ്ഞെടുക്കുന്നു. (30 സീറ്റ് മാത്രം) പന്ത്രണ്ടാം ക്ലാസ്സ് വരെ സി.ബി.എസ്.ഇ സിലബസിൽ പഠനം |

**തെരഞ്ഞെടുപ്പ് എങ്ങനെ?**

തെരഞ്ഞെടുപ്പിനുള്ള അപേക്ഷകൾ കേരള വാട്ടർ & സാനിറ്റേഷൻ ഏജൻസിക്കാണ് പഞ്ചായത്ത് സമർപ്പിക്കേണ്ടത്.

**10. സ്വയംതൊഴിൽ പദ്ധതി**

18-50 വയസ്സിൽ മദ്ധ്യേ പ്രായമുള്ളവരും 7-ാം ക്ലാസ്സ് വിദ്യാഭ്യാസയോഗ്യതയുള്ള എല്ലാ പട്ടികജാതിയിൽ ഉൾപ്പെട്ട അംഗങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

**നിർവഹണം**

ഇതിന്റെ നിർവഹണം ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർ ആണ്.

**ധനസഹായം**

വ്യക്തികൾക്ക് 5 ലക്ഷം വരേയുള്ള വായ്പയും ഗ്രൂപ്പുകൾക്ക് 25 ലക്ഷം വരെയുള്ളവായ്പയും നൽകുന്നു. വായ്പ തുകയുടെ 1/3 ഭാഗം സബ്സിഡി നൽകും ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയം തൊഴിലിൽ സംരംഭവും തുടങ്ങാം.

**ഹാജരാക്കേണ്ട രേഖകൾ**

അപേക്ഷ, വിദ്യാഭ്യാസയോഗ്യത സർട്ടഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, പദ്ധതി റിപ്പോർട്ട്, റേഷൻ കാർഡ് പകർപ്പ്, തിരിച്ചറിയൽ കാർഡ് പകർപ്പ്, എസ്.ജി.എസ്.വൈ ലോൺ വാങ്ങിയിട്ടില്ല എന്ന് ബന്ധപ്പെട്ട ഓഫീസറുടെ സാക്ഷ്യപത്രം

**11. വക്കീലന്മാർക്ക് ധനസഹായം**

നിയമവിദ്യാഭ്യാസം കഴിഞ്ഞ ഉടൻ വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിന് 3 വർഷത്തേക്ക് പട്ടികജാതി വിഭാഗക്കാർക്ക് ധനസഹായം നല്കുന്ന പദ്ധതിയാണിത്. എൻറോൾമെന്റ് ചെലവിന് 1550ക പുറമെ താഴെ പറയുന്ന നിരക്കിൽ തുക നല്കുന്നതാണ്.

| വർഷം | പുസ്തകം | ഗ്രേസ് | മുറിവാടക (വർഷത്തിൽ) |
|---|---|---|---|
| ഒന്നാം വർഷം | 6250 | 2000 | |
| രണ്ടാം വർഷം | 6250 | 2000 | 3000 |
| മൂന്നാം വർഷം | 6250 | 2000 | 3000 |

**അപേക്ഷിക്കേണ്ട വിധം**

അഭിഭാഷകനായി എൻറോൾ ചെയ്ത് ഒരു മാസത്തിനകം നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, ജാതിസർട്ടിഫിക്കറ്റ്, എൽ.എൽ.ബി സർട്ടിഫിക്കറ്റ്, ബാർ കൗൺസിൽ എൻറോൾമെന്റ് സാക്ഷ്യപത്രം, സീനിയർ അഭിഭാഷകന്റെ സാക്ഷ്യപത്രം എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം

**12. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റിസ്ഷിപ്പ്**

പട്ടികജാതി/പട്ടികവർഗ്ഗ സമൂദായത്തിൽപ്പെട്ട ഐ.ടി.ഐ, ഡിപ്ലോമ, എഞ്ചിനീയറിംങ് ഡിഗ്രി എന്നിവ പാസായവർക്ക് അപ്രന്റിസ്ഷിപ്പിന് ധനസഹായം നൽകുന്നുണ്ട്.

പ്രതിമാസ നിരക്ക്- ഐ.ടി.ഐ- 2000/ രൂപ, ഡിപ്ലോമ- 2500/ രൂപ, എഞ്ചിനീയറിംങ് ഡിഗ്രി-3000/ രൂപ

അതാത് ജില്ല പട്ടികജാതി വികസന ഓഫീസുകളിൽ പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**13. ടൂൾകിറ്റ്**

വകുപ്പിന്റെ ഐ.ടി.ഐ കളിൽ വിവിധ ഗ്രേഡുകൾ പാസ്സായിട്ടുള്ളവർക്ക് പണി ആയുധങ്ങളുടെ കിറ്റ് വാങ്ങുന്നതിന് ഗ്രാന്റ് നല്കുന്ന പദ്ധതിയാണിത്. ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം ഗ്രാന്റിനായി അപേക്ഷ നല്കണം.

### 14. കർഷകതൊഴിലാളികൾക്ക് കൃഷിഭൂമി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കർഷകതൊഴിലാളികൾക്ക് 25 സെന്റ് കരഭൂമിയോ 60 സെന്റ് നിലമോ കൃഷി ചെയ്യുന്നതിനായി വാങ്ങുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. അപേക്ഷിക്കുന്നവരുടെ ജാതി, വരുമാന സർട്ടിഫിക്കറ്റ് , കർഷകതൊഴിലാളിയാണെന്ന് കാണിക്കുന്ന സാക്ഷ്യപത്രം എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം.

**സഹായത്തിന്റെ സ്വഭാവം**

ഒരു ലക്ഷം രൂപയോ ഭൂമിയുടെ 50% തുകയോ ഏതാണോ കുറവ് ആ തുക സബ്സിഡിയായി നൽകുന്നു. ബാക്കി തുക ബാങ്ക് ലോണായി കണ്ടെത്തണം. കരഭൂമിയോ നിലമോ വാങ്ങിയ ശേഷം കൃഷിക്ക് യോഗ്യമാക്കുകയും വരുമാനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുകയും വേണം

### 15. ഉൽപ്പന്നപ്രദർശന വിപണനമേള

പട്ടികജാതിക്കാരുടെ പാരമ്പര്യഉൽപ്പന്നങ്ങൾക്കും, പട്ടികജാതി സ്വയംസഹായസംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി കണ്ടെത്തുന്നതിന് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു വർഷം രണ്ട് സ്ഥലങ്ങളിലായി വിപണനമേള സംഘടിപ്പിക്കുന്നു.

**അപേക്ഷിക്കേണ്ട വിധം**

പട്ടികജാതിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തുന്ന മേളയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഒക്ടോബർ മാസത്തിൽ ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതി വികസനവകുപ്പ്, അയ്യൻങ്കാളി ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപേക്ഷ നൽകാം. ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ വഴിയും വിവരം അറിയിക്കാം.

**സഹായം**

സ്റ്റാൾ സൗജന്യമായി അനുവദിക്കുന്നു, ഉൽപ്പന്നങ്ങൾ സ്റ്റാളിലെത്തിക്കുന്നതിനുള്ള വാഹനവാടക, സ്റ്റാളിൽ നിൽക്കുന്നവർക്ക് പ്രതിദിനബത്ത, ഭക്ഷണം എന്നിവ നല്കുന്നു.

## സാമൂഹ്യക്ഷേമപദ്ധതികൾ

### 16. ഭൂരഹിത പുനരധിവാസപദ്ധതി

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ദാരിദ്രരേഖയ്ക്ക് താഴെയുള്ള ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 1½ സെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിന് യഥാക്രമം 1,50,000/, 2,00,000/, 3,00,000/ രൂപ ഗ്രാന്റായി അനുവദിക്കുന്നു. ഈ തുകയ്ക്ക് പരമാവധി ഭൂമി വാങ്ങേണ്ടതാണ്.

**അപേക്ഷിക്കേണ്ട വിധം**

അപേക്ഷ, ജാതി, വരുമാനസർട്ടിഫിക്കറ്റ്, സ്വന്തമായി ഭൂമിയില്ലാന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, അവകാശമായി ലഭിക്കുന്ന ഭൂമി സംബന്ധിച്ച സാക്ഷ്യപത്രം എന്നിവ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസനഓഫീസർക്ക് നല്കണം.

**17.ഭവനനിർമ്മാണ ഗ്രാന്റ്**

2 ലക്ഷം രൂപ ഭവന നിർമ്മാണ ഗ്രാന്റായി നൽകുന്നു. നാല് ഗഡുക്കളായി 30,000, 60,000, 80,000, 30,000 രൂപ വീതം നിർമ്മാണപുരോഗതി അനുസരിച്ച് തുക ഓൺലൈനായി പോസ്റ്റ് ഓഫീസ് വഴി വിതരണം ചെയ്യുന്നു.

**അർഹത**

ഗ്രാമപഞ്ചായത്തിൽ സ്വന്തമായി രണ്ട് സെന്റ് , നഗരപ്രദേശങ്ങളിൽ കുറഞ്ഞത് 1½ സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതർ

**18. ദുർബലവിഭാഗങ്ങൾക്ക് പ്രത്യേക പുനരധിവാസ പദ്ധതി**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂരഹിത ഭവനരഹിതരായ വേടൻ (വേട്ടുവൻ), നായാടി, ചക്കിലിയിൻ/അരുന്ധതിയാർ, കള്ളാടി എന്നീ വിഭാഗങ്ങൾക്ക് കുറഞ്ഞത് 5 സെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിനും വീട് വെയ്ക്കുന്നതിനുമായി മൊത്തം 4,50,000/ രൂപ ഗ്രാന്റായി നൽകുന്നു.

**അപേക്ഷിക്കേണ്ട വിധം**

അപേക്ഷ, ജാതി, വരുമാനസർട്ടിഫിക്കറ്റുകൾ, സ്വന്തമായി ഭൂമിയില്ലെന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, അവകാശമായി ലഭിക്കുന്ന ഭൂമി സംബന്ധിച്ച സാക്ഷ്യപത്രം എന്നിവ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് നല്കണം.

**19. ടോയ്‌ലറ്റ് നിർമ്മാണം**

ശുചിത്വ കക്കൂസുകൾ ഇല്ലാത്ത പട്ടികജാതികുടുംബങ്ങൾക്ക് ടോയ്‌ലറ്റ് നിർമ്മാണത്തിന് 25,000 രൂപ വീതം നല്കുന്ന പദ്ധതിയാണിത്

**അപേക്ഷ**

ശുചിത്വ കക്കൂസുകൾ ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഇതിന് വേണ്ടി അപേക്ഷിക്കാം. അപേക്ഷ ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസനഓഫീസർക്ക് നല്കണം

**20. പട്ടികജാതി വികസനവകുപ്പ് മന്ത്രിയുടെ ദുരിദാശ്വാസ പദ്ധതി**

50,000 രൂപയുടെ താഴെ വരുമാനമുള്ള പട്ടികജാതിക്കാർക്ക് മാരകരോഗം, അത്യാഹിതം എന്നിവയ്ക്ക് 50,000 രൂപയുടെ സഹായധനം നൽകുന്നു.

ഹൃദയശസ്ത്രക്രിയ, ഗുരുതരരോഗം എന്നിവയ്ക്ക് പരമാവധി ഒരു ലക്ഷം രൂപ അനുവദിക്കാം

**ഹാജരാക്കേണ്ട രേഖകൾ**

ചികിത്സിക്കുന്ന ഡോക്ടറുടെ നിശ്ചിത ഫോറത്തിലുള്ള സാക്ഷ്യപത്രം സഹിതം, പട്ടികജാതി വികസന ഓഫീസർക്കോ ബഹു.മന്ത്രിക്കോ നൽകാവുന്നതാണ്.

**21. ഉദ്യോഗസ്ഥർക്കുള്ള യാത്രാബത്ത**

പി.എസ്.സി, യു.പി.എസ്.സി, വിവിധ സർക്കാർ ഏജൻസികൾ, പൊതുമേഖല സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പരീക്ഷയ്ക്കും ഇന്റർവ്യൂവിനും പങ്കെടുക്കുന്നവർക്ക് അർഹമായ യാത്രാപ്പടി, അറ്റന്റൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു.

**അപേക്ഷ നൽകുന്ന വിധം**

അപേക്ഷ, സാക്ഷ്യപത്രങ്ങൾ സഹിതം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിക്കാണ് നല്കേണ്ടത്. തുക തദ്ദേശഭരണസ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്നു.

**22. വിവാഹധനസഹായം**

പെൺകുട്ടികൾക്ക് 50,000/ രൂപ വിവാഹധനസഹായമായി നല്കുന്ന ജാതി, വരുമാന സർട്ടിഫിക്കറ്റ്, പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ചു എന്നതിന്റെ സമുദായ സംഘടനയുടെ/ ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ മുഖാന്തിരം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം

**23. അമ്മയും കുഞ്ഞും പദ്ധതി**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗർഭിണികളായ സ്ത്രീകൾക്ക് പ്രസവത്തിന് മുൻപ് 6 മാസം മുതലും പ്രസവശേഷം 6 മാസം വരെയും, കുഞ്ഞുങ്ങൾക്ക് 6 മാസം മുതൽ 2 വയസ്സ് വരെയും പോഷകാഹാരം നൽകുന്ന പദ്ധതിയാണിത്. ആദ്യത്തെ രണ്ട് പ്രസവത്തിന് മാത്രമാണ് സഹായം. അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നല്കണം.

**24. സാമൂഹ്യഐക്യദാർഢ്യ പക്ഷാചരണം**

ഗാന്ധിജയന്തിദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാ വർഷവും ആചരിക്കുന്നു. ഈ കാലയളവിൽ കോളനികൾ കേന്ദ്രീകരിച്ചുള്ള ശുചിത്വ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ , വിജ്ഞാനസദസ്സുകൾ, പ്രദർശനങ്ങൾ, ബോധവൽക്കരണ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നു. രണ്ടാഴ്ച്ച നീണ്ട് നിൽക്കുന്ന ആഘോഷങ്ങളിൽ പൊതുസമൂഹവും പട്ടികജാതി വിഭാഗങ്ങളുമായിട്ടുള്ള ബന്ധം കൂടുതൽ ഊട്ടിയുറപ്പിക്കുന്നതിന് ഇത് സഹായിക്കുന്നു.

**25. ഡോ.ബി.ആർ അംബോദ്ക്കർ മാധ്യമ അവാർഡ്**

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മികച്ച മാധ്യമ റിപ്പോർട്ടുകൾക്കും, ഫീച്ചറുകൾക്കും അവാർഡ് നല്കുന്നു.

**സഹായത്തിന്റെ തരം**

അച്ചടി- 30,000 രൂപ, ദൃശ്യമാധ്യമം- 30,000 രൂപ,, റേഡിയോ റിപ്പോർട്ട്- 15,000 രൂപ എന്നിങ്ങനെ ക്യാഷും ഫലകവും നല്കുന്നു.

**26. സാഹിത്യകൃതികൾ പ്രസിദ്ധീകരണത്തിന് ഗ്രാന്റ്**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തകരൂപത്തിൽ അച്ചടിക്കുന്നതിന് 20,000 രൂപ വരെ നല്കുന്നു. മൗലികരചനകളുടെ രണ്ട് കോപ്പികൾ, സർട്ടിഫിക്കറ്റുകൾ സഹിതം ചീഫ് പബ്ളിസിറ്റി ഓഫീസർ, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം എന്ന മേൽ വിലാസത്തിൽ അയയ്ക്കണം

**27. പടവുകൾ മാസിക**

പട്ടികജാതിക്കാരുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും വേണ്ടിയുള്ളതാണിത്.

**28. സാഹിത്യശില്പശാല**

പട്ടികവിഭാഗങ്ങളിലും ഇതരവിഭാഗങ്ങളിലുംപ്പെട്ട സാഹിത്യകാരൻമാരുടെ സാഹിത്യവാസന പരിപോഷിപ്പിക്കുന്നതാനായി വർഷം തോറും സാഹിത്യശില്പശാല സംഘടിപ്പിക്കുന്ന. 18 മുതൽ 35 വയസ്സ് വരെ പ്രായമുള്ള 50 പേർ ശില്പശാലയിൽ പങ്കെടുക്കാം. താമസം, ഭക്ഷണം, യാത്രബത്ത എന്നിവ നല്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ചീഫ് പബ്ളിസിറ്റി ഓഫീസറുമായി ബന്ധപ്പെടുക

**29. പൗരാവകാശസംരക്ഷണ നിയമം 1955**

പട്ടികജാതിക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള തൊട്ട്കൂടായ്മ അടക്കമുള്ള അനാചാരങ്ങൾക്കെതിരായ ബോധവൽക്കരണം നടത്തുന്ന മികച്ച മാധ്യമ റിപ്പോർട്ടിനുള്ള അവാർഡ്, സാമൂഹ്യപ്രവർത്തകർക്കുള്ള അവാർഡ് എന്നിവ നല്കുന്നു. കൂടാതെ സാംസ്ക്കാരിക ജാഥകൾ, മത്സരങ്ങൾ, റാലികൾ എന്നിവയുമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ചീഫ് പബ്ളിസിറ്റി ഓഫീസറുമായി ബന്ധപ്പെടുക.

**30. അതിക്രമം തടയൽ നിയമം 1989**

കേന്ദ്ര സംസ്ഥാനവിഹിതം ഇതിന് ലഭ്യമാണ്. കേസ് നടത്തിപ്പിനും അതിക്രമങ്ങൾക്ക് ഇരയായവർക്കും സാമ്പത്തികസഹായം രജിസ്റ്റർ ചെയ്യുന്നത് മുതൽ നിശ്ചിത ശതമാനം തുക മുൻകൂറായും കേസ് തീർപ്പാക്കുന്ന മുറയ്ക്ക് മുഴുവൻ തുകയും ലഭ്യമാക്കുന്നുണ്ട്. ബന്ധപ്പെട്ട ജില്ലാപട്ടികജാതി വികസന ഓഫീസറെ സമീപിച്ചാൽ മതി.

................................

## 31. പട്ടികവർഗ്ഗ വികസനം

**I. വിദ്യാഭ്യാസ പരിപാടികൾ**

**ഗ്രോത്രസാരഥി**

ദുർഘടവനമേഖലയിൽ പട്ടികവർഗ്ഗ ഊരുകളിൽ നിന്ന് സ്ക്കൂളിൽ പോകുന്നതിന് യാത്രാസൗകര്യം ഏർപ്പെടുത്തുന്ന പദ്ധതിയാണ് ഗ്രോത്രസാരഥി. സ്ക്കൂൾ ബസ്സ് സൗകര്യം, പൊതുയാത്രസൗകര്യം ഇവ ലഭ്യമല്ലാത്ത സ്ഥാലങ്ങളിൽ നിന്ന് സ്ക്കൂളുകളിലേക്ക് പ്രത്യേക യാത്രാസൗകര്യം. ഈ പദ്ധതിയിൽ ഏർപ്പടുത്തുന്ന സ്ക്കൂൾ പി.ടി.എ പ്രസിഡണ്ട്, സ്ക്കൂൾ HM, സ്ക്കൂൾ അസിസ്റ്റന്റ് എന്നിവരടങ്ങുന്നഒരു കമ്മിറ്റി ഗ്രാമപഞ്ചായത്ത് അംഗത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്നാണ് യാത്രസൗകര്യത്തിന് നിയമാനുസൃത വാഹനം ഏർപ്പെടുത്തുന്നത്.

**പെരിപെറ്ററ്റിക് സ്ഥാപനങ്ങൾ**

ദുർഘടവനമേഖലയിൽ പട്ടികവർഗ്ഗ ഊരുകളിൽ ചെന്ന് കുട്ടികളെ പഠിപ്പിക്കുന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. വനവിഭവശേഖരണത്തിലും മറ്റ് പരമ്പരാഗത ജീവിതമാർഗ്ഗത്തെയും മാത്രം ആശ്രയിച്ച് ജിവിക്കുന്നവർ പലപ്പോഴും കുട്ടികളെ ഹോസ്റ്റലുകളിലേക്കോ സ്ക്കൂളുകളിലേക്കോ അയക്കാറില്ല. അത്തരത്തിലുള്ള കുട്ടികളെ വിദ്യാഭ്യാസത്തിലേക്ക് ആകർഷിക്കുന്നതിനും ഒന്നാം തരം മുതൽ നാലാം തരം വരെയുള്ള സിലബസ്സ് പ്രകാരം ക്ലാസ്സെടുക്കുന്നതുമാണ് ഈ സ്ഥാപനങ്ങൾ. ഊരുകളിൽ തന്നെയാണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്.

**പ്രീമെട്രിക്ക് ഹോസ്റ്റലുകൾ**

ഊരുകളിൽ നിന്ന് സ്ക്കൂളിൽ വന്ന് പഠിക്കാൻ സാധിക്കാത്ത പട്ടികവർഗ്ഗകുട്ടികൾക്ക് താമസ്സിച്ച് പഠിക്കാൻ സൗകര്യമൊരുക്കുന്നതാണ് ഈ പദ്ധതി. ഇവർക്ക് പ്രതിമാസ ഭക്ഷണ ചെലവിന് 110 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 2000/ രൂപയും, പ്ലസ്സ് വൺ, പ്ലസ്സ് ടു ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 2300/ രൂപയും അനുവദിച്ച് വരുന്നു. ചികിത്സ, യൂണിഫോം, നൈറ്റ് ഡ്രസ്സ് തുടങ്ങിയ എല്ലാ ചെലവുകളും ഇതിന് പുറമെ അനുവദിച്ചു വരുന്നു.

**ജനനീ സൂരക്ഷ**

ഗർഭിണികളായ സ്ത്രീകൾക്ക് ഗർഭാസ്ഥാവസ്ഥയുടെ മൂന്നാം മാസം മുതൽ കുഞ്ഞിന് ഒരു വയസ്സ് പ്രായമാവുന്നത് വരെ കുഞ്ഞിന്റെ സംരക്ഷണത്തിന് പോഷകാഹാരത്തിന് വേണ്ടി പ്രതിമാസം 1000/ രൂപ മറ്റ് ആനുകൂല്യങ്ങൾക്ക് പുറമെ അനുവദിക്കുന്നതാണ് ഈ പദ്ധതി. ഗർഭിണികൾക്ക് തപാൽ വഴി മണി ഓർഡറായാണ് തുക അനുവദിക്കുന്നത്.

**സാമൂഹ്യ ഉന്നമനപദ്ധതികൾ**

**1. പൂൾസ് ഫണ്ട്–** പട്ടികവർഗ്ഗമേഖലയിൽ അധികസൗകര്യങ്ങൾ ഏർപ്പടുത്താൻ വിവിധ വകുപ്പുകൾ മുഖന നടപ്പിലാക്കുന്ന പദ്ധതി തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തിന് നൽകി നടപ്പിലാക്കുന്നതിന് ഫണ്ട് അനുവദിക്കുന്ന പദ്ധതിയാണ് പൂൾസ് ഫണ്ട്.

ജനമൈത്രി പോലീസ്, വനംവകുപ്പ് കോളനികളിൽ വന്യമൃഗശല്യം ഒഴിവാക്കാൻ ചെയ്യുന്ന ഇല്ക്ട്രിക്കൽ ഫെൻസിംഗ്, ട്രഞ്ച് നിർമ്മാണം തുടങ്ങിയവ പദ്ധതികൾ ഇപ്രകാരം നടപ്പിലാക്കി വരുന്നു.

**2. ഹാംലെറ്റ് ഡവപ്പ്മെന്റ് പദ്ധതി–** സംസ്ഥാനത്ത് 20 പട്ടികവർഗ്ഗ ഊരുകളിൽ സമഗ്രവികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പദ്ധതിയാണിത്. ഒരു കോടി രൂപ വരെയുള്ള വിവിധ പദ്ധതികൾ, ഊരുകൂട്ടതീരുമാനപ്രകാരം വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തോടെ ഈ ഊരുകളിൽ നടപ്പിലാക്കുന്നു.

**3. ഭൂരഹിതർക്ക് ഭുമി വാങ്ങുന്നതിന് ധനസഹായം–** സംസ്ഥാനത്ത് ഭൂരഹിതരായ പട്ടിവർഗ്ഗക്കാർക്ക് 25 സെന്റ് മുതൽ 1 എക്കർ വരെ അവർക്കിഷ്ടപ്പെട്ട ഭുമി വാങ്ങുന്നതിന് പരമാവധി 1 ലക്ഷം രൂപ ധനസഹായം നൽകുന്നു. ഈ പദ്ധതി ഈ വർഷം മുതൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

**4. ഭവനപുനരുദ്ധാരണ പദ്ധതി–** 6 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വീടുകൾക്ക് അറ്റകുറ്റ പണിക്കും അധികസൗകര്യമേർപ്പെടുത്തുന്നതുമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. അസി.എഞ്ചിനീയർ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് തുകയോ പരമാവധി 1 ലക്ഷം രൂപയോ ഈ പദ്ധതി പ്രകാരം അനുവദിക്കുന്നു.

**ഇടമലക്കുടി പാക്കേജ്– കേരളത്തിലെ ഏക പട്ടികവർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടിയിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ് ഈ പാക്കേജ്. വനംവകുപ്പാണ് പദ്ധതി നിർവ്വഹിക്കുന്ന ഏജൻസി.**

**നിയമപരിരക്ഷ**

1) പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ

പട്ടികവർഗ്ഗക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം ശക്തമായി നടപ്പിലാക്കുന്നതാണ് ഈ പദ്ധതി, അതിക്രമങ്ങൾക്ക് ഇരയായവർക്ക് പുനരധിവാസത്തിന് ധനസഹായം, സാക്ഷികൾക്ക് യാത്രചെലവ് എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

| ക്രമ | സ്കീം | ലക്ഷ്യങ്ങൾ |
|---|---|---|
| 1. | **നഴ്സറി സ്കൂളുകൾ** | 13 നഴ്സറി സ്കൂളുകൾ പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും ടീച്ചർ/ആയ എന്നിവരുടെ ശമ്പളവും അലവൻസും, കുട്ടികളുടെ ഉച്ച ഭക്ഷണം എന്നിവ നൽകുന്നു. ഓരോ കുട്ടിക്കും പ്രതിവർഷം 100 രൂപ ഗ്രാന്റായി നൽകുന്നു. ഒരു മേശയും കസേരയും ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂൾ കുട്ടികൾക്ക് ഒരു തവണ നൽകുന്നു. |
| 2. | **പ്രീ-മെട്രിക് വിദ്യാഭ്യാസം** | എസ്.എസ്.എൽ.സി വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് താഴെ പറയുന്ന നിരക്കിൽ ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ് എന്നിവനൽകുന്നു.<br>(ഉപപട്ടിക താഴെ)<br>ഒരു ക്ലാസ്സിൽ തോറ്റ കുട്ടിയ്ക്ക് ലംപ്സം ഗ്രാന്റിന്റെ 50 ശതമാനം നൽകുന്നു. |
| 3. | **പോസ്റ്റ് മെട്രിക് പഠനം** | പത്താംക്ലാസ്സ് കഴിഞ്ഞവർക്ക് വരുമാനപരിധി ഇല്ലാതെ മുഴുവൻ ഫീസും വാർഷിക ലംപ്സംഗ്രാന്റും, പ്രതിമാസ സ്റ്റൈപന്റും നൽകുന്നു. സർക്കാരോ, യൂണിവേഴ്സിറ്റിയോ അംഗീകരിച്ച കോഴ്സുകൾ ആകണം. കോളേജിൽ പഠിക്കുന്നവർക്ക് ഒരു പ്രാവശ്യം ഒരു മേശയും കസേരയും നൽകുന്നതാണ്.<br>പ്ലസ്ടു/വൊക്കേഷണൽ ഹയർ സെക്കണ്ടറി - 900 രൂപ<br>ബി.എ/ബി.എസ്സ്.സി/ബികോം/ബി.എഡ്/ തത്തുല്യം - 950 രൂപ<br>എം.എ/എം.എസ്സ്.സി/എം.കോം/തത്തുല്യം - 1250 രൂപ<br>എഞ്ചിനീയറിംഗ്/വെറ്ററിനറി/അഗ്രികൾച്ചർ - 1500 രൂപ<br>എം.ബി.ബി.എസ്/എം.എസ്/എം.ഡി - 2500 രൂപ<br>പ്രതിമാസ സ്റ്റൈപന്റ് 8 കിലോമീറ്ററിനുള്ളിൽ 500 രൂപയും അതിനു പുറത്തുള്ളവർക്ക് 600 രൂപയും നൽകുന്നു. കോളേജ് ഹോസ്റ്റലുകളിലും അംഗീകൃത ഹോസ്റ്റലുകളിലും പഠിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണ ചെലവും, പോക്കറ്റ്മണിയും (100 രൂപ, 150 രൂപ) നൽകുന്നു. |
| 4. | **വസ്ത്ര വിതരണം** | ട്രൈബൽ/വെൽഫെയർ സ്കൂളിൽ പഠിക്കുന്ന എൽ.പി വിദ്യാർത്ഥികൾക്ക് ഓരോ വർഷവും രണ്ടു ജോഡി യൂണിഫോം നൽകുന്നു. (ഒരു കുട്ടിക്ക് 500 രൂപ വീതം) |

| ക്രമ നം. | ക്ലാസ്സ് | ലംസം ഗ്രാന്റ് | പ്രതിമാസ സ്റ്റൈപന്റ് |
|---|---|---|---|
| 1. | എൽപി. (1 മുതൽ 4 വരെ) | 250 | 100 |
| 2. | യു.പി.(5 മുതൽ എഴ് വരെ) | 500 | 125 |
| 3. | ഹൈസ്കൂൾ | 750 | 150 |

| | | |
|---|---|---|
| 5. | **ബോർഡിംഗിനുള്ള ധനസഹായം** | വകുപ്പിന്റെ അംഗീകാരമുള്ള സന്നദ്ധ സംഘടനകൾ നടത്തുന്ന ഹോസ്റ്റലിലെ അന്തേവാസികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുന്നു.<br>1-10 വരെ -700 രൂപ ബോർഡിംഗ് ഗ്രാന്റ് 500 രൂപ യൂണിഫോം<br>പ്ലസ് 1, പ്ലസ് 2 ക്ലാസുകൾക്ക് - 800 രൂപ ഗ്രാന്റ് - 700 യൂണിഫോം |
| 6. | **മാതാപിതാക്കൾക്ക് പ്രോത്സാഹനം** | എൽ.പി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് 50 രൂപ നിരക്കിൽ 10 മാസത്തേക്ക് 500 രൂപ നൽകുന്നു. |
| 7. | **സ്കൂളിൽ പഠിക്കുന്നവർക്കും, പരാജിതരായവർക്കും വേണ്ടിയുള്ള ട്യൂട്ടോറിയൽ പദ്ധതി** | ഹൈസ്ക്കൂൾ, 11,12 ക്ലാസ്സിലുള്ളവർക്കാണ് അടുത്തുള്ള പാരലൽ കോളേജുകളിൽ ചേർന്ന് പഠിക്കുന്നതിലേക്കായി പ്രതിമാസ ട്യൂഷൻ ഫീസ് രക്ഷാകർത്താക്കൾക്ക് നേരിട്ട് നൽകുന്നു. കൂടാതെ ജില്ലാ ഓഫീസർമാരുടെ മേൽനോട്ടത്തിൽ ജനവരി ഫെബ്രുവരി മാസങ്ങളിൽ തീവ്രപരിശീലന ക്ലാസ്സുകൾ, നെഹ്റു യുവകേന്ദ്രം നടപ്പാക്കുന്ന ഗിരിവികാസ്, അട്ടപ്പാടി ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നടപ്പാക്കുന്ന ഗുരുകുലം പദ്ധതി എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 8. | **സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം** | അക്കാഡമിക്-കലാ-കായിക മത്സരങ്ങളിലെ ഉന്നത വിജയികൾക്ക്<br>എസ്.എസ്.എൽ.സി - 3000 രൂപ, പ്ലസ് 2 - 4000 രൂപ } ഗ്രേഡിന്റെ അടിസ്ഥാനത്തിൽ<br>ബിരുദം - 4500 രൂപ, ബിരുദാനന്തര ബിരുദം - 6000 രൂപ } ഒന്നാം ക്ലാസ്സ് ലഭിക്കുന്നവർക്ക്<br>ബിരുദ കോഴ്സുകളിൽ ഒന്നാം ക്ലാസിൽ താഴെ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ 5 വിദ്യാർത്ഥികൾക്കും, മറ്റു ജില്ലകളിലെ 2 വിദ്യാർത്ഥികൾക്ക് വീതവും, 3000 രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകുന്നു. |
| 9. | **അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് പരിപാടി** | വിശദാംശങ്ങൾ പട്ടികജാതി വകുപ്പിന്റെ പദ്ധതികളിൽ പരാമർശിച്ചിട്ടുണ്ട്. |
| 10. | **പ്രീമെട്രിക് ഹോസ്റ്റലുകൾക്ക് സ്ഥലം വാങ്ങൽ** | സ്വന്തമായി സ്ഥലമില്ലാത്ത 37 ഹോസ്റ്റലുകൾക്ക് സ്ഥലം വാങ്ങാൻ പദ്ധതി ഉണ്ട്. കെട്ടിട നിർമ്മാണം തുടങ്ങിയവ കേന്ദ്രാവിഷ്കൃത കൈപുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. |
| 11. | **പോസ്റ്റ്മെട്രിക് ഹോസ്റ്റൽ** | തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ ഹോസ്റ്റൽ പ്രവൃത്തിക്കുന്നുണ്ട്. താമസം, ഭക്ഷണം എന്നിവ വകുപ്പ് വഹിക്കുന്നു. വയനാട് ജില്ലയിൽ ശ്രീ.പി.കെ കാളൻ സ്മാരക അപ്ലൈഡ് സയൻസ് കോളേജിലെ വിദ്യാർത്ഥികൾക്കായി രണ്ട് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ തുടങ്ങുന്നതാണ്. |

| | | |
|---|---|---|
| 12. | **വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ** | 13 മാതൃക പരിശീലന കേന്ദ്രങ്ങൾ പ്രവൃത്തിക്കുന്നുണ്ട്. തയ്യൽ, നെയ്ത്ത്, ചൂരൽപ്പണി, മരപ്പണി എന്നിവയിൽ പരിശീലനം നൽകുന്നു. |
| 13. | **ഉൽപ്പാദന പരിശീലന കേന്ദ്രം** | നെയ്ത്തിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം ജില്ലയിൽ ചേനംപ്പാറയിൽ ഒരു ഉൽപാദന പരിശീലന കേന്ദ്രം പ്രവർത്തിച്ചു വരുന്നുണ്ട്. |
| 14. | **വിദ്യാർത്ഥികളുടെ വിനോദയാത്രക്കുള്ള സഹായം** | പ്ലസ് ടു, ഡിഗ്രി, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ, ഡിപ്ലോമ എന്നീ കോഴ്സുകളിൽ പഠിക്കുന്നവർക്ക് സ്കൂൾ-കോളേജിൽ നിന്നും പോകുന്ന വിനോദയാത്രക്ക് ധനസഹായം നൽകും. ഇതിൽ ഭാരത ദർശൻ യാത്രയും ഉൾപ്പെടും. |

## II. ആരോഗ്യ പദ്ധതികൾ

| | | |
|---|---|---|
| 15. | **വൈദ്യസഹായ ഘടകങ്ങൾ (മെഡിക്കൽ യൂണിറ്റുകൾ)** | 17 ആയ്യൂർവ്വേദ ഡിസ്പെൻസറികൾ, 2 മിഡ്വൈഫറി സെന്ററുകൾ, 1 ആയ്യൂർവ്വേദാശുപത്രി എന്നിവ പ്രവർത്തിക്കുന്നുണ്ട്. |
| 16. | **സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ** | നെടുമങ്ങാട്, തൊടുപുഴ എന്നീ സ്ഥലങ്ങളിൽ രണ്ടു മൊബൈൽ യൂണിറ്റ് ഉണ്ട്. 13-ാം ധനകാര്യകമ്മീഷന്റെ അവാർഡിനെ തുടർന്ന് കേരളത്തിലെ അഞ്ച് പ്രത്യേക ദുർബല വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതിയിക്ക് വേണ്ടി മാനന്തവാടി, സുൽത്താൻബത്തേരി, കൽപ്പറ്റ, കാസർഗോഡ്, പാലക്കാട് എന്നിവിടങ്ങളിൽ മൊബൈൽ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യവകുപ്പും എൻ.ആർ.എച്ച്.എമ്മും പട്ടികവർഗ്ഗ മേഖലയിൽ മൊബൈൽ യൂണിറ്റുകൾ നടത്തുന്നുണ്ട്. |
| 17. | **മാനന്തവാടി, അട്ടപ്പാടി, ഇടുക്കി, ചാലക്കുടി ആരോഗ്യപദ്ധതികൾ** | 1989-90 ൽ ആരംഭിച്ച ഈ പദ്ധതിയിൽ പട്ടികവർഗ്ഗക്കാർക്കിടയിൽ സാധാരണ ഉണ്ടാകുന്ന ക്ഷയം, കുഷ്ഠം, ത്വക്ക് രോഗങ്ങൾ, സിക്കിൾ സെൽ അനീമിയ എന്നിവ ചികിത്സിച്ച് ഭേദപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. നിയന്ത്രണം ആരോഗ്യ വകുപ്പിന്. |
| 18. | **അട്ടപ്പാടി ആരോഗ്യ പദ്ധതി** | ആരോഗ്യ വകുപ്പിന് കൈമാറി |
| 19. | **വിവിധരോഗങ്ങൾ ബാധിക്കുന്നവരുടെ ചികിത്സയും പുനരധിവാസവും** | ഗുണമേന്മയുള്ള ചികിത്സ ലഭിക്കുന്നതിനുള്ള പദ്ധതി. രോഗികളെ ആശുപത്രിയിൽ എത്തിക്കുക, പോഷകാഹാരം നൽകുക, ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ നൽകുക, മെഡിക്കൽ ക്യാമ്പുകൾ നടത്തുക എന്നീ പ്രവർത്തനങ്ങൾ |

| | | |
|---|---|---|
| 20. | **സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി** | സംസ്ഥാനത്തെ മുഴുവൻ ആദിവാസികൾക്കും സർക്കാർ ആശുപത്രിയിൽ ചികിത്സ നടത്തുമ്പോൾ 10,000 രൂപ വരെ സൗജന്യ ചികിത്സാ സഹായം ലഭിക്കുന്നു. 10,000 രൂപക്കു മുകളിൽ വരുന്ന ചികിത്സാ ചെലവ് ബി.പി.എൽ വിഭാഗത്തിന് മാത്രം. വ്യക്തിഗത കേസുകളിൽ 10,000 രൂപ വരെ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടും, 50,000 രൂപ വരെ ആശുപത്രി വികസന സമിതിയും, 50,000 രൂപയ്ക്ക് മുകളിൽ സർക്കാർ അനുമതിയും ആവശ്യമാണ്. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ആർ.സി.സി, എം.സി.സി, ചിത്രാ മെഡിക്കൽ സെന്റർ, സഹകരണ വകുപ്പിന്റെ കീഴിലുള്ള ആശുപത്രി/മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആരോഗ്യവകുപ്പിന്റേയും പട്ടികവർഗ്ഗ വകുപ്പിന്റേയും സംയുക്ത നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എല്ലാ ആരോഗ്യ പദ്ധതികളും നടപ്പിലാക്കുന്നുണ്ടോ എന്ന് കൃത്യമായി മോണിറ്റർ ചെയ്ത് എൻ.ആർ.എച്ച്.എം പദ്ധതിയുമായി സംയോജിപ്പിച്ച് ഓരോ പ്രദേശത്തും നിലനിൽക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുവാനുള്ള ശ്രമങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്. |

## III. സാമൂഹ്യ സാമ്പത്തിക ഉന്നമന പരിപാടികൾ

| | | |
|---|---|---|
| 21. | **അടിയൻ, പണിയൻ, മറ്റ് പ്രത്യേക ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പാക്കേജ്** | ഈ വിഭാഗങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തിക വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന ആവശ്യധിഷ്ഠിത പദ്ധതികളാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.അട്ടപ്പാടി, മാനന്തവാടി, സുഗന്ധഗിരി(വയനാട്) എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന അഗതി മന്ദിരങ്ങളും ഈ പദ്ധതിയിൽ ഉൾപെടുത്തിയിട്ടുണ്ട്. പ്രത്യേക ദുർബല വിഭാഗങ്ങളുടെ 37 പെരിപ്പതറ്റിക്ക് വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഈ പദ്ധതിയിൽ നടപ്പിലാക്കുന്നുണ്ട് |
| 22. | **വർഷക്കാലത്ത് ജോലിക്ക് ആഹാരം നൽകുന്ന പരിപാടി** | ഊരുക്കൂട്ടങ്ങൾ മുഖേന ജൂൺ മുതൽ സെപ്തംബർ വരെയുള്ള 4 മാസങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്. പട്ടികവർഗ്ഗ പുനരധിവാസ മിഷൻ മുഖേന തെരഞ്ഞെടുത്ത് ഭൂരഹിതരും ദരിദ്രരുമായ ഗുണഭോക്താക്കളെയാണ് പരിഗണിക്കുന്നത്. 40 രൂപ കൂലിയായും, ബാക്കി 60 രൂപ ഭക്ഷ്യധാന്യമായും നൽകുന്നു. |

| | | |
|---|---|---|
| 23. | **പട്ടികവർഗ്ഗ പുനരധിവാസ മിഷൻ, പുനരധിവസിപ്പിക്കപ്പെട്ട സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾഏർപ്പെടുത്തൽ** | ഒരേക്കറെങ്കിലും ഭൂമി നൽകിയശേഷം, ഭവന നിർമ്മാണം അനുബന്ധ സൗകര്യങ്ങൾ, കൃഷിയ്ക്കുള്ള ജലസേചനം, സ്വയംതൊഴിൽ പദ്ധതികൾ ആരോഗ്യപരിപാലന പരിപാടികൾ എന്നിവ ഒരു സമഗ്ര പാക്കേജായി നൽകാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| 24. | **പട്ടികവർഗ്ഗ ഉപപദ്ധതി കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പരിപാടി** | ജില്ലാ ഓഫീസുകളിൽ നിന്നും ഡയറക്ടറേറ്റിൽ നിന്നും വരുന്ന അപേക്ഷകളാണ് പരിഗണിക്കുന്നത്. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് സ്വയംതൊഴിൽ പദ്ധതി, മനുഷ്യശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിപാടികൾ, ശുദ്ധജല വിതരണവും ശുചിത്വവും, റോഡുകൾ, പാലങ്ങൾ, നടപ്പാലങ്ങളുടെ നിർമ്മാണം, വൈദ്യുതി, സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ, വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിൽ പുരോഗതി, തൊഴിലധിഷ്ഠിത കോഴ്സുകൾ, ഓഫീസ് സൗകര്യം മെച്ചപ്പെടുത്തുക എന്നിവ ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാതല ഓഫീസർ മുഖേന ലഭ്യമാണ്.ഉപപദ്ധതി വിഹിതം ഫലപ്രദമായി നടപ്പിലാക്കുവാൻഒരു പ്രോജക്ട് സമീപനംഅനിവാര്യമാണ്. |
| 25. | **ഭവന നിർമ്മാണ ഗ്രാന്റ്** | 2,50,000 രൂപ ഭവന നിർമ്മാണ ഗ്രാന്റായി നൽകുന്നു. ഊരുകൂട്ടങ്ങളാണ് ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് |
| 26. | **പെൺകുട്ടികൾക്ക് വിവാഹ ധനസഹായം** | വിധവകളുടെയും അവിവാഹിതരായ അമ്മമാരുടെയും മാതാപിതാക്കൾ ഇല്ലാത്ത പെൺമക്കൾക്ക് നൽകുന്ന ധനസഹായം. 50,000/ രൂപയാണ് വിവാഹധനസഹായം |
| 27. | **പട്ടികവർഗ്ഗ പ്രമോട്ടർമാർ** | 4000 രൂപ ഹോണറേറിയം നൽകി യുവതീ-യുവാക്കളെ നിയമിക്കുന്നു. പട്ടിക വർഗ്ഗക്കാർ ഉള്ള പഞ്ചായത്തുകളിൽ വികസനത്തിന്റെ പ്രധാന കണ്ണിയായി പ്രവർത്തിക്കുക, പഞ്ചായത്തുകളും ഇതര വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ സിംഗിൾ വിൻഡോ ആയി പ്രവർത്തിക്കുക, ബോധവൽക്കരിക്കുക എന്നിവയാണ് പ്രധാന ചുമതലകൾ |
| 28. | **ഊരുകൂട്ട രൂപീകരണവും പരിശീലനവും** | ഊരുകൂട്ടങ്ങൾ സംഘടിപ്പിക്കുന്നതിന് 500/ രൂപ നിരക്കിൽ അനുവദിക്കുന്നു. അതിന് പുറമെ പട്ടികവർഗ്ഗ മൂപ്പൻ/ വോളന്റിയർമാർക്ക് ഊരുകൂട്ട സംഘാടനത്തിൽ പരിശീലനം നൽകുന്നു. പങ്കാളിത്ത രീതിയിൽ സൂക്ഷ്മതലത്തിലുള്ള ആസൂത്രണം ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം, വികസന പ്രവർത്തനങ്ങൾ, പങ്കാളിത്തരീതിയിൽ മോണിററിംഗും, അവലോകനവും തുടങ്ങിയ കാര്യങ്ങളിലാണ് പരിശീലനം |

| | | |
|---|---|---|
| 29. | **പട്ടികവർഗ്ഗ കലാ വ്യാപാരമേള** | പാരമ്പര്യ കലാമേളകളും, ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പ്രദർശന വിപണന മേളകളും സംഘടിപ്പിക്കപ്പെടുന്നു. |
| 30. | **ഇൻഫർമേഷൻ എഡ്യുക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ പ്രോജക്ട്** | സാംസ്ക്കാരിക പരിപാടികൾ, പ്രദർശനങ്ങൾ, നാടൻ കലോൽസവങ്ങൾ, മദ്യവിരുദ്ധ പ്രചരണം തുടങ്ങിയവ സംഘടിപ്പിക്കുന്നതാണ്. വകുപ്പ് പ്രസിദ്ധീകരിക്കുന്ന പടവുകൾ മാസിക പ്രമോട്ടർ മുഖാന്തിരം ഊരുകളിൽ എത്തിക്കുക |
| 31. | **പട്ടികവർഗ്ഗ വികസന വകുപ്പ് നവീകരണവും പട്ടികവർഗ്ഗ ഉപപദ്ധതിയിൽപ്പെട്ട സ്കീമുകളുടെ മോണിറ്ററിംഗും** | സർക്കാർ അംഗീകരിച്ച സമഗ്രമായ രണ നവീകരണ പദ്ധതിയുടെ ഭാഗമായി പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനും, വിവര സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനും, ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടറിൽ പരിശീലനം നൽകുന്നതിനും ഈ പദ്ധതി ഉദ്ദേശിക്കുന്നു. |
| 32. | **അനാഥകുട്ടികളുടെ സംരക്ഷണം** | പ്രായപൂർത്തിയാകുന്നതുവരെ അനാഥരായ കുട്ടികളുടെ വിദ്യാഭ്യാസവും മറ്റു ജീവിത ചെലവുകൾക്കുമായി അവരെ ഏറ്റെടുത്ത സുമനസ്സുകൾക്ക് 1000/ രൂപ പ്രതിമാസ ധനസഹായം നൽകുന്നു. |

## IV. തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ

| | | |
|---|---|---|
| 33. | **ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ** | വയനാടിലെ പ്രിയദർശിനി തേയിലതോട്ടം, അട്ടപ്പാടിയിലെ ഫാമിംഗ് സൊസൈറ്റി, വട്ടലുക്കി ഗിരിജൻ സഹകരണ ഫാമിംഗ് സൊസൈറ്റി എന്നീ ഫാമുകളുടെ പുനരുദ്ധാരണത്തിന് പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ട്. |
| 34. | **പട്ടിക വർഗ്ഗമേഖലകളിൽ കുടുംബശ്രീ പരിപാടി** | കുടുംബശ്രി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ പട്ടിക വർഗ്ഗ വനിതകൾക്ക് പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി വകുപ്പ് പ്രത്യേകഫണ്ട് വകയിരുത്തുന്നു. വനിതാശാക്തീകരണം, സ്വയംതൊഴിൽ സാദ്ധ്യതകൾ മറ്റു ആനുകൂല്യങ്ങൾ എന്നിവ നേടിയെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. വ്യക്തമായ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നു. |
| 35. | **അംബേദ്കർ മെമ്മോറിയൽ റൂറൽ ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് ധനസഹായം** | വയനാട് ജില്ലയിലെ കൽപ്പറ്റയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ യുവതി-യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നു. തയ്യൽ, ടൈപ്പറൈറ്റിംഗ്, കരകൗശലം, പ്രിന്റിംഗ് തുടങ്ങിയവയ്ക്ക് പരിശീലനം നൽകുന്നു. |
| 36. | **വനത്തിനുള്ളിൽ വസിക്കുന്നവരുടെ സമഗ്ര വികസനം** | 671 സങ്കേതങ്ങളിലായി 73,500 പേർ വനത്തിനുള്ളിൽ താമസിക്കുന്നുണ്ട്. ഇവർക്ക് തൊഴിൽ നൽകി സ്ഥിരവരുമാനം, അടിസ്ഥാന സൗകര്യങ്ങൾ, വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം, ആരോഗ്യ പരിരക്ഷ, പ്രകൃതിദത്തമായ വാസസ്ഥലങ്ങൾ സംരക്ഷിക്കുക എന്നീ പദ്ധതികൾ വിഭാവനം ചെയ്തീട്ടുണ്ട്. |

| | | |
|---|---|---|
| 37. | പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം | ചെറുകിട വനവിഭവശേഖരണം നടത്തുന്ന പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ ഒഴികെയുള്ള സംഘങ്ങളുടെ ശാക്തീകരണം, പുനസംഘാടനം എന്നിവയ്ക്കുള്ളതാണ് ഈ പദ്ധതി. കൃഷി, വ്യവസായം, കയർ, മറ്റു പാരമ്പര്യ തൊഴിലുകൾ എന്നിവയുമായി ബന്ധപ്പെട്ട സഹകരണ സംഘങ്ങളാണ് ഇതിന്റെ പരിധിയിൽ വരുന്നത്. |
| 38. | ഉദ്യോഗാർത്ഥികൾക്കുള്ള പരിശീലനവും അനുബന്ധ പദ്ധതികളും | യു.പി. എസ്സ്.സി, പി.എസ്.സി, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, വിവിധ പൊതുമേഖലാ പരീക്ഷാ ബോർഡുകൾ എന്നിവ നടത്തുന്ന മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നവർക്ക് - കോച്ചിംഗ് ക്ലാസുകൾ സംഘടിപ്പിച്ച് പ്രാപ്തരാക്കുക. |

## V. പുതിയ പദ്ധതികൾ

| | | |
|---|---|---|
| 39. | വിപുലമായ അടിസ്ഥാന വിവരങ്ങളുടെ സംരക്ഷണം | 11-ാം പഞ്ചവത്സര പദ്ധതിയുടെ കാലയളവിൽ പട്ടിക വർഗ വിഭാഗങ്ങളുടെ ഊരുകളുടെയും, കുടുംബങ്ങളുടെയും അടിസ്ഥാന വിവരശേഖരണം നടത്തി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത സർവ്വെ കണ്ടെത്തിയ പ്രധാനപ്പെട്ട വികസന പ്രശ്നങ്ങൾ, സാദ്ധ്യതകൾ എന്നിവ പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ആസൂത്രണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റു ബന്ധപ്പെട്ട എല്ലാ വകുപ്പുകളും പ്രയോജനപ്പെടുത്തേണ്ടതാണ്. |
| 40. | പട്ടികവർഗ ക്ഷേമത്തിന് വേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ | കൗൺസലിംഗ്, സെമിനാറുകൾ എന്നിവയിൽ കൂടി മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ദോഷവശങ്ങൾ ബോധ്യപ്പെടുത്തുക. തുടക്കത്തിൽ വയനാട് ജില്ലയിൽ ഈ പരിപാടി ആരംഭിക്കുവാനും പിന്നീട് മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കുവാനുമാണ് ഉദ്ദേശിക്കുന്നത് |
| 41. | വനിതകൾക്ക് ഓട്ടോറിക്ഷ പരിശീലനം | തൊഴിൽരഹിതരായ 500 വനിതകൾക്ക് ഓട്ടോറിക്ഷ ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനും ഓട്ടോറിക്ഷ വാങ്ങി വിതരണം ചെയ്യുന്നതുമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത് |
| 42. | ഐഡന്റിറ്റി കാർഡ് വിതരണം | സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങൾക്കും തിരിച്ചറിയൽ കാർഡ് നൽകി വരുന്നു. വിവിധ വകുപ്പുകളിൽ നിന്നും ല ി ക്കുന്ന ആനുകൂല്യങ്ങൾക്ക് തിരിച്ചറിയൽ രേഖയായി ഈ കാർഡ് ഉപയോഗിക്കാവുന്നതാണ്. |
| 43. | അരിവാൾ രോഗം ബാധിച്ചവർക്ക് ധനസഹായ പദ്ധതി | വയനാട്, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ അരിവാൾ രോഗം ബാധിച്ചവർക്ക് പോഷകാഹാരവും മരുന്നും വാങ്ങുന്നതിന് പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് ഈ സാമ്പത്തിക വർഷം മുതൽ പരിപാടിയിട്ടിട്ടുണ്ട്. |

| | | |
|---|---|---|
| 44. | പാരമ്പര്യ വൈദ്യ പഠന കേന്ദ്രം | തിരുവനന്തപുരത്തെ വിതുരയിൽ ഒരു പാരമ്പര്യ വൈദ്യ പഠനകേന്ദ്രം ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടന്ന് വരുന്നുണ്ട്. വംശീയ വൈദ്യത്തെ വരും തലമുറയ്ക്കും സമൂഹത്തിനും പ്രയോജനപ്പെടുത്താനും ലക്ഷ്യമിടുന്നുണ്ട്. |
| 45. | ലാപ്പ്ടോപ്പ് | പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നവർക്കും, എം.സി.എ, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് രണ്ടാംവർഷം ലാപ്പ്ടോപ്പ് വകുപ്പ് നൽകുന്നു. |

## VI. വക്കീലന്മാർക്ക് ധനസഹായം

നിയമവിദ്യാഭ്യാസം കഴിഞ്ഞ ഉടൻ വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിന് 3 വർഷത്തേക്ക് പട്ടികജാതിവിഭാഗക്കാർക്ക് ധനസഹായം നല്കുന്ന പദ്ധതിയാണിത്. എൻറോൾമെന്റ് ചെലവിന് 1550ക പുറമെ താഴെ പറയുന്ന നിരക്കിൽ തുക നല്കുന്നതാണ്.

| വർഷം | പുസ്തകം | ഗ്രേസ് | മുറിവാടക (വർഷത്തിൽ) |
|---|---|---|---|
| ഒന്നാം വർഷം | 6250 | 2000 | |
| രണ്ടാം വർഷം | 6250 | 2000 | 3000 |
| മൂന്നാം വർഷം | 6250 | 2000 | 3000 |

**അപേക്ഷിക്കേണ്ട വിധം**

അഭിഭാഷകനായി എൻറോൾ ചെയ്ത് ഒരു മാസത്തിനകം നിശ്ചിത ഫോറങ്ങൾ അപേക്ഷ, ജാതിസർട്ടിഫിക്കറ്റ്, എൽ.എൽ.ബി സർട്ടിഫിക്കറ്റ്, ബാർ കൗൺസിൽ എൻറോൾമെന്റ് സാക്ഷ്യപത്രം, സീനിയർ അഭിഭാഷകന്റെ സാക്ഷ്യപത്രം എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം

## VII. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റിസ്ഷിപ്പ്

പട്ടികജാതി സമൂദായത്തിൽപ്പെട്ട ഐ.ടി.ഐ, ഡിപ്ലോമ, എഞ്ചിനീയറിംങ് ഡിഗ്രി എന്നിവ പാസായവർക്ക് അപ്രന്റിസ്ഷിപ്പിന് ധനസഹായം നൽകുന്നുണ്ട്.

പ്രതിമാസ നിരക്ക്- ഐ.ടി.ഐ- 2000/ രൂപ, ഡിപ്ലോമ- 2500/ രൂപ, എഞ്ചിനീയറിംങ് ഡിഗ്രി-3000/ രൂപ

അതാത് ജില്ല പട്ടികജാതി വികസന ഓഫീസുകളിൽ പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**സാമൂഹ്യക്ഷേമപരിപാടികൾ**

## VIII. ഭൂരഹിത പുനരധിവാസപദ്ധതി

1. പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട ദാരിദ്രരേഖയ്ക്ക് താഴെയുള്ള ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 1½ സെന്റ് ൂമിയെങ്കിലും വാങ്ങുന്നതിന്

യഥാക്രമം 1,50,000/, 2,00,000/, 3,00,000/ രൂപ ഗ്രാന്റായി അനുവദിക്കുന്നു. ഈ തുകയ്ക്ക് പരമാവധി ഭൂമി വാങ്ങേണ്ടതാണ്.

**അപേക്ഷിക്കേണ്ട വിധം**

അപേക്ഷ, ജാതി, വരുമാനസർട്ടിഫിക്കറ്റ്, സ്വന്തമായി ഭൂമിയില്ലെന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, അവകാശമായി ലഭിക്കുന്ന ഭൂമി സംബന്ധിച്ച സാക്ഷ്യപത്രം എന്നിവ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസനഓഫീസർക്ക് നല്കണം.

## IX. പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പ് മന്ത്രിയുടെ ദുരിദാശ്വാസ പദ്ധതി

50,000 രൂപയുടെ താഴെ വരുമാനമുള്ള പട്ടികജാതിക്കാർക്ക് മാരകരോഗം, അത്യാഹിതം എന്നിവയ്ക്ക് 50,000 രൂപയുടെ സഹായധനം നൽകുന്നു.

ഹൃദയശസ്ത്രക്രിയ, ഗുരുതരരോഗം എന്നിവയ്ക്ക് പരമാവധി ഒരു ലക്ഷം രൂപ അനുവദിക്കാം

**ഹാജരാക്കേണ്ട രേഖകൾ**

ചികിത്സിക്കുന്ന ഡോക്ടറുടെ നിശ്ചിത ഫോറത്തിലുള്ള സാക്ഷ്യപത്രം സഹിതം, പട്ടികജാതി വികസന ഓഫീസർക്കോ ബഹു.മന്ത്രിക്കോ നൽകാവുന്നതാണ്.

## X. ഉദ്യോഗസ്ഥർക്കുള്ള യാത്രാബത്ത

പി.എസ്.സി, യു.പി.എസ്.സി, വിവിധ സർക്കാർ ഏജൻസികൾ, പൊതുമേഖല സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പരീക്ഷയ്ക്കും ഇന്റർവ്യൂവിനും പങ്കെടുക്കുന്നവർക്ക് അർഹമായ യാത്രാപ്പടി, അറ്റന്റൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു.

**അപേക്ഷ നൽകുന്ന വിധം**

അപേക്ഷ, സാക്ഷ്യപത്രങ്ങൾ സഹിതം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിക്കാണ് നല്കേണ്ടത. തദ്ദേശഭരണസ്ഥാപനങ്ങൾ വഴി തുക വിതരണം ചെയ്യുന്നു.

## XI. വിവാഹധനസഹായം-

പെൺകുട്ടികൾക്ക് 50,000/ രൂപ വിവാഹധനസഹായമായി നല്കുന്നു. ജാതി, വരുമാന സർട്ടിഫിക്കറ്റ്, പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ചു എന്നതിന് സമുദായ സംഘടനയുടെ/ ഗസ്റ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ മുഖാന്തിരം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം

## XII. സാമൂഹ്യഐക്യദാർഢ്യ പക്ഷാചരണം

ഗാന്ധിജയന്തിദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാ വർഷവും ആചരിക്കുന്നു. ഈ കാലയളവിൽ കേരളത്തിൽ കേന്ദ്രീകരിച്ചുള്ള ശുചിത്വ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ , വിജ്ഞാനസദസ്സുകൾ, പ്രദർശനങ്ങൾ, ബോധവൽക്കരണ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നു. രണ്ടാഴ്ച്ച നീണ്ട് നിൽക്കുന്ന ആഘോഷങ്ങളിൽ

പൊതുസമൂഹവും പട്ടികജാതി വിഭാഗങ്ങളുമായിട്ടുള്ള ബന്ധം കൂടുതൽ ഊട്ടിയുറപ്പിക്കുന്നതിന് ഇത് സഹായിക്കുന്നു.

### XIII. പടവുകൾ മാസിക

പട്ടികജാതിക്കാരുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും വേണ്ടിയുള്ളതാണ് പടവുകൾ മാസിക.

### XIV. സാഹിത്യശില്പശാല

പട്ടികവിഭാഗങ്ങളും ഇതരവിഭാഗങ്ങളും സാഹിത്യകാരൻമാരുടെ സാഹിത്യവാസന പരിപോഷിപ്പിക്കുന്നതാനായി വർഷം തോറും സാഹിത്യശില്പശാല സംഘടിപ്പിക്കുന്നു. 18 മുതൽ 35 വയസ്സ് വരെ പ്രായമുള്ള 50 പേർ ശില്പശാലയിൽ പങ്കെടുക്കും. താമസം, ഭക്ഷണം, യാത്രബത്ത എന്നിവ നല്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ചീഫ് പബ്ളിസിറ്റി ഓഫീസറുമായി ബന്ധപ്പെടുക

### XV. അതിക്രമം തടയൽ നിയമം 1989

കേന്ദ്ര സംസ്ഥാനവിഹിതം ഇതിന് ലഭ്യമാണ്. കേസ് നടത്തിപ്പിനും അതിക്രമങ്ങൾക്ക് ഇരയായവർക്കും സാമ്പത്തികസഹായ രജിസ്റ്റർ ചെയ്യുന്നത് .നിശ്ചിത ശതമാനം തുക മുൻകൂറായും കേസ് തീർപ്പാക്കുന്ന മുറയ്ക്ക് മുഴുവൻ തുകയും ലഭ്യമാക്കുന്നുണ്ട്. ബന്ധപ്പെട്ട് ജില്ലാപട്ടികജാതി വികസന ഓഫീസറെ സമീപിച്ചാൽ മതി.

......................................................

## 32. സാമൂഹ്യക്ഷേമം

**1. അനാഥാലയങ്ങൾക്കു സഹായ പദ്ധതി**

ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അനാഥ സംരക്ഷണ പ്രവർത്തന സഹായം നൽകുക.

**ഗുണഭോക്താക്കൾ**

5 വയസ്സിനും 18 വയസ്സിനും ഇടയിൽ പ്രായമുള്ള അനാഥരും അഗതികളുമായ അനാഥാലയ അന്തേവാസികൾ (വയസ്സ് 21 വരെ ദീർഘിപ്പിക്കാം)

നിർവ്വഹണം

ജില്ലാപഞ്ചായത്ത് (ജില്ലാ സാമൂഹ്യനീതി ഓഫീസർ)

**അപേക്ഷിക്കേണ്ട വിധം**

- ഓർഫനേജ് ചട്ടങ്ങൾ നിർദ്ദേശിച്ച ഫോറത്തിൽ അപേക്ഷ
- ലോക്കൽ ഫണ്ട് ഓഡിറ്റ് നിർബന്ധം
- സാമൂഹ്യനീതി ഓഫീസർ നേരിട്ട് പരിശോധന നടത്തി അർഹതാ സർട്ടിഫിക്കറ്റ് ജില്ലാപഞ്ചായത്തിന് നൽകുന്ന അംഗീകാരം വാങ്ങി തുക മാറി അനാഥാലയങ്ങൾക്ക് നൽകുന്നു.

**2. വൃദ്ധസദനം, പകൽ വീടുകൾ എന്നിവ തുടങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി**

കേരള സർക്കാരിന്റെ വൃദ്ധനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വൃദ്ധസദനം/പകൽവീട് എന്നിവ നിർമ്മിക്കുന്നതിനും അവയുടെ ഭരണപരമായ കാര്യങ്ങൾ നടത്തുന്നതിനുമാണി സഹായ പദ്ധതി.

**അർഹത:**

- കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ
- വൃദ്ധസദനവും പകൽ വീടും തുടങ്ങാൻ ആവശ്യമായ സ്ഥലം, കെട്ടിടം, മറ്റു പശ്ചാത്തല സൗകര്യം എന്നിവ നൽകുവാൻ നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ.
- 25 അന്തേവാസികൾക്ക് പ്രവേശനത്തിന് സൗകര്യമുള്ള വൃദ്ധസദനം/50 പേർക്ക് സൗകര്യമുള്ള പകൽവീടുള്ള തദ്ദേശഭരണ സ്ഥാപനം.

**ധനസഹായം**

സാമൂഹ്യനീതി ഡയറക്ടർ 2 ലക്ഷം രൂപ നൽകുന്നു.

**അപേക്ഷിക്കേണ്ട വിധം**

നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫോറം ICDS ഓഫീസുകൾ/സാമൂഹ്യനീതി ഓഫീസുകൾ എന്നിവയിൽ നിന്ന് ലഭിക്കുന്നു. സാമൂഹ്യനീതി ഓഫീസർക്ക് ധനസഹായത്തിനായി അപേക്ഷിക്കുന്നു. പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ തുടങ്ങുന്നു.

**3. സ്ത്രീകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ പദ്ധതി**

തൊഴിലില്ലാത്തവരായ വനിതകൾക്ക് പരിശീലനം നൽകി, അവരുടെ കഴിവുകൾ ഉയർത്തി അവരെ തൊഴിലുറപ്പുള്ളവരായി മാറ്റുക.

**ഗുണഭോക്താക്കൾ**

വനിതാ ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾ.

സ്ഥാപനങ്ങളുടെ സമീപപ്രദേശത്തു താമസിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകൾ.

**നിർവ്വഹണം**

സാമൂഹ്യനീതി വകുപ്പിനുവേണ്ടി വനിതാസ്ഥാപന സൂപ്രണ്ടുമാർ

**അപേക്ഷിക്കേണ്ട വിധം**

അപേക്ഷകർ അതാത് പ്രദേശത്തെ വനിതാ ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്ക് നൽകണം. ഐ.ടി.ഐ കൾ, എഞ്ചിനീയറിംഗ് കോളജുകൾ, ഐ.ഐ.ടി കൾ സ്വകാര്യ പൊതുമേഖലാവ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ തൊഴിൽ പരിശീലനം നടപ്പിലാക്കുന്നു.

**4. ലിംഗാവബോധ പരിപാടി**

ലക്ഷ്യങ്ങൾ - സ്ത്രീധനമാവശ്യപ്പെടൽ, ലൈംഗിക പീഢനം, ഗാർഹിക പീഢനം എന്നിങ്ങനെ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിന് നിയമങ്ങളെ ഉപയോഗിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ തേടുന്നതിനും സ്ത്രീകളെ പ്രാപ്തരാക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.

**ഗുണഭോക്താക്കൾ**

പൊതുജനങ്ങൾ, സ്ത്രീകൾ

**നിർവ്വഹണം**

സാമൂഹ്യനീതി വകുപ്പ് ജില്ലാതല പ്രൊട്ടക്ഷൻ ഓഫീസർമാർ മുഖേനയോ സേവനദാതാക്കൾ മുഖേനയും നിർവ്വഹണം നടത്തുക.

**പ്രവർത്തനങ്ങൾ**

സാമൂഹ്യനീതി വകുപ്പ് ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി പ്രചരണ പരിപാടികൾ നടത്തുക.

- വനിതാക്ഷേമ പ്രവർത്തനങ്ങൾ മാത്രം ഉൾക്കൊണ്ടു കൊണ്ടുള്ള വെബ് പോർട്ടർ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന വനിതാനയ നിർവ്വഹണം
- സ്ത്രീധന നിരോധന നിയമം 1961, ഗാർഹികാതിക്രമ നിരോധന നിയമം 2005 എന്നിവ നടപ്പിലാക്കുന്നതിനു സഹായിക്കുക
- പൊതുസ്ഥലങ്ങളിൽ ഹെൽപ്പ് ഡെസ്ക്കുകൾ പ്രവർത്തിപ്പിക്കുക.
- ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുക.
- ഇരകൾക്ക് കൗൺസിലിംഗ് നൽകുക.

**5. ശാരീരിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾ/വെല്ലുവിളികൾ നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾ എന്നിവർക്കുള്ള സഹായ പദ്ധതി**

**അർഹത**

വാർഷിക വരുമാനം 36000 രൂപയിൽ താഴെയുള്ള വിഭാഗം ആളുകൾ

**നിർവ്വഹണം**

സാമൂഹ്യനീതി വകുപ്പ് നേരിട്ട് നിർവ്വഹണം നടത്തുന്നു.

**അപേക്ഷിക്കേണ്ട വിധം**

നിർദ്ദിഷ്ഠ മാതൃകയിലുള്ള അപേക്ഷാഫോറം ഐ.സി.ഡി.എസ് ഓഫീസുകൾ, അംഗൻവാടികൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു.

**ഹാജരാക്കേണ്ട രേഖകൾ**

വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പാൻ കാർഡ്, വിവാഹിതനാണ് എന്നതിന്റെ തെളിവ് (വിവാഹ സർട്ടിഫിക്കറ്റ്, കല്യാണക്കുറി തുടങ്ങിയവ) ശിശുവികസന പദ്ധതി ഓഫീസർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന സാമൂഹ്യനീതി ഡയറക്ടറുടെ ധനസഹായത്തിനായി സമർപ്പിക്കുന്നു. സാമൂഹ്യനീതി ഡയറക്ടർ ധനസഹായം അനുവദിക്കുന്നു.

**6. മംഗല്യ ( വിധവാ വിവാഹ പ്രോത്സാഹന പദ്ധതി)**

വിധവകളായ സ്ത്രീകളെ പുനർവിവാഹത്തിനായി പ്രോത്സാഹിപ്പിക്കുക, സ്കീം പ്രകാരം വിധവകളും വിവാഹമോചിതരുമായ സ്ത്രീകൾക്ക് പുനർവിവാഹത്തിനായി ധനസഹായം നൽകുന്ന പദ്ധതി.

**ഗുണഭോക്താക്കൾ**

18 മുതൽ 50 വയസ്സുവരെയുള്ള വിധവകൾ/ നിയമപരമായി വിവാഹമോചനം നേടിയ സ്ത്രീകൾ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകൾ

**പ്രവർത്തനങ്ങൾ**

സാമൂഹ്യനീതി വകുപ്പ് നേരിട്ട് നിയമനം നടത്തുന്നു. അർഹതയുള്ളവർക്ക് 25000/ - രൂപ നൽകുന്നു.

**അപേക്ഷിക്കേണ്ട വിധം**

നിർദ്ദിഷ്ട മാതൃകയിലുള്ള ഫോറം ഐ.സി.സി.എസ് ഓഫീസുകൾ, അങ്കണവാടികൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു. സാമൂഹ്യനീതി ഡയറക്ടർ ധനസഹായം അനുവദിക്കുന്നു.

**നൽകേണ്ട രേഖകൾ**

- ആദ്യവിവാഹം തെളിയിക്കുന്ന രേഖകൾ (വിവാഹ സർട്ടിഫിക്കറ്റ്)
- വിധവയാണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിൽ ഭർത്താവിന്റെ പേരുൾപ്പെട്ട പേജിന്റെ പകർപ്പ്, മരണമടഞ്ഞ ആളുടെ വിധവയാണ് അപേക്ഷക എന്നു തെളിയിക്കുന്ന രേഖകൾ
- വിവാഹ മോചിതയാണെങ്കിൽ ആയതു സംബന്ധിച്ച കോടതി ഉത്തരവിന്റെ പകർപ്പ്
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ അംഗമാണെന്നതിന്റെ തെളിവ് (റേഷൻ കാർഡ്/ ബി.പി.എൽ സർട്ടിഫിക്കറ്റ്)
- അപേക്ഷകയുടെ ജനന തീയതി തെളിയിക്കുന്നതിനും രേഖകൾ (സർട്ടിഫിക്കറ്റ്/ മെഡിക്കൽ സർട്ടിഫിക്കറ്റ്)
- പുനർ വിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റിന്റെ പകർപ്പ്

ശിശുവികസന പദ്ധതി ഓഫീസർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സാമൂഹ്യനീതി ഓഫീസർ മുഖേന ഡയറക്ടർക്കു സമർപ്പിക്കുന്നു.

**7. വനിതകൾ ഗൃഹനാഥകളായുള്ള കുടുംബത്തിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ പദ്ധതി**

വനിതകൾ ഗൃഹനാഥകളായുള്ള ദരിദ്ര്യ കുടുംബത്തിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുന്നതിനായി ധനസഹായം നൽകുക, അവരുടെ വിദ്യാഭ്യാസ ഉന്നമനം ഉറപ്പുവരുത്തുക.

**ഗുണഭോക്താക്കൾ**

1. എസ്.എസ്.എൽ.സി മുതൽ തുടർ വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾ
2. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വനിതകൾ ഗൃഹനാഥകളായുള്ള കുടുംബത്തിലെ കുട്ടികൾ (പരമാവധി രണ്ട് കുട്ടികൾ)
3. എ.പി.എൽ വിഭാഗത്തെ എച്ച്.ഐ.വി/എയ്ഡ്സ് ബാധിതർ സാമൂഹികമായി വിമോചനം അനുഭവിക്കുന്നവർ, യുദ്ധത്തിൽ മരിച്ച ജവാന്റെ വിധവകൾ എന്നിവർ ഗൃഹനാഥകളായുള്ള കുടുബത്തിലെ കുട്ടികൾ

**ധനസഹായം**

എസ്.എസ്.എൽ.സി മുതൽ +2 വരെ പ്രതിമാസം 2500/- രൂപ വീതം 10 മാസത്തേക്ക്. 2500/- രൂപയും ഡിഗ്രി മുതൽ തുടർ വിദ്യാഭ്യാസത്തിന് പ്രതിമാസം 500 രൂപ വീതം 10 മാസത്തേക്ക് 5000/- രൂപയും.

**അപേക്ഷിക്കേണ്ട വിധം**

നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫോറം അംഗൻവാടികൾ, ഐ.സി.ഡി.എസ് ഓഫീസർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു.

**രേഖകൾ**

സംസ്ഥാന/ കേന്ദ്രസർക്കാരുകളിൽ നിന്നും മറ്റും സ്കോളർഷിപ്പുകളൊന്നും ലഭിക്കുന്നില്ല എന്ന വിദ്യാഭ്യാസ മേധാവിയുടെ സാക്ഷ്യപത്രം. ബി.പി.എൽ ആണെന്നു തെളിയിക്കുന്നതിനുള്ള രേഖകൾ (റേഷൻ കാർഡ്/ പഞ്ചായത്തിൽ നിന്നുള്ള രേഖകൾ) എന്നിവയ്ക്കൊപ്പം അപേക്ഷ ഐ.സി.ഡി.എസ് ഓഫീസുകൾ സമർപ്പിക്കുന്നു.

**8. അംഗൻവാടി പ്രവർത്തകർക്കുള്ള സംസ്ഥാന അവാർഡ്**

എല്ലാ വർഷവും സംസ്ഥാനത്തെ 37 അംഗൻവാടി പ്രവർത്തകർക്കും 37 അംഗൻവാടി ഹെൽപ്പർമാർക്കും പ്രോത്സാഹന അവാർഡുകൾ നൽകുന്നു.

**നിർവ്വഹണം**

സാമൂഹ്യനീതി വകുപ്പ് നേരിട്ട് തെരഞ്ഞെടുക്കപ്പെടുന്ന അംഗൻവാടി വർക്കർക്ക് 5000 രൂപയും സർട്ടിഫിക്കറ്റും ഹെൽപ്പർക്ക് 3000 രൂപയും സർട്ടിഫിക്കറ്റും ലഭിക്കുന്നു.

**തെരഞ്ഞെടുപ്പ്**

അപേക്ഷകൾ അവരവർ തന്നെ പൂരിപ്പിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ ശുപാർശ ചെയ്ത് ശിശു വികസന പദ്ധതി ഓഫീസർക്ക് നൽകുന്നു. താഴെപറയുന്ന രേഖകൾകൂടി ഹാജരാക്കണം.

- ഹെൽപ്പർമാരുടെ അപേക്ഷകൾ വർക്കർമാർ സാക്ഷ്യപ്പെടുത്തി ശുപാർശയും കൂടി ശിശുവികസന ഓഫീസർമാർക്ക് സമർപ്പിക്കുന്നു.
- ശിശു വികസന പദ്ധതി ഓഫീസർ, പ്രസിഡന്റ്, മെഡിക്കൽ ഓഫീസർ എന്നിവർ ഉൾപ്പെട്ട ബ്ലോക്ക് പഞ്ചായത്ത്തല കമ്മിറ്റികൾ വഴി അംഗൻവാടികൾ സന്ദർശിച്ച് മാർക്ക് രേഖപ്പെടുത്തി ശുപാർശയോടുകൂടി അപേക്ഷകൾ ജില്ലാതല ഐ.സി. ഡി.എസ് പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കുന്നു
- പ്രോഗ്രാം ഓഫീസർ അംഗൻവാടികൾ നേരിട്ട് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി ഡയറക്ടർക്ക് കൈമാറുന്നു.
- സാമൂഹ്യനീതി വകുപ്പ് അവാർഡുകൾ നിർണ്ണയിക്കുന്നു.

**9. വികലാംഗമേഖലയിലെ ഏറ്റവും നല്ല ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ, തൊഴിൽ ദാതാവ് എന്നിവർക്കുള്ള സ്ഥാപന അവാർഡുകൾ**

വികലാംഗരായ തൊഴിലാളികൾ/ഉദ്യോഗസ്ഥർ, വികലാംഗർക്ക് തൊഴിൽ നൽകുന്നവർ, വികലാംഗ സ്ഥാപനങ്ങൾ എന്നിവരുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക, ശാരീരിക വൈകല്യമുള്ള 18 തൊഴിലാളികൾക്ക് അവാർഡ് ലഭിക്കുന്നു. പൊതുമഖലാ സ്വകാര്യ-സർക്കാർ മേഖലകൾ ഓരോന്നിലും അന്ധർ, ബധിരർ, അസ്ഥി സംബന്ധമായ വൈകല്യമുളളവർ എന്നിവർക്ക് രണ്ട് അവാർഡുകൾ വീതവും, പൊതുമേഖലാ-സ്വകാര്യ -സർക്കാർ മേഖലകൾ ഓരോന്നിലും ഏറ്റവും നല്ല തൊഴിൽ ദാതാവിന് ഓരോ അവാർഡും അന്ധർ, ബധിരർ, അസ്ഥിസംബന്ധമായ വൈകല്യമുള്ളവർ എന്നിവരുടെ ക്ഷേമത്തിനായി

പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഓരോ മേഖലയിലും ഒരു അവാർഡ് വീതവും നൽകുന്നതിനാണീ പദ്ധതി.

**ഗുണഭോക്താക്കൾ**

സ്ഥിരമായ വൈകല്യമുള്ളവർ ജോലി ചെയ്യുന്ന പൊതുമേഖലാ-സ്വകാര്യ-സർക്കാർ സ്ഥാപനങ്ങൾ

- മൊത്തം തൊഴിലാളികളുടെ 2% വികലാംഗർ ജോലി ചെയ്യുന്ന തൊഴിൽ ദാതാവ്
- വികലാംഗ ക്ഷേമ സ്ഥാപനങ്ങൾ

**ധനസഹായം**

ഏറ്റവും നല്ല വികലാംഗ തൊഴിലാളിക്ക് 10,000 രൂപയും, സാക്ഷ്യപത്രവും സ്ഥാപനങ്ങൾക്ക് 50000 രൂപയും സാക്ഷ്യപത്രവും സ്ഥാപനങ്ങൾക്ക് 5000 രൂപയും സാക്ഷ്യപത്രവും ലഭിക്കുന്നു.

**അപേക്ഷിക്കേണ്ടവിധം**

ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ നിന്നും ലഭിക്കുന്ന നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ചു താഴെ പറയുന്ന രേഖകൾ സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസർ വഴി സാമൂഹ്യനീതി ഡയറക്ടർക്ക് നൽകുകയും അവാർഡുകൾ നിർണ്ണയിച്ച് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

- തൊഴിലാളികളുടെ അപേക്ഷകൾ സ്ഥാപനമേധാവി ശുപാർശ ചെയ്തിരിക്കും
- അപേക്ഷയിൽ ഫോട്ടോയും വൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.

**10. വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാധനസഹായം**

**ഗുണഭോക്താക്കൾ**

- ഗ്രാമപ്രദേശത്തുള്ള 20000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വികലാംഗർ
- നഗരപ്രദേശങ്ങളിലെ 22375 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വികലാംഗർ

**നിർവ്വഹണം**

സാമൂഹ്യ നീതി ഓഫീസർ, ഒരു വർഷം പരമാവധി 5000 രൂപ ധനസഹായം നൽകുന്നു. ശാസ്ത്രക്രിയകൾ ഉൾപ്പെടെയുള്ള ചികിത്സ്, അപകടത്തെ തുടർന്ന് വികലാംഗനായ ആൾക്കുള്ള ധനസഹായം, വികലാംഗർക്ക് മറ്റ് പദ്ധതികളിലൊന്നിലും ലഭിക്കാത്ത ആവശ്യങ്ങൾ എന്നിവയ്ക്കാണ് ധനസഹായം നൽകുക

**അപേക്ഷിക്കേണ്ട വിധം**

സാമൂഹ്യ നീതി ഓഫീസുകളിൽ നിന്നും നിർദ്ദിഷ്ടമാതൃകയിലുള്ള അപേക്ഷാ ഫോറങ്ങൾ പൂരിപ്പിച്ചു വൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം സാമൂഹ്യ നീതി ഓഫീസർക്ക് നൽകണം.

**11. സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങൾക്കുള്ള ഗ്രാന്റ്**

അംഗീകൃത സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനാണ് ധനസഹായം നൽകുക.

**ഗുണഭോക്താക്കൾ**

ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകരിച്ച വികലാംഗ പുനരധിവാസകേന്ദ്രങ്ങൾ, ഗ്രാന്റ് അനുസരിച്ച് സർക്കാർ ഉത്തരവായ സ്ഥാപനങ്ങൾ, സർക്കാർ നിയമമനുസരിച്ച് നിജപ്പെടുത്തിയ എണ്ണം അന്തേവാസികൾ ഉള്ള കേന്ദ്രങ്ങൾ.

**ധനസഹായം**

അന്തേവാസികൾക്ക് പ്രതിമാസം 525 രൂപ വീതം ധനസഹായം ലഭിക്കുന്നു.

**അപേക്ഷിക്കേണ്ട വിധം**

നിശ്ചിത അപേക്ഷ ഫോം പൂരിപ്പിച്ച് താഴെപറയുന്ന രേഖകൾ സഹിതം ജില്ലാസാമൂഹ്യ നീതി ഓഫീസർ നേരിട്ട് പരിശോധിച്ച് ശുപാർശ ചെയ്ത് സാമൂഹ്യ നീതി ഡയറക്ടർക്ക് നൽകി ഡയറക്ടർ സാമൂഹ്യ നീതി ഓഫീസർ വഴി ധനസഹായം അനുവദിക്കുന്നു. അപേക്ഷയോടൊപ്പം അന്തേവാസികളുടെ ലിസ്റ്റ്, 3 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാര സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കണം.

**12. അന്ധരും അസ്ഥിസംബന്ധമായ വൈകല്യമുള്ളവരുമായ അഭിഭാഷകർക്കുള്ള ധന സഹായ പദ്ധതി**

**അർഹത**

- അന്ധരും അസ്ഥിസംബന്ധമായ വൈകല്യമുള്ളവരുമായ കേരളത്തിലെ ഏതെങ്കിലും കോടതികളിൽ പ്രവർത്തിക്കുന്ന അഭിഭാഷകർ
- കുടുംബ വാർഷിക വരുമാനം 18000 രൂപയിൽ കവിയാത്ത ആളുകൾ

**നിർവ്വഹണം**

സാമൂഹ്യ നീതി വകുപ്പ്

**ധനസഹായം**

സംസ്ഥാന സർക്കാർ ഫണ്ട് അന്ധരായ അഭിഭാഷകർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ പരമാവധി 5 വർഷത്തേക്ക് റീഡേഴ്സ് അലവൻസും, നിയമ പുസ്തകം, സ്യൂട്ട് എന്നിവ വാങ്ങുന്നതിനായി ഒരു തവണ 25,500 രൂപയും ലഭിക്കുന്നു. സെറിബ്രൽ പൾസിയുള്ള വർക്കും മറ്റുള്ളവർക്കും 2500 രൂപ ആദ്യകാല ചെലവിനായി നൽകുന്നു.

**അപേക്ഷിക്കേണ്ട വിധം**

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർ വഴി ഡയറക്ടർക്ക് സമർപ്പിച്ച് ധനസഹായം ലഭ്യമാക്കുന്നു.

**13. വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

**ഗുണഭോക്താക്കൾ**

- ഒന്നാം ക്ലാസ്സ് മുതൽ ബിരുതാനന്തര ബിരുദംവരെ (പ്രൊഫഷണൽ, ടെക്നിക്കൽ ട്രെയിനിംഗ് ഉൾപ്പെടെ)പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾ
- വാർഷിക വരുമാനം 36000 രൂപയിൽ കവിയാത്ത വികലാംഗ വിദ്യാർത്ഥികൾ
- മുൻവാർഷിക പരീക്ഷയിൽ 40% കുറയാത്ത മാർക്ക് ലഭിച്ചവർ

**ധനസഹായം**

1 മുതൽ 4 വരെ പ്രതിമാസം 100 രൂപയും 5 മുതൽ 10 വരെ 1250 രൂപയും +1, +2, .ടി.എ കോഴ്സുകൾക്ക് 150 രൂപയും എല്ലാ ഡിഗ്രി കോഴ്സുകൾ, തത്തുല്യ പോളിടെക്നിക് കോഴ്സുകൾ മുതലായവയ്ക്ക് 175 രൂപയും സി.ഇ/ബി.ടെക്/എം.ബി.ബി.എസ്/എൽ. എൽ.ബി/ബി.എഡ്/എൽ.എൽ.എം. എം.എസ് മുതലായവയ്ക്ക് 250 രൂപയും ലഭിക്കുന്നു. 1 മുതൽ +2 വരെ പഠിക്കുന്ന അന്ധ വിദ്യാർത്ഥികൾക്ക് പ്രതിമാസം 50 രൂപയും ബിരുദം മുതൽ പ്രൊഫഷണൽ കോഴ്സു വരെ പഠിക്കുന്ന അന്ധ വിദ്യാർത്ഥികൾക്ക് 100 രൂപയും റീഡേഴ്സ് അലവൻസായി ലഭിക്കുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന +1, +2 വിദ്യാർത്ഥികൾക്ക് 200 രൂപയും, ബി.എ/ബി.എസ്.സി/ബി.കോം വിദ്യാർത്ഥികൾക്ക് 230 രൂപയും പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് 300 രൂപയും അലവൻസ് ലഭിക്കുന്നു. അസ്ഥി സംബന്ധമായ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് യാത്രാബത്തയായി 100 രൂപ ലഭിക്കുന്നു.

**അപേക്ഷിക്കേണ്ട വിധം**

നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷാ ഫോറം ജില്ലാ സാമൂഹ്യനീതി ഓഫീസർ വഴി ഡയറക്ടർക്ക് സമർപ്പിച്ച് ധനസഹായം ലഭ്യമാക്കുന്നു.

**14. തടവുകാരുടെ മക്കൾക്കുള്ളവിദ്യാഭ്യാസ ധനസഹായം**

**ലക്ഷ്യം**

സ്ത്രീ തടവുകാരുടെ മക്കൾക്ക് വേണ്ട വിദ്യാഭ്യാസം ലഭ്യമാക്കുക

**ഗുണഭോക്താക്കൾ**

- സ്ത്രീ തടവുകാരുടെ മക്കൾ
- പുരുഷൻമാർ ദീർഘകാലമായി തടവിലായതിനാൽ സ്ത്രീ കുടുംബനാഥകളായ കുടുംബങ്ങളിലെ കുട്ടികൾ
- രണ്ടു വർഷമോ അതിൽ കൂടുതലോ തടവു ശിക്ഷ അനുഭവിക്കുന്നവരുടെ മക്കൾ
- ബി.പി.എൽ കുടുംബങ്ങളിലെ കുട്ടികൾ
- അംഗീകൃത സ്ഥാപനങ്ങളിലെ കുട്ടികൾ

**ധനസഹായം**

1 മുതൽ 10 വരെ പഠിക്കുന്ന കുട്ടികൾക്കു പ്രതിമാസം 500 രൂപ നിരക്കിൽ പരമാവധി 6000 രൂപയും, +1, +2, ഡിപ്ലോമ, ബിരുദ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ പരമാവധി 12000 രൂപയും ധനസഹായം ലഭിക്കുന്നു. തടവുശിക്ഷ അനുഭവിക്കുന്ന കാലയളവിൽ മാത്രമാണ് ധനസഹായം ലഭിക്കുക.

**അപേക്ഷിക്കേണ്ട വിധം**

പൂരിപ്പിച്ച നിശ്ചിത ഫോമിലുള്ള അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർ വഴി ഡയറക്ടർക്ക് നൽകി ഡയറക്ടർ ധനസഹായം അനുവദിക്കുന്നു.

**15. എച്ച്.ഐ.വി ബാധിതരായ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പോഷകാഹാര വിതരണ പദ്ധതി**

പോഷകാഹാരകുറവ് എച്ച്.ഐ.വി ബാധിതരുടെ പ്രതിരോധ ശക്തി കുറയ്ക്കുകയും അവർ എയ്ഡ്സ് എന്ന അവസ്ഥയിലെത്തി മരിക്കുകയും ചെയ്യുന്നു. ആയതിനാൽ ഇത്തരം രോഗികൾക്ക് പോഷകാഹാരം ഉറപ്പു വരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

**ഗുണഭോക്താവ്**

കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ കീഴിലുള്ള ആന്റി റിട്രോ വൈറൽ തെറാപ്പി ക്ലീനിക്കുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എച്ച്.ഐ.വി ബാധിതർ

**നിർവ്വഹണം**

സാമൂഹ്യ നീതി ഓഫീസർ

**16. മിശ്ര വിവാഹ ധനസഹായ പദ്ധതി**

**ഗുണഭോക്താക്കൾ**

- വാർഷിക വരുമാനം 22000 കവിയാത്ത മിശ്രവിവാഹിതർ
- വിവാഹം നിയമപരമായി രജിസ്റ്റർ ചെയ്തവർ
- വിവാഹം കഴിഞ്ഞ് 1 വർഷം കഴിയുകയും 3 വർഷം കവിയാത്തതുമായ മിശ്രവിവാഹിതർ
- പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന മിശ്രവിവാഹിതർ

**ധനസഹായം**

30,000 രൂപ ധനസഹായം ലഭിക്കുന്നു.

**നിർവ്വഹണം**

സാമൂഹ്യ നീതി വകുപ്പിന് വേണ്ടി ജില്ലാ സാമൂഹ്യ നീതി ഓഫീസർ

**അപേക്ഷിക്കേണ്ട വിധം**

നിർദ്ദിഷ്ട ഫോറം പൂരിപ്പിച്ച് താഴെപറയുന്ന രേഖകൾ സഹിതം ശിശു വികസന പദ്ധതി ഓഫീസർമാർ അന്വേഷണം നടത്തി ശുപാർശ ചെയ്ത് ജില്ലാ ഓഫീസർ ധനസഹായം അനുവദിക്കുന്നു.

**17. തടവുകാരുടെ ആശ്രിതരുടെ പുനരധിവാസ പദ്ധതി**

തടവുകാരുടെ ആശ്രിതരായ മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നും തന്നെയില്ലാത്ത ഭാര്യമാർ, തൊഴിലില്ലാത്തവരും അവിവാഹിതരുമായ ആൺമക്കൾ, പെൺമക്കൾ എന്നിവരെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ പദ്ധതി.

**ഗുണഭോക്താക്കൾ**

- 7 വർഷവും അതിൽ കൂടുതലും തടവ് ശിക്ഷ അനുഭവിക്കുന്നവരുടെ ആശ്രിതർ
- 24000 രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ളവർ
- തടവുശിക്ഷയ്ക്ക് കാരണമായ കുറ്റമല്ലാതെ മറ്റ് കുറ്റങ്ങളൊന്നും ചെയ്യാത്തവരുടെ ആശ്രിതർ
- മുമ്പ് സഹായം ലഭിക്കാത്തവർ

**അപേക്ഷിക്കേണ്ട വിധം**

നിർദ്ദിഷ്ട അപേക്ഷഫോറം ജില്ലാ പ്രൊബേഷണറി ഓഫീസിൽ നിന്നും ലഭ്യമാക്കി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്വയംതൊഴിലിന്റെ വിശദാംശങ്ങളും വാർഡ് മെമ്പർ/കൗൺസിലറുടെ ശുപാർശയും, ബാങ്ക്ലോൺ അനുവദിച്ചുകൊണ്ടുള്ള സാക്ഷ്യപത്രവും അടക്കം

പ്രൊബേഷണൽ ഓഫീസർ പരിശോധിച്ച് ഡയറക്ടർക്ക് അയച്ച് ധനസഹായം ഡി.ഡി യായി അനുവദിക്കുന്നു.

**18. അക്രമണത്തിനിരയായവരുടെ പുനരധിവാസം**

ആക്രമണത്തിനിരയായ വ്യക്തിയുടെ ചികിത്സ, വീടിന്റെ കേട്പാട് തീർക്കൽ, കൃഷിക്കുണ്ടായ നാശനഷ്ടങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം, സ്വയംതൊഴിൽ തുടങ്ങിയവയ്ക്ക് ധനസഹായം ലഭ്യമാക്കുന്നു. ആക്രമണത്തിനിരയായി മരിക്കുന്നവരുടെ ആശ്രിതർക്കും ധനസഹായം ലഭിക്കുന്നു.

**ഗുണഭോക്താക്കൾ**

ആക്രമണത്തിനിരയായവർ, ആക്രമണത്തിനിരയായവരുടെ ആശ്രിതർ (മക്കൾ, രക്ഷിതാക്കൾ, പ്രായപൂർത്തിയാകാത്ത സഹോദരൻ), കേരളത്തിലെ സ്ഥിരതാമസക്കാർ, ആക്രമണത്തിനിരയായി സർക്കാർ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവർ (സർക്കാർ ആശുപത്രി സേവനമില്ലാത്ത സ്ഥലങ്ങളിലെ അർഹതയുള്ളവരും ഇതിൽ ഉൾപ്പെടുന്നു.)

**ധനസഹായം**

10000 രൂപ

**അർഹത**

ജില്ലാകളക്ടർ അദ്ധ്യക്ഷനായ കമ്മിറ്റി ധനസഹായതുക നിശ്ചയിക്കുന്നു.

**അപേക്ഷിക്കേണ്ട വിധം**

ജില്ലാ പ്രൊബേഷണറി ഓഫീസറിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പൂരിപ്പിച്ച് താഴെപറയുന്ന രേഖകൾ അടക്കം സാമൂഹ്യനീതി ഡയറക്ടർക്ക് അയച്ച് ധനസഹായം ഡി.ഡി യായി ലഭ്യമാക്കുന്നു. ബലാത്സംഗകേസുകളിൽ കുട്ടികൾക്കും മുതിർന്നവർക്കും അതാത് സാമ്പത്തിക വർഷം തന്നെ സഹായം ലഭിക്കുന്നു. വിധവകൾക്കും വിവാഹമോചിതർക്കും അപേക്ഷിച്ചതിന്റെ അടുത്ത സാമ്പത്തിക വർഷം സഹായം ലഭിക്കുന്നു.

**ഹാജരാക്കേണ്ട രേഖകൾ**

മെഡിക്കൽ സർട്ടിഫിക്കറ്റ്, സ്ഥിരതാമസം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, കേസിന്റെ പ്രഥമ വിവര റിപ്പോർട്ടിന്റെ പകർപ്പ്

വീടിന്റെ കേടുപാടുകൾ തീർക്കുന്നതിനുള്ള ധനസഹായത്തിനായി തഹസിൽദാരിൽ നിന്നുള്ള സർട്ടിഫിക്കറ്റും കൃഷി നാശനഷ്ടത്തിന് കൃഷി ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റുകളും ഉണ്ടായിരിക്കണം.

**19. വികലാംഗർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ**

15 മുതൽ 25 വയസ്സു വരെ പ്രായമുള്ള വികലാംഗരുടെ സാമ്പത്തികസ്ഥിരതയും സ്വാതന്ത്ര്യവും ഉറപ്പു വരുത്തുന്നതിനായി അവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് കോഴിക്കോടും (ബുക്ക് ബൈന്റിംഗ്, ലെതർവർക്ക്സ്, ഡി.ടി.പി) തിരുവനന്തപുരത്തും (ബുക്ക് ബൈന്റിംഗ്, ടൈലറിംഗ് & എംബ്രോയ്ഡറി, ഡി.ടി.പി, ഫാഷൻ ഡിസൈനിംഗ്) കേന്ദ്രങ്ങൾ വഴി ഈ പദ്ധതി ലക്ഷ്യമിടുന്നു.

**ഗുണഭോക്താക്കൾ**

- 15 മുതൽ 25 വയസ്സ് വരെ പ്രായമുള്ള വികലാംഗർ

- തൊഴിൽ പരിശീലനത്തിന്റെ ആഭിമുഖ്യത്തിലുള്ള മേൽപറഞ്ഞ വിധം

**അപേക്ഷിക്കേണ്ട വിധം**

നിർദ്ദിഷ്ടഫോറങ്ങൾ അതാത് തൊഴിൽ പരിശീലനത്തിൽ ലഭ്യമാക്കി സമർപ്പിച്ചാൽ മതി.

**20. ദുർബല ജനവിഭാഗങ്ങൾക്കുള്ള സംരക്ഷണ പദ്ധതി**

അനാരോഗ്യം ബാധിച്ച നിരാശ്രയരും, അശരണരുമായ തെരുവിൽ അലയുന്നവർക്കും, രോഗം ഭേദമായതിനുശേഷവും ആശുപത്രികളിൽ കഴിയുവാൻ നിർബന്ധിതരുമായവരെ ഏറ്റെടുത്ത് സംരക്ഷിക്കുന്ന സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകുന്നതിനാണീ പദ്ധതി

**ഗുണഭോക്താക്കൾ**

- അനാരോഗ്യം ബാധിച്ച് നിരാശ്രയരും അശരണരുമായി തെരുവിൽ കഴിയുന്നവർ
- രോഗം ഭേദമായതിനുശേഷവും ആശുപത്രികളിൽ കഴിയുവാൻ നിർബന്ധിതരാകുന്നവർ
- ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങൾ
- ഒരു രജിസ്റ്റേർഡ് സംഘടനയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനം
- സ്ഥാപനം മെച്ചപ്പെട്ട രീതിയിൽ നടത്തുവാൻ സാമ്പത്തിക ശേഷിയുള്ള സ്ഥാപനം
- നിയമപ്രകാരം രൂപീകരിക്കപ്പെട്ട ഭരണസമിതിയുള്ള സംഘടന

**അപേക്ഷിക്കേണ്ട വിധം**

അപേക്ഷ, സേവനങ്ങൾ നൽകാൻ തയ്യാറുള്ള സന്നദ്ധസംഘടനകളിൽ നിന്നും താഴെപറയുന്ന രേഖകൾ അടക്കം സാമൂഹ്യനീതി ഓഫീസർ ലഭ്യമാക്കുന്നു.

1. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
2. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാര സർട്ടിഫിക്കറ്റ്
3. മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ബൈലോ എന്നിവയുടെ പകർപ്പ്
4. കഴിഞ്ഞ 2 വർഷത്തെ ഭരണ റിപ്പോർട്ട്
5. കഴിഞ്ഞ 2 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്
6. നിലവിലുള്ള ഭരണസമിതി അംഗങ്ങളുടെ പേരും മേൽവിലാസവും തെരഞ്ഞെടുക്കപ്പെട്ട തീയ്യതിയും.
7. വാടകകെട്ടിടമാണെങ്കിൽ അത് സംബന്ധിച്ച് കെട്ടിട ഉടമയുമായി ഉണ്ടാക്കിയ കരാർ
8. കെട്ടിടത്തിന്റെ വിസ്തൃതി തെളിയിക്കുന്നതിന് പി.ഡബ്ല്യു.ഡി എഞ്ചിനീയർ നൽകിയ സർട്ടിഫിക്കറ്റ്
9. ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർ നൽകിയ സ്ഥാപനത്തിന്റെ ശുചിത്വ റിപ്പോർട്ട്
10. ജീവനക്കാരുടെ ലിസ്റ്റ്

**ധനസഹായം എങ്ങനെ അനുവദിക്കുന്നു**

- ജില്ലാ സാമൂഹ്യ നീതി ഓഫീസർ പരിശോധിച്ച് അപേക്ഷകൾ ശുപാർശ ചെയ്ത് ഡയറക്ടർക്ക് നൽകുന്നു.
- അനുയോജ്യരായ സംഘടനകളെ ഇതിന് വേണ്ടി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി (ജില്ലാകളക്ടർ ചെയർമാൻ) തെരഞ്ഞെടുക്കുന്നു.

- ഓരോ ജില്ലയിലും രണ്ടിൽ കുറയാത്ത സ്ഥാപനങ്ങൾ
- സാമൂഹ്യനീതി ഡയറക്ടർ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നു.

**21. സൈക്കോ സോഷ്യൽ സർവ്വീസസ് പദ്ധതി**

കൗമാരക്കാരായ പെൺകുട്ടികളുടെ മാനസിക-ശാരീരിക- സാമൂഹ്യ അവസ്ഥകളെ മെച്ച പ്പെടുത്തുനനതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു.

**ഗുണഭോക്താക്കൾ**

10 മുതൽ 19 വയസ്സുവരെ പ്രായമുള്ള പെൺകുട്ടികൾ

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 500 സ്കൂളിലെ പെൺകുട്ടികൾ

**നിർവ്വഹണം**

സാമൂഹ്യനീതി വകുപ്പിലെ ജില്ല/ബ്ലോക്ക്തല ഉദ്യോഗസ്ഥർ

**ധനസഹായത്തിന്റെ സ്വഭാവം**

- പരിചയസമ്പന്നയും വിദഗ്ധയുമായ ഒരു കൗൺസിലറുടെ സേവനം ഇത്തരം സ്കൂളുകളിൽ ലഭ്യമാണ്.
- കുട്ടികൾക്ക് കൗൺസലിംഗും ഗൈഡൻസും ലഭിക്കുന്നു.
- ആരോഗ്യവകുപ്പുമായി ചേർന്ന് ഹെൽത്ത് ക്ലീനിക്കുകൾ നടത്തി കുട്ടികളുടെ ആരോഗ്യ പരിശോധന നടത്തുന്നു.
- വൈദ്യസഹായം ആവശ്യമായ കുട്ടിക്ക് അത് നൽകുന്നു.

**സംഘാടനം**

സ്കൂൾ കൗൺസിലറെ തെരഞ്ഞെടുക്കുന്നത് ജില്ലാതലത്തിലുള്ള ഇന്റർവ്യൂ ബോർഡ്

**22. ആശ്വാസകിരണം പദ്ധതി**

ഒരു മുഴുവൻ സമയ പരിചാരകന്റെ ആവശ്യമുള്ള വിധം കിടപ്പിലായ രോഗികളേയും മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവരേയും പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതി.

**ഗുണഭോക്താക്കൾ**

വരുമാന പരിധിയില്ല. എല്ലാ മാനസിക രോഗികൾ, ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധി മാന്ദ്യം ബാധിച്ചവർ

സ്വന്തം കാര്യങ്ങളൊന്നും സ്വയം ചെയ്യാൻ കഴിയാത്തവർ, പൊതുസഹജമായ കാരണ ങ്ങളല്ലാതെ തീർത്തും കിടപ്പിലായവർ

**ധനസഹായം**

പ്രതിമാസം 525/ രൂപ

**അപേക്ഷിക്കേണ്ടവിധം**

ഐ.സി.ഡി.എസ്/അങ്കണവാടികൾ എന്നിവയിൽ നിന്നും അപേക്ഷാ ഫോറം പൂരിപ്പിച്ച് താഴെപറയുന്ന രേഖകൾ സഹിതം ഐ.സി.ഡി.എസ് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തി ശിശുവികസന ഓഫീസർമാർക്ക് നൽകുന്നു.

രേഖകൾ സമർപ്പിക്കേണ്ടത്

- രോഗിയുടേയും പരിചാരകന്റേയും ബി.പി.എൽ റേഷൻകാർഡ്/വില്ലേജോഫീസ റിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്

- നിശ്ചിത ഫോർമാറ്റിലുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ്
- പോസ്റ്റോഫീസ് അക്കൗണ്ട് വിവരങ്ങൾ
- സാമൂഹ്യ സുരക്ഷാ മിഷൻ അപേക്ഷകൾ പരിശോധിച്ച് തുക അക്കൗണ്ടിൽ നിക്ഷേപിക്കും.
- വിധവ, വാർദ്ധക്യ, കർഷകതൊഴിലാളി മറ്റ് ക്ഷേമപെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭിക്കുന്നതാണ്.

**22. കാൻസർ സുരക്ഷാ പദ്ധതി**

18 വയസ്സിന് താഴെ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സാ സഹായം നൽകുന്നു.

**ഗുണഭോക്താക്കൾ**

- 8 വയസ്സിനു താഴെ പ്രായമുള്ള ബയോപ്സിയിലൂടെയും മറ്റു ക്യാൻസറാണെന്ന് കണ്ടെത്തിയ കുട്ടികൾ
- നിർദ്ദിഷ്ട ആശുപത്രികളിൽ ക്യാൻസർ ചികിത്സ നടത്തുന്ന കുട്ടികൾ
- പൊതുമേഖല/സർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ മക്കളല്ലാത്തവർ
- മറ്റ് മെഡിക്കൽ ഇൻഷുറൻസ് ഇല്ലാത്തവർ
- നിർദ്ദിഷ്ട ആശുപത്രികളിലെ ജനറൽ വാർഡുകളിൽ കഴിയുന്നവർ

**ധനസഹായം**

സാമൂഹ്യ സുരക്ഷാമിഷൻ ഫണ്ട് നിർദ്ദിഷ്ട ആശുപത്രികൾക്ക് നൽകുന്നു. ആദ്യഘട്ടത്തിൽ ഒരു കുട്ടിക്ക് പരമാവധി 50000 രൂപയാണ് നൽകുന്നത് എന്നിരുന്നാലും ക്യാൻസർ വിദഗ്ധർ, റേഡിയോളജി വകുപ്പ് തലവൻ, ആശുപത്രി സൂപ്രണ്ട് എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മിഷന്റെ സാധുകരണത്തിന് വിധേയമായി കൂടുതൽ തുക ചെലവഴിക്കാവുന്നതാണ്.

**അപേക്ഷിക്കേണ്ട വിധം**

നിർദ്ദിഷ്ട അപേക്ഷയുടെ ആവശ്യമില്ല. അതത് ആശുപത്രികളിലെ സുരക്ഷാമിഷന്റെ കൗൺസിലർമാർ സാമൂഹ്യ സാമ്പത്തിക വിശകലനം നടത്തുന്നു. അർഹരാണെന്ന് കണ്ടെത്തിയ രോഗികൾ പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്യുന്നു. രജിസ്റ്റർ ചെയ്ത രോഗികൾക്ക് ആശുപത്രികൾ വഴി സൗജന്യമായി ചികിത്സ ലഭ്യമാക്കുന്നു.പദ്ധതി നടത്തുന്നത് കേരളത്തിലെ താഴെപറയുന്ന ആശുപത്രികളിലൂടെയാണ്.

1. ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശൂർ, കോഴിക്കോട്
2. ഐ.എം.സി.എച്ച് മെഡിക്കൽ കോളേജ് കോഴിക്കോട്
3. ഐ.സി.എച്ച് മെഡിക്കൽ കോളേജ് കോഴിക്കോട്
4. കോപ്പറേറ്റീവ് മെഡിക്കൽ കോളേജ് കണ്ണൂർ
5. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
6. ജനറൽ ആശുപത്രി, എറണാകുളം
7. മലബാർ ക്യാൻസർ സെന്റർ കണ്ണൂർ.

**23. താലോലം**

18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കുണ്ടാകുന്ന ഹൃദയസംബന്ധമായ രോഗങ്ങൾ താലസീമിയ, സിക്കിൾസെൽ അനീമിയ, നാഡീരോഗങ്ങൾ,സെറിബ്രൽ പാൾസി, ഓട്ടിസം, ഹീമോഫീലിയ, അസ്ഥി വൈകല്യങ്ങൾ, എൻഡോസൾഫാൻ, രോഗബാധിതരുടെ രോഗങ്ങൾ, ഡയാലിസിസ്, ശാസ്ത്രക്രിയ അടക്കമുള്ള ചികിത്സയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. കൂടുതൽ വിദഗ്ധ ചികിത്സക്കാവശ്യമായ ചികിത്സാചെലവുകൾക്ക് പരിധി ഏർപ്പെടുത്തിയിട്ടില്ല.

**അപേക്ഷിക്കേണ്ട വിധം**

നിർദ്ദിഷ്ട അപേക്ഷാ ഫോറം ആവശ്യമില്ല. അതത് ആശുപത്രികളിലെ സുരക്ഷാമിഷൻ കൗൺസിലിന്റെ സാമൂഹ്യ സാമ്പത്തികവിശകലനം നടത്തി. അർഹരായവർക്ക് ആശുപത്രികൾ വഴി ധനസഹായം ലഭ്യമാക്കുന്നു. താഴെപറയുന്ന ആശുപത്രികളിലൂടെ പദ്ധതി നടപ്പിലാക്കുന്നു.

1. ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം,
2. ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം
3. ഗവൺമെന്റ് മെഡിക്കൽ കോളേജ്, ആലപ്പുഴ
4. ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശൂർ
5. ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്
6. ഐ.എം.സി.എച്ച് മെഡിക്കൽ കോളേജ് കോഴിക്കോട്
7. ഐ.സി.എച്ച് മെഡിക്കൽ കോളേജ് കോഴിക്കോട്
8. കോപ്പറേറ്റീവ് മെഡിക്കൽ കോളേജ് കണ്ണൂർ
9. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
10. ജനറൽ ആശുപത്രി, എറണാകുളം
11. മലബാർ ക്യാൻസർ സെന്റർ കണ്ണൂർ.
12. ശ്രീചിത്തിരതിരനാൾ ആശുപത്രി, തിരുവനന്തപുരം
13. കോപ്പറേറ്റീവ് മെഡിക്കൽ കോളേജ് കൊച്ചി
14. ചെസ്റ്റ് ഹോസ്പിറ്റൽ തൃശൂർ
15. ജനറൽ ഹോസ്പിറ്റൽ കാസർഗോഡ്

**24. ശ്രുതിതരംഗം**

5 വയസ്സുവരെ പ്രായമുള്ള ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷനിലൂടെ കേൾവിയും ഓഡിയോ വെർബൽ ഫാബിലിറ്റേഷനിലൂടെ സംസാര ശേഷിയും ലഭ്യമാക്കുന്നതിനാണീ പദ്ധതി

**ഗുണഭോക്താക്കൾ**

5 വയസ്സുവരെ പ്രായമുള്ള കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ പൂർണ്ണമായും കേൾവി ശക്തി ലഭിക്കുമെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയ കുട്ടികൾ

പ്രതിവർഷം 2 ലക്ഷം വരെ വരുമാനമുള്ള കുട്ടികൾ

നിർദ്ദിഷ്ട ആശുപത്രികൾ ചികിത്സ നടത്തുന്ന കുട്ടികൾ

**ധനസഹായം**

അഞ്ചരക്ഷം രൂപ വരുന്ന സർജറി പൂർണ്ണമായും സൗജന്യമാണ്.

**അപേക്ഷിക്കേണ്ട വിധം**

- നിർദ്ദിഷ്ട അപേക്ഷാ ഫോറം സാമൂഹ്യസുരക്ഷാമിഷൻ വെബ്സൈറ്റ്, ശ്രുതിത രംഗം പദ്ധതിയുടെ വെബ്സൈറ്റ്, സുരക്ഷാമിഷൻ ഓഫീസ് എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു.
- അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരും സാങ്കേതിക വിദഗ്ധരും സർട്ടി ഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തിയിരിക്കണം.
- അപേക്ഷകൾ സാമൂഹ്യ സുരക്ഷാമിഷന്റെ തിരുവനന്തപുരത്തെ ഓഫീസിൽ സമർപ്പിക്കണം.

**ചികിത്സ ലഭിക്കുന്ന ആശുപത്രികൾ**

1. ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. സാന്ത്വനം ഹോസ്പിറ്റൽ, തിരുവനന്തപുരം
3. കിംസ് ഹോസ്പിറ്റൽ
4. ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്
5. മിംസ് ഹോസ്പിറ്റൽ കോഴിക്കോട്
6. ഡോ. മനോജ്, ഇ.എൻ.ടി ഹോസ്പിറ്റൽ കോഴിക്കോട്
7. ഡോ. നൗഷാദ് ഇ.എൻ.ടി ഹോസ്പിറ്റൽ എറണാക്കുളം
8. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, കൊച്ചി
9. വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റൽ, തൃശൂർ
10. അൽഷിഫാ ഹോസ്പിറ്റൽ പെരിന്തൽമണ്ണ

**25. സ്നേഹപൂർവ്വം പദ്ധതി**

മാതാപിതാക്കളിൽ ആരെങ്കിലും മരിച്ചുപോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തിക പരാധീനതയിൽ കുട്ടികളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയിൽ ഇത്തരം കുട്ടികളെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടു വരുന്നതിന് പ്രതിമാസ ധനസഹായം നൽകുന്നതാണ് ഈ പദ്ധതി.

**മാനദണ്ഡങ്ങൾ**

ദരിദ്ര കുടുംബങ്ങളിലെ, സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രിവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നു. വരുമാനപരിധി നഗരങ്ങളിൽ 22375/ രൂപയും പഞ്ചായത്തുകളിൽ 20,000 രൂപ വരേയും.

**ധനസഹായം**

| | |
|---|---|
| ക്ലാസ്സ് 1 മുതൽ 5 വരെ | - പ്രതിമാസം 300 രൂപ |
| ക്ലാസ്സ് 6 മുതൽ 10 വരെ | - പ്രതിമാസം 500 രൂപ |
| +1,+2 ക്ലാസ്സുകൾ | - പ്രതിമാസം 75 രൂപ |
| കോളേജ് തലം | - പ്രതിമാസം 1000 രൂപ |

**ഹാജരാക്കേണ്ട രേഖകൾ**

1. മാതാവിന്റെ/ പിതാവിന്റെ മരണ സർട്ടിഫിക്കറ്റ്
2. ബി.പി.എൽ സർട്ടിഫിക്കറ്റ് /ബി.പി.എൽ റേഷൻ കാർഡിന്റെ കോപ്പി/വില്ലേജ് ഓഫീസറിൽ നിന്നുമുള്ള വരുമാന സർട്ടിഫിക്കറ്റ്
3. 5 വയസ്സിനു താഴെയുള്ള കുട്ടിയാണെങ്കിൽ ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ സർട്ടിഫിക്കറ്റ്
4. നിലവിലുള്ള രക്ഷാകർത്താവിന്റേയും, കുട്ടിയുടേയും പേരിൽ നാഷ്ണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് തുടങ്ങി പാസ്സ്ബുക്കിന്റെ പകർപ്പ്

അപേക്ഷകൾ പഞ്ചായത്തോഫീസുകൾ/മുൻസിപ്പാലിറ്റികൾ/ സ്കൂളുകൾ/അങ്കണവാടി വർക്കർമാർ എന്നിവിടങ്ങളിൽ നിന്നും സാമൂഹ്യ സുരക്ഷാ വെബ്സൈറ്റ്/ഓഫീസ് എന്നിവിടങ്ങളിൽ നിന്നും ലഭ്യമാണ്.

**26. സ്നേഹസ്പർശം പദ്ധതി**

അവിവാഹിതരായ അമ്മമാർക്ക് പ്രതിമാസം 1000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി

**മാദനണ്ഡങ്ങൾ**

- അവിവാഹിതാവസ്ഥയിൽ പല വിധ ചൂഷണങ്ങളിലൂടെ അമ്മയായവരും, നിലവിൽ കുട്ടികളുണ്ടായിരിക്കുന്നവരുമായിരിക്കണം.
- നിലവിൽ വിവാഹിതരോ ഏതെങ്കിലും പുരുഷനുമൊത്ത് കുടുംബമായി കഴിയുന്നവരോ ആയിട്ടുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുകയില്ല.
- വരുമാന പരിധിയില്ല.

അപേക്ഷകൾ ബന്ധപ്പെട്ട സാമൂഹ്യക്ഷേമ ഓഫീസിൽ നിന്നും സാമൂഹ്യ സുരക്ഷാമിഷന്റെ വെബ്സൈറ്റ്, ഓഫീസ് എന്നിവിടങ്ങളിൽ നിന്നും

**27. വയോമിത്രം പദ്ധതി**

വയോജനങ്ങളുടെ ആരോഗ്യസംരക്ഷണ പരിപാലന പദ്ധതിയാണിത്

**അർഹതാമാനദണ്ഡം**

- 65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് നഗരപ്രദേശങ്ങളിൽ മൊബൈൽ ക്ലീനിക്കും വൈദ്യസഹായവും മരുന്നും സൗജന്യമായി നൽകുന്നു.
- കിടപ്പുരോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോംകെയർ നൽകുന്നു
- ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടുപോകുന്നതിനും തിരിച്ച് കൊണ്ട് വരുന്നതിനും സൗജന്യ ആംബുലൻസ് സേവനം നൽകുന്നു.

**28. കാരുണ്യ ഡെപ്പോസിറ്റ് സ്കീം.**

സ്പെഷൽ സ്കൂളുകളിലേയും മറ്റ് സ്ഥാപനങ്ങളിലേയും മാനസിക ശാരിരിക വൈകല്യമുള്ള കുട്ടികളുടെ വൈദ്യസഹായത്തിനും വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഫണ്ട് സ്വരൂപിക്കുക, ഒരു ലക്ഷമോ അതിന്റെ ഗുണിതങ്ങളായ സംഖ്യയോ സന്നദ്ധരായ വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ശേഖരിച്ച് സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ച് അതിന്റെ പലിശ ഗുണമുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കുക, ഒരു വർഷത്തിനുശേഷം

നിക്ഷേപതുക തിരിച്ചു നൽകുന്നു. പലിശയും മിഷന്റെ ഫണ്ടിൽ നിന്നും തത്തുല്യ തുകയും മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിയ്ക്ക് നൽകുകയും ചെയ്യുന്നു.

**ഗുണഭോക്താക്കൾ**

- 5 മുതൽ 18 വയസ്സുവരെ പ്രായമുള്ള മാനസിക-ശാരിരിക വെല്ലുവിളി നേരിടുന്ന കുട്ടികൾ
- സ്കൂളുകളിൽ പോകുന്ന അനാഥാലയത്തിലും സ്പെഷൽ സ്കൂളുകളിലും പഠിക്കുന്ന കുട്ടി
- കേരള സർക്കാരോ ഇന്ത്യ ഗവൺമെന്റോ അംഗീകരിച്ച സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടി

ഗുണഭോക്താവിനെ തെരഞ്ഞെടുക്കാൻ നിക്ഷേപകന് സ്വാതന്ത്ര്യമുണ്ട്.

**ധനസഹായം**

തുകയുടെ പലിശ കുട്ടികൾക്ക്, ശസ്ത്രക്രിയ, സ്പെഷൽ ഉപകരണങ്ങൾ, വൈദ്യസഹായം, ട്യൂഷൻ ഫീസ്, പോഷകാഹാരം, വസ്ത്രങ്ങൾ, കമ്പ്യൂട്ടർ എന്നിവയും നൽകുന്നു.

**29. പരിപാലനം പദ്ധതി**

ജീവിതത്തിന്റെ സായംകാലങ്ങളിൽ വീടുകളിൽ അടച്ചിടുന്ന വൃദ്ധർക്ക് സാന്ത്വനവും സ്വാതന്ത്ര്യവും ഉല്ലാസവും നൽകുന്നതാണീ പദ്ധതി.

**ഗുണഭോക്താക്കൾ**

- 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ
- ആരുമില്ലാതെ പകൽ സമയങ്ങളിൽ വീടുകളിൽ ഒറ്റപ്പെടുന്ന വയോജനങ്ങൾ

**പ്രവർത്തനങ്ങൾ**

- വയോജനങ്ങൾക്കായി പാർക്ക് സ്ഥാപിക്കുക
- രാവിലെ മുതൽ വൈകുന്നേരം വരെ വയോജനങ്ങൾക്ക് സമയം ചെലവിടാൻ സ്ഥലമുണ്ടാക്കുക
- നടക്കാനും വിശ്രമിക്കാനും സൗകര്യമുണ്ടാക്കുക
- മാനസികോല്ലാസത്തിന് സൗകര്യമുണ്ടാക്കുക

**30. അന്നാദായിനി**

ഉൾക്കാടുകളിലുള്ള ഗുരുതര പോഷണക്കുറവ് അനുഭവിക്കുന്ന ആദിവാസി വിഭാഗക്കാർക്ക് ഉച്ചയൂണ് നൽകുക.

**ഗുണഭോക്താക്കൾ**

- മലപ്പുറം ജില്ലയിലെ വെറ്റിലക്കൊല്ലി, കമ്പളപ്പാറ, മണ്ണല, ആലക്കർ എന്നീ ആദിവാസി കോളനിയിലെ താമസക്കാർ
- ഗുരുതരമായ പോഷണക്കുറവ് അനുഭവിക്കുന്ന ആദിവാസികൾ
- സാമൂഹ്യസുരക്ഷാ മിഷൻ വഴി ഗുണഭോക്താക്കളെ കണ്ടെത്തുന്നു.

**31. ഹംഗർ ഫ്രീ സിറ്റി (വിശപ്പുരഹിത നഗരം) പദ്ധതി**

പ്രത്യേക സാഹചര്യങ്ങളിൽപ്പെട്ട് നഗരങ്ങളിൽ എത്തിച്ചേരുകയും സ്വന്തമായി ഭക്ഷണം വാങ്ങി കഴിക്കുന്നതിന് പണമില്ലാതെ ബുദ്ധിമുട്ടുന്നവർക്ക് ഒരു നേരത്തെ ഭക്ഷണമെങ്കിലും ലഭ്യമാക്കുന്നതിന് ആരംഭിച്ച വിശപ്പുരഹിത നഗരം പദ്ധതിയിലൂടെ കോഴിക്കോട്

മെഡിക്കൽ കോളേജ് കോട്ടപറമ്പ്, ബീച്ച് ഹോസ്പിറ്റൽ എന്നിവിടങ്ങളിലെ രോഗികൾക്കും കുടിയിരിപ്പുക്കാർക്കും അലഞ്ഞു തിരിയുന്നവർക്കും പ്രതിദിനം ഒരു നേരത്തെ ആഹാരം നൽകുന്നു.

തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് നഗരസഭാ പരിധിയിലും മലപ്പുറം നഗരസഭാ പരിധിയിലും ഇത്തരത്തിൽ 500 ഓളം പേർക്കും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2000 ത്തോളം പേർക്കും ഹംഗർഫ്രീ സിറ്റി പദ്ധതിയിലൂടെ ഒരു നേരത്തെ ആഹാരം നൽകി വരുന്നു.

**32. വ്യത്യസ്ത വൈകല്യമുള്ളവർക്ക് വൈകല്യ നിർണ്ണയ തിരിച്ചറിയൽ കാർഡും, സർട്ടിഫിക്കറ്റും നൽകുന്ന പദ്ധതി**

സംസ്ഥാനത്തെ വൈകല്യം ബാധിച്ച മുഴുവൻ പേരേയും കണ്ടെത്തി അവർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അടിസ്ഥാനമാർഗരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചരിയൽകാർഡും നൽകുന്നതിനുള്ള പദ്ധതി

**ഗുണഭോക്താക്കൾ**

- മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും ഇല്ലാത്ത മാനസിക ശാരിരിക വൈകല്യം ബാധിച്ചവർ
- പുതുക്കേണ്ട ആളുകൾ

**അപേക്ഷിക്കേണ്ടവിധം**

- നിർദ്ദിഷ്ട അപേക്ഷാ ഫോറം സാമൂഹ്യ സുരക്ഷാമിഷന്റെ ഓഫീസ്, ഐ.സി.ഡി. എസ് ഓഫീസുകൾ, അങ്കണവാടികൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു.
- പൂരിപ്പിച്ച അപേക്ഷകൾ ഐ.സി.ഡി.എസ് ഓഫീസുകളിൽ നൽകണം.

**പ്രവർത്തനങ്ങൾ**

- സിവിൽ സർജൻ റാങ്കിൽ കുറയാത്ത ഒരു ഡോക്ടർ അദ്ധ്യക്ഷനായ 5 ഡോക്ടർ മാർ എങ്കിലുമുള്ള ബോർഡ് പരിശോധിപ്പിക്കുന്നു.
- ബ്ലഡ് ഗ്രൂപ്പ് പരിശോധിക്കുന്നതിനായി ഒരു ലാബ് ടെക്നീഷ്യൻ, കണ്ണുപരിശോധന യ്ക്കായി ഒരു ഒപ്ടോമെട്രീഷ്യൻ, കേൾവി പരിശോധിക്കുന്നതിനായി ഒരു ഓഡി യോളജിസ്റ്റ് എന്നിവർ ഉണ്ടാകും.
- സി.ഡിറ്റിൽ നിന്നുമുള്ള വിദഗ്ധർ ലാമിനേറ്റു ചെയ്തു തിരിച്ചറിയൽ കാർഡും പാസ്ബുക്കും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും നൽകുന്നു.

**33. സ്നേഹസാന്ത്വനം പദ്ധതി**

കാസർകോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പെൻഷൻ നൽകുന്ന പദ്ധതിയാണിത്.

**അർഹതയും ധനസഹായവും**

ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വികലാംഗപെൻഷൻ ലഭിക്കുന്നവർക്ക് 1700/ രൂപയും പെൻഷൻ ലഭിക്കാത്തവർക്ക് 2000

രൂപയും എൻഡോസൾഫാൻ ദുരിതബാധിരതായ മറ്റ് രോഗികൾക്ക് 1000/- രൂപയും പ്രതിമാസ ധനസഹായം നൽകുന്നു. കൂടാതെ തീർത്തും കിടപ്പിലായ രോഗികളെ പരിചരിക്കുന്നവർക്ക് പ്രതിമാസം 700/ രൂപ നൽകുന്നു.

**34. എൻഡോസൾഫാൻ ബാധിതരുടെ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം**

എൻഡസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങളിലെ 1 മുതൽ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്കായാണ് പദ്ധതി.

**ധനസഹായം**

| | |
|---|---|
| 1 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് | - 2000 രൂപ |
| 8 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് | - 3000 രൂപ |
| +1,+2 ക്ലാസ്സുകൾ | - 4000 രൂപ |

തുക ഒരു വർഷം ഒറ്റത്തവണയായി ലഭിക്കുന്നു.

**35. സമാശ്വാസം പദ്ധതി**

വൃക്കതകരാർ സംഭവിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപെടുന്ന രോഗികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. വൃക്ക/കരൾ അവയവമാറ്റിവയ്ക്കൽ ശാസ്ത്രക്രിയയ്ക്ക് വിധേയനായവർക്കും ധനസഹായത്തിന് അർഹതയുണ്ട്.

**ധനസഹായം**

പ്രതിമാസം 900 രൂപ നിരക്കിൽ

**മാനദണ്ഡങ്ങൾ**

1. ബി.പി.എൽ സർട്ടിഫിക്കറ്റ്/ ബി.പി.എൽ റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
2. രോഗി പ്രതിമാസം ഡയാലിസിസിന് വിധേയമാകുന്നുവെന്നുള്ള സർക്കാർ/ സ്വകാര്യ ആശുപത്രിയിലെ വൃക്കരോഗ വിദഗ്ധർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിൽ ഡയാലിസിസ് ആരംഭിച്ച തീയതി രേഖപ്പെടുത്തേണ്ടതാണ്.
3. അപേക്ഷകന്റെ പേരിൽ നാഷ്ണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്
4. ആധാർ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്
5. ഡയാലിസിസിന്റെ ഇടവേള ഒരു മാസത്തിൽ കുറവ്

**അപേക്ഷിക്കേണ്ട വിധം**

അപേക്ഷകർ പഞ്ചായത്തോഫീസുകൾ, കോർപ്പറേഷൻ/മുനിസിപ്പൽ ഓഫീസുകൾ, അങ്കണവാടി വർക്കർമാർ എന്നിവിടങ്ങളിൽ നിന്നും സാമൂഹ്യസുരക്ഷാ മിഷൻ വെബ്സൈറ്റ്/ഓഫീസ് എന്നിവിടങ്ങളിൽ നിന്നും ലഭ്യമാണ്.

**36. സ്റ്റേയ്റ്റ് ഇനിഷിയോറ്റീവ് ഓൺ സീസബിലിറ്റി**

വൈകല്യം തടയാൻ പ്രാരംഭ നിർണ്ണയ ഇടപെടൽ, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി സർക്കാർ പ്രത്യേക താല്പര്യമെടുത്തു തുടങ്ങിയ പരിപാടിയാണിത്

**ഗുണഭോക്താക്കളും ധനസഹായവും**

വൈകല്യ പ്രതിരോധ പരിപാടിയുടെ ബാഗമായി ജന്മനായുള്ള വൈകല്യം തടയുന്നതിലേക്കായി സൗജന്യമായി കുട്ടികൾക്ക് എംഎംആർ കുത്തിവെപ്പും 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് റൂബെല്ലാ കുത്തിവെപ്പും നൽകുന്നു. കൂടാതെ കേരളത്തിലെ 14 ജില്ലകളിലും കുട്ടികളിലെ വളർച്ചക്കുറവ് കണ്ടുപിടിക്കുന്നതിനായി ജില്ല പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC)തുടങ്ങുന്നുണ്ട്.

**37. ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളായ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം**

**ഗുണഭോക്താക്കൾ**

സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളായ പെൺകുട്ടികൾ

**നിർവ്വഹണം**

സ്ഥാപന സൂപ്രണ്ടുമാർ

**ധനസഹായം**

50,000 രൂപ

**എന്തു ചെയ്യുന്നു.**

- അന്തേവാസികളായ പെൺകുട്ടികളെ വിവാഹം കഴിക്കാൻ താല്പര്യമുള്ള യുവാക്കൾ സൂപ്രണ്ടിന് അപേക്ഷ നൽകുന്നു.
- സൂപ്രണ്ട് പെൺകുട്ടിയുടേയും ആൺകുട്ടിയുടേയും ബയോഡാറ്റ പ്രകാരം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കുന്നു.
- അദ്ദേഹം പ്രൊബേഷൻ ഓഫീസർമാർക്ക് അത് അന്വേഷണത്തിനായി നൽകുന്നു.
- അന്വേഷണ റിപ്പോർട്ട് ക്ഷേമസ്ഥാപനത്തിന് നൽകുന്നു.
- റിപ്പോർട്ട് അനുസരിച്ച് പെൺകുട്ടിയുടെ കല്ല്യാണം നിശ്ചയിച്ചാൽ സൂപ്രണ്ട് അപേക്ഷ സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കുകയും ഡയറക്ടർ സഹായം അനുവദിക്കുകയും ചെയ്യുന്നു.

**38. മുൻകുറ്റവാളികൾ, പ്രൊബേഷണർമാർ, എക്സ് പ്യൂപ്പിൾസ്, മുൻ അന്തേവാസി കൾക്കും ധനസഹായം നൽകൽ**

മുൻകുറ്റവാളികൾ, മേൽനോട്ടത്തിന് വിധേയമാക്കി വച്ചിരിക്കുന്ന കുറ്റവാളികൾ/ എക്സ് പ്യൂപ്പിൾസ്/ മുൻഅന്തേവാസികൾ സാമൂഹ്യ പുനരധിവാസത്തിനായി അവർക്കു മാന്യമായ ഉപജീവന മാർക്ഷത്തിനായി എന്തെങ്കിലും വ്യവസായമോ, കൈതൊഴിലോ, ചെറുകിട വ്യാപാരമോ ആരംഭിക്കുന്നതിന് വേണ്ട ധനസഹായം നൽകുന്നതിനാണീ പദ്ധതി.

**ഗുണഭോക്താക്കൾ**

ദരിദ്രരായ മുൻകുറ്റവാളികൾ വിമോചിതരായ തടവുകാർ പ്രൊബേഷണർമാർ, ജുവനൈൽ ഹോമുകൾ/സ്പെഷൽ സ്കൂളിൽ നിന്ന് വിടുതൽ ചെയ്യപ്പെട്ടവർ എന്നിവർ

**ധനസഹായവും അപേക്ഷയും**

1. അപേക്ഷകൾ മെമ്പർ സെക്രട്ടറിക്ക് നൽകണം.
2. ആയതു പ്രൊബേഷണറി ഓഫീസർക്ക് അയച്ചു കൊടുക്കണം.

3. പ്രൊബേഷണറി ഓഫീസർ അന്വേഷണം നടത്തി ശുപാർശ സഹിതം സെക്രട്ടറിക്ക് നൽകുന്നു.
4. സ്റ്റേറ്റ് ആഫറ്റർ കെയർ അസോസിയേഷൻ ഓരോ ഗ്രാന്റും പരിശോധിച്ച് പരമാവധി 10,000/ രൂപ നിശ്ചയിക്കുന്നു.
5. മെമ്പർ സെക്രട്ടറി തുക വിതരണം ചെയ്യുന്നു.
6. റിപ്പോർട്ട് വിനിയോഗ സാക്ഷ്യപത്രവും അതാത് പ്രൊബേഷണറി ഓഫീസർക്ക് നൽകുന്നു.

**39. അഗതി പെൻഷൻ - (വിധവകൾ, വിവാഹമോചിതർ)**

18 വയസ്സ് പൂർത്തിയായ വിധവകൾ, വിവാഹമോചിതർ എന്നിവർക്ക് മാസധനസഹായം നൽകുന്നതിന് ഇത് ലക്ഷ്യമിടുന്നു.

**ഗുണഭോക്താക്കൾ**

- കേരളത്തിൽ തുടർച്ചയായി കഴിഞ്ഞ 2 വർഷം സ്ഥിരതാമസക്കാരായ വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം കവിയാത്തവർ, വിധവകൾ, വിവാഹമോചിതർ
- ഭർത്താവിനെ കാണാതായി 7 വർഷം കഴിഞ്ഞവർ

അപേക്ഷിക്കേണ്ട വിധം

- നിശ്ചിത ഫോറത്തിലുള്ള (2 പ്രതികൾ) പൂരിപ്പിച്ച അപേക്ഷ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകുക സ്ഥിരതാമസം തെളിയിക്കുന്നതിനുള്ള രേഖകൾ റേഷൻ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ആധാർ/ ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖകൾ
- അന്വേഷണ ഉദ്യോഗസ്ഥന്റെ (ഐ.സി.ഡി.എസ് സൂപ്പർവൈസർ) തദ്ദേശഭരണ സ്ഥാപനം അംഗീകരിച്ച് ജില്ലാ കളക്ടർക്ക് നൽകുന്നു.
- 40 ദിവസത്തിനകം പെൻഷൻ അനുവദിക്കുന്നു. (അപേക്ഷിച്ച തിയ്യതിക്ക് ശേഷ മുള്ള മാസത്തിന്റെ 1-ാം തീയതി മുതൽ)
- ഗ്രാമസഭയിൽ വയ്ക്കണം.

**ധനസഹായം**

പ്രതിമാസ പെൻഷൻ തുക ഇപ്പോൾ 700 രൂപയാണ്.

**40. വികലാംഗപെൻഷൻ**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വികലാംഗർ, ശാരിരിക-മാനസിക വെല്ലുവിളി നേരിടുന്നവർ സംസ്ഥാന സർക്കാർ തദ്ദേശഭരണ സ്ഥാപനം വഴി നൽകുന്ന പെൻഷൻ പദ്ധതി. (1-4-2011 മുതൽ സമാനമായ ഇന്ദിരാഗാന്ധി ദേശീയ വികലാംഗപെൻഷൻ പദ്ധതി നിലവിൽ ഉണ്ട്. ആയതിന് അർഹതാ മാനദണ്ഡം വ്യത്യസ്തമാണ്.)

**ഗുണഭോക്താക്കൾ**

വാർഷിക കുടുംബ വരുമാനം 10,000/ രൂപ കവിയാത്ത വികലാംഗ/മാനസിക വൈകല്യമുള്ളവർ (40% കൂടുതലോ അസ്ഥിവൈകല്യം, കാഴ്ച 6/80 അഥവാ 20/200 സ്റ്റെല്ലനിൽ അധികരിക്കാത്തവർ / കേൾവി 90 ഡെസിബെല്ലിൽ കുറഞ്ഞവർ/മാനസിക വൈകല്യം ഐ.ക്യു 50 ന് താഴെയുള്ളവർ)

2 വർഷമായി കേരളത്തിൽ സ്ഥിരതാമസക്കാർ ആയിരിക്കണം

**ധനസഹായം**

നിലവിലുള്ളത് 700 രൂപ പ്രതിമാസം

– 80% മേലെ വികലാംഗത്വമുള്ളവർക്ക് 1000 രൂപ

**അപേക്ഷയ്ക്കൊപ്പം ഹാജരാക്കേണ്ട രേഖകൾ**

- പൂരിപ്പിച്ച അപേക്ഷ 2 പ്രതി
- വയസ്സ് തെളിയിക്കുന്ന രേഖ
- വികലാംഗ സർട്ടിഫിക്കറ്റ്
- ഏതെങ്കിലും തിരിച്ചറിയൽ കാർഡ്

ഹെൽത്ത് ഇൻസ്പെക്ടർ വഴി അന്വേഷണം നടത്തുന്നു. തദ്ദേശഭരണ സ്ഥാപനം, ഗ്രാമസഭ അംഗീകാരം നൽകുന്നു. ജില്ലാ കളക്ടർക്ക് ഫണ്ടിനായി അപേക്ഷിക്കുന്നു. 40 ദിവസത്തിനകം പെൻഷൻ അനുവദിക്കുന്നു. പെൻഷൻ അപേക്ഷിച്ചതിന്റെ അടുത്തമാസം 1 മുതൽ അർഹത

**41. കർഷകതൊഴിലാളി പെൻഷൻ**

60 വയസ്സ് പൂർത്തിയായ കർഷകത്തൊഴിലാളികൾ (കുടുംബ വരുമാനം 11,000 രൂപയിൽ കവിയാതെയുള്ളവരും ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തവരും) തദ്ദേശ ഭരണ സ്ഥാപനം വഴി പ്രതിമാസ പെൻഷൻ നൽകുന്ന പദ്ധതി. 10 വർഷമായി കേരളത്തിൽ തുടർച്ചയായി താമസിക്കുന്നവർ ആയിരിക്കണം.

**അപേക്ഷിക്കേണ്ട വിധം**

- നിശ്ചിത ഫോറത്തിൽ തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്ക് അപേക്ഷ നൽകണം.
- ക്ഷേമനിധി ബോർഡിൽ അംഗത്വം തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം, വയസ്സ് തെളിയിക്കുന്ന രേഖ, സ്ഥിരതാമസം തെളിയിക്കുന്ന രേഖ എന്നിവ അപേക്ഷയോടൊപ്പം നൽകണം

**നടപടിക്രമങ്ങൾ**

- കൃഷി ഓഫീസർ വഴി അന്വേഷണം നടത്തി ഭരണസമിതി, ഗ്രാമസഭ അംഗീകാരത്തിന് വിധേയമാക്കുന്നു.
- ജില്ലാ കളക്ടർക്ക് ഫണ്ടിന് അപേക്ഷിക്കുന്നു.
- 45 ദിവസത്തിനകം പെൻഷൻ അനുവദിക്കുന്നു.

**ധനസഹായം**

ഇപ്പോഴത്തെ പ്രതിമാസ പെൻഷൻ തുക 500 രൂപയാണ്.

**42. അമ്പത്വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ**

ദാരിദ്ര്യരേഖയ്ക്ക് കീഴിലുള്ള അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾ/ അവിവാഹിതരായ അമ്മമാർ എന്നിവരുടെ ക്ഷേമം ഈ പദ്ധതി ലക്ഷ്യമിടുന്നു.

**അർഹത മാനദണ്ഡം**

വാർഷിക കുടുംബവരുമാനം 1,00,000 രൂപയിൽ കവിയാത്ത 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾ/അവിവാഹിതരായ അമ്മമാർ

**അപേക്ഷിക്കേണ്ട വിധവും നടപടിക്രമങ്ങളും**

- നിശ്ചിത ഫോറത്തിലുള്ള പൂരിപ്പിച്ച അപേക്ഷയുടെ രണ്ട് പ്രതിയും സെക്രട്ടറിക്ക് നൽകണം
- അവിവാഹിതയാണെന്നും, പ്രായവും വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നും മാതൃകാ ഫോറത്തിലുള്ള സാക്ഷ്യപത്രവും നൽകണം
- ഏതെങ്കിലും തിരിച്ചറിയൽ രേഖ
- ഐ.സി.ഡി.എസ് സൂപ്പർവൈസർ വഴി അന്വേഷണം നടത്തി തദ്ദേശസ്വയംഭരണ സ്ഥാപനം, ഗ്രാമസഭ എന്നിവ അംഗീകരിക്കണം.
- ജില്ലാകളക്ടർ ഫണ്ട് അനുവദിക്കുന്നു.
- 40 ദിവസത്തിനകം പെൻഷൻ നൽകുന്നു.

**ധനസഹായം**

ഇപ്പോൾ പ്രതിമാസം 700 രൂപയാണ് നൽകുന്നത്.

**43. സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം**

കുടുംബ വാർഷിക വരുമാനം 20,000 രൂപയിൽ കവിയാത്ത കുടുംബങ്ങളിലെ വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്തു കൊടുക്കുന്നതിനുള്ള ധനസഹായം നൽകി അവരുടെ കഷ്ടത ലഘൂകരിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു.

**ഗുണഭോക്താവ്**

- കുടുംബവാർഷിക വരുമാനം 20,000 രൂപയിൽ കവിയാത്ത കുടുംബങ്ങളിലെ 18 വയസ്സ് തികഞ്ഞ പെൺകുട്ടികളുടെ അമ്മമാർ
- കേരളത്തിൽ 3 വർഷമായി സ്ഥിരതാമസമുള്ള കുടുംബങ്ങൾ
- സ്വർണ്ണം ഉൾപ്പെടെ ആകെ സമ്പത്തു 50,000 രൂപയിൽ കവിയാത്ത കുടുംബം.

**ഹാജരാക്കേണ്ട രേഖകൾ**

- നിശ്ചിത ഫോറത്തിലുള്ള പൂരിപ്പിച്ച അപേക്ഷയുടെ 2 പ്രതികൾ
- അപേക്ഷക വിധവയാണെന്നു തെളിയിക്കുന്നതിനുള്ള രേഖ
- പെൺകുട്ടിയുടെ വയസ്സ് തെളിയിക്കുന്നതിനുള്ള രേഖ
- വിവാഹം നിശ്ചയിച്ചു എന്നുള്ളതിന് പ്രതിശ്രുത വരന്റെ സത്യവാങ്മൂലം
- 3 വർഷം സ്ഥിരതാമസം തെളിയിക്കുന്നതിനുള്ള രേഖ
- വിവാഹത്തിന് 1 മാസം മുമ്പ് അപേക്ഷിക്കുന്ന പക്ഷം കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷ (പരമാവധി 1 വർഷം വരെ)

**നടപടിക്രമം**

ഐ.സി.ഡി.എസ് സൂപ്പർവൈസർ വഴി അന്വേഷണം നടത്തി തദ്ദേശഭരണ സമിതിയും ഗ്രാമസ യും അംഗീകരിച്ച് ജില്ലാ കളക്ടർക്ക് ഫണ്ടിന് അപേക്ഷിക്കുന്നു. (ജില്ലാ കളക്ടർക്ക് 30 ദിവസത്തിനകം സമർപ്പിക്കണം)

**ധനസഹായം**

ഇപ്പോൾ 30,000 രൂപ നൽകുന്നു.

- അപേക്ഷ അനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന അതേമാസം ഒന്നാം തിയതി മുതൽ പെൻഷന് അർഹതയുണ്ട്.

- ഓരോ രണ്ടുവർഷ ഇടവേളയിലും ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുകയോ അല്ലെങ്കിൽ ഐഡന്റിറ്റി കാർഡ് സഹിതം നേരിട്ട് ഹാജരാകുകയോ വേണം.
- ഗുണഭോക്താവ് മരണമടയുന്നപക്ഷം അനന്തരാവകാശികൾക്ക് പെൻഷൻ കുടിശ്ശിക നൽകാവുന്നതാണ്.

**45. ഒ.ആർ.സി പദ്ധതി**

കുട്ടികളിൽ സാമൂഹ്യ വ്യതിയാനം തടയാനും സാമൂഹ്യ ഉത്തരവാദിത്വം വർദ്ധിപ്പിക്കാനും ലക്ഷ്യം വച്ച് കൊണ്ടുള്ളതാണ് ഒ.ആർ.സി (Our Responsibility to children) സംസ്ഥാനത്തു നടപ്പിലാക്കുന്നതിനായി സുരക്ഷാമിഷനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ആദ്യഘട്ടം കോഴിക്കോട്, തൃശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് നടപ്പിലാക്കുന്നത്. വിദ്യാർത്ഥികളിൽ സാമൂഹ്യ ദിശാബോധം വളർത്തുന്നതിനാവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകുക, കുറ്റകൃത്യങ്ങളിൽപെട്ടതായ വിദ്യാർത്ഥികളുടെ സാമൂഹ്യ പുനരധിവാസം ഉറപ്പു വരുത്തുക എന്നിവ പദ്ധതി ലക്ഷ്യമിടുന്നു.

**46. പ്രത്യാശ സ്കീം**

1. **ഇന്റർവ്യൂ, എഴുത്തുപരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്ന വികലാംഗർക്കുള്ള യാത്രാ ബത്ത.**

   കുടുംബവാർഷിക വരുമാനം 10,000 രൂപയിൽ കവിയാത്ത വികലാംഗരായ ഉദ്യോഗാർത്ഥികൾ എഴുത്തുപരീക്ഷയ്ക്കും ഇന്റർവ്യൂവിനും പങ്കെടുക്കുവാൻ പോകുന്നതിന് റ്റി.എ/ഡി.എ എന്നിവ അനുവദിച്ചു നൽകുന്ന പദ്ധതി.

2. **എ.ഡി.ഐ.പി സ്കീം (Assistant Disabled Person for Purchase/Fitting of Aid Appliances)**

അംഗവൈകല്യമുള്ളവർക്ക് അവരുടെ വൈകല്യത്തിന്റെ സ്വഭാവമനുസരിച്ച് ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. ഉപകരണങ്ങൾ ലഭ്യമാക്കി അവരെ സ്വയം പര്യാപ്തമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഗുണഭോക്താക്കൾക്ക് നിശ്ചിത പ്രായ പരിധി ഇല്ല. ഇന്ത്യൻ പൗരത്വമുള്ളയാളായിരിക്കണം. ഉപകരണങ്ങൾ ഉപയോഗിക്കാൻ തക്ക വൈകല്യം ഗുണഭോക്താവിനുണ്ട് എന്ന് തെളിയിക്കുന്ന ഒരു അംഗീകൃത ഡോക്ടറുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. വാർഷികവരുമാനം 10000 രൂപയിൽ കൂടാൻ പാടില്ല. അംഗീകൃത ഏജൻസികൾ വഴി ഐ.എസ്.ഐ മുദ്രയുള്ള ഉപകരണങ്ങളാണ് വിതരണം ചെയ്യുന്നത്. ഏജൻസികൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതായിരിക്കണം. അപേക്ഷകൾ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.socialjustice.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**3. ദത്തെടുക്കൽ**

a) ശാരീരികവും മാനസികവും വൈകാരികവുമായി ആരോഗ്യമുള്ളയാളായിരിക്കണം
b) സൽസ്വഭാവമുള്ളവരും സുദൃഢമായ ദാമ്പത്യ/കുടുംബബന്ധം പുലർത്തുന്നവരുമായിരിക്കണം.
c) വ്യക്തിപരമായും കുടുംബപരമായും സാമൂഹികമായി പാലിക്കേണ്ട ചുമതലബോധമുള്ളവരായിരിക്കണം

ദത്തെടുക്കാൻ ആഗ്രഹിക്കുന്നവർ ഏതെങ്കിലും അംഗീകൃത ദത്ത് നൽകൽ കേന്ദ്രങ്ങളിൽ പേര് രജിസ്റ്റർ ചെയ്യണം.

1. പ്രായം തെളിയിക്കുന്നതിനുള്ള സർട്ടഫിക്കറ്റ്
2. മെഡിക്കൽ ഫിറ്റനസ് സർട്ടിഫിക്കറ്റ്
3. വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
4. സ്വന്തമായി വസ്തു/വീട് ഇവയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ
5. കുഞ്ഞിനെ ദത്തെടുത്ത് വളർത്തുവാൻ പ്രാപ്തരാണെന്ന് തെളിയിക്കുന്നതിന് വാസസ്ഥലത്തിനടുത്ത് പ്രദേശത്തെ രണ്ട് വ്യക്തികളിൽ നിന്നുള്ള സാക്ഷ്യപത്രം
6. ദമ്പതികളുടെ പോസ്റ്റ് കാർഡ് വലുപ്പത്തിലുള്ള 4 ഫോട്ടോകൾ
7. ദത്തെടുത്ത വ്യക്തികൾക്ക് ഏതെങ്കിലും അത്യാഹിതങ്ങൾ സംഭവിച്ചാൽ ദത്ത് കുട്ടിയുടെ സംരക്ഷണം ഏറ്റെടുത്തു കൊള്ളാമെന്നുള്ള അടുത്ത ബന്ധുവിന്റെ സമ്മത പത്രം
8. കുട്ടിയുടെ പേരിൽ 25000 രൂപ ബാങ്കിൽ നിക്ഷേപിക്കുന്നതിന് തയ്യാറാവണം

**4. അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി**

സാമൂഹ്യക്ഷേമ വകുപ്പിലെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമായി ഒരു ക്ഷേമനിധി സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നു. അംഗൻവാടി വർക്കർമാരിൽ നിന്നും പ്രതിമാസം 30 രൂപയും ഹെൽപ്പർമാരിൽ നിന്നും 15 രൂപയും ശേഖരിക്കുകയും തുല്യവിഹിതം സർക്കാർ നൽകുകയും ചെയ്യുന്നു. ഈ ഫണ്ട് ഉപയോഗിച്ച് അംഗങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാണ്.

1) വൈദ്യസഹായം
2) വിവിഹധനസഹായം
3) മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം
4) വീട് നിർമ്മിക്കുന്നതിനുള്ള ലോൺ
5) മരണാനന്തരാനുകൂല്യം
6) പെൻഷൻ ആനുകൂല്യം

ക്ഷേമനിധിയുടെ കീഴിൽ ഒരു പെൻഷൻ സെല്ലും പ്രവർത്തിക്കുന്നു. ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസിനോടനുബന്ധിച്ച് ക്ഷേമനിധിയുടെ ഒരു സ്റ്റാഫ് പ്രവർത്തിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറുമായി ചേർന്ന് ഇ-ബാങ്കിംഗ് വഴി പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകിവരുന്നു. ക്ഷേമനിധിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഡോ.പി.പ്രതാപൻ, ഇമെയിൽ: anganwadiksemanidhi@gmail.com

**5. a) നാഷണൽ അവാർഡ് ഫോർ ചൈൽഡ് വെൽഫെയർ**

കുട്ടികളുടെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുന്ന 3 വ്യക്തികൾക്കും 5 സ്ഥാപനങ്ങൾക്കുമാണ് ദേശീയതലത്തിലുള്ള ഈ അവാർഡ് നൽകി വരുന്നത്. ഏതെങ്കിലും സ്ഥാപനത്തിൽ നിന്ന് പ്രതിഫലം പറ്റുന്നവർ അർഹരല്ല. നിർദ്ദിഷ്ട അപേക്ഷകൾ ഇംഗ്ലീഷിൽ പൂരിപ്പിച്ച് അതാത് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. സ്ഥാപനങ്ങൾക്കുള്ള അവാർഡ് 3 ലക്ഷം രൂപയും സൈറ്റേഷനുമാണ്. 1 ലക്ഷം രൂപയും

സൈറ്റേഷനുമാണ് വ്യക്തികൾക്കുള്ള അവാർഡ്. പ്രസ്തുത അവാർഡ് സംബന്ധിച്ച വിവരങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

**b) രാജീവ്ഗാന്ധി മാനവസേവ അവാർഡ് ഫോർ സർവ്വീസ് ടു ചിൽഡ്രൻ**

കുട്ടികളുടെ ക്ഷേമത്തിനായി 10 വർഷത്തിലധികമായി പ്രവർത്തിക്കുന്ന 3 വ്യക്തികൾക്കാണ് ദേശീയതലത്തിലുള്ള ഈ പുരസ്കാരം നൽകിവരുന്നത്. അപേക്ഷകർ ഏതെങ്കിലും സ്ഥാപനത്തിൽ നിന്നും പ്രതിഫലം പറ്റുന്നവരായിരിക്കരുത്. വിജ്ഞാപനം വരുന്ന മുറക്ക് നിർദ്ദിഷ്ട ഫോറത്തിൽ ഇംഗ്ലീഷിൽ പൂരിപ്പിച്ച് അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസിലാണ് സമർപ്പിക്കേണ്ടത്. പ്രസ്തുത അവാർഡ് സംബന്ധിച്ച വിവരങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

**c) സ്ത്രീശക്തി പുരസ്കാർ**

സാമൂഹ്യരംഗത്ത് വനിതകൾ നേടിയ വ്യക്തിഗത നേട്ടങ്ങൾക്കാണ് ദേശീയതലത്തിലുള്ള ഈ അവാർഡ് നൽകുന്നത്. ഇതേ വിഭാഗത്തിലും റാണ രുദ്രമാദേവിയുടെ പേരിലുള്ള പുരസ്കാരം ഭരണ, സംഘാടനപാടവമുള്ള സ്ത്രീകൾക്കും പുരുഷൻമാർക്കും നൽകുന്നു. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകൾ ഇംഗ്ലീഷിൽ പൂരിപ്പിച്ച് അതാത് ജില്ലാസാമൂഹ്യക്ഷേമ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. 3 ലക്ഷം രൂപയും സൈറ്റേഷനുമാണ് അവാർഡ്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.ഓരോ വർഷവും അവാർഡ് സംബന്ധിച്ച വിജ്ഞാപനം നടത്തുന്നതായിരിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാനതീയതി അതുപ്രകാരം നിശ്ചയിക്കേണ്ടതായിരിക്കും. അപേക്ഷകൾ ജില്ലാസാമൂഹ്യക്ഷേമ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

....................................

## 33.കുടുംബശ്രീ

**1. സംഘകൃഷി ചെയ്യുന്ന ജോയിന്റ് (ലയബിലിറ്റി ഗ്രൂപ്പുകൾ)ക്കുള്ള ധനസഹായം**

**ലക്ഷ്യങ്ങൾ**

1. സ്ത്രീകൾക്ക് കൃഷിയിലൂടെ ഉപജീവനം
2. ഭക്ഷ്യ പോഷകാഹാര സുരക്ഷ ഉറപ്പു വരുത്തുക
3. തരിശു നിലങ്ങളെ കൃഷിയോഗ്യമാക്കുക

**ഗുണഭോക്താക്കൾ**

അയൽക്കൂട്ട അംഗങ്ങളായ സ്ത്രീകൾ ചേർന്ന് രൂപീകരിക്കുന്ന (4 മുതൽ 10 അംഗസംഖ്യ വരെ ) സംഘകൃഷി ഗ്രൂപ്പുകൾ

**സ്കീമിന്റെ നിർവ്വഹണം**

കുടുംബശ്രീ മിഷൻ (കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റികൾ വഴി)

**സഹായങ്ങൾ**

- സംഘകൃഷി ഗ്രൂപ്പുകൾക്ക് വിസ്തൃതി ബോണസ്സ്, ഉല്പാദന ബോണസ്
- പരിശീലനം
- മഹിളാകിസാൻ ശാക്തീകരണ പരിയോജന (എം.കെ.എസ്.സി) വഴി സാശ്രയ പരിശീലന ധനസഹായവും, ഫാർമേഴ്സ് ഫെസിലിറ്റി സെന്ററും

- ലോൺ എടുക്കുന്ന ജെ.എൽ.ജി കൾക്ക് പലിശ സബ്സിഡി
- ബാങ്ക് വായ്പ, സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, ഇൻഷുറൻസ്
- കൃഷിവകുപ്പ് മുഖേന ഉൽപാദനോപാധികൾ സാങ്കേതികസഹായം വിള ഇൻഷുറൻസ്

**നടപടിക്രമങ്ങൾ**

- കൃഷി ചെയ്യാനുള്ള സ്ഥലം കണ്ടത്തൽ
- ജെ.എൽ.ജി കൾ സി.ഡി.എസ്സിൽ അഫിലിയേറ്റ് ചെയ്യുന്നുണ്ട്.
- ഒരു യൂണിറ്റ് തിരിച്ചറിയൽ നമ്പർ നൽകുന്നു.
- എ.ഡി.എസ് നേതൃത്വം വഹിക്കുന്നു.
- കൃഷി ചെയ്തു കഴിഞ്ഞാൽ വിസ്തൃതി ബോണസിനുള്ള അപേക്ഷ സി.ഡിഎസുകൾ വഴി ജില്ലാ മിഷനിൽ നൽകുന്നു.
- ബാങ്ക് അക്കൗണ്ട് വഴി ധനസഹായം സി.ഡി.എസ് വഴി ജെ.എൽ.ജികൾക്ക് നൽകുന്നു.
- വിളവെടുപ്പ് കഴിഞ്ഞാൽ ഉൽപാദന ബോണസിനുള്ള ധനസഹായവും ഇപ്രകാരം ലഭ്യമാണ്.
- ഏ.ഡി.എസും (ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി) സി.ഡി.എസ്സും (കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി) മോണിറ്ററിംഗ് നടത്തുന്നു.

2. **ആശ്രയ പദ്ധതി**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരായ കുടുംബങ്ങളെ കണ്ടെത്തുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതിയാണിത്.

**ഗുണഭോക്താവ്**

ക്ലേശഘടകങ്ങൾ 9 ൽ ഏഴും അതിക്ലേശ ഘടകങ്ങളിൽ ഒരെണ്ണവും ബാധകമായ കുടുംബങ്ങളെ സി.ഡി.എസ് വഴി സർവ്വേ നടത്തി കണ്ടെത്തി പഞ്ചായത്തും ഗ്രാമസഭയും കുടുംബശ്രീ മിഷന്റേയും ഡി.പി.സി യുടേയും അംഗീകാരത്തിന് വിധേയമായി സി.ഡി. എസ് വഴി ഗ്രാമപഞ്ചായത്തും/മുനിസിപ്പാലിറ്റിയും വഴി നിർവ്വഹണം നടത്തുന്നു.

**ധനസഹായം**

ആശ്രയ പദ്ധതിയിലെ ഓരോ കുടുംബത്തിനും ഓരോ പ്രോജക്ട് തയ്യാറാക്കി ഓരോ ആവശ്യങ്ങളും നിറവേറ്റുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നു. നോഡൽ ഏജൻസിയായ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റിയാണ് നിർവ്വഹണ ഏജൻസി. അതിജീവനാവശ്യങ്ങൾക്ക് തുക ചലഞ്ച് ഫണ്ടായി കുടുംബശ്രീ മിഷനിൽ നിന്നും ലഭിക്കുന്നു. (40%/25 ലക്ഷം ഏതാണോ കുറവുള്ളത്) സ്പോൺസർഷിപ്പിലേയും ത്രിതല പഞ്ചായത്തു വിഹിതമായും തുക കണ്ടെത്തുന്നു. ആശ്രയ പദ്ധതിയിൻ കീഴിലുള്ള വിവിധ പാക്കേജുകൾ നടപ്പിലാക്കുന്നത് ആയതുമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരാണ്.

**3.റൂറൽ മൈക്രോ എന്റർപ്രൈസ് സ്കീം.**

വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങാൻ സ്ത്രീകളെ സഹായിച്ചു സ്ത്രീകളെ സ്വയം പ്രാപ്തമാക്കുന്നതിന് വേണ്ടിയാണീ പദ്ധതി

**ഗുണഭോക്താക്കൾ**

ഗ്രൂപ്പ് സംരംഭമാണെങ്കിൽ ഏറ്റവും കൂടിയത് 10 സ്ത്രീകൾ (5 മുതൽ 10 സ്ത്രീകൾ വരെ) ചേർന്ന ഗ്രൂപ്പുകൾ

**ധനസഹായം.**

വ്യക്തിഗത സംരംഭമാണെങ്കിൽ ലോൺ തുക ലഭ്യമാക്കുന്നതനുസരിച്ച് സബ്സിഡി തുക 30% മോ 7500 രൂപയൊ ഏതാണോ കുറവ് ആയതായി നിജപ്പെടുത്തിയിരിക്കുന്നു.ഗ്രൂപ്പ് സംരംഭമാണെങ്കിൽ ഗ്രൂപ്പിലെ ഒരംഗത്തിന് പരമാവധി, 10,000 രൂപ നിരക്കിൽ ഏതാണോ ആ തുക ബാങ്ക് വഴി നൽകുന്നു.

**നടപടിക്രമം**

പദ്ധതിക്കുവേണ്ട സ്കീം തയ്യാറാക്കി നൽകാൻ ഓരോ പഞ്ചായത്തിലും മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റമാർ പ്രവർത്തിയ്ക്കുന്നു. സംരംഭം തുടർന്നാൽ ആഗ്രഹം ഉള്ളവർ അയൽക്കൂട്ടങ്ങളിൽ അപേക്ഷ നൽകണം. ഈ അപേക്ഷ ഏ.ഡി.എസ് വഴി സി.ഡി.എസിൽ എത്തുകയും ജി.ഒ.ടി, ഇ.സി.പി വഴി അർഹരായ വരെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

**4. യുവശ്രീ**

സുസ്ഥിര തൊഴിൽ കണ്ടെത്തുവാൻ യുവജനങ്ങളെ പ്രാപ്തരാക്കുന്നതിനാണീ പദ്ധതി

**ഗുണഭോക്താക്കൾ**

18-45 വയസ്സിനിടയിലുള്ള വിദ്യസമ്പന്നരായ യുവജനങ്ങൾ (കുടുംബശ്രീ കുടുംബത്തിൽപ്പെട്ടവരടക്കം) ഇതിന്റെ കീഴിൽ വ്യക്തിഗത സംരംഭവും /ഏറ്റവും കുറഞ്ഞത് 5 പേർ അടങ്ങുന്ന ഗ്രൂപ്പ് സംരംഭവും ആരംഭിക്കുന്നു.

**ധനസഹായം**

വ്യക്തിഗതം-പദ്ധതിതുക 50,000 രൂപയോ അതിൽ കൂടുതലോ ആയിരിക്കണം. സബ്സിഡി 75000 രൂപയോ/ പദ്ധതി തുകയുടെ 30% മോ ഏതാണോ കുറവ് ആ തുക ലഭിക്കും.

ഗ്രൂപ്പ് സംരംഭം - പദ്ധതി തുക 2,50,000 രൂപയോ അതിൽ കൂടുതലോ ആയിരിക്കണം. ഗ്രൂപ്പിലെ ഒരാൾക്ക് 10000 രൂപ നിരക്കിൽ 1 ലക്ഷം രൂപ അല്ലെങ്കിൽ പദ്ധതി തുകയുടെ 50% ഏതാണോ കുറവ് ആ തുക ലഭിക്കുന്നു.

**നടപടിക്രമങ്ങൾ**

പദ്ധതിയ്ക്ക് വേണ്ട സ്കീം തയ്യാറാക്കി നൽകാൻ ഓരോ പഞ്ചായത്തിലും മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാർ ഉണ്ട്. സംരംഭം തുടങ്ങാൻ ആഗ്രഹമുള്ളവർ അയൽക്കൂട്ടം വഴി അപേക്ഷ സമർപ്പിക്കണം. അപേക്ഷ എ.ഡി.എസ് വഴി സി ഡി.എസിൽ എത്തുകയും ജി.ഒ.ടി, ഇ.സി.പി വഴി അർഹരായവരെ തെരെഞ്ഞെടുക്കുകയും ചെയ്യുന്നു.

**5. ഇന്നവേഷൻ ഫണ്ട്**

പുതുമയുള്ള അണു സംരംഭങ്ങളിൽ ഏർപ്പെടുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിന് ഇത് ലക്ഷ്യമിടുന്നു.

**ഗുണഭോക്താവ്**

പുതുമയുള്ള സംരംഭത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭകർ

**നിർവ്വഹണം**

കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റേഴ്സ്

**ധനസഹായം**

ഈ പദ്ധതി പ്രകാരം സബ്സിഡിയും ഇന്നവേഷൻ ഫണ്ടും അടക്കം ഏറ്റവും കൂടിയ ഈ പദ്ധതി തുകയുടെ 50% ലഭിക്കും.

**നടപടിക്രമങ്ങൾ**

പ്രോജക്ട് തയ്യാറാക്കി നൽകുന്നതിന് ഓരോ പഞ്ചായത്തിലും മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർ ഉണ്ട്. സംരംഭകർ അയൽകൂട്ടങ്ങളിൽ അപേക്ഷ സമർപ്പിക്കണം. ഈ അപേക്ഷ ഏ.ഡി.എസ് വഴി ജില്ലാ മിഷനിൽ എത്തുകയും കുടുംബശ്രീ എക്സി.ഡയറക്ടർ ചെയർപേഴ്സണായ കമ്മിറ്റി അർഹരായവരെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

**6. ടെക്നോളജി ഫണ്ട്**

മെച്ചപ്പെട്ട സാങ്കേതിക വിദ്യാ ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന അണു സംരംഭകരെ പ്രോത്സാഹിപ്പിക്കുക, കുടുംബശ്രീ വഴി ഇതിന്റെ നിർവ്വഹണം സാധ്യമാക്കുക.

**ഗുണഭോക്താവ്**

മെച്ചപ്പെട്ട സാങ്കതിക വിദ്യ ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന അയൽക്കൂട്ട സംവിധാനത്തിലുള്ള സ്ത്രീകൾ

**ധനസഹായം**

സാങ്കേതിക വിദ്യയ്ക്കുള്ള ചെലവിനത്തിൽ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനുള്ള ചെലവും വാങ്ങുന്നതിന് ആവശ്യമായ ചെലവും ഉൾപ്പെടും

**നടപടിക്രമങ്ങൾ**

മൈക്രോ എന്റർപ്രൈസസിന്റെ കൺസൾട്ടൻറുമാർ വഴി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നു. അപേക്ഷകൾ ബന്ധപ്പെട്ട അയൽക്കൂട്ടത്തിൽ സമർപ്പിക്കുന്നു. അപേക്ഷ ഏ.ഡി. എസ് , സി.ഡി.എസ് വഴി ജില്ലാ മിഷനിൽ എത്തുകയും കുടുംബശ്രീ എക്സി. ഡയറക്ടർ ചെയർപേഴ്സണായ കമ്മിറ്റി അർഹരെ കണ്ടത്തുകയും ചെയ്യുന്നു.

**7. റിവോൾവിംഗ് ഫണ്ട് സ്കീം.**

സംരംഭകർക്ക് പെട്ടെന്നുണ്ടാകുന്ന പ്രവർത്തന മൂലധന ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായിക്കുക

**ഗുണഭോക്താവ്**

വനിത സംരംഭകർ -ഗ്രേഡിംഗ് കഴിഞ്ഞ അയൽക്കൂട്ട സംരംഭങ്ങൾ

**നിർവ്വഹണം**

കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ

**ധനസഹായം**

പദ്ധതി തുകയുടെ 15%ൽ കൂടുതൽ വരാതെ ഏറ്റവും കൂടിയത് 35,000/

**നടപടിക്രമങ്ങൾ**

മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാർ മുഖേന പ്രോജക്റ്റ് തയ്യാറാക്കുന്നു. നിലവിൽ ചുരുങ്ങിയ 3 അംഗങ്ങളുള്ള ഗ്രൂപ്പ് രൂപീകരിക്കുന്നു. ടി യൂണിറ്റ് ചുരുങ്ങിയത് 6

മാസമെങ്കിലും തുടർച്ചയായി പ്രവർത്തിച്ചവരായിരിക്കണം. നിർദ്ദിഷ്ട അപേക്ഷ ഏ.ഡി. എസ്, സി.ഡി.എസ് വഴി ജില്ലാ മിഷൻ കോഡിനേറ്റർ പരിശോധിച്ച് അർഹരായവർക്ക് ഫണ്ട് അനുവദിക്കുകയും ചെയ്യുന്നു.

.............................................

## 34. ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

**തേനീച്ച വളർത്തൽ**

തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുകയും തേൻ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. കർഷകർക്ക് അധിക വരുമാനം നൽകുന്നു.

**ധനസഹായം**

സബ്സിഡി നിരക്കിൽ തേനീച്ച പെട്ടിയും തേനീച്ച കോളനിയും കർഷകർക്ക് വിതരണം ചെയ്യുന്നു. തേനീച്ച വളർത്തലിന് പരിശീലനം നൽകുന്നു.

**അപേക്ഷിക്കേണ്ട വിധം**

ഖാദിബോർഡ് വഴി അപേക്ഷകൾ സ്വീകരിച്ച് സ്കീം നടപ്പിലാക്കുന്നു.

...................................

## 35. കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്

**1. പരിശീലനവും വൈദഗ്ദ്യവികസന പരിപാടിയും**

പ്രാഥമിക കൈത്തറി സംഘങ്ങളിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിനും പരിശീലനം നൽകുന്നു.

**ഗുണഭോക്താവ്**

കണ്ണൂരിലെ കൈത്തറി നെയ്ത്ത് സാങ്കേതിക വിദ്യാ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികൾ

**അപേക്ഷിക്കേണ്ടവിധം**

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പിന്റെ ജില്ലാ ഓഫീസ് വഴി

**പ്രവർത്തനങ്ങൾ**

പുതിയ ഡൈയിംഗ് രീതികൾ, കളർ പാറ്റേണുകൾ, ഡിസൈനുകൾ, പുതിയ തറികൾ, പ്രീലും പോസ്റ്റ് ലൂം പ്രോസസിംഗ് എന്നിവയ്ക്ക് പുതിയ രീതികൾ വികസിപ്പിക്കുന്നതിനും വ്യവസായ സ്ഥാപനങ്ങളുടെ ലിങ്കേജ് പരിപാടിയും നെയ്തുകാർക്കും മറ്റുള്ളവർക്കും പരിശീലനം നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ. വനിത നെയ്ത്തുക്കാർക്ക് 60% നീക്കിവെച്ചിരിക്കുന്നു.

**2. അംശദാന സമ്പാദ്യപദ്ധതി**

വരിക്കാരുടേയും അവരുടെ കുടുംബാംഗങ്ങളുടേയും ചികിത്സാ ചെലവുകൾ, വിവാഹത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമുള്ള ചെലവുകൾ

**അപേക്ഷിക്കേണ്ടവിധം**

കൈത്തറി & ടെക്സ്റ്റയിൽസിന്റെ ജില്ലാ ഓഫീസ് വഴി അപേക്ഷ നൽകുന്നു.

**ധനസഹായം**

50% തുക വനിത നെയ്ത്തുക്കാർക്കായി മാറ്റി വച്ചിരിക്കുന്നു. 12000 നെയ്ത്തുക്കാർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും. കൂലിയുടെ 8% തുക നെയ്ത്തുക്കാരിൽ നിന്ന് ഈടാക്കുകയും അത്രയും തുക സർക്കാരിൽ നിന്ന് ലഭിക്കുകയും ചെയ്യുന്നു.

**3. വിദഗ്ധ നെയ്ത്തുക്കാർക്ക് ഉല്പാദനയൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോത്സാഹനം**

30 വിദഗ്ധ നെയ്ത്തുകാർക്ക് കുറഞ്ഞത് 10 തറികൾ ഉൾപ്പെടുന്ന ഉല്പാദനയൂണിറ്റുകൾ ബാങ്ക് വായ്പ സഹായത്തോടെ സ്ഥാപിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ജില്ലാ ഓഫീസ് വഴി അപേക്ഷിക്കണം.

**ലഭിക്കുന്ന ആനുകൂല്യം**

ഷെഡ്ഡുകൾ നിർമ്മിക്കുക, തറികളും അനുബന്ധ സാമഗ്രികളും വാങ്ങുക, വിദഗ്ധ നെയ്ത്തുകാർക്കും മറ്റ് നെയ്ത്തുകാർക്കും പരിശീലനം നൽകുക, ഡിസൈൻ ഇൻപുട്ട്, പ്രവർത്തനമൂലധനത്തിന് മാർജിൻ മണി എന്നിവ ലഭ്യമാകുകയും ചെയ്യുക.

.........................................

## 36. വനംവകുപ്പ്

**1. ഹരിതകേരളം പദ്ധതി**

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേയും 1 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരവരുടെ വീടുകളിൽ വച്ചുപിടിപ്പിക്കാൻ വൃക്ഷതൈകൾ നൽകുന്ന എന്റെ മരം പദ്ധതി, ഹയർ സെക്കണ്ടറി സ്കൂൾ മുതൽ കോളേജുകൾ വരെ കാമ്പസുകളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്ന നമ്മുടെ മരം പദ്ധതി, പാതയോരങ്ങളിൽ തണൽ മരങ്ങൾ നട്ടുവളർത്തുന്ന വഴിയോരതണൽ പദ്ധതി, കടലിന് കവചമായി മരങ്ങൾ നട്ടുവളർത്തുന്ന ഹരിതതീരം പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു. നാടൻ വൃക്ഷ തൈകൾ വച്ചു പിടിപ്പിക്കുന്നതിനാണ് ഇത് മുഖ്യമായും ലക്ഷ്യമിടുന്നത്. മണ്ണ് ജല സംരക്ഷണം, ആഗോള താപനം തടയൽ എന്നിവ ബഹുജന പങ്കാളിത്തതോടെ ഈ പദ്ധതിയിൻ കീഴിൽ പ്രാവർത്തികമാക്കുന്നു.

**നിർവ്വഹണം**

കേരള വനം വന്യജീവി വകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ വിഭാഗം, ജില്ലാതല അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ വഴി ഇതിന്റെ നിർവ്വഹണം സാധ്യമാകുന്നു.

**സംഘാടനം**

സ്കൂൾ, കോളേജ്, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി ജോലികൾ, പി.ടി.എ, സ്റ്റുഡന്റ്സ് ക്ലബ്ബുകൾ, അയൽകൂട്ടങ്ങൾ, നവസംരക്ഷണ സമിതി, ഇക്കോറസ്റ്റോറേഷൻ സമിതി എന്നിവ പ്രധാന പങ്കു വഹിക്കുന്നു. പ്രചാരണവും ബോധവൽക്കരണവും സംരക്ഷണവും ഇത് വഴി സാധ്യമാക്കുന്നു.

**2. സ്വകാര്യ ഭൂമിയിൽ മരങ്ങൾ നട്ടുവളർത്തുന്നതിനുള്ള പ്രോത്സാഹന ധനസഹായം**

തടി, വിറക്, പച്ചിലവളം, കാലിതീറ്റ, ഭക്ഷ്യ വസ്തുക്കൾ എന്നിവയ്ക്കായി സ്വകാര്യ ഭൂമിയിൽ തേക്ക്, ആഞ്ഞിലി, ചെമ്പകം, ചന്ദനം, പ്ലാവ്, കുമ്പിൾ, മഹാഗണി, വീട്ടി, കുന്നിവാക, തേന്മാവ് എന്നീ പത്ത് ഇനം മരങ്ങൾ നട്ട് പരിപാലിക്കുന്നതിന് ഇത് ലക്ഷ്യമിടുന്നു.

**ഗുണഭോക്താക്കൾ**

കാടിനെ ആശ്രയിക്കുന്ന ജനങ്ങളും പൊതുജനങ്ങളും

**നിർവ്വഹണം**

സോഷ്യൽ ഫോറസ്ട്രി വിഭാഗം, അപേക്ഷ അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർമാർ/ സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് അപേക്ഷ നൽകണം.

**തൈകൾക്ക് നൽകേണ്ടുന്ന വില**

50 മുതൽ 200 വരെ - തൈ ഒന്നിന് 50 രൂപ

201 മുതൽ 400 വരെ - തൈ ഒന്നിന് 40 രൂപ

401 മുതൽ 625 വരെ - തൈ ഒന്നിന് 30 രൂപ

**3. മറ്റ് പദ്ധതികൾ**

കാടുകൾ നിലനിർത്തേണ്ട പ്രാധാന്യം തിരിച്ചറിഞ്ഞ് ഉള്ളവ നിലനിർത്തുന്നതിന് താഴെ പറയുന്ന പദ്ധതികൾകൂടി നടപ്പിലാക്കുന്നു.

1. കാവ് സംരക്ഷണ പദ്ധതി
2. വിദ്യാർത്ഥികൾക്കുള്ള പഠന ക്യാമ്പ്
3. വനസംരക്ഷണ സമിതികളും (VSS) ഇക്കോ ഡവലപ്മെന്റ് കമ്പനികളും (EDC) മുഖേനയുള്ള വന സംരക്ഷണ പ്രവർത്തനങ്ങൾ, ഇക്കോ ടൂറിസം, ജൈവ വൈവിദ്ധ്യ സംരക്ഷണം
4. വനത്തിനപ്പുറത്ത് നിൽക്കുന്ന അഗ്രോ ഫോറസ്ട്രി, കാവ് സംരക്ഷണം, ഔഷധ സസ്യത്തോട്ടം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ധനസഹായം
5. ആദിവാസികളുടെ വീട് നിർമ്മാണത്തിനുള്ള സൗജന്യ തടി വിതരണ പദ്ധതി
6. പൊതുജനങ്ങൾക്ക് വീട് പണിയുന്നതിന് ന്യായവിലയ്ക്ക് തടി നൽകുന്ന പദ്ധതി
7. വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി
8. പട്ടികജാതി/പട്ടികവർഗ പരമ്പരാഗത കരകൗശല തൊഴിലാളിക്ക് മുള, ഈറ്റ ശേഖരണത്തിനുള്ള പദ്ധതി
9. വനം-വന്യജീവി കുറ്റങ്ങളെ സംബന്ധിച്ച് രഹസ്യ വിവരം കൈമാറുന്ന വ്യക്തിക്ക് നൽകുന്ന പാരിതോഷികം
10. വനത്തിനും വനത്തിന് സമീപത്തും താമസിക്കുന്ന വൈവിദ്ധ്യ പ്രാധാന്യമുള്ള സ്ഥലം സംരക്ഷിക്കുന്നതിനുള്ള പദ്ധതി
11. സാമൂഹ്യ വനവൽക്കരണ പദ്ധതി
12. കാട്ടുതീയിൽ നിന്നും വനത്തെ സംരക്ഷിക്കുന്ന പദ്ധതി
13. വ്യവസായാവശ്യങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ നൽകുന്നതിന് പുനരുൽ പാദനം നടത്തുന്നതിനുള്ള പദ്ധതി
14. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും, വൈൽഡ്ലൈഫ് വാർഡനും, സോഷ്യൽ ഫോറസ്ട്രി അസി. കൺസർവേറ്റർമാരും മറ്റും ജില്ലാതലത്തിൽ പദ്ധതി നിർവ്വ ഹണം നടത്തുന്നു. ആയതിനാൽ അപേക്ഷകൾ ഇവർക്ക് നൽകാവുന്നതാണ്.

......................................

# 37. വിദ്യാഭ്യാസ വകുപ്പ്

**പൊതു വിദ്യാഭ്യാസം**

**1. സംസ്കൃത വിദ്യാഭ്യാസ വികസനം**

സംസ്കൃതഭാഷയെ പരിപോഷിപ്പിക്കുന്നതിനും സംസ്കൃതഭാഷാ പഠനം കൂടുതൽ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

**ഗുണഭോക്താക്കൾ**

സംസ്കൃതം ഐച്ഛിക വിഷയമായി പഠിപ്പിക്കുന്ന സംസ്ഥാനത്തെ 3000 സ്കൂളുകളും രണ്ട് ലക്ഷത്തോളം വിദ്യാർത്ഥികളും

**പ്രവർത്തനങ്ങൾ**

സംസ്കൃത കൗൺസലിന് ധനസഹായം, സംസ്കൃത ഭാഷ സംസാരിക്കുന്നതിനുള്ള പരിശീലനം, സ്കോളർഷിപ്പുകൾ, സർട്ടിഫിക്കറ്റുകൾ, ദിനാചരണം, അധിക പഠനസഹായി നിർമ്മാണം, ചോദ്യപേപ്പർ തയ്യാറാക്കൽ, സംസ്കൃത കൗൺസിൽ സെക്രട്ടറിമാർക്കുള്ള ഏകദിന പരിശീലനം, ലൈബ്രറികളിൽ സംസ്കൃത പുസ്തകങ്ങൾ വാങ്ങൽ മുതലായവ ഇതിൽപെടുന്നു. അതാതു ജില്ലാ-ഉപജില്ലതല വിദ്യാഭ്യാസ ഓഫീസർമാരുടെ മേൽനോട്ടത്തിൽ അതത് സ്കൂൾ ഹെഡ്മാസ്റ്റർമാർ ഇത് നടപ്പിലാക്കുന്നു.

**2. മുസ്ലീം/നാടാർ/ആംഗ്ലോ ഇന്ത്യൻ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പുകൾ**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മേൽ വിഭാഗത്തിലെ പെൺകുട്ടികളെ പഠനത്തിൽ തല്പരരാക്കാനും പ്രോത്സാഹിപ്പിക്കാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

അർഹത

- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലേയും അപ്പർ പ്രൈമറി വിഭാഗത്തിൽ പഠിക്കുന്ന മുസ്ലിം/നാടാർ/ആംഗ്ലോ ഇന്ത്യൻ പെൺകുട്ടികൾ
- രക്ഷിതാക്കളുടെ വാർഷിക വരുമാനം 25000/ രൂപയിൽ താഴെ

**അനുവദിക്കുന്ന വിധം**

- സ്കൂൾതലത്തിൽ അർഹരായ വിദ്യാർത്ഥിനികളുടെ പട്ടിക പ്രധാന അദ്ധ്യാപകൻ തയ്യാറാക്കുന്നു.
- പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തിനായി നൽകുന്നു.
- അംഗീകാരം ലഭിച്ച ലിസ്റ്റ് ബന്ധപ്പെട്ട ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നൽകുന്നു.
- ആയത് തരംതിരിച്ച് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകുന്നു.
- തുക ലഭിക്കുന്നതിനായി അദ്ദേഹം ആ ലിസ്റ്റ് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുന്നു.
- പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തുക പാസാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന പ്രധാന അദ്ധ്യാപകൻ വഴി തുക നൽകുന്നു.

**ധനസഹായം**

യു.പി. വിഭാഗത്തിന് 125 രൂപയും ഹൈസ്കൂൾ വിഭാഗത്തിന് 150 രൂപയും വാർഷിക സ്കോളർഷിപ്പ് നൽകുന്നു.

### 3. എൽ.എസ്.എസ്./യു.എസ്.എസ് സ്കോളർഷിപ്പ്

പഠനത്തിൽ മികവ് കാട്ടുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിന് ഇത് ലക്ഷ്യമിടുന്നു.

**അർഹത**

- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലേയും എൽ.എസ്.എസ്/യു.എസ്.എസ് പരീക്ഷ ജയിച്ചവർ
- ഒന്നാം പാദവാർഷിക പരീക്ഷയിൽ എല്ലാ വിഷയത്തിനും എ ഗ്രേഡ് ലഭിക്കുന്ന 4,7 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് യഥാക്രമം പ്രസ്തുത പരീക്ഷകൾ എഴുതാവുന്നതാണ്.
- 70% മോ അതിനു മുകളിലോ മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നു.

**നടപടിക്രമങ്ങൾ**

- പരീക്ഷ എഴുതാൻ അർഹരായവരുടെ ലിസ്റ്റ് പ്രധാന അദ്ധ്യാപകൻ തയ്യാറാക്കുന്നു.
- പട്ടിക ബന്ധപ്പെട്ട ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കുന്നു.
- പരീക്ഷാഭവൻ ജില്ലകളിൽ ഡയറ്റിന്റെ സഹായത്തോടെ പരീക്ഷ നടത്തുന്നു.
- പരീക്ഷയിൽ 70%മോ മുകളിലോ മാർക്ക് നേടുന്നവരുടെ പട്ടിക വിദ്യാഭ്യാസ ഉപ ഡയറക്ടർ വഴി ഡയറക്ടർക്ക് സമർപ്പിക്കുന്നു.
- വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് പൊതു ചടങ്ങിൽ വിതരണം ചെയ്യുന്നു.
- അടുത്ത അദ്ധ്യയന വർഷം മുതൽ സ്കോളർഷിപ്പ് ലഭിക്കുന്നു.
- പ്രധാന അദ്ധ്യാപകർ വഴി തുക വിതരണം ചെയ്യുന്നു.
- സ്കോളർഷിപ്പിന് അർഹരായ കുട്ടികൾക്ക് യഥാക്രമം എൽ.എസ്.എസ് 5,6,7 ക്ലാസ്സുകളിലും യു.എസ്.എസ് 8,9,10 ക്ലാസ്സുകളിലും നൽകുന്നു.
- എൽ.എസ്.എസ് 100 രൂപയും യു.എസ്.എസ് 150 രൂപയും വാർഷികമായി നൽകുന്നു.

### 4.ഗ്രാമപ്രദേശങ്ങളിലെ സമർത്ഥരായ കുട്ടികൾക്ക് നൽകുന്ന നാഷ്ണൽ സ്കോളർഷിപ്പ്

**ഗുണഭോക്താവ്**

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലേയും യു.എസ്.എസ് പരീക്ഷയിൽ വിജയികൾ ആയവരിൽ നിന്നും ബ്ലോക്കുതലത്തിൽ കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥികൾ

ജനറൽ - 4, ഭൂരഹിതർ - 2, എസ്.ടി- 3, എസ്.സി-2 (20%കൂടുതൽ എസ്.സി കുട്ടികൾ താമസിക്കുന്ന ബ്ലോക്കിൽ അഡീഷണൽ-1) എന്ന ക്രമത്തിൽ തയ്യാറാക്കുന്ന ലിസ്റ്റിലെ കുട്ടികൾ

**നടപടിക്രമങ്ങൾ**

- യു.എസ്.എസ്. സ്കോളർഷിപ്പ് റിസൾട്ട് ഷീറ്റിൽ നിന്നും ബ്ലോക്ക് വൈസ് ലിസ്റ്റ് പരീക്ഷാ ഭവൻ തയ്യാറാക്കുന്നു.
- ഇതിൽ നിന്നും സ്കോളർഷിപ്പിന് അർഹരായവരെ കണ്ടെത്തുന്നു.

- പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിദ്യാഭ്യാസ ഉപഡയറക്ടർ വഴി ലഭിക്കുന്ന തുക വിദ്യാഭ്യാസ ഓഫീസർമാർ മുഖേന അദ്ധ്യാപകർക്ക് നൽകി വിതരണം ചെയ്യുന്നു. അർഹരായ കുട്ടികൾക്ക് പ്രതിവർഷം 300 രൂപയും ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവർക്ക് 1000 രൂപയും ട്യൂഷൻ ഫീസ് കൊടുത്തു പഠിപ്പിക്കുന്നവർക്ക് 460 രൂപയും നൽകുന്നു
- യു.എസ്.എസ് സ്കോളർഷിപ്പ് ലഭിക്കുന്നവർക്ക് ഇതിന് അർഹതയില്ല.

**5. സംസ്കൃത സ്കോളർഷിപ്പ്**

ഉൽകൃഷ്ടമായ പൈതൃകവും സംസ്ക്കാര തനിമയുമുള്ള ഭാഷയായ സംസ്കൃതത്തിന്റെ പഠനം പ്രോത്സാഹിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം

**അർഹത**

- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിൽ അപ്പർ പ്രൈമറി വിഭാഗത്തിൽ സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും സംസ്കൃത കൗൺസിൽ പരീക്ഷ നടത്തി തെരഞ്ഞെടുക്കുന്നവർ
- സ്കൂൾ തലത്തിൽ 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ സംസ്കൃതത്തിൽ ഉയർന്ന മാർക്ക് നേടുന്ന 2 കുട്ടികൾക്ക് പരീക്ഷയിൽ പങ്കെടുക്കാം.

**നടപടിക്രമങ്ങൾ**

- സംസ്കൃത വിദ്യാഭ്യാസ കൗൺസിൽ ജില്ല/ഉപജില്ലതല പരീക്ഷ നടത്തി അർഹരായവരെ തെരഞ്ഞെടുക്കുന്നു.
- യു.പി വിഭാഗത്തിന് 150 രൂപയും ഹൈസ്കൂൾ വിഭാഗത്തിന് 200 രൂപയും വാർഷിക സ്കോളർഷിപ്പ് നൽകുന്നു.
- ശുദ്ധസംസ്കൃതം വിഭാഗത്തിൽ യു.പി വിഭാഗത്തിന് 120 രൂപയും ഹൈസ്കൂൾ വിഭാഗത്തിന് 150 രൂപയും നൽകുന്നു.
- ശുദ്ധ സംസ്കൃതം വിഭാഗത്തിൽ മുൻവർഷത്തെ മാർക്കിന്റെ അടിസ്ഥാനത്തിൽ 6 സ്കോളർഷിപ്പ് വീതം എല്ലാ സംസ്കൃതം ഐച്ഛിക വിഷയമായി പഠിപ്പിക്കുന്ന സ്കൂളുകൾക്കും നൽകുന്നു. (5,6,7 ക്ലാസ്സുകളിലെ 2 സ്ഥാനക്കാർക്ക്)
- പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ലഭിക്കുന്ന തുക ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന പ്രധാന അദ്ധ്യാപകർക്ക് നൽകി വിതരണം നടത്തുന്നു.

**6. പ്രീമെട്രിക് സ്കളർഷിപ്പ്**

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ പഠനത്തിൽ തൽപരരാക്കാൻ വേണ്ടി ഈ പദ്ധതി ലക്ഷ്യമിടുന്നു.

**അർഹത**

- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലേയും 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന മുസ്ലീം, സിഖ്, ബുദ്ധിസ്റ്റ്, പാഴ്സി എന്നീ വിഭാഗത്തിൽപ്പെട്ട കുട്ടികൾ

- രക്ഷിതാക്കളുടെ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ളവരും കഴിഞ്ഞ വാർഷിക പരീക്ഷയിൽ 50 ശതമാനമോ അതിന് മുകളിലോ മാർക്ക് ലഭിച്ച വിദ്യാർത്ഥികൾ.
- ഒന്നാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് മാർക്ക് നിബന്ധനയില്ല.

**നടപടിക്രമങ്ങൾ**

- പൂരിപ്പിച്ച അപേക്ഷകൾ പ്രധാന അദ്ധ്യാപകർക്ക് സമർപ്പിക്കണം
- അപേക്ഷയോടൊപ്പം കുട്ടിയുടെ മതം വെള്ളപേപ്പറിലും, രക്ഷാകർത്താവിന്റെ വരുമാനം തെളിയിക്കുന്നതിന്, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, ഉദ്യോഗസ്ഥർ സ്ഥാപനം നൽകുന്ന വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കണം.
- സത്യവാങ്മൂലം വെള്ളപേപ്പറിൽ മതി മുദ്രപത്രം ആവശ്യമില്ല.

**7. നിർദ്ധനരായ വിദ്യാർത്ഥികൾക്കുള്ള കലാപ്രതി സ്കിം.**

കലകളിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു.

**അർഹത**

- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലെ കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾ.
- കഥകളി, ഓട്ടൻതുള്ളൽ, കുച്ചുപ്പുടി, നാടോടി നൃത്തം, മോഹിനിയാട്ടം, ഭതനാട്യം എന്നിവയിൽ ഉപജില്ലാതലത്തിൽ എ ഗ്രേഡ് കിട്ടിയ വിദ്യാർത്ഥികൾ
- രക്ഷാകർത്താവിന്റെ വാർഷിക വരുമാനം 75000/- രൂപയിൽ താഴെയുള്ളവർ
- അപേക്ഷ ജില്ലയിലെ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കണം.

**നടപടിക്രമങ്ങൾ**

- വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ല വിദ്യാഭ്യാസ ഓഫീസർമാർ മുഖേന അപേക്ഷ ക്ഷണിക്കുന്നു.
- അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ഉപഡയറക്ടർക്ക് സമർപ്പിക്കുന്നു.
- അപേക്ഷകളുടെ എണ്ണമനുസരിച്ച് ആവശ്യമായ തുക പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകും.
- പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലയിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ലഭിക്കുന്ന അലോട്ട്മെന്റ് മാറി തുക ബന്ധപ്പെട്ട വിദ്യാർത്ഥികൾക്കു വിതരണം ചെയ്യുന്നു.
- വിദ്യാർത്ഥികൾക്ക് 10,000 രൂപയാണ് വാർഷിക ധനസഹായം

**8. വിദ്യാർത്ഥികൾക്കുള്ള അപകടമരണ ഇൻഷുറൻസ് പദ്ധതി**

അപകടത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കും കുടുംബത്തിനും സാന്ത്വനം നൽകുന്നതിനാണീ പദ്ധതി

**ഗുണഭോക്താവ്**

- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലേയും വിദ്യാർത്ഥികൾ

- അപകട/അപകടമരണത്തിൽ അകപ്പെടുന്ന വിദ്യാർത്ഥികളുടെ ധനസഹായ അപേക്ഷ പ്രധാനാദ്ധ്യാപകർ ആവശ്യമായ രേഖകൾ സഹിതം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കുന്നു.

**നടപടിക്രമങ്ങൾ**

- അപേക്ഷ പ്രധാന അദ്ധ്യാപകൻ രേഖകൾ സഹിതം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകുന്നു.
- അപേക്ഷകർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് ഒറിജിനൽ ബില്ലുകളും ഡിസ്ചാർജ്ജ് സമ്മറിയും സഹിതം അപേക്ഷിക്കണം.
- മരണ സർട്ടിഫിക്കറ്റ്, എഫ്.ഐ.ആറിന്റെ കോപ്പി, പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
- അപേക്ഷയിൽ നിശ്ചിത സ്ഥലത്ത്, ചികിത്സിച്ച ഡോക്ടറും ബന്ധപ്പെട്ട ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും സാക്ഷ്യപ്പെടുത്തണം.
- വിദ്യാഭ്യാസ ഉപഡയറക്ടർമാർ അപേക്ഷ പരിഗണിച്ച് തുക അനുവദിയ്ക്കുന്നു.
- മരണം സം വിച്ച കുട്ടിയുടെ കുടുംബത്തിന് 10,000 രൂപയും ആശുപത്രി ചെലവുകൾക്കായി പരമാവധി 500 രൂപയും മറ്റ് അംഗവൈകല്യമുള്ളവർക്ക് സർക്കാർ മാനദണ്ഡമനുസരിച്ചും തുക നൽകുന്നു.

**9. ഉച്ച ക്ഷണ പദ്ധതി**

വിദ്യാർത്ഥികളുടെ ആരോഗ്യവും പോഷകാഹാര ലഭ്യതയും ഉറപ്പു വരുത്തുന്നതിനും തുല്യതാ മനോഭാവവും പരസ്പര ധാരണയും ഉണ്ടാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

**ഗുണഭോക്താവ്**

- സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 8 വരെ ക്ലാസ്സിലുള്ള വിദ്യാർത്ഥികൾ, പ്രീപ്രൈമറി സ്കൂൾ കുട്ടികൾ (പി.ടി.എ നടത്തുന്നതുൾപ്പെടെ)
- എം.ജി.എൽ.സി/ബഡ്സ് സ്കൂളുകളിലെ കുട്ടികൾ
- സർക്കാർ അംഗീകാരമുള്ള, ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായുള്ള സ്കൂളുകളിലെ വിദ്യാർത്ഥികൾ
- ടെക്നിക്കൽ ഹൈസ്കൂളുകളിലെ 8-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾ

**നിർവ്വഹണം**

സ്കൂൾതലത്തിൽ രൂപീകരിക്കുന്ന നൂൺഫീഡിംഗ് കമ്മിറ്റികൾ മുഖേനയായിരിക്കും പദ്ധതിയുടെ നിർവ്വഹണം.

സ്കൂൾതല പി.ടി.എ പ്രസിഡന്റ് ചെയർമാനും, പ്രധാനദ്ധ്യാപകൻ സെക്രട്ടറിയുമായ കമ്മിറ്റി ഉച്ചഭക്ഷണത്തിനു മുഴുവൻ ചുമതലകളും നിർവ്വഹിക്കുന്നു. പഞ്ചായത്ത് വാർഡ്മെമ്പർ, രണ്ട് അദ്ധ്യാപകർ(ഒരു വനിത), മദർ പി.ടി.എ മെമ്പർ, ഉച്ചഭക്ഷണം കഴിക്കുന്ന പട്ടികജാതി/പട്ടികവർഗരക്ഷിതാക്കളിൽ നിന്നും 2 പ്രതിനിധികൾ എന്നിവരാണ് മറ്റംഗങ്ങൾ.

**നടപടിക്രമം**

ഉച്ചഭക്ഷണ പദ്ധതിയിൽ പങ്കെടുക്കുന്ന കുട്ടികളുടെ ലിസ്റ്റ് ഉപജില്ലാ ഓഫീസർക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നു. ഉച്ച ക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ആഴ്ച യിൽ ഒരു ദിവസം കോഴിമുട്ടയും രണ്ട് ദിവസം തിളപ്പിച്ച പാലും നൽകുന്നു.

**10. കേരള സ്കൂൾ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ മേളകൾ**

വിദ്യാർത്ഥികളുടെ വൈജ്ഞാനികവും ശാസ്ത്ര ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ അഭിരുചിയും, ഗവേഷണ താല്പര്യവും പഠനത്തിലൂടെ ആർജിച്ച അറി വുകൾ തനിക്കും താനുൾക്കൊള്ളുന്ന സമൂഹത്തിനും ഉതകുന്ന രീതിയിൽ വളർത്തിയെ ടുക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും ഇത് ലക്ഷ്യമിടുന്നു.

**ഗുണേ ാക്താവ്**

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന എല്ലാ അംഗീകൃത വിദ്യാലയങ്ങളി ലേയും 1 മുതൽ 4 വരെയുള്ള കുട്ടികൾക്കും 5 മുതൽ 7 വരെയുള്ള കുട്ടികൾക്കും 8 മുതൽ 10 വരെയുള്ള കുട്ടികൾക്കും, 11,12 ക്ലാസുകളിലെ കുട്ടികൾക്കും യഥാക്രമം എൽ പി/യു.പി/എച്ച്.എസ്./എച്.എസ്.എസ് & വി.എച്ച്.എസ്.എസ് വിഭാഗങ്ങളിൽ സംഘടിപ്പി ക്കുന്ന മേളകളിൽ പങ്കെടുക്കാം.

**നിർവ്വഹണം**

പൊതു വിദ്യാഭ്യാസ വകുപ്പ്

**ഫണ്ട്**

സ്പെഷൽ ഫീസ്, പി.ടി.എ സം ാവന, പൊതുജനസംഭാവന, വിദ്യാർത്ഥികളുടെ സംഭാ വന, ക്ലബുകളുടെ സം ാവന, രജിസ്ട്രേഷൻ ഫീസ് എന്നിവ.

**പ്രവർത്തനങ്ങൾ**

സ്കൂൾ, ഉപജില്ല, റവന്യു ജില്ല, സംസ്ഥാനതല മേളകളാണ് സംഘടിപ്പിക്കുന്നത്. ഓരോ സ്കൂളിലേയും ക്ലബുകൾ മുഖാന്തിരം സ്കൂൾതല മേളകൾ നടത്തുന്നു. ആയതിന് വാർഡ് മെമ്പർ ചെയർമാനും അദ്ധ്യാപകൻ കൺവീനറുമായി സംഘാടക സമിതി രൂപീകരിക്കുന്നു ഉപജില്ലകളിൽ മേയർ/ചെയർമാൻ/പ്രസിഡണ്ട് ചെയർമാനായും പ്രധാനാദ്ധ്യാപകൻ കൺവീനറുമായി സംഘാടകസമിതി രൂപീകരിക്കുന്നു. റവന്യു ജില്ലാ തലത്തിൽ ജില്ലാപ ഞ്ചായത്തു പ്രസിഡണ്ട്/മേയർ/മുൻ ചെയർമാൻ ചെയർമാനായും ഡി.ഡി.ഇ ജനറൽ കൺവീനറുമായ സംഘാടക സമിതി രൂപീകരിക്കുന്നു.

സംസ്ഥാന തലത്തിൽ പ്രാദേശിക സർക്കാർ മേധാവി ചെയർമാനും അഡീഷണൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ ജനറൽ കൺവീനറുമായി സംഘാടക സമിതി രൂപീകരിക്കുന്നു. എൽ.പി. വിഭാഗത്തിന് സംസ്ഥാനതല മത്സരം ഇല്ല. സംസ്ഥാനതല ശാസ്ത്ര, ഗണിതശാ സ്ത്ര, സാമൂഹ്യശാസ്ത്ര പ്രവൃത്തി പരിചയ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് എ, ബി, സി ഗ്രേസ് ലഭിച്ചവർക്ക് താഴെപറയുന്ന രീതിയിൽ ഗ്രേസ് മാർക്ക് ലഭിക്കും.

| | | |
|---|---|---|
| 70% മാർക്കോ അധിലധികമോ | - എ ഗ്രേഡ് | - 30 മാർക്ക് |
| 60 നും 69 നുമിടക്ക് | - ബി ഗ്രേഡ് | - 24 മാർക്ക് |
| 50നും 59 നുമിടക്ക് | - സി ഗ്രേഡ് | - 18 മാർക്ക് |

8,9 ക്ലാസ്സുകളിൽ പഠിക്കുമ്പോൾ മേളയിൽ പങ്കെടുത്ത് ലഭിക്കുന്ന ഉയർന്ന ഗ്രേസ് മാർക്കിംഗ് പരിഗണിക്കുമെങ്കിൽ പത്താംക്ലാസ്സിൽ സംസ്ഥാനതല മത്സരത്തിൽ പങ്കെടുത്തിരിക്കണമെന്നില്ല. പകരം റവന്യു ജില്ലാതലമത്സരത്തിൽ ഇതേ ഇനത്തിൽ എ ഗ്രേഡ് ലഭിച്ചാൽ മതി.

0 ഗ്രേസ്മാർക്ക് ലഭിക്കുന്നതിനുള്ള അപേക്ഷ മാതൃകാഫോറം എല്ലാ വിദ്യാഭ്യാസ ഓഫീസിലും ലഭിക്കും.

0 ഗ്രേസ് മാർക്കിനുള്ള അപേക്ഷ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭിക്കേണ്ടത് എല്ലാ വർഷവും ഫെബ്രുവരി മാസം അവസാന വാരമാണ്.

### 11. ഗിഫ്റ്റഡ് ചിൽഡ്രൻസ് പ്രോഗ്രം

**ലക്ഷ്യം**

പ്രതിഭാശാലികളായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

**ഗുണഭോക്താവ്**

- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലേയും 7-ാം ക്ലാസ്സിൽ 75 ശതമാനവും അതിൽ കൂടുതലും മാർക്ക് വാങ്ങി വിജയിച്ച് 8-ാം ക്ലാസ്സിൽ പഠിക്കുന്ന പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നു.
- യു.എസ്.എസ് പരീക്ഷയ്ക്കും സ്ക്രീനിംഗ് ടെസ്റ്റിനും ലഭിക്കുന്ന സ്കോറുകൾ പരിഗണിച്ച് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നു.
- ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടേയും പ്രധാനദ്ധ്യാപകരുടേയും മേൽനോട്ടത്തിൽജില്ല കോർഡിനേറ്റർമാരാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

ആവശ്യമായ തുക വിദ്യാഭ്യാസ ഡയറക്ടർ വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമായ രീതിയിൽ ഉപയോഗിക്കാൻ നിശ്ചിത മാർഗരേഖയുടെ വെളിച്ചത്തിൽ ജില്ല കോർഡിനേറ്റർമാർക്ക് നൽകുന്നു.

അർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രഥമാദ്ധ്യാപകൻ തയ്യാറാക്കി വിദ്യാഭ്യാസ ഓഫീസർ പരിശോധന നടത്തി പരീക്ഷഭവന്റെ മാർഗനിർദ്ദേശത്തിൽ ജില്ലതലത്തിൽ ഡയറ്റ് പരീക്ഷ നടത്തി അർഹരായവരെ തെരഞ്ഞെടുക്കുന്നു.

ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും 20 പേരെയാണ് തെരഞ്ഞെടുക്കുക. ഇവർക്ക് പ്രത്യേക ശാസ്ത്രക്ലാസ്സുകൾ, പ്രഭാഷണങ്ങൾ, ക്വിസ് മത്സരം, ചർച്ചകൾ ശാസ്ത്രജ്ഞരുടെ അനുഭവം പങ്കുവയ്ക്കൽ, ലാബ് സന്ദർശനം, റഫറൻസ് പുസ്തകങ്ങൾ നൽകൽ, ഫീൽഡ് വിസിറ്റ് മുതലായവ സംഘടിപ്പിക്കുന്നു.

### 12. കേരള സ്കൂൾ കലോത്സവം

വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകളുടെ വളർച്ചയും വികാസവും, കലാസാഹിത്യരംഗത്തെ സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയുമാണ് ലക്ഷ്യം. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന എല്ലാ അംഗീകൃത വിഷയങ്ങളിലേയും 1 മുതൽ 4 വരെയുള്ള കുട്ടികൾക്കും 5 മുതൽ 7 വരെയും 8 മുതൽ 10 വരെയും 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കും മേളയിൽ പങ്കെടുക്കാം.

മേൽപറഞ്ഞ 4 വിഭാഗങ്ങളായിട്ടാണ് മത്സരം നടത്തുക. സ്കൂൾ, ഉപജില്ല, റവന്യു ജില്ല, സംസ്ഥാന മേളകളാണ് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കലോത്സവ മാനുവൽ പ്രകാരം

രൂപീകരിക്കുന്ന സംഘാടക സമിതികൾ മുഖേന നടത്തുന്നത്. കാറ്റഗറി വിഭാഗം 1 ന്റെ മത്സരം (1-4) ഉപജില്ലതലത്തിലും 2 ന്റെ മത്സരം (5-7) റവന്യു ജില്ലയിലും 3 ന്റെ മത്സരങ്ങൾ (8-10) (11-12) സംസ്ഥാനതലത്തിലും അവസാനിക്കുന്നു.

മത്സര ഇനത്തിൽ ഗ്രേഡുകൾ ലഭിക്കുന്നവർക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതാണ്. വിശദവിവരങ്ങൾ കലോത്സവ മാനുവലിൽ ലഭ്യമാണ്.

**13. സ്പോർട്സ് & ഗെയിംസ്**

**ലക്ഷ്യം**

വിദ്യാർത്ഥികളുടെ വ്യക്തിത്വ വികാസവും, മാനസിക കായിക വളർച്ചയും

**ഗുണഭോക്താവ്**

പൊതു വിദ്യാദ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന എല്ലാ അംഗീകൃത വിദ്യാലയങ്ങളിലേയും വിദ്യാർത്ഥികൾ

**നിർവ്വഹണം.**

പൊതു വിദ്യാദ്യാസ വകുപ്പിന്റെ സ്പോർട്സ് & ഗെയിംസിന് വേണ്ടി തയ്യാറാക്കുന്ന മാനുവൽ പ്രകാരം രൂപീകരിക്കുന്ന സമിതികൾ മൂഖേന നിർവ്വഹണം നടത്തുന്നു.

**ഫണ്ട്**

സ്പോർട്സ് ഫണ്ട്, പൊതുജന സംഭാവന, വിദ്യാർത്ഥികളുടെ സംഭാവന, രജിസ്ട്രേഷൻ ഫീസ്, വിദ്യാദ്യാസ ഡയറക്ടറുടെ ഫെസ്റ്റിവൽ ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുക എന്നിവ

**പ്രവർത്തനം**

സ്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

- ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സംസ്ഥാന ടീമിനെ തെരഞ്ഞെടുക്കുന്നു.
- വേനൽക്കാല പരിശീലനം നൽകുന്നു.
- സ്പോർട്സ് സ്കൂൾ തെരഞ്ഞെടുപ്പ് നടത്തുന്നു.
- പൊതുവിദ്യാഭ്യാസ ഡയറക്ടർ ചെയർമാനും ഓർക്ഷനൈസർ ഫോർ സ്പോർട്സ് കൺവീനറുമായ നിർവ്വാഹക സമിതി രൂപീകരിക്കുന്നു.
- നീന്തൽ മത്സരങ്ങൾ, മേഖല ഗെയിംസ് മത്സരങ്ങളുടെ ടീം തെരഞ്ഞെടുപ്പ് കായികമേള എന്നിവ ഈ സമിതി സംഘടിപ്പിക്കുന്നു.
- സ്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള മത്സരങ്ങൾ വിവിധ കമ്മിറ്റികൾ മുഖാന്തിരം സംഘടിപ്പിക്കുന്നു.
- വിവിധതല മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ്മാർക്ക് നൽകുന്നു.
- കേരളത്തിലെ രണ്ട് സ്പോർട്സ് സ്കൂളുകളായ ജി.വി. രാജ സ്പോർട്സ്സ് സ്കൂൾ, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.

**14. അദ്ധ്യാപക രക്ഷാകർതൃ സമിതികൾക്കുള്ള സമ്മാനങ്ങൾ**

അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹനം നൽകുന്നതിനും ഇത് ലക്ഷ്യമിടുന്നു. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള

ഗവ./എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപക രക്ഷാകർതൃ സമിതികൾ ഇതിന്റെ ഗുണഭോക്താക്കൾ ആണ്. വിദ്യാഭ്യാസ ഓഫീസർമാർ മുഖേന നിർവ്വഹണം നടത്തുന്നു. ആവശ്യമായ തുക വകുപ്പിൽ നിന്നും വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകുന്നു.

**നടപടിക്രമങ്ങൾ**

- പ്രൈമറിതല പി.ടി.എ കൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്കും ഹൈസ്കൂൾ പി.ടി.എകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും സമർപ്പിക്കുന്നു.
- ഉപജില്ലാതലത്തിൽ എ.ഇ.ഒ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/മുനിസിപ്പൽ ചെയർമാൻ, ഡയറ്റ് ഫാക്കൽട്ടി എന്നിവർ ഉൾപ്പെട്ട കമ്മിറ്റി അപേക്ഷകൾ പരിശോധിച്ച് മികച്ച പി.ടി.എ കളെ തെരഞ്ഞെടുക്കുന്നു. ഹൈസ്കൂൾ തലത്തിൽ ഡി.ഇ.ഒ കൺവീനറായ കമ്മിറ്റി കണ്ടെത്തുന്നു.
- ഉപജില്ലാ തലത്തിൽ ഒന്നാം സമ്മാനം നേടിയ പി.ടി.എ കൾ ജില്ലാ തലത്തിലും ഹൈസ്കൂൾ തലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർക്ക് ജില്ലാതലത്തിലും പങ്കെടുക്കാം.
- ജില്ലാപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനും വിദ്യാഭ്യാസ ഉപഡയറക്ടർ കൺവീനറുമായ കമ്മിറ്റിയാണ് ജില്ലയിൽ പ്രൈമറി തലത്തിലും ഹൈസ്കൂൾ തലത്തിലും 1, 2 ഉം സ്ഥാനക്കാരെ തെരഞ്ഞെടുക്കുന്നത്.
- ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടുന്നവർക്ക് 60,000/ കയും രണ്ടാം സ്ഥാനക്കാർക്ക് 40,000/ രൂപയും സമ്മാനമായി നൽകുന്നു.
- ഉപജില്ലാതലത്തിൽ 10,000/ രൂപയും ജില്ലാതലത്തിൽ 25,000/ രൂപയും സമ്മാനം നൽകുന്നു.
- ജില്ലാ തലത്തിൽ ഒന്നും രണ്ടും സ്ഥാനക്കാർക്ക് സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കാം. സംസ്ഥാനതലത്തിൽ ഒന്നാം സമ്മാനമായി 5 ലക്ഷം രൂപയും രണ്ടാം സമ്മാനമായി 4 ലക്ഷം രൂപയും മൂന്നാം സമ്മാനമായി 3 ലക്ഷം രൂപയും നാലാം സമ്മാനമായി രണ്ട് ലക്ഷം രൂപയും അഞ്ചാം സമ്മാനമായി ഒരു ലക്ഷം രൂപയും നൽകുന്നു.

**15. സൈനിക സ്കൂൾ സ്കോളർഷിപ്പ്**

കഴക്കൂട്ടം സൈനിക സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് (230-250 കുട്ടികൾക്ക്) ഒരു കുട്ടി ഒരു ദിവസം 35 രൂപ നിരക്കിൽ ഡയട്രി ചാർജ് (600 കുട്ടികൾക്ക്) നൽകുക. വാർഷിക വരുമാനം 10,000 രൂപ വരെയുള്ള രക്ഷിതാക്കളുടെ കുട്ടികൾക്ക് 17500 ഉം 10001 മുതൽ 12750 രൂപവരെ വരുമാനമുള്ളവരുടെ കുട്ടികൾക്ക് 13125 രൂപയും (17500 രൂപയുടെ 75%) 12751 മുതൽ 15000 രൂപവരെ വരുമാനമുള്ളവരുടെ കുട്ടികൾക്ക് 8750 രൂപയും (17500 രൂപയുടെ 50%) എന്ന ക്രമത്തിൽ 2 വർഷം സ്കോളർഷിപ്പ് നൽകുന്നു. കൂടാതെ 100% 75% എന്ന ക്രമത്തിൽ സ്കോറുകൾ ലഭിക്കുന്ന കുട്ടികൾക്ക് മാത്രം ഒരു വർഷം 1000 രൂപ രണ്ടാം വർഷം 500 രൂപ ക്രമത്തിലും ഡ്രസ്സ് അലവൻസ് നൽകുന്നു. അർഹരായ കുട്ടികളുടെ അപേക്ഷയും മറ്റ് രേഖകളും സൈനിക സ്കൂൾ പ്രിൻസിപ്പൽ പൊതു വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കുന്നു. ആദ്യ മൂന്ന് റാങ്കിലുള്ള വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ സ്കോളർഷിപ്പ് തുകയും നൽകുന്നു.

a) RIMC ഡെറാഡൂണിലെ വിദ്യാർത്ഥികൾക്കു നൽകുന്ന സ്കോളർഷിപ്പ്
കേരളത്തിൽ 5 വർഷം തുടർച്ചയായി താമസമാക്കിയിട്ടുള്ള ഡെറാഡൂണിലെ വിദ്യാർത്ഥികളിൽ ഒന്നാം റാങ്കു വാങ്ങുന്ന കുട്ടിയ്ക്ക് 11000/ രൂപ പ്രതിവർഷം നൽകുന്നു.

**വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസം**

**16. വിദ്യാർത്ഥി കേന്ദ്രീകരണ പരിപാടികൾ**

1. റെമഡിയൽ കോച്ചിംഗ്, 2. കരിയർ ഗൈഡൻസ് ആന്റ് കൗൺസലിംഗ്, 3. ഫിനിഷിംഗ് സ്കൂളുകൾ എന്നിവ. ഇവയിൽ സംസ്ഥാനത്തെ 389 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് മേൽ വിവരിച്ച പദ്ധതികൾ നടപ്പിലാക്കുന്നു. ഇവയിലെ എല്ലാ വിദ്യാർത്ഥികളും ഇതിന്റെ ഗുണഭോക്താക്കളാണ്.

**നിർവ്വഹണം**

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൾ, അദ്ധ്യാപകർ, കരിയർ മാസ്റ്റേഴ്സ് എന്നിവർ മുഖേന പഠനത്തിൽ പിന്നോക്കം നിൽക്കുന്നതും വിജയശതമാനം കുറഞ്ഞതുമായ സ്കൂളുകളിൽ റെമഡിയൽ കോച്ചിംഗ് നടത്തുകയും അതുവഴി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുകയും വിജയശതമാനം വർദ്ധിപ്പിക്കുകയും ചെയ്യുക. തൊഴിൽ മേഖലയെപ്പറ്റിയും വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കാനും തൊഴിലവസരങ്ങൾ കണ്ടെത്താനും പ്രാപ്തരാക്കാനും വേണ്ട ഗൈഡൻസ് കൗൺസലിംഗ് ക്ലാസ്സുകൾ നടത്തുക, തൊഴിലധിഷ്ഠിത കോഴ്സുകൾ പാസായി നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പഠനമേഖലയിൽ ഉണ്ടാവുന്ന നൂതന മാറ്റങ്ങൾ അറിയുവാനും പഠനം സമകാലിനമാക്കുവാനും ഉതകുന്ന തരത്തിലുള്ള ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുക മുതലായവ ചെയ്യുന്നു.

**17. ഹയർസെക്കണ്ടറി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്**

മിടുക്കരായ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കു പ്രോത്സാഹനം നൽകുന്നതിന് സംസ്ഥാനത്തെ 12,000 ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുവാൻ പദ്ധതി ലക്ഷ്യമിടുന്നു.

**നടപടിക്രമങ്ങൾ**

- അർഹതയുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് സ്കൂൾ പ്രിൻസിപ്പൾ, അദ്ധ്യാപകർ, പി.ടി.എ എന്നിവർ അടങ്ങുന്ന കമ്മിറ്റി തയ്യാറാക്കുന്നു.
- ലിസ്റ്റ് പ്രകാരം തുക പ്രിൻസിപ്പളിന് അലോട്ട് ചെയ്യുന്നു.
- എസ്.സി/എസ്.ടി കുട്ടികൾക്കായുള്ള സ്കോളർഷിപ്പുകൾ ജില്ലാ പഞ്ചായത്ത് വഴി വിതരണം ചെയ്യുന്നു. (1443 പേർക്ക് 5000 രൂപ വച്ച്)
- യുട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ടവർ നൽകുന്നു.

**18. വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ**

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക. അതിനായി എല്ലാ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും വേണ്ട പരിശീലനവും അവബോധവും നൽകുന്നതിന് ഇത് ലക്ഷ്യമിടുന്നു. ഇതിന്റെ നിർവ്വഹണം

നടത്തുന്നത് സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യുക്കേഷൻ റിസർച്ച് & ട്രെയിനിംഗ് (SCERT) ആണ്. സ്കീം തയ്യാറാക്കുന്നതും എസ്.സി.ഇ.ആർ.ടി ആണ്. സർക്കാർ അനുമതി നൽകുന്നു.

**സാങ്കേതിക വിദ്യാഭ്യാസം**

**19. പ്ലെയ്സ്മെന്റ് ട്രെയിനിംഗ് പ്ലാൻ**

സംസ്ഥാനത്തെ 153 എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും 64 പോളിടെക്നിക്കുകളിൽ നിന്നും പഠിച്ചിറങ്ങുന്ന എഞ്ചിനീയറിംഗ് ഡിഗ്രിക്കാർക്കും ഡിപ്ലോമക്കാർക്കും അപ്രന്റിസ് പരിശീലനം നൽകാൻ ഇത് ലക്ഷ്യമിടുന്നു. വിവിധ സ്ഥാപനങ്ങളിലും വ്യവസായ സ്ഥാപനങ്ങളിലും അപ്രന്റിസ് പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുക്കുന്നത് സൂപ്പർ വൈസറി ഡവലപ്പമെന്റ് സെന്റർ വഴിയാണ്. സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികളുടെ ഒരു പാനൽ ഉണ്ടാക്കി വിവിധ സ്ഥാപനങ്ങൾക്ക് നൽകുന്നു.

**നിർവ്വഹണം**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ കളമശ്ശേരിയിലുള്ള സൂപ്പർവൈസറി ഡവലപ്മെന്റ് സെന്റർ അസിസ്റ്റന്റ് ഡയറക്ടർ ആണ് ഇതിന്റെ നിർവ്വഹണം നടത്തുന്നത്. തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾ പരിശീലന കാലത്ത് ഡിപ്ലോമക്കാർക്ക് 2530 രൂപയും ഡിഗ്രിക്കാർക്ക് 3560 രൂപയും പ്രതിമാസം സ്റ്റൈപന്റായി നൽകുന്നു.

**20. ഫാക്കൽറ്റി ഡവലപ്പ്മെന്റ് പ്ലാൻ**

എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും തെരഞ്ഞെടുത്ത അദ്ധ്യാപകർക്ക് എം.ടെക്/പി.എച്ച്.ഡി കോഴ്സുകൾക്ക് ഉന്നത വിദ്യാഭ്യാസം നടത്തുന്നതിന് ഈ സ്കീം ലക്ഷ്യമിടുന്നു. ഫാക്കൽറ്റികളുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഇതിൻപ്രകാരം വകയിരുത്തിയിട്ടുണ്ട്. അദ്ധ്യാപകരുടെ യോഗങ്ങൾ നടത്തുക, സെമിനാറുകളും ഹ്രസ്വകാല കോഴ്സുകളും നടത്തുക, എന്നിവയും ഇതുവഴി നടത്തുന്നു. ഇതിന്റെ നിർവ്വഹണം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആണ്.

**21. ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ**

വിവിധ വ്യവസായ സംരം ങ്ങളിലെ വിദഗ്ധരെക്കൊണ്ട് ആധുനിക സാങ്കേതിക വിദ്യയിലൂടെ എഞ്ചിനീയറിംഗ് പോളിടെക്നിക് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന പദ്ധതിയാണിത്. വിവിധ വ്യവസായ സ്ഥാപനങ്ങളിൽ അദ്ധ്യാപകർക്ക് പരിശീലനവും നൽകുന്നു. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ നടപ്പിലാക്കി വരുന്ന വിവിധങ്ങളായ ഫാക്കൽടി പരിപാടി അനുസരിച്ച് ഗവ. എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർ, പ്രൊഫഷണലുകൾ, അക്കാദമിക വിദഗ്ധർ, വ്യവസായമേഖലയിലെ വിദഗ്ധർ എന്നിവർ 4 ആഴ്ച വരെ ഗവ.എഞ്ചിനീയറിംഗ് കോളേജുകളിൽ വിസിറ്റിംഗ് ഫാക്കൽടിയായി പ്രവർത്തിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വ്യാവസായിക പരിശീലനം നൽകുക, ഫാക്കൽടി ഇൻഡസ്ട്രിയൽ ട്രെയിനിംഗ് നടപ്പിലാക്കുന്നു.

**നിർവ്വഹണം**

എഞ്ചിനീയറിംഗ് കോളേജ് സ്കീമിൽ ഉൾപ്പെട്ട ഒരു ജോയിന്റ് ഡയറക്ടർ ഈ സ്കീമിന്റെ മേൽനോട്ടം വഹിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ കോളേജിന് അലോട്ട്മെന്റായി നൽകുന്നു.

**22. പോളിടെക്നിക്കുകളിലെ ഫിനിംഷിംഗ് സ്കൂളുകൾ**

വിദ്യാർത്ഥികളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനായി നൂതന സാങ്കേതിക വിഷയങ്ങളിലും, സോഫ്റ്റ് സ്കിൽ വികസനവും വ്യക്തിത്വ വികസനത്തിനുമുള്ള പരിശീലനം നൽകുന്നതിനാണ് ഫിനിഷിംഗ് സ്കൂൾ പദ്ധതി. സംസ്ഥാനത്തെ 43 സർക്കാർ പോളിടെക്നിക്കുകളിലും ഫിനിഷിംഗ് സ്കൂൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആണ് ഇതിന്റെ നിർവ്വഹണം നടത്തുന്നത്. അതാത് പ്രിൻസിപ്പൾമാർക്ക് ഡയറക്ടർ ഫണ്ട് അലോട്ട് ചെയ്യുന്നു. പ്രവർത്തന മാർഗ്ഗരേഖ ഡയറക്ടർ പുറപ്പെടുവിക്കുന്നു. അതനുസരിച്ച് അനുയോജ്യമായ ക്ലാസ്സുകൾ ഫിനിഷിംഗ് സ്കൂളുകൾ വഴി പോളിടെക്നിക്ക് പ്രിൻസിപ്പൽമാർ നടത്തുന്നു.

**23. കായിക വിദ്യാഭ്യാസ വികസനം**

എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും സ്റ്റേഡിയം നിർമ്മാണം, സ്വിമ്മിംഗ് പൂൾ, ആധുനിക ഫിറ്റ്നസ് സെന്ററുകളുടെ നിർമ്മാണം എന്നിവ ഈ പദ്ധതി വഴി ലക്ഷ്യമിടുന്നു. കായിക മത്സര ഉപകരണങ്ങൾ വാങ്ങുന്നതിനും പദ്ധതി തുക വിനിയോഗിക്കാവുന്നതാണ്. സംസ്ഥാനത്തെ 9 സർക്കാർ എഞ്ചിനീയരിംഗ് കോളേജുകളിലും 43 സർക്കാർ പോളിടെക്നിക്കുകളിലും പഠിക്കുന്ന കുട്ടികൾക്ക് കായിക വിദ്യാഭ്യാസവും കായിക പരിശീലനവും ഇതുവഴി ലഭ്യമാക്കുന്നു. വിദ്യാഭ്യാസ ഡയറക്ടരുടെ മേൽനോട്ടത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നു. അതാത് കോളേജ് പ്രിൻസിപ്പൽമാർക്ക് ഫണ്ട് അലോട്ട്മെന്റ് നടത്തുന്നു. ഫിസിക്കൽ എഡ്യുക്കേഷൻ വിദഗ്ധരുമായി ആലോചിച്ച് പ്രിൻസിപ്പൽ സാങ്കേതിക ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു.

**24. ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്റർ (റ്റി. ആർ. സി)**

സാങ്കേതിക വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും ട്രാൻസ്പോർട്ടേഷനിലൂടെ അറിവുകൾ വ്യാപിപ്പിക്കുന്നതിനും അതുവഴി ട്രാൻസ്പോർട്ടേഷൻ അവലംബിക്കുന്ന ജനതയുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും കൂടുതൽ സൗകര്യമുള്ള ലാബുകൾ സജ്ജമാക്കുന്നതിനും പഠന സഹായികൾ ലഭ്യമാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

**പ്രവർത്തനങ്ങൾ**

- ഹൈവേകളുമായി ബന്ധപ്പെടുത്തിയുള്ള ഗവേഷണം സംഘടിപ്പിക്കുക
- നാഗരിക വാഹന ആസൂത്രണത്തിലുള്ള പരിശീലനവും ഗവേഷണ സൗകര്യ വികസനവും പ്രാദേശിക തലത്തിൽ വിദഗ്ധ അഭിപ്രായം ആരായുന്നതിനുള്ള സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക
- പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, എഞ്ചിനീയർമാർക്ക് ഹ്രസ്വകാല കോഴ്സുകൾ ഗവേഷണ ഫലമായുണ്ടാകുന്ന ഉൽപ്പന്നങ്ങൾ പ്രാവർത്തികമാക്കു

ന്നതിന് പ്രഗൽഭരായവർക്ക് അറിവുകൾ കൈമാറ്റം ചെയ്യുക, ട്രാൻസ്പോർട്ട് മേഖലയിലെ തൊഴിലാളികൾക്ക് പരിശീലനം നൽകുക

**ഗുണഭോക്താക്കൾ**

പൊതുമരാമത്തു വകുപ്പിലെ എഞ്ചിനീയർമാർ, ട്രാൻസ്പോർട്ട് മേഖലയിലെ തൊഴിലാളികൾ

നിർവ്വഹണം - റ്റി. ആർ.സി യുടെ പ്രവർത്തനങ്ങൾക്കാവശ്യമായ മെഷിനറികൾ ഉപകരണങ്ങൾ, റിസർച്ചു പ്രോഗ്രാമുകൾ ഇവ. റ്റി.ആർ.സി യുടെ മേധാവിയുമായി ആലോചിച്ച് പ്രിൻസിപ്പൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുകയും അവ വിശദമായി പാലിച്ച് ഫണ്ട് അലോട്ട്മെന്റ് നടത്തുകയും ചെയ്യുന്നു.

**25. എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും ലൈബ്രറികളുടെ ശാക്തീകരണം**

ലൈബ്രറികൾ നവീകരിക്കുക, ഡിജിറ്റലൈസ് ചെയ്യുക അന്തർദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങളായി ഉയർത്തുക എന്നിവ ലക്ഷ്യമിടുന്നു.

**പ്രവർത്തനങ്ങൾ**

- എല്ലാ സ്ഥാപനങ്ങളിലേയും ലൈബ്രറി പുസ്തകങ്ങളെ ഡിജിറ്റൽ സംവിധാനവും ആക്കുക
- എല്ലാ മേഖലകളിലും ഓൺലൈൻ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുക
- ലൈബ്രറി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ് വെയർ സംവിധാനം പ്രാവർത്തികമാക്കുക
- അന്താരാഷ്ട്ര ആനുകാലിക പ്രസിദ്ധീകരണങ്ങളെ ഐ.ഇ.ഇ.ഇ, എ.സി.എം മുതലായ ഓൺലൈൻ പഠന സഹായികൾ ലഭ്യമാക്കുക
- ഓൺലൈൻ വഴി ബുക്കുകൾ വാങ്ങുവാനും രേഖപ്പെടുത്തുന്നതിനുമുള്ള സംവിധാനം
- ബുക്കുകൾ കണ്ടെത്താനുള്ള ഡിജിറ്റൽ സംവിധാനം
- പുതിയ പുസ്തകങ്ങൾ വാങ്ങുക, ജേർണലുകൾ, ഇ-ജേർണലുകൾ എന്നിവ ലഭ്യമാക്കുക

**ഗുണഭോക്താവ്**

9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും 43 സർക്കാർ പോളിടെക്നിക്കുകളിലും പഠിക്കുന്ന കുട്ടികൾ

**നിർവ്വഹണം**

അതാതു പ്രിൻസിപ്പൽമാർ സാങ്കേതികവിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നു.

**26. എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ വിഭവ കേന്ദ്രങ്ങൾ (എഡ്യുക്കേഷൻ റിസോഴ്സ് സെന്ററുകൾ)**

കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും ഡിജിറ്റൽ വിവരങ്ങൾ ശേഖരിക്കുക, സംഘടിപ്പിക്കുക, സൃഷ്ടിക്കുക എന്നിവ ഇതിന്റെ സഹായത്തോടെ നടപ്പിലാക്കുന്നു. കെബെയ്സ് വിപുലീകരണം ഇ-ലേണിംഗിന്റെ ഭാഗമാണ് എല്ലാ എഞ്ചിനീയറിംഗ്

കോളേജുകളിലും ഇ-ബേയ്സ് സംവിധാനം വ്യാപിപ്പിക്കുക, എല്ലാ വിഷയങ്ങളിലേയും ഉള്ളടക്കം വികസിപ്പിക്കുക, ഗവേഷണ പദ്ധതികൾക്കുള്ള കലവറ സൃഷ്ടിക്കുക, വിദഗ്ധ പ്രഭാഷണങ്ങൾ അടങ്ങുന്ന വീഡിയോ കോൺഫറൻസിംഗ് സൗകര്യമൊരുക്കുക എന്നിവ ഇത് ലക്ഷ്യമിടുന്നു.

**ഗുണഭോക്താവ്**

സംസ്ഥാനത്തെ 9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പഠിക്കുന്ന കുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുക

**നിർവ്വഹണം**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ സംസ്ഥാനത്തെ 9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലേയും പ്രിൻസിപ്പൽമാർ നിർവ്വഹണം നടത്തുന്നു.

**27. എഞ്ചിനീയറിംഗ് കോളേജുകൾക്കുള്ള ഗവേഷണ സ്കോളർഷിപ്പ്**

സ്പീഡ്, ഐ.റ്റി പോലുള്ള റിസർച്ച് സ്കോളർഷിപ്പുകൾ എല്ലാ എഞ്ചിനീയറിംഗ് കോളേജുകലിലും ഏർപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഒരുമാസം ഒരു വിദ്യാർത്ഥിയ്ക്ക് 20,000 രൂപ നിരക്കിൽ പ്രോത്സാഹന തുകയായി പി.എച്ച്.ഡി വിദ്യാർത്ഥികൾക്ക് 6000 രൂപ നിരക്കിൽ എം.ടെക് വിദ്യാർത്ഥികൾക്കും നൽകുന്നു. ഗേറ്റ് സ്കോളർഷിപ്പ് ഇല്ലാത്ത അർഹതയുള്ള സമർത്ഥരായ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുന്നതാണ്. മെച്ചപ്പെട്ട ഗവേഷണ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

**ഗുണഭോക്താവ്**

എല്ലാ കോളേജുകളിലേയും സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു.

**നിർവ്വഹണം**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിലുള്ള ഒരു കമ്മിറ്റി സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നവർക്ക് സ്കോളർഷിപ്പ് തുക അതാത് പ്രിൻസിപ്പൽ മുഖേന നൽകുന്നു.

**28. വിദ്യാർത്ഥികളുടെ മികവ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി**

**ലക്ഷ്യങ്ങൾ**

പട്ടികജാതി/പട്ടികവർഗ്ഗ സംവരണാനുപാതത്തിൽ പ്രവേശനം നേടിയ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളിൽ 3 വർഷ എഞ്ചിനീയറിംഗ് ഡിപ്ലോമ പാസായശേഷം 3-ാം സെമസ്റ്റർ എഞ്ചിനീയറിംഗ് കോഴ്സിലേയും ലാറ്ററൽ എൻട്രി ടെസ്റ്റ് പാസ്സായി പ്രവേസനം നേടി വരുന്ന വിദ്യാർത്ഥികൾ, ബൗദ്ധികമായി പിന്നോക്കം നിൽക്കുന്ന എല്ലാ വിഭാഗത്തിലുമുള്ളവർ എന്നിവർക്കായി പ്രയാസമുള്ള വിഷയങ്ങൾ പ്രത്യേക കോച്ചിംഗ് നൽകി. വിജയശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്.

**ഗുണഭോക്താവ്**

ലാറ്ററൽ എൻട്രി ടെസ്റ്റ് പാസായി പ്രവേശനം നേടി വരുന്ന വിദ്യാർത്ഥികൾ, ബൗദ്ധികമായി പിന്നോക്കം നിൽക്കുന്ന എല്ലാ വിഭാഗത്തിലുമുള്ള കുട്ടികൾ

**നിർവ്വഹണം.**

പ്രത്യേകം കോച്ചിംഗ് വേണ്ടതായ വിഷയങ്ങളിൽ കുട്ടികളുടെ ആവശ്യങ്ങൾ അനുസരിച്ച് അതാത് പ്രിൻസിപ്പൽമാർ കുട്ടികൾക്കായി സ്പെഷൽ കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. പ്രിൻസിപ്പൽമാർ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ നിർവ്വഹണം നടത്തുന്നു. കോച്ചിംഗ് നൽകേണ്ട വിഷയങ്ങൾ, കുട്ടികളുടെ എണ്ണം എന്നിവയുടെ വ്യത്യാസത്തിനനുസരിച്ച് പ്രിൻസിപ്പൽമാരുടെ അപേക്ഷ അനുസരിച്ച് ഡയറക്ടർ ഫണ്ട് അനുവദിക്കുന്നു.

**29. ക്യു.ഐ.പി. കേന്ദ്രങ്ങൾ**

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റികൾക്കു പി.എച്ച്.ഡി പ്രോഗ്രാം ചെയ്യുന്നതിനായി തിരുവനന്തപുരത്തും തൃശൂരിലേയും എഞ്ചിനീയറിംഗ് കോളേജുകളേയും കോട്ടയം ആർ.ഐ.റ്റിയിലേയും ക്വാളിറ്റി ഇംപ്രൂവ്മെന്റ് (ക്യു.ഐ.പി) സെന്ററുകളായി എ.ഐ.സി.റ്റി.ഇ യിൽ നിന്നു അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിനുവേണ്ടിയും ലബോറട്ടറി ആധുനികരണ ലൈബ്രറി സൗകര്യങ്ങൾ, ക്യു.ഐ.പി ഗവേഷണ വിദ്യാർത്ഥികൾക്കു വേണ്ടി കെട്ടിടനിർമ്മാണം തുടങ്ങിയവ എന്നിവയും നടപ്പിലാക്കുന്നു.

**ഗുണഭോക്താവ്**

തിരുവനന്തപുരത്തും തൃശൂരിലും എഞ്ചിനീയറിംഗ് കോളേജുകളിലേയും കോട്ടയം ആർ.ഐ.റ്റി യിലേയും 20 ഫാക്കൽറ്റികൾ

**നിർവ്വഹണം**

അതാതു പ്രിൻസിപ്പൽമാർ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ പദ്ധ നിർവ്വഹണം നടത്തുന്നു. വിദ്യാഭ്യാസ ഡയറക്ടർ കോളേജിന് ഫണ്ട് നൽകുന്നു. കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മെഷിനറികൾ, ഉപകരണങ്ങൾ പഠന സാമഗ്രികൾ ഇവ കോളേജിലെ വിവിധ വകുപ്പു തലവൻമാരുമായി ആലോചിച്ച് പ്രിൻസിപ്പൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു. പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിനുള്ള ഫണ്ട് അലോട്ട് ചെയ്യുന്നു.

**30. വിദഗ്ധ കഴിവ് നേടുന്ന പദ്ധതി (അധിക വൈദഗ്ധ്യം ആർജിക്കുന്നതിനുള്ള പദ്ധതി)**

വിദ്യാഭ്യാസം പൂർത്തിയാകാതെ കൊഴിഞ്ഞ് പോക്കിന് ഇടയാക്കുന്നവർക്കും ആർട്ട്സ്-സയൻസ് കോളേജുകളിൽ നിന്നും ജയിച്ച് നിൽക്കുന്നവരും ഉൾപ്പെടെ എല്ലാ സമുദായങ്ങളിൽ ഉൾപ്പെട്ടതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി മാസംതോറുമുള്ള സ്റ്റൈപന്റോടു കൂടി എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, തെരഞ്ഞെടുക്കപ്പെട്ട സാങ്കേതിക സ്കൂളുകൾ എന്നിവ മുഖേന തൊഴിലധിഷ്ഠിത പരിശീലനം നൽകുന്ന പദ്ധതിയാണിത്. എഞ്ചിനീയറിംഗ് കേളേജുകളിലൂടെ സെക്കൻഡറി വിദ്യാർത്ഥികൾക്കായുള്ള ഔട്ട്റിച്ച് പരിപാടികളും നടത്തുന്നതിനും തെരഞ്ഞെടുക്കുന്നതിനും വേണ്ടിയുള്ള നിരന്തര കോഴ്സുകൾ സെക്കണ്ടറി വിദ്യത്ഥികൾക്കുവേണ്ടി പ്രസ്തുത പരിപാടി വഴി സംഘടിപ്പിക്കുന്നു. കോഴ്സുകൾ പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കറ്റുകൾ നൽകുന്നു. മാസം തോറുമുള്ള

ടൂൾകിറ്റ്, സ്റ്റൈപന്റ് മുതലായവയും നൽകുന്നു. ഫാക്കൽറ്റികൾക്ക് വേതനം നൽകാനും തുക ഉപയോഗിക്കുന്നു.

**നിർവ്വഹണം**

എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, തെരഞ്ഞെടുക്കപ്പെട്ട സാങ്കേതിക സ്കൂളുകൾ എന്നിവിടങ്ങളിലെ മേലധികാരികൾ സാങ്കേതിക വിദ്യാ ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നു. സാങ്കേതിക വിദ്യാ ്യാസ ഡയറക്ടർ സ്ഥാപനമേലധികാരികൾക്ക് അലോട്ട്മെന്റ് നൽകുന്നു.

**31. സയൻസ് & ടെക്നോളജി റിസർച്ച് പാർക്ക് (ട്രെസ്റ്റ്)**

വ്യവസായ സ്ഥാപനങ്ങൾ പരസ്പര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനെ പരിപോഷിപ്പിക്കുക, അടിസ്ഥാനപരവും പ്രാദേശികവുമായ ഗവേഷണ പ്രവർത്തനങ്ങളുടെ പുരോഗതി വർദ്ധിപ്പിക്കുക എന്നിവ നേടുന്നതിനുള്ള പദ്ധതിയാണ് ട്രെസ്റ്റ്. വാണിജ്യപരമായ പ്രവർത്തനങ്ങൾ ഗവേഷണങ്ങൾക്കു ഊന്നൽ നൽകികൊണ്ട് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജുമായി സംയോജിപ്പിച്ച് പദ്ധതി നടപ്പിലാക്കുന്നു. അവിടുത്തെ ലഭ്യമായ ഗവേഷണ സൗകര്യങ്ങളും ലബോറട്ടറി സൗകര്യങ്ങളും കൂടാതെ ഗവേഷണത്തിൽ പരിശീലനം ലഭിച്ച അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും പ്രയോജനപ്പെടുത്തികൊണ്ട് വ്യവസായവുമായി ബന്ധപ്പെട്ട ഗവേഷണ കേന്ദ്രങ്ങളെ റിസർച്ച് പാർക്കിൽ കൊണ്ടുവരുന്നതിനുള്ള സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നത് പദ്ധതി ലക്ഷ്യമിടുന്നു.

**ഗുണഭോക്താക്കൾ**

വ്യവസായവുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പുതുതായി പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കമ്പനികൾ

**നിർവ്വഹണം**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ എഞ്ചിനീയരിംഗ് കോളേജ് പ്രിൻസിപ്പൽ പദ്ധതി നിർവ്വഹണം നടത്തുന്നു. തുക ഡയറക്ടർ പ്രിൻസിപ്പലിന് അലോട്ട്മെന്റായി.

**32. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടിയ പദ്ധതികൾ**

**ലക്ഷ്യങ്ങൾ**

പൂനയിലെ മെഴ്സിഡസ് ബെൻസ് ഓഫ് ഇന്ത്യ എന്ന കമ്പനിയുടെ പങ്കാളിത്തത്തോടുകൂടി തിരുവനന്തപുരം ബർട്ടൻ ഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആട്ടോമൊട്ടീവ് മെക്കാടോണിക്സിൽ ആധുനിക ഡിപ്ലോമ കോഴ്സുകൾ ബഹുരാഷ്ട്ര കമ്പനിയായ ബേഷ് റെക്സോറോണിന്റെ കൂട്ടായ്മയിൽ തിരുവനന്തപുരം കേളേജ് ഓഫ് എഞ്ചിനീയറിംഗ് കളമശ്ശേരി സർക്കാർ പോളിടെക്നിക്കിലും ആട്ടോമൊബൈൽ ടെക്നോളജിയിൽ മാത്സര്യ ത്തിന്റേയും മികവിന്റേയും കേന്ദ്രമാക്കി പടുത്തുയർത്തുക, തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിഗിൽ ട്രാൻസേഷണൽ സയൻസിൽ ഒരു വർഷത്തെ പോസ്റ്റ് ഡിപ്ലോമ കോഴ്സ് സംഘടിപ്പിക്കുക എന്നിവ ഇതുവഴി ലക്ഷ്യമിടുന്നു.

**ഗുണഭോക്താവ്**

കേരളത്തിലെ യുവജനങ്ങൾ

**നിർവ്വഹണം**

സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൽ, പോളിടെക്നിക്കുകൾ എന്നിവയും ബഹരാഷ്ട്ര കമ്പനികളും സംയുക്തമായി നടത്തുന്നതാണ് ഈ കോഴ്സ്.

**ഫണ്ട്.**

കോളേജുകൾ നൽകുന്ന പ്രൊപ്പോസൽ പരിശോധിച്ച് നിർവ്വഹണത്തിനായി ഫണ്ട് അലോട്ട് ചെയ്യുന്നു.

................................

## 38. കോളേജ് വിദ്യാഭ്യാസ വകുപ്പ്

**ആമുഖം**

കോളേജ് വിദ്യാഭ്യാസം കുറ്റമറ്റതാക്കുവാനുള്ള വിവിധ പരിപാടികളാണ് വകുപ്പ് നടപ്പിലാക്കി വരുന്നത്. സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ, കെട്ടിടങ്ങൾ, ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകൾ, ശമ്പളവും മറ്റാനൂകൂല്യങ്ങളും നൽകൽ, വിവിധ വിദ്യാഭ്യാസ സ്ക്കോളർഷിപ്പുകൾ നൽകൽ, യു.ജി.സി. സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക, ഉന്നതനിലവാരം ഉറപ്പുവരുത്തുക, യു.ജി.സി. നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, സ്വകാര്യകോളേജ് ജീവനക്കാരുടെ ശമ്പളവും മറ്റാനൂകൂ ല്യങ്ങളും നല്കുന്നതിന് ക്രമീകരണങ്ങൾ നടത്തുക, വാർഷിക പഞ്ചവത്സരപദ്ധതികൾ നടപ്പിലാക്കുക, വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുക മുതലായവ വകുപ്പ് ലക്ഷ്യമിടുന്നു.

**ലക്ഷ്യങ്ങൾ**

1. ഈ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും സുഗമമായ പ്രവർത്തനത്തിനുവേണ്ടിയുള്ള എല്ലാ നടപടികളും ഏർപ്പെടുത്തുക
2. സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക
3. സ്വകാര്യകോളേജ് ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുക
4. സർക്കാർ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള കെട്ടിടങ്ങൾ, ഹോസ്റ്റലുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ തുടങ്ങിയവ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുക
5. ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ച പഞ്ചവത്സര പദ്ധതികളും വാർഷിക പദ്ധതികളും നടപ്പിലാക്കുക
6. വിജ്ഞാനശാഖാ വികസനത്തിനായി അദ്ധ്യാപകർക്ക് ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുക
7. വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള വിവിധ സ്കോളർഷിപ്പുകളും സ്റ്റൈഫന്റും നൽകുക
8. അദ്ധ്യാപകർക്കുവേണ്ടിയുള്ള വിവിധ ഇൻ-സർവ്വീസ് കോഴ്സുകൾ ആരംഭിക്കുക
9. യു.ജി.സി. നൽകുന്ന സാമ്പത്തിക സഹായം അദ്ധ്യാപകർക്കും സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിനുവേണ്ട ഗവണ്മെന്റ് നടപടികൾ സ്വീകരിക്കുക

10. ഉന്നത വിദ്യാഭ്യാസത്തിന്റെ സുഗമമായ നടത്തിപ്പിനും വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ പുരോഗതിക്കും വേണ്ട എല്ലാ നടപടികളും സ്വീകരിക്കുക
11. ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള യു.ജി.സി. പദ്ധതി നടപ്പിലാക്കുക. ശമ്പള പരിഷ്ക്കരണം ഉൾപ്പെടെ യു.ജി.സി. പദ്ധതിയിൽ നിഷ്ക്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുക

**സ്കീമുകൾ**

**1. ഫാക്കൽറ്റി വികസനം**

ഫാക്കൽറ്റി വികസനത്തിലൂടെ ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഫാക്കൽറ്റികൾക്കായി റിഫ്രെഷർ കോഴ്സുകൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവ നടത്തി വരുന്നു. രാജ്യത്ത് മറ്റ് സ്ഥലങ്ങളിലുള്ള വിദ്യാഭ്യാസ സമ്പ്രദായങ്ങളും രീതികളുമായി ഫാക്കൽറ്റി പരിചയപ്പെടേണ്ടതുണ്ട്. രാജ്യത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ഫാക്കൽറ്റികളെ ക്ഷണിച്ച് സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തുന്നതിന് ഈ പദ്ധതി പ്രകാരം ഫണ്ട് അനുവദിക്കുന്നു.

**2. പുതിയ കോഴ്സുകൾ**

സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കോളേജുകളിൽ നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ഫർണിച്ചർ, ലാബ്/ലൈബ്രറി സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. പുതിയ കോഴ്സുകൾ ആരംഭിച്ച കോളേജുകളിൽ ലബോറട്ടറി /ലൈബ്രറി സൗകര്യങ്ങൾക്കും, നിലവിലുള്ള ലാബ് മെച്ചപ്പെടുത്തിന്നതിനും തുക അനുവദിക്കുന്നു.

**3.സർക്കാർ കോളേജുകളിലെ ലബോറട്ടറികളുടേയും ലൈബ്രറികളുടേയും വികസനം**

ഭൂരിഭാഗം സർക്കാർ കോളേജുകളിലെ ലബോറട്ടറികളിലും ലൈബ്രറികളിലും കാലപ്പഴക്കം ചെന്ന ഉപകരണങ്ങളാണുള്ളത്. പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങിയതു കാരണം ലബോറട്ടറികളും ലൈബ്രറികളും ആധുനിക രീതിയിൽ നവീകരിക്കുകയും കമ്പ്യൂട്ടർ, ഡിജിറ്റൽ ലൈബ്രറി സംവിധാനം, നെറ്റ് വർക്ക് സംവിധാനം എന്നിവ ഏർപ്പെടുത്തടേണ്ടതുമാണ്. ആധുനിക വിദ്യാഭ്യാസ യുഗത്തിൽ ലബോറട്ടറികളുടേയും ലൈബ്രറികളുടേയും പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ടി അതിനൂതനങ്ങളായ ഉപകരണങ്ങൾ/ഫർണിച്ചർ ലഭ്യമാക്കേണ്ടതുണ്ട്. കോളേജുകൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനായി ലബോറട്ടറികളുടേയും, ലൈബ്രറികളുടേയും വികസനം അത്യാവശ്യമാണെന്ന് നാക്ക് നിഷ്കർഷിക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് ഈ ശീർഷകത്തിൽ ഫണ്ട് അനുവദിച്ചു നൽകുന്നു.

**4. തെരെഞ്ഞെടുക്കപ്പെട്ട പ്രശസ്ത കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതിനും വികസന പ്രവർത്തനങ്ങൾക്കും മാച്ചിംഗ് ഗ്രാന്റ്**

കോളേജുകളുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കാനായി കോളേജ് വികസന സമിതികൾക്കു രൂപം കൊടുത്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സമിതി ശേഖരിക്കുന്ന ഫണ്ടിന് തുല്യമായ തുക മാച്ചിംഗ് ഗ്രാന്റ് ആയി നൽകുകയെന്നുള്ളതാണ് ഈ പദ്ധതി

യുടെ ലക്ഷ്യം. അപ്രകാരം ശേഖരിക്കുന്ന സി.ഡി.സി.ഫണ്ടുകൾ കോളേജുകളുടെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

**5. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റേയും ഡെപ്യൂട്ടി ഡയറക്ടറേറ്റുകളുടേയും നവീകരണം**

കോളേജ് വിദ്യാ ്യാസ ഡയറക്ടറേറ്റിന്റേയും ഡെപ്യൂട്ടി ഡയറക്ടറേറ്റുകളുടേയും പ്രവർത്ത ആവശ്യത്തിനു കമ്പ്യൂട്ടർ/ഇന്റർനെറ്റ് മറ്റ് ആധുനിക സംവിധാനങ്ങൾ എന്നിവ സജ്ജീകരിക്കുന്നതിന് ഈ ശീർഷകത്തിൽ നിന്നും ഫണ്ട് അനുവദിച്ചു നൽകുന്നു.

**6. ഐ.റ്റി.ഗ്രിഡ്**

സംസ്ഥാനത്തെ സർവ്വകലാശാലകളുടെ കീഴിലുള്ള കോളേജുകളെ ഉൾപ്പെടുത്തിക്കൊണ്ട് അക്കാദമിക്ക് ഗവേഷണ ആവശ്യങ്ങൾക്കായി ഒരു എഡ്യൂക്കേഷണൽ ഗ്രിഡ് സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അദ്ധ്യാപകരെയും, വിദ്യാർത്ഥികളെയും വിവര സാങ്കേതിക വിദ്യയിലൂടെ ശാക്തീകരിക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. ബ്രോഡ്ബാന്റ് കണക്ഷനുവേണ്ടി ബി.എസ്.എൻ.എൽ-ന് നൽകേണ്ട വാർഷിക തുക ഈ പദ്ധതിയിൽനിന്നും വഹിച്ചുവരുന്നു.

**7. കോളേജുകൾക്കുള്ള നാഷണൽ അസസ്മെന്റ് ആന്റ് അക്രിഡിറ്റേഷൻ കൗൺസലിന്റെ (NACC) അംഗീകാരം**

കൗൺസലിന്റെ അംഗീകാരം ലഭിക്കാനായി സർക്കാർ കോളേജുകളെ സജ്ജമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇനിയും നാക്ക്-ന്റെ അംഗീകാരം ലഭിച്ചിട്ടില്ലാത്ത കോളേജുകൾക്കും അംഗീകാരം ല ിക്കണമെങ്കിൽ എല്ലാ മേഖലകളിലും നവീകരണം നടപ്പിലാക്കുകയും മികച്ച പ്രകടനം കാഴ്ചവെയ്ക്കുകയും വേണം. ഇതിന് വലിയൊരു തുക അത്യാവശ്യമാണ്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം ഉയർത്തുവാനായി നൽകിപ്പോരുന്ന വിവിധ സാമ്പത്തിക സഹായ പദ്ധതികൾ ലഭിക്കണമെങ്കിൽ നാക്കിന്റെ അംഗീകാരം അത്യാവശ്യമാണ്. അപ്രകാരം നാക്കിന്റെ അംഗീകാരം നേടുന്നതിന് കോളേജുകളെ പ്രാപ്തരാക്കുന്നതിന് ഈ പദ്ധതിപ്രകാരം ഫണ്ട് നൽകുന്നു.

**8. ഗ്രാജ്വേറ്റ് പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ്**

വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുമായി ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് നൽകാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. തികച്ചും മെറിറ്റ് അടിസ്ഥാനത്തിലാണ് സ്ക്കോളർഷിപ്പ് നൽകുന്നത്. പ്രതിഭാശാലികളായ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഈ സ്ക്കോളർഷിപ്പ് വളരെയധികം സഹായകരമായിരിക്കും. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതും യോഗ്യതാ പരീക്ഷയിൽ 50% മാർക്കെങ്കിലും നേടി ഗവണ്മെന്റ്, എയ്ഡഡ്, യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ എവിടെയെങ്കിലും ആർട്സ് & സയൻസ്, ഹ്യൂമാനിറ്റീസ് വിഷയങ്ങളിൽ പ്രവേശനം നേടിയ 4000 വിദ്യാർത്ഥികൾക്ക് 10,000/- രൂപാ നിരക്കിൽ സ്ക്കോളർഷിപ്പ് നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**9. എഡ്യൂസാറ്റ് സ്കീം വിത്ത് ടെലിട്രെയിനിംഗ് ഇൻ ഗവണ്മെന്റ് കോളേജസ്**

സാറ്റലൈറ്റ് ഇന്ററാക്ടീവ് ടെർമിനിൽ 30 കോളേജുകളിൽ സ്ഥാപിച്ചു. വിദഗ്ദ്ധരുടെ പ്രഭാഷണങ്ങളും ക്ലാസ്സുകളും സംപ്രഷേണം ചെയ്തുവരുന്നു. സാറ്റലൈറ്റ് ഇന്ററാക്ടീവ് ടെർമിനിൽ ബാക്കിയുള്ള കോളേജുകളിൽ സ്ഥാപിക്കുന്നതിനും വിവിധ ഗവേഷണ സ്ഥാപനങ്ങളിഡൽ നിന്നും പ്രമുഖ വിദഗദ്ധരെ പരിപാടിയിൽ പങ്കെടുപ്പിക്കുന്നതിനും വെർച്ച്യൂൽ ക്ലാസ്സ് റൂം നിർമ്മാണത്തിനും ഉപകരണങ്ങളുടെ മെയിന്റനൻസിനും തുക അനുവദിച്ചു നൽകുന്നു.

**10. പഠനയാത്രകൾ**

പഠനയാത്രകൾ/ഫിൽഡ് വിസിറ്റ് എന്നിവ പല വിഷയങ്ങളുടേയും ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് പഠനപദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു. സർക്കാർ കോളേജുകളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠന പദ്ധതിയുടെ ഭാഗമായ യാത്രകൾക്കും ഫീൽഡ് വിസിറ്റുകൾക്കും സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി.

**11. സംഗീത കോളേജുകൾ**

എസ്.എസ്.ടി.സംഗീത കോളേജ് തിരുവനന്തപുരം, ആർ.എൽ.വി.കോളേജ്, തൃപ്പൂണിത്തുറ, സി.എം.ഗവണ്മെന്റ് സംഗീത കോളേജ്, പാലക്കാട് എന്നീ മൂന്നു കോളേജുകളാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ രണത്തിൽ കീഴിലുള്ളത്. ഈ കോളേജുകൾ സംഗീതത്തിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ നടത്തിവരുന്നു. ഈ കോളേജുകളിലെ അമൂല്യമായ പുസ്തക ശേഖരം സംരക്ഷിക്കുന്നതിനായി ഡിജിറ്റൽ ലൈബ്രറികൾ സ്ഥാപിക്കുന്നതിനും, അന്തർദേശീയ നിലവാരമുള്ള ആധുനിക പുസ്തകങ്ങളും ആനുകാലികങ്ങളും വാങ്ങുന്നതിനും എൽ.സി.ഡി. പ്രോജക്ടർ, കമ്പ്യൂട്ടർ ശൃംഖല, സംഗീത കച്ചേരികൾ അവതരിപ്പിക്കാനുള്ള സൗകര്യങ്ങൾ മുതലായ ആധുനിക സൗകര്യങ്ങളോടുകൂടി ഓരോ വിഷയങ്ങളിലെ ക്ലാസ്സ് മുറികളും ആധുനികവൽക്കരിക്കുന്നതിനും സാംസ്കാരിക വിനിമയ പരിപാടികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുമായി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി.

**12. കായിക വിദ്യാഭ്യാസ കോളേജ്, കോഴിക്കോട്**

കേരളത്തിൽ കോളേജ് വിദ്യാ ്യാസ ഡയറക്ടറേറ്റിൻ കീഴിലുള്ള ഏക കായിക വിദ്യാഭ്യാസ കോളേജ് കോഴിക്കോടാണ് പ്രവർത്തിക്കുന്നത്. ഹോസ്റ്റലുകൾ റീവയറിംഗ് ചെയ്യുന്നതിനും, മൾട്ടീ ജിം, പവലിയൻ, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനങ്ങൾക്കും ബോധനപരമായ പ്രവർത്തനങ്ങൾക്കുമായി തുക അനുവദിച്ചു നൽകുന്നു.

**13. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവയ്ക്ക് ധനസഹായം**

കളികളും കായിക വിദ്യാഭ്യാസവും സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികളുടെ ശാരീരിക മാനസിക വികാസം രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു. സ്കൂളുകളിലും കോളേജുകളിലും കളികളും കായിക വിദ്യാ ഭ്യാസവും പ്രോത്സാഹിപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിനും കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനും ധനസഹായം നൽകി വരുന്നു.

**14. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൻ കീഴിലുള്ള ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ**

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൻ കീഴിലുള്ള ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും പ്രവർത്തന മികവിനുമായി സ്ഥിരമായുള്ള പരിശീലനവും മോണിറ്ററിംഗും ഏർപ്പെടുത്തേണ്ടതുണ്ട്. കോളേജുകളിലെ അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാർക്കും ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥന്മാർക്കും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പരിശീലനം നൽകുന്നതിന് ഈ പദ്ധതിപ്രകാരം അനുവദിക്കുന്ന തുക വിനിയോഗിച്ചുവരുന്നു.

**15. അസ്പയർ സ്കോളർഷിപ്പ് പദ്ധതി**

രാജ്യത്തെ മികച്ച ഫാക്കൽറ്റിയുടേയും സ്ഥാപനത്തിന്റേയും സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുമായി അക്കാദമിക് തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല പഠനങ്ങൾ നടത്തുന്നതിനും പ്രോജക്ടുകൾ ചെയ്യുന്നതിനും അവരുടെ കോഴ്സിന്റെ ഭാഗമായി ഇന്റേൺഷിപ്പ് രാജ്യത്തെ പ്രമുഖരായ ശാസ്ത്രജ്ഞരും സാമൂഹ്യ ശാസ്ത്രജ്ഞരും ആയി ചേർന്ന് ചെയ്യാൻ ഗ്രാന്റ് നൽകാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി.

**16. എഡ്യൂസാറ്റ് ക്ലാസ് മുറികളുടെ നവീകരണം**

എഡ്യൂസാറ്റ് പദ്ധതി നിലവിലുള്ള 24 സർക്കാർ കോളേജുകളിലും എഡ്യൂസാറ്റ് ക്ലാസ് മുറികൾ ആധുനിക വിവരസാങ്കേതിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് ക്ലാസ് റൂം ആയി സജ്ജീകരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. അത്തരം ക്ലാസ് മുറികളിൽ ഇന്റർനെറ്റ് സൗകര്യം, എൽ.സി.ഡി.പ്രോജക്ടർ, ലാപ്ടോപ്പ് കമ്പ്യൂട്ടർ, ജഫേഴ്സൺ ചെയറുകൾ മുതലായവ ലഭ്യമാക്കുന്നതിനും എയർ കണ്ടീഷൻ ചെയ്യുന്നതിനും ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി.

**17. സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ അറിവ് വർദ്ധിപ്പിക്കുന്നതിന് സ്കോളർഷിപ്പ് നൽകുക**

യുവജനങ്ങൾക്കിടയിൽ സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് അറിയാനും മനസ്സിലാക്കാനുമുള്ള ആഗ്രഹം വളർത്തിയെടുക്കുകയും ഗവേഷണ സംസ്ക്കാരം വിദ്യാർത്ഥികളുടെ ഇടയിൽ വ്യാപിപ്പിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം.

**18. സാഹിത്യത്തിലെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കാൻ സ്കോളർഷിപ്പ്**

സാഹിത്യത്തിൽ അഭിരുചിയും കഴിവും തെളിയിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും അവർക്ക് താത്പര്യമുണ്ടെങ്കിൽ സാഹിത്യത്തിൽ ഉന്നതവിദ്യാഭ്യാസം നടത്താൻ അവസരം ഒരുക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

**19. സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിലെ പ്രതി കൾക്കായുള്ള സ്കോളർഷിപ്പ്**

വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച പ്രതിഭകൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുകയും അവർക്ക് താത്പര്യമുണ്ടെങ്കിൽ ഈ മേഖലയിൽ ഉന്നത വിദ്യാഭ്യാസം നേടാനുള്ള അവസരം ഒരുക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

**20.സാമൂഹ്യശാസ്ത്രത്തിനും സാഹിത്യത്തിനും അദ്ധ്യാപകർക്കുള്ള സ്കോളർഷിപ്പ്**
യൂണിവേഴ്സിറ്റികളിലും സംസ്ഥാനത്തിനു പുറത്തുള്ള സെന്ററുകളിലും അദ്ധ്യാപകർക്ക് റിസർച്ച് ചെയ്യുന്നതിന് അവസരമൊരുക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

**21. ട്രെയിനിംഗ് കോളേജുകൾ**
കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ 4 ട്രെയിനിംഗ് കോളേജുകൾ പ്രവർത്തിച്ചു വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയുമായി സംയോജിപ്പിച്ച് വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ കോളേജുകളിൽ എം.എഡ്.കോഴ്സ് ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുക, റിഫ്രഷർ കോഴ്സ്, സെമിനാറുകൾ, കെട്ടിട നിർമ്മാണം എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു.

**22. വിവരസാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാ ഭ്യാസമിഷനുള്ള കണക്ടിവിറ്റി**
വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ വിദ്യാഭ്യാസ മിഷന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ഐ.ടി..രംഗത്തെ ഗുണനിലവാരം എത്തിച്ച് കൊടുക്കലിന്റെ ഭാഗമായി സംസ്ഥാനത്തെ ഗവണ്മെന്റ് കോളേജുകൾക്ക്, കണക്ടിവിറ്റി നൽകാൻ കേന്ദ്ര ഗവണ്മെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിലുള്ള ദേശീയ വിവര നെറ്റ് വർക്കുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

**23. കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പരിപാടി**
സംസ്ഥാനത്ത് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 40 ആർട്സ് & സയൻസ് കോളേജുകളുണ്ട്. ഇവയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കണ്ടെത്തുവാനും അവയെ കാലോചിതമായി മെച്ചപ്പെടുത്തുന്നതിനും വേണ്ടി താഴെ പറയുന്ന പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

- കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണം
- ചെറുകിട നിർമ്മാണ പ്രവർത്തനങ്ങൾ
- കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾ
- കോളേജുകളുടെ പൈതൃക സംരക്ഷണം
- ജോബ് ഓറിയന്റഡ് ആഡ് ഓൺ കോഴ്സുകൾ
- സ്റ്റുഡൻസ് അമിനിറ്റീസ്

**24. കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പരിപാടി (CQIP)**
ഈ പദ്ധതിയിലൂടെ നാക് അക്രഡിറ്റേഷൻ കിട്ടാത്ത സ്ഥാപനങ്ങളെ അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു. അനുവദിക്കുന്ന തുകയിൽ 75% അടിസ്ഥാന സൗകര്യ വികസനത്തിനും 25% മറ്റു പ്രവർത്തികളുടെ മെച്ചപ്പെടുത്തലിനുമായി വിനിയോഗിക്കാവുന്നതാണ്. പൈതൃക കോളേജുകൾ ഉൾപ്പെടെ പത്തു കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ സാമ്പത്തിക വർഷം യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം, മഹാരാജാസ് കോളേജ്, എറണാകുളം, ബ്രണ്ണൻ കോളേജ്, തലശ്ശേരി എന്നീ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

**25. അധിക കഴിവ് സ്വായത്തമാക്കൽ പദ്ധതി (ASAP)**

പൊതു വിദ്യാഭ്്യാസവും ഉന്നത വിദ്യാഭ്യാസ വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഹയർ സെക്കണ്ടറി തലത്തിലും, ആർട്സ് & സയൻസ് കോളേജിൽ ബിരുദതലത്തിലും വരെയുള്ള 1 ലക്ഷം വിദ്യാർത്ഥികളുടെ സ്ഥിതി വിവരകണക്ക് തയ്യാറാക്കി അവരെ വ്യാവസായികവും തൊഴിൽപരവുമായ കഴിവുകൾ ആർജ്ജിക്കുന്നതിന് പ്രാപ്തരാക്കുകയാണ് പന്ത്രണ്ടാം പദ്ധതിയിൽ ലക്ഷ്യമിടുന്നത്.

**26. ഗവേഷണ സഹായ പദ്ധതി**

ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വികസിപ്പിച്ചെടുക്കുന്നതിനായി സംസ്ഥാനം കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. സംസ്ഥാനത്തിലുള്ള ബിരുദ വിദ്യാർത്ഥികളേയും ബിരുദധാരികളേയുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ഏകദേശം 1,58,000 ബിരുദതലത്തിലുള്ള വിദ്യാർത്ഥികളുള്ളതിൽ 29,000 വിദ്യാർത്ഥികൾ പഠിക്കുന്നത് സർക്കാർ മേഖലയിലാണ്.ബിരുദ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാസമ്പന്നരായവരെ ഉപയോഗിച്ചുകൊണ്ട് സമയബന്ധിതമായുള്ള പ്രത്യേകതരം ക്ലാസ്സുകൾ നൽകുക ചോദ്യപേപ്പറുകൾ, വ്യക്തിഗത പരിശീലനം, വിശേഷാലുള്ള അദ്ധ്യാപനം തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. ക്ലാസ്സുകളുടെ നടത്തിപ്പ് വ്യക്തിപരവും വെബ്സെറ്റിൽ അധിഷ്ഠിതവുമാണ്. ഒരു മണിക്കൂറിൽ ഒരു ലക്ചറിന് 1000 രൂപ എന്ന നിരക്കിലാണ് അദ്ധ്യാപക വേതനം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

**27. പഠിതാവിനൊപ്പം**

ആർട്സ് - സയൻസ് - കൊമേഴ്സ് ബിരുദ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന പരിപാടികൾ നടപ്പിലാക്കുകയും അവരെ ഭാവിയിലേക്കുള്ള വാഗ്ദാനങ്ങളാക്കി മാറ്റുകയും അവർക്ക് വഴികാട്ടിയായി പ്രവർത്തിക്കുകയും ചെയ്യുന്ന ഉപദേഷ്ടാക്കളെ നിയമിച്ച് പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ സവിശേഷതകൾ താഴെപ്പറയുന്നു.

- കുട്ടികൾക്കുള്ള മാർഗ്ഗ നിർദ്ദേശ പദ്ധതികൾ സ്വമേധയായുള്ളവയാണ്
- ഏകോപന സംവിധാനം ഉണ്ടായിരിക്കണം
- കുട്ടി പഠിക്കുന്ന സ്ഥാപനത്തിലെ ഫാക്കൽറ്റി അദ്ധ്യാപകനായിരിക്കണം ഇന്റേണൽ മാർഗ്ഗോപദേഷ്ടാവ്. ആഴ്ചയിൽ കുറഞ്ഞത് 8 മണിക്കൂറെങ്കിലും കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശം നൽകേണ്ടതാണ്. ഇത്തരത്തിലുള്ള ഓരോ ഉപദേഷ്ടാവിനും 6 പഠിതാക്കളിൽ കൂടുതൽ ഉണ്ടായിരിക്കാൻ പാടില്ല.
- ബാഹ്യോപദേഷ്ടാവ് സംസ്ഥാന-കേന്ദ്ര പൊതു മേഖലകളിൽ പ്രവർത്തിക്കുന്നവരോ വ്യവസായ മേഖലകളായ എഞ്ചിനീയറിംഗ്, വൈദ്യശാസ്ത്രം, ആർക്കിടെക്ച്ചർ മേഖലയിൽ പ്രവർത്തിക്കുന്നവരോ ആയിരിക്കണം. ഇതിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ളവരെ മാത്രമേ ബാഹ്യോപദേഷ്ടാവായി തെരെഞ്ഞെടുക്കുകയുള്ളൂ.

**28. നൈപുണ്യ വികസന പദ്ധതി**

തൊഴിൽ ഇല്ലാത്തവരുടേയും ഭാഗികമായി തൊഴിൽ ഉള്ളവരുടേയും കഴിവുകൾ കണ്ടെത്തി അവരെ വിദ്യാ ്യാസം തുടരുവാനും അവ പൂർത്തീകരിക്കുവാനും സജ്ജമാക്കുക തൊഴിൽ

ഇല്ലാത്ത യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ കണ്ടെത്തുക. വ്യവസായ ശൃംഖലയുമായി കൂട്ടിയോജിപ്പിച്ചുകൊണ്ട് അവരുടെ കഴിവുകൾ വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പൊതു വിദ്യാഭ്യാസ വകുപ്പും, ഉന്നത വിദ്യാഭ്യാസ വകുപ്പും, തൊഴിൽ വകുപ്പും ചേർന്ന് സംയോജിതമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്.

**29. സർക്കാർ കോളേജുകളിൽ വനിതാ ഹോസ്റ്റൽ നിർമ്മാണം**

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൻ കീഴിലുള്ള സർക്കാർ കോളേജുകളിൽ വനിതാ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് യു.ജി.സിയിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ട്. എന്നാൽ അപ്രകാരം ലഭിക്കുന്ന തുക മാത്രം വിനിയോഗിച്ച് പദ്ധതി പൂർത്തിയാക്കാൻ കഴിയാറില്ല. അതിനാൽ യു.ജി.സിയുടെ ധനസഹായത്തോടെയുള്ള ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമായി തുക അനുവദിക്കുന്നുണ്ട്.

**30. കോളേജുകളുടേയും ഹോസ്റ്റലുകളുടേയും കെട്ടിട നിർമ്മാണം**

പ്രസ്തുത അക്കൗണ്ട് ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക മാറ്റിയെടുക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. തൃശ്ശൂർ ഗവ.കോളേജ്, ഗവ.കോളേജ് ആറ്റിങ്ങൽ, പി.റ്റി.എം. ഗവ.കോളേജ് പെരിന്തൽമണ്ണ, ഗവ.സംസ്കൃത കോളേജ്, പട്ടാമ്പി എന്നിവിടങ്ങളിൽ സയൻസ് ബ്ലോക്ക്, നെടുമങ്ങാട് ഗവ.കോളേജിന് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, പെരിന്തൽമണ്ണ പി.റ്റി.എം.ഗവ.കോളേജിൽ സ്റ്റാഫ് ക്വാർട്ടേഴ്സ്, മണിമലക്കുന്ന് ഗവ.കോളേജിന് സ്റ്റേഡിയം നിർമ്മാണം, കൊഴിഞ്ഞാമ്പാറ ഗവ.കോളേജിന് ഹോസ്റ്റൽ നിർമ്മാണം എന്നിവ വളരെ പ്രധാനപ്പെട്ടവയാണ്.

**വകുപ്പിന്റെ /നിർവഹണഉദ്യോഗസ്ഥന്റെ പങ്ക്**

വിവിധ സ്കീമുകൾക്ക് ഡയറക്ടർ വിതരണം ചെയ്യുന്ന ഫണ്ട് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ വഴി നടപ്പിലാക്കുന്നു.

**പ്രവർത്തനങ്ങൾ**

ബഡ്ജറ്റ് പ്രകാരമുള്ള പദ്ധതികൾ യഥാസമയം നടപ്പിലാക്കുക. അപേക്ഷകൾ യഥാസമയം ക്ഷണിക്കുക. അർഹരായവർക്ക് യഥാസമയം ഫണ്ട് വിതരണം ചെയ്യുക. ഇതുമായി ബന്ധപ്പെട്ട വിവിധപ്രവർത്തനങ്ങൾ ചെയ്യുക

**തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്ക്**

വകുപ്പു നടപ്പിലാക്കുന്ന വിവിധ സ്കീമുകൾ ഗ്രാമസഭ വഴി പൊതുജനങ്ങളിൽ എത്തിക്കുക, പ്രത്യേകിച്ച് സ്കോളർഷിപ്പും മറ്റ് ധനസഹായങ്ങൾ എന്നിവ. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള വിദ്യാർത്ഥികൾ യഥാസമയം ഇതിന് അപേക്ഷിച്ചു എന്ന് ഉറപ്പുവരുത്തുക.

**സ്കോളർഷിപ്പുകൾ**

കോളേജ് വിദ്യാഭ്യാസ വകുപ്പ് 15 വിധത്തിലുള്ള സ്കോളർഷിപ്പുകൾ കോളേജ് വിദ്യാർത്ഥികൾക്കായി നൽകി വരുന്നു. അവയുടെ സംക്ഷിപ്തം താഴെ നൽകുന്നു.

**ലക്ഷ്യം**

കോളേജിയേറ്റ് എഡ്യുക്കേഷന് കീഴിൽ വരുന്ന വിവിധ വിഭാഗം വിദ്യാർത്ഥികൾക്ക് പഠനവുമായി ബന്ധപ്പെട്ട വിവിധ സ്കോളർഷിപ്പുകൾ നൽകൽ

**ഫണ്ടിംഗ്**

കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ടുകൾ

**ഗുണഭോക്താവ്**

ഹയർ സെക്കണ്ടറി, ഡിഗ്രി, പോസ്റ്റ് ഗ്രാഡുവേറ്റ് വിദ്യാർത്ഥികൾ (അർഹത അതാത് സ്ഥലത്ത് നൽകിയിട്ടുണ്ട്)

**നിർവ്വഹണം**

എല്ലാ സ്കോളർഷിപ്പുകൾക്കും അപേക്ഷ ഓൺലൈനിലൂടെയാണ് നൽകേണ്ടത്. ഗുണ ഭോക്താക്കളായ വിദ്യാർത്ഥികളുടെ/സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇ-ട്രാൻസ്ഫർ മുഖേന സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നു.

**സ്കോളർഷിപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ:**

www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഈ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം വിവിധ പത്ര മാധ്യമങ്ങളിലും , ദൃശ്യ വാർത്താ മാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുന്നതാണ്.

**പ്രവർത്തനങ്ങൾ**

യോഗ്യതാ പരീക്ഷയുടെ മാർക്ക്, കുടുംബ വരുമാനം, മതം എന്നിവ അടിസ്ഥാനമാക്കി അപേക്ഷ ക്ഷണിച്ച് അർഹത നിശ്ചയിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നു.

**തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്**

അവബോധം നൽകൽ

**1.സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ്**

കേരളത്തിലെ വിവിധ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങൾ കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ എന്നീ സ്ഥാപനങ്ങളിൽ ബിരുദ/ബിരുദാനന്തര ബിരുദ പ്രൊഫഷണൽ / ടെക്നിക്കൽ കോഴ്സുകൾക്ക് പഠിക്കുന്നതും, സ്വാശ്രയ കോളേജുകളിലെ (പ്രൊഫഷണൽ കോഴ്സുകൾ മാത്രം) കോഴ്സുകളിൽ പഠിക്കുന്നതുമായ മുസ്ലീം പെൺകുട്ടികൾക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാം.

അപേക്ഷകർ 50% മാർക്കോടുകൂടി യോഗ്യതാ പരീക്ഷ വിജയിച്ചിരിക്കണം. വാർഷിക വരുമാനം 4.5 ലക്ഷം രൂപ കവിയാൻ പാടില്ല. സ്കോളർഷിപ്പ് തുക, എണ്ണം താഴെ പറയും പ്രകാരമാണ്.

| **കോഴ്സ്** | **സ്കോളർഷിപ്പ് എണ്ണം** | **സ്കോളർഷിപ്പ് തുക (Rs)** |
|---|---|---|
| ബിരുദം | 3000 | 4000/-p.a |
| ബിരുദാനന്തര ബിരുദം | 1000 | 5000/-p.a |
| പ്രൊഫഷണൽ/ ടെക്നിക്കൽ | 1000 | 6000/-p.a |

സ്കോളർഷിപ്പ് ചട്ടങ്ങൾക്ക് അനുസരണമായി ടി സ്കോളർഷിപ്പ് പുതുക്കി അനുവദിക്കുന്നതാണ്. ലാറ്റിൻ പരിവർത്തിത ക്രിസ്ത്യൻ വിഭാഗത്തിന് ആകെ സ്കോളർഷിപ്പിന്റെ 20% നീക്കിവെച്ചിട്ടുണ്ട്.

**2. മുസ്ലീം പെൺകുട്ടികൾക്കുള്ള സാമ്പത്തിക സഹായം (ഹോസ്റ്റൽ സ്റ്റൈപ്പെന്റ്)**
സർക്കാർ/സർക്കാർ അംഗീകൃത/യൂണിവേഴ്സിറ്റി അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ച് ബിരുദം/ബിരുദാനന്തര ബിരുദം/ പ്രൊഫഷണൽ കോഴ്സുകൾ, വിവിധ ഹ്രസ്വകാല കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് 2008-09 ൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ഹോസ്റ്റൽ സ്റ്റൈപ്പന്റ് അനുവദിക്കുന്നു.
അപേക്ഷകർ 50% മാർക്കോടുകൂടി യോഗ്യതാ പരീക്ഷ വിജയിച്ചിരിക്കണം. കുടുംബ വാർഷിക വരുമാനം 4.5 ലക്ഷം രൂപ കവിയാൻ പാടില്ല. ടി പദ്ധതി പ്രകാരം പ്രതിമാസം 1200/- രൂപ നിരക്കിൽ പരമാവധി 12,000/- രൂപ വരെ ഒരു വർഷത്തേയ്ക്ക് ഹോസ്റ്റൽ സ്റ്റൈപ്പെന്റായി അനുവദിക്കുന്നു.(കോഴ്സ് പരിഗണന കൂടാതെ)
ഹോസ്റ്റൽ ചാർജ്ജിന് അർഹരായവർക്ക് സ്കോളർഷിപ്പ് ചാർജ്ജിന് അർഹത ഉണ്ടായിരിക്കുന്നതല്ല. സ്വാശ്രയ സ്ഥാപനങ്ങളിൽ സർക്കാർ വിഹിതത്തിൽ പ്രവേശനം നേടിയവർക്കും സ്കോളർഷിപ്പ് /ഹോസ്റ്റൽ ചാർജ്ജിന് അപേക്ഷിക്കാം.
2010-11 വർഷം മുതൽ പ്രസ്തുത സ്കോളർഷിപ്പിന്റെ 20% ലത്തീൻ കത്തോലിക്ക് പരിവർത്തിത ക്രിസ്ത്യൻ വിഭാഗത്തിലെ പെൺകുട്ടികൾക്കായി നീക്കി വച്ചിരിക്കുന്നു..
മെറിറ്റ് കം മീൻസ് അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് ഇനത്തിൽ 5000 എണ്ണവും, ഹോസ്റ്റൽ ചാർജ്ജ് ഇനത്തിൽ 2000 എണ്ണവും അനുവദിച്ചിട്ടുണ്ട്. (ആകെ 7000 എണ്ണം) ഒക്ടോബർ / നവംബർ മാസത്തിൽ ആയിരിക്കും പുതിയ അപേക്ഷ ക്ഷണിക്കുന്നത്.

**3. മുസ്ലീം / നാടാർ സ്കോളർഷിപ്പ്**
മുസ്ലീം/നാടാർ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ഈ സ്കോളർഷിപ്പ് ഇപ്പോൾ പ്രസ്തുത സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കൊപ്പം, മറ്റു പിന്നോക്ക സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥിനികൾക്കും, മുന്നോക്ക സമുദായങ്ങളിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിദ്യാർത്ഥിനികൾക്കും അനുവദിക്കുന്നു. പ്രതിവർഷം 125/ രൂപ നിരക്കിൽ സ്കോളർഷിപ്പ് അനുവദിക്കുന്ന അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 18,000/- രൂപയിൽ കവിയരുത്.
സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, സർക്കാർ/ എയ്ഡഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ ഒന്നാം വർഷ ക്ലാസ്സിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാം.
**ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന സ്കോളർഷിപ്പുകൾ താഴെ പറയുന്നവയാണ്.**

**4. സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്**
കേന്ദ്ര മാനവവിഭവ ശേഷി മന്ത്രാലയം കോളേജ് / സർവ്വകലാശാല വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പ് ആണ്. കേരള സ്റ്റേറ്റ് ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി ബോർഡുകൾ നടത്തുന്ന 12-ാം ക്ലാസ്സ് /തത്തുല്യ പരീക്ഷയിൽ 80% മാർക്ക് വാങ്ങി വിജയിച്ചവരും ഏതെങ്കിലും ബിരുദ കോഴ്സിന് ( പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെ) ഒന്നാം വർഷം പഠിക്കുന്നവരായിരിക്കണം.

**മാനദണ്ഡം :**

അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ കുറഞ്ഞത് 80% മാർക്ക് നേടിയവരും വാർഷിക കുടുംബ വരുമാനം 4.5 ലക്ഷം രൂപ കവിയാൻ പാടില്ലാത്തതുമാകുന്നു.

- അപേക്ഷകർ അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സിന് പഠിക്കുന്നവരായിരിക്കണം.
- മറ്റേതെങ്കിലും സ്കോളർഷിപ്പുകൾ വാങ്ങുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല.
- ആകെ സ്കോളർഷിപ്പിന്റെ 50% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.
- 15% സ്കോളർഷിപ്പുകൾ SC വിഭാഗത്തിനും , 7.5 % സ്കോളർഷിപ്പുകൾ ST വിഭാഗത്തിനും 27% സ്കോളർഷിപ്പുകൾ OBC വിഭാഗത്തിനും 3% അംഗവൈകല്യമുള്ള വിഭാഗത്തിനും നീക്കിവച്ചിരിക്കുന്നു.

സയൻസ് , കോമേഴ്സ് , ഹ്യുമാനിറ്റീസ് എന്നീ ഗ്രൂപ്പുകൾക്ക് 3:2:1 എന്ന അനുപാതത്തിൽ വീതിച്ച് നൽകും. ബിരുദതലത്തിൽ പ്രതിമാസം 1000/- രൂപയും ബിരുദാനന്തര ബിരുദതലത്തിൽ പ്രതിമാസം 2000/- രൂപയുമാണ് സ്കോളർഷിപ്പ് തുക. ഒരു അധ്യയന വർഷം പരമാവധി 10 മാസമാണ് സ്കോളർഷിപ്പനുവദിക്കുന്നത്. ഒന്നാം വർഷം പ്രവേശനം ലഭിച്ച മാസം മുതലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

തൊട്ടു മുമ്പുള്ള പരീക്ഷയിൽ കുറഞ്ഞത് 60% മാർക്കുള്ള വിദ്യാർത്ഥികൾക്ക് 2-ാം വർഷം മുതൽ പുതുക്കി നൽകും.

**5. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി കേന്ദ്ര ഗവണ്മെന്റിന്റെ ന്യൂനപക്ഷ മന്ത്രാലയം 2007-08-ൽ തുടങ്ങിയതാണ് ഈ പദ്ധതി. 50%-ൽ കൂടുതൽ മാർക്ക് അവസാനപരീക്ഷയിൽ ല ിച്ച +1, +2 വി ാഗം മുതൽ എം.എ, എം.ഫിൽ, പി.എച്ച്.ഡി വരെയും ഐ.റ്റി.ഐ, ഐ.റ്റി.സി കോഴ്സുകളിലെ വിദ്യാർത്ഥികളേയും സ്കോളർഷിപ്പിനായി പരിഗണിക്കും.

**സ്കോളർഷിപ്പിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.**

- സ്കോളർഷിപ്പ്തുക: നിശ്ചയിച്ച പരമാവധി തുകയ്ക്ക് അകത്തുനിന്ന് കൊണ്ട് അഡ്മിഷൻ/കോഴ്സ് ഫീ , ട്യൂഷൻ ഫീ, മെയിന്റനൻസ് അലവൻസ് എന്നിവ വിശദമായ പട്ടിക അനുബന്ധം ക ൽ നൽകിയിട്ടുണ്ടണ്ട്.
- അർഹതയുടെ മാനദണ്ഡങ്ങൾ:

A. അപേക്ഷകർ താഴെ പറയുന്ന കോഴ്സുകളിലെ ഒന്നാം വർഷ വിദ്യാർത്ഥിയായിരിക്കണം. തുടർന്ന് ഓരോ വർഷവും സ്കോളർഷിപ്പ് പുതുക്കൽ അപേക്ഷ നൽകേണ്ടതാണ്.

- ഗവണ്മെന്റ് / എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ഹയർ സെക്കന്ററി സ്കൂൾ/കോളേജ്/ഇൻസ്റ്റിറ്റ്യൂട്ടുകൾ/ സർവ്വകലാശാലകൾ എന്നിവയിൽ പ്ലസ് ടു/ ഡിഗ്രി/പോസ്റ്റ് ഗ്രാഡ്വേഷൻ/എം ഫിൽ/പി എച്ച് ഡി കോഴ്സുകളിൽ പഠിക്കുന്നവർ.

- എൻ.സി.വി.ടി യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ ടി ഐ / ഐ ടി സി സെന്ററുകളിലെ ടെക്നിക്കൽ /വൊക്കേഷണൽ കോഴ്സുകളിൽ 12-ാം ക്ലാസ്സുകളിൽ പഠിക്കുന്നവർ.
- മെറിറ്റ് കം മീൻസ് സ്കോളർഷിപ്പിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടില്ലാത്ത കോഴ്സുകൾക്ക് പഠിക്കുന്നവർ.

B. ന്യൂനപക്ഷ സമുദായങ്ങളായ മുസ്ലീം/ക്രിസ്ത്യൻ/ബുദ്ധ മതം/ സിക്ക് മതം/പാഴ്സി (സൊറാസ്ട്രിയൻസ്) എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ഉൾപ്പെട്ടവരായിരിക്കണം.

C. തൊട്ടു മുൻപത്തെ ബോർഡ്/യൂണിവേഴ്സിറ്റി പരീക്ഷയിൽ 50%ൽ കുറയാത്ത മാർക്കോ തത്തുല്യ ഗ്രേഡോ ലഭിച്ചിരിക്കണം.

D. മറ്റ് സ്കോളർഷിപ്പുകളോ സ്റ്റൈപ്പെന്റോ കൈപ്പറ്റുന്നവർ ആയിരിക്കരുത്.

**മറ്റ് പ്രധാന വിവരങ്ങൾ**

**എ)** സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ അപേക്ഷകന്റെ സ്വന്തം പേരിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടണ്ടായിരിക്കണം. ബാങ്കിന്റെ ബ്രാഞ്ച് കോഡ് നമ്പർ അപേക്ഷകന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ കൈവശം ഉണ്ടണ്ടായിരിക്കണം.

**ബി)** ഒരേ കുടുംബത്തിലെ രണ്ടിൽ കൂടുതൽ പേർക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതല്ല.

**സി)** ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകരിൽ ഏറ്റവും കുറഞ്ഞ വരുമാനക്കാർക്ക് മുൻഗണന നൽകുന്നതാണ്.

**ഡി)** സ്കോളർഷിപ്പിന്റെ 30% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. പെൺകുട്ടികളുടെ അപേക്ഷ 30%ൽ കുറയുകയാണെങ്കിൽ അവർക്ക് വേണ്ടി മാറ്റിവയ്ക്കപ്പെട്ട സ്കോളർഷിപ്പ് യോഗ്യരായ ആൺ കുട്ടികൾക്ക് നൽകുന്നതാണ്.

**ഇ)** കോഴ്സ് ഫീ/ ട്യൂഷൻ ഫീ എന്നിവ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതാണ്.

**എഫ്)** മെയിന്റനൻസ് അലവൻസ് വിദ്യാർത്ഥിയുടെ പേരിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതാണ്.

**ജി)** സ്കോളർഷിപ്പ് അനുവദിക്കുന്നത് കോഴ്സ് കാലയളവിൽ ആണ്. മെയിന്റനൻസ് അലവൻസ് എന്നത് ഒരധ്യയന വർഷത്തിൽ 10 മാസം കാലയളവിൽ മാത്രമായിരിക്കും.

**എച്ച്)** സ്കോളർഷിപ്പ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥി 50% മാർക്കോ തതുല്യമായ ഗ്രേഡോ തൊട്ടു മുൻപത്തെ വാർഷിക പരീക്ഷയ്ക്ക് നേടിയിട്ടില്ല എങ്കിൽ സ്കോളർഷിപ്പ് നിർത്തൽ ചെയ്യുന്നതാണ്. കോഴ്സുകൾക്ക് അനുവദനീയമായ കാലപരിധിയ്ക്കപ്പുറത്തേയ്ക്ക് സ്കോളർഷിപ്പ് നൽകുന്നതല്ല.

**ഐ)** കേന്ദ്ര ഗവൺമെന്റ് നിഷ്ക്കർഷിച്ചിട്ടുള്ള നിയമാവലി അനുസരിച്ച് മാത്രമേ സ്കോളർഷിപ്പ് അനുവദിക്കുകയുള്ളൂ.

**RATE OF SCHOLARSHIP(അനുബന്ധം - 1)**

Actual financial assistance will be provided for admission & course /tuition fee and maintenance allowance as given below subject to a maximum ceiling indicated against item concerned:

| Sl.No. | Item | Hosteller | Day scholar |
|---|---|---|---|
| 1. | Admission and tuition fee for classes XI and XII. | Actual subject to amaximum ceilingof Rs.7,000 p.a. | Actual subject to a maximum ceiling ofRs.7,000 p.a. |
| 2. | Admission and course/tuition fee for technical and vocational courses of XI and XII level. (Includes fees/charges for raw materials, etc.) | Actual subject to a maximum ceiling of Rs. 10,000 p.a. | Actual subject to a maximum ceiling of Rs. 10,000 p.a. |
| 3. | Admission and tuition fee for undergraduate,post graduate. | Actual subject to a maximum ceiling of Rs.3,000 p.a. | Actual subject to a maximum ceiling of Rs.3,000 p.a. |
| | Maintenance allowance for 10 months only in an academic year (Includes expenses for study material, etc.)<br>(i) Classes XI and XII including technical and vocational courses of this level. | Rs.380 P.M. | Rs. 230 P.M. |
| | (ii)Courses other than technical and professional courses at under graduate and post graduate level | Rs.570 P.M. | Rs. 300 P.M. |
| | (iii) M. Phil and Ph.D. (For those researchers who are not awarded any fellowship by university or any other authority) | Rs.1200 P.M. | Rs.550 P.M. |

* Hostellers include students who are not staying in hostel of the school/institute concerned but are staying as paying guest or in rented accommodation in towns/cities which are not the places where their parents reside.

**6. മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ്**

കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഈ സ്കോളർഷിപ്പ് പദ്ധതി പ്രകാരം കേരളത്തിലെ ക്രിസ്ത്യൻ, മുസ്ലീം സമുദായങ്ങളിൽപ്പെട്ടതും പ്രൊഫഷണൽ / ടെക്നിക്കൽ കോഴ്സുകളിലെ ബിരുദ / ബിരുദാനന്തര ബിരുദ ക്ലാസ്സുകളിൽ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതുമായ വിദ്യാർത്ഥികൾക്ക് മാർക്കിന്റെയും വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഈ സ്കോളർഷിപ്പ് അനുവദിക്കുന്നു.

അപേക്ഷകർ യോഗ്യതാ പരീക്ഷ 50% മാർക്കിൽ കൂടുതൽ ഉള്ളവരും വാർഷിക കുടുംബ വരുമാനം 2.5 ലക്ഷം കവിയാത്തവരുമായിരിക്കണം. ആകെ സ്കോളർഷിപ്പിന്റെ 30% ഓരോ വിഭാഗത്തിലേയും പെൺകുട്ടികൾക്കായി നീക്കി വച്ചിട്ടുണ്ട്.

നൽകുന്ന സംഖ്യ:

കോഴ്സ് ഫീസ് 20000/- രൂപ വരെ

ഹോസ്റ്റൽ ചാർജ്ജ് 10000/- രൂപ വരെ

ഹോസ്റ്റലിൽ താമസിക്കാത്തവർക്ക് 5000/- രൂപ വരെ പ്രതിവർഷം ലഭിക്കുന്നു.

ഓരോ വർഷത്തെയും കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അടുത്ത വർഷങ്ങളിൽ വരുമാന പരിധി ബാധകമാക്കി അപേക്ഷ സമർപ്പിക്കുന്നതിന് അനുസരിച്ച് പുതുക്കി നൽകും. 2009-10 അദ്ധ്യയന വർഷം മുതൽ ഈ സ്കോളർഷിപ്പ് ആദ്യമായി ലഭിക്കുന്ന വിദ്യാർത്ഥികളുടെ തുക വിതരണം ചെയ്യുന്ന ചുമതല സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആണ് നിർവ്വഹിക്കുന്നത്. 2007-08 , 2008-09-ൽ ഈ സ്കോളർഷിപ്പ് ആദ്യമായി ല ിച്ചു വരുന്നതും , തുടർന്നുള്ള 2010-11 വരെയുള്ള പുതുക്കൽ ജോലികളാണ് കോളേജ് വിദ്യാ ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്നത്. 2011-12 വർഷം മുതൽ കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പു മുഖേന ഈ തുക വിതരണം ചെയ്യുന്നു.

**ഡിഗ്രി മുതൽ പി ജി വരെയുള്ള പൊതുവായ സ്കോളർഷിപ്പുകൾ താഴെ പറയുന്നവയാണ്.**

**7. അദ്ധ്യാപകരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ്**

+1,+2 രൂപ 50/- per month

ഡിഗ്രി ഒന്നാം വർഷം രൂപ 50/-per month

ഡിഗ്രി രണ്ടും മൂന്നും വർഷം രൂപ 75/- per month

പി ജി / പ്രൊഫഷണൽ കോഴ്സ് രൂപ 100/-per month

ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് പ്രതിമാസം രൂപ 25/- അധികമായി നൽകുന്നു.

അപേക്ഷിക്കേണ്ട സമയം: നവംബർ / ഡിസംബർ

വരുമാന പരിധി : രൂപ 1,00,000/-

**8. അന്ധ/ബധിര/വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

സർക്കാർ/എയ്ഡഡ്-ട്രെയിനിംഗ്/മ്യൂസിക്/ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ/ഹയർ സെക്കന്ററി വിദ്യാ ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പഠിക്കുന്ന അന്ധ/ബധിര/വികലാംഗ വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയതാണ് ഈ പദ്ധതി.

വാർഷിക വരുമാനം 2,50,000/- രൂപ വരെയുള്ള അന്ധ വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യവും 4,50,000/- രൂപ വാർഷിക വരുമാനമുള്ള അന്ധ/ബധിര/വികലാംഗ വിദ്യാർത്ഥികൾക്ക് സൗജന്യ ഹോസ്റ്റൽ താമസത്തിനുള്ള ആനുകൂല്യവും ഈ പദ്ധതി പ്രകാരം നൽകുന്നു. ഹോസ്റ്റലിൽ താമസിക്കാത്തവർക്ക് പ്രതിമാസം 400/- രൂപ തോതിൽ ബോർഡിംഗ് ചാർജ്ജ് നൽകും . ബ്ലൈന്റിനു മാത്രം Tuition fee , Special fee, Exam fee , 500/- രൂപ Book allowance എന്നിവ നൽകും

**9. മ്യൂസിക് / ഫൈൻ ആട്ട്സ് സ്കോളർഷിപ്പ്**

തിരുവനന്തപുരം, തൃപ്പൂണിത്തുറ, പാലക്കാട് എന്നിവിടങ്ങളിലെ ഗവണ്മെന്റ് മ്യൂസിക് കോളേജുകളിലും , തിരുവനന്തപുരം, മാവേലിക്കര, തൃശ്ശൂർ എന്നിവിടങ്ങളിലെ ഗവണ്മെന്റ് ഫൈൻ ആട്ട്സ് കോളേജുകളിലും, ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയതാണ് ഈ പദ്ധതി. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപ കവിയാൻ പാടില്ല.

**മ്യൂസിക് സ്കോളർഷിപ്പ്**

1. **ബിരുദ കോഴ്സ്(BPA)**

| കോഴ്സ് | സ്കോളർഷിപ്പ് എണ്ണം | സ്കോളർഷിപ്പ് തുക(Rs) |
|---|---|---|
| BPA | 50 | 1250/- per year |

2. **ബിരുദാനന്തബിരുദ കോഴ്സ്(MPA)**

| കോഴ്സ് | സ്കോളർഷിപ്പ് എണ്ണം | സ്കോളർഷിപ്പ് തുക(Rs) |
|---|---|---|
| MPA | 15 | 1500/- per year |

**ഫൈൻ ആർട്ട്സ് സ്കോളർഷിപ്പ്**

1. **ബിരുദ കോഴ്സ്**

| കോഴ്സ് | സ്കോളർഷിപ്പ് എണ്ണം | സ്കോളർഷിപ്പ് തുക(Rs) |
|---|---|---|
| എ) രതനാട്യം | 5 | 300/- per month |
| ബി) Drawing /painting | 5 | 250/- per month |
| സി) മോഹിനിയാട്ടം | 5 | 300/- per month |
| ഡി) Sculpture/Modeling | 5 | 250/- per month |
| ഇ) കഥകളി | അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും | 500/- per month |

2. **ബിരുദാനന്തബിരുദ കോഴ്സ്**

| കോഴ്സ് | സ്കോളർഷിപ്പ് എണ്ണം | സ്കോളർഷിപ്പ് തുക(Rs) |
|---|---|---|
| കഥകളി | അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും | 750/- per month |
| മറ്റു വിഭാഗങ്ങൾ | 2 വീതം | 500/- per month |

**10. IAS കോച്ചിംഗ് സ്കോളർഷിപ്പ്**

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും എറണാകുളം മഹാരാജാസ് കോളേജിലും കഅട കോച്ചിംഗ് ക്ലാസ്സിൽ പഠിക്കുന്ന എസ് സി/എസ് ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. ഓരോ കേന്ദ്രത്തിലും 6000/- രൂപ വീതം സ്കോളർഷിപ്പ് അനുവദിക്കുന്നു.

ഓരോ വർഷത്തെയും അഡ്മിഷൻ പൂർത്തിയായതിനുശേഷം സ്ഥാപന മേധാവി ആവശ്യമായ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.

**11. ജില്ലാ മെറിറ്റ് സ്കോളർഷിപ്പ്**

സംസ്ഥാന സർക്കാർ പദ്ധതിയായ ഈ സ്കോളർഷിപ്പ് പ്രകാരം 2009 വർഷം മുതൽ SSLC പരീക്ഷയ്ക്ക് എല്ലാ വിഷയത്തിനും എ+ ഗ്രേഡ് നേടിയ എല്ലാ വിദ്യാർത്ഥികൾക്കും 1250/- രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു.

ഓരോ വർഷവും SSLC പരീക്ഷാ ഫലം പ്രഖ്യാപിച്ചതിനുശേഷം പരീക്ഷാ വൻ സെക്രട്ടറിയിൽ നിന്നും ല യിയ്ക്കുന്ന ലിസ്റ്റിൽ നിന്നും അർഹരായവരെ തെരഞ്ഞെടുത്ത് വിശദവിവരങ്ങൾ വിദ്യാർത്ഥി SSLC പരീക്ഷ എഴുതിയ സ്കൂൾ മേധാവി യെ അറിയിക്കുന്നു. അതോടൊപ്പം വിവിധ വാർത്താ മാധ്യമങ്ങളിൽ അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനവും പുറപ്പെടുവിക്കുന്നു. സ്കൂൾ മേധാവിയിൽ നിന്നും അറിയിപ്പ് ല ിച്ച വിദ്യാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറവും ജോയിനിംഗ് റിപ്പോർട്ടും പൂരിപ്പിച്ച് പ്ലസ്സ്ടു തുല്യ യോഗ്യത കോഴ്സിന് ചേർന്ന സ്ഥാപന മേധാവിയുടെ ശുപാർശയോടുകൂടി യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. ഈ സ്കോളർഷിപ്പ് പുതുക്കി നൽകുന്നതിന് 50% മാർക്കോടുകൂടി യോഗ്യതാ പരീക്ഷ വിജയിച്ചവർക്ക് അടുത്ത വർഷത്തേയ്ക്ക് പുതുക്കി നൽകുന്നു. 2009-10 മുതൽ ഈ സ്കോളർഷിപ്പ് ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.

പ്രസ്തുത പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹരാകുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ചട്ടങ്ങൾക്ക് വിധേയമായി പഠനം അവസാനിപ്പിക്കുന്നതുവരെ പുതുക്കി നൽകുന്നതാണ്. ഓൺലൈനായി അപേക്ഷിക്കുന്നതിന് വിശദവിവരങ്ങൾ www.dcescholarship.kerala.gov.in എന്ന website ൽ ലഭ്യമാണ്.

### 12. ഹിന്ദി സ്കോളർഷിപ്പ്

അഹിന്ദി സംസ്ഥാനങ്ങളിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ സ്കോളർഷിപ്പാണ്. കേന്ദ്ര ഗവൺമെന്റ് നൽകുന്ന ഹിന്ദി സ്കോളർഷിപ്പിന് BA/BSc ബിരുദം MA/M.phil/Phd. എന്നീ കോഴ്സിന്റെ ഒന്നാം വർഷ പ്രവേശനം ലഭിച്ചവർക്ക് അപേക്ഷിക്കാവുന്നതാണ്. വരുമാന പരിധി ഇല്ല. അർഹതാ പരീക്ഷയിൽ 60% മോ അതിൽ കൂടുതലോ മാർക്ക് വാങ്ങി വിജയിച്ചിരിക്കണം. സ്കോളർഷിപ്പുകളുടെ എണ്ണം തുക എന്നിവ താഴെ പറയും പ്രകാരമാണ്.

| കോഴ്സ് | സ്കോളർഷിപ്പ് എണ്ണം | സ്കോളർഷിപ്പ് തുക(Rs) |
|---|---|---|
| ബിരുദം(PI) | 180 | 500/- per month |
| Hindi MA/M.Phil/Phd/Bed/Med | 59 | 1000/- per month |

സ്കോളർഷിപ്പ് ഒരു കോഴ്സിന് ആദ്യ വർഷം അനുവദിച്ചാൽ ആ കോഴ്സ് തീരുന്നതുവരെ വർഷം തോറും പുതുക്കി നൽകുന്നു.

### 13. സംസ്കൃത പഠന പ്രോത്സാഹന സ്കോളർഷിപ്പ്

സംസ്കൃതം പ്രധാന വിഷയമായെടുത്ത് പഠിക്കുന്ന ആർട്ട്സ് ആന്റ് സയൻസ് കോളേജിലെയും കാലടി ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിലെയും സംസ്കൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും (Govt.&Aided college/University Regional Centre) വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരും യോഗ്യതാ പരീക്ഷയിൽ ആദ്യ പ്രാവശ്യം തന്നെ പാസ്സായിട്ടുള്ളവരുമായ വിദ്യാർത്ഥികൾക്ക് മാർക്കിന്റെ അടിസ്ഥാനത്തിൽ ഈ സ്കോളർഷിപ്പിന് അർഹരാണ്. എന്നാൽ ഡിഗ്രിയ്ക്ക് പഠിക്കുന്ന ആദ്യത്തെ അഞ്ച് വിദ്യാർത്ഥികൾക്കും പി ജി യ്ക്ക് പഠിക്കുന്ന ആദ്യത്തെ 2 വിദ്യാർത്ഥികൾക്കും യോഗ്യതാ പരീക്ഷയുടെ മാത്രമടിസ്ഥാനത്തിൽ വരുമാന പരിധി കണക്കാക്കാതെ സ്കോളർഷിപ്പ് നൽകുന്നതാണ്.

സ്കോളർഷിപ്പുകളുടെ എണ്ണം, തുക താഴെ പറയും പ്രകാരമാണ്.

| കോഴ്സ് | സ്കോളർഷിപ്പ് എണ്ണം | സ്കോളർഷിപ്പ് തുക(Rs) |
|---|---|---|
| ബിരുദം | 55 | 200/- per month |
| ബിരുദാനന്തര ബിരുദം | 25 | 200/- per month |

ഇപ്പോൾ പഠിക്കുന്ന ഈ കോഴ്സിന് പഠിച്ചിരുന്നതിന് മുൻപ് ഓരോ വർഷവും 45% മാർക്ക് ഉണ്ടെങ്കിൽ സ്കോളർഷിപ്പ് പുതുക്കി അനുവദിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്.

### 14. കേരള സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ്

കേരള സംസ്ഥാനത്തിലെ സർവ്വകലാശാലകളോട് ബന്ധപ്പെട്ടിരിക്കുന്ന എല്ലാ ഗവൺമെന്റ് Aided ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെയും Department

കളിലേയും /യൂണിവേഴ്സിറ്റി ഡിപ്പാർട്ട് മെന്റ്കളിലേയും വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഹയർ സെക്കന്ററി, ഡിഗ്രി എന്നീ കോഴ്സുകൾക്ക് 50%മോ അതിലധികമോ മാർക്ക് ലഭിച്ചിട്ടുള്ളവർക്ക് അപേക്ഷിക്കാം. ഒന്നാം വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ബിരുദ പരീക്ഷയിൽ ഐശ്ചിക വിഷയത്തിനും സബ്സിഡിയറി സബ്ജറ്റിനും കൂടി 50% മാർക്ക് ലഭിച്ചിരിക്കണം.

സ്കോളർഷിപ്പുകളുടെ എണ്ണം, തുക എന്നിവ താഴെ പറയും പ്രകാരമാണ്.

| കോഴ്സ് | സ്കോളർഷിപ്പ് എണ്ണം | സ്കോളർഷിപ്പ് തുക(Rs) |
|---|---|---|
| ബിരുദം (PI) | 300 | 1250/- p a |
| ബിരുദാനന്തര ബിരുദം(PG) | 150 | 1500/- p a |

വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ കവിയരുത്. മെറിറ്റിന്റെ അടിസ്ഥാനത്തിൽ പോസ്റ്റ് മെട്രിക് സ്റ്റേജിൽ ആദ്യത്തെ 25 പേർക്കും പോസ്റ്റ് ഇന്റർ സ്റ്റേജിൽ സയൻസ് വിഭാഗത്തിലെ ആദ്യത്തെ 6 വിദ്യാർത്ഥികൾക്കും ആർട്ട്സ് വിഭാഗത്തിലെ ആദ്യത്തെ 6 വിദ്യാർത്ഥികൾക്കും കോമേഴ്സ് വിഭാഗത്തിലെ ആദ്യത്തെ 3 പേർക്കും പോസ്റ്റ് ഗ്രാജ്യേറ്റ് സ്റ്റേജിൽ ഓരോ വിഭാഗത്തിലേയും ആദ്യത്തെ ഒരു വിദ്യാർത്ഥിയ്ക്കും വരുമാന പരിധി നോക്കാതെ സ്കോളർഷിപ്പ് അനുവദിക്കുന്നു. കോഴ്സ് പൂർത്തിയാക്കുന്നതുവരെ ഓരോ വർഷവും 45% മാർക്കുണ്ടെങ്കിൽ സ്കോളർഷിപ്പ് പുതുക്കി നൽകാവുന്നതാണ്.

**1. കേരള സ്റ്റേറ്റ് സുവർണ്ണ ജൂബിലി മെറിറ്റ് സ്കോളർഷിപ്പ്**

ഈ സ്കോളർഷിപ്പ് പദ്ധതി പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദ കോഴ്സിന് സംസ്ഥാനത്തിലെ വിവിധ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റിലും സർക്കാർ/ എയ്ഡഡ് കോളേജുകളിലും പഠിക്കുന്ന അർഹതാ പരീക്ഷയ്ക്ക് 50% മാർക്ക് വാങ്ങിയ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (BPL) കുടുംബങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നു.

സ്കോളർഷിപ്പുകളുടെ എണ്ണം, തുക താഴെ പറയും പ്രകാരമാണ്.

| കോഴ്സ് | സ്കോളർഷിപ്പ് എണ്ണം | സ്കോളർഷിപ്പ് തുക(Rs) |
|---|---|---|
| ബിരുദം | 3000 | 10,000/- p a |
| ബിരുദാനന്തര ബിരുദം | 1000 | 10,000/- p a |

സംസ്ഥാനത്തിലെ ഓരോ സർക്കാർ എയ്ഡഡ് കോളേജുകൾ, യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് തുടങ്ങിയ സ്ഥാപനങ്ങളിൽ ഓരോ അദ്ധ്യയന വർഷത്തിലേയും ഒന്നാം വർഷ ബിരുദ ബിരുദാനന്തര ബിരുദത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാധികമായിട്ടാണ് ഈ സ്കോളർഷിപ്പ് വീതിച്ച് നൽകുന്നത്.

# 39. സഹകരണ വകുപ്പ്

**മേഖല വിവരണം**

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധതരം സഹകരണ സംഘങ്ങളിൽ കൂടി ആ സ്ഥാപനത്തിലെ അംഗങ്ങൾക്ക് കൂടുതൽ ക്ഷേമവും, മെച്ചപ്പെട്ടതുമായ സേവനങ്ങൾ നൽകുന്നു. ഇതിനായി സംസ്ഥാന സർക്കാർ സഹകരണ വകുപ്പിലൂടെ സേവനം നടപ്പിലാക്കി വരുന്നു. സഹകരണ വകുപ്പിന്റെ കീഴിലാണ് സംസ്ഥാന സഹകരണ വകുപ്പ് പ്രവർത്തിക്കുന്നത്. നിലവിൽ ഈ വകുപ്പിന് രണ്ട് വിഭാഗങ്ങളുണ്ട്.

1. ജനറൽ വിഭാഗം
2. ആഡിറ്റ് വിഭാഗം

ജനറൽ വിഭാഗത്തിൽ സഹകരണ സംഘം രജിസ്ട്രാർ രണനിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളുടെ രണ നിയന്ത്രണം നടത്തുന്നു. ഓരോ ജില്ലയിലും ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ആഫീസുകൾ മുഖേനയാണ് സഹകരണ സംഘങ്ങൾ നിയന്ത്രിക്കുന്നത്. സഹകരണ സംഘങ്ങൾക്ക് വിവിധതരം ധനസഹായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഓരോ ജില്ലക്കും സഹകരണ സംഘം രജിസ്ട്രാർ വഴി തുക ലഭിക്കുന്നു. ഈ തുക സഹകരണ സംഘങ്ങൾക്ക് അവരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, അംഗങ്ങളുടെ ക്ഷേമകാര്യങ്ങൾക്കുവേണ്ടിയും ഉപയോഗപ്പെടുത്താം. നിലവിലുള്ള പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇവയ്ക്കുള്ള വായ്പാ സഹായം.
2. സംസ്കരണ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം
3. ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും, നീതി സ്റ്റോറുകൾക്കും ധനസഹായം
4. വനിത സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങൾ എന്നിവക്കുള്ള ധനസഹായം.
5. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള ധനസഹായം.
6. വിപണന ഇടപെടലിനും, സംസ്ക്കരണത്തിനുമുള്ള ധനസഹായം.
7. കർഷകസേവന കേന്ദ്രം നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ധനസഹായം.

**ലക്ഷ്യങ്ങൾ**

1. സ്വാശ്രയ സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക
2. സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടിക്കുള്ള ഓഹരി വിഹിതം നൽകുക.
3. വായ്പാ തിരിച്ചടവ് കാലയളവിൽ നിര്യാതരാകുന്ന വായ്പക്കാരന്റെ വായ്പകൾ എഴുതിത്തള്ളുന്നതിന് സർക്കാർ സ്ഥാപിച്ചിട്ടുള്ള ക്ഷേമനിധിയിലേക്ക് വിഹിതം നൽകുക
4. നെൽകൃഷിക്ക് പലിശരഹിത വായ്പ നൽകുക.

5. പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന ധനസഹായം നൽകുക.
6. കൃത്യമായി വായ്പ തിരിച്ചടക്കുന്ന വായ്പക്കാർക്ക് പലിശയിളവ് നൽകുക.
7. കൊയ്ത്തുമെതി യന്ത്രം വാങ്ങുന്നതിന് സംഘത്തിന് ഗ്രാന്റ് നൽകുക
8. സംസ്കരണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള യന്ത്രസാമഗ്രികൾ, മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുക.
9. നീതി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ നടത്തുന്ന സംഘങ്ങൾക്ക് ഓഹരി മൂലധനം, വായ്പാഗ്രാന്റ് എന്നിവ നൽകൽ.
10. കുടുംബശ്രീയുടെ പങ്കാളിത്തത്തോടെയുള്ള സ്വാശ്രയ സംഘങ്ങൾക്ക് സഹായം ഉൾപ്പെടെ വനിത സഹകരണ സംഘങ്ങൾക്ക് തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്നതിന് ധനസഹായം നൽകുക.
11. മോട്ടോർ ട്രാൻസ്പോർട്ട്/ആട്ടോറിക്ഷ/ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ എന്നിവക്ക് ധനസഹായം നൽകുക.
12. പഞ്ചായത്ത്/താലൂക്ക്/ജില്ലാ തലത്തിലുള്ള പുതിയ ഡിസ്പെൻസറി/സഹകരണ ആശുപത്രി സൊസൈറ്റികൾക്ക് ധനസഹായം നൽകുക
13. നല്ല സജ്ജീകരണങ്ങളുള്ള മെഡിക്കൽ ലബോറട്ടറീസ്, ബ്ളഡ് ബാങ്ക് എന്നിവ എല്ലാ താലൂക്ക്, ജില്ലാ ആശുപത്രികളിലും ആരംഭിക്കുന്നതിന് ധനസഹായം നൽകുക
14. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ പാവപ്പെട്ട കുടുംബങ്ങളുടെ ഉന്നമനത്തിനായി ഇത്തരം സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള ധനസഹായം നൽകുക

**ഗുണഭോക്താവ്**

സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സഹകരണ സംഘങ്ങൾ പദ്ധതികളുടെ പ്രത്യക്ഷ ഗുണഭോക്താക്കളും ഗുണഭോക്തൃ സംഘങ്ങളിലെ അംഗങ്ങൾ പരോക്ഷ ഗുണഭോക്താക്കളുമായിരിക്കും. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾക്ക് അംഗീകാരം നൽകുന്നത്.

**സ്കീമിന്റെ നിർവ്വഹണം**

സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർ, താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരാണ് നിർവ്വഹണ ഉദ്യോഗസ്ഥർ.

**ഫണ്ടിംഗ്**

ഫണ്ട് അലോട്ട്മെന്റ് ഗവൺമെന്റ് ഉത്തരവ് മുഖേന രജിസ്ട്രാറുടെ പേരിൽ സംസ്ഥാന സഹകരണ ബാങ്കിലോ, സംസ്ഥാന ട്രഷറിയിലോ ഉള്ള അക്കൗണ്ടിലേക്ക് മാറ്റുന്നു. ഈ തുക ജോയിന്റ് രജിസ്ട്രറുടെ ശുപാർശ പ്രകാരം സംഘം പിൻവലിച്ച് ജില്ലാ സഹകരണ ബാങ്കിലുള്ള അക്കൗണ്ടിലൂടെ ഓഹരിമൂലധനം, വായ്പ എന്നിവയിലൂടെ ധനസഹായമായി അനുവദിക്കുന്നു. ഓഹരി മൂലധനം, വായ്പ എന്നിവ ഗുണഭോക്തൃ സംഘങ്ങൾ ഗഡുക്കളായി തിരിച്ചടക്കണം. ട്രഷറിയിൽ ചലാൻ സഹിതം തുക തിരിച്ചടയ്ക്കണം.

**പ്രവർത്തനങ്ങൾ**

പ്രോജക്ട് തയ്യാറാക്കൽ സംഘം തലത്തിൽ ചെയ്യണം. ആയത് ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്ത് രജിസ്ട്രാർക്ക് സമർപ്പിക്കുന്നു. രജിസ്ട്രാർ അംഗീകരിക്കുന്ന പദ്ധതികൾ രജിസ്ട്രാറും, ഗവൺമെന്റ് അംഗീകരിക്കുന്നവ വകുപ്പ് സെക്രട്ടറിക്ക് നൽകി ഉത്തരവാകുകയും ചെയ്യുന്നു. പ്രവർത്തനം മോണിറ്റർ ചെയ്യുന്നത് ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർമാർ എന്നിവരാണ്.

**സംഘാടനം**

സഹകരണ സ്ഥാപനങ്ങളിലെ ഭാരവാഹികൾ, വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവർക്കാണ് സംഘാടനത്തിന്റെ ചുമതല.

..........................................

## 40. നാഷ്ണൽ എംപ്ലോയ്മെന്റ് സർവ്വീസ്, കേരളം

**1. കെസ്റു 99 –** കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ റീ രജിസ്ട്രേഡ് അൺ എംപ്ലോയ്ഡ് 30.3.99 മുതൽ നടപ്പിലാക്കി വരുന്നു.

**അർഹത**

1. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 21-നും 50-നും ഇടയ്ക്ക് പ്രായമുള്ള തൊഴിൽരഹിതർ.
2. വാർഷിക കുടുംബ വരുമാനം 40,000 വരേയും വ്യക്തിഗത വരുമാനം പ്രതിമാസം 500 രൂപയിൽ താഴെ വരുമാനമുള്ളവർ

**സബ്സിഡി**

പരമാവധി വായ്പ ഒരു ലക്ഷം രൂപ വരെ ലഭ്യമാകുന്ന പദ്ധതിയിൽ 20 ശതമാനം സർക്കാർ സബ്സിഡി നൽകുന്ന വായ്പ എടുത്ത ഗുണഭോക്താക്കളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക ജോലിക്ക് പരിഗണിക്കുന്നതല്ല. സ്ഥിരം ജോലിക്ക് പരിഗണിക്കുന്നതാണ്. ദേശാസൽകൃത/ഷെഡ്യൂൾഡ് ബാങ്കുകൾ സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ വഴി നടപ്പിലാക്കുന്നു.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷനായുള്ള ജില്ലാ കമ്മിറ്റി അപേക്ഷകൾ പരിശോധിക്കുന്നു.

**2. മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്**

28.10.07 മുതൽ വകുപ്പിൽ നിന്നും നടപ്പിലാക്കി വരുന്നു.

**അർഹത**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 21-നും 40-നും ഇടയ്ക്ക് പ്രായമുള്ള തൊഴിൽ രഹിതർക്ക് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അപേക്ഷിക്കാം. എസ്.സി. എസ്.ടി. ഫിസിക്കലി ഹാന്റികാപ്പ്ഡ് വിഭാഗങ്ങൾക്ക് 5 വർഷവും ഒ.ബി.സി.ക്ക് 3 വർഷവും പ്രായപരിധിയിൽ ഇളവ് അനുവദിക്കും.

- കുറഞ്ഞതു രണ്ട് അംഗങ്ങൾ ഉണ്ടായിരിക്കണം. ഇവർ ഒരു വീട്ടിലേയോ അടുത്ത ബന്ധുക്കളോ ആകാൻ പാടില്ല.

- വാർഷിക കുടുംബ വരുമാനം 50,000 രൂപയ്ക്കു താഴെയുള്ളവർ ആയിരിക്കണം.
- പരമാവധി 10 ലക്ഷം രൂപ വായ്പ ലഭ്യമാക്കുന്ന ഈ പദ്ധതിയിൽ 25 ശതമാനം അല്ലെങ്കിൽ പരമാവധി രണ്ടു ലക്ഷം രൂപ സർക്കാർ സബ്സിഡി ലഭ്യമാക്കുന്നു.
- 10 ശതമാനം ഗുണഭോക്തൃ വിഹിതം ഓരോ ജോബ് ക്ലബ്ബും ബാങ്കിൽ അടക്കേണ്ട താണ്. സബ്സിഡിയും ഗുണഭോക്തൃവിഹിതവും കഴിച്ചുള്ള തുകയ്ക്ക് മാത്രം ധനകാര്യസ്ഥാപനം പലിശ ഈടാക്കണം.

**സംഘാടനം**

ദേശാസൽകൃത, ഷെഡ്യൂൾഡ്/കമ്മേഴ്സ്യൽ ബാങ്കുകൾ, സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ മറ്റു പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന നടപ്പിലാക്കുന്ന ജോബ് ക്ലബ്ബിന് ആകെ ഉല്പാദന ചെലവിന്റെ 25%/രണ്ടു ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അധ്യക്ഷ്യനായുള്ള കമ്മിറ്റി അപേക്ഷകൾ പരിശോധിക്കുന്നു. കമ്മിറ്റിയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർ മെമ്പർമാരായിരിക്കും.

**3. ശരണ്യ**

24.7.2010 മുതൽ എംപ്ലോയ്മെന്റ് വകുപ്പിൽ നടപ്പിലാക്കി വരുന്നു.

**അർഹത**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത വിധവകൾ, നിയമാനുസൃതമായി വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവിനെ കാണാതായവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതർ, പട്ടിക വർഗ്ഗത്തിലെ വിവാഹിതരായ അമ്മമാർ എന്നിവർ. വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം കവിയാൻ പാടില്ല. പ്രായപരിധി 18-നും 55 വയസ്സിനും മധ്യേ ആയിരിക്കണം.

**നിബന്ധനകൾ**

50,000 രൂപവരെ പലിശ രഹിത വായ്പയാണ്. 50,000-മേൽ വായ്പ ആവശ്യമുള്ള ഗുണഭോക്താക്കൾ 3% ഫ്ളാറ്റ് പലിശ നൽകണം. കൂടാതെ 10% ഗുണഭോക്തൃ വിഹിതവും അടക്കണം.

വായ്പയുടെ 50% പരമാവധി 25,000 രൂപ വരെ ..സബ്സിഡി ലഭിക്കുന്നു.

**നിർവ്വഹണം**

എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം ഇത് നടപ്പിലാ ക്കുന്നു.

**ലക്ഷ്യം**

സേവന/ബിസിനസ് മേഖലകളിൽ പ്രവർത്തന മൂലധനത്തിന് പ്രാധാന്യം നൽകികൊണ്ടുള്ള സംരംഭം. സ്വന്തം വീട്ടിലോ ചെറിയ വാടകയ്ക്ക് എടുക്കുന്ന സ്ഥലത്തോ തുടങ്ങാൻ ഗുണഭോ ാക്താക്കളെ പ്രാപ്തരാക്കൽ.

**തെരഞ്ഞെടുപ്പ്**

അപേക്ഷകരുടെ സംരം കത്വ ശേഷി, പ്രൊജക്ടിന്റെ വിജയസാധ്യത സാങ്കേതിക വൈദഗ്ധ്യം, വായ്പ തിരിച്ചടയ്ക്കാനുള്ള കഴിവ് എന്നിവ പരിശോധിച്ച് കളക്ടർ ചെയർമാനായ ജില്ലാ കമ്മറ്റി തെരഞ്ഞെടുക്കുന്നു.

**നിർവ്വഹണം**

സ്കീമിന്റെ നിർവ്വഹണം എംപ്ലോയ്മെന്റ് ഡയറക്ടർ മുഖേന നടപ്പിലാക്കുന്നു. ജില്ലയിൽ സെൽഫ് എംപ്ലോയ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സംഘടന ചുമതല നിർവഹിക്കുന്നു.

**4. തൊഴിൽരഹിത വേതനം**

28.5.98-ലെ ജി.ഒ.(പി) 23/98 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തൊഴിൽരഹിത വേതനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ആയതിനാൽ തന്നെ അപേക്ഷ ക്ഷണിയ്ക്കലും അർഹത നിർണ്ണയിക്കലും വേതന വിതരണവും തദ്ദേശഭരണ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ഫണ്ട് വിതരണവും, മോണിറ്ററിംഗും എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടത്തുന്നു.

**അർഹത**

21-നും 35-നും മധ്യേ പ്രായമുള്ള തൊഴിൽരഹിതരായ യുവതി-യുവാക്കൾ. അപേക്ഷകർ 18 വയസ്സിന് ശേഷം 3 വർഷം. സീനിയോറിറ്റിയോടുകൂടി അപേക്ഷിക്കുന്ന ദിവസം 21 വയസ്സ് തികഞ്ഞിരിക്കണം. 35 വയസ്സ് കഴിഞ്ഞിട്ടില്ലാത്തവരായിരിക്കണം.

- വാർഷിക കുടുംബ വരുമാനം 12,000/- താഴെ വ്യക്തിഗത വരുമാനം പ്രതിമാസം 100 രൂപയിൽ താഴെ. വിദ്യാർത്ഥികളല്ലാത്തവരും എസ്.എസ്.എൽ.സി. പാസ്സായവരും ആയിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ/വികലാംഗർക്കും എസ്.എസ്.എൽ.സി. പാസ്സാകണമെന്നില്ല. പരീക്ഷക്ക് ഹാജരായാൽ മതി.
- അംഗവൈകല്യമുള്ള അപേക്ഷകരെ സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർചെയ്ത് 18 വയസ്സിനുശേഷം തുടർച്ചയായി രണ്ട് വർഷത്തെ സീനിയോറിറ്റി മതിയാകും (മിനിമം 21 വയസ്സ്).
- തൊഴിൽ രഹിത വേതനം കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന തുകയായിരിക്കും (ഇപ്പോൾ 120/മാസം)

**നടപടിക്രമങ്ങൾ**

ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ തദ്ദേശ രണ സ്ഥാപനങ്ങൾക്ക് അലോട്ട്മെന്റ് നൽകുന്നു (നോൺ പ്ലാൻ). ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറി അന്വേഷണം നടത്തി സഞ്ചിത നിധിയിൽ നിന്നും പണം പിൻവലിച്ച് ഗുണഭോക്താക്കൾക്ക് നൽകുന്നു. വേതനം കൈപറ്റുന്നതിൽ ഒരു തവണ വിഴ്ച വരുത്തിയവർ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയ്ക്ക് പണം നൽകാം. രണ്ടു തവണ ഹാജരായില്ലെങ്കിൽ ജില്ലാ കളക്ടർക്ക് നൽകുന്ന അപ്പീൽ പ്രകാരം കൺഡോൺ ചെയ്യുന്ന പക്ഷം മുടങ്ങിയ വേതനം സെക്രട്ടറിയ്ക്കു നൽകാം. ഗുണഭോക്താക്കളെ അർഹത നിശ്ചയിച്ച് ഗ്രാമസഭ വഴി തെരഞ്ഞെടുക്കുന്നു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അപേക്ഷകൾ ചർച്ച ചെയ്ത് അംഗീകാരം നൽകുന്നു. അനർഹരെ ഒഴിവാക്കണം.

..................

# 41. തൊഴിൽ വകുപ്പ്

**1. 1980 ലെ കേരള മരം കയറ്റ തൊഴിലാളി ക്ഷേമ പദ്ധതി**

**ലക്ഷ്യങ്ങൾ**

തൊഴിലിനിടെ അപകടത്തിൽപെടുന്ന മരംകയറ്റ, മരംമുറി തൊഴിലാളികൾക്ക് തുടർന്ന് ജോലി ചെയ്യാൻ സാധിക്കാത്ത വിധത്തിൽ അവശത അനുഭവിക്കുന്നവർക്ക് 25,000 രൂപ യും, അപകടത്തെ തുടർന്ന് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 50,000 രൂപയും ധനസ ഹായം അനുവദിക്കുന്നു.

**ഗുണഭോക്താവ്**

കേരളത്തിലെ മരംകയറ്റ തൊഴിലാളികളിൽ മരംകയറ്റ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അവ സരത്തിൽ അപകടം സംഭവിക്കുന്ന തൊഴിലാളികളും തൊഴിലാളി മരണപ്പെടുന്ന അവസ രത്തിൽ അവരുടെ ആശ്രിതരുമാണ് ഗുണഭോക്താക്കൾ. ചെത്തുതൊഴിലാളികൾ ഈ ധന സഹായത്തിന് അർഹരല്ല.

**സ്കീമിന്റെ നിർവ്വഹണം**

അപകടം സംഭവിച്ച തൊഴിലാളി/ആശ്രിതർ നിശ്ചിത ഫോറത്തിൽ ജില്ലാ ലേബർ ഓഫീ സർക്ക് അപകടം സംഭവിച്ച് 90 ദിവസത്തിനകം അപേക്ഷ സമർപ്പിക്കണം. അപേക്ഷയോ ടൊപ്പം ഗവൺമെന്റ് ഡോക്ടറിൽ നിന്നും തുടർന്ന് മരംകയറ്റ ജോലിയിൽ ഏർപ്പെടാൻ കഴിയാത്തവിധം പൂർണ്ണവും ശാശ്വതവുമായി അവശനാണെന്ന് തെളിയിക്കുന്ന സാക്ഷ്യ പത്രവും ഹാജരാക്കേണ്ടതാണ്.

തൊഴിലാളി മരണമടയുന്ന കേസുകളിൽ ആശ്രിതർ അപേക്ഷയോടൊപ്പം മരണ സർട്ടി ഫിക്കറ്റിന്റെയും പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെയും സാക്ഷ്യപെടുത്തിയ പകർപ്പും ഹാജ രാക്കേണ്ടതാണ്.

**2. 2012 – ലെ കേരള മരം കയറ്റ തൊഴിലാളി അവശത പെൻഷൻ പദ്ധതി**

**ആമുഖം**

1980 ലെ മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ ജോലി ചെയ്യുന്നതിനിടയിൽ അപകടം സംഭവിച്ചാൽ 25000 രൂപയും മരണമടയുകയാണെങ്കിൽ 50000 രൂപയും നൽകി വരുന്നതും ടി ധനസഹായം കൈപ്പറ്റിയ തൊഴിലാളിക്ക്/തൊഴിലാളിയുടെ ആശ്രിതർക്ക് പ്രായമോ വരുമാനമോ ബാധകമാക്കാതെ അവശതാപെൻഷൻ നൽകുന്ന പദ്ധതി.

**ലക്ഷ്യങ്ങൾ**

- തൊഴിലിനിടെ അപകടത്തിൽപെട്ടവർക്ക് പ്രതിമാസം 400 ക പെൻഷൻ നൽകൽ
- അപകടം സംഭവിച്ച് മരംകയറ്റ ക്ഷേമനിധിപ്രകാരം ധനസഹായം ലഭിച്ച തൊഴിലാ ളിയുടെ ആശ്രിതർക്ക് പ്രതിമാസം 400 ക പെൻഷൻ നൽകൽ
- അവരുടെ 8 മുതൽ 12 വരെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 100 ക സ്കോളർഷിപ്പ് നൽകൽ
- അവരുടെ കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 200ക (പരമാവധി ഒരു വർഷം 1000 ക) സ്കോളർഷിപ്പ് നൽകൽ

**ഗുണഭോക്താക്കൾ**

- മരംകയറ്റ തൊഴിലാളികൾ/ആശ്രിതർ (ക്ഷേമനിധി അംഗം)
- അവരുടെ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന/കോളേജിൽ പഠിക്കുന്ന കുട്ടികൾ

**പ്രവർത്തനങ്ങൾ**

- നോമിനി അപേക്ഷ ബന്ധപെട്ട അസി.ലേബർ ഓഫീസർ വഴി നൽകുന്നു.
- ലേബർ ഓഫീസർ ഫണ്ടിന് വേണ്ടി അപേക്ഷിക്കുന്നു.
- അപേക്ഷയോടൊപ്പം (എൽ.ഐ.സി അപേക്ഷാ ഫോറം). അവശത തെളിയിക്കുന്ന ബന്ധപ്പെട്ട ഡോക്ടറുടെ സർട്ടിഫിക്കറ്റ് സഹിതം
- സ്കോളർഷിപ്പിനുള്ള അപേക്ഷകൾ രക്ഷിതാവ് ബന്ധപ്പെട്ട ലേബർ ഓഫീസർക്ക് നൽകുന്നു. ഹെഡ്മാസ്റ്റർ സാക്ഷ്യപെടുത്തണം. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് സംഖ്യ രക്ഷിതാവിന് കൈമാറുന്നു.

**3. കേരള കർഷക തൊഴിലാളി പെൻഷൻ**

**ആമുഖം**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് അംഗത്വം അവസാനിപ്പിച്ചതിന് ശേഷം ജീവിത വൃത്തിയ്ക്ക് വേണ്ടി പ്രതിമാസം നൽകുന്ന പെൻഷൻ പദ്ധതിയാണിത്.

**ലക്ഷ്യങ്ങൾ**

കർഷക തൊഴിലാളിയായി സേവനമനുഷ്ഠിച്ചവർക്ക് (ക്ഷേമനിധിയിൽ അംഗത്വമുള്ളവർക്ക്) 60 വയസ്സിന് ശേഷം പെൻഷൻ നൽകുന്ന പദ്ധതിയാണിത്.

**ഗുണഭോക്താവ്**

- 60 വയസ്സ് പൂർത്തിയായ ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള കർഷക തൊഴിലാളികൾ
- വാർഷിക കുടുംബ വരുമാനം 11,000 ക യിൽ കൂടരുത്
- മറ്റു പെൻഷനുകളൊന്നും തന്നെ ലഭിക്കുന്നതുമായിരിക്കരുത്.

**ഫണ്ടിംഗ്**

മുഴുവൻ സംസ്ഥാന വിഹിതം (നോൺ പ്ലാൻ)( കാറ്റഗറി ബി ഫണ്ട്). ഫണ്ട് അലോട്ട്മെന്റ് ലേബർ ഡിപ്പാർട്ട്മെന്റ് വഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നു. ഇപ്പോൾ നൽകുന്ന പെൻഷൻ മാസം 400 രൂപയാണ്

**4. കേരള കൈതൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമപദ്ധതി, 1991**

**ആമുഖം**

കേരളത്തിലെ അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരും നിലവിലുള്ള തൊഴിൽ നിയമങ്ങളുടെയും ക്ഷേമ പദ്ധതികളുടെയും പരിധിയിൽ വരാത്തവരുമായ കൈതൊഴിൽകാർക്കും മറ്റു വിദഗ്ധ തൊഴിലാളികൾക്കും മരണാനന്തര ആനുകൂല്യവും 60 വയസ്സ് കഴിഞ്ഞവർക്ക് റിട്ടയർമെന്റ് ആനുകൂല്യവും ഏർപ്പെടുത്തിക്കൊണ്ട് 1986 നവംബർ 1 കേരള സർക്കാർ ഒരു ഡെത്ത്-കം-റിട്ടയർമെന്റ് പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതി വിപുലീകരിച്ചുകൊണ്ടും തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യം അനുവദിച്ചുകൊണ്ടും

നടപ്പിലാക്കിയ പദ്ധതിയാണ് 1991 ലെ കേരള കൈതൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമ പദ്ധതി.

**ലക്ഷ്യങ്ങൾ**

**1. റിട്ടയർമെന്റ് ആനുകൂല്യവും പെൻഷനും**

60 വയസ്സ് പൂർത്തിയാക്കുന്ന അംഗത്തിന് സർവീസ് ദൈർഘ്യമനുസരിച്ച് 1682 രൂപ മുതൽ 62720 രൂപ വരെ റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കും. റിട്ടയർമെന്റ് ആനുകൂല്യം വാങ്ങിയ വരെ 2008 ലെ കേരള അൺ ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാന തൊഴിൽ വകുപ്പു മുഖേന 400 രൂപ പെൻഷനും നൽകി വരുന്നുണ്ട്.

**2. വിവാഹ ധനസഹായം**

പദ്ധതിയിൽ ഒരു വർഷം പൂർത്തിയാക്കിയ അംഗത്തിന്റെ മകളുടെ വിവാഹത്തിന് 1000 രൂപ ധനസഹായം നൽകി വരുന്നു. ഈ ആനുകൂല്യം സർവ്വീസിൽ രണ്ടു തവണ ലഭിക്കും. മാതാവും പിതാവും പദ്ധതിയിൽ അംഗമാണെങ്കിലും ഒരാൾക്കു മാത്രമെ ആനുകൂല്യം ലഭിക്കുകയുള്ളു.

**3. പ്രസവാനുകൂല്യം**

പദ്ധതിയിൽ ഒരു വർഷം പൂർത്തിയാക്കിയ വനിതകളായ അംഗങ്ങൾക്ക് പ്രസാവുനുകൂല്യമായി 500 രൂപ നൽകി വരുന്നു. കൂടാതെ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കായി പ്രസവാനുകൂല്യ പദ്ധതി 2012 പ്രകാരം 27.3.2012 നോ അതിനുശേഷമോ പ്രസവം നടന്നീട്ടുള്ള വനിതാ അംഗങ്ങൾക്ക് പ്രസവത്തിനു മുമ്പുള്ള ആറാഴ്ച മുതൽ മൂന്നു മാസത്തേക്കുള്ള മിനിമം വേതനത്തിന് തുല്യമായ തുകയും പ്രസവാനുകൂല്യമായി അനുവദിക്കുന്നതാണ്.

**4. വിദ്യാഭ്യാസ സ്കോളർഷിപ്പ്**

പദ്ധതിയിൽ ഒരു വർഷം പൂർത്തിയാക്കിയ അംഗങ്ങളുടെ മക്കൾക്ക് പ്ലസ്ടു മുതൽ പ്രൊഫഷണൽ കോഴ്സ് വരെയുള്ള വിദ്യാഭ്യാസത്തിന് 300 രൂപ മുതൽ 1000 രൂപ വരെ ലഭിക്കും. ഓരോ കോഴ്സിന്റേയും ആദ്യത്തെ വർഷം മാത്രമെ ഈ ആനുകൂല്യം ലഭിക്കുകയുള്ളു.

**5. മരണാനന്തര ധനസഹായം**

പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന അംഗത്തിന്റെ അവകാശിക്ക് മരണാനന്തര ധനസഹായമായി 10500 രൂപയും അംഗത്തിന്റെ സർവ്വീസിന് ആനുപാതികമായ റിട്ടയർമെന്റ് ആനുകൂല്യവും നൽകി വരുന്നു.

**6. ചികിത്സാ ധനസഹായവും അവശതാപെൻഷനും**

സ്ഥായിയായ അംഗവൈകല്യം സംഭവിച്ച് തൊഴിൽ ചെയ്യാൻ കഴിയാത്ത അംഗത്തിന് അംഗീകൃത മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതി തീരുമാനത്തിനും വിധേയമായി 3000 രൂപയോ അംഗത്വ കാലാവധിക്ക് ആനുപാതികമായ റിട്ടയർമെന്റ് ആനുകൂല്യമോ ഏതാണ് കൂടുതൽ അതു നൽകി അംഗത്വം അവസാനിപ്പിക്കുന്നതും പ്രതി മാസം 400 രൂപ വീതം അവശതാപെൻഷനും നൽകി വരുന്നു. രണ്ടുവർഷം അഗത്വം പൂർത്തിയാക്കിയവർക്കു മാത്രമെ ഈ ആനുകൂല്യം ലഭിക്കുകയുള്ളു.

**7. ചികിത്സാ ധനസഹായം**

ക്യാൻസർ, ഹൃദ്രോഗം, കിഡ്നി സംബന്ധമായ അസുഖം എന്നിവ മൂലം അവശത അനുഭവിക്കുകയും ചികിത്സാ ധനസഹായത്തിനുമാത്രമായി അപേക്ഷിക്കുകയും ചെയ്യുന്ന അംഗങ്ങൾക്ക് അംഗീകൃത മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനപ്രകാരം 3000 രൂപ ധനസഹായം അനുവദിക്കുന്നു. ഈ ആനുകൂല്യം സർവ്വീസ് കാലയളവിൽ ഒരിക്കൽ മാത്രമെ ലഭിക്കുകയുള്ളു.

പദ്ധതി നൽകി വരുന്ന ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ അതാതു ജില്ലാ ഓഫീസുകളിലാണ് നൽകേണ്ടത്. ജില്ലാ ഓഫീസുകളിൽ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കുന്ന അപേക്ഷകൾ ഭരണസമിതിയുടെ തീരുമാന പ്രകാരം അനുവദിക്കുന്നു. ആനുകൂല്യ ചെക്കുകൾ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നത് ജില്ലാ ഓഫീസുകൾ വഴിയാണ്.

**5. കള്ളുവ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ഒരു നിധി ഏർപ്പെടുത്തുന്നതിനും പെൻഷൻ നൽകുന്നതും**

**ഗുണഭോക്താക്കൾ**

ഗുണം ലഭിക്കുന്നത് - കള്ളു വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ തൊഴിലാളികളും ആശ്രിതരും.

**അർഹത**

കള്ളു വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി രജിസ്ട്രേഷനുള്ള തൊഴിലാളികൾ

**അപേക്ഷ നൽകേണ്ടത്**

ക്ഷേമനിധി രജിസ്ട്രേഷനുള്ള അപേക്ഷ ജില്ല വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് മുമ്പാകെ

**6.കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി.**

**ലക്ഷ്യം**

കേരളത്തിൽ, സ്വകാര്യ മോട്ടോർ വ്യവസായ മേഖലയിൽ തൊഴിലെടുക്കുകയും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും സാമൂഹിക സുരക്ഷിതത്വത്തിനും, ജീവിത ഭദ്രതയ്ക്കുമായിട്ടാണ് ടി പദ്ധതി നിലവിൽ വന്നീട്ടുള്ളത്.

**ഗുണഭോക്താക്കൾ**

സ്വകാര്യ മോട്ടോർ വ്യവസായ മേഖലയിലെ തൊഴിലാളികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി - 2005 പരിഷ്ക്കരിച്ച പദ്ധതി പ്രകാരം 18 നും 60 നും മദ്ധ്യേ പ്രായമുള്ള എല്ലാ തൊഴിലാളികൾക്കും ടി ക്ഷേമനിധിക്ക് അർഹതയുണ്ട്. അതാതു കാറ്റഗറിയിൽ ലൈസൻസും ബാഡ്ജും ഉള്ളവർക്ക് ഉടമ ക്ഷേമനിധി അടയ്ക്കുന്ന മുറയ്ക്ക് ഡ്രൈവർ/കണ്ടക്ടർ ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്. ആയതിൽ യാതൊരു മുൻഗണനാക്രമവും നിലവിലില്ലാത്തതാണ്. ജില്ല/അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.

ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾ സർവ്വീസിൽ നിന്നും പിരിഞ്ഞു പോകുമ്പോൾ ക്ഷേമനിധിയിനത്തിൽ അവരുടെ അക്കൗണ്ടിലുള്ള തുക പലിശ സഹിതം തിരികെ നൽകുന്നതോടൊപ്പം താഴെപറയുന്ന ആനുകൂല്യങ്ങളും ലഭിക്കും.

1. പെൻഷൻ
2. ഡിസെബിലിറ്റി പെൻഷൻ
3. അപകട മരണാനന്തര ധനസഹായം
4. ചികിത്സാ ധനസഹായം
5. വിവാഹ ധനസഹായം
6. പ്രസവാനുകൂല്യം
7. വിദ്യാഭ്യാസ സ്കോളർഷിപ്പ്

ഇവയ്ക്ക് പുറമെ വീട് വയ്ക്കുന്നതിനും, പെൺമക്കളുടെ വിവാഹത്തിനും എൽ.ഐ.സി. പോളിസിയ്ക്ക് പുറമെ പ്രീമിയം അടയ്ക്കുന്നതിനും തൊഴിൽ രഹിതനായിരിക്കുമ്പോഴും വായ്പകൾ ലഭിക്കുന്നതാണ്. വാഹന ഉടമകളും തൊഴിലാളികളും അടയ്ക്കുന്ന അംശാദായം കൊല്ലത്തുള്ള ചീഫ് എക്സിക്യൂട്ടീവ് ഓാപീസറുടെ അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. തൊഴിലാളികൾ നൽകുന്ന അപേക്ഷകൾ പരിശോധിച്ച് പരിഗണനാർഹമായവയ്ക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തന്നെ തുക പാസാക്കുന്നതാണ്.

**7. കേരള ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി.**

**ലക്ഷ്യം**

കേരള സംസ്ഥാനത്തെ ഓട്ടോ മൊബൈൽ വർക്ക്ഷോപ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും വർക്ക്ഷോപ്പുകളുമായി ബന്ധപ്പെട്ട ജോലികൾ സ്വയംതൊഴിലായി സ്വീകരിച്ചിട്ടുള്ള ആളുകളുടെയും ക്ഷേമത്തിനും സാമൂഹിക സുരക്ഷിതത്വത്തിനും വേണ്ടി 2004 ഡിസംബർ 10 ന് കേരളാ ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി നിലവിൽ വന്നു.

**ഗുണഭോക്താക്കൾ**

കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികളാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 വയസ്സിനും 54 വയസ്സിനും ഇടയിൽ പ്രായമുള്ള ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾക്കാണ് നിലവിൽ പദ്ധതിയിൽ അംഗമായി രജിസ്റ്റർ ചെയ്യാവുന്നത്. ഈ പദ്ധതിയിൽ അംഗമാകാൻ ആഗ്രഹിക്കുന്നതും അർഹതയുള്ളതുമായ തൊഴിലാളികളും സ്വയം തൊഴിൽ ചെയ്യുന്ന ആളുകളും, അവർ ജോലി ചെയ്യുന്ന ജില്ലയിലെ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർക്കോ/അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർക്കോ അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയോടൊപ്പം സ്റ്റാമ്പ് സൈസ് വലിപ്പത്തിലുള്ള 2 ഫോട്ടോയും, തൊഴിലുടമ, തൊഴിലുടമാ സംഘടനയുടെ പ്രസിഡണ്ട്/സെക്രട്ടറി, സ്ഥലം എം.എൽ.എ/എം.പി, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി, ഗസറ്റഡ് ആഫീസർ/അസിസ്റ്റന്റ് ലേബർ ആഫീസർ എന്നിവരാരെങ്കിലും സാക്ഷ്യപ്പെടുത്തിയെ തൊഴിലിനെ സംബന്ധിച്ച സർട്ടിഫിക്കറ്റും രജിസ്ട്രേഷൻ ഫീസായി 25/- രൂപയും നൽകേണ്ടതാണ്. ഈ പദ്ധതിയിൽ അംഗമാകാൻ യാതൊരു മുൻഗണനാ ക്രമവും നിലവിലില്ലാത്തതാണ്.

**ഫണ്ടിംഗ്**

തൊഴിലാളികൾ പ്രതിമാസം 20/- രൂപ ക്രമത്തിലും ഒരു തൊഴിലാളിക്കു വേണ്ടി തൊഴിലുടമ 10/ രൂപ ക്രമത്തിലും സ്വയംതൊഴിൽ ചെയ്യുന്നവർ 30/ രൂപ ക്രമത്തിലും നൽകുന്ന ക്ഷേമനിധി വിഹിതവും സ്വയംതൊഴിൽ ചെയ്യുന്നവർ ഒഴികെയുള്ള അംഗങ്ങളിൽ നിന്നും ഫണ്ടിലേയ്ക്ക് ലഭിക്കുന്ന ഒരു വർഷത്തെ അംശാദായത്തിന്റെ 10% നു തുല്യമായി സർക്കാർ ഗ്രാന്റായി ഫണ്ടിലേയ്ക്ക് നൽകുന്ന തുകയും കൂടി ചേർന്നു വരുന്നതാണ് കേരള ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി. ഈ പദ്ധതി അനുസരിച്ച് തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

1. റിട്ടയർമെന്റ് ആനുകൂല്യം
2. അടിയന്തിരാശ്വാസ പദ്ധതി (മരണാനന്തര സഹായ പദ്ധതി)

**8.കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി**

1991 ൽ നിലവിൽ വന്ന ഈ പഴയ പദ്ധതിയിൽ അംഗത്വം എടുത്തിട്ടില്ലാത്ത ആട്ടോറിക്ഷ തൊഴിലാളികൾ, 2005 ലെ പരിഷ്ക്കരിച്ച പദ്ധതിപ്രകാരമുള്ള ക്ഷേമനിധി പദ്ധതിയിലാണ് അംഗത്വം സ്വീകരിക്കേണ്ടത്.

**9.കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് പദ്ധതി**

**ലക്ഷ്യങ്ങൾ**

കേരളത്തിൽ വിവിധ തൊഴിൽ മേഖലകളിലായി വർക്ക് ചെയ്യുന്ന 10 ലക്ഷത്തിൽപരം തൊഴിലാളികൾക്കും, അസംഘടിതമേഖലയിലും, സ്വയംതൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കും പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ നൽകുക

**ഗുണഭോക്താവ്**

കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾ, മറ്റ് ക്ഷേമനിധികളിലെ മേഖലയിൽപ്പെടാത്ത സ്വയംതൊഴിൽ ചെയ്യുന്നവർ എന്നിവർക്ക് ഈ ക്ഷേമനിധി പദ്ധതിയിൽ ചേരാം. അംഗങ്ങളാകാനുള്ള പ്രായപരിധി 18 വയസ്സ് പൂർത്തിയാകുകയും 55 വയസ്സ് തികയാത്തതുമായ തൊഴിലാളികൾക്കാണ് അംഗത്വത്തിന് അർഹതയുള്ളത്.

**ഫണ്ടിംഗ്**

ഈ ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങൾ അടക്കുന്ന അംശാദായമാണ് ഈ പദ്ധതിയിലെ മുഖ്യവരുമാന സ്രോതസ്സ്. ഒരു അംഗം തൊഴിലാളി വിഹിതമായി 20/- രൂപയും തൊഴിലുടമ വിഹിതമായി 20/- രൂപയും, പ്രതിമാസം 40/- രൂപയാണ് ക്ഷേമനിധിയിൽ അടക്കേണ്ടത്. കൂടാതെ സർക്കാർ വിഹിതമായി 5/-രൂപ ഒരു അംഗത്തിന് ലഭിക്കുന്നുണ്ട്. ഒരംഗത്തിന് 45/- രൂപയാണ് മൊത്തം അംശാദായമായി ബോർഡിന് ലഭിക്കുന്നത്.

**പ്രവർത്തനങ്ങൾ**

ക്ഷേമിധിയിൽ പുതിയതായി സ്ഥാപനങ്ങളേയും സാധനങ്ങളേയും ചേർക്കുകയും അംശാദായം പിരിക്കുകയും മുതലായ ദൈനംദിന വേതനം നടത്തുന്നതും ജില്ല-എക്സിക്യൂട്ടീവ് ഓഫീസറാണ്. ഈ ക്ഷേമനിധിയിൽ അംഗങ്ങളായ വനിത ആഫീസർ എല്ലാ

അംഗങ്ങളേയും രണ്ട് പെൺമക്കൾക്കും വിവാഹധനസഹായമായി 5000/- രൂപ നൽകുന്നു. ഇ.എസ്.ഐ.യുടെ പരിധിയിൽ വരുന്ന വനിതകളുടെ പ്രസവാനുകൂല്യം, അവരുടെ മകൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകുന്നു. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ, ജില്ലാ ലേബർ ഓഫീസർ/അസി. ലേബർ ഓഫീസർ ചേർന്ന് പദ്ധതിയുടെ ഏകോപനം നടക്കുന്നു.

**10. കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്**

**a. അൺ അറ്റാച്ച്ഡ് വിഭാഗം**

1978 ലെ കേരള ചുമട്ടുതൊഴിലാളി ആക്ട്. 1981 ലെ കേരള ചുമട്ടുതൊഴിലാളി നിയമം. 1983 ലെ കേരള ചുട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി.

**ലക്ഷ്യങ്ങൾ**

ചുമട്ടു തൊഴിലാളികളുടെ തൊഴിൽ ക്രമീകരിക്കുന്നതിനും അവരുടെയും കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനും, കുട്ടികളുടെ വിദ്യാഭ്യാസം, ഭവന നിർമ്മാണം, ആരോഗ്യ സുരക്ഷിതത്വം ഇവ സംരക്ഷിക്കുക.

**ഗുണഭോക്താവ്**

കമ്മിറ്റി ഉപകാര്യാലയങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളും, അവരുടെ കുടുംബാംഗങ്ങളും

**പ്രവർത്തനങ്ങൾ**

ഏതെങ്കിലും തൊഴിലുടമയുടെ കീഴിലോ, കോൺട്രാക്ടറുടെ കീഴിലോ ജോലി ലഭിക്കാത്ത 26 എ കാർഡ് ലഭിച്ചിട്ടുള്ള ഒരു പ്രദേശത്തെ ചുമട്ടുതൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകുക, അവരുടെ തൊഴിലും ക്രമീകരിക്കുക, ആവശ്യമുള്ള പക്ഷം അവയ്ക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുക, അവരുടെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുക

**a. അറ്റാച്ച്ഡ് വിഭാഗം**

1978 ലെ കേരള ചുമട്ടു തൊഴിലാളി നിയമപ്രകാരം ആവിഷ്കരിച്ച 1983 ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) (1995 ലെ കേരള ചുമട്ടുതൊഴിലാളി അറ്റാച്ച്ഡ് വിഭാഗം ക്ഷേമ പദ്ധതി) (ഏതെങ്കിലും തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്യുന്നവർക്ക് വേണ്ടി)

**b.സ്കാറ്റേർഡ് വിഭാഗം**

1978 ലെ കേരള ചുമട്ടു തൊഴിലാളി നിയമപ്രകാരം ആവിഷ്കരിച്ച 1983 ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) 1995 ലെ കേരള ചുമട്ടുതൊഴിലാളി അറ്റാച്ച്ഡ് വിഭാഗം ക്ഷേമ പദ്ധതിയുടെയും പരിധിയിൽപ്പെടാതെ സംസ്ഥാനത്തുടനീളം അസംഘടിത മേഖലയിൽ ചുമടെടുക്കുന്ന തൊഴിലാളികൾക്ക് വേണ്ടി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതി 1999 ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി

**ലക്ഷ്യങ്ങൾ**

സംസ്ഥാനത്തുടനീളം അസംഘടിത മേഖലയിൽ ചുമടെടുക്കുന്ന തൊഴിലാളികൾക്ക് വേണ്ടി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ നിയമമാണ്.

**ഗുണഭോക്താവ്**

1981 ലെ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ പ്രകാരം തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്ത് ഐഡന്റിറ്റി കാർഡ് ലഭിച്ചിട്ടുള്ള 18 വയസ്സ് പൂർത്തിയായതും എന്നാൽ 58 വയസ്സ് പൂർത്തിയായിട്ടില്ലാത്തതുമായ ചുമട്ടുതൊഴിലാളികൾക്ക് 1-ാം നമ്പർ ഫോറത്തിൽ അപേക്ഷ സെക്രട്ടറിക്ക് നൽകാം. കമ്മിറ്റി സെക്രട്ടറി അപേക്ഷ പരിശോധിച്ച് രജിസ്ട്രേഷൻ നൽകാവുന്നതാണ്.

**ഫണ്ടിംഗ്**

തൊഴിലാളികളിൽ നിന്ന് ലഭിക്കുന്ന അംശാദായം, തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് ലഭിക്കുന്ന ഗവൺമെന്റ് വിഹിതം എന്നിവയാണ് സ്കാറ്റേർഡ് ഫണ്ട്.

**11. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി**

**ആമുഖം**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, സ്കോളർഷിപ്പ്, ക്യാഷ് അവർഡ്, അംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾക്കും ശവസംസ്കാരത്തിനുമായി ആശ്രിതർക്കുള്ള ധനസഹായം എന്നീ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്. വിവിധ സ്കീമുകളിലായി നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കീമിന്റെ പേര് | ഗുണഭോക്താവ് | ആനുകൂല്യങ്ങൾ | സ്കീമിന്റെ നിർവ്വഹണം |
|---|---|---|---|---|
| a. | **പെൻഷൻ** | 60 വയസ്സ് പൂർത്തിയായ അംഗങ്ങൾ (കുറഞ്ഞത് 3 വർഷം തുടർച്ചയായി നിധിയിൽ അംഗമായവർ) | മിനിമം 400/- രൂപ. മിനിമം സർവ്വീസിന് മേൽ വരുന്ന ഓരോ അധികവർഷ സർവ്വീസിനും 20/ രൂപ ക്രമത്തിൽ പെൻഷൻ തുകയിൽ വർദ്ധനവ് നൽകുന്നു. | ജില്ലയിലെ സ്കീമുകളുടെ നിർവ്വഹണം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ നടത്തി വരുന്നു. |
| b. | **കുടുംബപെൻഷൻ** | കുറഞ്ഞത് 3 വർഷം തുടർച്ചയായി നിധിയിൽ അംഗമായവർ | മിനിമം പെൻഷൻ തുക | |
| c. | **അവശതാ പെൻഷൻ** | | മിനിമം പെൻഷൻ തുക | |
| d. | **വിവാഹ ധനസഹായം** | | 2000/- രൂപ (അംഗങ്ങളായ പുരുഷൻമാർക്ക് 1000/-രൂപ) | |
| e. | **പ്രസവ ധനസഹായം** | കുറഞ്ഞത് 1 വർഷം തുടർച്ചയായി നിധിയിൽ അംഗമായവർ | 2000/- രൂപ | |
| f. | **ചികിത്സാ ധനസഹായം** | കുറഞ്ഞത് 3 വർഷം തുടർച്ചയായി നിധിയിൽ അംഗമായവർ | മാരക രോഗങ്ങൾക്കോ ശസ്ത്രക്രിയക്കോ പരമാവധി 5000/- രൂപ, മാരകമല്ലാത്ത അസുഖങ്ങൾക്ക് 1000/ രൂപ | |

| ക്രമ നം. | സ്കീമിന്റെ പേര് | ഗുണഭോക്താവ് | ആനുകൂല്യങ്ങൾ | സ്കീമിന്റെ നിർവ്വഹണം |
|---|---|---|---|---|
| **g.** | **സ്കോളർഷിപ്പ്** | കുറഞ്ഞത് 1 വർഷം തുടർച്ചയായി നിധിയിൽ അംഗമായവർ | എസ്.എസ്.എൽ.സി –1000 രൂപ<br>+1, +2 – 1000 രൂപ<br>ബി.എഡ് – 700 രൂപ<br>ഐ.ടി.ഐ/ഐ.ടി.സി – 600 രൂപ<br>ഡിഗ്രി കോഴ്സ് – 1000 രൂപപി.ജി. കോഴ്സ് – 2000 രൂപ<br>പ്രൊഫഷണൽ കോഴ്സ് – 5000 രൂപ<br>ടെക്നിക്കൽ എഡ്യുക്കേഷൻ – 4000 രൂപ | ജില്ലയിലെ സ്കീമുകളുടെ നിർവ്വഹണം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ നടത്തി വരുന്നു. |
| **h.** | **ക്യാഷ് അവാർഡ്** | | | |
| **i.** | **അംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾക്കും ശവസംസ്കാരത്തിനുമായി ആശ്രിതർക്കുള്ള ധനസഹായം** | | 10,000 രൂപ + 1000 രൂപ ശവസംസ്കാര ചടങ്ങുകൾക്ക് | |

**a. പെൻഷൻ**

കുറഞ്ഞത് അഞ്ച് വർഷം തുടർച്ചയായി അംശാദായം അടച്ചു വരുന്ന അംഗത്തിനും, പദ്ധതി പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് ചെറുകിടതോട്ടം തൊഴിലാളി ആയി ജോലി ചെയ്തു വന്നിരുന്നതും, പദ്ധതി പ്രാബല്യത്തിൽ വന്ന മാസം മുതൽ അംശാദായം അടച്ചതും പദ്ധതി പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുമ്പും, പ്രാബല്യത്തിൽ വരുന്ന മാസം മുതൽക്കുള്ള അംഗത്വ കാലയളവുമടക്കം മൊത്തം 15 വർഷം കാലം ജോലി ചെയ്ത അംഗത്തിനും 60 വയസ്സ് പൂർത്തിയായി ജോലിയിൽ നിന്നു വിരമിക്കുന്ന മുറക്ക് പ്രതിമാസ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**b. മുൻകാല തൊഴിലാളികൾക്കു പെൻഷൻ (ഇപ്പോൾ നിലവിലില്ല)**

പദ്ധതി പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് 15 വർഷത്തിൽ കുറയാത്ത കാലം ചെറുകിടത്തോട്ടം തൊഴിലാളിയായി ജോലി ചെയ്യുകയും നിശ്ചിത പ്രായപരിധി കഴിഞ്ഞതുമൂലം അംഗത്വമെടുക്കാൻ കഴിയാതെ വന്നതുമായ തൊഴിലാളികൾക്ക്, സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ക്ഷേമനിധി ബോർഡിന് ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്.

**അവശതാ പെൻഷൻ**

രണ്ട് വർഷത്തിൽ കൂടുതൽ കാലം യാതൊരു ജോലിയും ചെയ്യാൻ കഴിയാതെ വരുന്ന അംഗത്തിന് രണ്ടു വർഷം കഴിയുന്ന മാസത്തിന്റെ തൊട്ടടുത്ത മാസം മുതൽ പ്രതിമാസം

അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കും. അവശതമൂലം യാതൊരു ജോലിയും ചെയ്യുവാൻ കഴിയാത്ത ആളാണെന്ന് തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

**c. കുടുംബ പെൻഷൻ**

പെൻഷന് അർഹതയുള്ള തൊഴിലാളി മരണമടഞ്ഞാലും, ചുരുങ്ങിയത് മൂന്ന് വർഷം അംശാദായം അടച്ച അംഗം മരണമടഞ്ഞാലും ആശ്രിതർക്ക് കുടുംബപെൻഷൻ ലഭിക്കും. കുടുംബ പെൻഷൻ ലഭിക്കാൻ ആവശ്യമായ സാധുത സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

1. മരണ സർട്ടിഫിക്കറ്റ് (Death Certificate)
2. അവകാശിയുടെ ബന്ധുത സർട്ടിഫിക്കറ്റ് (Relationship Certificate)
3. വരുമാന സർട്ടിഫിക്കറ്റ്

റവന്യൂ അധികാരികൾ നൽകുന്ന മേൽപറഞ്ഞ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. മരണപ്പെട്ട അംഗത്തിന്റെ ഭാര്യ/ഭർത്താവ്, പ്രായപൂർത്തിയാകാത്ത കുട്ടികൾ, അവിവാഹിതരായ പുത്രിമാർ, അംഗത്തെ ആശ്രയിച്ചു കഴിയുന്ന അച്ഛൻ, അമ്മ എന്നിവർ മുൻഗണനാ ക്രമത്തിൽ കുടുംബ പെൻഷന് അപേക്ഷിക്കാൻ അർഹരായിരിക്കുന്നതാണ്.

**പെൻഷൻ തുക**

പത്ത് വർഷം വരെയുള്ള അംഗത്വ കാലയളവിന് 200 രൂപയും, 10 വർഷത്തിനുമേൽ അംഗത്വ കാലമുള്ളവർക്ക് 10 വർഷത്തിനു ശേഷം പൂർത്തിയായ ഓരോ വർഷത്തിനും 15 രൂപ വീതം അധിക തുകയുമായിരിക്കും.

**കുടുംബ പെൻഷൻതുക**

ഏറ്റവും കുറഞ്ഞ പ്രതിമാസ കുടുംബ പെൻഷൻ തുക 150 രൂപയായിരിക്കും. അംഗം മരണപ്പെടുമ്പോൾ പൂർത്തിയാക്കിയ സേവന കാലയളവിന്റെ അടിസ്ഥാനത്തിൽ ലഭിക്കാവുന്ന പെൻഷൻ തുകയുടെ 50 ശതമാനമോ, 150 രൂപയോ ഏതാണ് കൂടുതലെങ്കിൽ അത് ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

കുടുംബ പെൻഷനുള്ള അർഹത

1. കുടുംബ പെൻഷൻ പുനർ വിവാഹം ചെയ്യുന്നതുവരെ
2. ആൺ മക്കൾക്ക് 21 പൂർത്തിയാകുന്നതുവരെ
3. പെൺമക്കൾ വിവാഹിതരാകുന്നതുവരെ

**d. പ്രസവാനുകൂല്യം**

അംശാദായം ഒരു വർഷമെങ്കിലും തുടർച്ചയായി അടച്ചിരിക്കണം. ഇ.എസ്. ഐ പരിധിയിൽ വരാത്ത സ്ത്രീ തൊഴിലാളിയായിരിക്കണം. 2000 രൂപ വെച്ച് ഈ ആനുകൂല്യം രണ്ട് തവണ മാത്രമെ ലഭിക്കുകയുള്ളു.

ഗർഭം അലസൽ സം വിച്ച സ്ത്രീ അംഗത്തിന് 1000 രൂപ ആനുകൂല്യമായി ലഭിക്കും. എന്നാൽ രണ്ടു തവണ പ്രസവാനുകൂല്യം കൈപറ്റിയ അംഗത്തിനും, മുമ്പ് രണ്ടു തവണ ഗർഭം അലസൽ ആനുകൂല്യം കൈപ്പറ്റിയ അംഗത്തിനും തുടർന്ന് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**e.വിവാഹാനുകൂല്യം**

3 വർഷം തുടർച്ചയായി അംശാദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടേയും സ്ത്രീ അംഗങ്ങളുടെ വിവാഹ ചെലവിനുമായി 3000 രൂപ ആനുകൂല്യമായി ലഭിക്കും.

വിവാഹ നിശ്ചയം/വിവാഹം നടന്നു എന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രസിഡണ്ട് / സെക്രട്ടറി / മേയർ / ചെയർമാൻ/ എം.എൽ.എ/എം.പി/ഗസറ്റഡ് ഓഫീസർ/രജിസ്റ്റർ ചെയ്യുന്നതിന് അധികാരമുള്ള സമുദായ സംഘടനകൾ, ഹിന്ദു മാരേജ് ആക്റ്റോ, സ്പെഷൽ മാരേജ് ആക്റ്റോ പ്രകാരം ലഭിക്കുന്ന സാക്ഷ്യപത്രമോ ഹാജരാക്കേണ്ടതാണ്.

എന്നാൽ ആനുകൂല്യം നൽകുന്നത് വിവാഹം കഴിഞ്ഞതിന് ശേഷമായിരിക്കേണ്ടതാണ്. ഈ ആനുകൂല്യത്തിൽ രണ്ടു തവണയിൽ കൂടുതൽ ഒരംഗത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. അച്ഛനും, അമ്മയും അംഗങ്ങളാണെങ്കിൽ, വിവാഹിതയാകുന്ന മകളും അംഗമാണെങ്കിൽ ഒരു അംഗത്തിന് മാത്രമായിരിക്കും അർഹത.

**ചികിത്സാ സഹായം**

3 വർഷം തുടർച്ചയായി അംശാദായം അടച്ചിട്ടുള്ള അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രിയിൽ കിടന്നിട്ടുള്ള ചികിത്സക്ക് യഥാർത്ഥത്തിൽ ചിലവായതു മൊത്തം അംഗത്വകാലത്തേക്ക് പരമാവധി 10000 രൂപ നിബന്ധനകൾക്ക് വിധേയമായി നൽകുന്നതാണ്. ചികിത്സ സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും ഹാജരാക്കേണ്ടതാണ്.

**f. വിദ്യാഭ്യാസ ആനുകൂല്യം (ഇപ്പോൾ നിലവിലില്ല)**

സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ക്ഷേമനിധി ബോർഡിന് ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്.

**മരണാനന്തര സഹായം**

അംഗമായിരിക്കെ മരണമടഞ്ഞ അംഗത്തിന്റെ ആശ്രിതർക്ക് 3 വർഷം വരെയുള്ള അംഗത്തിന് 1500 രൂപയും തുടർന്നുള്ള ഓരോ വർഷത്തെ അംഗത്വത്തിന് 400 രൂപ വീതവും കണക്കാക്കി പരമാവധി 10000 രൂപ എന്ന നിബന്ധനയിൽ ധനസഹായം നൽകുന്നതാണ്. ആവശ്യമായ രേഖകളും സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്.

......................

## 42. പിന്നോക്ക സമുദായം

### I. പിന്നോക്ക സമുദായ വികസന വകുപ്പ്

സംസ്ഥാന പിന്നോക്ക സമുദായ വികസന വകുപ്പ് നവംബർ 2011 ലാണ് രൂപീകരിച്ചത്. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ (2012-പേജ് 315,316) കൈപുസ്തകത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. പിന്നോക്ക സമുദായങ്ങളുടെ വിദ്യാഭ്യാസ വികസനപ്രവർത്തനങ്ങൾ പട്ടികജാതി വികസന വകുപ്പ് മുഖാന്തിരമായിരുന്നു നടപ്പിലാക്കിയിരുന്നത്. പിന്നോക്ക സമുദായ വികസന വകുപ്പിന്റെ പുതിയ പദ്ധതികൾ മേഖലാ കേന്ദ്രങ്ങൾ എന്നിവ തുടങ്ങുവാനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്.

**സംസ്ഥാനതലത്തിൽ നടത്തുന്ന പദ്ധതികൾ**

**1. കളിമൺ പാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഗ്രാന്റ് വിതരണം**

പിന്നോക്ക സമുദായങ്ങളിൽ പരമ്പരാഗതമായി കളിമൺ പാത്ര നിർമ്മാണം നടത്തുന്ന വ്യക്തികൾക്ക് 50,000 രൂപയും, സംഘങ്ങൾക്ക് പരമാവധി 5 ലക്ഷം രൂപ വരെയും ഗ്രാന്റായി നൽകുവാനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത തുക നിർമ്മാണ യൂണിറ്റുകൾ നവീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.

**2.അഡ്വക്കറ്റ് ഗ്രാന്റ്**

പുതിയതായി പ്രാക്ടീസ് ആരംഭിക്കുന്ന അഡ്വക്കറ്റ്മാരും, വാർഷിക വരുമാനം ഒരു ലക്ഷത്തിന് താഴെയുമായുള്ളവർക്ക് ആദ്യത്തെ രണ്ടുവർഷം 7500 രൂപ വീതം ഗ്രാന്റ് നൽകുന്നു.

## II. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

കോർപ്പറേഷൻ കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ (2012, പേജ് 312-315 വരെ) കൈപുസ്തകത്തിൽ നൽകിയിരുന്നു. ഒപ്പംതന്നെ കോർപ്പറേഷന്റെ ലക്ഷ്യം, പ്രവർത്തനങ്ങൾ, വായ്പ നിബന്ധനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കും സംയോജന സാദ്ധ്യതകളും വിവരിച്ചിരുന്നുവല്ലോ? ആയത്കൊണ്ടണ്ട് ഇവിടെ സംസ്ഥാനതലത്തിൽ നടത്തുന്ന 12 ഇന പദ്ധതികൾ മാത്രമാണ് വിവരിക്കുന്നത്.

**കെ.എസ്.ബി.സി.ഡി.സി. പദ്ധതികൾ**

**3.വിദേശത്ത് ജോലി നേടിപോകുന്നവർക്കുള്ള വായ്പ**

| | |
|---|---|
| പരമാവധി തുക | - 1 ലക്ഷം രൂപ |
| പലിശ നിരക്ക് | - 8% |
| തിരിച്ചടവ് കാലാവധി | - 60 മാസം |
| പ്രായ പരിധി | - 18 നും 50 നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - ഗ്രാമങ്ങളിൽ 40,000, നഗരങ്ങളിൽ 55,000 |

**4.പെൺകുട്ടികളുടെ വിവാഹ ധനസഹായ വായ്പ**

| | |
|---|---|
| പരമാവധി തുക | - 1.50 ലക്ഷം രൂപ |
| പലിശ നിരക്ക് | - 6% |
| തിരിച്ചടവ് കാലാവധി | - 72 മാസം |
| പ്രായപരിധി | - 18 നും 60 നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - 1 ലക്ഷത്തിൽ താഴെ |

**5.വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പ**

(വിദ്യാർത്ഥികളുടെ പഠന ആവശ്യത്തിന് കമ്പ്യൂട്ടറുകളും മറ്റ് സാമഗ്രികളും വാങ്ങുന്നതിന്)

| | |
|---|---|
| പരമാവധി തുക | - 50000 രൂപ |
| പലിശ നിരക്ക് | -8.5% |
| തിരിച്ചടവ് കാലാവധി | - 60 മാസം |
| പ്രായപരിധി | - 18 നും 60 മദ്ധ്യേ |

വാർഷിക വരുമാന പരിധി - പരിധിയില്ല

**6. സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള വാഹന വായ്പ**

പരമാവധി തുക - 3 ലക്ഷം
പലിശ നിരക്ക് - 9%
തിരിച്ചടവ് കാലാവധി - 84 മാസം
പ്രായപരിധി - 18 നും 60 നും മദ്ധ്യേ
വാർഷിക വരുമാന പരിധി - പരിധിയില്ല

**7. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പ**

പരമാവധി തുക - 1 ലക്ഷം രൂപ
പലിശ നിരക്ക് - 9%
തിരിച്ചടവ് കാലാവധി - 60 മാസം
പ്രായപരിധി - 18 നും 60 നും മദ്ധ്യേ
വാർഷിക വരുമാന പരിധി - പരിധിയില്ല

**8. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള സ്വസ്ഥഗൃഹ (ഭവന പുനരുദ്ധാരണ) വായ്പ**

പരമാവധി തുക - 3 ലക്ഷം രൂപ
പലിശ നിരക്ക് - 10%
തിരിച്ചടവ് കാലാവധി - 84 മാസം
പ്രായപരിധി - 18 നും 60 നും മദ്ധ്യേ
വാർഷിക വരുമാന പരിധി - പരിധിയില്ല

**9. പ്രവർത്തന മൂലധന വായ്പ**

(കോർപ്പറേഷനിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്തവർക്ക് വായ്പയുടെ തിരിച്ചടവിന് ശേഷം ബിസിനസ്സ് വികസിപ്പിക്കുന്നതിന്)

പരമാവധി തുക -1 ലക്ഷം രൂപ
പലിശ നിരക്ക് -7%
തിരിച്ചടവ് കാലാവധി - 60 മാസം
പ്രായപരിധി - 18 നും 55 നും മദ്ധ്യേ
വാർഷിക വരുമാന പരിധി - 1 ലക്ഷത്തിൽ താഴെ

**10. ഭവനശ്രീ വായ്പ**

(അംഗീകൃത ക്ഷേമനിധിയിൽ അംഗത്വമുള്ള പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഭവനം പുനരുദ്ധരിക്കുന്നതിനോ ഭവനം നിർമ്മിക്കുന്നതിനോ)

പരമാവധി തുക - 1 ലക്ഷം രൂപ
പലിശ നിരക്ക് - 8%
തിരിച്ചടവ് കാലാവധി - 60 മാസം
പ്രായപരിധി - 18 നും 55 നും മദ്ധ്യേ
വാർഷിക വരുമാന പരിധി - 1 ലക്ഷത്തിൽ താഴെ

**11. വിദ്യാശ്രീ വായ്പ**

(ദേശീയ ഏജൻസികളുടെ പദ്ധതിപ്രകാരം വായ്പ അനുവദിക്കാൻ സാധിക്കാത്ത തൊഴിൽ സാധ്യത ഉള്ള കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക്)

| | |
|---|---|
| പരമാവധി തുക | - 1.50 ലക്ഷം രൂപ |
| പലിശ നിരക്ക് | - 6% |
| തിരിച്ചടവ് കാലാവധി | - 60 മാസം |
| പ്രായപരിധി | - 16 നും 32 നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - 1 ലക്ഷത്തിൽ താഴെ |

**12. സ്വയം തൊഴിൽ വായ്പ**

| | |
|---|---|
| പരമാവധി തുക | - 1 ലക്ഷം രൂപ |
| പലിശ നിരക്ക് | - 6% |
| തിരിച്ചടവ് കാലാവധി | - 60 മാസം |
| പ്രായപരിധി | - 18 നും 55 നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - ഗ്രാമങ്ങളിൽ 40,000 നഗരങ്ങളിൽ 55,000 |

**13. സുവർണ്ണ ശ്രീ (വിവിധോദ്ദേശ വായ്പ)**

| | |
|---|---|
| പരമാവധി തുക | - 1 ലക്ഷം രൂപ |
| പലിശ നിരക്ക് | - 8% |
| തിരിച്ചടവ് കാലാവധി | - 60 മാസം |
| പ്രായപരിധി | - 18 നും 55 നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - 1 ലക്ഷത്തിൽ താഴെ |

**14. ബിസിനസ്സ് ഡവലപ്മെന്റ് വായ്പ**

(നിലവിലുള്ള ചെറുകിട ഇടത്തരം സംരം ംവിപുലീകരിക്കുന്നതിന്)

| | |
|---|---|
| പരമാവധി തുക | - 2 ലക്ഷം രൂപ |
| പലിശ നിരക്ക് | - 8% |
| തിരിച്ചടവ് കാലാവധി | - 72 മാസം |
| പ്രായപരിധി | - 18 നും 55 നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - 1 ലക്ഷത്തിൽ താഴെ |

**നോട്ട്:** 1 ലക്ഷത്തിന് മുകളിലുള്ള വായ്പകൾ ഫണ്ടിന്റെ ലക്ഷ്യത അനുസരിച്ചും കേന്ദ്ര ഏജൻസികളുടെ അംഗീകാരത്തിന് വിധേയമായും മാത്രമെ നൽകുകയുള്ളു. (വിദ്യാഭ്യാസ വായ്പ ഒഴികെ)

..............................

## 43. വിനോദ സഞ്ചാര വകുപ്പ്

**ആമുഖം**

കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന പ്രകൃതി രമണീയമായ നമ്മുടെ സംസ്ഥാനത്തിന്റെ പ്രധാന തൊഴിൽ-വരുമാന മേഖലയാണ് വിനോദ സഞ്ചാരം. കേരളത്തിന്റെ പ്രകൃതി, സംസ്ക്കാരം, തനതായ കലാരൂപങ്ങൾ എന്നിവയ്ക്ക് കോട്ടം

തട്ടാതെയും അവയെ പരിപോഷിച്ചുകൊണ്ടും വിവിധങ്ങളായ പദ്ധതികളിലൂടെ സംസ്ഥാനത്തിലെ തൊഴിൽ-വരുമാന മാർക്ഷങ്ങളെ മെച്ചപ്പെട്ട രീതിയിൽ വളർത്തുക എന്നുള്ളതാണ് സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റെ പരമപ്രധാനമായ ലക്ഷ്യം.

**1. വിനോദസഞ്ചാരത്തിനുതകുന്ന വിവിധങ്ങളായ പദ്ധതികൾ**

**ലക്ഷ്യങ്ങൾ**

സമഗ്രമായ വിനോദ സഞ്ചാരമേഖലയുടെ വികസനം, സംസ്ഥാനത്തിലെ തൊഴിൽ വരുമാനമേഖലകളുടെ വളർച്ച. അതുവഴി സാമ്പത്തിക സാംസ്ക്കാരിക വികസനത്തിന്റെ ഭാഗമായി സമൂഹത്തിന് വന്നുചേരുന്ന സ്വയംപര്യാപ്തത.

**ഗുണഭോക്താവ്**

ഇതുമായി ബന്ധപ്പെടുന്ന എല്ലാവരും ഇതിന്റെ ഗുണഭോക്താക്കളായിരിക്കും. (ഉദാ. പ്രസ്തുത പദ്ധതി മേഖലകളിലെ സുഖസൗകര്യങ്ങൾ വർദ്ധിക്കുന്നു. ഇതുമൂലം വിനോദ സഞ്ചാരികൾക്കും പ്രദേശവാസികൾക്കും സൗകര്യങ്ങൾ ലഭിക്കുന്നു. പദ്ധതിയുടെ നടത്തിപ്പ്/പരിപാലനം മൂലം (സെക്യൂരിറ്റി, ക്ലീനിംഗ്, കഫറ്റീരിയ, ടോയ്ലറ്റ്സ്) പഞ്ചായത്തുകൾ വഴി ജനങ്ങൾക്ക് തൊഴിലും വരുമാനവും ലഭിക്കുന്നു. (ഇതിനെ നമുക്ക് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്താവുന്നതാണ്).

**നിർവ്വഹണം**

പദ്ധതിയുടെ നിലവാരത്തിനനുസരിച്ച് അതാത് മേഖലകളിൽ പരിചയ സമ്പന്നരായ സർക്കാർ വകുപ്പുകൾ/ഏജൻസികൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെ പദ്ധതി പൂർത്തീകരിച്ചും, ആയതിന് യോജിക്കുന്ന ഏജൻസികളെ തുടർ നടത്തിപ്പിനായ് ഏല്പിച്ചുകൊടുക്കുന്നു. (ഉദാ. റിസോർട്ടുകളും യാത്രാനിവാസുകളും നടത്തിപ്പിനായി കെ.റ്റി.ഡി.സി.യെ ഏല്പിക്കുന്നു. കംഫർട്ട് സ്റ്റേഷൻ, ടോയ്ലറ്റ്സ് - സുലഭ് പോലുള്ള ഏജൻസികൾ, പാർക്കുകളും ഉദ്യാനങ്ങളും ഡി.റ്റി.പി.സി, ഗ്രാമപഞ്ചായത്ത് തുടങ്ങിയ സ്ഥാപനങ്ങൾ)

**പ്രവർത്തനങ്ങൾ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ഡി.റ്റി.പി.സി. കൾ/ വിവിധ സർക്കാർ വകുപ്പുകൾ/ ഏജൻസികൾ എന്നിവരിലൂടെ ല ിക്കുന്ന വിവിധ പദ്ധതികളുടെ റിപ്പോർട്ടുകൾ വേണ്ടത്ര പരിശോധനകൾക്കു ശേഷം വിനോദ സഞ്ചാര വികസനത്തിന് യോജിക്കുന്നവ സർക്കാരിന്റെ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായ് സമർപ്പിക്കും. ഇതിലൂടെ പാസാകുന്നവ അതാത് മേഖലകളിൽ വിദഗ്ദ്ധരായ സർക്കാർ വകുപ്പുകൾ / ഏജൻസികൾ/ഡി.റ്റി.പി. സി.കൾ/ഗ്രാമപഞ്ചായത്ത് എന്നിവരുടെ സഹകരണത്തോടെ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നു.

**സംഘാടനം**

അതാത് പദ്ധതി മേഖലകളിലെ വിദഗ്ദ്ധരായ സർക്കാർ വകുപ്പുകൾ/ഏജൻസികൾ എന്നിവരിലൂടെ നിർവ്വഹിക്കപ്പെടുന്നു. (ഉദാ. പി. ഡബ്ല്യു.ഡി, ഇറിഗേഷൻ, ഫോറസ്റ്റ്, കിറ്റ്കോ, കെ.റ്റി.ഡി.സി, ഡി.റ്റി.പി.സി ഗ്രാമപഞ്ചായത്ത് etc..)

**ഗ്രാമപഞ്ചായത്തുകളുടെ പങ്ക്**

ഗ്രാമപഞ്ചായത്തുകളുടെ അധികാര പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ വിവിധങ്ങളായ വിനോദസഞ്ചാര വികസനത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തി ഡി.റ്റി.പി. സിയുടെ സഹകരണത്തോടെ വിശദമായ രൂപരേഖയും റിപ്പോർട്ടും തയ്യാറാക്കി ടൂറിസം ഡയറക്ടർക്ക് സമർപ്പിക്കാവുന്നതാണ്. വിനോദസഞ്ചാരത്തിന്റെ ഭാഗമായി വിവിധ മേളകൾ (ജലമേളകൾ, കാർഷിക മേളകൾ, സസ്യഫല പ്രദർശന മേളകൾ) കൂടാതെ വിനോദസഞ്ചാരവുമായ് ബന്ധപ്പെട്ടിരിക്കുന്ന ഓട്ടോ/ടാക്സി ഡ്രൈവർമാർ നാനാവിധ വിനോദസഞ്ചാര വ്യവസായ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്കായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്.

**അടിക്കുറിപ്പ്**

കേരളത്തിന് എടുത്ത് കാണിക്കാൻ ലോകപൈതൃകങ്ങൾ കുറവാണ് എന്നിരുന്നാലും, നമ്മൾ ലോകടൂറിസം ഭൂപടത്തിന്റെ മഹത്തായ ഇടം നേടിയിട്ടുണ്ട്. ഇന്ത്യയിലെ തന്നെ പല വിനോദസഞ്ചാര പദ്ധതികളുടെയും മാതൃക അല്ലെങ്കിൽ തുടക്കകാർ സഞ്ചാരികളുടെ പറുദീസ എന്നറിയപ്പെടുന്ന ഈ കൊച്ചു സംസ്ഥാനമാണ്.

**സർക്കാർ പരിപാടികൾ**

**a. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ**

കേരളത്തിലെ വിനോദസഞ്ചാരത്തിന്റെ ഏറ്റവും നല്ല സീസണായ ഡിസംബർ, ജനുവരി മാസങ്ങളിൽ നടത്തി വരുന്ന ഈ വ്യാപാരമേള വിനോദസഞ്ചാരികൾക്ക് നല്ല ഷോപ്പിംഗ് നടത്തുന്നതിനും അതുവഴി കേരളത്തിന്റെ വ്യാപാരമേഖലകളിലെ വളർച്ചയും ഉദ്ദേശിച്ചിട്ടുള്ളതാണ്.

**b. കേരള ട്രാവൽ മാർട്ട്**

കേരളത്തിലെ വിനോദസഞ്ചാര രംഗത്ത് പ്രവർത്തിക്കുന്നവരെ സഹകരിച്ചുകൊണ്ട് രണ്ട് വർഷത്തിലൊരിക്കൽ നടത്തപെടുന്ന അന്താരാഷ്ട്ര വിനോദസഞ്ചാര രംഗത്ത് പ്രവർത്തിക്കുന്നവരുമായുള്ള ബിസിനസ്സ് മേള

**c. തെന്മല ഇക്കോ ടൂറിസം പദ്ധതി**

പ്രകൃതിക്കും അതിലെ ജന്തു സസ്യജീവജാലങ്ങൾക്കും കോട്ടം തട്ടാതെ സഞ്ചാരികൾക്ക് പ്രകൃതി സൗന്ദര്യവും ജന്തുസസ്യജീവികളുടെ ജീവിതരീതികളെ മനസ്സിലാക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണ്.

**d. കുമ്പളങ്ങി റൂറൽ ടൂറിസം പദ്ധതി**

കായലാൽ ചുറ്റപ്പെട്ട ഐലന്റിനെ പ്രകൃതി സൗന്ദര്യം നിലനിർത്തുന്ന പദ്ധതി.

കൂടാതെ നമ്മുക്ക് കിട്ടുന്ന നൂതന ആശയങ്ങളെ അത് ഏത് തലങ്ങളിൽ നിന്നായിരുന്നാലും അതിലെ നല്ല വശങ്ങളെ പഠിച്ചുകൊണ്ടും അതു നടപ്പിലാക്കിയും ഈ വ്യവസായത്തിന്റെ വളർച്ചക്കായ് മുതൽ കൂട്ടുന്നു.

**a.ഗ്രഹസ്ഥലി**

കേരളത്തിന്റെ പഴയകാല വാസ്തുകല പ്രാവീണ്യം പ്രകടമാണ്. ഇത്തരത്തിലെ പഴയകാല കെട്ടിടങ്ങൾ, കൊട്ടാരങ്ങൾ, എട്ട് കെട്ടുകൾ, നാലു കെട്ടുകൾ എന്നിവ. ഇത്തരം

കെട്ടിടങ്ങളുടെ നിർമ്മാണങ്ങളെ കാണുന്നതിനും പഠിക്കുന്നതിനുമായ് ഒത്തിരി വിദേശ സഞ്ചാരികൾ ആഗ്രഹം പ്രകടിപ്പിക്കാറുണ്ട്. ആയതിനാൽ ഇത്തരത്തിലുള്ള 50 വർഷത്തിലേറെ പഴക്കം വരുന്ന കെട്ടിടങ്ങളുടെ നവീകരണത്തിനായുള്ള സാമ്പത്തിക സഹായ പദ്ധതിയാണിത്.

**b. ഹോംസ്റ്റേ**

ഗ്രാമങ്ങളുടെ പ്രകൃതി രമണീയത ആസ്വദിച്ചുകൊണ്ടും കുടുംബ ജീവിത അന്തരീക്ഷം ഉൾകൊണ്ടും തനതായ  ക്ഷണ പാചക രുചിഭേദങ്ങൾ രുചിച്ചുകൊണ്ടും സഞ്ചാരികളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം വീട്ടുകാർക്ക് തൊഴിലും വരുമാനവും ലഭിക്കുവാൻ ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണിത്.

സമൂഹത്തിന്റെ വ്യത്യസ്ഥ തലങ്ങളെ നമ്മൾക്ക് വിനോദസഞ്ചാരവുമായ് ബന്ധപ്പെടുത്തി പ്രവർത്തിപ്പിക്കാവുന്നതാണ്. മേളകൾ, ഉത്സവങ്ങൾ, തനതായ കലാരൂപങ്ങളുടെ സംരക്ഷണം അങ്ങനെ ഒത്തിരി മേഖലകളിൽ സംസ്ഥാന വിനോദസഞ്ചാരവകുപ്പ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇതിലെല്ലാം നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്കും പൊതുജനത്തിനും പങ്കാളിയാകാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് www.keralatourism.org എന്ന വെബ്സൈറ്റിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.

...........................

## 44. സിവിൽ സപ്ലൈസ്

**1. എ.പി.എൽ കാർഡുടമകൾക്ക് രണ്ട് രൂപ നിരക്കിൽ  ക്ഷ്യധാന്യം നൽകുന്ന പദ്ധതി**

**ലക്ഷ്യങ്ങൾ**

എ.പി.എൽ വിഭാഗത്തിൽ ഉൾപ്പെട്ട ദരിദ്ര വിഭാഗങ്ങൾക്ക് 2/- രൂപയക്ക് പ്രതിമാസം അലോട്ട്മെന്റ് അനുസരിച്ച് 10 കി ഗ്രാം അരിയും, 2 കി ഗ്രാം ഗോതമ്പും നൽകികൊണ്ട് ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തൽ.

**ഗുണ ോക്താവ്**

1. 31.07.11 ൽ എ.പി.എൽ കാർഡ് കൈവശമുണ്ടായിരുന്നവർ
2. 2500 സ്ക്വയർ ഫീറ്റിൽ താഴെ വീട് സ്വന്തമായുള്ളവർ
3. പ്രതിമാസം 25000 രൂപയിൽ താഴെ വരുമാനമുള്ളവർ
4. 2.5 ഏക്കറിൽ കുറവ് ഭൂമി സ്വന്തമായുള്ളവർ

**സ്കീമിന്റെ നിർവ്വഹണം**

സിവിൽ സപ്ലൈസ് വകുപ്പിലെ താലൂക്ക്തല സപ്ലൈ ഓഫീസുകൾക്കാണ് പദ്ധതി നിർവ്വഹണത്തിന്റെ ചുമതല

**പ്രവർത്തനങ്ങൾ**

നിർദ്ദിഷ്ട ഫോറത്തിൽ കാർഡുടമ ഒപ്പിട്ട് നൽകുന്ന അപേക്ഷ, താലൂക്ക് സപ്ലൈ ഓഫീസർ റേഷനിംഗ് ഇൻസ്പെക്ടർ മുഖേന അന്വേഷണം നടത്തി ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കി അരിയും ഗോതമ്പും റേഷൻ കടകൾ വഴി ഗുണഭോക്താവിന് വിതരണം ചെയ്യുന്നു.

**ഫണ്ടിംഗ്**

നോൺ പ്ലാൻ (പദ്ധതിയേതര) സ്റ്റേറ്റ് ഗവൺമെന്റിന് വേണ്ടി സിവിൽ സപ്ലൈസ് ഡയറക്ടർ സബ്സിഡി തുക എഫ്.സി.ഐ ൽ അടക്കുന്നു. എഫ്.സി.ഐ യിൽ നിന്നും മൊത്ത വ്യാപാരി സ്റ്റോക്കെടുത്ത് റീട്ടെയിൽ റേഷൻ വ്യാപാരിക്ക് കൈമാറുന്നു.

**1. പഞ്ചസാര വിതരണ പദ്ധതി**

**ലക്ഷ്യങ്ങൾ**

ദരിദ്ര വിഭാഗങ്ങൾക്ക് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ

**ഗുണഭോക്താവ്**

റേഷൻകാർഡ് ലഭ്യമായിയട്ടുള്ള ബി.പി.എൽ/എ.എ.വൈ വിഭാഗത്തിൽപ്പെട്ട എല്ലാ കാർഡുടമകളും.

**പ്രവർത്തനങ്ങൾ**

ബി.പി.എൽ/എ.എ.വൈ. - കാർഡുകളിൽ ഉൾപ്പെട്ട ഒരു അംഗത്തിന് ഒരു മാസത്തേക്ക് 0.400 ഗ്രാം പഞ്ചസാര കി ഗ്രാമിന് 13.50 നിരക്കിൽ റേൻ കട വഴി വിതരണം ചെയ്യുന്നു. സിവിൽ സപ്ലൈസ് വകുപ്പ് - കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിക്കുന്ന പഞ്ചസാര സംസ്ഥാന ഗവ. ഏജൻസിയായ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് (സപ്ലൈക്കോ) പഞ്ചസാര മില്ലുകളിൽ നിന്നും ലിഫ്റ്റ് ചെയ്ത് സപ്ലൈകോ ഡിപ്പോയിൽ എത്തിക്കുന്നു. റീട്ടെയിൽ റേഷൻ വ്യാപാരികൾ സപ്ലൈകോ ഡിപ്പോകളിൽ നിന്നും പഞ്ചസാര ലിഫ്റ്റ് ചെയ്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു.

**ഫണ്ടിംഗ്**

നോൺപ്ലാൻ - പൂർണ്ണമായും കേന്ദ്രാവിഷ്കൃത പദ്ധതി

**വകുപ്പിന്റെ പങ്ക്**

വിവിധ റേഷൻ കടകൾ വഴി നിശ്ചിത അളവിലുള്ള പഞ്ചസാര കാർഡുടമകൾക്ക് വിതരണം ചെയ്യേണ്ടത് പൊതു വിതരണ വകുപ്പിലെ താലൂക്ക് ഓഫീസറുടെ ചുമതലയാണ്.

**1. കേന്ദ്രസർക്കാർ പരിധിയിൽ വരാത്ത ദരിദ്രരായ ആളുകൾക്ക് 25 കി.ഗ്രാം അരിയും 8 കി.ഗ്രാം ഗോതമ്പും യഥാക്രമം 1 രൂപ 2 രൂപ നിരക്കിൽ വിതരണം ചെയ്യൽ**

**ലക്ഷ്യങ്ങൾ**

കേന്ദ്രസർക്കാരിന്റെ ബി.പി.എൽ പരിധിയിൽ വരാത്തതും ഗ്രാമപഞ്ചായത്ത് മുഖേന തെരഞ്ഞെടുക്കുന്നതുമായ ബി.പി.എൽ കാർഡുടമകൾക്ക് 1 രൂപയ്ക്ക് പ്രതിമാസം 25 കിലോ അരിയും 2 രൂപയ്ക്ക് 5 കിലോ ഗോതമ്പും നൽകി ഭക്ഷ്യവശ്യം നിറവേറ്റൽ-അലോട്ട്മെന്റ് അനുസരിച്ച് അളവിൽ മാറ്റം വരുന്നതാണ്.

**ഗുണഭോക്താവ്**

കേന്ദ്രസർക്കാരിന്റെ പരിധിയിൽ വരാത്ത ബി.പി.എൽ കാർഡുടമകൾ

**ഫണ്ടിംഗ്**

സംസ്ഥാന സർക്കാർ, നോൺപ്ലാൻ ഫണ്ടിംഗ്, സിവിൽ സപ്ലൈസ് ഡയറക്ടർ, സബ്സിഡി തുക എഫ്.സി.ഐ യിൽ നടക്കുന്ന മൊത്തവ്യാപരികൾ ധാന്യം റേഷൻ കടകളിൽ എത്തിക്കുന്നു.

**വകുപ്പ്/ നിർവ്വഹണ ഉദ്യാഗസ്ഥൻ**

പൊതുവിതരണ വകുപ്പിലെ താലൂക്ക് സപ്ലൈ ഓഫീസർ

**പ്രവർത്തനങ്ങൾ**

നിശ്ചിത ഫോറത്തിൽ കാർഡുടമ ഒപ്പിട്ടു നൽകുന്ന അപേക്ഷ റേഷനിംഗ് ഇൻസ്പെക്ടർ വഴി താലൂക്ക് സപ്ലൈ ഓഫീസർ അന്വേഷണം നടത്തി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി അരിയും ഗോതമ്പും മേൽപറഞ്ഞ നിരക്കിൽ റേഷൻകടകൾ വഴി ഗുണഭോക്താവിന് വിതരണം ചെയ്യുന്നു.

.....................................

## 45. റവന്യു വകുപ്പ്

**1. State Disaster Response Fund (SDRF) പ്രകൃതിക്ഷോഭ ദുരന്തങ്ങൾ മൂലം സംഭവിക്കുന്ന നാശനഷ്ടങ്ങൾക്കുള്ള ധനസഹായം.**

**ലക്ഷ്യങ്ങൾ**

പ്രകൃതിക്ഷോഭം മൂലം സംഭവിക്കുന്ന മരണം, പരിക്ക്, വീടുകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ, മൃഗസംരക്ഷണമേഖലയിലും, കാർഷിക മേഖലയിലും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ, മറ്റ് നാശനഷ്ടങ്ങൾ എന്നിവക്ക് സമയബന്ധിതമായി ആശ്വാസധനസഹായം നൽകുകയാണ് ലക്ഷ്യം.

**ഗുണഭോക്താവ്**

മരണപ്പെട്ടവരുടെ കാര്യത്തിൽ നിയമപരമായ അവകാശികൾക്കും പരിക്കേറ്റവർ, വീടിന് നാശനഷ്ടം സംഭവിച്ചവർക്കും സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിന്റെ മാനദണ്ഡമനുസരിച്ച് നിയമാനുസൃതം അർഹമായ ആശ്വാസ ധനസഹായം അനുവദിക്കുന്നു. വില്ലേജ് ഓഫീസ്, കൃഷിഭവൻ, മൃഗസംരക്ഷണ ഓഫീസ് മുഖേന അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

**സ്കീമിന്റെ നിർവ്വഹണം**

ജില്ലകളക്ടർ, തഹസിൽദാർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ മുഖേന

**2. State Disaster Response Fund (SDRF) വരൾച്ച ലഘൂകരണ പദ്ധതികൾ, കുടിവെള്ള വിതരണം**

**ലക്ഷ്യങ്ങൾ**

വരൾച്ച ലഘൂകരണ പദ്ധതികൾ - കുളം/കിണർ വൃത്തിയാക്കൽ, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, കുഴൽ കിണർ നിർമ്മാണം തുടങ്ങിയവയും, കുടിവെള്ള വിതരണവും എന്നിവക്കാണ് പ്രധാനമായും ഫണ്ട് അനുവദിച്ചു വരുന്നത്.

**സ്കീമിന്റെ നിർവ്വഹണം**

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി

**ഫണ്ടിംഗ്**

സംസ്ഥാന സർക്കാർ ഫണ്ട് അനുവദിക്കുന്നു. വരൾച്ച ലഘൂകരണ പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും കുടിവെള്ള വിതരണത്തിന് തഹസിൽദാർ മുഖേന തദ്ദേശസ്വയംഭരണങ്ങൾക്കും നൽകുന്നു.

**പ്രവർത്തനങ്ങൾ**

**കുടിവെള്ള വിതരണം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകളിൻമേൽ അന്വേഷണം നടത്തി തഹസിൽദാർമാർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റേയും ശുപാർശയുടേയും അടിസ്ഥാനത്തിൽ അനുമതി നൽകുന്ന പ്രവൃത്തി നിർവ്വഹിച്ച് ബില്ലും അനുബന്ധരേഖകളും സമർപ്പിക്കുന്ന മുറക്ക് തുക തഹസിൽദാർ മുഖേന നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിക്കുന്നു.

**വരൾച്ച ലഘൂകരണ പദ്ധതികൾ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ (കുളം/കിണർ വൃത്തിയാക്കൽ, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, കുഴൽ കിണർ നിർമ്മാണം, റിപ്പയറിംഗ് തുടങ്ങിയവ) സാങ്കേതികമായി പരിശോധിച്ച് രണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിച്ച് ബില്ലും അനുബന്ധരേഖകളും സമർപ്പിക്കുന്ന മുറക്ക് തുക നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിക്കുന്നു.

**3.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

**ലക്ഷ്യങ്ങൾ**

അസുഖങ്ങൾ ഉള്ളവർക്കും, പരിക്കേറ്റവർക്കുമുള്ള ചികിത്സാ ധനസഹായം, മരണപ്പെട്ടവരുടെ കുടുംബത്തിനുള്ള ആശ്വാസ ധനസഹായം, ഇടിമിന്നൽ, തീപ്പിടിത്തം എന്നിവ മൂലം വീടിനും മറ്റും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ, കടൽക്ഷോഭം മൂലം വീട്, വള്ളം, വല എന്നിവക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ, തീപ്പിടുത്തത്തിൽ ഇൻഷുറൻസ് പരിരക്ഷയില്ലാത്ത ചെറുകിട കച്ചവട സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ.

**ഫണ്ടിംഗ്**

സർക്കാരിൽ നിന്നാണ് ഫണ്ട് അനുവദിക്കുന്നത് - പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനയിലൂടെ ഫണ്ടിനുള്ള തുക ലഭിക്കുന്നുണ്ട്. ജില്ലാ കള്ക്ടറുടെ അക്കൗണ്ടിൽ നിന്ന് തഹസിൽദാർ മുഖേന വിതരണം നടത്തുന്നു

വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസ്, കളക്ടറേറ്റ്, സർക്കാർ എന്നിവിടങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസർ, തഹസിൽദാർ മുഖേന അന്വേഷണം നടത്തി ജില്ലാ കളക്ടറെ അറിയിക്കുകയും 2,000/- രൂപ വരെ അനുവദിക്കാവുന്നതുമാണ്. ഈ തുകയ്ക്കുള്ള അപേക്ഷകളിൽ ജില്ലാ കളക്ടർ തന്നെ തീരുമാനമെടുക്കുകയും അതിലധികം തുകയ്ക്ക് അർഹതയുണ്ടെന്ന് കരുതുന്ന അപേക്ഷകൾ ധനസഹായം അനുവദിക്കുന്നതിനുള്ള ശുപാർശ സഹിതം സർക്കാരിലേക്ക് അയക്കുകയാണ് ചെയ്യുന്നത്. ധനസഹായം അനുവദിക്കുന്നത് സർക്കാർ ഉത്തരവുകളിലൂടെ ജില്ലാകളക്ടറെ അറിയിക്കുകയും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ തഹസിൽദാർ മുഖേന തുക വിതരണം ചെയ്യുന്നു. ഇടിമിന്നൽ, തീപ്പിടുത്തം എന്നിവ മൂലം വീടിന് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ, കടൽക്ഷോഭം മൂലം വീട്, വള്ളം, വല എന്നിവക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ

തുടങ്ങിയവയ്ക്ക് നിയമാനുസൃതം ആവശ്യമായ രേഖകൾ ലഭ്യമാക്കി സർക്കാരിലേക്ക് ശുപാർശ സഹിതം സമർപ്പിക്കുകയാണ് ചെയ്തു വരുന്നത്.

**4. State Disaster Response Fund (SDRF)**

**ലക്ഷ്യങ്ങൾ**

കാലവർഷത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണം

**സ്കീമിന്റെ നിർവ്വഹണം**

തദ്ദേശസ്വയം രണ വകുപ്പ് - ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ സെക്രട്ടറി. ഫണ്ട് സർക്കാർ ജില്ലാ കളക്ടർക്ക് നൽകുന്നു. ജില്ലാ കളക്ടർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അലോട്ട്മെന്റ് നൽകുന്നു.

**5. സർക്കസ് പെൻഷൻ**

**ലക്ഷ്യങ്ങൾ**

സർക്കസ് കലാകാരൻമാരുടെ ഉന്നമനത്തിനായി കായിക യുവജനകാര്യവകുപ്പ് വഴി അനുവദിക്കുന്ന പെൻഷൻ ജില്ലാകളക്ടർക്ക് നൽകി തഹസിൽദാർ വഴി വിതരണം ചെയ്യുന്നു.

**6. സ്വാതന്ത്ര്യ സമര പെൻഷൻ**

**ലക്ഷ്യങ്ങൾ**

സ്വതന്ത്ര്യ സമര സേനാനികൾക്കുള്ള സാമ്പത്തിക സഹായം

**സ്കീമിന്റെ നിർവ്വഹണം**

സർക്കാർ നേരിട്ട് അനുവദിക്കുന്നു.

**7. അവശകലാകാരൻമാർക്കുള്ള പെൻഷൻ**

**ലക്ഷ്യങ്ങൾ**

അവശ കലാകാരൻമാർക്ക് സാമ്പത്തിക സഹായം നൽകുക

**സ്കീമിന്റെ നിർവ്വഹണം**

അവശകലാകാര പെൻഷൻ സാംസ്ക്കാരിക വകുപ്പ് നേരിട്ടാണ് കൊടുക്കുന്നത്.

**8. ദേശീയ കുടുംബക്ഷേമ പദ്ധതി**

**ലക്ഷ്യങ്ങൾ**

കുടുംബത്തിലെ മുഖ്യ അന്നദാതാവ് മരണപ്പെട്ടാൽ നിർദ്ധനരായ കുടുംബത്തിന് 20,000/- രൂപ നൽകി കുടുംബത്തിന് താൽക്കാലിക ആശ്വാസം നൽകുന്നു.

**ഗുണഭോക്താവ്**

മരണപ്പെട്ട വ്യക്തിയുടെ ഭാര്യ, ഭർത്താവ്, പ്രായപൂർത്തിയാവാത്ത മക്കൾ, വിവാഹിതരാകാത്ത പെൺമക്കൾ, പരേതനെ ആശ്രയിച്ചു കഴിഞ്ഞിരുന്ന മാതാപിതാക്കൾ. കേന്ദ്ര ഗവൺമെന്റ് സാമൂഹ്യക്ഷേമ വകുപ്പ് വഴി ലഭിക്കുന്ന ഫണ്ട് ജില്ലാ കളക്ടർ താലൂക്ക് തഹസിൽദാർമാർക്ക് നൽകി വരുന്നു. താലൂക്കുകളിൽ ലഭിക്കുന്ന അപേക്ഷകൾ വില്ലേജാഫീസർമാർ മുഖാന്തിരം അന്വേഷണം നടത്തി അർഹതപ്പെട്ടവർക്ക് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്നു.

**9. വാർദ്ധക്യകാല പെൻഷൻ**

**ലക്ഷ്യങ്ങൾ**

ബി.പി.എൽ വിഭാഗത്തിൽപെട്ട 60 വയസ്സ് തികഞ്ഞ നിർദ്ധനരായ കുടുംബത്തിലെ അംഗങ്ങൾക്ക് ധനസഹായം നൽകുക

**ഗുണഭോക്താവ്**

കുടുംബവരുമാനം 1,00,000 കവിയാൻ പാടില്ല.

**സ്കീമിന്റെ നിർവ്വഹണം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (ഗ്രാമപഞ്ചായത്ത്, നഗരസ കൾ) വഴിയാണ്. സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും കൂടിയുള്ള ഫണ്ട് ജില്ല കളക്ടർ മുഖാന്തിരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ സെക്രട്ടറി അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. പെൻഷൻ തുക 500/ രൂപ, 80 വയസ്സ് തികഞ്ഞവർക്ക് 1100/- രൂപ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വി.ഇ.ഒ മാർ മുഖാന്തിരം അന്വേഷണം നടത്തി പഞ്ചായത്ത്/നഗരസഭ അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

....................................

## 46. കായിക യുവജന കാര്യ വകുപ്പ്

**1. പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ**

എൽ.പി., യു.പി.സ്കൂൾ തലത്തിലെ മുഴുവൻ കുട്ടികളേയും ആകർഷകവും ലാളിത്യവുമായ വിനോദങ്ങളിലേർപ്പെടുത്തി അവരുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും കായിക വിനോദങ്ങളിലുള്ള നൈസർക്ഷികമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ്.

അതാത് വർഷങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന സ്കൂളുകൾക്ക് സ്കീം അനുവദിക്കുന്നതായിരിക്കും. അപേക്ഷാ കത്ത് വകുപ്പ് മേധാവിക്കോ വകുപ്പ് മന്ത്രിക്കോ നൽകിയാൽ മതിയാകും. നേരിട്ട് ഗുണഭോക്താക്കൾക്ക് ഫണ്ടൊന്നും നൽകുന്നതല്ല.

കായിക യുവജനകാര്യ വകുപ്പ് സ്കീം സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ അതാത് വർഷങ്ങളിൽ ഭരണാനുമതി നൽകുകയും ചെയ്യുന്നു. ട്രാവൻകൂർ റോയൽ യൂത്ത് സ്പോർട്സ് ഫൗണ്ടേഷൻ മുഖാന്തിരം ഏർപ്പെടുത്തിയിട്ടുള്ള ട്രെയിനിംഗ് ലഭിച്ച പരിശീലകർ തിരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ ക്ലാസ്സുകൾക്ക് ആവശ്യമായ നേതൃത്വം നൽകുന്നു. ട്രാവൻകൂർ റോയൽ യൂത്ത് സ്പോർട്സ് ഫൗണ്ടേഷൻ, കായിക യുവജനകാര്യ വകുപ്പ് എന്നിവർ സംയുക്തമായി മോണിറ്ററിംഗ് നടത്തുന്നു.

**2. സ്വിം എൻ സർവൈവ്**

സ്കൂൾ കുട്ടികളിൽ നിന്തൽ പരിശീലിപ്പിച്ച് ആകസ്മികമായി ഉണ്ടാകുന്ന മുങ്ങി മരണങ്ങൾ കുറയ്ക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണിത്

സംസ്ഥാനത്ത് മുങ്ങി മരണങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ മുഴുവൻ സ്കൂൾ കുട്ടികൾക്കും നീന്തൽ രക്ഷാ പരിശീലനം നൽകൽ.

അതാത് വർഷങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന സ്കൂളുകൾക്ക് സ്കീം അനുവദിക്കപ്പെടും. അപേക്ഷ വകുപ്പ് മേധാവിക്ക് നൽകിയാൽ മതിയാകും. ഗുണഭോക്താക്കൾക്ക് നേരിട്ട് ഫണ്ടൊന്നും നൽകുകയില്ല..

രാഷ്ട്രീയ ലൈഫ് സേവിംഗ് സൊസൈറ്റി തയ്യാറാക്കിയ പദ്ധതി പ്രകാരമാണ് സ്കീം നടപ്പിലാക്കുന്നത്. സ്കീം നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നത് സർക്കാരാണ്. രാഷ്ട്രീയ ലൈഫ് സേവിംഗ് സൊസൈറ്റിയുടെ സാങ്കേതിക വിദഗ്ദരായ പരിശീലകർ, സ്കൂളുകളിൽ സ്ഥാപിക്കുന്ന പോർട്ടബിൾ നീന്തൽ കുളങ്ങളിൽ പരിശീലനം നൽകുന്നു. പദ്ധതിയുടെ മോണിറ്ററിംഗ് കായിക യുവജനകാര്യ വകുപ്പ് നേരിട്ട് നിർവ്വഹിക്കുന്നു.

**3. പ്രചാരണം  കരിയർ ഗൈഡൻസ് പ്രോഗ്രാം**

ഹയർ സെക്കണ്ടറി/കോളേജ് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് പ്രതിരോധ മേഖലയിലും അർദ്ധ സൈനിക മേഖലയിലും ഉളള തൊഴിൽ സാദ്ധ്യതകളെപ്പറ്റിയുളള വിവരണം നൽകുന്നതു വഴി യുവതി യുവാക്കൾക്ക് രാജ്യസേവനത്തിന് വേണ്ടി പ്രവർത്തിക്കാനുളള അവസരം നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.

രാജ്യത്തിന്റെ വിവിധ പ്രതിരോധ മേഖലകളിൽ യുവതീ  യുവാക്കൾക്ക് തൊഴിലിനുളള അവസരം ലഭിക്കും.  പ്രോഗ്രാം സംബന്ധിച്ച വിവരങ്ങളും പങ്കെടുക്കുവാനുളള മാനദണ്ഡങ്ങളും മുൻകൂട്ടി ദൃശ്യ പത്ര മാധ്യമങ്ങളിൽ കൂടി പ്രസിദ്ധീകരിക്കുന്നതാണ്. പ്രതിരോധ സേനയിലെ ജോലി നേടുന്നതിന് യോഗ്യതയുളളവർക്കാണ് അർഹത.

ടി പരിപാടി നടത്തുന്നതിനായി ഓരോ ജില്ലയിലും സ്കൂൾ/കോളേജ് തലത്തിൽ അപേക്ഷ സമർപ്പിക്കുന്നതനുസരിച്ച്  സംസ്ഥാനത്ത് 14 സെന്ററുകളെ തെരഞ്ഞെടുത്താണ് പദ്ധതി തയ്യാറാക്കുന്നത്.

**4. പ്രചാരണം-ക്ലബ്ബുകൾക്കും/ സ്കൂളുകൾക്കും ധനസഹായം (കായിക ഉപകരണങ്ങൾ വാങ്ങുന്നതിന്)**

കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായി ക്ലബ്ബുകൾക്കും/ സ്കൂളുകൾക്കും സാമ്പത്തിക സഹായം അനുവദിക്കുന്നു. ക്ലബ്ബുകൾ/സ്കൂളുകൾ എന്നിവക്ക് സ്കീമിന്റെ ഗുണം ലഭിക്കും. കായിക രംഗത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മേഖലയിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് /സ്കൂളുകൾക്ക് കൂടുതൽ മുൻഗണന നല്കുന്നതാണ്.  അപേക്ഷ വകുപ്പ് മേധാവിക്ക് നേരിട്ട് നല്കിയാൽ മതി.

കായിക യുവജനകാര്യ വകുപ്പ്, കായിക രംഗം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക്/സ്കൂളുകൾക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒറ്റത്തവണയായി ധനസഹായം അനുവദിക്കുന്നു.

അതത് വർഷം നിശ്ചിത സമയ പരിധിക്കുളളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് സർക്കാർ അനുമതിയോടെ ക്ലബ്ബുകൾക്ക് / സ്കൂളുകൾക്ക് കായിക വകുപ്പ് ഗ്രാന്റ് അനുവദിക്കുന്നു. ഇത് മോണിറ്ററിംഗ് ചെയ്യുന്നത് കായിക യുവജനകാര്യ വകുപ്പ് നേരിട്ടാണ്.

**5. പ്രചാരണം-കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന്  സാമ്പത്തിക സഹായം.**

കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് വിവിധ ക്ലബ്ബുകൾക്കും കായിക സംഘടനകൾക്കും ഈ വകുപ്പിന്റെ പബ്ലിസിറ്റി ശീർഷകത്തിൽ നിന്നും സാമ്പത്തിക സഹായം നൽകിവരുന്നു.

കായിക സംഘടനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ കായിക താരങ്ങളും ഗുണ ഭോക്താക്കളാണ്. സംഘടനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് അപേക്ഷകരെ തെരഞ്ഞെടുക്കുന്നത്. കായികം/സാമ്പത്തികമായി പിന്നോക്കം നില്കുന്ന മേഖലയിലെ

സംഘടനയ്ക്ക് കൂടുതൽ മുൻഗണന നല്കുന്നതാണ്. മുൻകാലങ്ങളിലെ നേട്ടങ്ങൾ കണക്കിലെടുത്ത് അപേക്ഷകരെ തെരഞ്ഞെടുക്കുന്നു. അപേക്ഷ വകുപ്പ് മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ അനുമതിയോടെ അതാത് സംഘടനകൾക്ക് കായിക വകുപ്പ് ഗ്രാന്റ് അനുവദിക്കുന്നു. ഇത് മോണിറ്ററിംഗ് നടത്തുന്നത് കായിക യുവജനകാര്യ വകുപ്പ് നേരിട്ടാണ്.

**6.പ്രചാരണം - കായിക താരങ്ങൾക്ക് സാമ്പത്തിക സഹായം**

ദേശീയ അന്തർദേശീയ മത്സരത്തിൽ പങ്കെടുത്ത് വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കായിക താരങ്ങൾക്ക് ടി ടൂർണമെന്റിൽ പങ്കെടുക്കുന്നതിനുളള യാത്രയ്ക്കുളള ചെലവ് സാമ്പത്തിക സഹായമായി അനുവദിക്കുന്നു. അപേക്ഷ വകുപ്പ് മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

കായിക യുവജനകാര്യ വകുപ്പ്, ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന/ പങ്കെടുത്ത് വിജയിക്കുന്ന വ്യക്തികളുടെ അപേക്ഷകൾ സർക്കാരിലേക്ക് ശുപാർശ ചെയ്ത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചുവരുന്നു. അപേക്ഷകൾ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കി, സർക്കാർ അനുമതിയോടെ അതാത് വ്യക്തികൾക്ക് കായിക വകുപ്പ് ധനസഹായം അനുവദിക്കുന്നു.

**7.കമ്മ്യൂണിറ്റി സ്പോർട്സ്**

ജനങ്ങളുടെ ആരോഗ്യ പരിപാലത്തിനായുളള കളികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജനങ്ങളുടെ മുഴുവൻ പങ്കാളിത്തവും ഉറപ്പാക്കിക്കൊണ്ട് അവർ താമസിക്കുന്ന ഇടങ്ങളിൽ തന്നെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിനുളള കളിസ്ഥലങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതാണ്. ഇതിനുവേണ്ട അപേക്ഷ വകുപ്പ് മേധാവിക്ക് നേരിട്ട് നൽകിയാൽ മതി. ഗുണഭോക്താക്കൾക്ക് ഫണ്ട് നേരിട്ട് നൽകുന്നില്ല.

ടി പദ്ധതി നടപ്പിലാക്കുന്നതിന് വകുപ്പ് മേധാവി തയ്യാറാക്കി സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് ഭരണാനുമതി നൽകുന്നത് സർക്കാരാണ്. ഭരണാനുമതി ല ഭ ി ക്ക ു ന്ന മുറയ്ക്ക് വകുപ്പ് അദ്ധ്യക്ഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.

കായിക യുവജനകാര്യ വകുപ്പും ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റും ചേർന്ന് നടപ്പിലാക്കുന്നു.

**8.മെയിന്റനൻസ് ഓഫ് പ്ലേ ഫീൽഡ്.**

സംസ്ഥാനത്തുടനീളം ഗുണനിലവാരമുളള പരിശീലനവും കളികളും ഉറപ്പുവരുത്തുന്ന തിനായി താഴെ പറയുന്ന കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ.

1. നവീന സ്വിമ്മിംഗ് പൂളുകളുടെ നിർമ്മാണം.
2. സിന്തറ്റിക് റണ്ണിംഗ് ട്രാക്കോടുകൂടിയ ലോങ്ജംപ് പിറ്റുകൾ.
3. 4 വരിയുളള സിന്തറ്റിക് ട്രാക്കുകളുടെ നിർമ്മാണം.
4. സിന്തറ്റിക് റണ്ണപ്പോടുകൂടിയ ഹൈജമ്പ് പിറ്റ്.
5. കബഡി കളിക്കളം.
6. ഫുട്ബോൾ (സിന്തറ്റിക് ഫുടുബോൾ)
7. സിന്തറ്റിക് ടർഫ് നിർമ്മാണം.

സർക്കാർ സ്കൂൾ/കോളേജ്/പഞ്ചായത്ത്/എയ്ഡഡ്/അൺ എയ്ഡഡ്/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സർവ്വകലാശാലകൾ/രജിസ്ട്രേഡ് സൊസൈറ്റികൾ സ്വന്തമായി കളിസ്ഥലം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാണെങ്കിൽ ടി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി അപേക്ഷ വകുപ്പ് മേധാവിക്ക് നേരിട്ട് നൽകിയാൽ മതി. ഗുണഭോക്താക്കൾക്ക് ഫണ്ട് നേരിട്ട് അനുവദിക്കുന്നതല്ല. സ്വന്തമായി സ്ഥലമുള്ള സ്കൂൾ/ പഞ്ചായത്ത്/സംഘടനകൾ/കോളേജ് എന്നിവയിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ സ്ഥലം പരിശോധിച്ച് ആവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് അനുവദിച്ച് അനുയോജ്യമായ കളിസ്ഥലങ്ങൾ നിർമ്മിച്ച് നൽകുന്നു.

സ്വിമ്മിംഗ്, ഓട്ടമത്സരം, ലോങ്ജമ്പ്, ഹൈജമ്പ്, കബഡി, ഫുട്ബോൾ എന്നീ കായികയിനങ്ങൾക്ക് പരിശീലനം നൽകുന്നു. പദ്ധതിയുടെ മോണിറ്ററിംഗ് കായിക യുവജനകാര്യ വകുപ്പും അതാത് സ്ഥാപനങ്ങളും ചേർന്ന് നടപ്പിലാക്കുന്നു.

**9. വിവിധോദ്ദേശ്യ കളിസ്ഥല നിർമ്മാണം.**

സംസ്ഥാനത്തെ നിലവിലുള്ള കളിസ്ഥലങ്ങളെ ആധുനിക സിന്തറ്റിക് പ്രതലങ്ങളിൽ വോളീബോൾ, ബാസ്കറ്റ്ബോൾ ടെന്നീസ് തുടങ്ങിയ കായികയിനങ്ങിൾക്ക് ഉപയോഗിക്കുവാൻ പര്യാപ്തമാക്കി ആധുനികവത്ക്കരിക്കൽ. വോളീബോൾ, ബാസ്കറ്റ്ബോൾ, ടെന്നീസ് മുതലായവയ കളിക്കുന്നതിന് ഉതകുന്ന രീതിയിൽ ലഭ്യമായ സ്ഥലങ്ങളിൽ ആധുനിക സൗകര്യങ്ങളോടെ കളിസ്ഥലങ്ങൾ നിർമ്മിച്ച് കായിക രംഗം മെച്ചപ്പെടുത്തുന്നു. അതാത് വർഷങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന സ്കൂളുകൾ/ പഞ്ചായത്തുകൾ എന്നിവയക്ക് ആവശ്യമായ കളിസ്ഥലം നിർമ്മിച്ച് നൽകുന്നു. അപേക്ഷ വകുപ്പ് മേധാവിക്ക് നേരിട്ട് നൽകിയാൽ മതി. എന്നാൽ കളിസ്ഥലം നിർമ്മിക്കുന്നതിന് വേണ്ടി സ്വന്തമായി സ്ഥലം ഉണ്ടായിരിക്കണം. വകുപ്പിൽ ലഭിക്കുന്ന അപേക്ഷകൾ സർക്കാരിന്റെ അംഗീകാരത്തിനും പദ്ധതിയുടെ നടത്തിപ്പിന്റെ ഫണ്ടിനും വേണ്ടി സർക്കാരിലേക്ക് സമർപ്പിച്ച് വകുപ്പ് മേധാവി വഴി ആവശ്യമായ കളിസ്ഥല സൗകര്യം നടപ്പിലാക്കി നൽകുന്നു.

**10. അവശതയനുഭവിക്കുന്ന സർക്കസ്സ് കലാകാരന്മാർക്ക് പെൻഷൻ നൽകുന്ന പദ്ധതി.**

കേരളീയരായ സർക്കസ്സ് കലാകാരന്മാർക്കും കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ള അന്യസംസ്ഥാന സർക്കസ്സ് കലാകാരന്മാർക്കും പെൻഷൻ നൽകുന്ന പദ്ധതി. കുറഞ്ഞത് 15 വർഷമെങ്കിലും ഒരു സർക്കസ്സ് കമ്പനിയിൽ സർക്കസ്സിൽ പ്രകടനത്തിൽ പങ്കെടുത്തവർ ആയിരിക്കണം ഇതിന് അപേക്ഷിക്കേണ്ടത്. എന്നാൽ പ്രകടനത്തിനിടയിൽ അപകടത്തെ തുടർന്ന് അവശതയനുഭവിക്കുന്ന കലാകാരന്മാർക്ക് ഇത് ബാധകമല്ല.

പബ്ലിക് റിലേഷൻസ് വകുപ്പുവഴി അതാത് ജില്ലാ കളക്ടർമാർ സമർപ്പിക്കുന്ന ബില്ലുകൾ പാസാക്കി കളക്ടർമാരാണ് തുക അപേക്ഷകർക്ക് മണിയോഡർ ആയി അയച്ചു കൊടുക്കുന്നത്. 45 വയസ്സിൽ കൂടുതൽ പ്രായമുള്ള പുരുഷന്മാർക്കും 35 വയസ്സിൽ കൂടുതൽ പ്രായമുള്ള സ്ത്രീകൾക്കും മറ്റു വരുമാന മാർഗ്ഗങ്ങളിൽ നിന്നും 3000/- രൂപയിൽ കവിയാത്ത പക്ഷം ഈ ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

**11. സിവിൽ സർവ്വീസ് മത്സരം.**

കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാരുടെ കായികപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനുളള പദ്ധതിയാണിത്. വിജയികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു. എല്ലാ വർഷവും ജൂൺ ജൂലൈ മാസങ്ങളിൽ ജില്ലാതല മത്സരങ്ങളും സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ സംസ്ഥാനതല മത്സരങ്ങളും നടത്തുന്നു. കൂടാതെ ഈ വകുപ്പ് നേരിട്ട് അഖിലേന്ത്യാ സിവിൽ സർവ്വീസ് മത്സരങ്ങളിൽ ഒന്നോ രണ്ടോ ഇനങ്ങൾ ഏറ്റെടുത്ത് നടത്താറുണ്ട്.

**12. രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ.**

കായിക യുവജനകാര്യാലയത്തിന്റെ കീഴിൽ സംസ്ഥാനത്തെ കായിക താരങ്ങൾക്ക് ആവശ്യമായ വൈദ്യസഹായം നൽകുന്നതിനായി 1992 മുതൽ പ്രവർത്തിച്ചുവരുന്നു. കായിക താരങ്ങൾക്ക് ആവശ്യമായ വൈദ്യസഹായം നൽകുന്നതിനു പുറമേ അവരുടെ ആരോഗ്യ പരിപാലനത്തെ വിലയിരുത്തുന്ന ഒരു സ്ഥിരം ഗവേഷണ കേന്ദ്രമാക്കി സ്ഥാപനത്തെ വളർത്തുന്നതിനായി ലക്ഷ്യമിടുന്നു. എല്ലാ ജില്ലകളിലും ജില്ലാ സ്പോർട്സ് മെഡിസിൻ സെന്ററുകൾ ആരംഭിക്കുന്നതിനും പൊതു ജനങ്ങളുടെ ഇടയിലേക്ക് ഈ ആരോഗ്യ കേന്ദ്രങ്ങളുടെ സേവനം എത്തിക്കാനും ലക്ഷ്യമിടുന്നു. കായികതാരങ്ങൾക്ക് പുറമേ പൊതുജനങ്ങളെകൂടി ഗുണഭോക്താക്കളായി പരിഗണിക്കുന്നു. ഗുണഭോക്താക്കൾക്ക് ഫണ്ട് നേരിട്ട് അനുവദിക്കുന്നതല്ല. നൂതന ശാസ്ത്ര സാങ്കേതിക വിദ്യയുടേയും ഉപകരണങ്ങളുടെയും സഹായത്തോടെ കായിക മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്ക് ആവശ്യമായ വൈദ്യസഹായം നൽകുന്നു. കായിക താരങ്ങൾക്ക് പുറമേ പൊതു ജനങ്ങൾക്കുകൂടി ഈ സെന്ററിന്റെ കീഴിൽ വൈദ്യസഹായം എത്തിക്കുവാൻ ശ്രമിക്കുന്നു.

.........................................

## 47. പോലീസ് വകുപ്പ്

**1. സ്റ്റുഡന്റ് പോലീസ് കേഡറ്റ്**

നിയമത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ വളർത്തുക, വിദ്യാർത്ഥികളിൽ പൗരബോധം, സമത്വബോധം, മതേതര വീക്ഷണം അന്വേഷണത്വര, നേതൃത്വശേഷി, സാഹസിക മനോഭാവം തുടങ്ങിയ വളർത്തുക, സാമൂഹ്യ തിൻമകളായ തീവ്രവാദം, വിഘടനവാദം വർക്ഷീയത, ജാതീയത ലഹരി വസ്തുക്കളുടെ ഉപയോഗം തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കുവാനും പ്രവർത്തിക്കുവാനും വിദ്യാർത്ഥികളെ സജ്ജ രാക്കുക, ആഭ്യന്തര സുരക്ഷ, കുറ്റകൃത്യ നിവാരണം, ക്രമസമാധാന പാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യ സേവനം തുടങ്ങിയ പ്രവർത്തികളിൽ വിദ്യാർത്ഥികളെ പ്രാപ്ത രാക്കുക, വിദ്യാർത്ഥികളിൽ പ്രകൃതി സ്നേഹം, പരിസ്ഥിതി സംരക്ഷണ ബോധം പ്രകൃതി ദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തുക, സാമൂഹ്യ പ്രശ്ന ങ്ങളിൽ ഇടപെടാനും ദുരന്തഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക, സ്വഭാവ ശുദ്ധിയിലും പെരുമാറ്റ ശീലത്തിലും മൂല്യങ്ങൾ

ഉയർത്തി പിടിക്കുന്നതിലും സമൂഹത്തിന്റെ സർവ്വോന്മുഖമായ പുരോഗതിക്ക് വേണ്ടി നിസ്വാർത്ഥമായി പ്രവർത്തിയ്ക്കുന്ന ഒരു യുവ സമൂഹത്തെ സൃഷ്ടിക്കുക എന്നിവ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

പരീക്ഷകളിൽ 50% മാർക്ക് നേടിയവരേയും നിശ്ചിത ശാരീരിക ക്ഷമതയുള്ളവരേയും വൈദ്യ പരിശോധനയിൽ അയോഗ്യത കൽപിക്കാത്തവരേയും പ്രധാനാദ്ധ്യാപകന്റെ സർട്ടിഫിക്കറ്റും രക്ഷിതാവിന്റെ സമ്മതപത്രവും ഉള്ളവരെയുമാണ്. എസ്.പി.സി യിലേക്ക് പരിഗണിക്കുന്നത്. ആഭ്യന്തര/വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു.

എസ്.പി.സി യിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ട്രെയിനിംഗ് നൽകുന്നതിനു വേണ്ടി അദ്ധ്യാപകരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും (CPO) മറ്റൊരാൾ അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും പ്രവർത്തിക്കുന്നു. (ACPO) തെരഞ്ഞെടുക്കപ്പെടുന്നവരിൽ ഒരാൾ അദ്ധ്യാപിക ആയിരിക്കും. പരിശീലനത്തിൽ ഇവരെ സഹായിക്കുന്നതിന് പോലീസ് സേനയിൽ നിന്നുള്ള ഉദ്യോഗസ്ഥർ (സ്കിൽ ഇൻസ്പെക്ടർമാരായി) പ്രവർത്തിച്ചു വരുന്നു. ഇതിന്റെ മേൽനോട്ടം ഇൻസ്പെക്ടർ ഓഫ് പോലീസിനായിരിക്കും.

പ്ലാൻഫണ്ട്, ആഭ്യന്തരം, വിദ്യാഭ്യാസം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, മോട്ടോർ വാഹനം, വനം, എക്സൈസ് എന്നീ ഡിപ്പാർട്ട്മെന്റുകൾ അനുവദിച്ച് കിട്ടുന്ന അടങ്കൽ തുകയിൽ നിന്നും ചെലവ് നടത്തുന്നു.

**1. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് (SPG)**

കുട്ടികൾക്കെതിരെയുള്ള അക്രമങ്ങൾ തടയുന്നതിനും മരുന്ന് മറ്റ് ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയുന്നതിനും വേണ്ടി സ്കൂൾ തലത്തിൽ രൂപീകരിച്ചിട്ടുള്ള സമിതി

പൊതുജനങ്ങളിൽ അവബോധം വളർത്തി കുട്ടികളെ തട്ടികൊണ്ടുപോകൽ, മറ്റ് പീഡനങ്ങൾ അക്രമങ്ങൾ എന്നിവയിൽ നിന്നും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി സമൂഹത്തിലെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തുന്നു.

വിദ്യാഭ്യാസ വകുപ്പിന്റെയും പി.ടി.എ യുടേയും സഹകരണത്തോടെ പ്രവർത്തിക്കുന്നു. ബോധവൽക്കരണ പരിപാടികൾ, കൗൺസലിംഗ് തുടങ്ങിയവ നടത്തി അവലോകനയോഗം ചേരുന്നു.

ബോധവൽക്കരണ ക്ലാസ്സുകൾ, പ്രോഗ്രാമുകൾ, കൗൺസലിംഗ് എന്നിവ നടത്തി അവലോകന യോഗം കൂടി വിലയിരുത്തുന്നു.

സ്കൂളിലെ അദ്ധ്യാപകർ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പഞ്ചായത്തു മെമ്പർ, സമീപത്തുള്ള കടയുടെ നടത്തിപ്പുകാർ, ഓട്ടോ-ടാക്സി ഡ്രൈവർമാർ, പോലീസ് തുടങ്ങി വിവിധ തലങ്ങളിൽ ഉള്ളവരുടെ ഒരു സമിതി ഏകോപിച്ച് പ്രവർത്തിക്കുന്നു.

**നിർവ്വഹണ ഉദ്യാഗസ്ഥൻ**

സർക്കിൾ ഇൻസ്പെക്ടർ ആണ്

**2. വിക്റ്റിം സപ്പോർട്ട് സ്കീം**

വിക്റ്റിം സപ്പോർട്ട് സ്കീം വിവിധ തരത്തിലുള്ള കേസുകളിൽ ഇരകളായവർക്ക് ടിയാൻ അനുഭവിച്ച മാനസിക ബുദ്ധിമുട്ടുകൾ, ചികിത്സാ ചിലവ്, യാത്ര ചെലവ് എന്നീ

ഇനങ്ങളിൽ ഒരു താങ്ങാവുന്നതിനായി സമൂഹത്തിലെ അവശ വിഭാഗങ്ങൾക്കായി കൊടുക്കുന്ന ഒരു സാമ്പത്തിക സഹായ പദ്ധതി

സമൂഹത്തിലെ അവശ വിഭാഗത്തിൽപെട്ടവർക്കും, സ്തീകൾക്കും, എസ്.സി, എസ്.ടി വിഭാഗക്കാർക്കും ഏതെങ്കിലും കേസുകളിൽ ഉൾപെട്ടിട്ടുള്ളവർക്ക് ചെറിയ രീതിയിലുള്ള സാമ്പത്തിക സഹായം നൽകുക

വിവിധ തരം കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളുടെ പേരു വിവരങ്ങളും, കുറ്റകൃത്യത്തിന്റെ വിവരണവും ഉൾപ്പെടുത്തിയ അപേക്ഷ സർക്കിൾ ഇൻസ്പെക്ടർ തലത്തിലുള്ള ഉദ്യോഗസ്ഥൻ മേലുദ്യോഗസ്ഥർക്ക് അയച്ചുകൊടുക്കുകയും കുറ്റകൃത്യത്തിന്റെ ഗൗരവം അനുസരിച്ച് 500 രൂപയിൽ കുറയാത്ത തുക ഇരകളായവർക്ക് സർക്കിൾ ഇൻസ്പെക്ടർ വഴി വിതരണവും ചെയ്യുന്നു.

പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ടാകുന്ന കേസുകളിൽ സ്ത്രീകൾ ഇരകളാകുന്ന കുറ്റകൃത്യങ്ങൾ ഏതെന്ന് കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നു. സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥൻഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആകുന്നു.

**3. സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്ക് (SCHD)**

പോലീസ് സ്റ്റേഷനിൽ പരാതിയുമായി എത്തുന്ന വൃദ്ധ ജനങ്ങളെ സഹായിക്കുന്നതിനും പരാതികൾ കേട്ട് നടപടികൾ സ്വീകരിക്കുന്നതിനുമുള്ള സംവിധാനം

പരാതികളുമായി എത്തുന്ന മുതിർന്ന പൗരൻമാർക്ക് വേണ്ട പരിഗണന നൽകുന്നതിനു വേണ്ടി ഗവൺമെന്റ് രൂപീകരിച്ച പദ്ധതി

സ്റ്റേഷനിൽ പരാതിയുമായി എത്തുന്ന മുതിർന്ന പൗരൻമാരുടെ പേരു വിവരങ്ങൾ പ്രത്യേക രജിസ്ററിൽ രേഖപ്പെടുത്തി ഒപ്പു വെച്ച് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുക.

താമസിപ്പിക്കാതെ കാര്യങ്ങൾ പ്രത്യേക പരിഗണന നൽകി പരിഹരിക്കുക, സത്വര നടപടിയെടുക്കുക, ആയതിനുവേണ്ടി പ്രത്യേക രജിസ്റ്റർ മെയിന്റയിൻ ചെയ്യുക.

**നിർവ്വഹണ ഉദ്യോഗസ്ഥൻ**

പോലീസ് സ്റ്റേഷൻ മേധാവി (എസ്.ഐ)

**4. വുമൺ ഹെൽപ് ഡെസ്ക്**

പോലീസ് സ്റ്റേഷനിൽ പരാതിയുമായി എത്തുന്ന സ്ത്രീകളേയും, കുട്ടികളേയും സഹായിക്കുക. ഒരു പ്രത്യേക കൗണ്ടറിൽ ഇരുത്തി പൂർണ്ണമായും വനിതാ പോലീസിന്റെ അധീനതയിൽ പരാതികൾ കേട്ട് പേരും വിലാസവും, ഒപ്പും രജിസ്റ്ററിൽ രേഖപ്പെടുത്തി തുടർ നടപടികൾക്കുള്ള നിർദ്ദേശം കൊടുക്കുക.

**5. കമ്മ്യൂണിറ്റി പോലീസിംഗ് ഇൻ കോസ്റ്റൽ ഏരിയ**

കടലോരം വഴിയുള്ള ആക്രമണങ്ങൾ, വിദ്ധ്വംസക പ്രവർത്തനങ്ങൾ എന്നിവ തടയുന്നതിനായി മത്സ്യ തൊഴിലാളികളെ മുഖ്യ പങ്കാളികളാക്കിയുള്ള സമിതി

**സ്കീമിന്റെ നിർവ്വഹണം**

കോസ്റ്റൽ പോലീസ് ഇൻസ്പെക്ടർ കൺവീനറായി സംസ്ഥാന പോലീസും, കോസ്റ്റ് ഗാർഡും ഏകോപിച്ച് മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടുകൂടി കടലോര ജാഗ്രതാ സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നു.

പോലീസും കോസ്റ്റ് ഗാർഡും മത്സ്യതൊഴിലാളികളെ ചേർത്ത് കടലോര ജാഗ്രതാ സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നു.

**1. ജനമൈത്രി സുരക്ഷ പദ്ധതി**

ജനാധിപത്യ വ്യവസ്ഥിതിയിൽ ജനങ്ങളാണ് പരമാധികാരികൾ. അതുകൊണ്ടു തന്നെ നിശബ്ദരായ പ്രജകളായി ജനങ്ങളെ കാണുവാൻ ഭരണ കൂടത്തിനോ, ഏതെങ്കിലും വകുപ്പിനോ കഴിയുകയില്ല. എല്ലാ പൗരൻമാർക്കും ശരിയായ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുവാൻ ആർക്കും ആവില്ല. ജനാധിപത്യ സമൂഹത്തിലെ നിയമപരിപാലനം ജനങ്ങളുടെ സഹായ സഹകരണങ്ങളോടെയാണ് നടപ്പിലാക്കേണ്ടത്. പരമ്പരാഗത പോലീസ് ശൈലിയിൽ നിന്ന് വ്യത്യസ്തമായി കമ്മ്യൂണിറ്റിയുടെ സഹകരണം തേടി ആവശ്യങ്ങൾ അറിഞ്ഞ് സുരക്ഷയുടെ പ്രാധാന്യം മനസ്സിലാക്കി സൗകര്യങ്ങൾ കണക്കിലെടുത്ത് കമ്മ്യൂണിറ്റിയുടെ കാര്യശേഷിയും, വിഭവശേഷിയും പ്രത്യേക പ്രശ്നങ്ങളും അധിഷ്ഠിതമാക്കി പോലീസ് സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം ക്രമപ്പെടുത്തുന്ന രീതിയാണ് പോലീസ് അഥവാ ജനമൈത്രി പോലീസ് സംവിധാനം

കുറ്റകൃത്യങ്ങൾ തടയുകയും, മെച്ചപ്പെട്ട പോലീസ് പൊതുജന സഹകരണം വളർത്തുകയും, സുരക്ഷമേഖലയിൽ ജനങ്ങളുടെ പരസ്പര സഹകരണം ഉണ്ടാക്കുകയും ചെയ്യുക. ജനമൈത്രി പദ്ധതി നടപ്പിലാക്കുന്ന പോലീസ് സ്റ്റേഷനുകളിൽ ഒരു ജനമൈത്രി സമിതി രൂപവൽക്കരിക്കേണ്ടതാണ്. സമിതിയിൽ മുതിർന്ന പൗരന്മാർ, സ്ത്രീകൾ, പട്ടികജാതി പട്ടികവർക്ഷത്തിൽ പെട്ടവർ, പ്രദേശത്ത് മാന്യരും, വിദ്യാഭ്യാസ സാംസ്ക്കാരിക സാമൂഹ്യ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരും, അദ്ധ്യാപകർ, റിട്ടയേർഡ് ഉദ്യോഗസ്ഥർ, എക്സ് സർവ്വീസ് ഉദ്യോഗസ്ഥർ, പഞ്ചായത്ത് മെമ്പർമാർ, വ്യാപാരി വ്യവസായികൾ, സന്നദ്ധ സംഘടനകൾ, തൊഴിലാളികൾ റസിഡൻഷ്യൽ അസോസിയേഷനുകൾ, സ്ത്രീ സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവയുടെ ഭാരവാഹികൾ എന്നിവരേയാണ് സമിതിയിൽ ഉൾപ്പെടുത്തേണ്ടത്. 10 മുതൽ 25 വരെയാണ് സമിതിയുടെ അംഗസംഖ്യ. രണ്ടു വർഷമാണ് കാലാവധി. കൺവീനർ പോലീസ് ഇൻസ്പെക്ടറും, സെക്രട്ടറി സബ്ബ് ഇൻസ്പെക്ടറും. കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർ അഡീ. സബ്ബ് ഇൻസ്പെക്ടറും ആയിരിക്കും. സമിതിയോഗം മാസത്തിൽ ഒരു തവണ കൂടാറുണ്ട്. സ്റ്റാറ്റ്യൂട്ടറി അധികാരങ്ങൾ ഒന്നും തന്നെ ഇല്ലാത്തതും, പോലീസിംഗ് സുഗമമായി നടപ്പിലാക്കുന്നതിന് വേണ്ടി ഉദ്ദേശിച്ചിട്ടുള്ള ഒരു സമിതിയാണ് ജനമൈത്രി സമിതി.

ജനമൈത്രിയ്ക്കായി തിരഞ്ഞെടുത്തിരിക്കുന്ന ഏരിയകളെ വിവിധ ബീറ്റുകളായി തിരിക്കുന്നു. ഓരോ ബീറ്റിലേക്കും ഒരു പോലീസ് ഉദ്യോഗസ്ഥൻ ബീറ്റ് ഓഫീസറായും, ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥ അസിസ്റ്റന്റ് ബീറ്റ് ഓഫീസറായും ഉണ്ടായിരിക്കും

.............................................

# 48. ഭാഗ്യക്കുറി വകുപ്പ്

## 1. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വില്പനക്കാരുടേയും ക്ഷേമ നിധി പദ്ധതി

**ലക്ഷ്യങ്ങൾ**

മറ്റ് ഉപജീവനമാർഗ്ഗങ്ങൾ അവലംബിക്കാൻ നിർവ്വാഹമില്ലാത്ത കേരളത്തിലെ ലക്ഷക്കണക്കിന് ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും സാമൂഹ്യ സാമ്പത്തിക ക്ഷേമത്തിനുതകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു.

**ഗുണഭോക്താവ്**

പ്രതിമാസം നിശ്ചിത തുകക്കുള്ള ഭാഗ്യക്കുറി ടിക്കറ്റുകൾ വില്പന നടത്തുന്ന ഭാഗ്യക്കുറി ഏജന്റുമാരും വില്പനക്കാരും ആണ് ഗുണഭോക്താക്കൾ

**സ്കീമിന്റെ നിർവ്വഹണം**

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് വഴി നിർവ്വഹണം നടത്തുന്നു.

**ഫണ്ടിംഗ്**

അംഗങ്ങളുടെ പ്രതിമാസ അംശാദായം, കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ ആകെ വിറ്റുവരവിന്റെ 1% ക്ഷേമനിധിയിലേക്ക് സർക്കാർ സംഭാവന നൽകുന്നു.

സംസ്ഥാന ഭാഗ്യക്കുറി ബോർഡ് വിവിധ പദ്ധതികൾ തയ്യാറാക്കി സർക്കാർ അനുമതിയോടെ ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസുകൾ വഴി നടപ്പിലാക്കുകയും ചെയ്യുന്നു.

**1. കാരുണ്യ ബെനവലന്റ് ഫണ്ട്**

സർക്കാർ/തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ അക്രെഡിറ്റഡ് ആശുപത്രിയിൽ ചികിത്സയിലുള്ള വാർഷിക വരുമാനം 3 ലക്ഷത്തിൽ താഴെയുള്ള കുടുംബത്തിലെ ഒരു അംഗത്തിന് ചികിത്സ ധനസഹായമായി 2 ലക്ഷം രൂപ വരെ നൽകുന്നതാണ്. ക്യാൻസർ, കിഡ്നി, തലച്ചോറ്, ഹൃദ്രോഗം, ഹീമോഫിലിയ, നട്ടെല്ല്, കരൾ സംബന്ധമായ അസുഖങ്ങൾ എന്നീ രോഗങ്ങളുടെ ചികിത്സക്കാണ് ധനസഹായം ലഭിക്കുന്നത്. ഗുണഭോക്താവിന്റെ പാസ്പോർട്ട് സൈസ് ഫോട്ടോ, ചികിത്സ എസ്റ്റിമേറ്റ്, ആർ.എസ്.ബി.വൈ കാർഡ് സംബന്ധിച്ച വിവരങ്ങൾ എന്നിവ ചികിത്സ ധനസഹായ അപേക്ഷയോടൊപ്പം ജില്ലാ ഭാഗ്യക്കിറി ഓഫീസർക്ക് സമർപ്പിക്കണം. ആർ.എസ്.ബി.വൈ കാർഡ് ഉള്ളവർ സി.എച്ച്.ഐ.എസ്സ് + ൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ സി.എച്ച്.ഐ.എസ്സ് + തുക കുറവ് ചെയ്ത് ബാക്കി തുകയാണ് അനുവദിക്കുക. സംസ്ഥാന ഭാഗ്യക്കുറി വകുപ്പാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി കൈകാര്യം ചെയ്യുന്നത്. കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററാണ് സ്കീം തയ്യാറാക്കുന്നത്. ജില്ലാഭാഗ്യക്കുറി ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല സമിതി പരിശോധിച്ച് ബഹു. ധനകാര്യ മന്ത്രി ചെയർമാനായ സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിന് അയക്കുന്നു.

.............................................................................................................

# 49. ലീഗൽ മെട്രോളജി വകുപ്പ്

**വകുപ്പിന്റെ ലക്ഷ്യം**

1. വ്യാപാര വാണിജ്യ വിനിമയ വ്യവസായമേഖലകളിലും സംരക്ഷണത്തിനും ഉപയോഗിക്കുന്ന അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത പരിശോധിക്കുകകയും കൃത്യത ഉറപ്പു വരുത്തി നിയമാനുസൃതം വർഷാവർഷവും, രണ്ടുവർഷത്തിലൊരിക്കലുമായി മുദ്ര ചെയ്ത് നൽകുകയും ചെയ്യുക.
2. ഉപഭോക്തൃ സംരക്ഷണമാണ് വകുപ്പിന്റെ പരമപ്രധാനമായ ലക്ഷ്യങ്ങളിൽ ഒന്ന്.
3. നൽകുന്ന പണത്തിന് കൃത്യമായ അളവിൽ/തൂക്കത്തിൽ/എണ്ണത്തിൽ സാധനങ്ങൾ ഉപഭോക്താവിന് ലഭിക്കുന്നുവെവന്ന് ഉറപ്പുവരുത്തുക
4. വാണിജ്യ വിനിമയത്തിൽ കാർഷിക ഉൽപ്പന്നങ്ങൾ ശരിയായ അളവിൽ ലനിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക
5. പായ്ക്ക് ചെയ്ത ഉൽപ്പന്നങ്ങളുടെ വിൽപ്പന നിയമാനുസൃതമാണെന്ന് ഉറപ്പു വരുത്തുക
6. ആക്ട് പ്രകാരം സെക്കന്ററി സ്റ്റാന്റേർഡുകളുടെയും വർക്കിംഗ് സ്റ്റാന്റേർഡുകളുടേയും സംസ്ഥാനതല സൂക്ഷിപ്പും സാക്ഷ്യപ്പെടുത്തലും നിർവ്വഹിക്കുക.

**വകുപ്പിന്റെ പ്രവർത്തനങ്ങൾ**

1. വാണിജ്യവിനിമയത്തിനും വ്യവസായത്തിനും സംരക്ഷണത്തിനും കച്ചവടത്തിനും ഉപയോഗിക്കുന്ന അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പ് വരുത്തുക.
2. പായ്ക്കറ്റ് ഉൽപ്പന്നങ്ങളുടെ വിൽപന നിയമപ്രകാരമാണോയെന്ന് പായ്ക്കറ്റുകളിൻമേൽ ആവശ്യമായ പ്രഖ്യാപനങ്ങൾ (നിർമ്മാതാവിന്റേയും പായ്ക്കറുടേയും പേരും വിലാസവും, പായ്ക്ക് ചെയ്ത മാസവും വർഷവും, പായ്ക്കറ്റിലുള്ള ഉൽപ്പന്നത്തിന്റെ പേര്, ശരിയായ അളവ്/തൂക്കം/എണ്ണം, ഇറക്കുമതി ചെയ്ത ഉൽപ്പന്നമാണെങ്കിൽ ഇറക്കുമതിക്കാരന്റെ വിവരങ്ങൾ, ഉൽപ്പന്നത്തിന്റെ പരമാവധി വിൽപ്പന വില (M.R.P) (എല്ലാ ടാക്സുകളുമടക്കം) ഉപഭോക്താവിന് പരാതിപ്പെടേണ്ട മേൽവിലാസം, ഫോൺനമ്പർ, e-mail മേൽവിലാസം ഉണ്ടെങ്കിൽ അത് സഹിതം ഉണ്ടെന്ന് ഉറപ്പു വരുത്തുക. കൃത്യമായ വിലയിലും തൂക്കത്തിലും ഉപഭോക്താക്കൾക്ക് ഉൽപ്പന്നങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുക.
3. ഉപഭോക്താക്കൾ വാങ്ങിയ സ്വർണ്ണത്തിന്റെ പരിശുദ്ധി സംബന്ധിച്ച് എറണാകുളത്തുള്ള ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിൽ ഉപഭോക്താവിന്റെ ആവശ്യപ്രകാരം നിശ്ചിത ഫീസിൽ പരിശോധിച്ച് നൽകുന്നു.
4. അതീവ കൃത്യത ആവശ്യമുള്ള അളവു തൂക്ക ഉപകരണങ്ങൾ എറണാക്കുളത്തെ സെൻട്രൽ ലാബിൽ പരിശോധിച്ച് കാലിബ്രേഷൻ നടത്തി നൽകുന്നതാണ്. ഇവിടുന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റ് ISO സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അത്യാന്താപേക്ഷിതമാണ്.

5. എക്സിബിഷനുകൾ, സെമിനാറുകൾ, അവബോധന ക്ലാസുകൾ എന്നിവയിലൂടെയും പത്ര മാധ്യമങ്ങൾ, ഇലക്ട്രേണിക് മാധ്യമങ്ങൾ എന്നിവയിലൂടെയും അളവു തൂക്ക നിയമങ്ങൾ ജനങ്ങളിൽ എത്തിക്കുക.
6. സന്നദ്ധ സംഘടനകളുടെയും കൺസ്യൂമർ അഫയേർസ് ഡിപ്പാർട്ട്മെന്റിന്റെയും സഹായത്താൽ ബോധവൽക്കരണം നടത്തി വരുന്നു.
7. അളവു തൂക്ക നിയമങ്ങൾ അനുശാസിക്കുന്നതനുസരിച്ചുള്ള കൃത്യതയും നിലവാരവും ഉപയോഗിക്കുന്ന അളവുതൂക്ക ഉപകരണങ്ങൾക്കുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നു.
8. വാണിജ്യത്തിനും വ്യവസായത്തിനും കച്ചവടത്തിനും വ്യവസായ സംരക്ഷണത്തിനും ഉപയോഗിക്കുന്ന അളവുതൂക്ക ഉപകരണങ്ങൾ നിയതകാല കൃത്യതാപരിശോധന നടത്തി മുദ്ര വച്ചു നൽകുന്നു.
9. ആട്ടോ ടാക്സി മീറ്ററുകൾ നിയതകാല പരിശോധന നടത്തി മുദ്രവച്ചു നൽകുന്നു.
10. മിന്നൽ പരിശോധനകൾ നടത്തി അളവുതൂക്ക നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു.
11. നിർമ്മാതാവിന്റേയോ പായ്ക്കറുടെയോ പ്രവർത്തനസ്ഥലം പരിശോധിച്ച് പായ്ക്ക് ചെയ്ത ഉൽപ്പന്നങ്ങളുടെ കൃത്യത ഉറപ്പു വരുത്തുന്നു.
12. വാണിജ്യത്തിനും, വ്യവസായത്തിനും, വ്യവസായ സംരക്ഷണത്തിനും ഉപയോഗിക്കുന്ന അളവുതൂക്ക ഉപകരണങ്ങളുടെ യൂസേഴ്സ് രജിസ്ട്രേഷൻ നടത്തുന്നു.
13. പായ്ക്കറ്റ് ഉൽപ്പന്നങ്ങൾ പായ്ക്ക് ചെയ്യുന്നവർക്കും ഇറക്കുമതി ചെയ്ത് വിപണനം നടത്തുന്നവർക്കും രജിസ്ട്രേഷൻ നൽകുന്നു.
14. ഉപഭോക്താക്കൾക്കും, കച്ചവടക്കാർക്കും, വകുപ്പിലെ ഉദ്യോഗസ്ഥർക്കും ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
15. അളവുതൂക്ക ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും വിൽപന്ന നടത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനും പര്യാപ്തമായവർക്ക് അവരുടെ അപേക്ഷകളിൽ മേൽനടപടി സ്വീകരിച്ച് ലൈസൻസ് അനുവദിക്കുന്നു.
16. എല്ലാ താലൂക്കുകളിലും ജില്ലാ ആസ്ഥാനങ്ങളിലും വർക്കിംഗ് സ്റ്റാന്റേർഡ് ലാബോറട്ടറിയും എറണാകുളം ലീഗൽ മെട്രോളജി   വനിൽ സെക്കന്ററി സ്റ്റാന്റേർഡ് ലാബോറട്ടറിയും പ്രവർത്തിച്ചു വരുന്നു. വർക്കിംഗ് സ്റ്റാന്റേർഡ് ഉപകരണങ്ങൾ വർഷാവർഷം സെക്കന്ററി സ്റ്റാന്റേർഡുകളുമായി ഒത്തുനോക്കി കൃത്യത ഉറപ്പു വരുത്തുന്നു.
17. ഇന്ത്യ ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ ബാംഗ്ലൂരിൽ പ്രവർത്തിക്കുന്ന റീജിയണൽ റഫറൻസ് സ്റ്റാന്റേർഡ് ലാബോറട്ടറിയിൽ (RRSL) വകുപ്പിലെ സെക്കന്ററി സ്റ്റാന്റേർഡുകളും മറ്റും പരിശോധനയ്ക്ക് വിധേയമാക്കി കൃത്യത ഉറപ്പു വരുത്തുന്നു.

**സംഘാടനം**

സംഘടനാസംബന്ധമായ കാര്യങ്ങൾ വകുപ്പിൽ നിക്ഷിപ്തമാണ്.

..........................................................

# 50. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്

**വകുപ്പ് വഴി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ**

**1. സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി (എസ്.എൽ.ഐ.)** (ജി.ഒ(പി) 257/76/ഫിൻ. തീയതി: 19..08..1976)

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴി നടപ്പിലാക്കിയിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ലൈഫ് ഇൻഷ്വറൻസ് പദ്ധതിയാണ് ഇത്. 1976 ആഗസ്റ്റ് 19 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച 50 വയസ്സ് തികയാത്ത എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാരും, അദ്ധ്യാപകരും, ഡയറക്ട് പേമെന്റ് സ്കീമിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരും, അദ്ധ്യാപകരും, വിവിധ യൂണിവേഴ്സിറ്റികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റി കോർപ്പറേഷനുകൾ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവടങ്ങളിലെ ജീവനക്കാരും ഈ പദ്ധതിയിൽ നിർബന്ധമായും അംഗങ്ങൾ ആകേണ്ടതും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രതിമാസ പ്രീമിയം തുകയ്ക്കുള്ള പോളിസി ഉണ്ടായിരിക്കേണ്ടതുമാണ്. 01..04..2012 മുതൽ നിലവിലുള്ള പ്രതിമാസ പ്രീമിയം നിരക്ക് ചുവടെ കൊടുക്കുന്നു. (ജി.ഒ.(പി) 104/2012/ഫിൻ. തീയതി: 09-022012)

1. അടിസ്ഥാന ശമ്പളം 9189 രൂപ വരെ 150 രൂപ
2. അടിസ്ഥാന ശമ്പളം 9190 രൂപ മുതൽ 18739 രൂപ വരെ 225 രൂപ
3. അടിസ്ഥാന ശമ്പളം 18740 രൂപ മുതൽ 29179 രൂപ വരെ 375 രൂപ
4. അടിസ്ഥാന ശമ്പളം 29180 രൂപ മുതൽ 450 രൂപ

**2. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി**

ജി.ഒ.(പി) 392/1984/ഫിൻ. തീയതി: 09..08..1984 നമ്പർ ഉത്തരവു പ്രകാരം 01..09..1984 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്കും നിർബന്ധമാക്കി ഈ പദ്ധതി നിലവിൽ വന്നു. ജി.ഒ.(പി) 26/2004/ഫിൻ. തീയതി: 12..01..2004 ലെ ഉത്തരവിലൂടെ മേൽപറഞ്ഞ വിഭാഗങ്ങൾക്ക് പുറമെ വിവിധ യൂണിവേഴ്സിറ്റികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, മുനിസിപാലിറ്റി കോർപ്പറേഷനുകൾ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് കൂടി ഈ പദ്ധതി നിർബന്ധമാക്കി ഉത്തരവായിട്ടുണ്ട്. സർവ്വീസിൽ നിന്നും വിരമിക്കുന്നവർക്ക് പദ്ധതിയിലെ സമ്പാദ്യനിധി (സേവിംഗ്സ് ഫണ്ട്) യിൽ നിന്നുള്ള തുക കൂട്ടുപലിശ സഹിതം (ഇപ്പോൾ 8%) ലഭിക്കുന്നു. ഉദ്യോഗത്തിലിരുന്ന് മരണപ്പെടുന്ന അംഗങ്ങളുടെ ആശ്രിതർക്ക് 10 രൂപയുടെ ഒരു യൂണിറ്റിന് 10,000/ രൂപ എന്ന നിരക്കിൽ ഇൻഷ്വറൻസ് നിധിയിൽ നിന്നുള്ള തുകയും കൂടാതെ സമ്പാദ്യ നിധിയിൽ നിന്ന് ജീവനക്കാരൻ മരണപ്പെടുന്നതുവരെയുള്ള ആനുകൂല്യം ഉൾപ്പെടെയുള്ള തുകയും ല ിക്കുന്നു.

**3. പുതിയ പദ്ധതികൾ**

08112010 തീയ്യതിയിലെ ജി ഒ (പി) 557/2010/ധന. നമ്പർ സർക്കാർ ഉത്തരവു പ്രകാരം ലൈഫ് ഇൻഷ്വറൻസ് ബ്രാഞ്ചിൽ ധനസമൃദ്ധി, ധനവർഷ എന്നിങ്ങനെ രണ്ട് പുതിയ പദ്ധതികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ,

പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ എന്നിവർക്ക് സ്വഹിതമനുസരിച്ച് ഈ പദ്ധതികളിൽ ചേരാവുന്നതാണ്. ധനസമൃദ്ധി സമ്പാദ്യവും ഇൻഷ്വറൻസും ഉൾപ്പെടുന്ന പദ്ധതിയും ധനവർഷ ടേം ബെനഫിറ്റ് ഇൻഷ്വറൻസ് പദ്ധതിയുമായാണ് നടപ്പിലാക്കുന്നത്. ജില്ലാ ഇൻഷ്വറൻസ് ഓഫീസ് മുഖാന്തിരം പദ്ധതികളെ കുറിച്ചുള്ള വിപുലമായ പരസ്യം നൽകി ജീവനക്കാരെ ആകർഷിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**4. ജനറൽ ഇൻഷ്വറൻസ് പദ്ധതി**

സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ളവയുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർക്കാരിന് സാമ്പത്തിക താല്പര്യമുള്ള സ്ഥാപനങ്ങളുടെയും വസ്തുവകകളുടെ താഴെ പറയുന്ന ഇനങ്ങളിലുള്ള ജനറൽ ഇൻഷ്വറൻസ് വകുപ്പിലൂടെ ചെയ്യുന്നു.

1. ഫയർ ഇൻഷ്വറൻസ്
2. മറൈൻ ഇൻഷ്വറൻസ്
3. ആക്ട് ഇൻഷ്വറൻസ്
4. മിസ്സലേനിയസ് ഇൻഷ്വറൻസ്

- ബോയ്‌ലർ ഇൻഷ്വറൻസ്
- എംപ്ലോയീസ് ലയബിലിറ്റി ഇൻഷ്വറൻസ്
- ഇലക്ട്രോണിക്സ് എക്യുപ്‌മെന്റ് ഇൻഷ്വറൻസ്
- ഫിഡിലിറ്റി ഗ്യാരന്റി ഇൻഷ്വറൻസ്
- മെഷിനറി ബ്രേക്ക് ഡൗൺ ഇൻഷ്വറൻസ്
- മണിഇൻട്രാൻസിറ്റ് ഇൻഷ്വറൻസ്
- മോട്ടോർ കോപ്രഹെൻസീവ് ഇൻഷ്വറൻസ്
- നാഷണൽ സേവിംഗ്സ് ഏജന്റ്സ് ഇൻഷ്വറൻസ്
- പബ്ലിക്ക് ലൈബിലിറ്റി ഇൻഷ്വറൻസ്
- പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ്
- വർക്ക്മെൻ കോംബൻസേഷൻ

..................................

## 51. പുരാവസ്തു വകുപ്പ്

**1. പുരാവസ്തു മ്യൂസിയങ്ങൾ, പുരാവസ്തുക്കളുടെ രജിസ്ട്രേഷൻ, പുരാവസ്തു മ്യൂസിയം, ഗ്യാലറി എന്നിവയുടെ ഡോക്യുമെന്റേഷൻ, ഫോട്ടോഗ്രാഫി എന്നിവ പൊതു ജനങ്ങൾക്ക് ലഭ്യമാക്കൽ**

പൈതൃകങ്ങൾ തലമുറകൾക്ക് കാണാനും ചരിത്രം അറിയാനും പഠിക്കാനും കാത്തുസൂക്ഷിക്കാനും ഗവേഷണത്തിനും പുരാവസ്തു മ്യൂസിയങ്ങൾ ഉപകരിക്കപ്പെടുന്നു.

**ലക്ഷ്യം**

- കേരളത്തിന്റെ പൈതൃകങ്ങളെക്കുറിച്ച് വരും തലംമുറയെ ബോധവാന്മാരാക്കുക. അവർക്ക് ആയവ കണ്ടും പഠിച്ചും ഗവേഷണം നടത്തിയും ഉൾക്കാഴ്ചയുണ്ടാക്കുക. ആയതിനായി അവ ഉൾക്കൊള്ളുന്ന മ്യൂസിയങ്ങൾ സംരക്ഷിക്കുക
- പുരാവസ്തുക്കൾ രജിസ്റ്റർ ചെയ്ത് നൽകുക
- മ്യൂസിയങ്ങൾ, ഡോക്യുമെന്ററി ഫിലിം, ഫീച്ചർ ഫിലിം, ഫോട്ടോഗ്രാഫി എന്നിവയ്ക്ക് സൗകര്യമൊരുക്കുക

**ഗുണഭോക്താവ്**

എല്ലാ ജനങ്ങളും ഇതിൽ ഗുണഭോക്താക്കളാണ്.

**ഫണ്ടിംഗ്**

സംസ്ഥാന സർക്കാർ ഫണ്ട്. പ്ലാൻ & നോൺപ്ലാൻ

**നിർവ്വഹണം**

ബന്ധപ്പെട്ട ചാർജ്ജ് ഓഫീസർ (മ്യൂസിയം), രജിസ്ട്രേഷൻ ഓഫീസർ (രജിസ്ടർ ചെയ്യുന്നതിന്), ഡയറക്ടർ (ഫീച്ചർ ഫിലിം, ഡോക്യുമെന്ററി ഫിലിം, ഫോട്ടോഗ്രാഫി എന്നിവയ്ക്ക് അനുവാദം നൽകാൻ)

**പ്രവർത്തനങ്ങൾ**

- മ്യൂസിയങ്ങൾ രാവിലെ 9 മുതൽ വൈകീട്ട് 5 വരെ ( പൊതു ഒഴിവുദിനങ്ങളും തിങ്കളാഴ്ചയും ഒഴികെ) നിശ്ചിത ഫീസ് ഈടാക്കികൊണ്ട് പ്രവേശനം ഒരുക്കുന്നു.
- പുരാവസ്തുക്കൾ രജിസ്റ്റർ ചെയ്യുന്നതിന്, അപേക്ഷയും രജിസ്റ്റർ ചെയ്യേണ്ട വസ്തുവും ഫോട്ടോയും സഹിതം ചാർജ് ഓഫീസ്, ആർക്കിയോളജി മ്യൂസിയം, ശക്തൻ തമ്പുരാൻ കൊട്ടാരം, തൃശൂരിന് നൽകിയാൽ 30 ദിവസത്തിനകം രജിസ്ട്രേഷൻ നൽകും.
- പുരാവസ്തു വകുപ്പിന്റെ വിവിധ മ്യൂസിയങ്ങൾ നിയന്ത്രണങ്ങൾക്ക് വിധേയമായി ഡോക്യുമെന്ററി ഫിലിം, ഫീച്ചർ ഫിലിം, ഫോട്ടോഗ്രാഫി എന്നിവ നിശ്ചിത ഫീസോടെ ഡയറക്ടർ, പുരാവസ്തു വകുപ്പ് തിരുവനന്തപുരത്തിന് 3 മാസത്തിന് മുമ്പ് അപേക്ഷ നൽകണം. ഡയറക്ടർ അപേക്ഷ പരിഗണിച്ച് അനുവാദം നൽകും.

........................

## 52. റിമോട്ട് സെൻസിംഗ്

**1. കഡസ്ട്രൽ തോതിലുള്ള സമഗ്ര ഭൂപട വിവര ശേഖരണം**

പ്രകൃതി വിഭവങ്ങൾ, റോഡുകൾ, ഭൂജല സമ്പത്ത്, തരിശ് ഭൂമി, ഭൂവിനിയോഗം തുടങ്ങിയ മറ്റ് പ്രധാന അടിസ്ഥാന സൗകര്യങ്ങളെല്ലാം ഉൾപ്പെടുത്തി ആധുനിക ഉപഗ്രഹങ്ങളുടെ സഹായത്തോടെ സംസ്ഥാനത്തിലെ കണ്ണൂർ, വയനാട് കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ഈ നടപ്പു വർഷം 1:5000 സ്കെയിലിൽ ജി.ഐ.എസ് ഡാറ്റാ ബേസ് ഉണ്ടാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം

വിവിധ സർക്കാർ സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, വിവിധ സർക്കാർ ഇതര സ്ഥാപനങ്ങൾ തുടങ്ങിയവ ഇതിന്റെ ഗുണഭോക്താക്കളാണ്.

**സ്കീമിന്റെ നിർവ്വഹണം**

കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവെയേൺമെന്റ് സെന്റർ നടത്തുന്നു.
കഡസ്ട്രൽ ഭൂപടം പഞ്ചായത്ത്തല വികസനത്തിന് ഉപയോഗിക്കുന്നതിനായി സംസ്ഥാനത്തിലെ കുളങ്ങൾ, മറ്റ് ഉൾനാടൻ ജലസ്രോതസ്സുകൾ, തീരദേശ വികസനം മുകളിൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ ജി.ഐ.എസ് അധിഷ്ഠിത മാപ്പുകൾ നിർമ്മിച്ച് അനുബന്ധ വിവര ശേഖരണം, ഇൻഫർമേഷൻ സിസ്റ്റം നിർമ്മിക്കൽ എന്നിവ ഇതുവഴി ചെയ്യുന്നു.

..............................

## 53. ഭൂവിനിയോഗ ബോർഡ്

**1. പഞ്ചായത്തുതല പര്യവേഷണം**

പി.ആർ.എം ഡാറ്റയുടെ സഹായത്താൽ വടക്കൻ ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ഡിപ്പാർട്ട്മെന്റുകളുടേയും സ്ഥലപരആസൂത്രണത്തിന് ആവശ്യമായ കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. വിശദമായ നീർത്തടാധിഷ്ടിത കർമ്മ പരിപാടി തയ്യാറാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ (ഇപ്പോൾ 10) ഡെമോൺസ്ട്രേഷൻ പ്രോജക്ടുകൾ ഈ വർഷം നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ഭക്ഷ്യ സുരക്ഷാ പദ്ധതി, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഈ പ്രോജക്ടും നീർത്തടപദ്ധതിയും സഹായകരമാവും. മേഖലാ ഓഫീസിന്റെ പശ്ചാത്തലസൗകര്യങ്ങൾ ഉപയോഗിച്ച് പി.ആർ.എം ഡാറ്റയുടെ സഹായത്താൽ ഭരണ സ്ഥാപനത്തിന്റെ സ്ഥലപരമായ ആസൂത്രണത്തിന് നീർത്തടാധിഷ്ഠിത കർമ്മ പദ്ധതികൾ തയ്യാറാക്കുന്നു. ബ്ലോക്ക്തല നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നു. ഇതിനുവേണ്ടി വികസന വകുപ്പുകളിലെ ഉദ്യാഗസ്ഥർ, ജനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ തുടങ്ങിയവർ ഭാഗഭാക്കാകുന്നു. സന്നദ്ധ പ്രവർത്തകരെ തദ്ദേശഭരണ സ്ഥാപനം വഴി കണ്ടെത്തുന്നു.

**2. ഭൂവിഭവ വിവര സംവിധാനം**

**ലക്ഷ്യങ്ങൾ**

പ്രകൃതി വിഭവങ്ങളുടെ വ്യത്യസ്തമായ തോതുകളിലുള്ള വിവരശേഖരങ്ങൾ പലതട്ടുകളിൽ സംസ്ഥാന ഭൂവിനിയോഗ ബോർഡ് ഉണ്ടാക്കിയിട്ടുണ്ട്. ഈ വിവരശേഖരങ്ങൾ ഉപയോഗിക്കുന്നതിന് ഒരു ഭൂവിഭവ വിവര സംവിധാനം സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. സവിസ്തര വ്യാപ്തി നിർണ്ണയ സമ്പ്രദായത്തിൻെറ വികസനത്തിനാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. ഭൂവിവര സംവിധാനവുമായി സംയോജിപ്പിച്ച് വികസന വകുപ്പുകളുടെ നിർവഹണ സഹായ സംവിധാനം വികസിപ്പിക്കുവാനും ലക്ഷ്യമിടുന്നുണ്ട്.
പരിപാടിയിൻകീഴിൽ വികസിപ്പിച്ചെടുത്ത പല തട്ടുകളിലുള്ള വിവരങ്ങളിൽ സ്ഥലപരമായ ചട്ടക്കൂട്ടിൽ ജലവിഭവങ്ങളുടേയും ഭൂമിയുടേയും സമഗ്രമായ അവസ്ഥ ഉൾക്കൊള്ളുന്നു.

പ്രകൃതി വിഭവങ്ങളെ സംബന്ധിച്ച് സൂക്ഷ്മതലത്തിൽ അറിവ് തരുന്നു. പ്രകൃതി വിഭവങ്ങളെ സംബന്ധിച്ച അറിവുകൾ സാമൂഹിക, സാമ്പത്തിക, വിദൂരസംവേദനപരമായ അറിവുകളുമായി സംയോജിപ്പിച്ച് നല്ലൊരു ഭൂവിഭവ വിവര സംവിധാനം രൂപപ്പെടുത്തുന്നതാണ്. വികസന വകുപ്പുകളുടെ ആസൂത്രണത്തിനും നിർവഹണത്തിനും ഭൂവിഭവ വിവര സംവിധാനം സഹായിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വികസന വകുപ്പുകളിലെയും വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ, ആസൂത്രകർ, ശാസ്ത്രജ്ഞർ, ഗവേഷകർ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർ ഗുണഭോക്താക്കൾ ആകുന്നു.

..................................

## 54. ഭവന നിർമ്മാണ ബോർഡ്

**1. എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി**

1972-76 ൽ നിർമ്മിച്ച വീടുകളുടെ പുനർനിർമ്മാണത്തിനായി സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയാണിത്. പഞ്ചായത്തുകൾ മുഖേനയാണ് ഇത് നടപ്പിലാക്കുന്നത്. സബ്സിഡി തുക ബോർഡിന് സർക്കാർ ലഭ്യമാക്കുന്നു. ദാരിദ്രരേഖയ്ക്കു താഴെയുള്ള വാസയോഗ്യമല്ലാത്ത ലക്ഷം വീട്ടിൽ താമസിക്കുന്ന കുടുംബം. തദ്ദേശഭരണ വകുപ്പും വനനിർമ്മാണ വകുപ്പും പൊതുവായി സ്വീകരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്ന ലക്ഷം വീടുകളുടെ ലിസ്റ്റ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭകളിലൂടെ ഗുണഭോക്താവിനെ തെരഞ്ഞെടുത്ത് അപേക്ഷ ഗ്രാമപഞ്ചായത്തുകളിൽ നൽകുന്നു. ഗുണഭോക്തൃ ലിസ്റ്റ് നിയമപ്രകാരം തയ്യാറാക്കുന്നു. ഇപ്പോൾ ഒരു വീടിന് ജനറൽ/പട്ടികജാതി 2 ലക്ഷം രൂപയും പട്ടികവർക്ഷത്തിന് 2.5 ലക്ഷം രൂപയുമാണ് ധനസഹായം..

**2. സുരക്ഷാ വന പദ്ധതി**

സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട സ്വന്തമായി വീട് ഇല്ലാത്തവർക്ക് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി. കുറഞ്ഞത് 2 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ ഇതിന് അർഹരാകുന്നു. സന്നദ്ധസംഘടനകൾ സ്ഥലവും വീടും ഇല്ലാത്ത ഗുണഭോക്താവിന് സ്ഥലം വാങ്ങുന്നതിന്/ വീട് പണിയുന്നതിന് ധനസഹായം നൽകുകയോ സ്ഥലം വാങ്ങി വീട് വച്ച് നൽകുകയോ ചെയ്യുന്നു. വീടൊന്നിന് 25% ബോർഡും 25% ഗുണഭോക്താക്കളും 50% സ്പോൺസർഷിപ്പും ആണ്. 30 മുതൽ 50 ച.മീറ്ററിന്റെ ഇടയിലായിരിക്കണം വിസ്തീർണ്ണം. ഗുണഭോക്താവിനെ സ്പോൺസർ ചെയ്യുന്ന സംഘടനയാണ് ബോർഡിൽ അപേക്ഷ നൽകേണ്ടത്. അപേക്ഷാഫോറം ബോർഡിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും ലഭ്യമാക്കുന്നു.

**3. ഇന്നോവേറ്റീവ് (അത്താണി) വനപദ്ധതി**

നഗരത്തിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിന് പുറത്ത് താമസിക്കുവാൻ നിർബന്ധിതരാകുന്ന പാവപ്പെട്ട തൊഴിലാളികൾക്കും (ബി.പി.എൽ) നഗരത്തിൽ താമസസൗകര്യം ലബിക്കുന്നതിനായി കുറഞ്ഞനിരക്കിൽ ഫ്ളാറ്റുകൾ വാടകയ്ക്ക് നൽകുന്ന പദ്ധതിയാണിത്.

**പ്രവർത്തനങ്ങൾ**

ബോർഡ് ചെയർമാൻ ഒരു മാനേജ്മെന്റ് കമ്മിറ്റിയെ നിയോഗിക്കുന്നു. ബോർഡ് അംഗീകാരത്തോടെ വിശദമായ പദ്ധതി സർക്കാരിന് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നു. ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി അർഹരായവരെ നിശ്ചയിക്കുന്നു. ജില്ലാ കളക്ടർ/ പ്രതിനിധി അലോട്ട്മെൻര് കമ്മിറ്റി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. ബോർഡ് ചെയർമാൻ നിശ്ചയിക്കുന്ന മാനേജ്മെന്റ് കമ്മിറ്റി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ബോർഡ് ചെയർമാൻ നിശ്ചിയിക്കുന്ന മാനേജ്മെന്റ് കമ്മിറ്റി സംഘാടനം നടത്തുന്നു.

**4. സാഫല്യം ഭവന പദ്ധതി**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വീടോ ഭൂമിയോ ഇല്ലാത്തവരുമായ കുടുംബത്തിന് പാർപ്പിടം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണിത്. സർവ്വീസസ് ഇല്ലാതെ 250 ച.സെ.മീ. വിസ്തീർണ്ണം വരുന്ന 3.5 ലക്ഷം അടങ്കൽ വരുന്നതുമായ നിർമ്മാണത്തിന് 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്ക്കോ വായ്പയും ആണ്. പലിശയുൾപ്പെടെ 165 പ്രതിമാസ തവണകളായി തിരികെ അടക്കണം. 25000 രൂപ ഗുണഭോക്തൃ വിഹിതം 25000 രൂപ സംഘടനാ വിഹിതവുമാണ്. പദ്ധതി പൂർത്തീകരിച്ച ശേഷം അലോട്ട്മെന്റ് കമ്മിറ്റി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ഫ്ളാറ്റുകൾ നൽകുന്നു.

**5. സർക്കാർ ജീവനക്കാർക്കായുള്ള ഭവന പദ്ധതി**

സർക്കാർ ജീവനക്കാർക്കുവേണ്ടി സർക്കാർ ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് റവന്യു വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. ദൂരസ്ഥലത്തുനിന്ന് വന്ന് ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരെ ലക്ഷ്യമിട്ടാണീ പദ്ധതി.

**പ്രവർത്തനങ്ങൾ**

വിശദമായ പദ്ധതി ബോർഡംഗീകാരത്തോടെ സർക്കാരിൽ സമർപ്പിക്കുകയും അംഗീകാരവും ഭരണാനുമതിയും ലഭ്യമായതിന് ശേഷം ബോർഡ് കെട്ടിടം പണിപൂർത്തിയാക്കി റവന്യു വകുപ്പിന് കെട്ടിടം കൈമാറുന്നു. റവന്യു വകുപ്പ് അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് അലോട്ട്മെന്റ് കമ്മിറ്റിയുടെ തെരഞ്ഞെടുപ്പിന് ശേഷം ഫ്ളാറ്റ്/ വീടുകൾ നൽകുന്നു.

**6. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ**

ദൂരസ്ഥലത്തുനിന്നും വന്നു ജോലി ചെയ്യുന്ന ഉദ്യോഗസ്ഥകളായ വനിതകൾക്ക് താമസിക്കാൻ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സംയുക്ത സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്.

**നടപടിക്രമങ്ങൾ**

പദ്ധതിയുടെ പ്രൊപ്പോസൽ സാമൂഹ്യക്ഷേമ വകുപ്പ് സമർപ്പിക്കുകയും വിശദമായ പദ്ധതി തയ്യാറാക്കി ബോർഡ് നിർമ്മാണം നടത്തുകയും ചെയ്യുന്നു. ജില്ലാ കളക്ടർ, പൊതു മരാമത്ത് ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, സാമൂഹ്യക്ഷേമ പ്രതിനിധി ഇവരടങ്ങുന്ന ബിൽഡിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തുന്നു. നിർമ്മാണം പൂർത്തികരിച്ചശേഷം ഹൗസിംഗ് ബോർഡ് ചെയർമാൻ ചെയർമാനായി ഒരു ഹോസ്റ്റൽ മാനേജ്മെന്റ് കമ്മിറ്റിയും ദൈനംദിന പ്രവർത്തനങ്ങൾക്കായി ബോർഡ് എക്സി.

എഞ്ചിനീയർ കൺവീനറായി ഒരു സമിതിയും രൂപീകരിക്കുന്നു. കേന്ദ്രസർക്കാർ ഫണ്ട് നിർമ്മാണ പുരോഗതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൂന്ന് തവണയായി ലഭിക്കുന്നു. പൂർത്തീകരിച്ചശേഷം ഒരു ഹോസ്റ്റൽ മാനേജ്മെന്റ് കമ്മിറ്റിയും ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി ഒരു അഞ്ചംഗ സമിതി രൂപീകരിച്ച് ദൈനംദിന ഹോസ്റ്റൽ പ്രവർത്തനം നടത്തുന്നു.

**7. പാരസ്പര്യ പദ്ധതികൾ**

സമൂഹത്തിലെ ബി.പി.എൽ വിഭാഗങ്ങൾക്ക് താമസസൗകര്യത്തിനായി ഫ്ളാറ്റുകൾ നിർമ്മിച്ച് വിലയ്ക്ക് നൽകുന്ന പദ്ധതിയാണിത്. (MIG/HIG വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക്) വിശദമായ ഡിമാന്റ് സർവ്വേയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ബോർഡിന്റെ സ്ഥലത്ത് ഫ്ളാറ്റുകൾ ഇവർക്കായി നിർമ്മിച്ചു നൽകുന്നു. വിൽപന വില ഉപഭോക്താക്കളിൽ നിന്നും മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഈടാക്കുന്നു. .ഇപ്പോൾ കൊച്ചിയിലും പനമ്പിളി നഗറിലും തിരുവനന്തപുരത്തും ഗ്രീൻബിൽഡിംഗ് സാങ്കേതികവിദ്യ പ്രകാരം ഫ്ളാറ്റുകൾ നിർമ്മിക്കുന്നു. പണിപൂർത്തീകരിച്ചശേഷം ഗുണഭോക്താക്കൾക്ക് ഫ്ളാറ്റുകൾ നൽകുന്നു.

**8. സായൂജ്യം ഭൂവികസന പദ്ധതി**

ഇടത്തരം വരുമാനക്കാർക്ക് വീട് നിർമ്മിക്കുന്നതിന് പ്ലോട്ടുകൾ വിലയക്ക് നൽകുന്ന പദ്ധതിയാണിത്. ഡിമാന്റ് സർവ്വേയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ബോർഡിന്റെ സ്ഥലത്ത് പ്ലോട്ടുകൾ വിലയ്ക്ക് നൽകുന്നു. വിൽപ്പന വിലയിൽ 80% തുക പദ്ധതി തുടങ്ങുന്നതിനു മുമ്പായി ശേഖരിച്ചുകൊണ്ട് ബാക്കിതുക 10% വീതമുള്ള 2 തവണകളായി 2 മാസത്തിലൊരിക്കൽ വീതം ശേഖരിച്ചുമാണ് പദ്ധതി നടപ്പിലാക്കുന്നത്. കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് പ്ലോട്ടുകൾ നൽകുന്നു.

..........................................

## 55. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

**1. മോഡൽ വില്ലേജ് ലൈബ്രറി**

ഉന്നതനിലവാരം പുലർത്തുന്ന ഗ്രാമീണ ഗ്രന്ഥശാലകളെയാണ് മോഡൽ വില്ലേജ് ലൈബ്രറികളായി ശുപാർശ ചെയ്യുന്നത്. വിജ്ഞാന വികസനത്തിന് എന്ന സങ്കൽപ്പം സാക്ഷാത്ക്കരിക്കാൻ ഇത് ലക്ഷ്യമിടുന്നു. ഗ്രാമീണമേഖലയിലെ വനിതകൾ, കുട്ടികൾ, വിദ്യാർത്ഥികൾ, യുവാക്കൾ, വയോജനങ്ങൾ തുടങ്ങി മുഴുവൻ ജനങ്ങളേയും ഉദ്ദേശിച്ചുകൊണ്ടാണ് മോഡൽ വില്ലേജ് ലൈബ്രറി എന്ന പദ്ധതി. സർക്കാരിന്റെ വാർഷിക ബഡ്ജറ്റിൽ തുക അനുവദിക്കുകയും രണാനുമതി സർക്കാർ നൽകുകയും ചെയ്യുന്നു. തുക ജില്ല ലൈബ്രറി കൗൺസിൽ വഴി കേന്ദ്രങ്ങളിൽ എത്തുന്നു. ഗ്രന്ഥശാലയുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ തയ്യാറാക്കുന്ന പദ്ധതി പ്ലാനിംഗ്ബോർഡ് അനുമതിക്കുശേഷം ലൈബ്രറി കൗൺസലിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നു.

**2. അക്കാദമിക് സ്റ്റഡിസെന്റർ**

അക്കാദമിക രംഗത്തെ പരിപോഷണത്തിനായി വിദ്യാഭ്യാസ മേഖല ഏല്പിച്ചിട്ടുള്ള ചരിത്രപരമായ ഒരു ദൗത്യമാണിത്. ഓരോ ജില്ലയിലും തെരഞ്ഞെടുത്ത ഒരു ഗ്രന്ഥശാലയിലാണ് അക്കാദമിക സ്റ്റഡി സെന്റർ പ്രവർത്തിക്കുക. അതുപോലെ ബഹുഭൂരിപക്ഷം സർവ്വകാശാല വിദ്യാർത്ഥികളേയും ഉദ്ദേശിച്ചുള്ളതാണ് അക്കാദമിക സ്റ്റഡി സെന്റർ. സർക്കാർ രണാനുമതി നൽകുന്നു. ജില്ലാ ലൈബ്രറി കൗൺസിലുകൾവഴി കേന്ദ്രത്തിൽ തുക എത്തിക്കുന്നു. ഗ്രന്ഥശാലകളുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിലുകൾ തയ്യാറാക്കുന്ന പദ്ധതി പ്ലാനിംഗ് ബോർഡ് അനുമതിക്കുശേഷം ജില്ലാ ലൈബ്രറി കൗൺസിൽ വഴി നടപ്പിലാക്കുന്നു. താലൂക്ക് ലൈബ്രറി കൗൺസിൽ മാർക്ഷനിർദ്ദേശം നൽകുന്നു.

**3. ജയിൽ / ജുവനൈൽഹോം ലൈബ്രറി സർവീസ്**

തടവുകാരെ കുറ്റവാളികളായി കാണാതെ അവരുടെ പരിവർത്തനത്തിന് തടവുകാലം വിനിയോഗിക്കുന്നതിനും വിദ്യാഭ്യാസത്തിനും ബൗദ്ധിക വികാസത്തിനും സഹായിക്കുവാനാണ് ഈ പദ്ധതി. ജയിൽ/ജുവനൈൽ ഹോമുകളിലെ അന്തേവാസികളെ ഉദ്ദേശിച്ചുള്ളതാണിത്. സർക്കാർ ഭരണാനുമതിക്കുശേഷം ലൈബ്രറി കൗൺസിൽ വഴി തുക വിതരണം ചെയ്യുന്നു. ഗ്രന്ഥശാലകളുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പ്ലാനിംഗ് ബോർഡ് അംഗീകാരത്തിന് ശേഷം ലൈബ്രറി കൗൺസിൽ വഴി നിർവ്വഹണം.

**4. ഹോസ്പിറ്റൽ ലൈബ്രറി**

രോഗം മൂലം ദീർഘകാലം ആശുപത്രികളിൽ കഴിയുന്നവർക്ക് ആശ്വാസമായാണ് ഹോസ്പിറ്റൽ ലൈബ്രറി സർവ്വീസ് ആരംഭിച്ചത്. രോഗികൾക്കും അവരുടെ സഹായികൾക്കും ആശുപത്രി ജീവനക്കാർക്കും ഇത് പ്രയോജനപ്പെടുന്നു. കേരള സർക്കാർ ഭരണാനുമതിക്കു ശേഷം തുക ലൈബ്രറി കൗൺസിൽ വഴി എത്തിയ്ക്കുന്നു. ലൈബ്രറി കൗൺസിൽ തയ്യാറാക്കുന്ന പദ്ധതിയ്ക്ക് പ്ലാനിംഗ് ബോർഡിന്റെ അനുമതിക്കുശേഷം ജില്ലാ ലൈബ്രറി കൗൺസിൽ വഴി ഗ്രന്ഥശാലകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

**5. ഓർഫനേജ് ലൈബ്രറി സർവ്വീസ്**

അനാഥമന്ദിരങ്ങളിലെ കുട്ടികൾക്ക് ഇത് ഉപകരിക്കപ്പെടുന്നു. കേരളസർക്കാർ രണാനുമതിക്കുശേഷം തുക ലൈബ്രറി കൗൺസിൽ വഴി എത്തിയ്ക്കുന്നു. ലൈബ്രറി കൗൺസിൽ തയ്യാറാക്കുന്ന പദ്ധതിയ്ക്ക് പ്ലാനിംഗ് ബോർഡ് അനുമതി ലഭ്യമാക്കി ജില്ല ലൈബ്രറി കൗൺസിൽ നിർവ്വഹണം നടത്തുന്നു.

**6. ഹെർമിറ്റേജ് ലൈബ്രറി**

വാർദ്ധക്ക്യകാലത്തെ ഒറ്റപ്പെടലിന്റെ വേദന അകറ്റാൻ അക്ഷരങ്ങളുടെ ലോകത്തേക്ക് അവരെ കൂട്ടികൊണ്ടു വന്ന് സാന്ത്വനമേകാൻ പുസ്തകങ്ങൾ നൽകുകയാണ് ഈ ലൈബ്രറി കൊണ്ട് ഉദ്ദേശിക്കുന്നത്. സർക്കാർ ഭരണാനുമതി ലഭ്യമാക്കി ലൈബ്രറി കൗൺസിൽ മുഖാന്തിരം തുക വിതരണവും നിർവ്വഹണവും നടത്തുന്നു. ലൈബ്രറി കൗൺസിൽ തയ്യാറാക്കുന്ന പദ്ധതി പ്ലാനിംഗ് ബോർഡ് അനുമതിക്കുശേഷം ജില്ലാ ലൈബ്രറി കൗൺസിൽ വഴി നിർവ്വഹണം നടത്തുന്നു.

**7. കമ്പ്യൂട്ടർവത്ക്കരണം**

ആധുനിക വിവര സാങ്കേതിക വിദ്യയുടെ സദ്ഫലങ്ങൾ ഗ്രാമീണ ഗ്രന്ഥശാലയിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സർക്കാർ അനുമതി ലഭ്യമാക്കി ലൈബ്രറി കൗൺസിൽ തയ്യാറാക്കുന്ന പദ്ധതിയ്ക്ക് പ്ലാനിംഗ് ബോർഡിന്റെ അനുമതിക്കുശേഷം ജില്ലാ ലൈബ്രറി കൗൺസിൽ വഴി പദ്ധതി നിർവ്വഹണം നടത്തുന്നു.

......................................

# 56. വികസന കോർപ്പറേഷൻ

## I. കേരള സംസ്ഥാന പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

**ആമുഖം**

കോർപ്പറേഷന്റെ ലക്ഷ്യം, ഫണ്ട് സമാഹരണം, വായ്പാ സംബന്ധമായ നിബന്ധനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്, സംയോജന സാദ്ധ്യതകൾ തുടങ്ങിയവ, കേന്ദ്രാവിഷകൃത പദ്ധതികളുടെ (2012, പേജ് 305-309) കൈപുസ്തകത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ടണ്ട്. ആയതുകൊണ്ട് ഇവിടെ സംസ്ഥാനതലത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് മാത്രമാണ് വിവരിച്ചിട്ടുള്ളത്.

| ക്രമ നം. | പദ്ധതിയുടെ പേര് | പദ്ധതി തുക | പലിശ നിരക്ക് (%ൽ) | തിരിച്ചടവ് കാലയളവ് | കുടുംബവാർഷിക വരുമാന പദ്ധതി | | അപേക്ഷകന്റെ പ്രായപരിധി | ഗുണഭോക്താക്കൾ |
|---|---|---|---|---|---|---|---|---|
| | | | | | ഗ്രാമ പ്രദേശം | നഗര പ്രദേശം | | |
| 1. | കൃഷിഭൂമി | 2,00,000 | 6 | 8 വർഷം | 40,000 | 55,000 | 21-50 | പട്ടികജാതിക്കാർ |
| 2. | ബെനിഫിഷിറി ഓറിയന്റഡ് പദ്ധതി | 1,00,000 | 6 | 5 വർഷം | 40,000 | 55,000 | 18-45 | പട്ടികജാതിക്കാർ/ പട്ടിക വർഗ്ഗക്കാർ |
| 3. | പ്രൊഫഷണൽ സർവ്വീസ് പദ്ധതി | 1,50,000 | 7 | 5 വർഷം | 2,00,000 | | 18-45 | പട്ടികജാതിക്കാർ |
| 4. | വിദേശ തൊഴിൽ വായ്പാ പദ്ധതി | 50,000 | 6 | 36 മാസം | 40,000 | 55,000 | 18-45 | പട്ടികജാതിക്കാർ/ പട്ടിക വർഗ്ഗക്കാർ |
| 5. | പെട്രോൾ/ ഡീസൽ ഓട്ടോറിക്ഷാ വായ്പാ പദ്ധതി | 1,15,000<br>1,60,000 | 6 | 5 വർഷം | 40,000 | 55,000 | 18-45 | പട്ടികജാതിക്കാർ |
| 6. | വിവാഹ വായ്പാ പദ്ധതി | 1,00,000 | 6 | 5 വർഷം | 40,000 | 55,000 | രക്ഷിതാവിന് 65 വയസ്സ്കവിയാൻ പാടില്ല | പട്ടികജാതിക്കാർ/ പട്ടിക വർഗ്ഗക്കാർ |

| ക്രമ നം. | പദ്ധതിയുടെ പേര് | പദ്ധതി തുക | പലിശ നിരക്ക് (%ൽ) | തിരിച്ചടവ് കാലയളവ് | കുടുംബവാർഷിക വരുമാന പദ്ധതി | | അപേക്ഷകന്റെ പ്രായ പരിധി | ഗുണഭോക്താക്കൾ |
|---|---|---|---|---|---|---|---|---|
| | | | | | ഗ്രാമ പ്രദേശം | നഗര പ്രദേശം | | |
| 7. | വിദ്യാഭ്യാസ വായ്പാ പദ്ധതി | 1,00,000 മുതൽ 2,50,000 വരെ | 6 | പഠനം കഴിഞ്ഞുള്ള 5 വർഷം | 2,50,000 | | 18-35 | പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികൾ |
| 8. | വിദേശ വിദ്യാഭ്യാസ വായ്പാ പദ്ധതി | 1,00,000 | 6 (5ലക്ഷം രൂപ വരെ) 8.5 (5 ലക്ഷത്തിനു മുകളിൽ) | പഠനം കഴിഞ്ഞുള്ള 5 വർഷം | 5,00,000 | | 18-35 | പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികൾ |
| 9. | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പാ പദ്ധതി | 40,000 | 6 | 5 വർഷം | 2,50,000 | | രക്ഷിതാവിന് 55 വയസ്സ്കവിയാൻ പാടില്ല | പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികൾ |
| 10. | സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പാ പദ്ധതി | 50,000 | 8 | | 3,00,000 | | 18-48 | പട്ടികജാതിയിൽ പെട്ട ഗവ. ഉദ്യോഗസ്ഥർ |
| 11. | സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വാഹന വായ്പ പദ്ധതി | 50,000 | 8 | 5 വർഷം | 3,00,000 | | 18-48 | പട്ടികജാതിയിൽ പെട്ട ഗവ. ഉദ്യോഗസ്ഥർ |

കൂടുതൽ വിശദമായ വിവരങ്ങൾക്ക് കോർപ്പറേഷന്റെ ജില്ലാ കാര്യാലയങ്ങളുമായി ബന്ധപ്പെടാവുന്നതാണ്.

**II. കേരള സംസ്ഥാന പട്ടികജാതി -പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ**
കേന്ദ്രാവിഷ്കൃത പദ്ധതികളുടെ (2012 പേജ് 309-310) കൈപുസ്തകത്തിൽ ഫെഡറേഷൻ നടപ്പിലാക്കിക്കൊണ്ടണ്ടിരിക്കുന്ന പദ്ധതികളുടെ വിവരണം നൽകിയിട്ടുണ്ടണ്ട്. ഫെഡറേഷനിൽ 552 പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങളും 98 പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘങ്ങളേയും അംഗീകരിച്ചിട്ടുണ്ടണ്ട്.
സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്

**12. തടിയേതര വനവിഭവ ശേഖരണവും വിപണനവും**. പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങൾ വഴി സംസ്ഥാനത്തെ വനം റേയ്ഞ്ചുകളിൽ നിന്നും തടിയേതര വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തുവാനുള്ള അവകാശം ഫെഡറേഷന് നൽകിയിട്ടുണ്ടണ്ട്. ഇത്തരത്തിലുള്ള 34 പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങൾ പ്രവൃത്തിക്കുന്നുണ്ട്.

ശേഖരിക്കപ്പെടുന്ന വനവി വങ്ങൾ ഔഷധി ആയുർധാര എന്നീ സർക്കാർ നിയന്ത്രണ മുള്ള യൂണിറ്റുകൾക്കും ബാക്കിയുള്ളവ ടെണ്ടർ-കം-ഓക്ഷൻ വഴിയായി വിപണനം ചെയ്യുകയും, വില്പനയുടെ 95 ശതമാനം സംഘങ്ങൾക്കും, സംഘങ്ങൾ 85 ശതമാനം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ല ്യമാക്കുന്നുണ്ട്.

**13. ഫെഡറേഷന്റെ ഔഷധ നിർമ്മാണ യൂണിറ്റായ ആയ്യൂർധാരയ്ക്ക്**

ആയ്യൂർവ്വേദ മരുന്ന് നിർമ്മാണത്തിന് ജി.എം.പി അംഗീകാരമുള്ള ഒരു ഫാക്ടറി തൃശൂരിൽ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരത്തും തൃശൂരുമായി രണ്ടണ്ട് പഞ്ചകർമ്മ ചികിത്സാ കേന്ദ്രങ്ങളും ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയൂർവ്വേദ മരുന്നുകൾക്ക് ആയൂർധാര ഫാർമസികളിൽ നിന്നും ലഭിക്കുന്ന മരുന്നുകൾ പ്രയോജനപ്പെടുത്താവു ന്നതാണ്. മറ്റുകാര്യങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വിവരിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കാവുന്നതാണ്.

## III. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ

കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന കേന്ദാവിഷ്കൃത പദ്ധതികൾ (2012 പേജ് 311,312)ക്ക് പുറമെ സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെയുള്ള പദ്ധതികളും, തനത് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ടണ്ട്.

സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ താഴെ പറയുന്ന 4 പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**14. കൃഷിഭൂമിയ്ക്ക് വായ്പാ പദ്ധതി**

20 സെന്റ് കൃഷി ഭൂമിയെങ്കിലും വാങ്ങുവാൻ 2,00,000 രൂപ വരെ 5.50 % രൂപയ്ക്ക് വായ്പയായി നൽകി വരുന്നു. വായ്പ ലഭിച്ച് 10 മാസം തികയുന്ന മുറയ്ക്ക് 100 മാസം ഗഡുക്കളായി വായ്പാ തുക തിരിച്ചടക്കണം.

**15. ഭവന നവീകരണ വായ്പാ**

വീട് അറ്റകുറ്റപണിക്ക് 50000 രൂപ 6 ശതമാനം പലിശനിരക്കിൽ അനുവദിക്കുന്നു. 100 മാസ തവണയായി വായ്പതുകയും തുടർന്നുള്ള 20 മാസതവണകളിൽ വായ്പയുടെ പലിശയും അടക്കണം.

**16. ഭവന നിർമ്മാണ വായ്പ**

പുതിയ വീട് നിർമ്മിക്കുന്നതിന് സ്വന്തമായി 3 സെന്റ് ഭൂമിയുള്ളവർക്ക് 2 ലക്ഷം രൂപവരെ 5 ശതമാനം പലിശ നിരക്കിൽ വായ്പ നൽകുന്നു. 120 മാസത്തവണകളായി വായ്പ തിരിച്ചടക്കണം. 24 മാസ തവണകളായി പലിശയും തിരിച്ചടക്കണം.

**17. വിവാഹ വായ്പ**

ഒരു ലക്ഷം രൂപ വരെ വായ്പയായി നൽകുന്നു. 4 ശതമാനം പലിശ 60 മാസതവണകളായി വായ്പ തിരിച്ചടക്കണം.

**18. ഭൂരഹിത ഭവന രഹിത വായ്പ**

സ്വന്തമായി സ്ഥലമൊ വീടൊ ഇല്ലാത്തവർക്ക് 3 സെന്റ് ഭൂമി വാങ്ങി വീട് വെയ്ക്കുന്നതിന് പരമാവധി 2,50,000 രൂപ 5 ശതമാനം പലിശ നിരക്കിൽ വായ്പ തിരിച്ചടക്കണം.

തനത് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളിൽ മൂന്ന് എണ്ണമാണുള്ളത്.

**19. വ്യക്തിഗത വായ്പ**

ഗുണഭോക്താവിന് ഏതാവശ്യത്തിനും ഉപയോഗിക്കുവാൻ ഒരു ലക്ഷം രൂപ വരെ 8 ശതമാനം പലിശ നിരക്കിലുള്ള വായ്പ 36 മാസതവണകളായി തിരിച്ചടക്കണം.

**20. തൊഴിലധിഷ്ഠിത പരിശീലന പദ്ധതി**

യുവജനങ്ങളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വേണ്ടണ്ടി തൊഴിലധിഷ്ടിത വിദ്യാഭ്യാസ പരിശീലനം നടത്തി വരുന്നു.

**21. വിദ്യാഭ്യാസ പ്രോത്സാഹന സമ്മാനം**

എസ്.എസ്.എൽ.സി/+2/തത്തുല്യ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് 750 രൂപ, 1000 രൂപ വീതം പ്രോത്സാഹന സമ്മാനം നൽകി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുകയും ആ വിഭാഗത്തിന് പദ്ധതികളുടെ പ്രയോജനം ലഭിക്കുവാൻ വേണ്ടണ്ട അറിവും സഹായവും ചെയ്തുകൊടുക്കാവുന്നതാണ്. പദ്ധതികൾ എല്ലാം തന്നെ വായ്പയായും പലിശ ഈടാക്കുന്ന ഇനങ്ങളാണ്. ആയതുകൊണ്ട് തിരിച്ചടവ് യഥാസമയം വീഴ്ച കൂടാതെ അടയ്ക്കുവാനുള്ള മാനസികവും സാമ്പത്തികവുമായ തയ്യാറെടുപ്പിന് വേണ്ട ബോധവൽക്കരണ പരിപാടി കൂടി സംഘടിപ്പിക്കാവുന്നതാണ്.

.......................................

## 57. ലീഗൽ സർവ്വീസ് അതോറിറ്റി

**നിയമ സാക്ഷരത**

**ലക്ഷ്യങ്ങൾ**

നമ്മുടെ രാജ്യത്ത് അഭ്യസ്ഥ വിദ്യരായവർപോലും നിയമത്തെക്കുറിച്ചുള്ള കാര്യത്തിൽ തികഞ്ഞ അജ്ഞതയാണ് കാണിക്കുന്നതെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കേണ്ടതുണ്ട്. ഇന്ത്യയിലെ വിദ്യാസമ്പന്നർപോലും നാട്ടിൽ നടക്കുന്ന എല്ലാ വിധത്തിലുമുള്ള ഹീനവും അധാർമ്മീകവുമായ പ്രവർത്തികൾക്കെതിരെ പ്രതികരിയ്ക്കേണ്ടതിനു പകരം കണ്ടില്ലെന്നു നടിക്കുകയാണ്. പ്രതികരിക്കാൻ മുന്നോട്ടു വരുന്നവർ വളരെ വിരലിലെണ്ണാവുന്നവർ മാത്രമെയുള്ളൂ. ഇതിന്റെ കാരണം നിയമങ്ങളെ സംബന്ധിച്ച നിരക്ഷരതയാണ്. ആയത് ദുരീകരിക്കുന്നതിന് നിയമ സാക്ഷരത ലക്ഷ്യമിടുന്നു.

**ഗുണഭോക്താക്കൾ**

9-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾ, കോളേജ് വിദ്യാർത്ഥികൾ, കുടുംബശ്രീ മിഷനിലെ സ്ത്രീകൾ, എസ്.സി/എസ്.ടി വിഭാഗക്കാർ

**പ്രവർത്തനങ്ങൾ**

- ക്ലാസ്സുകൾ, ക്യാമ്പുകൾ, സെമിനാറുകൾ സംടിപ്പിക്കുക
- സംസ്ഥാന-ജില്ല-താലൂക്ക് നിയമ സേവന കമ്മിറ്റികൾ രൂപീകരിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുക

സ്ത്രീ ശാക്തീകരണം നിയമബോധനത്തിലൂടെ എന്ന ലക്ഷ്യം മുന്നിൽ വച്ചുകൊണ്ട് കേരളത്തിലെ കുടുംബശ്രി മിഷനിലെ അംഗങ്ങൾക്കും സ്ത്രീകൾക്കും നിയമസാക്ഷരതാ

ക്ലാസ്സുകൾ നടപ്പിലാക്കി വരികയാണ്. കേരളത്തിന്റെ മലയോര ഗ്രാമങ്ങളിൽ താമസിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങളിൽ നിയമാവബോധം വളർത്തി അവരെ ഓരോരുത്തരെയും ഭരണഘടന ഉറപ്പുവരുത്തുന്ന അവകാശങ്ങളെയും കടമകളെയും കുറിച്ച് ബോധവാൻമാരാക്കി മാറ്റി അവരെ സമൂഹത്തിന്റെ മുഖ്യാധാരയിലേക്കു കൊണ്ടു വരാനുള്ള പ്രവർത്തനങ്ങളുമായി സംസ്ഥാന നിയമ സേവന സമിതിയും ജില്ലാ നിയമസേവന സമിതികളും താലൂക്ക് നിയമസേവന കമ്മിറ്റികളും ഒത്തൊരുമിച്ച് പ്രവർത്തിച്ച് വരുകയാണ്.

**1. ലോക് അദാലത്ത്**

**ആമുഖം**

ജസ്റ്റീസ് എറ്റ് ഡോർസ്റ്റെപ്പ്സ് (നിയമസഹായം വീട്ടുപടിക്കൽ) എന്നത് ദേശീയ നിയമ സേവന സമിതി (നാൽസ)യുടെ 2010 ൽ പ്രഖ്യാപിച്ച നാഷ്ണൽ പ്ലാൻ ഓഫ് ആക്ഷനിൽ ഉരുത്തിരിഞ്ഞ ആശയമാണ്. കോടതികളിലൂടെ നമ്മുടെ സമൂഹത്തിലുണ്ടാവുന്ന എല്ലാ തരം തർക്കങ്ങളും കേസുകളും പരിപൂർണ്ണമായി തീർപ്പു കൽപ്പിക്കുക അസാധ്യമാണ്. വ്യവഹാരങ്ങൾ സിവിൽ കേസുകളായാലും ക്രിമിനൽ കേസുകളായും വർഷങ്ങളോളം തുടർന്നു പോകുക എന്നത് ഇന്ന് അസാധാരണവുമല്ല. അതിന്റെ പ്രധാന കാരണം ജന സംഖ്യാ വർദ്ധനവും കോടതികളുടെ എണ്ണത്തിലുള്ള കുറവുമാണ് എന്നതു തന്നെയാണ്. താമസിച്ചു കിട്ടുന്ന നീതി ആയത് നിഷേധിക്കുന്നതിന് തുല്യമാണ് എന്ന യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് നിയമസാക്ഷരതയ്ക്കും നിയമസഹായത്തിനും പുറമെ വിവിധതലങ്ങളിൽ നീതിന്യായതർക്കങ്ങൾ പരിഹരിക്കുന്നതിനാണ് ലോക്അദാലത്തുകൾ സംഘടിപ്പിച്ചു വരുന്നത്. യാതൊരു തരത്തിലുള്ള കോടതി ഫീസുകളും ആവശ്യമില്ല. ഒരു സിവിൽ കോടതി തീർപ്പിന് തുല്യമായ തീർപ്പായിരിക്കും.

**ലക്ഷ്യങ്ങൾ**

1. ഏതെങ്കിലും കോടതിയിൽ നിലവിലുള്ള തർക്കങ്ങൾ, ഏതെങ്കിലും കോടതിയുടെ അധികാര പരിധിയിൽ വരാവുന്ന തർക്കങ്ങൾ, നിലവിലുള്ള നിയമപ്രകാരം കോമ്പൗണ്ട് ചെയ്യാവുന്ന ക്രിമിനൽ കുറ്റകൃത്യങ്ങൾ എന്നിവ കൈകാര്യം ചെയ്യുക.
2. തർക്കത്തിൽപ്പെട്ട ഏതെങ്കിലുമൊരു കക്ഷിയുടെയോ അതുമല്ലെങ്കിൽ ഇരു കക്ഷികളുടെ യോജിച്ചുള്ള അപേക്ഷയിൻമേൽ അതുമല്ലെങ്കിൽ കോടതി സ്വമേധയാ തീരുമാനിച്ച് റഫർ ചെയ്ത പ്രകാരമോ വരുന്ന കേസ്സുകൾ, ഉ യ സമ്മതപ്രകാരം രമ്യമായി പരിഹരിക്കുക
3. ബ്ലോക്കുകളിൽ സൗജന്യമായി നിയമസഹായ ക്ലബ്ബുകൾ രൂപീകരിക്കുക
4. മൊബൈൽ അദാലത്ത് സംഘടിപ്പിക്കുക

**ഗുണഭോക്താക്കൾ**

നിയമകോടതി സഹായം ആവശ്യമായ എല്ലാ വി ാഗത്തിൽപ്പെട്ട ജനങ്ങളും

**2. സൗജന്യ നിയമസഹായം നൽകൽ**

**ആമുഖം**

പാവപ്പെട്ടവർക്ക് നീതി നിഷേധിക്കുമ്പോൾ അവരുടെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ കോടതിയെ സമീപിക്കുന്നതിന് കഴിയാതെ വരുന്നു. അത്തരം വിഭാഗം ജനങ്ങൾക്ക്

ലീഗൽ സർവ്വീസ് അതോറിറ്റിയിലൂടെ സൗജന്യ നിയമ സഹായം ഉറപ്പു വരുത്തേണ്ടത് രാഷ്ട്രത്തിന്റെ ചുമതലയായി മാറുന്നു.

**ലക്ഷ്യങ്ങൾ**

1. പാവപ്പെട്ട ജനങ്ങൾക്ക് കോടതിയെ സമീപിക്കേണ്ടി വരുമ്പോൾ ലീഗൽ സർവ്വീസ് അതോറിറ്റി വഴി അതാത് കോടതികളോട് അനുസരിച്ച് പ്രവർത്തിക്കുന്ന കേന്ദ്ര-സംസ്ഥാന നിയമസഹായ കമ്മിറ്റികൾ, സമിതികൾ, ജില്ലാ സഹായ സമിതികൾ, താലൂക്ക് നിയമ സഹായ കമ്മിറ്റികൾ, ബ്ലോക്ക് നിയമസഹായ ക്ലീനിക്കുകൾ എന്നവയിലൂടെ സൗജന്യ നിയമ സഹായം ലഭ്യമാക്കുക
2. നിയമ സാക്ഷരത നൽകുക

**ഗുണഭോക്താക്കൾ**

ഏതെല്ലാം ജനവിഭാഗങ്ങൾക്ക് ഈ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് ഈ നിയമത്തിന്റെ 12-ാം വകുപ്പിൽ എടുത്തു പറഞ്ഞിട്ടുണ്ട്.

1. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ.
2. യാചകവൃത്തി, പെൺവാണിഭം, അടിമവേല മുതലായവയ്ക്കായി അനധികൃതകൈമാറ്റത്തിന് വിധേയരാകുന്നവർ.
3. സ്ത്രീകളും കുട്ടികളും.
4. വികലാംഗക്ഷേമ നിയമപരിധിയിൽപ്പെട്ടവർ.
5. പ്രകൃതിദുരന്തം, സാമുദായിക കലാപം, മത-വർഗ്ഗീയകലാപം,ഭൂകമ്പം, വ്യാവസാ ്യയിക ദുരന്തം മുതലായവയ്ക്ക് ഇരയാകുന്നവർ.
6. വ്യാവസായിക തൊഴിലാളികൾ.
7. പുനരധിവാസ ഗൃഹങ്ങളിലെ അന്തേവാസികൾ, ജുവനൈൽ ഹോമുകളിലെ അന്തേവാസികൾ, മാനസികരോഗ ചികിത്സാലയങ്ങൾ, അനാഥാലയങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾ മുതലായവർ.
8. കസ്റ്റഡി പ്രതികൾ.
9. വാർഷിക വരുമാനം 1,00,000 രൂപയിൽ താഴെയുള്ളവർ.

മേൽപ്പറഞ്ഞ 9 വിഭാഗങ്ങളിലുള്ളവർക്ക് ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്റ്റ് പ്രകാരം സൗജന്യനിയമസഹായത്തിന് അർഹതയുണ്ട്.

**സംഘാടനം**

സംസ്ഥാന അതോറിറ്റി അംഗങ്ങൾ ആരൊക്കെയാണ് എന്ന് 1998 ൽ നടപ്പാക്കിയ കേരള സംസ്ഥാന നിയമസേവന അതോറിറ്റി റൂൾസിൽ പറഞ്ഞിട്ടുണ്ട്. ഇതുപ്രകാരം അഡ്വക്കേറ്റ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പബ്ലിക് പ്രോസിക്യൂഷൻസ്, നിയമവകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ, ബാർകൗൺസിൽ ചെയർമാൻ, കേരള ഹൈക്കോർട്ട് അഭിഭാഷക സംഘടനയുടെ പ്രസിഡണ്ട്, കേരള ബാർ ഫെഡറേഷൻ പ്രസിഡണ്ട്, വനിതാ കമ്മിഷൻ ചെയർപേഴ്സൺ, ഹൈക്കോടതി രജിസ്ടാർ ജനറൽ എന്നിവരെ സംസ്ഥാന നിയമസമിതി അംഗങ്ങളാക്കി ഗവൺമെന്റ് നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ വിവിധ മേഖലകളിൽ പ്രത്യേകിച്ചും സാമൂഹിക രംഗത്തും നിയമവിദ്യാഭ്യാസ രംഗത്തും നിയമസേവന രംഗത്തുമൊക്കെ പ്രാഗൽഭ്യം തെളിയിച്ചിട്ടു

ള്ളവരെയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യനിയമസഹായം നൽകുന്ന പരിപാടിയിൽ പ്രവർത്തിച്ചു പരിചയമുള്ളവരെയും നാമനിർദ്ദേശം ചെയ്യുവാൻ ഗവൺമെന്റിന് അധികാരമുണ്ട്. എന്നാൽ ആകെ അംഗങ്ങൾ 18 ൽ കൂടാൻ പാടില്ലയെന്നും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. ഇതുപോലെ ജില്ലാ നിയമസേവന സമിതികളും താലൂക്ക് നിയമസേവന കമ്മിറ്റികളും ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി കൂടിയാലോചിച്ച് രൂപം നൽകുന്നതിനുമുള്ള അധികാരം സംസ്ഥാന ഗവൺമെന്റിനുണ്ട്. കേരള സംസ്ഥാന ലീഗൽ സർവ്വീസ് അതോരിറ്റി (18 അംഗങ്ങൾ) ജില്ല നിയമസേവന സമിതി, താലൂക്ക് നിയമ പ്രവർത്തന കമ്മിറ്റി എന്നിവ വഴി സംഘാടനം നടത്തുന്നു.

**വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല**

ഗവൺമെന്റ്, നിയമ സേവന പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിന് നിശ്ചിത ഫണ്ട് അലോട്ട് ചെയ്തിട്ടുണ്ട്. അത് അതാത് നടപ്പ് വർഷങ്ങളിൽ പഞ്ചായത്തുകൾ അവിടുത്തെ താലൂക്ക് തല ലീഗൽ സർവ്വീസസ് കമ്മിറ്റിയുമായി ചേർന്ന് വിവിധ നിയമ സാക്ഷരതാ ക്ലാസ്സുകളും ലോക് അദാലത്തുകളും നടത്തുവാനായി ഫണ്ട് ചെലവിടേണ്ടതുണ്ട്. തദ്ദേശ രണ സ്ഥാപനങ്ങളുടേയും വിവിധ ജനകീയ കമ്മിറ്റികളുടേയും സഹകരണത്തോടെ വേണം ഇവ നടപ്പാക്കാൻ.

..........................................

## 58. കേരള സംഗീത നാടക അക്കാദമി

**1. റെയിൽവെ യാത്രാ കൺസെഷൻ**

സംഗീതം, നൃത്തം, വാദ്യം, നാടകം, മാജിക്, നാടൻ കലകൾ തുടങ്ങിയ മേഖലയിലുള്ള കലാകാരൻമാർക്ക് 300 കിലോ മീറ്ററിലധികം ട്രെയിൻ യാത്ര നടത്തിന്നതിനാണ് ഇളവ് അനുവദിക്കുന്നത്. സെക്കന്റ്ക്ലാസ് സ്ലീപ്പറിന് 75 ശതമാനവും ഫസ്റ്റ് ക്ലാസ്സിന് 50 ശതമാനവും സൗജന്യം ലഭിക്കും. അക്കാദമിയിൽ അഫിലിയേറ്റ് ചെയ്തീട്ടുള്ള സംഘടനകൾക്കാണ് ആനുകൂല്യം ലഭിക്കുക. ലെറ്റർ ഹെഡിലുള്ള അപേക്ഷ, പരിപാടിയിൽ പങ്കെടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത്, പരിപാടിയിൽ പങ്കെടുക്കുന്നവരുടെ ടീം ലീഡർ സാക്ഷ്യപെടുത്തിയ നാല് ലിസ്റ്റ് എന്നിവ സഹിതം സെക്രട്ടറിക്ക് അപേക്ഷിക്കണം. അക്കാദമി സെക്രട്ടറിയുടെ ശുപാർശയനുസരിച്ച് ബന്ധപ്പെട്ട റെയിൽവെ ഡിവിഷണൽ മാനേജരാണ് ടിക്കറ്റ് യാത്രാ നിരക്കിൽ ഇളവ് നൽകുന്നത്.

**2. കുട്ടികൾക്ക് കലാപരിശീലനത്തിന് ധനസഹായം**

**ലക്ഷ്യം**

നിർധനരായ കുട്ടികൾക്ക് സംഗീതത്തിലും നൃത്തത്തിലും പരിശീലനം നേടുന്നതിന് സ്റ്റൈപന്റ് നൽകുന്ന പദ്ധതിയാണിത്. ഗുരുക്കൻമാരുടെ കീഴിൽ കല അഭ്യസിക്കുന്നതിനും ഈ ആനുകൂല്യം ഉപയോഗിക്കാം. പരിശീലനാർത്ഥികൾക്കും പ്രയോക്താക്കൾക്കും ഒരുപോലെ പ്രോത്സാഹനമാണിത്.

**ഗുണഭോക്താവ്**

- കേരളത്തിൽ ജനിച്ചു വളർന്നവർ, മറ്റു രാജ്യങ്ങളിൽ നിന്നും കേരളത്തിൽ താമസമാക്കിയവർ, മറ്റു സ്ഥലങ്ങളിൽ താമസിക്കുന്ന കേരളീയർ എന്നിവർക്ക് എവിടെ കലാപഠനം നടത്തിലായാലും ആനുകൂല്യം ലഭിക്കും
- 10 നും 17 നും ഇടയിൽ പ്രായമുള്ള തെരഞ്ഞെടുത്ത 125 കുട്ടികൾക്ക് പ്രതിമാസം 150 രൂപ വീതം നൽകുന്നു.

**നിർവ്വഹണം**

വിദഗ്ധരുടെ ഇന്റർവ്യൂവിനുശേഷം നിർവ്വഹാക സമിതി അംഗീകാരമനുസരിച്ച് വിദ്യാർത്ഥികൾക്ക് മണിയോർഡർ അയച്ചുകൊടുക്കും.

നൃത്ത വിഭാഗത്തിൽ രതനാട്യം, മോഹിനിയാട്ടം, കേരള നൃത്തം എന്നിവക്കും സംഗീക വിഭാഗത്തിൽ വായ്പ്പാട്ട്, വയലിൻ, വീണ മൃദംഗം എന്നിവക്കുമാണ് ധനസഹായം നൽകുന്നത്. 20,000 രൂപ വാർഷിക വരുമാനമുള്ളവർക്ക് പരമാവധി ആറുവർഷം വരെയാണ് സ്റ്റൈപ്പന്റ് ലഭിക്കുക.

**1. ബി.ടി.എ/എം.ടി.എ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

തൃശൂർ സ്കൂൾ ഓഫ് ഡ്രാമയിലെ ബി.ടി.എ, എം.ടി.എ വിദ്യാർത്ഥികൾക്കും കാലടി സംസ്കൃത സർവ്വകലാശാലയിലെ എം.ടി.എ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകി വരുന്നു. 18 ബി.ടി.എ വിദ്യാർത്ഥികൾക്ക് പ്രതിമാസം 750 രൂപയും 7 എം.ടി.എ. വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപയുമാണ് നിരക്ക്. കൂടികാഴ്ചയിലൂടെയാണ് അപേക്ഷകളിൽ നിന്നും അർഹരായവരെ തെരഞ്ഞെടുക്കുന്നത്. വാർഷിക വരുമാന പരിപാടി 75000 രൂപ. നിശ്ചിത ഫാറത്തിൽ പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവി വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**3. കേരള സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി (എല്ലാ അക്കാദമികൾക്കും)**

**ലക്ഷ്യം**

വിവിധ കലാ സാഹിത്യ സാംസ്ക്കാരിക പ്രവർത്തനങ്ങൾ വ്യാപൃതരായിരിക്കുന്നവരോ ഏർപ്പെട്ടിരുന്നവരോ ആയ സാംസ്ക്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനാണ് ക്ഷേമനിധിയും പെൻഷനും മറ്റു ആനുകൂല്യങ്ങളും ഏർപെടുത്തിയിട്ടുള്ളത്.

**ഗുണഭോക്താവ്**

18 വയസ്സു തികഞ്ഞ് സാംസ്ക്കാരിക പ്രവർത്തകർക്ക് അംഗത്വം നേടാം. കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള ഫോക്ലോർ അക്കാദമി, കേരള കലാമണ്ഡലം, ചലച്ചിത്ര അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളിലെ വ്യത്യസ്ത മേഖലകളുമായി ബന്ധപ്പെട്ടവർ അതാത് സ്ഥാപനങ്ങൾ വഴിയാണ് അപേക്ഷിക്കേണ്ടത്. വയസ്സ്, ഐഡന്റിറ്റി, സാംസ്ക്കാരിക പ്രവർത്തകൻ എന്നിവ തെളിയിക്കാനുള്ള രേഖകളോടെ കേരള സംസ്ഥാന സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം, എന്ന പേരിലുള്ള 50/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം നിർദ്ദിഷ്ട ഫോറത്തിൽ ഫോട്ടോ പതിപ്പിച്ച അപേക്ഷ സമർപ്പിക്കണം. വരുമാന പരിധിയില്ല.

**നിർവ്വഹണം**

ബന്ധപ്പെട്ട സാംസ്ക്കരിക സ്ഥാപനങ്ങൾ ശുപാർശ ചെയ്യുന്ന അപേക്ഷക് കേരള സംസ്ഥാന സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് അംഗീകരിക്കുന്നു. മറ്റു ക്ഷേമനിധികളിലേതുപോലെയുള്ള ആനുകൂല്യങ്ങൾ ആണ് വിഭാവന ചെയ്തിരിക്കുന്നത്. 60 വയസ്സ് തികഞ്ഞവർക്ക് പ്രതിമാസം 1000/- രൂപ വീതം ഇപ്പോൾ പെൻഷൻ നൽകി വരുന്നു.

**കേരള ഫോക്ലോർ അക്കാദമി**

**4. നാടൻ കലാകാരൻമാർക്ക് ചികിത്സാ ധനസഹായം**

**ആമുഖം**

ദുരിതമനുഭവിക്കുന്ന നാടൻകലാകാരൻമാർക്ക് ചികിത്സക്ക് സഹായധനം നൽകുന്ന പദ്ധതിയാണിത്. നാശോന്മുഖമായി കൊണ്ടിരിക്കുന്ന അനുഷ്ഠാന കലകളുൾപ്പെടെയുള്ള സർക്ഷാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ വളരെ പരിമിതമാണ്. വാർദ്ധക്യവും രോഗങ്ങളും മൂലം അവശരായ ഇത്തരം മേഖലകളിലെ കലാകാരന്മാർക്ക് സാമ്പത്തിക സഹായം നൽകുക.

കലാകാരനാണെന്ന് തെളിയിക്കുന്ന പഞ്ചായത്ത് പ്രസിഡണ്ടിന്റെ സാക്ഷ്യപത്രം, മെഡിക്കൽ സർട്ടിഫിക്കറ്റും ചികിത്സ സംബന്ധിച്ച രേഖകളും, വയസ്സ് തെളിയിക്കുന്ന രേഖകൾ, വരുമാന സർട്ടിഫിക്കറ്റ് എന്നിവ നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം അക്കാദമിയിൽ സമർപ്പിക്കണം. അവ നിർവ്വാഹക സമിതി പരിഗണിക്കുന്നതിനനുസരിച്ച് സാമ്പത്തിക സഹായം ലഭിക്കുന്നു.

**5. സംസ്ഥാന കലാകാര പെൻഷനുള്ള അപേക്ഷ**

**ആമുഖം**

നാടൻ കലാ പ്രവർത്തനം നടത്തി ജീവിത സായാഹ്നത്തിൽ ബുദ്ധിമുട്ട് അനു വിക്കുന്ന കലാകാരന്മാർക്കുള്ള സാമ്പത്തിക സഹായമാണിത്. ശിഷ്ട ജീവിതത്തിലും സർക്ഷാത്മകമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രോത്സാഹനം

കലാകാരനാണെന്ന് തെളിയിക്കുന്ന പഞ്ചായത്ത് പ്രസിഡണ്ടിന്റെ സാക്ഷ്യപത്രം സഹിതം സമർപ്പിക്കുന്ന അപേക്ഷകൾ ഭരണ സമിതി പരിശോധിച്ച് സംസ്ഥാന സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നു. വയസ്സു തെളിയിക്കുന്നതും മേൽവിലാസം തെളിയിക്കുന്നതുമായ രേഖകൾ, വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്, അംഗീകാരങ്ങളും പുരസ്ക്കാരങ്ങളും ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ തുടങ്ങിയവ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

**6. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

**ആമുഖം**

പുതിയ തലമുറയിൽപ്പെട്ടവർക്ക് നാടൻകലയിൽ ആഭിമുഖ്യം വളർത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പദ്ധതി. പ്രഗത്ഭരിൽ നിന്നുള്ള അറിവും അനുഭവവും കുട്ടികളിലേക്ക് പകർന്നു നൽകുന്നതിനും ഇത് ലക്ഷ്യമിടുന്നു.

കേരള ഫോക്ലോർ അക്കാദമിയാണ് പ്രതിമാസം 200/ രൂപ വീതം ധനസഹായം നൽകുക. 200 കുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

**ഗുണഭോക്താക്കൾ**

10 നും 15 നും ഇടയിൽ പ്രായമുള്ള കുട്ടികളും ഏതെങ്കിലുമൊരു നാടൻകലാകാരന്റെ കീഴിൽ പരിശീലനം നേടുന്നവരായിരിക്കണം. കുടുംബ വാർഷിക വരുമാനം 24000 രൂപയിൽ കവിയരുത്.

**പ്രവർത്തനങ്ങൾ**

നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കുന്നതനുസരിച്ച് അക്കാദമി നിർവ്വാഹക സമിതി ഇന്റർവ്യു നടത്തി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. വയസ്സ്, വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളോടൊപ്പം പരിശീലനം നൽകുന്ന ഗുരുവിന്റെ/ആശാന്റെ വിശദാംശങ്ങളും സമർപ്പിക്കണം.

............................

## 59. അനർട്ട്

**എജൻസി ഫോർ നോൺ കൺവൻഷണൽ എനർജി റൂറൽ ടെക്നോളജി**

**1. അനെർട്ട് മെച്ചപ്പെട്ട അടുപ്പ് വ്യാപനം- വീടുകൾക്ക് പരിഷത്തടുപ്പ് സ്ഥാപിക്കൽ**

ഊർജലാഭം, അടുക്കളയിൽ ആരോഗ്യകരമായ അന്തരീക്ഷം, കാർബൺ ഡൈ ഓക്സൈഡ് വിസർജനം കുറച്ചും പരിസര മലിനീകരണം കുറയ്ക്കുക.

**സ്കീമിന്റെ നിർവ്വഹണം**

അനെർട്ട് ജില്ലാ ഓഫീസുകൾ, ലിസ്റ്റ് അനെർട്ട് സൈറ്റിൽ. www.anert.gov.in

**പ്രവർത്തനങ്ങൾ**

1. ജില്ലാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുന്നതനുസരിച്ച് അടുപ്പ് സ്ഥാപിക്കുക.
2. അനെർട്ടിൽ നിന്നും പരിശീലനം ലഭിച്ചവർ മാത്രമാണ് അടുപ്പ് സ്ഥാപിക്കുന്നത്.
3. അടുപ്പിന്റെ സാമഗ്രികളുടെ വില സ്വന്തം കൈയിൽ നിന്നും മുടക്കി അടുപ്പ് സ്ഥാപിക്കുക
4. അടുപ്പ് സ്ഥാപിച്ചശേഷം അപേക്ഷയും ഫോട്ടോയും അനെർട്ട് ഓഫീസിൽ എത്തിക്കണം.
5. ഫീൽഡിലുള്ള പരിശോധന നടത്തുന്നു.
6. സബ്സിഡി തുക ചെക്കായിട്ട് നൽകുന്നു.

അനെർട്ട് ജില്ലാ ഓഫീസുകളുടെ മേൽനോട്ടത്തിൽ സന്നദ്ധ സംഘടനകൾ/ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പാക്കുന്നു.

ഓരോ വർഷവും സർക്കാർ തീരുമാനമനുസരിച്ചാണ് സബ്സിഡി നിശ്ചയിക്കുന്നത്. കഴിഞ്ഞ വർഷം (2012-13) എസ്.സി/എസ്.ടി/സർക്കാർ നൽകുന്ന സഹായത്തോടെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ ഗുണഭോക്താക്കൾക്ക് അടുപ്പിന്റെ വിലയായ 2500 രൂപ സബ്സിഡി നൽകുന്നുണ്ട്. മറ്റുള്ളവർക്ക് 1000 രൂപയാണ് സബ്സിഡി.

**2. പരിശീലന പരിപാടി - അടുപ്പ് സ്ഥാപിക്കൽ, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ, സോളാർ ഇലക്ട്രോണിക് ഉപകരണ റിപ്പയർ**

**ഗുണഭോക്താവ്**

താൽപര്യമുള്ള ആർക്കും പരിശീലനത്തിൽ പങ്കെടുക്കാം.

**സ്കീമിന്റെ നിർവഹണം**

അനെർട്ട് ജില്ലാ ഓഫീസുകൾ

**ഫണ്ടിംഗ്**

സംസ്ഥാനാവിഷ്കൃത പ്ലാൻ ഫണ്ട് . അനെർട്ട് /ത്രിതല പഞ്ചായത്ത്. പരിശീലനം നടത്തുന്ന സ്ഥലത്തെ ജില്ലാ ഓഫീസ് വഴിയും നിർവ്വഹണം നടത്താം.

**പ്രവർത്തനങ്ങൾ**

10 ദിവസത്തെ പരിശീലനം

**സബ്സിഡി/അനെർട്ടിൽ നിന്നുള്ള ധനസഹായം**

അനെർട്ട് നേരിട്ട് നടത്തുന്ന പരിശീലന പ്രവർത്തനങ്ങൾക്ക് ഫണ്ട് അനെർട്ട് തന്നെ കണ്ടെത്തുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന പരിശീലന പദ്ധതിയുടെ മുഴുവൻ ഫണ്ടും അതാത് തദ്ദേശഭരണ സ്ഥാപനം തന്നെ കണ്ടെത്തേണ്ടതാണ്.

**3. സ്കൂളുകളിൽ/അംഗൻവാടികളിൽ/പൊതു സ്ഥാപനങ്ങളിൽ കമ്മ്യൂണിറ്റി അടുപ്പ് വ്യാപനം**

**ലക്ഷ്യം**

നാലിരട്ടി വിറക് ലാഭം, പുകശല്യമില്ലാത്ത അടുക്കള, കാർബൺ ഡൈ ഓക്സൈഡിന്റെ വിസർജ്ജനം കുറയ്ക്കുക, പരിസര മലിനീകരണം കുറയ്ക്കുക. സ്കൂൾ/അംഗൻവാടി/ പൊതുസ്ഥാപനങ്ങൾ ഗുണഭോക്താക്കളാണ്.

**പ്രവർത്തനങ്ങൾ**

1. ജില്ലാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുന്നതനുസരിച്ച് അടുപ്പ് സ്ഥാപിക്കുക.
2. അനെർട്ടിൽ നിന്നും പരിശീലനം ലഭിച്ചവർ മാത്രമാണ് അടുപ്പ് സ്ഥാപിക്കുന്നത്.
3. അടുപ്പിന്റെ സാമഗ്രികളുടെ വില സ്വന്തം കൈയിൽ നിന്നും മുടക്കി അടുപ്പ് സ്ഥാപിക്കുക
4. അടുപ്പ് സ്ഥാപിച്ചശേഷം അപേക്ഷയും ഫോട്ടോയും അനെർട്ട് ഓഫീസിൽ എത്തിക്കണം.
5. ഫീൽഡിലുള്ള പരിശോധന നടത്തുന്നു.
6. സബ്സിഡി തുക ചെക്കായിട്ട് നൽകുന്നു.

കമ്മ്യൂണിറ്റി ചൂളയ്ക്ക് സബ്സിഡി നൽകുന്നത് അടുപ്പിന്റെ വലിപ്പം അനുസരിച്ചാണ്. ഒരു അടുപ്പിന് 4800 രൂപ മുതൽ 6250 വരെ ലഭ്യമാണ്. ഏകദേശം 30% ആണ് സബ്സിഡി ലഭിക്കുന്നത്. ശരിയായ സബ്സിഡി വിവരങ്ങൾ അതാത് ജില്ലാ ഓഫീസിൽ നിന്നോ അനെർട്ട് വെബ്സൈറ്റിൽ നിന്നോ ലഭ്യമാണ്. www.anert.gov.in

**4. പൊതു സ്ഥാപനങ്ങളിൽ സൗര വൈദ്യുത പദ്ധതി നടപ്പാക്കുക**

**ലക്ഷ്യം**

സൗരവൈദ്യുതി ഉൽപാദനം പൊതു സ്ഥാപനങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

**പ്രവർത്തനങ്ങൾ**

1. സ്ഥാപനത്തെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ നൽകുക. അനെർട്ട് സൈറ്റിൽ നിന്നുംഫോർമാറ്റ് ലഭ്യമാണ്. സൂര്യപ്രകാശം ലഭ്യമാകുന്ന കെട്ടിടങ്ങളുടെ മേൽക്കൂര

യുടെ അളവ്, സ്ഥാപനത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിയുടെ അളവ് എന്നിവ അതിൽ ഉൾക്കൊള്ളുന്നു.

2. പൊതു സ്ഥാപനം ആവശ്യപ്പെടുന്നതനുസരിച്ച് സൗരപദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ. അനെർട്ട് ഇത് സൗജന്യമായി നൽകുന്നു.
3. 10% കൺസൾട്ടിംഗ് ഫീസ് ഉൾപ്പെടെയുള്ള തുക അനെർട്ടിൽ ഡിപ്പോസിറ്റ് വർക്ക് ആയി അടച്ചാൽ അനെർട്ട് തന്നെ ടെണ്ടർ ചെയ്ത് പവർപ്ലാന്റ് സ്ഥാപിക്കുന്നതാണ്. 6 മാസമെങ്കിലും സമയം ഇതിനായി പ്രതീക്ഷിക്കാം.
4. പൊതു സ്ഥാപനങ്ങൾ നേരിട്ട് ടെണ്ടർ ക്ഷണിച്ച് ഈ പ്രവർത്തനം നടത്തുകയാണെങ്കിൽ അനെർട്ടിൽ നിന്നുള്ള വിദഗ്ധരുടെ സേവനം വേണമെങ്കിൽ 6% കൺസൾട്ടിംഗ് ചാർജ് നൽകേണ്ടതാണ്.
5. അനെർട്ട് നേരിട്ട് നടപ്പാക്കുന്നത് കേന്ദ്രസർക്കാരിന്റെ സബ്സിഡി അനുസരിച്ചാണ്. 5 വർഷ വാരന്റി മൊത്തം ഉപകരണങ്ങൾക്ക് ലഭിക്കും. സൗരപാനലിന് പെർഫോമൻസ് വാറന്റി 25 വർഷം ലഭ്യമാണ്. (www..mnre.gov.in ImWp-I)
6. ആവശ്യമായ പ്രാഥമിക വിവരങ്ങൾ നൽകുക
7. ഡെപ്പോസിറ്റ് വർക്ക് ആണെങ്കിൽ അനെർട്ട് ഡയറക്ടറുടെ അനുമതി വാങ്ങുക.
8. ഫണ്ട് മുൻകൂറായി അനെർട്ടിൽ അടയ്ക്കുക

**5. സൗര വാട്ടർ ഹീറ്റർ സ്ഥാപിക്കൽ**

**ലക്ഷ്യം**

വൈദ്യുത ഊർജം ലാഭിക്കുക

**പ്രവർത്തനങ്ങൾ**

1. കേന്ദ്രസർക്കാരിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളുടെ ഉപകരണങ്ങൾ സ്ഥാപിക്കുക (ഏതൊക്കെ സ്ഥാപനങ്ങൾ ആണെന്ന് www.mnre.gov.in ൽ ഉണ്ട്.) ഇവയിൽ ചിലത് ചാനൽ പാർട്ട്നറും മറ്റുള്ളവ അല്ലാതെയുള്ളതുമാണ്.
2. അനെർട്ട് ഓഫീസിൽ നിന്നുമുള്ള അറിയിപ്പു വന്നതിനുശേഷം അനെർട്ട് ഓഫീസിൽ അപേക്ഷ നൽകുക
3. സാധാരണയായി, ഏപ്രിൽ 1 നും മാർച്ച് 31 നും ഇടയിൽ വാങ്ങി സ്ഥാപിച്ച സൗര വാട്ടർ ഹീറ്ററുകൾക്ക് അതാത് വർഷത്തെ സ്കീമിൽ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ബില്ലിന്റെ കോപ്പിയും ഐഡന്റിറ്റി കാർഡിന്റെ കോപ്പിയും വീട്ടുകാർ ഒപ്പിട്ടശേഷം അപേക്ഷയോടൊപ്പം വയ്ക്കണം. സൗര വാട്ടർ ഹീറ്റർ സ്ഥാപിച്ചു പ്ലംബിംഗ് കഴിഞ്ഞതിന്റെ ഫോട്ടോ അപേക്ഷയോടൊപ്പം വയ്ക്കണം

**പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. 100 ലിറ്റർ, 200 ലിറ്റർ എന്നിങ്ങനെ 100 ന്റെ ഗുണിതങ്ങളായാണ് സബ്സിഡി അനുവദിക്കുന്നത്
2. ഓരോ ഉൽപന്നങ്ങളുടേയും സ്റ്റാന്റേർഡ് വില അനെർട്ട് ജില്ലാ ഓഫീസിൽ നിന്ന് ലഭ്യമാണ്.

3. ബില്ലിൽ കേന്ദ്രസർക്കാരിൻ നിന്നുള്ള സബ്സിഡി കുറച്ചു കാണിച്ചിരിക്കണം. അപ്രകാരമുള്ള തുക കേന്ദ്രസർക്കാരിൽ നിന്ന് നേരിട്ട് ചാനൽ പാർട്നർ ആയ കമ്പനികൾക്ക് നൽകുന്നതാണ്. ആ സബ്സിഡി അല്ലാതെ, കേരള സർക്കാരിൽ നിന്നുള്ള സബ്സിഡി ആണ് അനെർട്ട് വഴി വിതരണം ചെയ്യുന്നത്. ചാനൽ പാർട്ട്നർ അല്ലാതുള്ള കമ്പനികളുടെ സാധനങ്ങൾ വാങ്ങിയാൽ മുഴുവൻ സബ്സിഡിയും അനെർട്ട് വഴി നൽകുന്നതാണ്.

.......................................

## 60. എം.എൽ.എ മാർക്കുള്ള സ്പെഷൽ വികസനഫണ്ട് സ്കീം

**APPENDIX 1**

**ILLUSTRATIVE LIST OF WORKS CAN BE TAKEN UNDER THE SPECIAL DEVELOPMENT FUND FOR MLAs**

1. Construction of buildings for schools, libraries and other buildings of educational institutions belonging to Government or Local Bodies. Such buildings belonging to aided institutions and unaided but recognized institutions can also be constructed provided, however, that the institution be in existence for not less than two years.
2. Construction of tube-wells and water-tanks for providing water to the people in villages, town or cities, or execution of other works, such may help in this respect. Water tankers can be purchased for providing drinking water.
3. Construction of roads including part roads, approach roads, link roads etc. in village and towns and cities. Very selectively kutcha roads can be constructed where the MLA concerned and the District Head agree to meet the locally felt needs.
4. Construction of culverts/bridges on the roads of above description and open well or tube wells.
5. Construction of common shelters for the old or handicapped.
6. Construction of buildings for local bodies, for recognized District or State Sports Associations and for cultural and sports activities or for hospitals, provision of multi gym facilities in gymnastic centers, sports associations, physical education training institutions is also permissible.
7. Special forestry, farm forestry, horticulture, pastures, parks and gardens in Government and community lands or other surrendered lands.
8. Desilting of ponds in villages, towns and cities.
9. Construction of public irrigation and public drainage facilities.
10. Construction of common gobar gas plants, non-conventional energy systems/devices for community use and related activities
11. Construction of irrigation embankments, or lift irrigation or water table recharging facilities.
12. Construction of public libraries and reading rooms.

13. Construction of Crushes and anganwadies.
14. Construction of public health care buildings, including family welfare sub-centres together with the ANM residential quarters. Such buildings belonging to aided institutions also can be constructed.
15. Construction of crematoriums and structures on burial/cremation grounds.
16. Construction of public toilets and bathrooms
17. Construction of drains and gutters
18. Construction of footpaths, pathways and footbridges.
19. Provision of civic amenities – like electricity, water, pathways, public toilets etc, in slum areas of cities, town and villages and in SC/ST habitations, provision of common work sheds in slums and for artisans.
20. Construction residential schools in tribal areas.
21. Construction of bus sheds/stops for public transport passengers.
22. Construction of veterinary aid centers, artificial insemination centers and breeding centers.
23. Procurement of hospital equipment like X-Ray machines, ambulances for Government Hospitals and setting up of mobile dispensaries in rural areas by Government Panchayati institutions. Ambulances can be provided to reputed service organizations like Red Cross, Ramakrishna Mission etc.
24. Electronic Projects:
    1. Computer in education project of High School/College
    2. Information footpath
    3. Ham Club in high schools
    4. Citizen band radio
    5. Bibliographic data-base projects.
25. Construction of level crossing at unmanned Railway crossing.
26. Purchase of Audio-Visual educational nature for Government, Government-aided and also unaided but Government recognized educational institutions provided there is proper place and proper provision for safe custody of these aids.
27. Purchase of Night Soil Disposal System for local bodies.
28. Purchase of motor boats for flood and cyclone affected areas.
29. Works related to animal care/welfare like construction bridges/shelters, provision of ambulances, medical equipment and development of infrastructure facilities like provision of drinking water, drainage etc.
30. Providing Buses to Government Educational Institutions.
31. To provide motor & pumbsets to public bore wells.
32. Purchase of automatic milk- collection/Testing machine for co-operatives

33. Provide civic Amenities in SC/ST and non SC/ST slum areas.
34. 15% of funds can be utilized for road up gradation.
35. Can be used for contributing to State share of centrally sponsored scheme which are admisible under MLA scheme.

....................................

## 61. കയർ ജിയോടെക്സ്റ്റയിൽസിന്റെ (ഭൂവസ്ത്രത്തിന്റെ) വിവിധ ഉപയോഗങ്ങൾ മണ്ണൊലിപ്പ് തടയുന്നതിനും ഗ്രാമീണ റോഡ് നിർമ്മാണത്തിനും

**ലക്ഷ്യങ്ങൾ**

മണ്ണിനെ ബലപ്പെടുത്താനും സംരക്ഷിക്കാനും ഉതകുന്നതും, മണ്ണൊലിപ്പ് തടയുന്നതുമായ പദാർത്ഥങ്ങളെ ജിയോടെക്റ്റയിൽസ് അഥവാ ഭൂവസ്ത്രം എന്നു വിളിക്കാം. ഇതിൽ മനുഷ്യ നിർമ്മിത നാരുകൾ ഉപയോഗിച്ചുള്ളതും പ്രകൃതിജന്യമായ നാരുകളിൽ നിർമ്മിക്കപ്പെട്ടതുമായ ജിയോടെക്സ്റ്റയിൽസും ഉൾപ്പെടും. ലോകകമ്പോളത്തിൽ ഏകദേശം 2500 ദശലക്ഷം ചതുരശ്രമീറ്റർ ഭൂവസ്ത്രം പ്രതിവർഷം ഉപയോഗിച്ചുവരുന്നു. ഇതിൽ മൂന്നിലൊന്നോളം റോഡ് നിർമ്മാണത്തിനാണ് ഉപയോഗിക്കുന്നത്. റോഡുകൾ ദീർഘകാലം നിലനില്ക്കേണ്ടതായതുകൊണ്ട് ഇവയുടെ നിർമ്മാണത്തിന് മനുഷ്യനിർമ്മിത നാരുകൾ ഉപയോഗിച്ചുള്ള ഭൂവസ്ത്രമാണ് കൂടുതൽ അനുയോജ്യം. എന്നാൽ മണ്ണൊലിപ്പ് തടയുക, മണ്ണിനെ ബലപ്പെടുത്തുക തുടങ്ങിയ മേഖലകളിൽ കയർ, ചണം, സൈസൽ തുടങ്ങിയ പ്രകൃതിജന്യമായ നാരുകൾ ഉപയോഗിച്ചുള്ള ജിയോടെക്സ്റ്റയിൽസ് ആണ് കൂടുതൽ അ ികാമ്യം. പ്രകൃതിജന്യമായ ജിയോടെക്സ്റ്റയിൽസ് ചരിവുകളും മറ്റും ബലപ്പെടുത്തുന്ന മുറയ്ക്ക് സ്വയം ജീർണ്ണിച്ച് മണ്ണിൽ ലയിച്ചു ചേരുന്നതിനാൽ ഒട്ടും തന്നെ പരിസരമലിനീകരണം ഉണ്ടാകുന്നില്ല. ആയതിനാൽ വിദേശകമ്പോളത്തിൽ പ്രകൃതി ജന്യ ജിയോടെക്സ്റ്റയിൽസിന് പ്രിയമേറിവരികയാണ്. സ്വാഭാവിക നാരുകൾ എല്ലാം തന്നെയും ജീർണ്ണിക്കുന്നതാണെങ്കിലും കയർ നാരുകളിൽ ലിഗ്നിൻ എന്ന ജൈവ പദാർത്ഥത്തിന്റെ അളവ് കൂടുതൽ ഉള്ളതിനാൽ മറ്റു നാരുകളെ അപേക്ഷിച്ച് കയർ കൂടുതൽ കാലം ഈടുനിൽക്കുന്നു. കയർ ഭൂവസ്ത്രത്തിന്റെ വിവിധ ഉപയോഗ മേഖലകൾ താഴെപറയുന്നവയാണ്.

1. റോഡുകളുടെയും കുന്നിൻ ചരിവുകളുടെയും സംരക്ഷണം.
2. ബണ്ടു നിർമ്മാണം
3. കനാൽ ചരിവുകളുടെ സംരക്ഷണം
4. മീൻ കുളത്തിന്റെ ചരിവുകളുടെ സംരക്ഷണം
5. നീർത്തടപരിപാലനം
6. ഗ്രാമീണ റോഡിന്റെ നിർമ്മാണം.
7. പുതയിടൽ, കള നിയന്ത്രണം.

കയർ നാരുകൾ വെള്ളത്തിനടിയിൽ ദീർഘകാലം ഈടുനിൽക്കുന്നതിനാൽ നദീതട പരിപാലനത്തിന് കയർ ഭൂവസ്ത്രം അത്യുത്തമമാണ്.

മുകളിൽ സൂചിപ്പിച്ച മേഖലകളിൽ ഏറ്റവും പ്രധാന മേഖല മണ്ണൊലിപ്പ് തടയൽ ആണ്. കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള പദ്ധതിയിൽ ഭൂവസ്ത്രത്തിനോളം തന്നെ പ്രാധാന്യം

മണ്ണൊലിപ്പ് തടയാൻ വേണ്ടി ഉപയോഗിക്കുന്ന പുല്ലിനങ്ങൾക്കും ചെടുകൾക്കും ഉണ്ട്. അതാതു പ്രദേശത്തെ മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ പുൽ വിത്തുകളോ തൈകളോ തിരഞ്ഞെടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ രീതി ഒരു ജൈവ പ്രാധാന്യമുള്ള മണ്ണു സംരക്ഷണ രീതിയാണ്.

**ഗുണഭോക്താക്കൾ**

പൊതുജനങ്ങൾ

**ഫണ്ടിംഗ്**

കയർ ബോർഡ് സാങ്കേതിക ഉപദേശം മാത്രം നൽകുന്നു. ഫണ്ടുകൾ അതാത് സ്ഥാപനങ്ങൾ തന്നെ കണ്ടെത്തണം.

**നിർവ്വഹണം**

അതാതു സ്ഥാപനത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥർ കയർ ബോർഡിന്റെ സാങ്കേതിക ഉപദേശവും പരിശീലനവും ഉറപ്പു വരുത്തി പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തുന്നു.

.......................................

## 62. എം.പി മാരുടെ പ്രാദേശിക വികസന പരിപാടി (എം.പി.എൽ.എ.ഡി.എസ്)

**എം.പി. എൽ.എ.ഡി.യിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ, പ്രവർത്തനങ്ങൾ, ഷെൽഫ് ഓഫ് പ്രോജക്ട്**

- ജില്ലാ അതോറിറ്റി ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കണം (പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കടക്കം)
- തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള നിർദ്ദേശങ്ങളും ലഭ്യമാക്കണം.
- ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ട്രൈസൈക്കിൾ, ബാറ്ററി ഓപ്പറേറ്റഡ് വീൽചെയർ, കൃത്രിമ അവയവങ്ങൾ എന്നിവ നൽകുന്ന ഉൾപ്പെടുത്തണം. ജില്ലയിലെ ചീഫ് മെഡിക്കൽ ഓഫീസർ നയിക്കുന്ന കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ചതായിരിക്കണം. (പരമാവധി 10 ലക്ഷം)
- 22 ലക്ഷം വരെയുള്ള തുകയ്ക്ക് സ്കൂളുകൾക്കും കോളേജുകൾക്കും പബ്ലിക്ക് ലൈബ്രറികൾക്കും പുസ്തകം വാങ്ങുന്നതിന് സഹായം നൽകും (കേന്ദ്ര-സംസ്ഥാന യൂണിയൻ ടെറിറ്ററികൾ നടത്തുന്നു) പരിധി പ്രൈമറി - 6 ലക്ഷം, ഹൈസ്കൂൾ - 8 ലക്ഷം, ഹയർ സെക്കണ്ടറി - 8 ലക്ഷം) ഡി.ഇ.ഒ ചെയർമാനായ കമ്മിറ്റി ശുപാർശ ചെയ്യണം. ഒരു സ്ഥാപനത്തിനു നൽകാവുന്ന പരിധി - 3 വർഷം - പ്രൈമറി - 10,000/-, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ- 25,000/- കോളേജ് - 50,000/-
- സർക്കാർ, സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകും. (അനുബന്ധം 2 എ കാണുക) ഒരു സ്കൂളിന് 2 ടീച്ചർമാരേയും നിയമിക്കാം (പരമാവധി 2 കോടി)
- കേന്ദ്ര-സംസ്ഥാന യൂണിയൻ ടെറിറ്ററികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മൊബൈൽ ലൈബ്രറി വാങ്ങി നൽകാം. (മറ്റു ചെലവുകൾ സ്ഥാപനങ്ങൾ ചെയ്യണം) കൂടാതെ സ്കൂളുകൾ, ആശുപത്രികൾ എന്നി

വയ്ക്ക് വാഹനങ്ങൾ, ബസ്സുകൾ, ഉപകരണങ്ങൾ, കുടിവെള്ള-ശുചിത്വ ഉപകരണ

- നങ്ങൾ. സർക്കാർ ആശുപത്രികൾ, സ്കൂൾ എന്നിവയുടെ ലൈഫ്‌ലൈൻ കെട്ടിടങ്ങൾക്ക് റീട്രോ ഫിറ്റിംഗ് നടത്താം.
- നേരത്തെ എം.പി. ഫണ്ട് പ്രകാരം സ്ഥാപിച്ച ഹാൻഡ് പമ്പുകൾക്കു പകരം പുതിയവ പഴയ സാധനങ്ങൾ ഉപയോഗിച്ചു കൊണ്ട് നൽകാം. (അനക്സർ 2 എ കാണുക)
- കടൽത്തീരം, അതിർത്തി മറ്റ് പരിസ്ഥിതി സെൻസിറ്റീവ് സ്ഥലങ്ങൾ ഇവ ചെയ്യുന്നതിന് അതാത് മിനിസ്ട്രി അനുമതി ആവശ്യമാണ്.
- എം.പി.എൽ.എ.ഡി ഫെസിലിറ്റേഷൻ നോഡൽ കേന്ദ്രം തുടങ്ങുന്നതിന് 5 ലക്ഷം വരെ വിനിയോഗിക്കാം. (ഉപകരണങ്ങൾ, ഫർണീച്ചർ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യങ്ങൾ മുതലായവ)
- റെയിൽവേ ഹോൾട്ട് സ്റ്റേഷൻ നിർമ്മിക്കാം. (അനക്സർ 2 എ കാണുക)
- ജില്ലാ അതോറിറ്റിയുടെ സാക്ഷ്യപത്രത്തോടെ എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷനുകൾക്കും (സർക്കാർ സ്ഥാപനത്തിന് തുല്യമായ പ്രവർത്തനം കാഴ്ചവെക്കുന്ന) എം.പി.എൽ. എ.ഡി യിൽ പറയുന്ന സഹായങ്ങൾ നൽകാം.
- ബാർ അസോസിയേഷനുകൾക്ക് കെട്ടിടം നിർമ്മിച്ചു നൽകാം. (റിക്കറിന് ചെലവുകൾ നൽകാൻ പാടില്ല)
- തൊഴിലുറപ്പ് പദ്ധതിയുടെ സാധനഘടകവുമായി എം.പി.എൽ.എ.ഡി ഫണ്ടിനെ സംയോജിപ്പിക്കാം.
- യുവക്രീഡാ /ഖേൽ അഭിയാൻ, നഗര കായിക അടിസ്ഥാന സൗകര്യ സ്കീം (യു.എസ്.ഐ.എസ്) എന്നിവയിൻ കീഴിൽ കളിസ്ഥലം, മതിൽ, കായിക ഹോൾ, ഹോക്കി, ഫുട്ബോൾ എന്നിവയ്ക്ക് ടാങ്കുകൾ നിർമ്മിക്കാനും എം.പി.എൽ എ.ഡി ഫണ്ട് വിനിയോഗിക്കാം.
- ആംബുലൻസ് വാങ്ങാം. (ചീഫ് മെഡിക്കൽ ഓഫീസർ/ജില്ലാ മജിസ്ട്രേറ്റ്/സിവിൽ സർജൻ) അംഗീകാരത്തിന് വിധേയമായി ട്രസ്റ്റുകൾക്കും സൊസൈറ്റികൾക്കും 2 വർഷത്തേക്ക് ഔട്ട് സോഴ്സ് ചെയ്യാം. നിരക്കുകൾ ജില്ലാ കളക്ടർ/ഡെപ്യൂട്ടി കളക്ടർ/ജില്ലാ മജിസ്ട്രേറ്റ് നിശ്ചയിക്കണം. മോണിറ്റർ ചെയ്യണം.

..........................

## 63. ബാങ്കിംഗ്

ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാക്കുന്നതിന് ബാങ്കുകളുടെ പങ്ക് വളരെ വലുതാണ്. വിവിധ സർക്കാരുകളുടെ സ്കീമുകൾക്ക് (പ്രത്യേകിച്ച് സ്വയം തൊഴിൽ, ദാരിദ്ര്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ടത്) ബാങ്ക് വായ്പ പദ്ധതി അനിവാര്യമാകുന്നു. കൂടാതെ നബാർഡ് വഴിയുള്ള സ്കീമുകൾക്കും ബാങ്ക് വായ്പ അനിവാര്യമാണ്. ബാങ്കുകളുമായി ബന്ധപ്പെട്ട വിവിധ സ്കീമുകൾ താഴെ നൽകുന്നു. വായ്പ വിശദവിവരങ്ങൾക്ക് 62-ാം അധ്യായം കാണുക.

1. വിവര സാങ്കേതികവിദ്യ സമ്മാനിക്കുന്ന സാധ്യതകൾ
   ഡി ആർ ഐ വായ്പകൾ (4% പലിശയിൽ)

**തൊഴിൽ സൃഷ്ടി, സ്വയംതൊഴിൽ മേഖല**

2. പ്രധാനമന്ത്രിയുടെ തൊഴിൽ ഉൽപാദന പദ്ധതി (PMEGP)

**ദാരിദ്ര്യനിർമ്മാർജ്ജനം**

3. സ്വർണ്ണജയന്തി ഗ്രാമസ്വരോജ്ഗർ യോജന പദ്ധതി (SGSY)
4. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM)
5. സ്വർണ്ണ ജയന്തി ശഹരി രോജ്ഗർ യോജന (SJSRY)
6. ഖാദി വില്ലേജ് വ്യവസായബോർഡിന്റെ (KVIB) മുഖ്യപദ്ധതി
7. രജിസ്റ്റർ ചെയ്ത തൊഴിൽരഹിതർക്കുള്ള കേരള സംസ്ഥാന സ്വയം തൊഴിൽ പദ്ധതി (KERSU)
8. തൊഴിൽ രഹിതർക്കുള്ള കേരള സംസ്ഥാന വിവിധോദ്ദേശ്യ സേവന കേന്ദ്ര ജോബ് ക്ലബ്ബ് പദ്ധതി
   (Multipurpose Service Centers and job Clubs Scheme for Unemployed in the State of Kerala)
9. സ്വരോജ്ഗർ ക്രെഡിറ്റ് കാർഡ് പദ്ധതി
10. ലഘു ഉദ്യമി ക്രെഡിറ്റ് കാർഡ് പദ്ധതി (LUCC)
11. കരകൗശല വിദഗ്ദ്ധർക്കുള്ള ക്രെഡിറ്റ് കാർഡ് പദ്ധതി – Artisans Credit Card Scheme (ACC)
12. കേരള സംരംഭകത്വ വികസന മിഷൻ

**കാർഷിക മേഖല**

13. ദേശീയ പട്ടുനൂൽ സംസ്ക്കരണ പദ്ധതി (National Sericulture Project)
14. വളർത്തുമൃഗ വികസന പദ്ധതി
15. കിസാൻ ക്രെഡിറ്റ് സ്കീം
16. കർഷകർക്കുള്ള കടം കൈമാറൽ പദ്ധതി
17. ഗോൾഡ് ലോൺ (സ്വർണാഭരണ വായ്പ)

**വനിതകൾക്ക്**

18. വനിതാ സംരംഭക വികസന പദ്ധതി
19. നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായുള്ള പദ്ധതി Development of women & children in Urban Areas (DWCUA)
20. മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (MKSP)

**പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക്**

21. പട്ടികജാതി/പട്ടികവർഗ സംരംഭക വികസന പദ്ധതി
22. പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കുള്ള KSDC യുടെ മാർജിൻ തുക പദ്ധതിയും മാർജിൻ തുക വായ്പ പദ്ധതിയും

**വ്യവസായമേഖല**

23. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സംസ്ഥാനത്തിന്റെ മുതൽ മുടക്ക്
24. വ്യവസായ വായ്പകൾക്ക് മാർജിൻ തുക വായ്പാ പദ്ധതി

**ഭവന വായ്പ**

25. ഗ്രാമപ്രദേശങ്ങളിൽ വീട് വെയ്ക്കുന്നതിനുള്ള കേന്ദ്രഗവൺമെന്റിന്റെ വായ്പാ
26. ഇന്ദിരാ ആവാസ് യോജന (IAY)
27. ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രം

..............................................




**Kerala Institute of Local Administration (KILA)**
Mulamkunnathukavu, Thrissur-680 581
Phone:+91 487 2201312, 2201768, 2201061, 2200244
Fax: +91 487 2201062, email:mail@kilaonline.org
Website:www.kilaonline.org